KOTTAYAM PUBLIC LIBRARY

Call No M 200 Acc. No 37222

Author [illegible]

Title ഭഗവത ദാസ്യം.

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

894

# ഭാഗവതരഹസ്യം

[രണ്ടാം ഭാഗം—ദശമസ്കന്ധം]

37922

KOTTAYAM PUBLIC LIBRARY, KOTTAYAM

ഗ്രന്ഥകർത്താവ്:

## സ്വാമി ജ്ഞാനാനന്ദസരസ്വതി

ജ്ഞാനാനന്ദാശ്രമം വക പ്രസിദ്ധീകരണം

വില: 5ക.

ഒന്നാംപതിപ്പ്: കോപ്പി 1000
1958 നവമ്പർ

M200

തൃശ്ശിവപേരൂർ
ഗീതാ പ്രസ്സിൽ അച്ചടിച്ചതു്.

THE KOTTAYAM PUBLIC LIBRARY KOTTAYAM
ഓാം 37922

# ഭാഗവതരഹസ്യം

## രണ്ടാം ഭാഗം

### ദശമസ്കന്ധം

'നിരോധ'മാണു് ദശമസ്കന്ധത്തിലെ വിഷയം. ഇതു് ആദ്യംതന്നെ പറഞ്ഞിട്ടുണ്ടല്ലോ. നിരോധമെന്നു പറഞ്ഞാൽ തടസ്ഥമെന്നർത്ഥമാണു്. ജീവന്നു് ഈശ്വരനെക്കാണാൻ തടസ്ഥമായി നില്ക്കുന്ന വസ്തു എന്താണെന്നും അതിനെ എങ്ങനെ അകററാമെന്നുമാണു് സുദീർഘമായ ദശമസ്കന്ധത്തിലെ പ്രതിപാദ്യവിഷയം. അഹങ്കാരമാണു് ജീവനേയും, ഈശ്വരനേയും അകററിനിത്തിയ പ്രബലനായ ശത്രു. അഹങ്കാരം ലയിക്കമ്പോഠം ജീവന്നു് ഈശ്വരസാക്ഷാൽക്കാരത്തിന്നു തടസ്ഥമില്ല. പക്ഷേ അതു് അത്ര എളുപ്പത്തിൽ ലയിക്കാവുന്ന ഒന്നല്ല. അതിന്നു് അനവധി സ്വരൂപങ്ങളുണ്ടു്. അവയോരോന്നും ഏററവും പ്രബലങ്ങളാണു്. അത്യന്തപ്രബലങ്ങളായ അവയുടെ അനവധി സ്വരൂപങ്ങളെ ഒട്ടാകെ അടക്കി മൂന്നാക്കി വേർതിരിച്ചു. രജോഗുണം, ശരീരാഭിമാനം, അർത്ഥദാരപുത്രേഷണങ്ങഠം ഇങ്ങനെ. രജോഗുണത്തെ കംസനായും, ശരീരാഭിമാനത്തെ ജരാസന്ധനായും,

അത്ഥദാരപുത്രേഷണങ്ങളെ ശിശുപാലനായും ചിത്രീകരിച്ചു. ഇതിൽ കംസൻേറയും, അനുയായികളുടേയും സ്വരൂപങ്ങളേയും, പരാക്രമങ്ങളേയും ചിത്രീകരിക്കലും, അവരെ ജയിക്കാനുള്ള മാൎഗ്ഗങ്ങളെ നിൎദ്ദേശിക്കലും, ജയിക്കലുമാണു് ദശമസ്കന്ധത്തിലെ പൂൎവ്വാൎദ്ധംകൊണ്ടു സാധിക്കുന്നതു്. പൂൎവ്വാൎദ്ധത്തിൽ അനവധി കഥകളെ വളരെ ചമൽക്കാരത്തോടെ വൎണ്ണിക്കുന്നുണ്ടെങ്കിലും ആ കഥകളൊക്കെത്തന്നെയും, കംസനാകുന്ന ഒരു കേന്ദ്രബിന്ദുവോടു ബന്ധപ്പെട്ടിരിക്കുന്നു എന്നുള്ളതുകൊണ്ടും, കംസവധം കഴിയുന്നതോടെ പൂൎവ്വാൎദ്ധം അവസാനിക്കുന്നു എന്നുള്ളതുകൊണ്ടും ഇതു വ്യക്തമാകുന്നു. അങ്ങനെതന്നെ ഉത്തരാൎദ്ധത്തിലും അനവധി കഥകളുണ്ടെങ്കിലും അവയൊക്കെയും ശിശുപാലനും, ജരാസന്ധനുമാകുന്ന കേന്ദ്രബിന്ദുക്കളോടു ബന്ധപ്പെട്ടിരിക്കുന്നു. ജരാസന്ധനേയും, ശിശുപാലനേയും ജയിക്കുന്നതോടെ മിക്കവാറും ഉത്തരാൎദ്ധവും അവസാനിക്കുന്നു. അപ്പോൾ ദശമസ്കന്ധത്തിൽ പറയുന്ന എല്ലാ കഥകളെക്കൊണ്ടും പ്രായേണ കംസൻ, ജരാസന്ധൻ, ശിശുപാലൻ എന്നീ മൂന്നു പ്രബലന്മാരായ ശത്രുക്കളേയും, അവരുടെ അനുയായികളേയും ജയിക്കലാണെന്നു പറയണം. അവരാകട്ടെ, അന്യോന്യം ബന്ധപ്പെട്ടുമിരിക്കുന്നു. കംസൻെറ ഭാൎയ്യമാരുടെ അച്ഛനാണു് ജരാസന്ധൻ. ജരാസന്ധൻെറ ആത്മമിത്രമാണു് ശിശുപാലൻ. ഇങ്ങനെ അവർ മൂന്നാളും വേറെയാവാൻ വയ്യാത്തവിധം അന്യോന്യം ബന്ധപ്പെട്ടുമിരിക്കുന്നു. ഇതാണു് അഹങ്കാരമാകുന്ന ഒന്നിനെത്തന്നെ മൂന്നാക്കി ചിത്രീകരിച്ചു കാണിച്ചതെന്നു്, അവയെ ജയി

ച്ച് ഈശ്വരസാക്ഷാൽക്കാരം തടസ്ഥമില്ലാതാക്കിത്തീക്കാനുള്ള മാഗ്ഗനിദ്ദേശംചെയ്യലാണ് ദശമസ്കന്ധംകൊണ്ടു സാധിക്കുന്നതെന്നു പറയാൻ കാരണം. രജോഗുണത്തെയാണ് കംസനായി ചിത്രീകരിച്ചതു്; ശരീരാഭിമാനത്തെ ജരാസന്ധനായും, അത്ഥദാരപുത്രേഷണങ്ങളെ ശിശുപാലനായും ചിത്രീകരിച്ചിരിക്കുന്നു. രജോഗുണത്തിൽനിന്നാണ് കാമം, ക്രോധം തുടങ്ങിയ അസംഖ്യം വികാരങ്ങളുണ്ടാവുന്നതു്. അവയോരോന്നും ഈശ്വരസാക്ഷാൽക്കാരത്തിന്നു തടസ്ഥവുമാണ്. അതിനാൽ അവയെ ആദ്യം ജയിക്കേണ്ടിയിരിക്കുന്നു എങ്കിലേ രജോഗുണത്തെ അറിയാനും, അകററാനും കഴിയൂ. പ്രസ്തുതവികാരങ്ങളെയാണ് കംസനിൽനിന്നു വരുന്ന പൂതന തുടങ്ങിയ അസുരജനങ്ങളായി ചിത്രീകരിച്ചിരിക്കുന്നതു്. അവരോരോരുത്തരും ഭഗവാനെ കൊല്ലാനുള്ള ഉദ്ദേശത്തിലാണല്ലോ വരുന്നതും. അവരെ മുഴുവൻ ജയിച്ചശേഷമാണ് കംസനെ കാണാനും കൊല്ലാനും സാധിക്കുന്നതു്. വദ്ധിച്ചുകൊണ്ടിരിക്കുന്ന പ്രേമസ്വരൂപിണിയായ ഭക്തികൊണ്ടാണ് ഇവയെയൊക്കെ ജയിക്കാൻ സാധിക്കുന്നതെന്നും ഓരോ കഥയിലും വ്യക്തമായി ചിത്രീകരിച്ചിരിക്കുന്നു.

കംസവധം കഴിയുന്നതോടെ, അല്ലെങ്കിൽ പൂവ്വാദ്ധം കഴിയുന്നതോടെ, ഭഗവാൻെറ ബാല്യകൌമാരദശകറം കഴിഞ്ഞു്, യൌവനത്തിലേയ്ക്കു പ്രവേശിക്കുന്നു. ഉത്തരാദ്ധത്തിൽ യൌവനകാലത്തെ കഥകളെയാണുപന്യസിക്കുന്നതു്. ജ്ഞാനികറം ലൌകികന്മാരായ മനുഷ്യരെ പൊതുവെ ബാലന്മാരെന്നാണ് പറയാറു്. ബാലസഹ

ജമായ അവിവേകവും, ചാപല്യവും നീങ്ങീട്ടില്ലാത്തവരെ നാൎത്ഥത്തിലാണു് ബാലന്മാരെന്നു പറയുന്നതു്. കാലം, ദേശം, കൎത്താവു് ഇവയുടെ മാററത്തിൽ അപ്പഴപ്പോഠം സുഖദുഃഖങ്ങളും, സത്യാസത്യങ്ങളും മാറിമാറിക്കൊണ്ടിരിക്കും എന്നതാണല്ലോ ലോകസ്വഭാവം. അപ്പോഠം, ഒരിക്കൽ സുഖമെന്നു പറഞ്ഞതിനെ മറെറാരിക്കൽ ദുഃഖമെന്നും, സത്യമെന്നു പറഞ്ഞതിനെ അസത്യമെന്നും, അസത്യമെന്നു പറഞ്ഞതിനെ സത്യമെന്നും ഒക്കെ മാറിപ്പറഞ്ഞുകൊണ്ടിരിക്കും. ഇതൊക്കെ അവിവേകിയായ ഒരു ബാലൻെറ ലക്ഷണം തന്നെയാണല്ലോ. അതുകൊണ്ടാണു് ജ്ഞാനികഠം സാധാരണ ലൌകികന്മാരെ ബാലന്മാരെന്നു പറയുന്നതു്. ആദ്ധ്യാത്മികത്വം കിട്ടുമ്പോഠം ബാലഭാവം മാറുന്നു. പക്ഷേ ആദ്ധ്യാത്മികത്വമുണ്ടാവണമെങ്കിൽ രജോഗുണവും, അതിൽനിന്നു പൊന്തുന്ന കാമാദി എല്ലാ വികാരങ്ങളും നശിക്കണം. അതാണു് കംസവധം കഴിഞ്ഞപ്പോഠം ബാല്യം നീങ്ങി യൌവനം പ്രകാശിച്ചുവെന്നു വൎണ്ണിക്കുന്നതിൻെറ പ്രസക്തി. ആദ്ധ്യാത്മികനാവുമ്പോഠം ജീവിതംതന്നെ മാറുന്നു. അതാണവിടെ പൂൎവ്വാദ്ധം അവസാനിക്കുന്നതു്. പൂൎവ്വാദ്ധമെന്നു പറഞ്ഞാൽ ലൌകികജീവിതമെന്നും, ഉത്തരാദ്ധമെന്നു പറഞ്ഞാൽ ആദ്ധ്യാത്മികജീവിതമെന്നുമൎത്ഥം. ജരാസന്ധശിശുപാലാദികളെ കൊന്നുകഴിയുമ്പോഠം ഉത്തരാദ്ധവും അവസാനിക്കുന്നു. ശരീരാഭിമാനത്തേയും, അൎത്ഥദാരപുത്രേഷണങ്ങളേയും ജയിക്കുമ്പോഠം ആദ്ധ്യാത്മികജീവിതവും അവസാനിച്ചു മുക്തനാവുന്നു. ഈ ദൃഷ്ടിയിൽക്കൂടെയാണു് ദശമസ്കന്ധത്തെ ആദ്യവസാനം താ

ത്വികമായി വീക്ഷിക്കേണ്ടതു്. ഇനി കഥയിൽ പ്രവേശിക്കാം. ദശമസ്കന്ധത്തിൻെറ ആദ്യത്തിൽത്തന്നെ പരീക്ഷിത്തുരാജാവു കൃഷ്ണകഥ കേൾക്കാനുള്ള ഔത്സുക്യത്തേയും, അധികാരത്തേയും പ്രകാശിപ്പിച്ചതിനെക്കണ്ടു ശ്രീശുകബ്രഹ്മർഷി അദ്ദേഹത്തെ വളരെ അനുമോദിച്ചു. ആഹാരനിദ്രാദി ശരീരധർമ്മങ്ങളെപ്പോലും ഉപേക്ഷിച്ചു് ഈശ്വരകഥ കേൾക്കാൻ ഔത്സുക്യത്തോടുകൂടിയിരിക്കയെന്നതു സാധാരണജനങ്ങൾക്കുണ്ടാവാൻ വയ്യാത്ത ഗുണമാണു്. അതാണദ്ദേഹത്തിൻെറ ചോദ്യത്തെ ശുകബ്രഹ്മർഷി അത്രത്തോളം അനുമോദിക്കാൻ കാരണം. ഒരാൾ ഈശ്വരകഥ പറയുന്നതും, കേൾക്കുന്നതും, ചോദിക്കുന്നതുമെല്ലാം തനിക്കു മാത്രമല്ല, ഈ ലോകത്തിനൊട്ടാകെ ശ്രേയസ്സാണു്. അതിനാൽ ഈശ്വരകഥയിലുള്ള തൃഷ്ണ മഹത്തായ ഒരു സേവനംകൂടിയാണെന്നു സമർത്ഥിച്ചുകൊണ്ടാണു് പറയാൻ തുടങ്ങുന്നതു്.

ഒരു കാലത്തു രാജാക്കന്മാരെന്ന വ്യാജേന അനവധി അസുരന്മാർ ജനിച്ചു് അവരുടെ കഠിനങ്ങളും, അതിക്രൂരങ്ങളുമായ ആസുരകൃത്യങ്ങളെക്കൊണ്ടു് ഈ ഭൂമി പീഡിതയായപ്പോൾ, അസഹ്യമായ ആ പീഡയ്ക്കറുതിവരുത്താൻവേണ്ടി ഭൂദേവി ഗോരൂപം ധരിച്ചു ദേവന്മാരോടുകൂടി സത്യലോകത്തു ബ്രഹ്മസഭയിൽ ചെന്നു ക്ലേശാവസ്ഥകളെയൊക്കെ ബ്രഹ്മദേവനോടറിയിച്ചു. ഭൂദേവിയുടെ അപ്രതീക്ഷിതമായ വരവും, അനിഷ്ടമായ ലോകക്ലേശത്തിൻെറ ശ്രവണവും ക്ഷണനേരം ബ്രഹ്മദേവനെ ചിന്താവിഷ്ടനാക്കി. വളരെനേരം ആലോചിച്ചിട്ടും പോംവഴി

യൊന്നും കാണാതെ വിഷമിച്ച ബ്രഹ്മദേവൻ അവസാനം ജഗന്നിയന്താവായ ഭഗവാൻ ശ്രീനാരായണനെക്കൊണ്ടല്ലാതെ ഈ അത്യാഹിതത്തിന്നു പരിഹാരമുണ്ടാകാൻ സാദ്ധ്യമല്ലെന്നു ബോദ്ധ്യപ്പെട്ടു് എല്ലാവരോടുംകൂടി ക്ഷീരസമുദ്രത്തിന്റെ തീരപ്രദേശത്തേയ്ക്കു യാത്രയായി. അവിടെ ചെന്നു പരമപുരുഷനായ നാരായണനെ പുരുഷസൂക്തമഹാമന്ത്രംകൊണ്ടുപസ്ഥാനം ചെയ്തു. കരുണാമയനായ ഭഗവാനാകട്ടെ, ബ്രഹ്മദേവന്റെ ഹൃദയാന്തർഭാഗത്താവിർഭവിച്ചു് എല്ലാ സംരംഭങ്ങളേയും അറിയിച്ചു. സമാധിയിൽനിന്നുണർന്ന ബ്രഹ്മദേവൻ ഭഗവാന്റെ അരുളപ്പാടിനെ എല്ലാവരേയും അറിയിച്ചു. ലോകസ്ഥിതിയെ ഭഗവാൻ വേണ്ടപോലെ അറിഞ്ഞിരിക്കുന്നുവെന്നും, അവതാരം അത്യാവശ്യമാണെന്നും, അതിനു് എല്ലാം തയ്യാറായിക്കഴിഞ്ഞിരിക്കുന്നുവെന്നും, അടുത്തുതന്നെ മഥുരയിൽ ദേവകീവസുദേവന്മാരുടെ പുത്രനായി ഭഗവാൻ അവതരിച്ചു തന്റെ ദിവ്യലീലകളെക്കൊണ്ടു ലോകസ്ഥിതിയെ നന്നാക്കിത്തീർക്കുന്നുണ്ടെന്നുമായിരുന്നു ഭഗവാന്റെ അരുളപ്പാടു്. അതിനെ ബ്രഹ്മദേവൻ ദേവന്മാർക്കു വ്യക്തമാക്കിക്കൊടുത്തു. മാത്രമല്ല, അവിടുത്തെ ദിവ്യലീലകളിൽ പങ്കുകൊള്ളാനായി ദേവന്മാരും അവരവരുടെ കലകളെക്കൊണ്ടു ഭൂമിയിൽ പല സ്വരൂപങ്ങളായി ജനിച്ചു്, ഭഗവാന്റെ എഴുന്നള്ളത്തിനെ എതിരേല്ക്കാൻ കാത്തിരിക്കണമെന്നുകൂടി ബ്രഹ്മദേവൻ നിർദ്ദേശിച്ചു. അനന്തരം ഓരോരുത്തരും അവരവരുടെ സ്ഥാനങ്ങളിലേയ്ക്കു മടങ്ങുകയും ചെയ്തു.

അക്കാലത്തു മഥുരയെ ഭരിച്ചിരുന്നതു് ഉഗ്രസേനനെന്ന മഹാരാജാവായിരുന്നു. അദ്ദേഹത്തിൻെറ ഔരസപുത്രനല്ല കംസൻ. എങ്കിലും ആ നിലയിൽതന്നെയായിരുന്നു കരുതിവന്നിരുന്നതു്. ഉഗ്രസേനരാജാവിൻെറ അനുജനാണു് ദേവകൻ. അദ്ദേഹത്തിൻെറ പുത്രിയാണു് ദേവകി. ദേവകൻെറ മററു പുത്രിമാരെയൊക്കെ ശൂരസേനപുത്രനായ വസുദേവനാണു് വിവാഹം കഴിച്ചിട്ടുണ്ടായിരുന്നതു്. അതിനാൽ ഒടുവിലത്തെ പുത്രിയായ ദേവകിയെക്കൂടി വസുദേവനുതന്നെ വിവാഹംചെയ്തുകൊടുക്കാൻ തീച്ചപ്പെടുത്തി. ദേവകിയടക്കം പതിനെട്ടു കന്യകമാരെ വിവാഹം കഴിക്കുന്നുണ്ടു് വസുദേവൻ. അതിൽ അവസാനത്തെ വിവാഹമാണു് ദേവകീവിവാഹം. രാജകുടുംബത്തിൽപ്പെട്ടതായാലും, രാജ്യാധികാരമില്ലാത്ത ക്ഷത്രിയന്മാരുടെ പുത്രിമാരെ രാജ്യാധികാരമുള്ള രാജാക്കന്മാർ വിവാഹം ചെയ്യുന്ന പതിവില്ല. തന്നെപ്പോലെ പ്രൌഢിയുള്ള രാജാക്കന്മാരുടെ പുത്രിമാരെയാണവർ വരിക്കാറു്. രാജത്വമില്ലാത്ത ക്ഷത്രിയന്മാരുടെ കന്യകമാരെ അതുപോലുള്ള ക്ഷത്രിയന്മാരോ, സാമന്തരാജാക്കന്മാരോ ആണു് വരിക്കാറു്. ഇതാണു് ദേവകൻെറ പുത്രിമാരെ എല്ലാവരെയും വസുദേവൻ വരിക്കുന്നതിൻെറ രഹസ്യം. അതുപോലെ, രാജത്വമില്ലെങ്കിലും ക്ഷാത്രധമ്മമുള്ള അനുരൂപരായ മററു ക്ഷത്രിയന്മാരെ കിട്ടാത്തതുകൊണ്ടാണു് എല്ലാ പുത്രിമാരെയും ദേവകൻ വസുദേവനു കൊടുത്തതും. അവസാനത്തെ വിവാഹമായ ദേവകീപരിണയം തീച്ചപ്പെടുത്തിയതോടെ അതിനു വേണ്ട എല്ലാ ഒരുക്കങ്ങളും ചെയ്യാൻ തുടങ്ങി. രാജകുടും

ബത്തിലുള്ള ഒരാളുടെ വിവാഹമായതുകൊണ്ടും, രാജധാനിയിൽവെച്ചു നടത്തുന്നതായതുകൊണ്ടും ആഘോഷത്തോടു കൂടാതെ കഴിക്കാൻ വയ്യല്ലോ. ഉഗ്രസേനരാജാവു് അതൊക്കെ ഭംഗിയായി നിറവേററി. പോരെങ്കിൽ മഹാരാജാവിന്നു് അനുജനെ പ്രത്യേകതാല്പയ്യവുമാണു്. ഈവക കാരണങ്ങളാൽ വരണമഹോത്സവം ഗംഭീരമായി. രാജധാനിയിലെ കോലാഹലങ്ങളൊക്കെ അവസാനിച്ചു. വരൻ വധുവിനേയും കൂട്ടിക്കൊണ്ടു തൻെറ ഗൃഹത്തിലേയ്ക്കു പുറപ്പാടായി. മഹാരാജാവും, കന്യകയുടെ പിതാവുമായ ദേവകനും പ്രത്യേകം ധാരാളം സമ്പത്തും മററുപകരണങ്ങളും സ്ത്രീധനമായി വസുദേവന്നു കൊടുത്തു. വസുദേവൻ തൻെറ സമ്പത്തുകളോടും കന്യകയോടുംകൂടി ഗൃഹത്തിലേയ്ക്കു യാത്രയായി. അസംഖ്യം ആന, തേരു്, കുതിര, സൈന്യങ്ങൾ, ദാസീദാസന്മാർ എന്നീ രാജകീയാഡംബരങ്ങളോടുകൂടി പ്രത്യേകമലങ്കരിച്ച സ്വർണ്ണരഥത്തിൽ കയറി വധൂവരന്മാർ ഘോഷയാത്രയായി അരമനയിൽനിന്നു പുറത്തേയ്ക്കിറങ്ങി. കംസനും ദേവകിയോടു സഹോദരീനിവ്വിശേഷമായ സ്നേഹമുണ്ടു്. അതിനെ പ്രകടമാക്കിക്കൊണ്ടു യുവരാജാവായ കംസൻതന്നെ വധൂവരന്മാർ കയറിയ തേരു നടത്താൻ തുടങ്ങി. യുവരാജാവു തേരു തെളിക്കുകയെന്നതു വലിയ കഥയാണല്ലോ. ആ രൂപത്തിൽ അവരോടുള്ള തൻെറ ബഹുമാനത്തെ വ്യക്തമാക്കി കംസൻ. വാദ്യമേളഘോഷങ്ങളോടും, ജയശബ്ദങ്ങളോടും, പുഷ്പവർഷങ്ങളോടുംകൂടി അസംഖ്യം ജനങ്ങൾ തിങ്ങിനിറഞ്ഞ ആ വമ്പിച്ച ഘോഷയാത്ര വിശാലമായ രാജമാൎഗ്ഗത്തിൽക്കൂടെ പതുക്കെപ്പതുക്കെ മുന്നോട്ടു

നീങ്ങിക്കൊണ്ടിരിക്കെ ഒരു നാൽക്കൂട്ടപ്പെരുവഴിയിലെ ത്തി. സംഖ്യയററ ആ ജനങ്ങഠം മുഴുവൻ ഞെട്ടിത്തെറി ക്കുമാറു് ഒരു ഭയങ്കരശബ്ദം പെട്ടെന്നാകാശത്തിൽ മുഴ ങ്ങി; പിന്നാലെ ചില വാക്കുകളും. ജനങ്ങഠം ഞെട്ടി ത്തെറിച്ചു. ചിലരോടാൻതുടങ്ങി, ചിലർ ഭയപ്പെട്ടു വി റച്ചുകൊണ്ടവിടെത്തന്നെ നിന്നു. മററുചിലർ പരിഭ്രമി ച്ചു നിലവിളിക്കാൻ തുടങ്ങി. ആകപ്പാടെ ആ വമ്പിച്ച ജനസഞ്ചയം മുഴുവൻ ചിന്നിച്ചിതറി. പക്ഷേ കംസനു മാത്രം യാതൊരു പരിഭ്രമവുമുണ്ടായില്ല. ആത്മസ്ഥൈ ര്യത്തോടെ തക്ക സമയത്തു വേണ്ടതു പ്രവർത്തിക്കാൻ തുട ങ്ങി. "വിഡ്ഢിയായ കംസ! നീ ആരെയാണോ വളരെ സ്നേഹപൂർവ്വം തേരിലേററിക്കൊണ്ടു പോവുന്നതു്, ആ ദേ വകിയുടെ എട്ടാമത്തെ പുത്രൻ നിൻെറ ഹന്താവാണു്." എന്നായിരുന്നു ആകാശത്തിൽനിന്നു മുഴങ്ങിക്കേട്ട വാക്കു കഠം. അതു കേട്ടതോടെ കംസൻെറ മട്ടൊക്കെ മാറി. പെട്ടെന്നു ചമ്മട്ടിയും, കടിഞ്ഞാണും വലിച്ചെറിഞ്ഞു തേ രിന്നുള്ളിലേയ്ക്കു ചാടി നവവധുവായ ദേവകീദേവിയുടെ തലമുടി ചുററിപ്പിടിച്ചു പുറത്തേയ്ക്കു വലിച്ചിഴച്ചു് അര യിൽനിന്നു വാളു വലിച്ചൂരി കഴുത്തു വെട്ടാൻ ഭാവിച്ചു. ഈ കാഴ്ചയാണു് ജനങ്ങളെ പരിഭ്രമിപ്പിക്കുകയും ഭയപ്പെ ടുത്തുകയും ചെയ്തതു്. കംസൻെറ സ്വഭാവങ്ങളെ നല്ല പോലെ അറിവുള്ള വസുദേവൻ പരിഭ്രമിച്ചു് എന്തു ചെ യ്യണമെന്നറിയാതെ വിഷമിച്ചു. ഏതായാലും ഈ അ ത്യാഹിതം കണ്ടുനില്ക്കാൻ കഴിയാതെ ഓടിച്ചെന്നു കംസ നെ തടുത്തു സമാധാനിപ്പിക്കാൻ തുടങ്ങി.

"ഭോജവംശത്തിൽ ഏററവും നല്ലവനെന്ന അങ്ങയുടെ യശസ്സു ലോകം മുഴുവൻ നിറഞ്ഞിരിക്കുന്നുവല്ലോ. മംഗളകരമായ ഈ നല്ല അവസരത്തിൽ ഏററവും അമംഗളകരമായ സ്ത്രീഹത്യ—അതും തൻെറ സഹോദരിയെ—ചെയ്യുന്നതു് അങ്ങയുടെ നിർമ്മലയശസ്സിൽ കരിതേയ്ക്കലാവില്ലേ? എന്തിന്നതു ചെയ്യുന്നു? അങ്ങയുടെ മരണം അങ്ങയെ ഭയപ്പെടുത്തുന്നു എന്നുള്ളതുകൊണ്ടാണെങ്കിൽ അതു് ഈ നീചകൃത്യംകൊണ്ടു നീങ്ങിപ്പോവുമോ? ഒരിക്കലുമില്ല. അങ്ങയുടെ മരണം ദേവകിയിലാണോ ഇരിക്കുന്നതു്? ദേവകിയെ കൊന്നതുകൊണ്ടു് അങ്ങയ്ക്കു മരിക്കാതിരിക്കാൻ ഒക്കുമോ? അങ്ങു് എല്ലാം അറിയുന്ന ആളും ബുദ്ധിമാനുമാണല്ലോ. പിന്നെ എന്താണിങ്ങനെയൊരു വ്യാമോഹം വരാൻ കാരണം? ഓരോ ജീവൻെറയും ജനനത്തിൽത്തന്നെ മരണവും, മരണത്തിൽത്തന്നെ ജനനവും ലയിച്ചിരിക്കുന്നില്ലേ? അതിനെ അന്യഥാകരിക്കാൻ ആരെക്കൊണ്ടെങ്കിലും കഴിയുമോ? എന്താപത്തു വരുമ്പോഴും ദുഷ്കർമ്മം ചെയ്യാതിരിക്കലല്ലേ ബുദ്ധിപൂർവ്വകമായ പ്രവൃത്തി? അതിനാൽ സമാധാനമായിരിക്കൂ. ഈ ദുഷ്കർമ്മംകൊണ്ടു വിശേഷിച്ചു ഗുണമൊന്നും കിട്ടാൻപോവുന്നില്ല. ശരീരമുള്ളേടത്തോളംകാലം മരണം നിയതമാണു്. അതാൎക്കും തടുക്കുവാൻ വയ്യ. പക്ഷേ മരിക്കുമെന്നുള്ളതുകൊണ്ടു പരിഭ്രമിക്കേണ്ടാവശ്യമില്ല. മരണമെന്നു പറഞ്ഞാൽ ശരീരം പോവുക എന്നൎത്ഥമാണല്ലോ. മരിച്ച ഉടനെത്തന്നെ വീണ്ടും ശരീരം കിട്ടുകയും ചെയ്യും. എന്നാൽ കിട്ടുന്ന ശരീരം എന്തു ശരീരമായിരിക്കുമെന്നറിയില്ലല്ലോ എന്നാണെങ്കിൽ ആ

വിഷയത്തിലും പരിഭ്രമിക്കേണ്ടതില്ല. ഏതൊരു ശരീരത്തെ പ്രാപിക്കുമ്പോഴും ആ ശരീരം ഏററവും നല്ലതായിട്ടാണു് തോന്നുക എന്ന കാരണത്താൽ ഏതു ശരീരം കിട്ടിയാലും ഒരുപോലെയാണു്. ഈവക ഗുണദോഷങ്ങളെ ആലോചിക്കുമ്പോഠം ദുഷ്കർമ്മം ചെയ്യാതിരിക്കൽമാത്രമാണു് ബുദ്ധിപൂർവ്വകമായ പ്രവൃത്തി എന്നു വ്യക്തമാവും. അതിനാൽ സമാധാനിക്കു. നിന്ദ്യമായ സ്ത്രീഹത്യ ചെയ്യാതിരിക്കു." എന്നിങ്ങനെ വസുദേവൻ പലതും ഉപദേശിച്ചുനോക്കിയെങ്കിലും അതൊന്നും കംസന്നു ഹൃദ്യമായോ, സ്വീകാരയോഗ്യമായോ തോന്നിയില്ല. ഒന്നും മറുപടി പറഞ്ഞില്ലെന്നുമാത്രം. എങ്കിലും ദേവകീദേവിയെ വിടുകയോ, വാഠം ഉറയിൽ വെയ്ക്കുയോ ചെയ്തില്ല. വസുദേവൻ മാറിയിട്ടു വേണം വെട്ടാനെന്നുള്ള നിലയിലാണപ്പോഴും നില്ക്കുന്നതു്. എന്തു വേണമെന്നറിയാതെ വസുദേവൻ വിഷമിച്ചു. അവസാനം മനസ്സുകൊണ്ടു കംസനെ അതിയായി വെറുക്കുന്നുണ്ടെങ്കിലും, അതൊന്നും പുറമെക്കാണിക്കാതെ പുഞ്ചിരിയോടുകൂടി വീണ്ടും പറയാൻ തുടങ്ങി: "പറഞ്ഞേടത്തോളം അങ്ങയ്ക്കു തൃപ്തിയായിട്ടില്ലെങ്കിൽ ഇനി മറെറാരു കാര്യംകൂടി പറയാം. ഇവളിൽ നിന്നല്ലല്ലോ അങ്ങയ്ക്കു ഭയം. ദേവകി പ്രസവിച്ചുണ്ടാവുന്ന കുട്ടി അങ്ങയെക്കൊല്ലുമെന്നല്ലേ അശരീരിവാക്കു കേട്ടതു്. എന്നാൽ ദേവകിയുടെ ഏതേതു കുട്ടികളെയാണോ അങ്ങു ഭയപ്പെടുന്നതു് ആ എല്ലാ കുട്ടികളേയും ജനിച്ച ഉടനെത്തന്നെ അങ്ങയ്ക്കു കൊണ്ടുവന്നുതരാം. അപ്പോഠംതന്നെ അവരെ കൊന്നാൽ മതിയല്ലോ. എ

ന്നാലും തല്ക്കാലം ഇവളെ വിട്ടു" ഈ പ്രതിജ്ഞ കംസ ന്നു ബോധിച്ചു. തല്ക്കാലം ദേവകിയെ വിട്ടു ഗൃഹത്തിലേയ്ക്കു മടങ്ങി. വസുദേവനും ദേവകിയോടുകൂടി തന്റെ ഗൃഹത്തിലേയ്ക്കു മടങ്ങി. വിശേഷസംഭവങ്ങളൊന്നുംകൂടാതെ കുറച്ചുകാലം കഴിഞ്ഞു.

വസുദേവന്റെ പ്രതിജ്ഞാവാചകത്തിൽ ഒരാശയക്കുഴപ്പം കടന്നുകൂടീട്ടുണ്ടായിരുന്നു. പക്ഷേ കംസനതറിഞ്ഞിട്ടില്ല. 'ദേവകിയുടെ ഏതേതു കുട്ടികൾ തന്നെ കൊല്ലുമെന്നു ഭയപ്പെടുന്നുവോ, ആ കുട്ടികളെയൊക്കെ ജനിച്ചമാത്രയിൽത്തന്നെ കൊണ്ടുവന്നുതരാ'മെന്നാണു് പ്രതിജ്ഞാവാചകം. കൊല്ലുമെന്നു ഭയപ്പെടുന്ന കുട്ടികളെയൊക്കെ കൊണ്ടുവന്നുതരാമെന്നു പറയുമ്പോൾ ഭയപ്പെടുന്ന കുട്ടികളെ മാത്രമേ തരികയുള്ളുവെന്നും, വാസ്തവത്തിൽ കൊല്ലുന്ന കുട്ടിയെ തരില്ലെന്നുമൊരു ധ്വനിയുണ്ടു്. ഇതു വസുദേവനും അറിഞ്ഞു പ്രയോഗിച്ചതല്ല. യാദൃച്ഛികമായി അങ്ങനെ വന്നുചേൎന്നു എന്നേ ഉള്ളു. ഏതായാലും കാൎയ്യം നടക്കുന്നതു് അങ്ങനെയാണല്ലോ. അധികം താമസിയാതെ ദേവകീദേവി ഗൎഭം ധരിച്ചു. ക്രമേണ ഗൎഭം പരിപക്വമായി. സന്ദൎഭം വന്നപ്പോൾ ഒരാൺകുട്ടിയെ പ്രസവിക്കയും ചെയ്തു. ജാതകൎമ്മാദിപ്രാഥമികകൃത്യങ്ങളൊക്കെ ചെയ്തശേഷം തന്റെ പ്രതിജ്ഞയെ പരിപാലിക്കാനായി കുട്ടിയേയുംകൊണ്ടു പിതാവായ വസുദേവൻ ഘാതകനായ കംസന്റെ ഗൃഹത്തിലേയ്ക്കു യാത്രയായി. ജാതമാത്രനായ തന്റെ പുത്രനെ സ്വന്തം കൈകൊണ്ടുതന്നെ ഘാതകന്റെ കയ്യിൽ കൊല്ലാൻ കൊടുക്കു

കയെന്നതു് ഒരു പിതാവിന്നെത്രമാത്രം വേദനയുണ്ടാക്കു ന്ന സംഗതിയാണു്! സത്യത്തിലുള്ള അപാരമായ വിശ്വാസം ഒന്നുമാത്രമാണു് അദ്ദേഹത്തെ ഈ ധീരകൃത്യത്തിന്നു ശക്തനാക്കിയതു്. വസുദേവൻെറ ത്യാഗവും, സത്യനിഷ്ഠയും കണ്ടു കംസൻെറ ക്രൂരമായ ചിത്തംപോലും അലിഞ്ഞു. കംസനാ പിഞ്ചുകുട്ടിയെ കൊല്ലാൻ മനസ്സു വന്നില്ല. അതിനാൽ കുറെ നേരം ആലോചിച്ചതിന്നുശേഷം കുട്ടിയെ കൊണ്ടുപോയി വളത്തിക്കൊള്ളാനാണു് കംസൻ പറഞ്ഞതു്. 'ദേവകിയുടെ എട്ടാമത്തെ പുത്രൻ എന്നെ കൊല്ലുമെന്നല്ലേ ആകാശവാണി സൂചിപ്പിച്ചതു്. അതുകൊണ്ടു് ആ പുത്രനെമാത്രം തന്നാൽ മതി. ബാക്കി കുട്ടികളെയൊക്കെ നിങ്ങൾ വളത്തിക്കൊൾവിൻ.' എന്നാണു് വസുദേവക്കു കിട്ടിയ രാജകല്പന. പക്ഷേ അതൊന്നും സാരമില്ല. ചപലമായ മനസ്സിന്നടിമപ്പെട്ടിരിക്കുംകാലത്തോളം ഒരാളുടെ ഒരു വാക്കും വിശ്വസിക്കാൻ വയ്യ. കാരണം ഇപ്പോൾ ഒന്നു പറയും. കുറച്ചു കഴിഞ്ഞാൽ മനസ്സിൻെറ ഭാവം മാറുമ്പോൾ മറെറാന്നു പറയും. അവ തമ്മിൽ പൂവ്വാപര വിരുദ്ധമായാലും വിരോധമില്ല. ഇങ്ങിനെയാണു് പ്രായേണ പ്രാകൃതന്മാരുടെ നില. ഇതാണു് കംസൻെറയും സ്ഥിതിയെന്നുള്ളതുകൊണ്ടു് ഒന്നും തീച്ചപ്പെടുത്താൻ വയ്യ. ഏതായാലും ഇനി മറെറാന്നു പറയുന്നതുവരെ കുട്ടിയെ വളത്താം എന്ന നിശ്ചയത്തോടെ വസുദേവൻ കുട്ടിയേയുംകൊണ്ടു ഗൃഹത്തിലേയ്ക്കു മടങ്ങിപ്പോരുകയും ചെയ്തു. പിന്നീടു വിശേഷസംഭവങ്ങളൊന്നുംകൂടാതെ ദിവസങ്ങൾ

പൊയ്ക്കോണ്ടിരുന്നു. ദേവകിദേവിക്കു വീണ്ടും ചില പ്രാവശ്യങ്ങൾകൂടി ഗർഭധാരണവും, പ്രസവവും സംഭവിച്ചു. കോമളാംഗന്മാരായ ആറു പുത്രന്മാർ ദേവകീഗൃഹത്തിൽ കളിക്കാൻ തുടങ്ങി. ഈ സന്ദർഭത്തിലാണു് ശ്രീനാരദമഹർഷി കംസൻെറ ദുരിതത്തിന്നു വേഗത്തിൽ പാകത വരുത്താൻവേണ്ടി ഒരു ദിവസം കംസൻെറ രാജധാനിയിലേയ്ക്കു കയറിച്ചെന്നതു്. കംസൻെറ ഉപചാരങ്ങളെയൊക്കെ സ്വീകരിച്ചു. കുശലപ്രശ്നങ്ങളൊക്കെ കഴിഞ്ഞു. അനന്തരം മഹർഷി കംസനോടു പറയാൻ തുടങ്ങി: "ദേവകീപുത്രൻ തൻെറ അന്തകനാണെന്നു പ്രത്യക്ഷത്തിൽ അറിഞ്ഞിട്ടും ബുദ്ധിമാനായ അങ്ങു മൌനമായിരിക്കുന്നതിൻെറ രഹസ്യം എത്രതന്നെ ആലോചിച്ചിട്ടും മനസ്സിലാക്കാൻ കഴിഞ്ഞില്ല. എട്ടാമത്തെ പുത്രനെയാണല്ലോ അശരീരിവാക്കു സൂചിപ്പിച്ചതു്; അതിനാൽ ആ കുട്ടിയെ മാത്രമേ ശ്രദ്ധിക്കേണ്ടതുള്ളു എന്നു വിചാരിച്ചിട്ടാണെങ്കിൽ അതു വെറും മൌഢ്യമാണെന്നു പറയാതിരിക്കാൻ വയ്യ. കാരണം ഏതാണു് എട്ടാമത്തെ പുത്രനെന്നാരുകണ്ടു? അവസാനത്തിൽനിന്നു് ഇങ്ങോട്ടെണ്ണുന്നപക്ഷം ആദ്യത്തെ കുട്ടി എട്ടാമത്തെ പുത്രനാകുമല്ലോ. അങ്ങിനെ ഏതു കുട്ടിയെയാണു് എട്ടാമത്തേതാക്കി എണ്ണിക്കൂടാത്തതു്? അതൊന്നുമില്ല; യാതൊരു കൃത്രിമവും കൂടാതെയാണെന്നിരിക്കട്ടെ; എന്നാലും എട്ടാമത്തെ പുത്രൻ ജനിക്കുമ്പോൾ അതിനു മുമ്പുള്ള ഏഴു പുത്രന്മാരുടേയും സഹായം ആ കുട്ടിക്കുമുണ്ടാകുമെന്നതു നിർവ്വിവാദമാണല്ലോ. ഏഴു ജ്യേഷ്ഠന്മാരുടെ രക്ഷയിൻകീഴിലുള്ള എട്ടാമ

ത്തെ അനുജനെ കൊല്ലുകയെന്നതു സുഗമമായിരിക്കുമെ ന്നു വിചാരിക്കാൻ വയ്യ. വേണ്ടതു വേണ്ടസമയത്തു ചെ യ്യാതിരുന്നാൽ പിന്നീടു ദുഃഖിക്കേണ്ടിവരുമെന്നതു തക്കമെ ററ സംഗതിയാണ്. ഇതിനൊക്കെപ്പുറമേ ഞാൻ അറി ഞ്ഞ മറെറാരു സംഗതികൂടിപ്പറയാം. ഇവിടെ വൃഷ്ണിക ളും, യാദവന്മാരും, ഗോകുലത്തിലുള്ള ഗോപന്മാരും മിക്ക വാറും ദേവാംശസംഭവന്മാരാണ്. നിങ്ങളൊക്കെ അസു രാംശങ്ങളുമാണ്. നിങ്ങളെ കൊല്ലാൻവേണ്ടി ദേവപ ക്ഷപാതിയായ ഭഗവാൻ മഹാവിഷ്ണുതന്നെയാണ് ബ്ര ഹ്മാദിദേവന്മാരുടെ അപേക്ഷപ്രകാരം ദേവകീപുത്രനായ വതരിക്കുന്നത്. ഈ വർത്തമാനം ബ്രഹ്മലോകത്തിൽനി ന്നാണ് ഞാനറിഞ്ഞത്. അത് അങ്ങയെ അറിയിക്ക ണമെന്നു കരുതിയാണ് ബദ്ധപ്പെട്ട് ഇങ്ങോട്ടു പോന്ന തും. വളരെ ശ്രദ്ധിച്ചിരിക്കേണ്ട സമയമാണ്.'' ഇത്ര ത്തോളം കേട്ടപ്പോഴേയ്ക്കു നാരദമഹർഷി കരുതിയമാതിരി തന്നെ കംസൻെറ ഭാവം മുഴുവൻ മാറി. ക്രുദ്ധനായി; കരാളങ്ങളായ ദംഷ്ട്രങ്ങൾ പുറത്തു കാട്ടി അട്ടഹസിച്ചു. കലികൊണ്ടവനെപ്പോലെ സ്വബോധം വിട്ടു വസുദേവ ഗൃഹത്തിലേയ്ക്കോടി. അവിടേയ്ക്കു ബദ്ധപ്പെട്ടു പാഞ്ഞു വരുന്ന ഭാവംമാറിയ രാജാവിനെക്കണ്ടു ദേവകീവസുദേവ ന്മാർ നടുങ്ങി. യാതൊരു ചോദ്യവുംകൂടാതെ ദേവകീവ സുദേവന്മാരുടെ ഓടിക്കളിച്ചു നടക്കുന്ന ആറു കുട്ടികളേ യും കംസൻ തൻെറ കരാളമായ വാളുകൊണ്ടു വെട്ടി ക്കൊന്നു. ദേവകീവസുദേവന്മാരെ അപ്പോൾതന്നെ ബ ലാല്ക്കാരേണ പിടിച്ചു ബന്ധിച്ചു ജയിലിലാക്കി. ശത്രു

പക്ഷപാതിയെന്ന കുററം ചുമത്തി തൻെറ പിതാവും, മഹാരാജാവുമായ ഉഗ്രസേനനേയും ബലാല്ക്കാരേണ പിടിച്ചു തടവിലാക്കി. താൻ സ്വയം രാജാവെന്നു പ്രഖ്യാപിക്കുകയും ചെയ്തു. അനന്തരം തൻെറ മന്ത്രിപ്രധാനികളായ പ്രലംബൻ, ബകൻ, ചാണൂരൻ, കേശി, അരിഷ്ടൻ തുടങ്ങിയ ദുഷ്ടന്മാരോട് ആലോചിച്ചു യാദവന്മാർ, വൃഷ്ണികഠം, ഗോപന്മാർ എന്നിവരെ പലപ്രകാരത്തിൽ മർദ്ദിക്കാനും, നശിപ്പിക്കാനുമുള്ള ഒരു വിശാല പരിപാടി തെയ്യാറാക്കി അതിനെ നടപ്പിൽവരുത്താനും തുടങ്ങി.

നാരദമഹർഷി കംസനെ ഇളക്കിവിട്ടതോടെ അരമനയിൽനിന്നിറങ്ങിപ്പോയി. പട്ടണമാകെ കലങ്ങിമറിഞ്ഞു. ജനങ്ങഠംക്കു സ്വൈരവും, സമാധാനവും കേവലം ഇല്ലാതായി. രാജഗൃഹത്തിലെ കുടുംബജീവിതംതന്നെ താറുമാറായാൽ പിന്നെ പൌരന്മാരുടെ കഥ പറയേണ്ടതില്ലല്ലോ. എങ്ങും അക്രമം, അനീതി, കൊല, കൊള്ള ഇങ്ങിനെ ഭയങ്കരമായൊരന്തരിക്ഷം മഥുരാപട്ടണത്തിൽ ഒട്ടാകെ വ്യാപിച്ചു. ആ ദുരന്തസ്ഥിതി അവിടംകൊണ്ടുമവസാനിച്ചില്ല. അയൽരാജ്യങ്ങളിലേയ്ക്കും വ്യാപിക്കാൻ തുടങ്ങി. ജനങ്ങഠം കൂട്ടംകൂട്ടമായി പ്രാണഭയത്തോടെ അഭയാർത്ഥികളായി മററു രാജ്യങ്ങളിലേയ്ക്കോടാൻ തുടങ്ങി. ഇങ്ങിനെ ഏററവും ഭയങ്കരമായ നിലയിൽ ഓരോ നിമിഷവും വിഷമിച്ചു കഴിഞ്ഞുകൂടിക്കൊണ്ടിരിക്കേ ദേവകീദേവി ഏഴാമതും ഗർഭം ധരിച്ചു. അസാധാരണവും, ദിവ്യവുമായ ആ ഗർഭം ആരും കാണാത്ത ജയിൽമുറിയുടെ ഉള്ളിലാണു് വളൎന്നുകൊണ്ടിരുന്നതെങ്കിൽ

കൂടി എല്ലാവരും അറിയാനും, പലരും സന്തോഷിക്കാനും, ചിലരൊക്കെ വ്യസനിക്കാനും തുടങ്ങി. ദേവകീദേവിയുടെ തേജോമയമായ ഗർഭോദരം കണ്ടവരൊക്കെ അതിദിവ്യമായ ഒരു തേജഃപുഞ്ജമായിരിക്കും അതിനുള്ളിലുള്ള ശിശുവെന്നു വിഭാവനംചെയ്തു. കംസൻപോലും ദേവിയുടെ ഗർഭജ്യോതിസ്സ് കണ്ടു നടുങ്ങി. കംസനു കൊല്ലാൻ പററുന്ന ഒരു ശിശുവായിരിക്കില്ല ഈ ഗർഭത്തിൽനിന്നു പുറത്തുവരുന്നതെന്നെല്ലാവരും അനുമാനിച്ചു. അങ്ങിനെ പലരുടേയും പലതരത്തിലുള്ള പ്രതീക്ഷകളോടുകൂടി ദേവകീദേവിയുടെ ഗർഭം വളർന്നുവരുമ്പോൾ അത്ഭുതകരമായൊരു സംഭവമുണ്ടായി. അവിചാരിതമായി പെട്ടെന്നൊരു ദിവസം ദേവകീദേവിയുടെ ഗർഭം കാണാതായി. പ്രസവിച്ചിട്ടില്ല; ശിശു പുറത്തു വന്നിട്ടുമില്ല; പക്ഷേ ഗർഭം കാണാനുമില്ല. അതുവരേയും ദേവിയിൽ പ്രകാശിച്ചിരുന്ന ഗർഭിണിയുടെ എല്ലാ ചിഹ്നങ്ങളും കേവലം മാഞ്ഞുപോയി. എന്തു പററിയെന്നാർക്കും അറിഞ്ഞുകൂടാ. പലരും പലപ്രകാരത്തിൽ ചിന്തിച്ചു. എങ്കിലും വാസ്തവത്തിൽ എന്താണു് സംഭവിച്ചതെന്നു് ആർക്കും അറിയാൻ കഴിഞ്ഞില്ല. അതാണു് ഈശ്വരൻെറ മഹിമയും; പ്രകൃതിയുടെ രഹസ്യവും. മനുഷ്യൻ ബുദ്ധിമാനാണു്; എന്തും അറിയാൻ കഴിയും എന്നൊക്കെ അഭിമാനിക്കും. പക്ഷേ മനുഷ്യൻെറ ബുദ്ധിക്കൊരതിർത്തിയുണ്ടു്. അതുവരെ മാത്രമേ അതു പോവൂ. അതിനപ്പുറത്തേയ്ക്കു പോവാൻ വയ്യ. അങ്ങിനെ തൻെറ ബുദ്ധിക്കെത്താൻ സാധിക്കാത്ത സംഗതി നേരിടുമ്പോൾ അതിനെ തനി

ക്കു പറയുന്ന ഏതെങ്കിലും രൂപത്തിൽ വ്യാഖ്യാനിക്കും. അതു ശരിയാണെന്നു തീൎച്ചപ്പെടുത്തുകയും ചെയ്യും. എന്നാലും തനിക്കറിഞ്ഞുകൂടെന്നു സമ്മതിക്കാറില്ല. അങ്ങിനെയൊക്കെത്തന്നെ ഈ സംഗതിയിലും ചെയ്തു. ദേവകീദേവിയുടെ ഗൎഭം സ്രവിച്ചുപോയതാണെന്നു തീൎച്ചപ്പെടുത്തി എല്ലാവരുംകൂടി. അതു പറഞ്ഞുനടക്കാനും തുടങ്ങി. അപ്പോഴും ചിലർ ദുഃഖിച്ചു; മററു ചിലർ സന്തോഷിച്ചു. എന്തു സംഭവിച്ചാലും സന്തോഷിക്കാനും, വ്യസനിക്കാനും കുറെ ആളുകളുണ്ടാവും. അതാണു് ലോകസ്വഭാവം. കാരണം അറിഞ്ഞിട്ടാവണമെന്നൊന്നുമില്ല. ഇതൊക്കെ ഈ സംഗതിയിലും നടന്നു. എന്നാൽ വാസ്തവത്തിൽ സംഭവിച്ചതിതാണു്: ഭഗവാൻെറ നിൎദ്ദേശപ്രകാരം അവിടുത്തെ മായാശക്തി ദേവകീദേവിയുടെ ഗൎഭസ്ഥശിശുവിനെ ഒരാളും അറിയാതെ വസുദേവരുടെതന്നെ മറെറാരു പത്നിയും, കംസനെ ഭയന്നു മഥുരയിൽനിന്നു് ഒളിച്ചോടിപ്പോയി ഗൂഢമായി ഗോകുലത്തിൽ നന്ദഗോപൻെറ രക്ഷയിൻകീഴിൽ താമസിച്ചുവരുന്നവളുമായ രോഹിണീദേവിയുടെ ഉദരത്തിലേയ്ക്കു മാററി. അവിടെയും പലക്കും പലവിധ സംശയങ്ങളും അത്ഭുതവുമുണ്ടായി. അതുവരെ ഒന്നുമില്ലാതിരുന്ന രോഹിണിദേവിക്കു പെട്ടെന്നൊരുദിവസം എല്ലാ ഗൎഭിണീലക്ഷണങ്ങളും പ്രകാശിച്ചു; മാത്രമല്ല മിക്കവാറും പരിപക്വമായ ഗൎഭാവസ്ഥയും പ്രകാശിച്ചു. ഗൎഭം ക്രമേണ വളൎന്നു പരിപക്വാവസ്ഥയെ പ്രാപിക്കലെല്ലാതെ പെട്ടെന്നൊരുദിവസം പരിപക്വഗൎഭാവസ്ഥയുണ്ടാവുകയെന്നതു സംഭവിക്കാൻ വയ്യാത്തൊരു കാൎയ്യമാണു്. എന്നാൽ അതാണു് സംഭവി

ച്ചതു്, രോഹിണീദേവിയിൽ. എല്ലാവരും കിണഞ്ഞാലോചിച്ചു, അതിൻെറ കാരണമെന്താണെന്നു്. പക്ഷേ ആക്കും മനസ്സിലായില്ല. പ്രകൃതിയുടെ അത്ഭുതകരങ്ങളായ രഹസ്യങ്ങളെന്തെല്ലാമാണെന്നു മനുഷ്യനെന്തറിഞ്ഞു! അങ്ങിനെയിരിക്കുമ്പോഠം ഗോകുലത്തിൽ അവിചാരിതമായി മററൊരത്ഭുതംകൂടി സംഭവിച്ചു. ഇനി ഗഭം ധരിക്കയോ, പ്രസവിക്കയോ ചെയ്യാവുന്നതല്ലെന്നു മിക്കവാറും എല്ലാവരും ബോധിച്ചിരിക്കെ നന്ദപത്നിയായ യശോദാദേവി അകാലത്തിൽ ഗഭം ധരിച്ചു. അതായിരുന്നു മറൊരത്ഭുതം. നന്ദഗോപനും, യശോദയും വിവാഹം കഴിഞ്ഞമുതൽക്കാഗ്രഹിക്കാൻ തുടങ്ങിയതായിരുന്നു ഒരു പുത്രനെ ലാളിക്കാൻ. വളരെയൊക്കെ ആഗ്രഹിക്കുകയും, അതു നിറവേറാൻവേണ്ടി പല സല്ക്കമ്മങ്ങളും ചെയ്തുനോക്കുകയും ഒക്കെ ചെയ്തു. പക്ഷേ യാതൊരു ഫലവുമുണ്ടായില്ല. അങ്ങനെ ഗഭധാരണത്തിന്നു പററുന്ന യൌവനമൊക്കെക്കഴിഞ്ഞു. വാദ്ധക്യത്തിലേയ്ക്കു കാലെടുത്തുവെയ്ക്കാൻ തുടങ്ങിയപ്പോഴാണു് യശോദയ്ക്കു ഗഭധാരണം സംഭവിച്ചതു്. അതും ജനങ്ങളെ അത്ഭുതപ്പെടുത്തി. ഭഗവാൻെറ നിർദ്ദേശപ്രകാരം സങ്കഷണമൂത്തിയായ ആദിശേഷനാണു് ദേവകീജഠരത്തിൽനിന്നു രോഹിണിദേവിയിലേയ്ക്കു മാററപ്പെട്ട ശിശുവെന്നും, ആ ഗഭമാററത്തെ സുശിക്ഷിതമാംവണ്ണം കൈകായ്യംചെയ്ത മായാദേവിയാണു് യശോദാഗഭത്തിൽ പ്രവേശിച്ചതെന്നുമുള്ള പ്രകൃതിരഹസ്യം അല്ലെങ്കിൽ ഈശ്വരേച്ഛ, മനുഷ്യക്കാക്കും അന്നു മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഗോകുല

ത്തിൽ ഇങ്ങനെയുള്ള അസംഭാവ്യകാര്യങ്ങളൊക്കെ നട ന്നുകൊണ്ടിരിക്കുമ്പോൾ മഥുരയിൽ കംസൻെറ കൽത്തു റുങ്കിൽക്കിടക്കുന്ന ദേവകീദേവിയ്ക്കു് എട്ടാമത്തും ഗർഭലക്ഷ ണങ്ങളുടെ ആരംഭം കണ്ടുതുടങ്ങി. മംഗളമൂർത്തിയും, ജ ഗന്നാഥനുമായ ഭഗവാൻ ശ്രീനാരായണൻതന്നെ തൻെറ പൂർണ്ണശക്തിയോടുകൂടി ആദ്യം വസുദേവരുടെ ഹൃദയാന്ത ർഭാഗത്തും അനന്തരം വസുദേവനിൽക്കൂടെ ദേവകീദേവി യുടെ ഗർഭോദരത്തിലും പ്രവേശിച്ചു. ഭഗവത്സ്വരൂപം തന്നിൽ പ്രകാശിച്ചപ്പോൾ ഉജ്ജ്വലമായ തേജസ്സുകൊ ണ്ടു മററൊരാദിത്യനോ എന്നു തോന്നുംവണ്ണം വിളങ്ങീ വസുദേവൻ. അങ്ങനെതന്നെ ദേവകീജഠരത്തിൽ ആ ദിവ്യജ്യോതിസ്സു പ്രകാശിച്ചപ്പോൾ ദേവകീദേവിയും അ സാമാന്യമായ തേജസ്സുകൊണ്ടു തേജോരൂപിണിയായിത്തീ ന്നു. സാധാരണ ഒരു മനുഷ്യശിശുവല്ല, ആ ഗർഭോദര ത്തിന്നുള്ളിലെന്നു വെളിപ്പെടുത്തുമാറുള്ള ആ ദിവ്യത്വ വും, തേജഃപ്രഭാവവും കണ്ടു കംസനു ബോദ്ധ്യംവന്നു. ത ന്നെ കൊല്ലാനുള്ള മാരകശക്തിയാണു് ദേവകിയുടെ ഉദ രാന്തർഭാഗത്തെന്നു കംസൻ പൂർണ്ണമായി വിശ്വസിച്ചു. എന്നാലും അപ്പോൾ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല കംസ നു്. പലതും തോന്നായ്കയല്ല; പക്ഷേ ധർമ്മമൂർത്തിയായ ഭഗവാൻെറ മുമ്പിൽ ഏററവും അധാർമ്മികനായ കംസ നുകൂടി ധർമ്മബോധവും, അധർമ്മഭയവുമുണ്ടായി. അതി നാൽ ദേവകിയെ കൊല്ലാൻ തോന്നിയെങ്കിലും അധർമ്മ ത്തേയും, പാപത്തേയും ഭയന്നു പിൻവാങ്ങി. കുട്ടി പുറ ത്തു വരുമ്പോൾ വേണ്ടതു പ്രവർത്തിക്കാമെന്നു കരുതി പ്ര സവത്തേയും പ്രതീക്ഷിച്ചുകൊണ്ടിരിപ്പായി കംസൻ.

ലോകത്തിൻെറ നന്മയ്ക്കുവേണ്ടി ഭഗവാൻ എല്ലാ പ്രകാരത്തിലും അവതരിക്കാൻ തെയ്യാറായിക്കഴിഞ്ഞു എന്നു വന്നതോടെത്തന്നെ പ്രപഞ്ചത്തിലെ സ്ഥിതിയൊന്നാകെ മാറി. കാരണംകൂടാതെ സജ്ജനങ്ങളുടെ ഹൃദയത്തിൽ സന്തോഷവും, ദുജ്ജനങ്ങളുടെ ഹൃദയത്തിൽ ഭീതിയും നിറയാൻ തുടങ്ങി. സസ്യങ്ങളും, ധാന്യങ്ങളും സുഭിക്ഷമായി വിളഞ്ഞു. പ്രകൃതിശക്തികളൊക്കെ അനുകൂലമായി പ്രവത്തിച്ചു. സജ്ജനങ്ങളുടേയും ദേവന്മാരുടേയും സന്തോഷത്തോടും, ദുജ്ജനങ്ങളുടേയും അസുരന്മാരുടേയും ഭയത്തോടുംകൂടി ദേവകീദേവിയുടെ ഗഭം വളന്നുവരാൻ തുടങ്ങി. ആ അവസരത്തിൽ ബ്രഹ്മാവടക്കമുള്ള ദേവന്മാരും, ഉപദേവന്മാരും കംസൻെറ ജയിൽമുറിയുടെ ഉപരിഭാഗത്തുള്ള ആകാശമണ്ഡലത്തിൽ വന്നുനിന്നു ലോകശ്രേയസ്സിനുവേണ്ടി ഗഭഗതനായ ഭഗവാൻ ശ്രീനാരായണനെ വാഴ്ത്തി സ്തുതിച്ചു. “അല്ലയോ ഭഗവൻ! അവിടുന്നു സത്യമാണു്; ബാക്കിയെല്ലാം അസത്യവും. സത്യസ്വരൂപനായ അങ്ങയുടെ വാക്കും, വിചാരവും, പ്രവൃത്തിയും എല്ലാം സത്യമാവുന്നതിൽ അത്ഭുതമില്ല. ജഡങ്ങളായ ശരീരാദി ഉപാധികളിൽ അഭിമാനിച്ചുകൊണ്ടുള്ളവരാണു് ഞങ്ങളെല്ലാവരുമെന്നതിനാൽ ഞങ്ങളുടെ അറിവും, വിചാരവും, പ്രവൃത്തിയും എല്ലാം ജഡംതന്നെ. ലോകഭരണത്തിൽ അങ്ങയാൽ നിയമിതന്മാരാണു് ഞങ്ങളെങ്കിലും, അപ്പഴപ്പോഠം ഞങ്ങളെപ്പോലും രക്ഷിക്കാൻ അവിടുന്നെഴുന്നെള്ളേണ്ടിവരുന്നു. അതിനാൽ എപ്പോഴും ഈ ജഗത്തിൻെറ ഏകനും, അനിഷേദ്ധ്യനു

മായ ഒരേ ഒരു രക്ഷിതാവു് അവിടുന്നു മാത്രമാണു്. അവിടുത്തെ സാന്നിദ്ധ്യംകൊണ്ടു മാത്രമേ ജഗത്തിന്നു നന്മയുണ്ടാവുന്നുള്ളു. അങ്ങനെ അപ്പപ്പോഠം ലോകക്ഷേമത്തിനുവേണ്ടി നാനാകാലദേശങ്ങളിൽ നാനായോനികളിൽ അവതരിച്ചു്, ദിവ്യങ്ങളായ ലീലകളെക്കൊണ്ടു് അധമ്മത്തേയും, അധമ്മികളേയും നശിപ്പിച്ചു്, ധമ്മത്തേയും സജ്ജനങ്ങളേയും സംരക്ഷിച്ചു് ഈ ജഗത്തിനെ പരിപാലിക്കുന്നതും അവിടുന്നാണല്ലോ. അപ്രകാരമുള്ള അവിടുത്തെ ദിവ്യാവതാരങ്ങഠം അസംഖ്യങ്ങളാണു്. അവയോരോന്നും ഓരോ ആവശ്യങ്ങഠംക്കുവേണ്ടി സ്വീകരിക്കപ്പെട്ടവയാണു്. എന്നാൽ ഇപ്പോഴാകട്ടെ, ഒന്നോ, രണ്ടോ, പത്തോ, നൂറോ ആവശ്യങ്ങളല്ല ഉള്ളതു്. അതിനാൽ അവിടുത്തെ പൂണ്ണകലകളോടുകൂടി അവതരിച്ചു്, ചിരകാലം ഭൂമിയിൽ സന്നിധാനംചെയ്തു്, പല ദിവ്യലീലകളെക്കൊണ്ടു് അധമ്മത്തെ നശിപ്പിച്ചു്, ധമ്മത്തെ സ്ഥാപിച്ചു്, ജഗത്തിനെ അനുഗ്രഹിക്കുമാറാകണം.” ഇപ്രകാരം സ്തുതിച്ചു്, ഭഗവാനേയും, ദേവകീദേവിയേയും നമസ്കരിച്ചു്, ദേവന്മാർ അവരവരുടെ ലോകങ്ങളിലേയ്ക്കു യാത്രയായി. ഭഗവാൻ അവതരിക്കാനുള്ള ശ്രമമായി.

### കൃഷ്ണാവതാരം

എല്ലാ നന്മകളുടേയും ഇരിപ്പിടമാണല്ലോ ഭഗവാൻ. അവിടുത്തെ സന്നിധാനത്തിങ്കൽ എന്തു നന്മയാണു് പ്രകാശിക്കാത്തതു്? അപ്രകാരമുള്ള മംഗളസ്വരൂപനായ ഭഗവാൻ ലോകത്തിന്റെ മുഴുവൻ ക്ഷേമത്തിനുവേണ്ടി

സ്വയം പ്രത്യക്ഷപ്പെട്ടുന്നു എന്നുവന്നാൽ എന്തെല്ലാം സല്കാൎയ്യങ്ങളാണു് ജഗത്തിൽ സംഭവിക്കാത്തതു്? എന്നാൽ അതിൻെറയൊക്കെ സൂചന എല്ലായിടത്തും കണ്ടു. ഭൂമിയെ പച്ചപ്പട്ടുടുപ്പിച്ചു പുളകംചാൎത്തുന്ന വൎഷാഋതുവായിരുന്നു കാലം. എന്നുവന്നാലും എല്ലാ ഋതുക്കളുടേയും സാമാന്യഭാവത്തോടുകൂടിയ കാലത്തിൻെറ ഒരു സാമ്യഭാവംകൊണ്ടു് എല്ലാ പ്രദേശങ്ങളും, വസ്തുക്കളും പ്രകാശിച്ചു. അഭൌമവും, അസാധാരണവുമായ ഒരു ദിവ്യത എങ്ങും കളിയാടാൻ തുടങ്ങി. സജ്ജനങ്ങളുടെ ഹൃദയത്തിൽ അത്ഭുതാവഹമായ ഒരു നിർവൃതി പൊന്തിവരാൻ തുടങ്ങി. അതുപോലെ ദുജ്ജനങ്ങളുടെ ഹൃദയത്തിൽ കാരണംകൂടാതെ ഭയവും, പരിഭ്രമവും പൊന്താനും, അതുകാരണത്താൽ അവരിൽ ഒരു ദുഃഖച്ഛായ നിഴലിക്കാനും തുടങ്ങി. അങ്ങനെ കാലം നീങ്ങിക്കൊണ്ടിരിക്കെ വൎഷാഋതുവിലെ അപരാദ്ധമാകുന്ന ചിങ്ങമാസവും പിറന്നു. പരമപുരുഷനായ ഭഗവാൻെറ എഴുന്നള്ളത്തിനെ പ്രമാണിച്ചു് ഒന്നിച്ചു കൂടിച്ചേരാൻ പാടില്ലാത്ത വിരുദ്ധങ്ങളായ എല്ലാ പ്രകൃതിധൎമ്മങ്ങളും ഒന്നിച്ചു കൂടിച്ചേൎന്നു പ്രകൃതിയുടെ സാമ്യാവസ്ഥ എങ്ങും ഒരുപോലെ പ്രകാശിച്ചു—മംഗളപരങ്ങളായ പരസ്സഹസ്രം സൂചനകൾ ഭൂമിയിലും, ആകാശത്തും സ്വാഭാവികമായി തെളിഞ്ഞുകണ്ടു—കൃഷ്ണപക്ഷത്തിലെ അഷ്ടമിതിഥിയും, രോഹിണിനക്ഷത്രവും ഒന്നിച്ചു കൂടിച്ചേൎന്ന പുണ്യദിവസത്തിൽ അൎദ്ധരാത്രി ചന്ദ്രോദയസമയത്തു മംഗളമൂൎത്തിയായ ഭഗവാൻ ശ്രീനാരായണൻ കംസൻെറ ജയിൽമുറിയിൽ ദേവ

കിദേവിയിൽക്കൂടെ അവതാരം ചെയ്തു. അവതരിച്ച ഒ ന്നാമത്തെ നിമിഷത്തിൽ ദിവ്യങ്ങളായ എല്ലാ വൈഷ്ണ വചിഹ്നങ്ങളോടുംകൂടി വൈകുണ്ഠമൂർത്തിയായി മിന്നിത്തി ളങ്ങുന്ന ദിവ്യതേജസ്സുകൊണ്ടു് അന്ധകാരാവിഷ്ടമായ ജ യിൽമുറിയെ പ്രകാശമാനമാക്കിക്കൊണ്ടു ദേവകീവസുദേ വന്മാൎക്കു ദൎശനം കൊടുത്തു. അത്യന്തം അത്ഭുതസ്വരൂ പിയും, ബാലനും, എന്നാൽ ആ ബാലസ്വരൂപംകൊ ണ്ടും സാക്ഷാൽ വിഷ്ണുസ്വരൂപിയായി, ശംഖചക്രഗദാപ ത്മങ്ങളെ ധരിച്ച നാലു തൃക്കൈകളോടും, പീതാംബരം, ഹാരം, വനമാല, കേയൂരം, അംഗദം, കങ്കണം, അഗുലീ യം, കിരീടം, കുണ്ഡലം എന്നീ സൎവ്വാലങ്കാരങ്ങളെക്കൊ ണ്ടും ഭൂഷിതനും, തേജോമയനും, തന്റെ പുത്രനായി അ വതരിച്ചവനുമായ ഭഗവാനെക്കണ്ട വസുദേവൻ ആശ്ച ൎയ്യംകൊണ്ടു് ആവിഷ്ടനായി. സന്തോഷം, ഭക്തി, ആ ശ്ചൎയ്യം, പ്രേമം എന്നീ ഭാവങ്ങൾകൊണ്ടു മനസ്സലിഞ്ഞും, അശ്രുക്കൾകൊണ്ടു കണ്ണു നിറഞ്ഞും സ്തബ്ധനായി നോക്കി നിന്ന ഭാഗ്യശാലിയായ വസുദേവൻ സംശയം തീരാതെ കണ്ണു തുടച്ചു വീണ്ടും വീണ്ടും നോക്കി. പുത്രന്റെ മഹി മ ഒരു ഭാഗത്തും, കംസന്റെ ക്രൂരത മറുഭാഗത്തും സ ന്തോഷവും, സന്താപവുമാകുന്ന സാഗരങ്ങളിൽ വസുദേ വനെ പല പ്രാവശ്യം മുക്കി. അനന്തരം തനിക്കു ജയിൽ മുറിയിൽനിന്നു വിടുതികിട്ടുന്ന ഒന്നാമത്തെ ദിവസംത ന്നെ 'പതിനായിരം പശുദാനം ഉത്തമബ്രാഹ്മണൎക്കായി ക്കൊണ്ടു നടത്താം. അതിന്റെ ഫലമായിട്ടെങ്കിലും ഈ ഉണ്ണിക്കെങ്കിലും ദീൎഘായുസ്സുണ്ടാവണേ' എന്നിങ്ങിനെ

ഭഗവാൻെറ രക്ഷയ്ക്കായി ഭഗവാനെത്തന്നെ പ്രാൎത്ഥിച്ച വസുദേവൻ. വൎദ്ധിച്ച ഭക്തിഭാവത്താൽ ആവിഷ്ടനായി ധാരയായൊഴുകുന്ന കണ്ണീരോടും, പൊട്ടിത്തരിച്ച ശരീരത്തോടുംകൂടി മുന്നിൽ പ്രകാശിച്ചു നില്ക്കുന്ന പരമപുരുഷനായ ഭഗവാനെ പ്രദക്ഷിണം ചെയ്തു വീണു് നമസ്കരിച്ചെഴുന്നേററു രണ്ടു കൈകളേയും ശിരസ്സിൽ അഞ്ജലിബദ്ധത്തോടും ഭക്തികൊണ്ടു തന്നെത്താൻ മറന്ന ഭാവത്തോടുംകൂടി ഗൽഗദങ്ങളായ വാക്കുകളെക്കൊണ്ടു പിന്നീടു ഭഗവാനെ സ്തുതിക്കാൻ തുടങ്ങി.

"അവിടുന്നു നിസ്സാരനായ എൻെറ പുത്രനല്ല; മനുഷ്യനുമല്ല. സാക്ഷാൽ ഈശ്വരനാണു്. സാക്ഷിരൂപേണയുള്ള സാന്നിദ്ധ്യവിശേഷംകൊണ്ടുതന്നെ ജഡസ്വരൂപിണിയായ പ്രകൃതിയെ സചേതനയാക്കി എല്ലാ കാൎയ്യങ്ങളേയും പ്രവൎത്തിപ്പിക്കുന്ന പരമപുരുഷനാണു്. അങ്ങയുടെ സാക്ഷിത്വംകൊണ്ടാണു് ഓരോരുത്തരുടേയും ബുദ്ധിപോലും പ്രവൎത്തിക്കുന്നതെന്നു വന്നാൽ ആൎക്കാണു് അവിടുത്തെ മഹിമയെ അറിയാനോ വാഴ്ത്താനോ കഴിയുന്നതു്? അപ്രകാരമുള്ള അവിടുന്നു നിസ്സാരനായ ഇവൻെറ ഗൃഹത്തിൽ അവതരിച്ചുവെന്നതു് എന്തൊരാശ്ചൎയ്യമാണു്! ലോകത്തിൽ എത്ര നല്ല നല്ല വംശങ്ങളും ഗൃഹങ്ങളുമില്ല! അതൊക്കെ വിട്ടു് അഗതിയും ആൎത്തനുമായ ഇവനെത്തന്നെ അവിടുത്തെ അവതാരത്തിന്നുള്ള ഉപകരണമാക്കിത്തീൎത്തുവെന്നുള്ളതു് അവിടുത്തെ അളവില്ലാത്ത കാരുണ്യമെന്നല്ലാതെ മററന്തൊണു് പറയേണ്ടതു്!" ഇത്യാദിസ്വരൂപത്തിൽ വസുദേവൻ സ്തുതിച്ചു നമ

37922

സ്കരിക്കുമ്പോഠം ദേവകീദേവിയും വീണ്ടു് നമസ്കരിച്ചു് ആ പുണ്യസ്വരൂപൻെറ അപ്രമേയങ്ങളായ മാഹാത്മ്യങ്ങളെ വാഴ്ത്തി സ്തുതിച്ചു. ഇങ്ങിനെ സ്തുതിച്ചും നമസ്കരിച്ചും തന്നെ ഃസവിച്ചു നില്ക്കുന്ന ദേവകീവസുദേവന്മാരെ നോക്കി ഭഗവാൻ അവരുടെ കഴിഞ്ഞ രണ്ടു ജന്മങ്ങളേയും, കഠിനമായ തപസ്സുകൊണ്ടു ഭഗവാനെ സേവിച്ചതും, അതിൻെറ ഫലമായി കഴിഞ്ഞ രണ്ടു ജന്മങ്ങളിലും ഭഗവാൻ അവരുടെ പുത്രനായവതരിച്ചതുമൊക്കെ പറഞ്ഞുകൊടുത്തു. ദിവ്യമായ വിഷ്ണുസ്വരൂപദശ്നംകൊണ്ടും, ഭഗവാൻെറ തിരുവായ്മൊഴിയുടെ ശ്രവണംകൊണ്ടും ദേവകീവസുദേവന്മാക്ക തല്ക്കാലം ജ്ഞാനദൃഷ്ടിയുണ്ടാനും കഴിഞ്ഞ ജന്മങ്ങളേയും അനുഭവങ്ങളേയും ഓമ്മിക്കാനും കാണാനും സാധിച്ചു. പ്രസ്തുത രണ്ടു ജന്മങ്ങളിലും ഭഗവാനെ സ്വന്തം പുത്രനായിക്കിട്ടിയിട്ടുപോലും ജന്മസാഫല്യമാകുന്ന പരമപുരുഷാത്ഥം അനുഭവിക്കാൻ കഴിഞ്ഞില്ലല്ലോ എന്നു പശ്ചാത്തപിച്ചു. ഇപ്രാവശ്യമെങ്കിലും അങ്ങിനെ വരാതിരിക്കാൻ പ്രാത്ഥിച്ചു. അനന്തരം ഭഗവാൻെറ നിദ്ദേശപ്രകാരം വൈഷ്ണവഭാവം മറച്ചു ചെറിയ മനുഷ്യക്കുട്ടിയുടെ നിലയിൽ ശയിച്ച ഭഗവാനെ ഗോകുലത്തിലേയ്ക്കു കൊണ്ടുപോവാനായി വസുദേവൻ തൻെറ കൈകളിലെടുത്തു.

അദ്ധരാത്രി; കൂരിരുട്ടു്; പെരുംമഴ; ദുഗ്ഗമായ വഴി; വഴിക്കൊരു പുഴ; ജനനമാത്രനായ ശിശു; പരതന്ത്രമായ ജയിൽമുറിയിൽനിന്നു് ആരും അറിയാതെയുള്ള പോക്കു്—നോക്കണേ എന്തെല്ലാം വിഷമങ്ങളാണു് വസുദേ

വന്നു ഗോകുലത്തിലേയ്ക്കു പോവാൻ. മിക്കവാറും അങ്ങിനെയുള്ള പരിതഃസ്ഥിതിയിൽ എത്ര സമർത്ഥനായ ഒരാൾക്കും വസുദേവൻെറ മാതിരിയുള്ള ഗോകുലയാത്ര സാദ്ധ്യമല്ലെന്നുതന്നെ പറയണം. എന്നിട്ടും വസുദേവൎക്കു സാധിച്ചു. അങ്ങിനെതന്നെ കംസന്നു ദേവകീപുത്രനെ കിട്ടാതിരിക്കയെന്നതും അതിശയംതന്നെ. സുരക്ഷിതമായ കരിങ്കൽത്തുറുങ്കിലാണു് ദേവകീവസുദേവന്മാരെ താമസിപ്പിച്ചതു്. ആ മുറിക്കു് ഒരേ ഒരു പ്രവേശനദ്വാരമേ ഉള്ളു; അതു ഭദ്രമായി പൂട്ടി താക്കോൽ മഹാരാജാവുതന്നെ സൂക്ഷിച്ചിരിക്കയാണു്. അതിന്നും പുറമെ മുറിയുടെ പുറത്തു നാലുഭാഗവും ആയുധധാരികളായ ഭടന്മാരെ കാവൽനിൎത്തിയിട്ടുണ്ടു്. ഇതിനൊക്കെ പുറമെ ദേവകീവസുദേവന്മാരുടെ കൈകാലുകൾ ശൃംഖലാനിബദ്ധങ്ങളുമാണു്. ആ നിലയിൽ പ്രസ്തുത ജയിൽ മുറിയിൽ ജനിച്ച ഒരു കുട്ടി കംസൻെറ കയ്യിലല്ലാതെ മറെറവിടെ പോവാനാണു്? എങ്കിലും ഇങ്ങനെയൊക്കെ സൂക്ഷിച്ചിട്ടുകൂടി കംസനൊരു നോക്കു കാണാൻപോലും കിട്ടാതെ ജാതമാത്രനായ ദേവകീപുത്രൻ ആ അൎദ്ധരാത്രിയിൽതന്നെ ഗോകുലത്തിലെത്തി. ഈശ്വരാജ്ഞയ്ക്കെവിടേയും തടസ്ഥമില്ലെന്നല്ലാതെ മറെറന്താണിതിന്നൎത്ഥം? ജഡങ്ങളായ പാദശൃംഖലകളും, ഇരുമ്പുകവാടങ്ങളും തന്നത്താൻ മാറിനില്ക്കുക! പാമ്പു കുട പിടിച്ചു കൊടുക്കുക! നദീജലം തന്നത്താൻ വഴിമാറിക്കൊടുക്കുക എന്നുള്ളതൊക്കെ വന്മിച്ച അതിശയങ്ങളാണു്. സൎവ്വാശ്ചൎയ്യങ്ങളുടേയും പരമനിദാനമായ ഈശ്വരൻെറ തിരുമുമ്പിൽ എന്താണു് സംഭവിച്ചുകൂടാത്തതു്? ഈ കോലാഹലങ്ങളൊക്കെ നട

ന്നിട്ടും കംസൻെറ രക്ഷാഭടന്മാരിൽ ഒരാൾപോലും ഉണ ന്നില്ല. അവരെയൊക്കെ ഏതോ ഒരു മഹാശക്തി മയ ക്കിയമാതിരിയാണു് സംഭവിച്ചതു്. ഒരാളും അറിയാൻ പാടില്ലാത്ത ഏതു രഹസ്യകാൎയ്യവും എത്രയും തുറന്ന സ്ഥലത്തുവെച്ചുകൂടി നടത്തുന്നു ഈശ്വരൻ. ആരും അ റിയുന്നില്ല. ചൈതന്യസ്വരൂപനും, വിജ്ഞാനമൂൎത്തിയു മായ അവിടുത്തെ അനുവാദത്തോടുകൂടാതെ ആൎക്കു് എ ന്താണറിയാൻ കഴിയുന്നതു്? ഗോകുലത്തിലും വസുദേവ ൻെറ വരവു് ആൎക്കും അറിയാൻ കഴിഞ്ഞില്ല. ഏതോ ഒരു മഹാശക്തി അവരേയും ഒക്കെ ഉറക്കീട്ടുണ്ടായിരുന്നു. രോഹിണീദേവിയുടെ പ്രസവം മുമ്പുതന്നെ കഴിഞ്ഞിട്ടു ണ്ടായിരുന്നു. എന്നാൽ യശോദാദേവി വസുദേവനെ ത്തുന്നതിന്നല്പം മുമ്പാണൊരു പെൺകുട്ടിയെ പ്രസവിച്ച തു്. പക്ഷേ താനേതു കുട്ടിയെയാണു് പ്രസവിച്ചതെ ന്നുപോലും അറിയുന്നതിനുമുമ്പു ഗാഢനിദ്രയിൽ, അ ല്ലെങ്കിൽ ഏതോ മയക്കത്തിൽ, ലയിക്കുകയാണുണ്ടായ തു്. അതിനാൽ വസുദേവന്നു ഗോകുലത്തിലും യാതൊ രു തടസ്ഥവുമുണ്ടായില്ല. ആരും അറിയാതെ ദേവകീ പുത്രനെ യശോദാശയ്യയിൽ കിടത്തി യശോദാപുത്രിയെ കയ്യിലെടുത്തു വളരെ വേഗത്തിൽ വസുദേവൻ മഥുര യിൽ തൻെറ ജയിൽമുറിയിൽതന്നെ തിരിച്ചെത്തി. കു ട്ടിയെ ദേവകിയുടെ പ്രസവശയ്യയിൽ കിടത്തി. വാതി ലുകളടഞ്ഞു; പൂട്ടു തനിയെ പൂടി; ശൃംഖലകൾ കൈകാ ലുകളെ ബന്ധിച്ചു; എല്ലാം ആദ്യത്തെമാതിരിതന്നെയാ യി. ഒന്നും സംഭവിച്ചിട്ടില്ലെന്ന നില വന്നു. അപ്പോ

ഴാണ് വന്നു ചേൎന്ന് കുട്ടി ഉറക്കെ പൊട്ടിക്കരഞ്ഞതു്. ആ ശബ്ദം കേട്ട കാവൽക്കാർ ഉണരുകയും ചെയ്തു. അവരിൽ ചിലർ പരിഭ്രമിച്ചു്, ബദ്ധപ്പെട്ടുകൊണ്ടു രാജധാനിയിൽ മഹാരാജാവിൻെറ സന്നിധിയിലേയ്ക്കോടി.

ചിന്താവിഷ്ടനായ കംസനന്നുവരെ ഉറങ്ങാൻതന്നെ കഴിഞ്ഞിട്ടില്ല. പല തരത്തിലുള്ള ചിന്തകളെക്കൊണ്ടു ദ്ദേഹത്തിൻെറ ഹൃദയം ആവിലമായിരുന്നു. ചിന്തകൾ പലതരത്തിലുള്ളവയായിരുന്നെങ്കിലും അവയൊക്കേയും കൃഷ്ണനാകുന്ന തൻെറ പ്രാണഹന്താവിനോടു ബന്ധപ്പെട്ടവയായിരുന്നു. അതിനാൽ ശത്രുഭാവത്തോടെയാണെങ്കിലും കംസൻ ഏകാന്തമായ ഈശ്വരധ്യാനമാണ് ചെയ്തിരുന്നതെന്നു പറയണം. ശുദ്ധമായ ഈശ്വരധ്യാനത്തിൽ ആഹാരനിദ്രകളാകുന്ന ശരീരധൎമ്മങ്ങളെ മറന്നുപോയെങ്കിൽ അതൊരത്ഭുതമല്ലല്ലോ. അങ്ങനെ ചിന്താവിഷ്ടനും, പരിഭ്രാന്തനുമായിരിക്കുമ്പോഴാണ് ഭൃത്യൻെറ വരവു്. കംസനൊന്നുകൂടി പരിഭ്രമിച്ചു വാളുമെടുത്തു ജയിൽമുറിയിലേയ്ക്കോടി. വേഗത്തിൽ വാതിൽ തുറന്നു് അകത്തു കടന്നു നോക്കിയപ്പോൾ പ്രതീക്ഷിച്ചപോലെ ആൺകുട്ടിയെയല്ല, ഒരു പെൺകുഞ്ഞിനെയാണ് കണ്ടതു്. പരിഭ്രമംകൊണ്ടു തല്ക്കാലമൊന്നുമാലോചിക്കാൻ കഴിഞ്ഞില്ല. എങ്കിലും എന്തോ ഒരു പന്തികേടുണ്ടെന്നു തോന്നി. എന്തായാലും ആലോചിച്ചു നില്ക്കേണ്ട സമയമില്ല. പെൺകുട്ടിയെങ്കിൽ പെൺകുട്ടി. എട്ടാമത്തേതാണല്ലോ. അതുകൊണ്ടു് എന്തായാലും വേഗത്തിൽ കൊല്ലുകതന്നെ വേണമെന്നു നിശ്ചയിച്ചു. പല

ആവലാതികളും പറഞ്ഞു തടുത്തു നില്ക്കുന്ന ദേവകിയുടെ കൈ തട്ടിനീക്കി കുട്ടിയുടെ രണ്ടു കുഞ്ഞിക്കാലുകളും തന്റെ ഒരു കയ്യിലടക്കിപ്പിടിച്ചു വലിച്ചെടുത്തു പുറത്തു കടന്നു. മുന്നിൽ കണ്ട കല്ലിൽ അടിച്ചു കൊല്ലാൻവേണ്ടി കുട്ടിയെ മേലോട്ടുയർത്തിയപ്പോഴയ്ക്കു്, അത്യത്ഭുതമെന്നു പറയട്ടെ, നിയന്ത്രിക്കാൻ കഴിയാത്ത ഒരു വൈദ്യുതശക്തിയാലെന്നപോലെ ആ പിഞ്ചുകുട്ടി കംസന്റെ മുഷ്ടിയിൽനിന്നു വഴുതി തെറിച്ചു മേലോട്ടുയരാൻ തുടങ്ങി. ആശ്ചര്യംകൊണ്ടന്ധനായ കംസൻ മേലോട്ടു തുറിച്ചു നോക്കി നിന്നു. ഒരു പിഞ്ചുകുട്ടിയെ തന്റെ കൈപ്പിടിയിൽ ഒതുക്കിനിത്താൻ കഴിഞ്ഞില്ലെന്നാണു് വന്നതു്. ലജ്ജയാലും, അവമാനത്താലും, ആശ്ചര്യത്താലും ആ ദേവശത്രു ആവിഷ്ടനായി. കുട്ടിയാകട്ടെ മേലോട്ടു പൊന്തുംതോറും തേജോമയിയായി കുറെ ദൂരം ആകാശത്തേയ്ക്കുയന്നു് അത്യുജ്വലമായ തേജസ്സിനാൽ പരിവൃതയായി. സ്വരൂപം കേവലം മാറി. കരാളങ്ങളായ ആയുധങ്ങളെക്കൊണ്ടലങ്കരിക്കപ്പെട്ട അനവധി കൈകളോടും, വാഴ്ത്തി സ്തുതിക്കുന്ന ദേവസ്ത്രീകളുടെ അകമ്പടിയോടുംകൂടിയ ദേവി കംസനെ നോക്കി അദ്ദേഹത്തിന്റെ ശത്രു താനല്ലെന്നും, എന്നാൽ ഭൂമിയിൽ ജനിച്ചുകഴിഞ്ഞിരിക്കുന്നുവെന്നും, സാധിക്കുമെങ്കിൽ തിരഞ്ഞു കണ്ടുപിടിച്ചു കൊല്ലാമെന്നും പറഞ്ഞു് അദൃശ്യതയിലേയ്ക്കന്തർദ്ധാനം ചെയ്തു. ഭയം, പരിഭ്രമം, അപമാനം, ലജ്ജ, ക്രോധം എന്നി വികാരങ്ങൾ ആകപ്പാടെ കംസനെ പരവശനാക്കി. പ്രതാപശാലിയും, കൂർമ്മബുദ്ധിയുമായ മഹാരാജാവു തല്ക്കാലം

ഇതികൎത്തവ്യതാമൂഢനായി. താൻ ചെയ്തേടത്തോളം മുഴുവൻ തെററായെന്നും, തന്റെ ഉദ്ദേശസിദ്ധിക്ക് അല്പം പോലും പ്രയോജനപ്പെട്ടിട്ടില്ലെന്നും ബോദ്ധ്യമായി. നിരപരാധികളായ ദേവകീവസുദേവന്മാരെ വെറുതെ ദ്രോഹിച്ചു. അവരുടെ പിഞ്ചുകുട്ടികളെയൊക്കെ കൊന്നതു വളരെ കഷ്ടമായി. എന്നിങ്ങിനെ കൂരിരുട്ടത്തു മിന്നാമിനുങ്ങിന്റെ പ്രകാശംപോലെ അവിവേകംകൊണ്ട് അന്ധകാരജടിലമായ കംസന്റെ ഹൃദയത്തിൽ വിവേകത്തിന്റെ ഒരു നേരിയ കിരണം പ്രകാശിച്ചു. അതിന്റെ ഫലമായി ദേവകീവസുദേവന്മാരെ ജയിലിൽനിന്നു വിട്ടു പുറത്തു കൊണ്ടുവന്ന് അവരുടെ രണ്ടാളുടേയും കാല്ക്കൽ പ്രത്യേകം നമസ്കരിച്ചു തന്റെ അവിവേകംകൊണ്ടു ചെയ്തുപോയ അപരാധങ്ങളെ പൊറുക്കാനായി പലപാട് അപേക്ഷിച്ചു. പലതരത്തിൽ അവരെ സമാധാനിപ്പിക്കാൻ ശ്രമിച്ചു. അവസാനം സ്വതന്ത്രരാക്കി ഗൃഹത്തിലേയ്ക്കയച്ച്, താനും തന്റെ ഗൃഹത്തിലേയ്ക്കു മടങ്ങി. മഹാരാജാവാകപ്പാടെ ചിന്തകൊണ്ടസ്വസ്ഥനായിരിക്കയാണ്. ഒന്നിലും ശ്രദ്ധയില്ല. നേരം പ്രഭാതമായി. നിത്യകൃത്യങ്ങൾപോലും ഒന്നും ചെയ്തിട്ടില്ല. മന്ത്രിപ്രധാനികളെയൊക്കെ വിളിച്ചുവരുത്തി അപ്പോൾത്തന്നെ അവരുടെ സദസ്സിൽ തലേന്നു രാത്രി നടന്ന സംഭവങ്ങളെ വിവരിച്ചു പറഞ്ഞു. ഇത്രയൊക്കെ സാഹസങ്ങൾ ചെയ്തിട്ടും തന്റെ ശത്രുവിനെ കൊല്ലാനോ, കാണാൻപോലുമോ കഴിഞ്ഞിട്ടില്ലെന്ന നിലയിൽ താനിനി ജീവിച്ചിരുന്നിട്ടു പ്രയോജനമില്ലെന്നും, ഇപ്പോൾത്തന്നെ മൃതപ്രായനായിക്ക

ഴിഞ്ഞെന്നും, ഇന്നോ നാളെയോ ശത്രു വന്നു തന്നെ കൊ
ല്ലുമെന്നും ഒക്കെപ്പറഞ്ഞു് ആൎത്തനായി രാജാവു ദുഃഖി
ക്കാൻ തുടങ്ങി. പല തന്ത്രങ്ങളും പറഞ്ഞു മന്ത്രിമാരദ്ദേ
ഹത്തെ സമാധാനിപ്പിച്ചു: "ദേവന്മാരൊന്നും ശത്രുക്കളാ
യി വരാൻപോവുന്നില്ല. കാരണം, അവരെപ്പോഴും ഭ
യപ്പെട്ടുകൊണ്ടിരിക്കയാണു്. ഇനി വന്നാലും അവരെ
അഞ്ഞോട്ടു കൊല്ലാവുന്നതേ ഉള്ളു. അങ്ങിനെതന്നെ ത
പസ്സുകൊണ്ടു ശാന്തനായ ബ്രഹ്മാവോ, ആനന്ദതാണ്ഡവ
ത്തിൽ ലയിച്ചിരിക്കുന്ന പരമേശ്വരനോ ശത്രുവായി ജ
നിച്ചു കൊല്ലാൻ പോവുന്നില്ല. വിഷ്ണുവാണു് ഒരുപക്ഷേ
വന്നേയ്ക്കാനിടയുള്ളതു്. അദ്ദേഹം സ്വതവേതന്നെ ദേ
വന്മാരോടു പക്ഷപാതവും, അസുരന്മാരോടു വിദ്വേഷവു
മുള്ള ആളുമാണു്. എന്നാൽ ആ വിഷ്ണുവിൻേറയും ശ
ക്തി വേദങ്ങളും, ബ്രാഹ്മണരും, യജ്ഞങ്ങളും, പശുക്ക
ളും, തപസ്സുമൊക്കെയാണു്. അവയെയൊക്കെ നശി
പ്പിച്ചാൽ പിന്നെയെന്തു വിഷ്ണുവാണു്! സകല ബ്രാഹ്മണ
രേയും, പശുക്കളേയും, തപസ്വികളേയും, വേദങ്ങളേയും
മുഴുവൻ നശിപ്പിക്കാൻ ഇപ്പോഠംത്തന്നെ ഏൎപ്പാടു ചെ
യ്യാം. പിന്നെയെന്തിനു ഭയപ്പെടുന്നു? എന്നാലും വിഷ്ണു
ശത്രുസ്വരൂപത്തിൽ ജനിച്ചുകഴിഞ്ഞല്ലോ എന്നു വിചാ
രിച്ചാണു് പരിഭ്രമമെങ്കിൽ അതിനും നിവൃത്തിയുണ്ടു്.
സകല വീടുകളിലും കയറി അടുത്ത അവസരത്തിൽ ജ
നിച്ച എല്ലാ കുട്ടികളേയും കൊല്ലുന്നപക്ഷം ജനിച്ച വി
ഷ്ണുവും അതിൽ പെടുമല്ലോ. അതിനും വേണ്ടുന്ന ഏ
ൎപ്പാടുകളൊക്കെ ഇപ്പോഠംത്തന്നെ ചെയ്യേയ്ക്കാം. ഒന്നു

കൊണ്ടും പരിഭ്രമിക്കേണ്ടതില്ല. ഇഷ്ടംപോലെ സുഖിക്കാം. മനസ്സിൻെറ ദൌർബ്ബല്യമാണു് ഈ പരിഭ്രമമെല്ലാം. ഞങ്ങളുള്ളേടത്തോളംകാലം യാതൊരാപത്തും വരാൻ പോകുന്നില്ല.'' എന്നീ രൂപത്തിലായിരുന്നു മന്ത്രിമാരുടെ സാന്ത്വനവാക്കുകൾ. കംസന്നവരുടെ ഉപദേശം വാസ്തവത്തിൽ വളരെ ധൈര്യം കൊടുത്തു. അദ്ദേഹത്തിൻെറ ദൌർബ്ബല്യവും, ഭീരുത്വവുമൊക്കെ നീങ്ങി. ഉത്സാഹഭരിതനായി. മന്ത്രിമാരെ വളരെ അഭിനന്ദിച്ചു. അപ്പോൾത്തന്നെ ഗോഹത്യ, ശിശുഹത്യ, ബ്രഹ്മഹത്യ തുടങ്ങിയ നീചകൃത്യങ്ങൾക്കു വേണ്ടത്ര ആളുകളെ നിയോഗിച്ചയച്ചു. അങ്ങിനെയുള്ള മഹാപാപകൃത്യങ്ങളുടെ ഫലമായി തനിക്കു ദീർഘായുസ്സുണ്ടാവുമെന്നു ധരിക്കുകയും ചെയ്തു. അവിവേകം വളൎന്നാൽ എന്തൊക്കെ തോന്നിക്കൂടാ?

ഗോകുലത്തിൽ പ്രഭാതത്തിൽ എല്ലാവരും ഉണൎന്നെഴുന്നേററപ്പോൾ യശോദയുടെ പുത്രജനനമാകുന്ന സന്തോഷവാൎത്തയാണു് കേട്ടതു്. അവിടെയുള്ള ആബാലവൃദ്ധം സ്ത്രീപുരുഷന്മാരും സന്തോഷസമുദ്രത്തിൽ മുങ്ങി. നന്ദഗോപൻ സന്തോഷത്താൽ മതിമറന്നു് ഉത്സാഹഭരിതനായി വേഗത്തിൽ കുളിച്ചു വന്നു ജാതകൎമ്മാദി പ്രഥമകൃത്യങ്ങളൊക്കെ നിൎവ്വഹിച്ചു പല സൽക്കൎമ്മങ്ങളും ചെയ്യാൻ തുടങ്ങി. ഉത്തമ ബ്രാഹ്മണരെ വരുത്തി ഹോമം, പൂജ, ജപം തുടങ്ങിയ പുണ്യകൎമ്മങ്ങളെ ചെയ്യിച്ചു ധാരാളം ദക്ഷിണ കൊടുത്തു. അഗതികൾക്കും, ആൎത്തന്മാൎക്കും പലതും ദാനം ചെയ്തു. കൂടാതെ അന്നദാനം, പ

ശുദ്ദാനം തുടങ്ങി മഹാബ്രാഹ്മണൎക്കും പലതും ദാനം ചെയ്തു. കുട്ടികൾക്കൊക്കെ മധുരപലഹാരങ്ങൾ. എന്നുവേണ്ട നന്ദഗോപൻെറ ഗൃഹം അപ്പോൾമുതൽ ഒരുത്സവസ്ഥലമായി മാറി. വാദ്യമേളഘോഷങ്ങൾ ഒരു വക; നൃത്തം ഗാനം മുതലായവ മറെറാരു വക; സല്ക്കൎമ്മങ്ങളും, വേദഘോഷങ്ങളും പിന്നൊരു വക; വിഭവസമൃദ്ധമായ അന്നദാനം—ഇങ്ങിനെ നന്ദഗോപഗൃഹം ഭഗവാൻെറ എഴുന്നള്ളത്തുഹേതുവായി സാക്ഷാൽ വൈകുണ്ഠംപോലെയായി. ഗ്രാമവാസികളായ മററുള്ളവരും അടങ്ങിയിരുന്നില്ല. സ്ത്രീകളും, പുരുഷന്മാരും, കുട്ടികളുമൊക്കെ കുളിച്ചു വസ്ത്രാലങ്കാരഭൂഷിതന്മാരായി മംഗളപദാൎത്ഥങ്ങളേയും കയ്യിലെടുത്തു കൂട്ടംകൂട്ടമായി നന്ദഗൃഹത്തിലേയ്ക്കു പുറപ്പെട്ടു. പശുക്കളെ കുളിപ്പിച്ചു. മഞ്ഞൾ തൊടീച്ചു മധുരാന്നം കൊടുക്കുക; സന്തോഷാതിരേകത്താൽ വെണ്ണകൊണ്ടന്യോന്യം എറിഞ്ഞു കളിക്കുക; പാലിൽ കുളിക്കുക തുടങ്ങി പല ആഹ്ലാദപ്രകടനങ്ങളും കഴിഞ്ഞാണവർ നന്ദഗൃഹത്തിലേയ്ക്കു പുറപ്പെട്ടതു്. ഗൃഹത്തിന്നുള്ളിൽ കടന്നു കുട്ടിയെ കണ്ടവൎക്കാൎക്കും മടങ്ങിപ്പോവാനോ അവരുടെ ഗൃഹകൃത്യങ്ങൾ ചെയ്യാനോ തൃഷ്ണയില്ലാതായി. വന്നവരൊക്കേയും തിക്കിത്തിരക്കി അവിടെത്തന്നെ കൂടുകയല്ലാതെ മടങ്ങിപ്പോവാൻ ആൎക്കും ഇഷ്ടമില്ലാതായി. സ്മരണംകൊണ്ടുതന്നെ എല്ലാ ജീവികളേയും തന്നിലേയ്ക്കാകൎഷിച്ചുകൊണ്ടിരിക്കുന്ന ഈശ്വരൻെറ ദൎശനംകൂടിയുണ്ടായാൽ പിന്നത്തെ കഥ പറയേണ്ടതില്ലല്ലോ. അവതരിച്ച ഒന്നാമത്തെ നിമിഷത്തിൽത്തന്നെ അപ്രമേയപ്രഭാവശാലിയായ ഭഗവാൻ സൎവ്വജീവി

കളേയും, വസ്തുക്കളേയും ആകൎഷിക്കാൻ തുടങ്ങി. ഗോകുലം സാക്ഷാൽ വൈകുണ്ഠംപോലെയായി. സൎവൈശ്വൎയ്യങ്ങളുടേയും അധിദേവതയായ ലക്ഷ്മീദേവി സ്വയം അവിടെ താമസിക്കാൻ തുടങ്ങി. അനൃതവും, ജഡവും, ദുഃഖവുമായ പ്രപഞ്ചധൎമ്മങ്ങൾ മറന്നു സത്തും, ചിത്തും, ആനന്ദവുമാകുന്ന ഈശ്വരധൎമ്മങ്ങൾ എല്ലാവരും അറിയാതെ അനുഭവിക്കാൻ തുടങ്ങി. ഇങ്ങിനെ ഗോകുലത്തിൽ ആനന്ദത്തിന്റേയും ആഹ്ലാദത്തിന്റേയും അലകൾ അടിച്ചിരമ്പിത്തള്ളിക്കയറുമ്പോൾ ഒരു ചെറിയ അസ്വാസ്ഥ്യം നേരിട്ടു. അന്നു കൊല്ലത്തിന്റെ അവസാനദിവസമാണു്. ഭരണാധികാരികൾ രാജഭണ്ഡാരത്തിൽ പണം അടയ്ക്കേണ്ട അവസാനദിവസമാണു്. അതിനാൽ നന്ദഗോപനു മഥുരയിലേയ്ക്കൊന്നു പോയേ തീരൂ. ഈ സന്ദൎഭത്തിൽ—ആഹ്ലാദത്തിന്റെ വേലിയേററത്തിൽ— രാജധാനിയിൽ പോവുകയും, രാജാവിനോടു രാജ്യകാൎയ്യങ്ങൾ അറിയിക്കുകയും, ഭണ്ഡാരത്തിൽ പണമടയ്ക്കുകയും ഒക്കെ ചെയ്യേണ്ടിവന്നതു് ഒരു ശാപമായിത്തോന്നി നന്ദനു്. എങ്കിലും പോവാതെ നിവൃത്തിയില്ല. അതിനാൽ തീരെ തൃപ്തിയില്ലാതെ ഗോപന്മാരിൽ പ്രധാനികളായവരെ ഗോകുലരക്ഷയ്ക്കു് ഏൎപ്പാടുചെയ്തു് ഒന്നുരണ്ടു സഹായികളോടുകൂടി നന്ദൻ മഥുരയ്ക്കു യാത്രയായി. അവരുടെ ശരീരം മഥുരയ്ക്കു നീങ്ങിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും മനസ്സ ഗോകുലത്തിലേയ്ക്കു പാഞ്ഞുകൊണ്ടിരിക്കയാണു്. ഏതായാലും സന്ധ്യയ്ക്കു മുമ്പായി നന്ദനും സംഘവും രാജദ്വാരത്തിലെത്തി. ഖജാനയിൽ പണമടച്ചു. മഹാരാജാവിനെ മുഖം കാണിച്ചു. അറിയിക്കാനുണ്ടായിരുന്ന

രാജ്യകാൎയ്യങ്ങളൊക്കെ അറിയിക്കപ്പെട്ടുകയും ചെയ്തു. അപ്പോൾത്തന്നെ മഹാരാജാവിന്റെ അനുവാദവും വാങ്ങി ഗോകുലത്തിലേയ്ക്കു മടങ്ങാനുള്ള ശ്രമമായി. രാത്രിയും, കൂരിരുട്ടുമാണു്. എന്നാലും വേണ്ടതില്ല; താമസിക്കാൻ വയ്യ. അന്നുതന്നെ ഗോകുലത്തിൽ മടങ്ങി എത്തണമെന്നു തീച്ചപ്പെടുത്തി യാത്രതിരിക്കാൻ തുടങ്ങി. അപ്പോഴാണു് കേട്ടതു്, ദേവകീവസുദേവന്മാരെ ജയിലിൽനിന്നു വിട്ടിരിക്കുന്നുവെന്നും, അവർ സ്വതന്ത്രന്മാരായി അവരുടെ ഗൃഹത്തിൽ താമസിച്ചുവരുന്നുണ്ടെന്നുമൊക്കെ. എന്നാൽ തന്റെ ആത്മമിത്രമായ വസുദേവനെ ഒന്നു കണ്ടല്ലാതെ മടങ്ങുന്നതു ശരിയല്ലെന്നും, അതിനാൽ അതുകൂടികഴിഞ്ഞു പ്രഭാതത്തിൽ മടങ്ങാമെന്നും തീച്ചപ്പെടുത്തി വസുദേവന്റെ ഗൃഹത്തിലേയ്ക്കു പോയി. വളരെ ദിവസമായി അന്യോന്യം കാണാറില്ലാത്ത ആ ചിരസുഹൃത്തുക്കൾ അവിചാരിതമായി പെട്ടെന്നു കാണാനിടവന്നപ്പോൾ രണ്ടാളും വികാരാവിഷ്ടന്മാരായി. പല വൎത്തമാനങ്ങൾ അവർ അന്യോന്യം കൈമാറി. വസുദേവന്റെ എല്ലാ പുത്രന്മാരും മരിച്ചുപോയതും, അവസാനം ഒരു പെൺകുട്ടി ജനിച്ചതുകൂടി അനുഭവിക്കാനിടവരാതെ ആകാശത്തേയ്ക്കുയൎന്നുപോയതും, നന്ദഗോപന്നു് അകാലത്തിൽ ഒരു പുത്രനുണ്ടായതുമൊക്കെയായിരുന്നു അവരുടെ സംഭാഷണം. ഏതായാലും ആ കുട്ടിയെ വേണ്ടപോലെ നോക്കണമെന്നും ആപത്തുകൾ എല്ലായിടത്തും ഒരുപോലെ ചുററിപ്പററി നില്ക്കുന്നുണ്ടെന്നും, കൂട്ടത്തിൽ രോഹിണീപുത്രനായ തന്റെ കുട്ടിയെക്കൂടെ വേണ്ടപോ

ലെ നോക്കണമെന്നുമൊക്കെ ഉപദേശിച്ചു വസുദേവൻ. രാത്രിയാണെങ്കിലും ഇപ്പോൾത്തന്നെ ഗോകുലത്തിലേയ്ക്കു മടങ്ങിപ്പോവുന്നതാണു് നല്ലതെന്നുകൂടെ നിർബ്ബന്ധിച്ചു. അതിനാൽ നന്ദഗോപൻ പിന്നെ താമസിക്കാതെ വേഗത്തിൽ തൻെറ അനുയായികളോടുകൂടെ ആ രാത്രി തന്നെ ഗോകുലത്തിലേയ്ക്കു മടങ്ങി.

**പൂതനാമോക്ഷം**

കംസൻെറ മന്ത്രിമാരുടെ പ്രേരണപ്രകാരം പ്രബലന്മാരായ പല അസുരന്മാരും പല കാര്യങ്ങൾക്കായി പുറത്തിറങ്ങി സഞ്ചരിക്കാൻ തുടങ്ങീട്ടുണ്ടായിരുന്നു. ബ്രാഹ്മണരെ കൊല്ലാൻ ഒരു സംഘം. പശുക്കളെ കൊല്ലാൻ മറെറാരു സംഘം. ഇങ്ങിനെ സംഘടിതരൂപത്തിൽ ത്തന്നെ അവർ നാട്ടിൽ ഭയങ്കരങ്ങളായ പല ആപത്തുകളും ചെയ്തുവന്നു. കൂട്ടത്തിൽ കുട്ടികളെ കൊല്ലാനും ഒരു സംഘം ആളുകൾ നിയമിതന്മാരായിരുന്നു: അതിൽ ഏററവും പ്രധാനിയായിരുന്നു പൂതന. സ്ത്രീയാണെങ്കിലും മറെറല്ലാരെക്കാളും സാമർത്ഥ്യത്തോടുകൂടിയാണു് അവൾ തൻെറ കൃത്യം നിർവ്വഹിച്ചുവന്നിരുന്നതു്. സ്ത്രീയായതുകൊണ്ടു് ഏതു ഗൃഹത്തിൽ ചെന്നാലും അന്തഃപുരത്തിൽ പോവാനും വേഗത്തിൽ കുട്ടികളെ കണ്ടുപിടിക്കാനും, എടുക്കാനുമൊക്കെ കൂടുതൽ സ്വാതന്ത്ര്യവുമുണ്ടു്. ആ പൂതന പല വീടുകളിലും കയറിയിറങ്ങി പല കുട്ടികളെയും കൊന്നു നടക്കുമ്പോഴാണു് ഗോകുലത്തിൻെറ സമീപപ്രദേശത്തെത്തിയതു്. അപ്പോൾ സ്ത്രീകൾ കൂട്ടംകൂട്ടമായി അലങ്കരിച്ചു് ഉത്സാഹത്തോടും, ആഭാടത്തോടും

കൂടി പോവുന്നതു കാണാനിടയായി. ഗോകുലത്തിൽ നന്ദഗോപൻെറ പത്നി യശോദ പ്രസവിച്ചിരിക്കുന്നുവെന്നും, ആ കുട്ടിയെ കാണാനാണു് അവരൊക്കെ പോവുന്നതെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. അപ്പോഠം അവളും ആ ഗോപികളുടെ മാതിരിയുള്ള വേഷമൊക്കെ കൃത്രിമമായി കെട്ടിച്ചമഞ്ഞു താനും ഒരു ഗോപസ്ത്രീയാണെന്നുള്ള ഭാവത്തിൽ അവരുടെ ഒരു സംഘത്തിൽ ചേൎന്നു യശോദാഗൃഹത്തിലേയ്ക്കു യാത്രയായി. നന്ദഗോപനും, അനുയായികളും മഥുരയിലേയ്ക്കു പോയിക്കഴിഞ്ഞപ്പോഴേയ്ക്കു് അവർ നന്ദഗൃഹത്തിലെത്തിച്ചേരുകയും ചെയ്തു. തൻെറ ദിവ്യജ്യോതിസ്സുകൊണ്ടു് എല്ലാവരെയും ആകൎഷിച്ചുകൊണ്ടിരിക്കുന്ന ആ അമാനുഷശിശുവിനെ ഓരോരുത്തരും വാരിയെടുത്തു മാറോടണച്ചാശ്ലേഷിക്കാനും ആനന്ദിക്കാനും തുടങ്ങി. കൂട്ടത്തിൽ പൂതനയും തിക്കിത്തിരക്കി അകത്തു കടന്നു കുട്ടിയെ എടുത്താശ്ലേഷിച്ചു. മടിയിൽ വെച്ചുകൊണ്ടു മുല കൊടുക്കാൻ തുടങ്ങി. ഘ്രാണിച്ചാൽ കുട്ടികഠം മയങ്ങി മോഹാലസ്യപ്പെട്ടു വീണു മരിക്കത്തക്ക നിലയിൽ ഭയങ്കരമായ കാളകൂടമാണവഠം സ്തനങ്ങളിൽ പുരട്ടിയിരിക്കുന്നതു്. അതുകൊണ്ടുതന്നെ അനവധി കുട്ടികളെ കൊന്നുവരുന്നവളുമാണു്. ഭഗവാൻെറ പിഞ്ചുവായിലേയ്ക്കു് അവളുടെ കാകോളസ്തനം വലിച്ചുവെച്ചു കൊടുക്കാൻ തുടങ്ങി. അമൃതസ്വരൂപനായ ഈശ്വരങ്കലുണ്ടോ വിഷം ബാധിക്കുന്നു! ഭഗവാൻ ആൎത്തിയോടുകൂടി സ്തന്യപാനം ചെയ്യാൻതുടങ്ങി. അനവധി പിഞ്ചുകുട്ടികളെ നീ ഈ സ്തനംകൊണ്ടു കൊന്നുകഴിഞ്ഞുവല്ലോ. ഇനി നി

ന്നെ വിടാൻ വയ്യ. ഇതോടെ നിൻെറ കഥ കഴിക്കണം എന്നായിരുന്നു ഭഗവാൻെറ ഭാവമെന്നു തോന്നും കണ്ടാൽ. ഏതായാലും ഭഗവാൻ ആർത്തിയോടുകൂടി സ്തനം വലിച്ചുകുടിക്കാൻ തുടങ്ങി. എല്ലാവരും അതിശയിച്ചു. ജാതമാത്രനായ ഒരു ശിശു ഇങ്ങിനെ സ്തന്യപാനം ചെയ്യുന്നതായി അവരാരും അതുവരെ കണ്ടിട്ടില്ല. അതിനാൽ എല്ലാവൎക്കും ആശ്ചൎയ്യം തോന്നി. പൂതനയ്ക്കും ആശ്ചൎയ്യം തോന്നി. പക്ഷേ അതു് ഈ കാരണത്താലല്ല, ഭയങ്കരമായ വിഷം ഇത്രയൊക്കെ ആസ്വാദിച്ചിട്ടും ഈ കുട്ടിയെന്താണു് ചത്തുവീഴാത്തതെന്നായിരുന്നു പൂതനയുടെ ആശ്ചൎയ്യം. ക്രമേണ സ്തന്യം അവസാനിച്ചു. അപ്പോൾ രക്തം വലിച്ചെടുക്കാൻതുടങ്ങി ഭഗവാൻ. പൂതനയ്ക്കു വേദനയും, ക്ഷീണവും, തളൎച്ചയും തുടങ്ങി. കുട്ടിയെ മുലയിൽനിന്നു വിടുത്തി താഴെ വെയ്ക്കാൻ നോക്കി. പക്ഷേ എത്രയൊക്കെ വലിച്ചുനോക്കീട്ടും ഭയങ്കരിയായ ആ അസുരസ്ത്രീക്കു് ആ പിഞ്ചുകുട്ടിയെ വിടുത്താൻ കഴിഞ്ഞില്ല. കുട്ടിയുടെ തലയ്ക്കിടിക്കാനാരംഭിച്ചു. ആളുകളൊക്കെ പരിഭ്രമിച്ചു. പൂതനയുടെ ആകൃതിയും പ്രകൃതിയും രണ്ടും മാറാൻ തുടങ്ങി. ഭഗവാൻ ജീവരക്തംതന്നെ സ്തനത്തിൽക്കൂടെ വലിച്ചെടുക്കാൻ തുടങ്ങി. അതോടെ ആ ശിശുദ്രോഹി കണ്ണുതുറിച്ചു്, ദേഹം മുഴുവൻ വിയൎത്തുതളൎന്നു്, പ്രജ്ഞയററു്, കാററുകൊണ്ടു വലിയ മരമെന്നപോലെ മറിഞ്ഞുവിഴുകയും ചെയ്തു. കൃത്രിമമായ സുന്ദരസ്വരൂപം മാറി വികൃതവും, ഭയാനകവുമായ ആസുരസ്വരൂപം പ്രത്യക്ഷപ്പെടുകയും ചെയ്തു. കണ്ടവരൊക്കെ ഭയ

പ്പെട്ടു നിലവിളിക്കാൻ തുടങ്ങി. ചത്തു വീണ പൂതനയു ടെ മലപോലുള്ള ശരീരത്തിൽ കളിച്ചുകിടക്കുന്ന ഉണ്ണി യെ എടുക്കാൻപോലും അവൎക്ക ധൈൎയ്യമില്ലാതായി. ഒരുവിധം ധൈൎയ്യപ്പെട്ടു ചിലരൊക്കെക്കൂടി കുട്ടിയെ വാരിയെടുത്തു. ഭയപ്പെട്ടിട്ടുണ്ടാവുമെന്നു കരുതി കുട്ടിക്കു ഭയം കൊണ്ടുള്ള ആപത്തുകളൊന്നും സംഭവിക്കാതിരിക്കാൻ വേണ്ട ശുശ്രൂഷകളൊക്കെ ചെയ്തു. അനന്തരം ആ ശവ ശരീരം നീക്കംചെയ്യാനുള്ള ശ്രമം ചെയ്തു. വളരെയധികം വിറകൊരുക്കി വലിയ കുണ്ഡത്തിൽ തീ കത്തിച്ചു ശവം കൊണ്ടുപോയി അഗ്നിയിലിട്ടു ദഹിപ്പിക്കാനുള്ള ഒരുക്കമായി. അപ്പോഴാണു് മഥുരയ്ക്കു പോയിരുന്ന നന്ദഗോപരും പരിവാരങ്ങളും മടങ്ങിവന്നതു്. വൎത്തമാനങ്ങളൊക്കെ അറിഞ്ഞ നന്ദൻ വളരെ ആശ്ചൎയ്യപ്പെട്ടു. വസുദേവൻ ഈ ആപത്തിനെ മുൻകൂട്ടി കണ്ടറിഞ്ഞിട്ടാണു് തന്നെ രാത്രിതന്നെ മടക്കിയയച്ചതെന്നുപോലും അദ്ദേഹത്തിന്നു തോന്നി. അതിനാൽ വസുദേവനെ മനസാ വളരെ അഭിനന്ദിച്ചു. പിന്നീടെല്ലാവരുംകൂടി പൂതനയുടെ പൎവ്വതാകാരമായ ശരീരം അവയവങ്ങളായി വെട്ടിമുറിച്ചു കഷണം കഷണമാക്കി വലിച്ചുകൊണ്ടുപോയി അഗ്നിയിലിട്ടു ദഹിപ്പിച്ചു. മലിനമായ പൂതനാശരീരം അഗ്നിയിൽ ദഹിക്കുമ്പോൾ അസാധാരണമായ സുഗന്ധം അവിടമെങ്ങും വ്യാപിച്ചു. എന്താണിതൊക്കെയെന്നവൎക്കാൎക്കും മനസ്സിലായില്ല. അത്ഭുതസ്വരൂപിയായ ഈശ്വരന്റെ മുമ്പിൽ എന്തെല്ലാം അത്ഭുതങ്ങൾ നടക്കില്ല? കൊല്ലാനുള്ള ഉദ്ദേശത്തോടുകൂടി വിഷം പുരട്ടിയ

സ്തനമാണ് ഭഗവാനു കൊടുത്തതെങ്കിലും പാൽ നിവേദിക്കയാണല്ലോ ചെയ്തതു്. അതിൻെറ ഫലമായ സൽഗതി പൂതനയ്ക്കു ലഭിച്ചതിൻെറ സൂചനയായിരുന്നു ശവം ദഹിക്കുമ്പോൾ പരന്ന സുഗന്ധം. അപ്പോൾ ഭക്തിയോടുകൂടി ഭഗവാനു പാൽ നിവേദിക്കുന്ന അമ്മമാക്കെന്തെന്തു ഗതിയാണ് കിട്ടാത്തതു്!

എട്ടാമത്തെ പ്രാവശ്യം ഭഗവാനെ പ്രസവിക്കുമെന്നറിഞ്ഞപ്പോൾ എട്ടു തലമുറകൾക്കു മുമ്പെത്തന്നെ ദേവകിയെ കൊല്ലാനൊരുങ്ങിയ ആളാണ് കംസൻ. അപ്പോൾ പിന്നെ ഭഗവാൻ അവതരിച്ചു കഴിഞ്ഞാലത്തെ കഥ പറയേണ്ടതുണ്ടോ? എങ്ങനെയൊക്കെ സാധിക്കുമോ അങ്ങനെയൊക്കെ ഉപദ്രവിക്കുമെന്നുള്ളതു തീച്ചയാണ്. അതാണ് നാമെല്ലാവരിലും കണ്ടുകൊണ്ടിരിക്കുന്നതും. ഈശ്വരസാക്ഷാല്ക്കാരത്തിന്നാക്കാണ് മോഹമില്ലാത്തതു്? പക്ഷേ എത്ര കുറച്ചാളുകൾക്കാണ് സാധിക്കുന്നതു്? കാരണം, രജോഗുണമാകുന്ന കംസൻെറ വൈപരീത്യം കൊണ്ടുതന്നെ. രജോഗുണത്തിൽനിന്നു പൊന്തുന്ന വികാരങ്ങളാണ് കംസൻെറ കിങ്കരന്മാർ. കാമമാണ് ആദ്യം പുറപ്പെടുന്ന വികാരം. അതിൻെറ പിന്നാലെയാണ് ബാക്കിയുള്ളവയൊക്കെയും. ആഗ്രഹംകൊണ്ടാണല്ലോ ബാക്കിയെല്ലാമുണ്ടാവുന്നതു്. അതിനാൽ കാമം, അല്ലെങ്കിൽ ആഗ്രഹം, മറെറല്ലാ വികാരങ്ങളുടേയും അമ്മയാണ്. അതാണ് പൂതനയുടെ സ്വരൂപം. സ്വതവേ ആസുരിയാണ്. പക്ഷേ കാഴ്ചയിൽ സുന്ദരിയായ സ്ത്രീയാണ്. ഇങ്ങനെയാണ് ആഗ്രഹങ്ങളും. ആദ്യ

ത്തിൽ വളരെ നല്ലതാണെന്നു തോന്നും. പക്ഷേ അനു ഭവിച്ചുകഴിഞ്ഞാൽ അതിൻെറ ആസുരത്വം പ്രത്യക്ഷപ്പെടും. അങ്ങിനെതന്നെ അതിനോടടുക്കുന്നവരൊക്കെ നശിക്കും. പൂതനയോടടുത്ത കുട്ടികളൊക്കെ മരിച്ചു. പക്ഷേ ഈശ്വരങ്കൽ എത്തുമ്പോൾ അതു താനേ നശിക്കും. അതിനാൽ ആഗ്രഹങ്ങളാകുന്ന പൂതനയെ ജയിക്കാൻ ഒരേ ഒരു മാൎഗ്ഗമേയുള്ളു. ഈശ്വരങ്കൽ കൂട്ടിയോജിപ്പിക്കൽ. എന്താഗ്രഹമുണ്ടായാലും അതിനെയൊക്കെ ഈശ്വരാൎപ്പണം ചെയ്യുന്നുവെന്നുവന്നാൽ ഉപദ്രവമില്ലാതായിത്തീരും. അവിടെ മാത്രമേ അതു ലയിക്കു. ബാക്കിയെല്ലായിടത്തും അതു തെഴുക്കും. ആഗ്രഹത്തിൻെറ പിന്നാലെ വരുന്ന മററു വികാരങ്ങളായാണ് പൂതനയ്ക്കുശേഷം വരുന്ന അസുരന്മാരേയും ചിത്രീകരിച്ചിരിക്കുന്നതു്.

## ശകടാസുരവധം

പിന്നീടു വിശേഷസംഭവങ്ങളൊന്നും കൂടാതെ കുറച്ചു ദിവസം കഴിഞ്ഞു. ഭഗവാൻെറ അത്യന്താകൎഷകമായ ദിവ്യസാന്നിദ്ധ്യത്തിൽ ഗോകുലവാസികൾ സംസാരതാപങ്ങൾ മറന്നു സുഖിക്കാൻ തുടങ്ങി. അങ്ങനെയിരിക്കുമ്പോൾ 'ഇരുപത്തെട്ടാംപിറന്നാൾ' ദിവസം വന്നു. വളരെ ആഘോഷത്തോടുകൂടി പ്രസ്തുത ദിവസത്തെ കൊണ്ടാടാൻ വേണ്ടുന്ന എല്ലാ ഒരുക്കങ്ങളും ചെയ്തു. ജനനശേഷം ആദ്യം വരുന്ന ജന്മനക്ഷത്രദിവസമാണല്ലോ ഇരുപത്തെട്ടാം പിറന്നാൾ ബന്ധുജനങ്ങളും, പൊതുജനങ്ങളും, വേദജ്ഞന്മാരായ ബ്രാഹ്മണരും, പണ്ഡിതന്മാരും പലരും വന്നുചേൎന്നിട്ടുണ്ടു്. ഗൃഹനായികയായ യശോദ

യ്യു തിരക്കുതന്നെ. അതിഥികളെ ഉപചരിക്കലും, ആ ഘോഷങ്ങൾക്കും, സല്ക്കർമ്മങ്ങൾക്കും കുറവു വരാതെ സൂക്ഷിക്കലും ഒക്കെ വേണമല്ലോ. ബ്രാഹ്മണരുടെ ഹോമങ്ങളും, പൂജകളും ഒരു ഭാഗത്തു നടന്നുകൊണ്ടിരിക്കുന്നു. വേദഘോഷം മുഴങ്ങുന്നുണ്ടു്. മറെറാരു ഭാഗത്തു് അതിഥികൾക്കു പലതും ദാനം ചെയ്തുകൊണ്ടിരിക്കുന്നു; അതിഥികളെ സല്ക്കരിച്ചുകൊണ്ടിരിക്കുന്നു. അതേസമയത്തു മറെറാരു ഭാഗത്തു വാദ്യഘോഷങ്ങളും, നൃത്തഗാനങ്ങളും നടന്നുകൊണ്ടിരിക്കുന്നു. ഈ ബഹളങ്ങൾക്കിടയിൽ യശോദാദേവി അങ്ങിങ്ങു പാഞ്ഞു നടന്നുകൊണ്ടിരിക്കുന്നു. പ്രഭാതത്തിൽത്തന്നെ ഉണ്ണിയെ മന്ത്രസംശുദ്ധമായ തീർത്ഥജലത്തിൽ സ്നാനം ചെയ്യിച്ചു സ്തന്യം ഭുജിപ്പിച്ചു. അപ്പോൾ ഉറങ്ങിയതിനാൽ ഗൃഹത്തിൻെറ ബഹിർഭാഗത്തു തന്നെ ഒരിടത്തു കിടത്തീട്ടുണ്ടായിരുന്നു. ചില കുട്ടികളെയൊക്കെ വിളിച്ചു ഭഗവാൻ കിടക്കുന്ന സ്ഥലത്തുതന്നെ ഉണ്ണിയെ നോക്കാനായി ഇരുത്തിട്ടും ഉണ്ടായിരുന്നു. അങ്ങനെയിരിക്കുമ്പോൾ അതുവരെ അവിടെയില്ലാതിരുന്ന ഒരു വണ്ടി ഭഗവാൻെറ സമീപത്തായി നില്ക്കുന്നതു കണ്ടു. ആരും അത്ര ശ്രദ്ധിച്ചതും ഇല്ല. ആ വണ്ടി തന്നത്താൻ നീങ്ങിനീങ്ങി കുറച്ചു കഴിഞ്ഞതഃപ്പാഴയ്യു കുട്ടി വണ്ടിയുടെ ചോട്ടിലാണു് ശയിക്കുന്നതെന്ന നില വന്നു. അത്രയായപ്പോൾ ഭഗവാനുണർന്നു. കൈകാലുകൾ കുടഞ്ഞു പതുക്കെ നിലവിളിക്കാൻ തുടങ്ങി. അതോടുകൂടെ രണ്ടു കുഞ്ഞിക്കാലുകളും മേലോട്ടൊന്നു പൊക്കി വണ്ടി തൊട്ടു. ഭഗവാൻെറ തൃക്കാൽസ്പർശം കിട്ടിയതോടെ വണ്ടി നേരെ മേലോട്ടു പൊന്താൻ തുടങ്ങി. നോക്കിനി

ല്ക്കുന്ന കുട്ടികളൊക്കെ ആശ്ചൎയ്യഭരിതരായി ആൎത്തുവിളി ച്ചു. മേലോട്ടു പൊങ്ങിയ വണ്ടി വളരെ ദൂരം മേലോട്ടു പൊന്തി, ശക്തി ക്ഷയിച്ചപ്പോൾ ഏററവും വേഗത്തിൽ കീഴ്പ്പോട്ടു പതിച്ചു ഭൂമിയിൽ ഒരു പാറക്കല്ലിൽ വന്നു വീണു് അനവധി കഷണങ്ങളായി നുറുങ്ങി നാലു ഭാഗ വും ചിന്നിച്ചിതറി. വണ്ടി പാറയിൽ വന്നടിക്കുന്ന ശ ബ്ദം കേട്ടു് ആളുകളൊക്കെ പരിഭ്രമിച്ചു് ഓടി സ്ഥല ത്തെത്തിയപ്പോൾ ചിന്നിച്ചിതറിക്കിടക്കുന്ന വണ്ടിയുടെ കഷണങ്ങളാണവർ കണ്ടതു്. എന്തു പററിയെന്നറിയാ തെ എല്ലാവരും പരിഭ്രമിച്ചു് അങ്ങുമിങ്ങും നോക്കി. യ ശോദാദേവി ഓടിവന്നു് ഉണ്ണിയെ എടുത്തു മാറോടണ ച്ചാശ്ലേഷിച്ചു. ഒരു വണ്ടി അവിടെ ഉണ്ടാവാനും അതു ചിന്നിച്ചിതറാനും എന്തു കാരണമെന്നാൎക്കും മനസ്സിലാ യില്ല. ചില കുട്ടികൾമാത്രമാണവിടെ ഉണ്ടായിരുന്നതു്. അവരോടു ചോദിച്ചപ്പോൾ ഒരു വണ്ടി അവിടെ നിന്നി രുന്നുവെന്നും, അതു കുട്ടിയുടെ കുഞ്ഞിക്കാൽ തട്ടിയപ്പോൾ മേലോട്ടു പൊന്തി താഴെ വീണതാണെന്നും പറഞ്ഞു. കു ട്ടികൾ എന്തോ വിഡ്ഢിത്തം പറകയാണെന്നു കരുതി ആരും അതു ശ്രദ്ധിച്ചേ ഇല്ല. മനുഷ്യൻെറ വിജ്ഞാന ത്തിന്നൊരതിൎത്തിയുണ്ടു്. അതിനുള്ളിൽ ഒതുങ്ങിയ കാ ൎയ്യങ്ങളെ മാത്രമേ അവൻ ശരിയെന്നു കണക്കാക്കാറുള്ളു. അതിൽ ഒതുങ്ങാത്തതാണെങ്കിൽ തള്ളിക്കളകയും ചെ യ്യും. ഇതാണു് കുട്ടികളുടെ വാക്കു ശ്രദ്ധിക്കാതിരിക്കാൻ കാരണം. അങ്ങനെയൊന്നു സംഭവിക്കാൻ വയ്യാത്തതാ ണെന്നാണല്ലോ സാമാന്യനിയമം. പിന്നെയെങ്ങനെ യാണു് കുട്ടികളുടെ വാക്കു് അംഗീകരിക്കപ്പെടുന്നതു ? എ

ത്രതന്നെ കണ്ടാലും അറിഞ്ഞാലും ഈശ്വരമഹിമയെ ആ രൂപത്തിൽ ഗ്രഹിക്കലല്ല പതിവു്. ദൃഷ്ടമായ കാരണത്തോടുകൂടാതെ ഒന്നും ഈ ലോകത്തിൽ നടക്കില്ലെന്നാണു് സാധാരണജനങ്ങളുടെ വിശ്വാസം. അദൃഷ്ടനായ ഈശ്വരനാണു് എല്ലാത്തിന്നും പരമകാരണമെന്നറിയുന്നില്ല. അതിനാൽ ഈ അസാധാരണസംഭവത്തിന്റെയും കാരണമെന്തെന്നാക്കും മനസ്സിലായില്ല.

കുട്ടികളെക്കൊല്ലാൻതന്നെ ഒരു സംഘത്തെ ചുമതലപ്പെടുത്തീട്ടുണ്ടായിരുന്നു കംസനെന്നു പറഞ്ഞുവല്ലോ. അതിൽ പൂതനയായിരുന്നു പ്രധാനാംഗം. അവളെ ഭഗവാൻ കൊന്നു. ആ സംഘത്തിൽപ്പെട്ട ശകടാസുരനെന്ന മററൊരംഗമായിരുന്നു ഇവിടെ വണ്ടിയായി നിന്നു ഭഗവാനെ എടുത്തുകൊണ്ടുപോവാൻ ശ്രമിച്ചിരുന്ന അസുരൻ. അവനെ ഈ രൂപത്തിലും കൊന്നു. അനിഷ്ടങ്ങളായ ആപൽലക്ഷണങ്ങളായി എണ്ണി ഗോകുലവാസികൾ പ്രസ്തുത സംഭവത്തെ. അതിനാൽ അവർ ആപന്നിവാരണാത്ഥം പല സല്ക്കർമ്മങ്ങളും ചെയ്തുവന്നു. അങ്ങനെയിരിക്കുമ്പോൾ മറെറാരാപത്തുകൂടി സംഭവിച്ചു.

## തൃണാവത്തവധം

ഒരു ദിവസം യശോദാദേവി ഭഗവാനെ എടുത്തു മടിയിൽവെച്ചു മുലകൊടുത്തുകൊണ്ടിരിക്കുമ്പോൾ കുട്ടിയുടെ ശരീരത്തിന്നു ഘനം കൂടിക്കൂടി വരുന്നതായി തോന്നി. ഒരു ചെറിയ കുട്ടിയുടെ ശരീരത്തിന്നെത്രമാത്രം ഘനമുണ്ടാകാമെന്നൂഹിക്കാമല്ലോ. അതിൽനിന്നു് എത്രയോ അധികം കവിഞ്ഞ നിലയിൽ ഘനം തോന്നിയ

പ്പോൾ യശോദ ഭയപ്പെടാനും, പരിഭ്രമിക്കാനും തുടങ്ങി. അധികസമയം പരിഭ്രമിക്കാനിടകിട്ടിയില്ല. അപ്പോഴേയ്ക്കും ഘനംകൂടിക്കൂടിവന്നു യശോദയ്ക്കു കുട്ടിയെ എടുക്കാൻ വയ്യെന്ന നിലയായി. താൻ വീഴുമെന്നു തോന്നി. അങ്ങിനെതന്നെ കുട്ടിയെ താഴെ വെച്ചു. അപ്പോഴേയ്ക്ക് എങ്ങുനിന്നോ ഭയങ്കരമായൊരു ചുഴലിക്കാററു ഗോകുലത്തിലുള്ള കല്ലും മണ്ണുമെല്ലാം പറപ്പിച്ച് എല്ലാവരുടേയും കണ്ണടപ്പിച്ചുകൊണ്ടു ശക്തിയായി വീശി. അതു യശോദയുടെ ദേഹത്തിലും വന്നാക്രമിച്ചപ്പോൾ പെട്ടെന്നു കണ്ണു ചിമ്മി. ഒരു നിമിഷമേ കഴിഞ്ഞുള്ളു. അപ്പോഴേയ്ക്കും കണ്ണു തുറന്നു നോക്കി. പക്ഷേ മുന്നിലിരുന്നിരുന്ന കുട്ടിയെ കാണാനില്ല. എന്തൊരത്ഭുതമാണ്. യശോദ ഭയപ്പെട്ട് ഉറക്കെ നിലവിളിച്ചു. രോദനം കേട്ടു ഗോകുലത്തിലുള്ള ആളുകളൊക്കെ പാഞ്ഞെത്തി. സംഗതിയറിഞ്ഞപ്പോൾ എല്ലാവരും പരിഭ്രമിച്ചു നിലവിളിക്കാനും, അങ്ങിങ്ങു കുട്ടിയെ തിരയാനും തുടങ്ങി. മേലോട്ടു പൊങ്ങിയ ചുഴലിക്കാററു കുട്ടിയേയും വഹിച്ചുകൊണ്ടു മേല്പോട്ടുയർന്നതായിരുന്നു. എന്തൊരതിശയമാണ്. യശോദയ്ക്കു താങ്ങാൻ കഴിയാത്ത ഘനംകൊണ്ടാണ് കുട്ടിയെ താഴെ വെച്ചതു്. ആ കുട്ടിയെ കാററെടുത്തു കൊണ്ടുപോയി എന്നു വന്നാൽ എന്തൊരു കഥയാണ്.

കംസൻെറതന്നെ മറെറാരു ഭൃത്യനായ തൃണാവർത്തനായിരുന്നു ചുഴലിക്കാററിൻെറ ആകൃതിയിൽ വന്നു ഭഗവാനെ എടുത്തു മേലോട്ടു പൊങ്ങിയതു്. തൃണാവർത്തൻെറ വരവിനെ മുൻകൂട്ടി അറിഞ്ഞ ഭഗവാൻ താൻ യ

ശോദയിൽനിന്നു വേറെയാവാൻവേണ്ടിയായിരുന്നു ഘനനം തോന്നിച്ചതും. മായാമയനായ ഈശ്വരൻെറ മറിമായങ്ങൾ ആക്കറിയാം. ഈശ്വരേച്ഛയ്ക്കു വിധേയമായാണു് ലോകത്തിൽ എന്തും സംഭവിക്കുന്നതു്. ഈശ്വരൻെറ ഇച്ഛയാകട്ടെ എന്താണെന്നു് ആക്കും അറിഞ്ഞുകൂടാ. അതിനാൽ എന്തു സംഭവിക്കുമ്പോഴും അതെന്തിനുവേണ്ടിയാണു് സംഭവിച്ചതെന്നു് അതിൻെറ പരിണാമത്തിൽ മാത്രമേ മനുഷ്യന്നറിയാൻ കഴിയൂ. ഇതാണു് ലോകസ്വഭാവം. അതിനാൽ മുൻകൂട്ടി എല്ലാം തീച്ചപ്പെടുത്തിയ ഭഗവാൻെറ ഒരു ഇച്ഛയെങ്കിലും യശോദയ്ക്കറിയാൻ കഴിഞ്ഞില്ല. ഭഗവാനെ എടുത്തുകൊണ്ടു മേലോട്ടുയന്ന അസുരൻ കുറെ ദൂരം മേലോട്ടു പൊന്തിയാൽ ഭഗവാനെ താഴോട്ടെറിയാം, അപ്പോൾ താനേ ചത്തുപോയ്ക്കോളുമെന്ന ഉദ്ദേശത്താലാണു് പ്രവത്തിച്ചിരുന്നതു്. പക്ഷേ സംഭവിച്ചതങ്ങിനെയല്ല. മേലോട്ടുയരുംതോറും ബാലസഹജമായ ഭയപരിഭ്രമങ്ങളെ പ്രകടിപ്പിച്ചുകൊണ്ടു ഭഗവാൻ തൻെറ രണ്ടു കുഞ്ഞിക്കൈകളും അസുരൻെറ കണ്ഠത്തിൽ ചുററി മുറുകെ പിടിച്ചു. കുറേ മേലോട്ടെത്തിയപ്പോൾ താഴത്തു ഭൂമിയിൽ പതിക്കാൻവേണ്ടി അസുരൻ കുട്ടിയെ വിട്ടു. പക്ഷേ അത്യന്തഭയത്തെ അഭിനയിച്ചുകൊണ്ടു ഭഗവാൻ അസുരൻെറ കണ്ഠത്തെ മുറുകെ പിടിച്ചതിനാൽ വീണില്ല. അപ്പോൾ പിടിച്ചുവലിച്ചു താഴത്തിടാൻ ശ്രമിച്ചു തൃണാവത്തൻ. കണ്ഠത്തെ കൂടുതൽ ഞെക്കി അമത്തിപ്പിടിച്ചു ഭഗവാൻ ഈ പിടിയും വലിയും കുറച്ചു നേരം നടന്നപ്പോഴയ്ക്കു് അസുരൻ തളന്നു. മാത്രമല്ല, ക

ങ്ങും വല്ലാതെ അമൎത്തിപ്പിടിച്ചിരിക്കയാൽ ശ്വാസഗതിക്കുപോലും തടസ്ഥം നേരിട്ടു. അധികം താമസിയാതെ അസുരൻ ശ്വാസംമുട്ടി ദേഹം മുഴുവൻ തളൎന്നു കണ്ണു തുറിച്ചു താഴോട്ടു വീണു. വലിയ പൎവ്വതമെന്നപോലെ ആ അസുരശരീരം ഭൂമിയിൽ പതിച്ച ശബ്ദം ദിക്കുകളിൽ മാററൊലിക്കൊണ്ടു. ഭയങ്കരനായ അസുരൻ വീണുമരിച്ചും, അവൻെറ ദേഹത്തിൽ പററിക്കിടക്കുന്ന പിഞ്ചുകുട്ടിയായ ഭഗവാനൊന്നും പററാതെയുമുള്ള നില കണ്ടു ഗോകുലവാസികൾ മുഴുവൻ അത്യന്തം ആശ്ചൎയ്യപ്പെട്ടു. വേഗം ഉണ്ണിയെ എടുത്തുകൊണ്ടുവന്നു ഭയംകൊണ്ടുണ്ടാകാവുന്ന ആപത്തുകളിൽനിന്നും, കാലദോഷത്തിൽനിന്നും രക്ഷപ്പെടാൻ വേണ്ടുന്ന പ്രതിവിധികളൊക്കെ ചെയ്തു.

തുടൎച്ചയായി ആപത്തുകൾ വന്നുകൊണ്ടിരിക്കയും അതിൽനിന്നൊക്കെ അത്ഭുതകരമാംവണ്ണം കുട്ടി രക്ഷപ്പെടുകയും ചെയ്യുന്നതിനാൽ ഗോകുലവാസികൾക്കു് ഒക്കെ ഭയവും, പരിഭ്രമവും വൎദ്ധിച്ചു. അവർ ഈശ്വരനോടു പൂൎവ്വാധികം അടുത്തു. ഓരോ നിമിഷവും അവർ ഭഗവാനോടു് ആപത്തകലാൻവേണ്ടി പ്രാൎത്ഥിച്ചു തുടങ്ങി. കുട്ടിക്കു വല്ല ഭൂതബാധയോ മറേറാ ഉണ്ടോ എന്ന സംശയം അവരെ അലട്ടി. ആകപ്പാടെ സ്വൈരസമാധാനങ്ങളോടുകൂടിയ ജീവിതമില്ലാതായി. ഓരോ ദിവസവും എന്തൊരു പുതിയ ആപത്താണിന്നു വരാൻപോവുന്നതെന്ന ഭയം അവരെ ഞെരുക്കിക്കൊണ്ടിരുന്നു.

അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം യശോദ പുത്രനെ മടിയിൽവെച്ചു മുലകൊടുത്തുകൊണ്ടിരിക്കെ മായാ

മയനായ ആ കപടമാനുഷൻ ബാലസഹജമായ സമ്പ്രദായങ്ങളെ വളരെ സമത്ഥമാംവണ്ണം അഭിനയിച്ച് അമ്മയെ തൃപ്തിപ്പെടുത്തി. ഒരു കൈകൊണ്ടു മുലക്കണ്ണു തിരുമ്മിയും, ഒരു മുല വായിൽ വെച്ചു കുടിച്ചും, അമ്മയുടെ മുഖത്തേയ്ക്കുതന്നെ കണ്ണെടുക്കാതെ നോക്കിക്കൊണ്ടുമുള്ള ഇരിപ്പിൽ യശോദ അലിഞ്ഞുചേൎന്നു എന്നു പറയണം. അങ്ങിനെ അമ്മ മുഴുവൻ തന്നിൽ അലിഞ്ഞു ലയിച്ചുവെന്നറിഞ്ഞപ്പോഠം താൻ കേവലം ഒരു പ്രാകൃതബാലനല്ലെന്നു വ്യക്തമാക്കാനോ എന്നു തോന്നുമാറു പെട്ടെന്നു മുല വിട്ട് ഉറക്കംവരുന്ന ഭാവത്തെ അഭിനയിച്ചുകൊണ്ടു കോട്ടുവായിട്ടു. ഭഗവാൻെറ പ്രസന്നമുഖത്തേയ്ക്കുതന്നെ ആൎത്തിയോടുകൂടി നോക്കിക്കൊണ്ടിരുന്ന യശോദ, പിളൎന്ന വായ്ക്കുള്ളിൽ ബ്രഹ്മാണ്ഡത്തെ മുഴുവൻ ദശിച്ചു. പൎവ്വതങ്ങളും, സമുദ്രങ്ങളും, നാടുകളും, കാടുകളും, പട്ടണങ്ങളുമടങ്ങിയ ഭൂഗോളത്തേയും, അതുപോലെ മററുള്ള എല്ലാ ലോകങ്ങളേയും ഒരു നിമിഷനേരം ദശിച്ചു. എങ്ങോട്ടു നോക്കിയാലും അവധിയില്ലാത്ത ചിദാകാശത്തിൽ പാറിനില്ക്കുന്ന അനന്തമായ ബ്രഹ്മാണ്ഡത്തെയും, എണ്ണമററ ജീവിസമുദായങ്ങളേയും കണ്ട യശോദ അനന്തതയെ കണ്ടു പൊറുക്കാൻ കഴിയാതെ ഒരു നിമിഷം പരിഭ്രമത്തോടെ കണ്ണടച്ചു വീണ്ടും കണ്ണു തുറന്നു നോക്കുമ്പോഠം ഒന്നുമില്ലതാനും. അമ്മ കലശലായി ഭയപ്പെട്ടെങ്കിലും കുട്ടിക്കു പരിഭ്രമമുണ്ടായില്ല. യാതൊന്നും സംഭവിച്ചിട്ടില്ലാത്ത നിലയിൽ പ്രസന്നമുഖനായി അമ്മയുടെ മുഖത്തു നോക്കി പുഞ്ചിരിച്ചുകൊണ്ടു വീണ്ടും ആദ്യത്തെ മാതിരി

തന്നെ മുല കുടിക്കാൻ തുടങ്ങി. ഇതും ഗോകുലവാസിക ളുടെ ഭയത്തെയും, സംശയത്തെയും വദ്ധിപ്പിച്ചു.

### നാമകരണം

യാദവവംശത്തിൻെറ പുരോഹിതനും, ജ്യോതിശ്ശാസ്ത്ര വിശാരദനുമായ ഗഗ്ഗമഹഷി ഒരു ദിവസം നന്ദഗോപ ൻെറ ഗൃഹത്തിൽ ചെന്നു. ഗൃഹത്തിലുള്ളവക്കൊക്കെ വളരെ സന്തോഷമായി പണ്ഡിതനും, തപസ്വിയുമാ യ ഒരു മഹാബ്രാഹ്മണൻ ഗൃഹത്തിൽ വന്നു കേറുകയെ ന്നതു് ഒരു നല്ല കായ്യമാണല്ലോ. നന്ദഗോപൻ അദ്ദേ ഹത്തെ വേണ്ടപോലെ സൽക്കരിച്ചു. അവിടെ വളൎന്നു വരുന്ന രണ്ടു കുട്ടികൾക്കും അദ്ദേഹംതന്നെ 'നാമകരണം' ചെയ്താൽ കൊള്ളാമെന്നപേക്ഷിക്കുകയും ചെയ്തു. ഗഗ്ഗമ ഹഷിക്കു് ആ അപേക്ഷ സമ്മതമായിരുന്നു. എങ്കിലും അതിൽ ചില വൈഷമ്യങ്ങളുള്ളതിനെ അദ്ദേഹം ഗണി ക്കാതിരുന്നില്ല. അതിനെ നന്ദഗോപൻെറ ശ്രദ്ധയിൽ പെടുത്തുകയും ചെയ്തു. സ്വതവേ ഗഗ്ഗമഹഷി യാദവ ന്മാരുടെ പുരോഹിതനാണു്. ഗോപന്മാരുടെ പുരോഹി തനല്ല. ഗോപന്മാക്കു പുരോഹിതൻ വേറെയുണ്ടു്. ന ന്ദനും വസുദേവനും തമ്മിൽ വളരെ അടുപ്പമുള്ള ആപ്ത മിത്രങ്ങളാണു്. ദേവകിയുടെ എട്ടാമത്തെ പ്രസവത്തിൽ പെൺകുട്ടിയാവാൻ കാരണമില്ല. ഇങ്ങിനെയുള്ള പരി തഃസ്ഥിതിയിൽ യാദവപുരോഹിതനായ ഗഗ്ഗൻ ഗോപ പുത്രനു നാമകരണം ചെയ്തു എന്നു കേൾക്കുമ്പോൾ കം സനു് എന്തെങ്കിലും തെററിദ്ധാരണയുണ്ടാവാം. അ ങ്ങിനെ സംഭവിച്ചാൽ പിന്നെ 'എന്തെല്ലാം ആപത്തുക

ളാണുണ്ടാവാൻ പോവുന്നതെന്നു പറയാൻ വയ്യ. അതു കൊണ്ടു് ആലോചിച്ചു ചെയ്യേണ്ടതാണെന്നൊക്കെ ഗർഗ്ഗമഹർഷി നന്ദനെ ഉൽബോധിപ്പിച്ചു. കാര്യം ശരിയാണെന്നു ബോദ്ധ്യം വരികയും ചെയ്തു. എങ്കിലും യോഗ്യനായ ഒരാചാര്യനെ കിട്ടിയ സ്ഥിതിക്കു് അദ്ദേഹത്തെക്കൊണ്ടുതന്നെ പുത്രന്മാർക്കു നാമകരണം ചെയ്യിക്കണമെന്ന ഇച്ഛയുമുണ്ടു്. അതിനാൽ ആരും അറിയാതെ രാത്രിയിൽ രഹസ്യമായി നടത്താമെന്നു തീർച്ചപ്പെടുത്തി. അതുപ്രകാരം അന്നു രാത്രിതന്നെ രണ്ടു കുട്ടികളുടെയും നാമകരണം നിർവ്വഹിക്കപ്പെട്ടു. രോഹിണിപുത്രനു് എല്ലാവരേയും ആനന്ദിപ്പിക്കുന്നവനെന്നർത്ഥത്തിൽ 'രാമ'നെന്നും, ഏററവും ശക്തനെന്ന അർത്ഥത്തിൽ 'ബല'നെന്നും, ഗർഭത്തിൽനിന്നു മാററപ്പെട്ടവനെന്ന അർത്ഥത്തിൽ സങ്കർഷണനെന്നും പേരിട്ടു. ദേവകീപുത്രനായ ഭഗവാനാകട്ടെ 'ശാശ്വതമായ ആനന്ദ'മെന്നും, പാപങ്ങളെ നശിപ്പിക്കുന്നവനെന്നും, ജീവന്മാരെ തന്നിലേയ്ക്കാകർഷിച്ചുകൊണ്ടിരിക്കുന്നവനെന്നുമുള്ള അർത്ഥത്തെ സൂചിപ്പിച്ചുകൊണ്ടു 'കൃഷ്ണ'നെന്നും പേരിട്ടു. അനന്തരം കുട്ടികളുടെ ജാതകഫലങ്ങളെക്കൂടി ഗണിച്ചു പറഞ്ഞാൽ കൊള്ളാമെന്നായി നന്ദഗോപൻ. അതും ചെയ്തുകൊടുത്തു ഗർഗ്ഗമഹർഷി. പ്രപഞ്ചാതീതന്മാരായ ഈശ്വരന്മാർക്കു ഗ്രഹസ്ഥിതികൊണ്ടു് എന്തു ഫലമാണു് നിർണ്ണയിക്കപ്പെടുന്നതു"? എങ്കിലും ചിലതൊക്കെ പറഞ്ഞുകൊടുത്തു ഗർഗ്ഗമഹർഷി. ഈശ്വരൻെറ അവതാരമാണെന്നുമാത്രം പ്രത്യക്ഷത്തിൽ പറഞ്ഞില്ല. ബാക്കി എല്ലാം പറഞ്ഞു. എന്തൊക്കെ ആപത്തു വന്നാലും ഈ കുട്ടികൾക്കൊന്നും

പററില്ലെന്നും, മററുള്ളവരുടെ ആപത്തുകളെക്കൂടി അക
ററാനാണ് ഇവരുടെ ജനനമെന്നും, അതിനാൽ ഇവരെ
സ്നേഹിക്കമാത്രം ചെയ്താൽ മതി, എന്നാൽത്തന്നെ ലോ
കത്തിലെ ആപത്തുകളൊക്കെ അകന്നുകൊള്ളുമെന്നും മ
ററും ഗർഗ്ഗമഹർഷി പറഞ്ഞു. നന്ദഗോപനു വളരെ സ
ന്തോഷമായി. അദ്ദേഹം പല സമ്മാനങ്ങളും കൊടുത്തു
സന്തോഷിപ്പിച്ചു ഗർഗ്ഗനെ യാത്രയാക്കി.

**കൃഷ്ണലീലയും, വിശ്വരൂപദർശനവും.**

രാമകൃഷ്ണന്മാരാകുന്ന രണ്ടു ബാലന്മാരും ക്രമേണ വ
ളൎന്നു മൊട്ടുകുത്തി നടക്കാൻ തുടങ്ങി. ആ നിലയിലും
സ്വഗൃഹത്തിൽ മാത്രമല്ല, അടുത്തുള്ള ഗോപഗൃഹങ്ങളി
ലൊക്കെ പോവാൻ തുടങ്ങി. രാമകൃഷ്ണന്മാരുടെ ദർശനം
അമൃതമജ്ജനമായിരുന്നു ഗോകുലവാസികൾക്ക്. അതി
നാൽ ഏതു സമയത്തും കുട്ടികളെ എടുക്കാനും, ലാളിക്കാ
നും, അവൎക്ക്, എന്തും കൊടുക്കാനും എല്ലാവരും തെയ്യാ
റാണ്. ക്രമേണ അവൎക്കോരോരുത്തൎക്കും കൃഷ്ണനെ മറ
ക്കാൻ വയ്യെന്നായി. എല്ലാവരുടെ ഹൃദയത്തിലും കൃഷ്ണ
ഭാവം അങ്കുരിച്ചു വളരാൻ തുടങ്ങി. ഏതു സമയത്തും
കൃഷ്ണനെത്തന്നെ സ്മരിച്ചും, എടുത്തും ലാളിച്ചും ബാല
സഹജങ്ങളായ ലീലകളെക്കണ്ടാനന്ദിച്ചും സംസാരതാ
പം കേവലം മറക്കാൻ തുടങ്ങി. എന്നാലും സന്ദർഭം കി
ട്ടുമ്പോഴൊക്കെ ഭഗവാൻ ആരും കാണാതെ ഏതെങ്കിലും
ഗൃഹത്തിനുള്ളിൽ കടന്നു പല വികൃതികളും കാണിക്കാ
നും തുടങ്ങി. അതൊക്കെ അവൎക്കു സന്തോഷത്തിനും,
സമാധാനത്തിനും മാത്രമേ കാരണമായുള്ളു. ചില

പ്പോൾ പശുവിനെ കറക്കാൻ വരുമ്പോൾ ചില ഗൃഹത്തിൽ പശുക്കുട്ടികളെ വിട്ടു കുടിപ്പിച്ചിട്ടുണ്ടാവും. ചില ഗൃഹത്തിലെ പശുക്കളെത്തന്നെ തൊഴുത്തിൽനിന്നു പുറത്താക്കി തെളിച്ചു ദൂരത്താക്കീട്ടുണ്ടാവും. വീട്ടിന്നുള്ളിൽ കടന്നു ഗവ്യങ്ങളൊക്കെ ആരും അറിയാതെ എടുക്കും. ചിലപ്പോൾ പാത്രങ്ങളും ഉടക്കും. എന്നുവേണ്ട പല പ്രകാരത്തിൽ ഗൃഹത്തിലെ അമ്മമാരെ ബുദ്ധിമുട്ടിക്കാൻ തുടങ്ങി. അങ്ങിനെ പലപ്പോഴും ഭഗവാൻെറ വികൃതികളെക്കൊണ്ടു പലതും നഷ്ടപ്പെടേണ്ടിവന്ന ഗോപികൾ സങ്കടത്തോടെ ഒരിക്കൽ യശോദാദേവിയുടെ അടുക്കൽ ചെന്നു് ആവലാതി പറകകൂടി ചെയ്തു. എന്നാലും അവക്കു കൃഷ്ണനോടു വിദ്വേഷമുണ്ടായിരുന്നില്ല. പക്ഷെ തങ്ങളുടെ സമ്പത്തു നശിക്കുമ്പോൾ സങ്കടമുണ്ടായിരുന്നു. എത്രത്തോളം ഗോപികൾ സങ്കടപ്പെട്ടിരുന്നുവോ, അത്രത്തോളം ഭഗവാനവരെ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കയും ചെയ്തു. ഒന്നിനെ മറക്കുമ്പോഴാണല്ലോ മറ്റൊന്നിനെ ഓൎമ്മിക്കുന്നതു്. വീട്ടുകാൎയ്യങ്ങളെയും, പരിമിതങ്ങളായ സമ്പദ്വസ്തുക്കളെയും ഓൎമ്മിക്കാൻവേണ്ടി അവർ മിക്കപ്പോഴും ഭഗവാനെ മറക്കാറുണ്ടായിരുന്നു. നാമരൂപങ്ങളിൽനിന്നും, ഗുണധൎമ്മങ്ങളിൽനിന്നും അതീതനായി വാക്കിന്നും, മനസ്സിന്നും പിടികിട്ടാത്ത ഈശ്വരൻ സ്വയമേവ നാമരൂപങ്ങളിൽക്കൂടിയും, ഗുണധൎമ്മങ്ങളിൽക്കൂടിയും ഇറങ്ങിവന്നു കണ്ണുകൊണ്ടു കാണാനും, കയ്യുകൊണ്ടു തൊടാനും പാറുന്ന തോതിൽ മാത്രമല്ല തങ്ങടെ സ്വന്തം കുട്ടിയെന്നപോലെ ആടിയും, പാടിയും, അവരുടെ

ഇടയിലിറങ്ങിക്കളിച്ച് അവരറിയാതെ അവരുടെ സം സാരതാപത്തെ അകററിയിട്ടുകൂടി മിക്കപ്പോഴും അവരാ ഭഗവാനെ മറന്നു സംസാരകാൎയ്യങ്ങളെ ചിന്തിച്ചിരുന്നു എന്നതു് ഭഗവാനൊട്ടും ഇഷ്ടമായില്ല. അതിനാൽ ഏ തേതു വസ്തുക്കളെ ഓൎമ്മിക്കാൻവേണ്ടിയാണോ ഭഗവാനെ മറന്നിരുന്നതു്, ആ വസ്തുക്കളെയൊക്കെ ഭഗവാൻ തല്ലി പ്പൊളിച്ചു നശിപ്പിക്കാൻ തുടങ്ങി. ഇതാണു് അവിടു ത്തെ ആകൎഷകമായ ചൌൎയ്യകൃത്യത്തിൻെറ അടിയിലു ള്ള തത്വം. സാധാരണമനുഷ്യരൊക്കെ ഇങ്ങിനെയാ ണു് പതിവു്. വേറെ പലതിനെയും ഓൎമ്മിക്കാൻവേ ണ്ടി ഈശ്വരനെ മറക്കും. ഈശ്വരനെ ഓൎമ്മിക്കാൻവേ ണ്ടി മററുള്ളവയെ മറക്കുകയെന്നതു വളരെ ചുരുക്കമാ ണു്. എന്നാൽ ഈശ്വരൻെറ കാരുണ്യത്തിന്നു പാത്ര മായ സുകൃതികളെ ഭഗവാൻ ഇങ്ങിനെ പഠിപ്പിക്കുന്നു. ഏതേതു വസ്തുക്കളെ ഓൎമ്മിക്കാൻവേണ്ടി ഭഗവാനെ മറ ക്കുന്നുവോ അവയെ നശിപ്പിക്കുന്നു. അപ്പോഠം അവനീ ശ്വരനെ ഓൎമ്മിക്കാനുള്ള തടസ്ഥം ചുരുങ്ങുന്നു. പ്രഥമ ദൃഷ്ടിയിൽ പദാൎത്ഥങ്ങളെ നശിപ്പിക്കലാണെന്നു തോന്നും. എന്നാൽ പദാൎത്ഥങ്ങളെയല്ല, തൻെറ ഭക്തൻെറ അ ജ്ഞാനത്തെയാണു് ഭഗവാൻ നശിപ്പിക്കുന്നതു്. അതാ ണു് പാവങ്ങളും എന്നാൽ അത്യന്ത സുകൃതിനികളുമായ ഗോപികളിലും ഭഗവാൻ ചെയ്തതു്. അങ്ങിനെ അത്യ ന്താകൎഷകങ്ങളായ ദിവ്യലീലകളെക്കൊണ്ടു ഭഗവാൻ ആ ബാലവൃദ്ധം ഗോകുലവാസികളുടെ ചിത്തത്തേയും ഹ ററാൽ മുഴുവൻ അപഹരിച്ചു് അവരുടെ ചിത്തത്തിലെ

നാമരൂപചിന്തകളെ മുഴുവൻ അകററി താൻ പൂൎണ്ണമായി നിവസിക്കാൻ തുടങ്ങി. ദിവ്യത്വങ്ങളുടെ പ്രകാശംകൊണ്ടു് ഇടയ്ക്കിടയ്ക്കു് അവൎക്ക തന്നിലുള്ള മനുഷ്യത്വബുദ്ധിയെ നീക്കുന്നുമുണ്ടു്. എന്നാലും എത്ര ദിവ്യത്വങ്ങൾ കണ്ടാലും അതൊക്കെ അപ്പോൾത്തന്നെ മറന്നു പിന്നെയും മനുഷ്യത്വത്തെത്തന്നെ ബോധിക്കും. ഇതാണു് മനുഷ്യസ്വഭാവം. അതൊക്കെ ആ ഗോകുലവാസികളിലും വ്യഞ്ജിച്ചിരുന്നു. അതിനാൽ പിന്നെയും ഒരിക്കൽ ഭഗവാൻ തന്റെ ദിവ്യഭാവം വ്യക്തമാക്കാൻ തീൎച്ചപ്പെടുത്തി. സമപ്രായത്തിലുള്ള ഗോപക്കുട്ടികളോടുകൂടി കളിച്ചുകൊണ്ടിരിക്കെ ഭഗവാൻ മണ്ണു തിന്നുവെന്നു യശോദാദേവിയോടു പറയാനുള്ള സന്ദൎഭമുണ്ടാക്കിത്തീൎത്തു. മാതൃസഹജമായ പുത്രവാത്സല്യത്താൽ പീഡിതയായ യശോദാദേവി പരിഭ്രമിച്ചു പുത്രനെ വിളിച്ചു കൊണ്ടുവന്നു ശാസിക്കാനും ശിക്ഷിക്കാനും തുടങ്ങി. കയ്യിൽ വടിയുമായി തന്നെ ശാസിച്ചുകൊണ്ടു മുന്നിൽ നിൽക്കുന്ന അമ്മയുടെ ക്രോധഭാവം കണ്ടു ഭഗവാൻ ഭയത്തെ അഭിനയിച്ചു ചുണ്ടു പുളുത്തി കണ്ണിൽനിന്നു വെള്ളമൊഴുക്കിക്കൊണ്ടു താൻ മണ്ണു തിന്നിട്ടില്ലെന്നും, കുട്ടികൾ കളവു പറകയാണെന്നും സംശയമുണ്ടെങ്കിൽ വായ് പിളൎന്നു കാണിക്കാമെന്നും പറഞ്ഞുകൊണ്ടു് അമ്മയെ ആകൎഷിക്കാൻ തുടങ്ങി. പുത്രന്റെ ഭയാവിലമായ ഭാവം കണ്ടു യശോദാദേവി അതിൽ അലിഞ്ഞുചേൎന്നുവെങ്കിലും ഗൌരവം വിടാതെ വായ് തുറന്നുകാണിക്കാനാജ്ഞാപിച്ചു. വായിൽ അല്പം മണ്ണു കാണാനുള്ള കൌതുകത്തോടെയാണല്ലോ അ

KOTTAYAM

മ്മ വായ് തുറക്കാൻ പറഞ്ഞതു്. അമ്മയുടെ അഭിഷ്ടം വേണ്ടുംവണ്ണം സാധിപ്പാൻവേണ്ടിയോ എന്നു തോന്നുമാറു ഭഗവാൻ പിളൎന്ന വായ്ക്കുള്ളിൽ അനവധി ബ്രഹ്മാണ്ഡങ്ങളെത്തന്നെ ഒന്നായി കാണിച്ചുകൊടുത്തു. മഹാസമുദ്രങ്ങളും, മഹാപൎവ്വതങ്ങളും, വലിയ പട്ടണങ്ങളും, കോടാനുകോടി ജീവരാശികളുമടങ്ങിയ ഭൂഗോളവും, സ്വൎഗ്ഗാദി മററു ലോകങ്ങളും, ദേവയക്ഷകിന്നരഗന്ധൎവ്വസിദ്ധവിദ്യാധരാദികളും, ദിക്കപാലകന്മാരും, ത്രിമൂൎത്തികളും എന്നുവേണ്ട ബ്രഹ്മാണ്ഡത്തിൻെറ എല്ലാ ഘടകങ്ങളും ആ കുഞ്ഞിവായിൽ കാണപ്പെട്ടു. മാത്രമല്ല, അതിൻെറ ഒരു മൂലയിൽ തൻെറ ഗോകുലത്തേയും, അവിടെ നന്ദഗോപരുടെ ഗൃഹത്തേയും, അതിൻെറ പുരോഭാഗത്തു കയ്യിൽ വടിയുമായി നില്ക്കുന്ന തന്നേയും, തൻെറ മുമ്പിൽ വായ്പിളൎന്നു നില്ക്കുന്ന കൃഷ്ണനെക്കൂടിയും, യശോദ കണ്ടു. ആ കൃഷ്ണൻെറ പിളൎന്ന വായിലും ഇതുപോലെ മറെറാരു ബ്രഹ്മാണ്ഡത്തെയും, അതിലും ഒരു കൃഷ്ണനും, ആ കൃഷ്ണൻേറയും, വായിൽ പിന്നെയും ഒരു ബ്രഹ്മാണ്ഡവും, ഇങ്ങനെ അവസാനമില്ലാത്ത അനന്തതാദൎശനം ക്ഷണനേരത്തേയ്ക്കു യശോദയെ ആശ്ചൎയ്യസ്തബ്ധയും, ഭയചകിതയുമാക്കിത്തീൎത്തു. ഭയപരിഭ്രമങ്ങളെക്കൊണ്ടു നോക്കാൻ കഴിയാതെ കണ്ണടച്ചു് ഒരു നിമിഷം കഴിഞ്ഞു്, കണ്ണു തുറന്നു നോക്കിയപ്പോഠ ഒന്നുമില്ല; പുഞ്ചിരികൊണ്ടു തന്നെ മോഹിപ്പിച്ചു നില്ക്കുന്ന ഉണ്ണിക്കൃഷ്ണനെ കണ്ടു യശോദ വികാരങ്ങളെക്കൊണ്ടാവിഷ്ടയായി വടിയൊക്കെ വലിച്ചെറിഞ്ഞു് ഉണ്ണിയെ വാരിയെടുത്തു ലാളിക്കാൻ തുടങ്ങി. ഈ വൎത്തമാനം നന്ദഗോപനും, ഗോകുലത്തിലുള്ള എല്ലാവ

രും അറിഞ്ഞു. അവർ പലതും ചിന്തിക്കാൻ തുടങ്ങി. വല്ല ഭൂതങ്ങളോ, പ്രേതങ്ങളോ മററൊ കൃഷ്ണനെ ബാധിച്ചിട്ടുണ്ടോ? അഥവാ വല്ല ദേവന്റെയോ, ഋഷിയുടെയോ മററൊ അവതാരമായിരിക്കുമോ കൃഷ്ണൻ? ഇങ്ങിനെ പലതും ചിന്തിക്കാൻ തുടങ്ങി അവർ. ഏതായാലും സാധാരണ ഒരു വെറും മനുഷ്യക്കുട്ടി മാത്രമല്ല കൃഷ്ണനെന്നവക്കു ബോദ്ധ്യംവന്നു. ഭഗവാൻ ഇങ്ങിനെ എന്തെങ്കിലും ദിവ്യത്വം പ്രകാശിപ്പിക്കുമ്പോഴാണു് ഈവക ചിന്തകളൊക്കെ അവക്കുണ്ടാവുന്നതു്. അതു കഴിഞ്ഞാൽ ആ ചിന്തയും പോവും. അങ്ങനെയാണല്ലോ ലോകസ്വഭാവം. അതൊക്കെ അവരേയും ബാധിച്ചിരുന്നു. എന്നാൽ ദിവസം ചെല്ലുംതോറും കൃഷ്ണനോടുള്ള പ്രേമവും അടുപ്പവും കൂടിക്കൂടി വന്നതല്ലാതെ ഒരാൾക്കെങ്കിലും കുറഞ്ഞില്ല. നാനാതരത്തിലുള്ള ദിവ്യലീലകളെക്കൊണ്ടു ഭഗവാൻ അവരെയെല്ലാവരേയും കൂടുതൽ ആകർഷിച്ചുകൊണ്ടുമിരുന്നു. അങ്ങനെ പിന്നെയും കുറച്ചു ദിവസം കഴിഞ്ഞു.

യമളാർജ്ജുനഭഞ്ജനം

ഒരു ദിവസം പ്രഭാതത്തിൽ ദാസിമാരൊക്കെ മററെന്തോ പ്രവൃത്തിയിൽ ബദ്ധശ്രദ്ധകളായിരിക്കെ, യശോദാദേവിതന്നെ തയിരു് കടയാൻ തുടങ്ങി. ഭഗവൽകീർത്തനങ്ങളേയും പാടിക്കൊണ്ടു തയിർ കടയുന്ന അമ്മയെ അലട്ടിക്കൊണ്ടു ഭഗവാൻ വന്നു മടിയിൽ കയറിയിരുന്നു സ്തന്യപാനം ചെയ്യാൻ തുടങ്ങി. ഭഗവൽസ്പർശംകൊണ്ടു പുളകിതശരീരയും, ചരിതാർത്ഥയുമായ യശോദ തന്നെത്താൻ അഭിനന്ദിച്ചുകൊണ്ടു വീണ്ടും ഉച്ചത്തിൽ ഭഗവൽ

കീത്തനങ്ങളെ പാടി തയിർ കടഞ്ഞുകൊണ്ടിരിക്കെ അടുപ്പത്തു വെച്ചിരുന്ന പാൽ പതഞ്ഞു പൊന്തി അടുപ്പിൽ പോവുന്നതിനെ കണ്ടു ബദ്ധപ്പെട്ടു് ഉണ്ണിയെ താഴെ വെച്ചു പാൽ താഴത്തിറക്കിവെയ്ക്കാൻ പോയി. ത്രൈലോക്യം മുഴുവൻ കൊടുത്താലും കിട്ടാത്ത ദിവ്യനിധിയായ കൃഷ്ണനെ ഒരു തുള്ളി പാലിനുവേണ്ടി ഉപേക്ഷിച്ചുപോയി യശോദ. പാലോ കൃഷ്ണനോ ഏതെങ്കിലും ഒന്നു് ഉപേക്ഷിക്കപ്പെടണമെന്നു വന്നപ്പോഠം കൃഷ്ണനെയാണുപേക്ഷിച്ചതു്. ഈ ലോകത്തിലുള്ള തുച്ഛങ്ങളായ പദാൎത്ഥങ്ങഠംക്കുവേണ്ടി എത്ര പ്രാവശ്യം വേണമെങ്കിലും ഉപേക്ഷിക്കും ഈശ്വരനെ. അതാണു് ലോകസ്വഭാവം. അറിഞ്ഞാവാവട്ടെ, അറിഞ്ഞില്ലെങ്കിലാവട്ടെ ഈശ്വരനുവേണ്ടി ലോകത്തെയല്ല, ലോകപദാൎത്ഥത്തിനുവേണ്ടി ഈശ്വരനെയാണുപേക്ഷിക്കാൻ എളുപ്പം. അതു യശോദയും ചെയ്തു. പക്ഷേ ഭഗവാൻ സമ്മതിച്ചില്ല. എന്തെന്തു പദാൎത്ഥങ്ങഠം ഹേതുവായിട്ടീശ്വരനെ മറക്കുന്നുവോ, അവയെയൊക്കെ ഭഗവാൻ നശിപ്പിച്ചു മനസ്സിനെ തന്നിലേയ്ക്കാകൎഷിക്കും. ഇതാണു് ഈശ്വരകാരുണ്യത്തിന്നൊരാഠം പാത്രമായാലത്തെ ലക്ഷണം. അതു യശോദയ്ക്കും അനുഭവപ്പെട്ടു. അടുപ്പിന്നടുത്തെത്തിയപ്പോഴയ്ക്കു പാൽ മുഴുവൻ തികന്നു് അടുപ്പിൽ പോയിക്കഴിഞ്ഞു; മടങ്ങിവന്നപ്പോഴയ്ക്കു തയിർക്കലം ഭഗവാൻ തല്ലി ഉടച്ചു; പാത്രവും, അതിലുണ്ടായിരുന്ന തയിരും പോയി; മറെറാരു പാത്രത്തിലുണ്ടായിരുന്ന വെണ്ണ എടുത്തുകൊണ്ടോടലും കഴിഞ്ഞു. ഉള്ളേടത്തോളം പാലും, തൈരും, വെണ്ണയും പോയി; പാത്രവും നശിച്ചു. ഇനി അവ ഹേതുവായി

കൃഷ്ണനെ മറക്കേണ്ടതില്ല. എന്നു മാത്രമല്ല ഈവക നാശങ്ങളാൽ നശിപ്പിച്ച കൃഷ്ണനെ മറക്കാൻവയ്യെന്ന നിലയാണു് വന്നതു്. ദേഷ്യം കലശലായി വന്നു യശോദയ്ക്കു്. കണ്ണു കലങ്ങി; ചുണ്ടു വിറച്ചു. കടകോലുകൊണ്ടു തല്ലി അനവധി കഷണങ്ങളാക്കി ചിന്നിച്ചിതറിയിട്ട തയിർപ്പാത്രവും, നിലത്തു തളംകെട്ടി നില്ക്കുന്ന തയിരും, ശൂന്യമായ വെണ്ണപ്പാത്രവും കാണുംതോറും ദേവിക്കു ക്രോധം വർദ്ധിക്കാൻ തുടങ്ങി. ക്രോധം വർദ്ധിക്കുംതോറും വിവേകം ചുരുങ്ങലാണല്ലോ സ്വഭാവം. വിവേകം ചുരുങ്ങുമ്പോൾ തൻെറ തെററു കാണാതാവും; കുററങ്ങളൊക്കെ മററുള്ളവരുടേതായി കാണുകയും ചെയ്യും. അതൊക്കെ യശോദാദേവിക്കും സംഭവിച്ചു. പാൽ തെകന്നു പോയപ്പോൾ അതു പോയാൽ പോട്ടെ എന്നു കരുതി ഭഗവാനെ വിടാതിരുന്നാൽ മതിയായിരുന്നു. എന്നാൽ ഇത്രയൊന്നു നഷ്ടം വരില്ല. പക്ഷേ അതു തോന്നണ്ടേ? ഈശ്വരൻ മുഴുവൻ പോയാലും ഈ ലോകപദാർത്ഥത്തിൽ ഒന്നുപോലും നശിക്കരുതെന്നാണു് വിചാരം. അതിനാണു് എല്ലാവരുടേയും പ്രയത്നവും. ഈശ്വരനെ മുറുകെ പിടിക്കലാണു് മറെറാന്നും നശിക്കാതിരിക്കാനുള്ള ഏകമാർഗ്ഗമെന്നറിയുന്നില്ല. താൻ വളരെയൊക്കെ പരിശ്രമിച്ചിട്ടും നിലനിർത്താൻ സാധിക്കാതെ വല്ല പദാർത്ഥവും നശിച്ചാൽ അതിൻെറ മുഴുവൻ കുററവും മററുള്ളവരിലോ, അല്ലെങ്കിൽ ഈശ്വരങ്കലോ ആരോപിക്കുകയും ചെയ്യും. യശോദയുടെ ദൃഷ്ടിയിൽ ഈ നാശത്തിൻെറ മുഴുവൻ കാരണവും കൃഷ്ണനാണു്. അതിനാൽ കൃഷ്ണനെ ക

റിനമായി ശിക്ഷിച്ചേ തീരൂ എന്നാണിരിക്കുന്നതു്. കൃഷ്ണൻ ഒന്നുകിൽ അവിവേകിയായ മനുഷ്യക്കുട്ടിയാണു്; അല്ലെങ്കിൽ സർവ്വജ്ഞനായ ഈശ്വരനാണു്. ഇങ്ങിനെ രണ്ടല്ലാതെ മൂന്നാമതൊരു ഭാവം തൽക്കാലം കൃഷ്ണനില്ല. പ്രസ്തുത രണ്ടു നിലയിലും കുററമാരോപിക്കാനോ ശിക്ഷിക്കാനോ പാടില്ലാത്തതുമാണു്. എങ്കിലും യശോദ എല്ലാ കുററവും കൃഷ്ണനിലാരോപിച്ചു ശിക്ഷിക്കാനായി അന്വേഷിക്കാൻ തുടങ്ങി. വീടിൻെറ അകവും പുറവും മുഴുവൻ തിരഞ്ഞുനോക്കീട്ടും കണ്ടില്ല. ബ്രഹ്മാണ്ഡത്തിൻെറ അകത്തും പുറത്തും മുഴുവൻ ഉപനിഷന്മന്ത്രങ്ങളാകുന്ന വിളക്കു കാണിച്ചു നോക്കീട്ടും ജ്ഞാനികൾ കാണാത്ത കുഞ്ഞിനെ യശോദ മുക്കിലും മൂലയിലുമൊക്കെ വീണ്ടും തിരഞ്ഞു. അപ്പോഴുണ്ടു്, വീട്ടിൽ ഇരുട്ടുള്ള ഒരു മൂലയിൽ നിർത്തിവെച്ച ഉരലിൻെറ മുകളിൽ കയറി ഇരുന്നു കട്ടെടുത്ത വെണ്ണ പൂച്ചകൾക്കു കൊടുക്കുന്നു. താൻ ഭദ്രമായി സൂക്ഷിച്ചുവെച്ചിരുന്ന വെണ്ണയാണു് എടുത്തു കൊണ്ടുപോയി ലോഭംകൂടാതെ പൂച്ചകൾക്കു കൊടുക്കുന്നതു്. യശോദയുടെ ക്രോധം ശതഗുണീഭവിച്ചു. ക്രോധാവേശത്തോടുകൂടുംവണ്ണം പിടിക്കാനായി ഓടി അടുത്തു. പക്ഷേ തൊട്ടു തൊട്ടില്ല എന്നായപ്പോഴയ്യൂ ഭഗവാൻ ഉരലിൽനിന്നു ചാടലും ഓടലും ഒന്നിച്ചുകഴിഞ്ഞു. പിന്നാലെ യശോദയും ഓടി. ധീരധീരന്മാരായ യോഗീശ്വരന്മാരുടെ സുദൃഢമായ മനോവൃത്തിക്കുപോലും പിടിക്കാൻ കിട്ടാത്ത ആ നിർഗ്ഗുണസ്വരൂപിയുടെ പിന്നാലെയുള്ള, അലസഗമനയായ യശോദയുടെ ഓട്ടം കാണികളെ ചിരിപ്പിച്ചു.

കെട്ടിയ തലമുടി അഴിഞ്ഞും, മാറിലെ ഉത്തരിയവസ്ത്രം കിഴിഞ്ഞും, ദേഹം വിയൎത്തും, ക്രോധവും ഭഗവാനെ കയ്യിൽ കിട്ടാത്തതുകൊണ്ടുള്ള നിരാശയും ഒന്നിച്ചു കൂടിച്ചേൎന്ന മുഖഭാവത്താൽ വിവൎണ്ണയായും ഓടുന്ന യശോദയുടെ നിസ്സഹായതയും, ദയനീയതയും കണ്ടു ഭഗവാൻ തന്നെത്താൻ അനുവദിച്ചുകൊടുത്തു. അപ്പോ‍ാം പിടികിട്ടി. അങ്ങനെ കൊണ്ടുവന്നു് അരയ്ക്കു കുടുക്കിട്ടു് ആദ്യം ഇരുന്നിരുന്ന ഉരലിൽത്തന്നെ കെട്ടാൻതുടങ്ങി. എത്രതന്നെ കയറുകഠം കൂട്ടിക്കെട്ടീട്ടും രണ്ടംഗുലം നീളം കുറവായിക്കണ്ടു. താനിപ്രപഞ്ചത്തിൽനിന്നതീതനാണു്; പ്രപഞ്ചം മുഴുവൻ കൂടിച്ചേൎന്നാലും തന്നെ അടക്കാൻ വയ്യെന്ന തത്വം വെളിവാക്കുമാറു കയറുകൊണ്ടു കെട്ടാൻ വയ്യാതായി. അപ്പോഴും യശോദ വിഷമിച്ചു. അമ്മയുടെ വൈവശ്യം കണ്ടു മനസ്സലിഞ്ഞ ഭഗവാൻ കയറിനുള്ളിൽ ഒതുങ്ങിക്കൂടി. തന്നെ കെട്ടാനും അനുവദിച്ചു കൊടുത്തു. ഉരലോടു ചേൎത്തു കെട്ടിക്കഴിഞ്ഞപ്പോഠം കൃതാൎത്ഥയായ യശോദ പുഞ്ചിരിയോടുകൂടി ഭഗവാനെ ഒന്നു നോക്കി തന്റെ ഗൃഹകൃത്യങ്ങഠംക്കായി. പോകയും ചെയ്തു. അമ്മ പോയി മറഞ്ഞതോടെ ഭഗവാനും വെറുതെയിരുന്നില്ല. കെട്ടിയ ഉരലോടുകൂടി പതുക്കെപ്പതുക്കെ ഇഴഞ്ഞു നടക്കാൻ തുടങ്ങി. ഗൃഹത്തിന്നടുത്തായിത്തന്നെ രണ്ടു നീൎമ്മരുതുവൃക്ഷങ്ങഠം നിന്നിരുന്നു. ഒരു വേരിൽനിന്നു പൊട്ടിമുളച്ചുണ്ടായ രണ്ടു തൈകളാണു്. അതിനാൽ രണ്ടു വൃക്ഷങ്ങളും കൂടിച്ചേൎന്നു നില്ക്കുന്നുണ്ടു്. നടുവിൽക്കൂടെ ഒരു ചെറിയ പഴുതുണ്ടെന്നുമാത്രം. അതിന്നടുക്കലേയ്ക്കാണു് ഭഗവാൻ

ഉരലോടുകൂടി ഇഴഞ്ഞിഴഞ്ഞു ചെന്നതു്. രണ്ടു വൃക്ഷങ്ങ ളുടേയും മദ്ധ്യത്തിലുള്ള പഴുതിൽക്കൂടെ പതുക്കെ താൻ അപ്പുറത്തേയ്ക്കു കടന്നു നടക്കാൻ തുടങ്ങി. അപ്പോഠം പിന്നിലുള്ള ഉരൽ തടഞ്ഞു. ശക്തിയോടുകൂടി വലിച്ച പ്പോഠം ഉരലിൻെറ വലിവുകൊണ്ടു് ആ ജീണ്ണിച്ച വൃക്ഷ ങ്ങഠം രണ്ടും രണ്ടു ഭാഗത്തേയ്ക്കായി മറിഞ്ഞുവീണു. പ ണ്ടു് ഒരു ദിവസം മദ്യപാനം ചെയ്തു ദേവസ്ത്രീകളോടുകൂടി പരിശുദ്ധ തീൎത്ഥമായ ഗംഗാജലത്തിലിറങ്ങി മതിമറന്നു ജലക്രീഡ ചെയ്തുകൊണ്ടിരുന്ന വൈശ്രവണപുത്രന്മാരായ നളകൂബരമണിഗ്രീവന്മാരെ, അവരുടെ അവിവേകവും ധാർഷ്ട്യവും കണ്ടു ശ്രീനാരദമഹൎഷി വൃക്ഷങ്ങളായിത്തി രട്ടെ എന്നു ശപിക്കാനിടയായി. അവരായിരുന്നു മുറി ഞ്ഞുവീണ മരുതുവൃക്ഷങ്ങഠം. പരമേശ്വരദാസ്യവും, വൈ ശ്രവണപുത്രത്വവുമാകുന്ന രണ്ടു പദവികളെക്കൊണ്ടു് അ ത്യന്തം അഹങ്കരിച്ചിരുന്ന അവരെ ഗുണദോഷിച്ചുകൊ ണ്ടാണു് ശ്രീനാരദമഹൎഷി ശപിച്ചിരുന്നതു്. അന്ത്യ ത്തിൽ ഈശ്വരദശ്നം സാധിക്കട്ടെ എന്നനുഗ്രഹിക്കയും ചെയ്തിരുന്നു. വാസ്തവത്തിൽ വൈശ്രവണപുത്രന്മാരായ അവക്കു് ഈശ്വരദശ്നത്തിന്നു വേണ്ടത്ര പാകത വന്നു കഴിഞ്ഞിട്ടുണ്ടെന്നു പറഞ്ഞുകൂടാ. എങ്കിലും പരമഭാഗ വതോത്തമനായ ശ്രീനാരദമഹൎഷിയുടെ വാക്കു മിത്ഥ്യയാ വാൻ വയ്യല്ലോ. അതിനാൽ ആ കൃത്യംകൂടി ഇപ്പോഠം ത്തന്നെ നിൎവ്വഹിച്ചേയ്ക്കാമെന്ന ഉദ്ദേശത്താലായിരുന്നു ഭ ഗവാൻ ആ സന്ദൎഭത്തിൽ ഉരലും വലിച്ചിഴച്ചുകൊണ്ടു മരുതുവൃക്ഷങ്ങളുടെ അടുക്കലേയ്ക്കെഴുനെള്ളിയതു്. മരം മുറിഞ്ഞു വീണതോടെ പുറത്തു വന്ന ദേവന്മാർ ഭഗവാ

നെ നാനാതരത്തിലുള്ള ദിവ്യസ്തോത്രങ്ങളെക്കൊണ്ടു വാഴ്ത്തി സ്തുതിച്ചു. മനസ്സും, കൎമ്മവും ദൂഷിക്കാതിരിക്കാനും, ഭഗവൽഭക്തി വൎദ്ധിക്കാനും അവരപേക്ഷിച്ചു. അതുപ്രകാരം അനുഗ്രഹിച്ച് അവരെ അളകാപുരിയിലേയ്ക്കയയ്ക്കുകയും ചെയ്തു.

മനസ്സും, കൎമ്മവും ദൂഷിച്ചാൽ ആരായാലും അപകടംതന്നെ. ദേവശ്രേഷ്ഠനായ വൈശ്രവണൻെറ പുത്രന്മാരായിട്ടുകൂടി കാൎയ്യമുണ്ടായില്ല; വൃക്ഷയോനിയിലേയ്ക്കു പതിക്കേണ്ടിവന്നു. ലോകത്തെ മുഴുവൻ അനുഗ്രഹിക്കാൻ പ്രാപ്തിയുള്ള ദേവശ്രേഷ്ഠനായിട്ടുകൂടി തന്നെപ്പോലും രക്ഷിക്കാൻ പ്രാപ്തിയില്ലാതെ അധഃപതിക്കേണ്ടിവന്നാലത്തെ അവസ്ഥ എത്ര ദയനീയമാണ്! ഇതൊക്കെ ശ്രീനാരദമഹൎഷി അവരെ ഉൽബോധിപ്പിക്കാതിരുന്നിട്ടുമില്ല. സമ്പത്തും ശക്തിയും മററുള്ളവരെ അനുഗ്രഹിക്കാനുള്ളതാണ്, ഉപദ്രവിക്കാനുള്ളതല്ല. മൃഗീയങ്ങളായ ഹീനകൎമ്മങ്ങളിൽ രസിക്കുന്നവൎക്കു ദേവത്വത്തിന്നെന്തൎഹതയാണുള്ളതു്? സംസ്കാരമാണ് ഒരാളെ ഉയൎത്തുന്നതും, താഴ്ത്തുന്നതും. കൎമ്മശുദ്ധിയും, മഹാമനസ്കതയുമാണ് സംസ്കാരത്തിൻെറ മാനദണ്ഡം. അവയെത്രത്തോളം ദൂഷിക്കുന്നുവോ അത്രത്തോളം ഒരാളുടെ പദവി താഴുന്നു. നിങ്ങൾ വളരെയധികം ദൂഷിച്ചു കഴിഞ്ഞു. ഏകാഗ്രവും, സുദൃഢവുമായ തപോനിഷ്ഠകൊണ്ടേ ഇനി നഷ്ടപ്പെട്ട ശുദ്ധി വീണ്ടെടുക്കാൻ പററു. അതിനാൽ അനങ്ങാൻ പററാത്ത വൃക്ഷയോനിയിൽ ബുദ്ധിപൂൎവ്വകമായ ജീവിതം നിങ്ങൾക്കു തപോനിഷ്ഠയ്ക്കേററവും പററിയതാണ്. അതി

നാൽ ആ നിലയിൽ വളരെക്കാലം തപിച്ച ശുദ്ധിവരു മ്പോഠം ഭഗവൽദശ്നവും സാധിക്കട്ടെ എന്നിങ്ങനെ ഗുണദോഷകഥനത്തോടുകൂടിയായിരുന്നു ശ്രീനാരദമഹഷി ശപിച്ചിട്ടുണ്ടായിരുന്നതു്. അവരെ അപേക്ഷിച്ചേടത്തോളം അതു ശാപമായിരുന്നില്ല, അനുഗ്രഹമായിരുന്നു എന്നു പറയണം. അല്ലെങ്കിൽ സജ്ജനങ്ങഠം ജഗത്തിനെ അനുഗ്രഹിക്കയെല്ലാതെ നിഗ്രഹിക്കാറില്ലല്ലോ.

നളകൂബരമണിഗ്രീവന്മാർ ഭഗവാൻെറ അനുഗ്രഹവും വാങ്ങി അന്തദ്ധാനം ചെയ്തുകഴിഞ്ഞപ്പോഴേയ്ക്കാണു് വൃക്ഷം പൊട്ടിവീണ ശബ്ദകോലാഹലം കേട്ടു പരിഭ്രാന്തരായ ജനങ്ങഠം അവിടേയ്ക്കോടിവന്നതു്. രണ്ടു ഭാഗത്തേയ്ക്കും മറിഞ്ഞുവീണു് കിടക്കുന്ന ജീണ്ണിച്ച മരുതുവൃക്ഷങ്ങളേയും അവയുടെ മദ്ധ്യത്തിൽ ഉരലും വലിച്ചിഴച്ചു നടക്കുന്ന ഭഗവാനേയും കണ്ടപ്പോഠം ആശ്ചയ്യപരതന്ത്രന്മാരായ ആ സ്ത്രീപുരുഷന്മാർ ഇതെങ്ങിനെ സംഭവിച്ചുവെന്നറിവാൻ ഉല്ക്കണ്ഠാകുലരായി അന്വേഷിച്ചു നോക്കി. പക്ഷേ ഈശ്വരൻെറ മഹിമ ആർ എങ്ങിനെ അന്വേഷിച്ചാലാണറിയപ്പെടാൻ പോകുന്നതു്? നന്ദഗോപന്നു ഭയവും, പരിഭ്രമവും, പുത്രൻെറ തല്ക്കാലനില കണ്ടു കൌതുകവും, ആശ്ചയ്യവുമുണ്ടായി. സവ്വോപരി അവക്കീശ്വരനിൽ വിശ്വാസവും, ഭക്തിയും വദ്ധിച്ചു. ഓരോ പുതിയ ആപത്തും ഗോകുലത്തെ മുഴുവൻ വിഴുങ്ങാൻ പാറവുന്നതായിട്ടുകൂടി ഒന്നും പാറാതിരിക്കുന്നതു് ഈശ്വരൻെറ കാരുണ്യവും മഹിമയും തന്നെയാണെന്നവക്കു പൂണ്ണമായറിയാം. അതിനാൽ ഓരോ പുതിയ ആപത്തു നീങ്ങുമ്പോ

ഴും അവർ ഈശ്വരനോടു കൂടുതൽ അടുത്തുകൊണ്ടിരിക്കു ന്നുണ്ടു്. ആ നിലയ്ക്കു് ഈ പുതിയ ആപത്തു് അവരെ യെല്ലാവരേയും ഈശ്വരങ്കലേയ്ക്കു വളരെയധികം അടുപ്പി ച്ചു എന്നു പറയണം. കണ്ടു നിന്നിരുന്ന ചില പിഞ്ചുകു ട്ടികൾ പറഞ്ഞു, കൃഷ്ണൻ ഉരലു വലിച്ചപ്പോൾ കയറി ന്റെ വലിവുകൊണ്ടാണു് ആ രണ്ടു പെരുമരങ്ങൾ മുറി ഞ്ഞുവിണതെന്നു്. അതാരു വിശ്വസിക്കാനാണു്? ന ന്ദഗോപൻ പിന്നെ കൂടുതലൊന്നുമന്വേഷിക്കാതെ ഉണ്ണി യെ കെട്ടഴിച്ചു കൊണ്ടുപോയി. ആപൽശാന്തിക്കായി പല സൽക്കർമ്മങ്ങളും ദാനങ്ങളുമൊക്കെ ചെയ്തു.

### വൃന്ദാവനയാത്ര

അന്നു വൈകുന്നേരം ഗോകുലത്തിലെ പ്രധാനിക ളായ ഗോപന്മാരൊക്കെ നന്ദഗോപരുടെ ഗൃഹത്തിലെ ത്തിച്ചേൎന്നു. മാസത്തിലൊരിക്കൽ പ്രധാനപൌരന്മാ രൊക്കെ ഭരണാധികാരിയുടെ ഗൃഹത്തിൽ സമ്മേളിച്ചു്, ഗ്രാമകാൎയ്യങ്ങളെക്കുറിച്ചു് അദ്ദേഹവുമായി ആലോചന നടത്താറുണ്ടു്. ആ ദിവസമായിരുന്നു അന്നു്. എല്ലാ വരും വന്നുചേൎന്നതിനുശേഷം ഗോകുലത്തിലെ ഭരണാ ധികാരിയും, രാജപ്രതിനിധിയുമായ നന്ദഗോപന്റെ അ ദ്ധ്യക്ഷതയിൽ സമ്മേളനമാരംഭിച്ചു. തുടൎച്ചയായി വന്നു കൊണ്ടിരിക്കുന്ന ആപത്തുകളുടെ അടിസ്ഥാനമായ കാര ണവും, അതിൽനിന്നു രക്ഷപ്പെടാനുള്ള മാൎഗ്ഗവുമാണു് അന്നവൎക്കു് ആലോചിക്കാനുണ്ടായിരുന്ന പ്രധാന വിഷ യം. അതിനെക്കുറിച്ചു പലരും പല അഭിപ്രായങ്ങളും പറഞ്ഞു എങ്കിലും അവയ്യൊന്നും സൎവ്വസമ്മതിയുണ്ടാ

യില്ല. ഗോപന്മാരിൽവെച്ച് ഏററവും വയസ്സുമൂത്ത ഉ
പനന്ദനെന്ന ഗോപവൃദ്ധനാണ് അവസാനം സൎവ്വസമ്മ
തമായ അഭിപ്രായത്തെ ആവിഷ്കരിച്ചതു്. നാമിപ്പോഠം
താമസിച്ചുവരുന്ന സ്ഥലത്തിൻെറ ദോഷംകൊണ്ടാണ്
തുടൎച്ചയായി ആപത്തുകഠം വന്നുകൊണ്ടിരിക്കുന്നതെന്നും,
ഈ സ്ഥലം വിട്ടു താമസിച്ചാൽ മാത്രമേ ആപത്തകലൂ
എന്നുമായിരുന്നു അദ്ദേഹം ആവിഷ്കരിച്ച അഭിപ്രായം.
അതിനുള്ള സ്ഥലവും അദ്ദേഹംതന്നെ നിൎദ്ദേശിച്ചു: 'ഗോ
കുല'ത്തിൽനിന്നധികം ദൂരത്തല്ലാതെ 'വൃന്ദാവന'മെന്ന
ഒരു പ്രദേശമുണ്ടു്. വിശാലമായ മൈതാനം; പശുക്കഠം
ക്കു മേയാൻ ധാരാളം പുല്ലുള്ള ഗോവൎദ്ധനം; സ്വച്ഛനി
ൎമ്മലമായ ജലം പ്രവഹിച്ചുകൊണ്ടിരിക്കുന്ന കാളിന്ദീന
ദി—ഇവയാണവിടുത്തെ പ്രകൃതി. എല്ലാംകൊണ്ടും നമു
ക്കേററവും പററിയ പ്രദേശമാണ്. നമ്മുടെ പശുസമ്പ
ത്തു വളരാനും, നമുക്കു സുഖിക്കാനും ഏററവും പററിയ
പ്രദേശം. അതിനാൽ ഇപ്പോഠംത്തന്നെ നാമെല്ലാവരും
അങ്ങോട്ടു മാറിത്താമസിക്കുന്നപക്ഷം നാളെ മുതൽക്കെ
ങ്കിലും ആപത്തൊഴിഞ്ഞു നിൎഭയരായി കഴിയാമെന്നായി
രുന്നു അദ്ദേഹത്തിൻെറ അഭിപ്രായത്തിൻെറ പൂൎണ്ണരൂ
പം. എല്ലാവൎക്കും അതു വിശ്വാസവും, സമ്മതവുമായി.
അതിനാൽ പിന്നെ അധികമൊന്നും ചിന്തിക്കാതെ അ
പ്പോഠംത്തന്നെ അവരൊക്കെ യാത്രയ്ക്കുള്ള ഒരുക്കങ്ങഠം
ചെയ്യാൻ തുടങ്ങി. സാമാനങ്ങളൊക്കെ കെട്ടി വണ്ടി
യിലാക്കി കുട്ടികളേയും, കുടുംബങ്ങളേയും കൂട്ടി പശുക്ക
ളേയും തെളിച്ച് അവരെല്ലാവരും വൃന്ദാവനത്തിലേയ്ക്കു
യാത്രയായി. നന്ദഗോപനും, അദ്ദേഹത്തിൻെറ കുടുംബ

ങ്ങളുംകൂടി അവരൊന്നിച്ചുതന്നെ യാത്രയായി. അധികം താമസിക്കാതെ ഇരുട്ടാവുന്നതിന്നുമുമ്പുതന്നെ എല്ലാവരും വൃന്ദാവനത്തിലെത്തിച്ചേൎന്നു. വിശാലമായ മൈതാനത്തിൽ അടുത്തടുത്തായി ചെറിയ ചെറിയ കുടീരങ്ങൾ കെട്ടിയുണ്ടാക്കി അന്നു മുതൽക്കുതന്നെ അവിടെ താമസം ആരംഭിച്ചു. പിറേറന്നു പ്രഭാതത്തിൽ ഉണൎന്നെഴുന്നേററു വൃന്ദാവനത്തിൻെറ പുതുമയേറിയ പ്രകൃതിമാധുൎയ്യത്തെ ആസ്വാദിക്കാൻ തുടങ്ങി. ഒരു ഭാഗത്തു തലയുയൎത്തിപ്പിടിച്ചു നില്ക്കുന്ന ഗോവൎദ്ധനപൎവ്വതത്തിൻെറ ഗൌരവവും, മറുഭാഗത്തു കളകളനാദം മുഴക്കി പ്രവഹിച്ചുകൊണ്ടിരിക്കുന്ന കാളിന്ദീനദിയുടെ നൈൎമ്മല്യവും, രണ്ടിൻെറയും മദ്ധ്യത്തിലുള്ള വിശാലമായ മൈതാനവും, ഉന്നതാദൎശങ്ങളോടുകൂടിയ നിൎമ്മലവും, വിശാലവുമായ അവരുടെ അന്തഃകരണത്തിൻെറ ബഹിഃസ്ഫുരണമോ എന്നു തോന്നുമാറു വിളങ്ങി. കാട്ടുപൂക്കളും, കായ്കനികളും നിറഞ്ഞുനില്ക്കുന്ന കുററിക്കാടുകളും, മന്ദമാരുതനിൽ ഊഞ്ഞാലാടിക്കൊണ്ടിരിക്കുന്ന വള്ളിക്കുടിലുകളും, സ്വച്ഛന്ദം വിഹരിച്ചുകൊണ്ടിരിക്കുന്ന മാനുകളും, മയിലുകളും എല്ലാം ആ പ്രദേശത്തിൻെറ പ്രകൃതിലാവണ്യത്തേയും, മാഹാത്മ്യത്തേയും വെളിപ്പെടുത്തുകയും, അവരുടെ മനസ്സിനെ കുളിപ്പിക്കുകയും ചെയ്തു.

### വത്സാസുരവധവും, ബകാസുരവധവും.

അന്നുമുതൽക്കു ഭഗവാൻ ബലരാമനോടും, സമപ്രായക്കാരായ മററു ഗോപക്കുട്ടികളോടുംകൂടി ഗ്രാമത്തിന്നടുത്തുതന്നെ പച്ചപ്പുല്ലുള്ള മൈതാനപ്രദേശങ്ങളിൽക്കൂ

ടെ ചുററിസ്സഞ്ചരിച്ച പശുക്കുട്ടികളെ മേയ്ക്കാൻ തുടങ്ങി. ഗൃഹത്തിൽനിന്നധികം ദൂരത്തല്ലാത്തതുകൊണ്ടും, നിരന്ന മൈതാനപ്രദേശമായതുകൊണ്ടും, കുട്ടികഠം ധാരാളമുണ്ടായിരുന്നതുകൊണ്ടും, പശുക്കുട്ടികഠംക്കു സ്ഥലത്തിൻെറ പുതുമകൊണ്ടു പുല്ലുള്ള സ്ഥലം തിരിച്ചറിയാത്തതുകൊണ്ടും അമ്മമാർ അതിനനുവദിച്ചു. അന്നുതന്നെ അത്ഭുതകരങ്ങളായ ചില സംഭവങ്ങഠം ഉണ്ടാകയും ചെയ്തു. മരിച്ച പൂതനയുടെ സഹോദരന്മാരായ 'വത്സ'നെന്നും, 'ബക'നെന്നും പേരുള്ള രണ്ടസുരന്മാർ ബാലഹത്യാസംഘത്തിൽ കംസനാൽ നിയമിതന്മാരായിരുന്നു. അവർ പല സ്ഥലങ്ങളിലും ചുററിനടന്നു പല കുട്ടികളേയും കൊന്നവരുമാണു്. വൃന്ദാവനത്തിലും കുറെ കുട്ടികളൊക്കെയുണ്ടെന്നറിഞ്ഞു് അവിടെയ്യെത്തിയതായിരുന്നു അന്നു്. കൂട്ടംകൂട്ടമായി കുട്ടികഠം അങ്ങിങ്ങു കളിക്കുന്നതു കണ്ടപ്പോഠം അവക്കു ബഹുരസം തോന്നി. അന്വേഷണത്തിൽനിന്നു രാമകൃഷ്ണന്മാർ അസാധാരണബാലന്മാരാണെന്നും, കൃഷ്ണനാണു് പൂതനയെ കൊന്നതെന്നും കേട്ടപ്പോഠം ആ ദുഷ്ടന്മാക്കു ഭഗവാനോടു് ഈൎഷ്യയും, തങ്ങളന്വേഷിക്കുന്ന കുട്ടിയെ കണ്ടുകിട്ടിയെന്ന കൃതാത്ഥതയുമുണ്ടായി. രണ്ടാളും വേർപിരിഞ്ഞു രണ്ടു ഭാഗത്തായി നിന്നു. അനന്തരം ഏററവും നയജ്ഞനായ വത്സാസുരൻ ഒരു ചെറിയ പശുക്കുട്ടിയുടെ വടിവായ്ത്തീൎന്നു ഭഗവാൻെറ പശുക്കുട്ടികളുടെ സംഘത്തിൽ കൂടിച്ചേൎന്നു് ഏററവും സമത്ഥമായ രീതിയിൽ ഒരാളും അറിയാനിടവരാതെ ആ പശുക്കുട്ടികളുടെ കൂട്ടത്തിലൊന്നെന്നുതന്നെ തോന്നാവുന്ന രീതിയിൽ അവരോടുകൂടി പുല്ലു തിന്നാൻ

തുടങ്ങി. പക്ഷേ സർവ്വജ്ഞനും, സർവ്വാന്തര്യാമിയുമായ ഭ
ഗവാൻെറ കണ്ണു മറയ്ക്കാൻ ആൎക്കു കഴിയും? അവൻെറ
എല്ലാ ചേഷ്ടകളേയും നോക്കിക്കണ്ടു രസിക്കുന്ന ഭഗവാ
നാകട്ടെ കുറച്ചു കഴിഞ്ഞപ്പോ⊙ ബലരാമനെ വിളിച്ചു
വന്നുചേൎന്ന പുതിയ പശുക്കുട്ടിയെ കാണിച്ചുകൊടുത്തു.
അനന്തരം പതുക്കെ പിന്നിൽക്കൂടെ ചെന്നു വത്സാസുര
നാകുന്ന പശുക്കുട്ടിയുടെ പിൻകാലുക⊙ രണ്ടും പിടിച്ചു
പൊക്കി ഒരു വലിയ വൃക്ഷത്തിന്മേൽ ആഞ്ഞൊരടികൊ
ടുത്തു. അസുരൻ അതോടെ മരിച്ചു. വൃക്ഷം കുലുങ്ങി;
ഇലയും പൂവും കൊഴിഞ്ഞു. പശുക്കുട്ടി മരിച്ചുവീണ
പ്പോഴെയ്ക്കു് ഒരു വലിയ അസുരൻെറ ആകൃതിയായ്ത്തീ
ൎന്നു. കുട്ടികളൊക്കെ കൃഷ്ണൻെറ നാലുഭാഗവും വന്നുനി
ന്നാൎത്തുവിളിച്ചു. ദേവന്മാർ സന്തോഷസൂചകമായി ഭഗ
വാൻെറ ശിരസ്സിൽ ദിവ്യപുഷ്പങ്ങളെ വൎഷിച്ചു. ഉച്ചതി
രിഞ്ഞു വെയിലിൻെറ ചൂടു ശമിച്ചപ്പോ⊙ വെള്ളം കുടി
ക്കാനായി പശുക്കുട്ടികളെയൊക്കെ അടുത്തുള്ളൊരു പൊ
യ്കയിലേയ്ക്കാട്ടിത്തെളിച്ചു കൊണ്ടുപോയി. കുളത്തിൻെറ
കരയ്ക്കെത്തിയപ്പോ⊙ അവിടെ വിചിത്രമായൊരു സത്വ
ത്തെ കണ്ടു. ബകാസുരൻ വലിയൊരു കൊററിയുടെ ആ
കൃതിയിൽ അവിടെ വന്നു കുട്ടികളെ കാത്തിരിക്കയാണു്.
എല്ലാം അറിയുന്ന ഭഗവാൻെറ പ്രജ്ഞയ്ക്കു ബകാസുര
ൻെറ സങ്കല്പങ്ങളും അഗോചരമല്ലല്ലോ. എന്നാൽ മ
ററുള്ളവൎക്കൊന്നും കാൎയ്യം മനസ്സിലായില്ല. ആശ്ചൎയ്യം
കൊണ്ടും ഭയംകൊണ്ടും അവർ സ്തബ്ധരായിരിക്കയാണു്.
ഭഗവാൻ എല്ലാവരും കാണ്കെ ആശ്ചൎയ്യഭാവത്തോടെ
കൊററിയുടെ മുന്നിലേയ്ക്കു ചെന്നു. ബകാസുരനു വള

രെ സന്തോഷമായി. ഭഗവാനെയാണല്ലോ അവൻ പ
തിയിരിക്കുന്നതു്. കുട്ടികളുടെ ഇടയിൽനിന്നു തന്റെ
ഇരയെ ഒററയ്ക്കു വേർതിരിച്ചുകിട്ടിയപ്പോൾ അവനേററ
വും സന്തോഷത്തോടും, ചാരിതാൎത്ഥ്യത്തോടുംകൂടി അരി
കിലേയ്ക്കു നീങ്ങിനീങ്ങി തന്റെ വലിയ കൊക്കു പിളൎന്നു
ഭഗവാനെ കൊത്തി. വായിലായപ്പോഴെയ്ക്കു് അഗ്നിപി
ണ്ഡത്തെ വിഴുങ്ങിയാലെന്നപോലെ വായ് മുഴുവൻ പൊ
ള്ളാനും, ദേഹം ചുട്ടുനീറാനും തുടങ്ങി. അസഹ്യമായ
സന്താപം സഹിക്കാൻ കഴിയാതെ വേഗം പുറത്തേയ്ക്കുത
ന്നെ തുപ്പി. നിലത്തു വീണ ഉടനെ ഭഗവാനെഴുന്നേററു്
അവന്റെ രണ്ടു കൊക്കുകളും തന്റെ രണ്ടു കുഞ്ഞിക്കൈ
കളെക്കൊണ്ടു പിടിച്ചു നേരെ നടുവിൽക്കൂടെ വലിച്ചുചീ
ന്തി. വത്സാസുരന്റെ മാതിരിതന്നെ ചത്തുകഴിഞ്ഞ
പ്പോഴെയ്ക്കു കൊററിയുടെ ആകൃതി മാറി ഒരു വലിയ അ
സുരന്റെ ആകൃതിയായിത്തീൎന്നു. ഗോപക്കുട്ടികൾ ഇതും
കൂടി കണ്ടപ്പോഴെയ്ക്കു് ആശ്ചൎയ്യപരതന്ത്രന്മാരായി. കൃ
ഷ്ണൻ തങ്ങളെപ്പോലെയല്ലെന്നും, അസാധാരണമായ ശ
ക്തിയുണ്ടെന്നും, ആരൊക്കെ തങ്ങളെ ഉപദ്രവിക്കാൻ വ
ന്നാലും, അവരിൽനിന്നൊക്കെ രക്ഷിക്കാൻ കൃഷ്ണൻ മതി
യെന്നും അവൎക്കു ബോദ്ധ്യമായി. എല്ലാവൎക്കും കൃഷ്ണനോ
ടു മമതയും, സ്നേഹവും, ബഹുമാനവും വൎദ്ധിച്ചു. അ
വർ കൃഷ്ണനെ പുകഴ്ത്തി. സന്തോഷംകൊണ്ടു മതിമറന്നു്
ആൎത്തുവിളിച്ചു. വൈകുന്നേരമായി. എല്ലാവരും പശു
ക്കുട്ടികളെയും തെളിച്ചുകൊണ്ടു വീട്ടിലേയ്ക്കു പുറപ്പെട്ടു.
അന്നത്തെ അത്ഭുതകൃത്യങ്ങളെ മററുള്ളവരെ അറിയിക്കാ

നുള്ള ബദ്ധപ്പാടുകൊണ്ടു 'ഞാൻ മുമ്പെ ഞാൻ മുമ്പെ' എന്ന നിലയിൽ അവർ തിരക്കിട്ടു പോവാൻ തുടങ്ങി. രാവിലെ കുറച്ചാഹാരവും കഴിച്ചു പശുക്കുട്ടികളെ മേയ്ക്കാൻ പോയ തങ്ങടെ കുട്ടികളെയും, സർവ്വോപരി കൃഷ്ണനെയും കാണാനുള്ള ബദ്ധപ്പാടോടുകൂടി അമ്മമാർ ദൂരത്തേയ്ക്കു നോക്കി കാത്തു നില്ക്കുന്നു. സായന്തനാക്കൻെറ പൊങ്കതിരുകൾ ഗോപവാടത്തെ മന്ദമന്ദം തടവി യാത്ര പറകയാണു്. ക്ഷമ നശിച്ച അമ്മമാർ നാലുഭാഗത്തേയ്ക്കും നോക്കാൻ തുടങ്ങി. ആയിരക്കണക്കിലുള്ള പശുക്കുട്ടികളുടെ സംഘത്തെ ആട്ടിത്തെളിച്ചു്, പൊടി പറപ്പിച്ചു പാട്ടു പാടിയും, ഉച്ചത്തിൽ കൂക്കിവിളിച്ചും, കൊമ്പും, കുഴലും ശബ്ദിപ്പിച്ചുംകൊണ്ടു് ആ ബാലസംഘം രാമകൃഷ്ണന്മാരാകുന്ന നേതാക്കളെ മുൻനടത്തിക്കൊണ്ടു് അമ്മമാരുടെ കണ്ണുകൾക്കമൃതവൎഷം ചെയ്തുകൊണ്ടു പതുക്കെ എത്തിച്ചേൎന്നു. അമ്മമാർ അവരവരുടെ മക്കളെ വാരിയെടുത്താശ്ലേഷിച്ചു കൊണ്ടുപോയി കുളിപ്പിക്കാനും, ആഹാരം കൊടുക്കാനും ധൃതികൂട്ടിയെങ്കിലും കുട്ടികൾക്കതിനൊന്നിനുമല്ല ബദ്ധപ്പാടു്. അവൎക്കു പല വൎത്തമാനങ്ങളും അമ്മമാരെ കേൾപ്പിക്കാനുണ്ടു്. അതിനുള്ള ബദ്ധപ്പാടാണവൎക്കു്. അന്നു ഭഗവാൻ വത്സാസുരനേയും, ബകാസുരനേയും കൊന്ന സമ്പ്രദായവും, അവരുടെ വലിപ്പവും ശക്തിയും, കൃഷ്ണൻെറ സാമൎത്ഥ്യവും, കൃഷ്ണനില്ലായിരുന്നെങ്കിൽ വന്നുചേരാമായിരുന്ന വിപത്തിൻെറ നിലയും ഒക്കെ അവർ ആശ്ചൎയ്യത്തോടും, ചമല്ക്കാരത്തോടുംകൂടി അമ്മമാരെ പറഞ്ഞു ധരിപ്പിച്ചു. അല്പസമയം

കൊണ്ടു വൎത്തമാനം ഗോപവാടത്തിലുള്ള എല്ലാവരും അറിഞ്ഞു. ചിലർ ഭഗവാൻ കൊന്ന അസുരന്മാരുടെ ശവശരീരത്തെ കാണാൻ കൌതുകത്തോടെ പോയി നോക്കി. പൎവ്വതാകാരമായ അസുരശരീരങ്ങൾ കണ്ടു് അവരിൽ ഭയവും, അത്ഭുതവും വളൎന്നു. അവരും മടങ്ങി വന്നു കണ്ട കാഴ്ചയെ വൎണ്ണിച്ചു പറഞ്ഞു. കൃഷ്ണൻെറ അസാമാന്യമായ പ്രഭാവവും, ശക്തിയും, അസാധാരണമായ ധീരതയും അവരെ വീണ്ടും വീണ്ടും ആശ്ചൎയ്യപ്പെടുത്തി. രാമകൃഷ്ണന്മാർ കേവലം മനുഷ്യക്കുട്ടികളല്ലെന്ന അവരുടെ അഭിപ്രായം ഒന്നുകൂടി ബലപ്പെട്ടു. മനുഷ്യക്കുട്ടികളല്ലെങ്കിലും ഈശ്വരാവതാരമാണെന്നവൎക്കു ബോധിക്കാൻ കഴിഞ്ഞിട്ടില്ല. എങ്കിലും മനുഷ്യരല്ലെന്നു ബോദ്ധ്യം വന്നുകഴിഞ്ഞിരിക്കുന്നു. വല്ല ദേവന്മാരുടേയോ ഋഷികളുടേയോ അവതാരമായിരിക്കാമെന്നു തോന്നീട്ടുണ്ടു്. കാരണം കൂടാതെ ഉണ്ടായി വളൎന്ന ഒരു ദിവ്യപ്രേമം രാമകൃഷ്ണന്മാരെ സംബന്ധിച്ചു് അവരിൽ ഓരോരുത്തരുടേയും ഹൃദയത്തിൽ നിറഞ്ഞു കഴിഞ്ഞിരിക്കുന്നു. അതിനാൽ ഒരു നിമിഷമെങ്കിലും കൃഷ്ണനെ കാണാതേയോ മറന്നോ അവൎക്കാൎക്കും കഴിച്ചുകൂട്ടാൻ വയ്യെന്നായി. കൃഷ്ണൻെറ ഈ അത്ഭുതകൃത്യം അവരെയെല്ലാവരേയും അത്ഭുതത്തിൻെറ അടിത്തട്ടിൽ ലയിച്ചാഴ്ത്തിയിരിക്കയാണു്. ആപൽശങ്കകൊണ്ടു നന്ദനും, യശോദയും അപ്പോഴും പല സൽക്കൎമ്മങ്ങളും ദാനങ്ങളും നടത്തി. ആപത്തകലാനും, ഉണ്ണികൾക്കു ദീൎഘായുസ്സും, സുഖസമാധാനങ്ങളുമുണ്ടാവാനും പല പ്രകാരത്തിൽ ഭഗവാനെ പ്രാൎത്ഥിക്കുകയും ചെയ്തു. വിശേഷ

സംഭവങ്ങളൊന്നുമില്ലാതെ പിന്നേയും കുറച്ചു ദിവസം കഴിഞ്ഞു.

## അഘാസുരവധവും, വത്സസ്തേയവും

എല്ലാ ദിവസവും പ്രഭാതത്തിൽ നിത്യകൃത്യങ്ങളൊക്കെക്കഴിഞ്ഞാൽ ഭഗവാൻ ബലരാമനോടും മററസംഖ്യം ഗോപക്കുട്ടികളോടുംകൂടി പശുക്കുട്ടികളെ മേയ്ക്കാൻ പോവുക എന്ന സമ്പ്രദായം പതിവായിത്തീൎന്നു എല്ലാ ദിവസവും ഒരേ സ്ഥലത്തേയ്ക്കുതന്നെ പോയാൽ പുല്ലുണ്ടാവാൻ വയ്യല്ലോ അതിനാൽ ഓരോ ദിവസം ഓരോ സ്ഥലത്തേയ്ക്കായി അവരുടെ യാത്ര. ചിലപ്പോഠം ഗ്രാമത്തിൻെറ സമീപപ്രദേശങ്ങൾതന്നെയായിരിക്കും; മററു ചിലപ്പോഠം ഗ്രാമത്തിൽനിന്നു വളരെ ദൂരത്തായിരിക്കും അവരുടെ വിഹാരകേന്ദ്രം. ചിലപ്പോഠം നിരപ്പുള്ള മൈതാനപ്രദേശങ്ങളും പുഴവക്കുമായിരിക്കും അവരുടെ മേച്ചിൽസ്ഥലം മററു ചിലപ്പോഠം കുന്നിൻപള്ളകളും, വനാന്തഭാഗങ്ങളുമായിരിക്കും. വേറെ ചിലപ്പോഠം പൎവ്വതപരിസരവും, ഗുഹാന്തഭാഗങ്ങളുമായിരിക്കും. ഏതായാലും ഒരു ദിവസമെങ്കിലും ഒഴിവില്ലാതെ എല്ലാ ദിവസവും പ്രഭാതമായാൽ കുട്ടികളൊക്കെ പുറപ്പാടായി. അമൃതസ്വരൂപനായ ഈശ്വരൻെറ നിത്യസാഹചൎയ്യത്തെ അവരറിയാതെയാണനുഭവിക്കുന്നതെങ്കിലും, അതിൻെറ മഹിമ ഉണ്ടാവാതിരിക്കാൻ വയ്യല്ലോ. മനുഷ്യക്കുട്ടികഠം മാത്രമല്ല, പശുക്കുട്ടികളും കാട്ടിൽ പതിവായി കാണാവുള്ള പക്ഷിമൃഗാദികഠംപോലും ആകൎഷിക്കപ്പെട്ടു. സുകൃതനിധികളായ ആ ഗോപക്കുട്ടികഠംക്കു് ഒരു ദിവസമെങ്കിലും കൃ

ഷ്ണനെ പിരിഞ്ഞിരിക്കാനോ കൃഷ്ണനോടു കൂടിച്ചേൎന്നു കളി ക്കാതെ കഴിച്ചുകൂട്ടാനോ വയ്യെന്നായി. പശുക്കുട്ടികളിൽ പ്പോലും ഈ അവസ്ഥ കാണാൻ തുടങ്ങി. അതിനാൽ പ്രഭാതമാവുമ്പോഴേയ്ക്കുതന്നെ ഗോപക്കുട്ടികൾ ഉണൎന്നെ ഴുനേററു് അവരുടെ നിത്യകൃത്യങ്ങളൊക്കെ കഴിച്ചു് ഉ ത്സാഹത്തോടും, ബദ്ധപ്പാടോടുംകൂടി ഭഗവാനെ കാത്തു നില്ക്കും പശുക്കുട്ടികൾകൂടി അങ്ങിനെ ചെയ്യും. ഓട ക്കുഴലും, കൊമ്പും, വടിയും ആണു് എല്ലാവൎക്കും കയ്യിലു ള്ള ഉപകരണങ്ങൾ. കൊമ്പുകൊണ്ടു ശ്രുതിപിടിച്ചും, ഓടക്കുഴലിൽക്കൂടെ മനോഹരമായ ഗാനമാലപിച്ചും, ആ ൎത്തുവിളിച്ചും പലതരത്തിലുള്ള ശബ്ദങ്ങൾ പുറപ്പെടിച്ചും, ഉത്സാഹഭരിതങ്ങളായ വത്സങ്ങളെ തെളിച്ചുകൊണ്ടു കൃ ഷ്ണൻെറ നാലുഭാഗവും ചേൎന്നു് എല്ലാം മറന്നു് ആവേശ ഭരിതരായ്ക്കൊണ്ടുള്ള അവരുടെ യാത്ര അമ്മമാരും മററു ള്ളവരും കണ്ണിൽനിന്നു മറയുന്നവരെ ആനന്ദത്തോടെ നോക്കിനില്ക്കും. അങ്ങിനെതന്നെ വൈകുന്നേരം അവ രുടെ വരവിനേയും കാണാൻ കൌതുകത്തോടുകൂടി കാത്തു നില്ക്കും. ക്രമേണ കൃഷ്ണനെ പിരിഞ്ഞിരിക്കാൻ ഗോപ വാടത്തിലുള്ള ആൎക്കും ശക്തിയില്ലെന്നായി. അത്രമാത്രം ഭഗവാൻ അവരെ എല്ലാവരേയും തന്നിലേയ്ക്കാകൎഷിച്ചു. ഭഗവാനോടടുക്കുംതോറും അവരുടെ ജീവിതം ഉയരാനും തുടങ്ങി. അതു കാരണത്താൽ പ്രാകൃതന്മാരായിരുന്ന അ വിടുത്തെ ഗോപന്മാരും, ഗോപികളും ഋഷികളാൽക്കൂടി മാനിക്കപ്പെടാനും തുടങ്ങി.

അങ്ങിനെ കഴിഞ്ഞുവരുമ്പോൾ ഒരു ദിവസം ഭഗ വാൻ കുട്ടികളോടൊക്കെ പറഞ്ഞു: “നാളെ നമുക്കു കാട്ടി

ലിരുന്നു് എല്ലാവക്കുംകൂടി ആഹാരം കഴിക്കണം. അതിന്നു വേണ്ടുന്ന ആഹാരപദാത്ഥങ്ങൾ രാവിലെ ഗൃഹത്തിൽനിന്നു പോരുമ്പോൾ കൊണ്ടുവരണ’’മെന്നു്. അതെല്ലാവക്കും വളരെ ഇഷ്ടമായി. അതുപ്രകാരം അന്നു വൈകുന്നേരംതന്നെ ഓരോരുത്തരും അവരവരുടെ അമ്മമാരോടു പറഞ്ഞു, ‘നാളെ രാവിലെ പോവുമ്പോൾ എന്തെങ്കിലും ആഹാരപദാത്ഥം പൊതിഞ്ഞുതരണ’മെന്നു്. എല്ലാ അമ്മമാരും പിറേറ ദിവസം ഏററവും പ്രഭാതത്തിൽത്തന്നെ ആഹാരം പാകംചെയ്തു തങ്ങടെ കുട്ടികൾക്കു് അപ്പോൾ വേണ്ടതു കഴിക്കാൻ കൊടുത്തു് ഉച്ചയ്ക്കു കഴിക്കാനുള്ളതു് ഇലയിൽ പൊതിഞ്ഞു കെട്ടി ചെറിയ ഉറിയിൽ വെച്ചുകൊടുത്തു. പതിവായി കാട്ടിലേയ്ക്കു പുറപ്പെടാറുള്ള സമയത്തു് എല്ലാ കുട്ടികളും ആഹാരം കഴിച്ചു പതിവായി കരുതാറുള്ള ഉപകരണങ്ങൾക്കുപുറമെ മദ്ധ്യാഹ്നത്തിൽ കഴിക്കാനുള്ള ആഹാരത്തിൻെറ പൊതികൂടെ കയ്യിലെടുത്തുകൊണ്ടു പറപ്പെട്ടു. നോക്കിക്കൊണ്ടു നില്ക്കുന്ന അമ്മമാരുടെ കൌതുകത്തോടുകൂടിയ കടാക്ഷങ്ങളാൽ അനുയാനം ചെയ്യപ്പെട്ടുകൊണ്ടു് ആ ബാലസംഘം പതുക്കെ ഗ്രാമത്തിൽനിന്നകന്നകന്നു ദൃഷ്ടിയിൽ നിന്നു മറഞ്ഞു. ആടിയും, പാടിയും, കൊമ്പുവിളിച്ചും, കുഴലിൽക്കൂടെ പാടിയും, പല ജീവികളെ അനുകരിച്ചു ചേഷ്ടിച്ചും, ശബ്ദിച്ചും ഉത്സാഹഭരിതരായ കുട്ടികൾ കാട്ടിലെത്തി പശുക്കുട്ടികളെ പുല്ലുമേയാൻ വിട്ടശേഷം കളിക്കാനുള്ള സ്ഥലം തിരഞ്ഞെടുത്തു. അതുവരെ പോയിട്ടില്ലാത്ത ഒരു പുതിയ സ്ഥലത്തായിരുന്നു അന്നവരെ

ത്തിച്ചേൎന്നതു്. അവിടുത്തെ മനോഹരമായ പ്രകൃതിയും പരിസരവും അവൎക്കു വളരെ ഹൃദ്യമായി തോന്നി. കാട്ടു വൃക്ഷങ്ങളെക്കൊണ്ടും, കുററിക്കാടുകളെക്കൊണ്ടും മനോഹരവും, വിശാലവുമായ ഒരു കുന്നിൻചെരുവിൽ അവർ കളിക്കാൻ തുടങ്ങി. കുട്ടികളെക്കൊല്ലാൻവേണ്ടി കംസനാൽ നിയുക്തമായ സംഘത്തിലെ മറെറാരു പ്രമാണിയായ അഘാസുരനെന്ന ശിശുഘാതകൻ അപ്പോഠം അവിടെ എത്തിച്ചേൎന്നു ആനന്ദമത്തന്മാരായ കുട്ടികളുടെ ഉത്സാഹത്തോടുകൂടിയ ലീലാവിലാസം കണ്ടു തന്നെത്താൻ മറന്നു് ആ അസുരൻ കുറേനേരം നോക്കിനിന്നു. രാമകൃഷ്ണന്മാരെ തിരിച്ചറിഞ്ഞു് അവരിൽ അഘാസുരൻെറ പ്രത്യേക ദൃഷ്ടി പതിയാതിരുന്നില്ല. ആ രണ്ടു കുട്ടികളെ എങ്ങനെയും കൊല്ലണമെന്ന അവൻെറ നിശ്ചയം ബലപ്പെടുകയും ചെയ്തു എന്തു രൂപത്തിലാണവരെ സമീപിക്കേണ്ടതെന്നാലോചിച്ചാലോചിച്ചു് ഒടുവിൽ പെരുമ്പാമ്പാവാൻ തീൎച്ചപ്പെടുത്തി കുട്ടികഠം നില്ക്കുന്നിടത്തുനിന്നധികം ദൂരത്തല്ലാതെ ഒരു വലിയ പെരുമ്പാമ്പിൻെറ വടിവായിച്ചമഞ്ഞു വലിയ വായും പിളൎന്നുകൊണ്ടങ്ങിനെ കിടന്നു. അങ്ങിങ്ങു് ഓടിക്കളിച്ചുകൊണ്ടിരുന്ന കുട്ടികഠം അഘാസുരൻെറ പിളൎന്ന വായ കണ്ടപ്പോഠം ആ കുന്നിൻചെരുവിലുള്ള ഒരു വലിയ ഗുഹയാണെന്നുതന്നെ തീൎച്ചപ്പെടുത്തി. അതിനാൽ ആ ഗുഹയുടെ ഉള്ളിൽ പോയി കളിക്കാനുള്ള കൌതുകത്തോടെ എല്ലാവരും ഒന്നിച്ചു ഗുഹയിലേയ്ക്കോടിക്കടന്നു. പാവം! ആ സാധുക്കുട്ടികളെന്തറിഞ്ഞു? മൃത്യുവിൻെറ വക്ത്രത്തിലേയ്ക്കാണു് തങ്ങഠം കുതിച്ചുപായുന്നതെന്നവരറിഞ്ഞിട്ടില്ല. ഭഗവാൻ

മാത്രം പുറത്തും ബാക്കി എല്ലാ കുട്ടികളും അഘാസുരന്റെ വയററിന്നുള്ളിലുമായ്ക്കഴിഞ്ഞു. എല്ലാം അറിയുന്ന സര്വ്വജ്ഞനാണു് ഭഗവാനെങ്കിലും ഒന്നും അറിയാത്ത ഭാവത്തെ അഭിനയിച്ചുകൊണ്ടു് അവസാനം താനും, ആ കുട്ടികളെ രക്ഷിക്കാനും അഘാസുരനെ ശിക്ഷിക്കാനും വേണ്ടി അവന്റെ വായ്ക്കുള്ളിൽ പ്രവേശിച്ചു. ഭഗവാൻ കൂടെ വായ്ക്കുള്ളിലായി എന്നറിഞ്ഞതോടെ സംതൃപ്തനായ അഘാസുരൻ പതുക്കെ വായ പൂട്ടി. ഇതു കണ്ടതോടെ ദേവന്മാരും ഋഷികളും പരിഭ്രമിച്ചു. എന്നാൽ ഭഗവാനാകട്ടെ അല്പംപോലും പരിഭ്രമമുണ്ടായില്ല. അഘാസുരന്റെ വായിലെത്തിയ ഭഗവാൻ അവിടെവെച്ചു തന്റെ ശരീരത്തെ വലുതാക്കാൻ തുടങ്ങി. വലുതായി വലുതായി അഘാസുരന്റെ വായിൽ കൊള്ളാതായി. അസുരന്റെ ശരീരത്തിലെ സകല ദ്വാരങ്ങളുമടഞ്ഞു ശ്വാസംപോലും പോവാതായി. കണ്ണു തുറിച്ചു, ദേഹം മുഴുവൻ തളർന്നു അവസാനം ശിരസ്സു പൊട്ടി. ആ ദ്വാരത്തിൽക്കൂടെ ഭഗവാൻ തന്റെ ചങ്ങാതിക്കുട്ടികളേയും കൊണ്ടു പുറത്തു വരികയും ചെയ്തു. ദേവന്മാർ പുഷ്പവർഷം ചെയ്തു. പെരുമ്പറനാദം മുഴക്കി. അഘാസുരന്റെ ഭാഗ്യത്തേയും, ഭഗവാന്റെ മഹിമയേയും വാഴ്ത്തി. എല്ലാം കഴിഞ്ഞപ്പോഴാണു് കുട്ടികളുടെ പ്രജ്ഞയുണർന്നതു്. എങ്കിലും എന്തൊക്കെയോ സംഭവിച്ചു എന്നറിഞ്ഞു് ആശ്ചര്യപ്പെട്ടു.

മരണം ആസന്നമായിത്തീരുമ്പോൾ മറെറല്ലാം നിങ്ങി ശരീരത്തിന്നുള്ളിൽ ഈശ്വരൻ നിറയുക; എല്ലാ

ദ്വാരങ്ങളുമടഞ്ഞു ശിരസ്സു പൊട്ടി മരിക്കാനിടയായിത്തീരുക എന്നതെത്ര വലിയ ഭാഗ്യമാണ്! യോഗികൾക്കുകൂടെ അങ്ങനെ തികച്ചും സാധിക്കാറുണ്ടോ എന്നു സംശയമാണ്. എന്നാൽ അതാണല്ലോ ഇവിടെ അഘാസുരനു സാധിച്ചതു്. അതാണ് ദേവന്മാർ ആ അസുരൻെറ ഭാഗ്യത്തെ വാഴ്ത്തിയതും. മരണം അടുത്തപ്പോൾ അവൻ ഭഗവാനേയും അവിടുത്തെ വിഭൂതികളാകുന്ന കുട്ടികളേയും വിഴുങ്ങി. മാത്രമല്ല, വിഴുങ്ങപ്പെട്ട ഭഗവൽച്ചൈതന്യം വളൎന്നുവളൎന്ന് അവൻെറ ശരീരാന്തൎഭാഗത്തു മുഴുവൻ നിറഞ്ഞു. ഈശ്വരചൈതന്യമല്ലാതെ മറ്റൊന്നുമില്ലാതായി. ക്രമേണ ഇന്ദ്രിയദ്വാരങ്ങളൊക്കെ അടഞ്ഞു. പരഗതിക്കുള്ള മാൎഗ്ഗമായ ശിരസ്സു പൊട്ടി അഘാസുരനാകുന്ന ജീവൻ ഈശ്വരനോടു ചേൎന്നു ശരീരത്തെ വിട്ടു. ഇങ്ങനെയാണല്ലോ അഘാസുരൻെറ നിൎവ്വാണം സംഭവിച്ചതു്. അസാധാരണവും, അത്ഭുതകരവുമായ ഈ ശരീരത്യാഗത്തെ കണ്ടാണ് ദേവന്മാർ അഘാസുരനെ വാഴ്ത്തുകയും, അവൻെറ ശവശരീരത്തിൽപ്പോലും പുഷ്പം അൎച്ചിക്കുകയും ചെയ്തതു്. ഇതൊന്നും അറിയാതിരുന്ന ഗോപക്കുട്ടികളാകട്ടേ ഏതോ ഒരു വലിയ അസുരൻ തങ്ങളെയൊക്കെ വിഴുങ്ങിക്കൊല്ലാൻ വന്നുവെന്നും, കൃഷ്ണൻ അവനെ കൊന്നുവെന്നും മാത്രം മനസ്സിലാക്കി. ഈ കോലാഹലങ്ങളൊക്കെ കഴിഞ്ഞപ്പോഴയ്ക്കു നേരം നട്ടുച്ചയായി. വെയിലിൻെറ ചൂടുകൊണ്ടും, കളിയുടെ ക്ഷീണംകൊണ്ടും കുട്ടികളൊക്കെ തളൎന്നിരുന്നു. അതിനാൽ എല്ലാവരുംകൂടി പശുക്കുട്ടികളെ തണലുള്ള സ്ഥലത്താക്കി അവരവരുടെ ആഹാരപ്പൊതിയുമെടുത്തു് ആഹാരം കഴിക്കാൻ ഒ

ങ്ങി. യമുനാനദിയിലിറങ്ങി ശരീരശുദ്ധി വരുത്തി, കാട്ടിൽനിന്നു വലിപ്പമുള്ള ഇലകൾ പൊട്ടിച്ചുകൊണ്ടുവന്നു വൃക്ഷങ്ങളുടെ നിഴലിൽ എല്ലാവരും ആഹാരം കഴിക്കാനിരുന്നു. എല്ലാവക്കും കൃഷ്ണന്റെ അടുത്തിരുന്നാൽ കൊള്ളാമെന്നു മോഹമുണ്ടു്. പക്ഷേ എല്ലാവക്കുംകൂടി കൃഷ്ണന്റെ അടുത്തിരിക്കാൻ എങ്ങനെ സാധിക്കും? അതിനും ഭഗവാൻതന്നെ യുക്തി പറഞ്ഞുകൊടുത്തു. ഭഗവാൻ നേരെ മദ്ധ്യത്തിൽ നിന്നും മറെറല്ലാവരും ഭഗവാന്റെ ചുററുപാടും വൃത്താകാരേണ ഇരുന്നും ആഹാരം കഴിക്കാൻ തുടങ്ങി. അവരിരിക്കുന്നിടത്തുനിന്നു നോക്കിയാൽ കാണത്തക്ക ദൂരത്താണു് പശുക്കുട്ടികളെ നിത്തിയിരിക്കുന്നതു്. ഇടയ്ക്കിടയ്ക്കു പശുക്കുട്ടികളെ നോക്കുന്നുമുണ്ടു്. ആ നിലയിലും പല നേരമ്പോക്കുകളും പറഞ്ഞു് അവരെ രസിപ്പിച്ചുകൊണ്ടു യജ്ഞഭുക്കായിരിക്കുന്ന ഭഗവാനും ആ പ്രാകൃതക്കുട്ടികളുടെ മദ്ധ്യത്തിൽ നിന്നുകൊണ്ടു് ഓടക്കുഴൽ അരയിൽ തിരുകി, കൊമ്പും, വടിയും ഇടത്തെ കക്ഷത്തു വെച്ചു്, ഇടത്തു കയ്യിൽ ആഹാരപദാത്ഥം പിടിച്ചു വലത്തു കൈകൊണ്ടു് അതിൽനിന്നു കുറേശ്ശയെടുത്താഹരിക്കാൻ തുടങ്ങി.

അത്ഭുതസ്വരൂപിയും, മായാമയനുമായ ഭഗവാന്റെ ഈ ദിവ്യകേളിയെ നോക്കിക്കണ്ടു രസിച്ചുകൊണ്ടു നില്ക്കുന്ന ദേവന്മാരിൽ പ്രധാനിയായ ബ്രഹ്മദേവനു് ആ സമയത്തൊരു കുസൃതി തോന്നി. മായാമയനായ ഭഗവാൻ ശ്രീനാരായണൻ മത്ത്യനായവതരിച്ചു മനുഷ്യസാധാരണങ്ങളായ ധമ്മങ്ങളെ ചേഷ്ടിച്ചുകൊണ്ടിരിക്കുന്ന

ഈ സമയത്തും തികച്ചും മായാതീതനായ്ത്തന്നെയിരിക്കു ന്നുണ്ടോ; അഥവാ മായയ്ക്കധീനനാണോ എന്നറിയാൻ വേണ്ടി ആ ദേവദേവനിൽത്തന്നെ ചില മായാശക്തിക ളെ വ്യാപരിപ്പിച്ചു നോക്കിയാലെന്താണെന്നാണു് ബ്ര ഹ്മദേവന്നു തോന്നിയ കുസൃതി. അതിൻെറ ഫലമായി ഉടനെത്തന്നെ ബ്രഹ്മദേവൻ ആ കുട്ടികളുടെ സമീപത്തു ണ്ടായിരുന്ന പശുക്കുട്ടികളെ മുഴുവൻ മറച്ചു. വത്തമാ നം പറഞ്ഞു രസിച്ചുകൊണ്ടാഹാരം കഴിക്കുന്ന കുട്ടികഠം ഒരിക്കൽ തിരിഞ്ഞു നോക്കിയപ്പോഠം പശുക്കുട്ടികളെ യൊന്നും കാണാനില്ല. അവ കാട്ടിന്നുള്ളിലേയ്ക്കു പോയി ട്ടുണ്ടാവും. പിന്നീട്ടു തിരഞ്ഞു കണ്ടുപിടിക്കാൻ വിഷമ മായിരിക്കുമെന്നോത്തു കുട്ടികഠം പരിഭ്രമിച്ചു. കാൎയ്യം ഗ്രഹിച്ച ഭഗവാൻ കുട്ടികളെ സമാധാനിപ്പിച്ചു. ഒട്ടും പരിഭ്രമിക്കണ്ട. നിങ്ങളൊക്കെ ആഹാരം കഴിച്ചുകൊ ണ്ടു ഇരിക്കു. ഒരു നിമിഷംകൊണ്ടു ഞാൻ പശുക്കുട്ടിക ളെയൊക്കെ തെളിച്ചുകൊണ്ടുവരാമെന്നു പറഞ്ഞു് അവ രുടെയിടയിൽനിന്നു പെട്ടെന്നു മാറി കാട്ടിന്നുള്ളിലേയ്ക്കു കടന്നു പശുക്കുട്ടികളെ അന്വേഷിക്കാൻ തുടങ്ങി. ഗോ പക്കുട്ടികഠം ഭഗവാൻെറ ദൃഷ്ടിയിലല്ലെന്നറിഞ്ഞ ബ്രഹ്മ ദേവൻ ആ സന്ദൎഭത്തെ വേണ്ടപോലെ ഉപയോഗപ്പെടു ത്തി. പെട്ടെന്നവരേയും മറച്ചു. ബ്രഹ്മദേവന്നു് ഈ സൌകൎയ്യമുണ്ടാക്കിക്കൊടുക്കാൻ വേണ്ടിയായിരുന്നു ഭഗ വാൻ മററാരേയും കൂട്ടാതെ ഒററയ്ക്കു പെട്ടെന്നവരിൽനി ന്നകന്നതു്. ബ്രഹ്മദേവൻെറ അഭിപ്രായങ്ങളേയും, പ്ര വൃത്തികളേയും അറിഞ്ഞതായി ഭാവിക്കാതെ കുറേനേരം കാട്ടിൽ ചുററിനടന്നു പശുക്കുട്ടികളുടെ പേരു പറഞ്ഞു

വിളിച്ചുകൊണ്ടു കുറെയൊക്കെ തിരഞ്ഞു നോക്കി. ഒന്നും കാണാതെ നിരാശനായി അവസാനം കുട്ടികളാഹാരം കഴിച്ചിരുന്ന യമുനാതീരത്തേയ്ക്കുതന്നെ മടങ്ങിവന്നു. അപ്പോൾ അവിടെ അവരേയും കാണാനില്ല. ഭയപരിഭ്രമങ്ങളെ അഭിനയിച്ചുകൊണ്ടും ആ കുട്ടികളെ വിളിച്ചുകൊണ്ടും കുറെ തിരഞ്ഞു നോക്കി. ആരേയും കാണാനില്ല. താനൊററയ്ക്കായി. അസംഖ്യം ഗോപക്കുട്ടികളോടും, എണ്ണമററ പശുക്കുട്ടികളോടുംകൂടി രാവിലെ ഗോപവാടത്തിൽനിന്നു കാട്ടിലേയ്ക്കു പോന്ന താൻ അവരൊന്നും കൂടാതെ ഒററയ്ക്കു വൈകുന്നേരം മടങ്ങിച്ചെല്ലുമ്പോൾ ചോദിക്കുന്നവരോടെന്തു സമാധാനമാണു് പറയേണ്ടതെന്നറിയാത്ത നിലയിൽ വിഷണ്ണഭാവത്തെ അഭിനയിച്ചുകൊണ്ടു വൈകുന്നേരംവരെ കാട്ടിൽ അങ്ങിങ്ങു ചുററിനടന്നു. സാധാരണ മടങ്ങിപ്പോരേണ്ട സമയമായപ്പോൾ, സങ്കല്പമാത്രം എത്രയോ കോടാനുകോടി ബ്രഹ്മാണ്ഡങ്ങളെ സൃഷ്ടിച്ചു നിലനിൎത്തി സംഹരിക്കുന്ന അത്ഭുതശക്തിസ്വരൂപനും, ആൎക്കും കണക്കാക്കാൻ കഴിയാത്ത മായാശക്തിയുടെ നിയന്താവുമായ ഭഗവാൻ തൻെറ ശക്തിയുടെ ഒരംശംകൊണ്ടു ഗോപക്കുട്ടികളായും, അവരുടെ കയ്യിലുള്ള ഉപകരണങ്ങളായും, പശുക്കുട്ടികളായും അവതരിച്ചു. ഏകനായ ഈശ്വരൻ അല്പസമയംകൊണ്ടു് എണ്ണമററ പശുക്കുട്ടികളും, ഗോപക്കുട്ടികളും, കൊമ്പു്, കുഴലു്, വടി, ഉറി, വസ്ത്രം, കയറു തുടങ്ങിയ ഉപകരണങ്ങളായും പരിണമിച്ചു. അതാതു കുട്ടികളുടേയും, പശുക്കുട്ടികളുടേയും, ആകൃതി, പ്രകൃതി, പ്രായം എന്നിവയ്ക്കു് അണുപോലും മാററമില്ലാതെ, എന്തെങ്കിലും സംഭവിച്ചിട്ടുണ്ടോ എന്ന

സംശയംപോലും ഒരാൾക്കും തോന്നാനിടവരാതെ കൃത്യ സമയത്തു പതിവുപോലെ എല്ലാവരുംകൂടി ഓടിയും, ചാടിയും, ഉച്ചത്തിൽ പാടിയും, കൊമ്പു വിളിച്ചും സാധാരണസമ്പ്രദായത്തിന്നു യാതൊരു മാററവുമില്ലാതെ ഗോപവാടത്തിലെത്തി. ആർത്തിയോടുകൂടി കാണ്മാൻ ബദ്ധപ്പെട്ടു കാത്തുനില്ക്കുന്ന അമ്മമാരുടെ കണ്ണുകൾക്കാനന്ദം വളർത്തിക്കൊണ്ടു് ഓരോരുത്തരും സംശയംകൂടാതെ അവരവരുടെ ഗൃഹങ്ങളിലേയ്ക്കു കയറി. പശുക്കുട്ടികൾക്കുപോലും സംശയമുണ്ടായില്ല. അമ്മമാർക്കും തങ്ങടെ കുട്ടികളിൽ യാതൊരു സംശയവുമുണ്ടായില്ല. മാത്രമല്ല, അമ്മമാർക്കും, പശുക്കൾക്കും തങ്ങടെ കുട്ടികളിൽ അതുവരെയില്ലാത്ത അസാധാരണമായ ദിവ്യപ്രേമം അന്നുമുതല്ക്കുണ്ടാവാനും, വളരാനും തുടങ്ങുകയും ചെയ്തു. ദിവസംപ്രതി ആ ദിവ്യപ്രേമം വർദ്ധിച്ചു വർദ്ധിച്ചു് ഒടുവിൽ ആ ഗോപവാടം മുഴുവൻ ദിവ്യപ്രേമത്തിൻെറ പ്രവാഹമായിത്തീൎന്നു. അങ്ങനെ ഒരു കൊല്ലക്കാലം കഴിഞ്ഞു. അപ്പോഴാണു് ഈ രഹസ്യം ബലരാമൻപോലും അറിയാനിടവന്നതു്.

ഗൃഹത്തിലുള്ള ആളുകളും, പശുക്കളും അവരുടെ നിത്യോപയോഗത്തിനുള്ള എല്ലാ ഉപകരണങ്ങളും ഒക്കെ കേവലം ഈശ്വരസ്വരൂപമായിത്തീൎന്നാൽ പിന്നത്തെ കഥയെന്താണു്! അവിടെ എന്തെല്ലാമാണു് സംഭവിച്ചുകൂടാത്തതു്? രാഗാദിവികാരങ്ങൾക്കും, മററു സംസാരധർമ്മങ്ങൾക്കും അവിടെ സ്ഥാനമില്ലാതായി. വേദങ്ങളും, ഉപനിഷത്തുക്കളും പഠിക്കാതെ—യോഗവും, തപസ്സും അഭ്യസിക്കാതെ—തന്നെ അവരോരോരുത്തരും തികഞ്ഞ

ബ്രഹ്മനിഷ്ഠന്മാരായിക്കഴിഞ്ഞു. പക്ഷേ അക്കഥ അവര റിഞ്ഞിരുന്നില്ല. അറിഞ്ഞാലും, ഇല്ലെങ്കിലും വസ്തുവിന്റെ ഗുണം പ്രകാശിക്കാതെ കഴിയില്ലല്ലോ. ഇങ്ങിനെ സംസാരതാപത്തിന്റെ സ്മരണംപോലുമില്ലാതെ ബ്രഹ്മനിർവൃതിയോടുകൂടി ഒരു കൊല്ലം കഴിഞ്ഞു. അപ്പോഴാണു് ബ്രഹ്മദേവൻ കൃഷ്ണനെന്തു ചെയ്തു എന്നറിയാനുള്ള ഉൽക്കണ്ഠയോടുകൂടി വൃന്ദാവനത്തിലേയ്ക്കു നോക്കിയതു്. ഭൂമിയിൽ മനുഷ്യസാധാരണമായ കാലഭുക്തിയെ അപേക്ഷിച്ചു് ഒരു കൊല്ലം കഴിഞ്ഞിട്ടുണ്ടായിരുന്നെങ്കിലും, ബ്രഹ്മദേവന്റെ കാലഭുക്തിയെ അപേക്ഷിച്ച കേവലം ഒരു നിമിഷം മാത്രമേ കഴിഞ്ഞിട്ടുണ്ടായിരുന്നുള്ളു. ഓരോരുത്തരുടേയും സംസ്കാരത്തിന്നനുരൂപമായിട്ടാണു് അതാതാളുകളുടെ കാലഭുക്തിയുടെ ഹ്രസ്വദൈർഘ്യങ്ങളും സംഭവിച്ചുകൊണ്ടിരിക്കുന്നതു്. ഏതായാലും ബ്രഹ്മദേവൻ കീഴ്പോട്ടു നോക്കിയപ്പോൾ താൻ ആദ്യം മറച്ച എല്ലാ കുട്ടികളെയും, പശുക്കുട്ടികളെയും, യാതൊരു വ്യത്യാസവും കൂടാതെ അവിടെ പ്രത്യക്ഷമായിക്കണ്ടു. അപ്പോൾ സംശയമായി. താൻ മറച്ചവയൊക്കെ ഇപ്പോഴും അവിടെത്തന്നെയുണ്ടു്. എന്നാൽ പിന്നെ ഇവിടെ കാണുന്നതൊക്കെ ഏതായിരിക്കും? ഏതെങ്കിലും ഒന്നു കൃത്രിമമായിരിക്കണമല്ലോ. രണ്ടും സത്യമാവാൻ വയ്യ. എന്നാൽ ഏതാണു് കൃത്രിമം; ഏതാണു് സത്യം? സംശയമായി. വീണ്ടും കീഴ്പോട്ടു വൃന്ദാവനത്തിലേയ്ക്കു നോക്കി. പെട്ടെന്നു ബ്രഹ്മദേവനെ ആശ്ചര്യസമുദ്രത്തിന്റെ അടിത്തട്ടിലേയ്ക്കാഴ്ത്തുമാറു് അത്യുജ്ജ്വലമായൊരു ദിവ്യജ്യോതിസ്സു വ്യ

ന്ദാവനഭൂമിയിൽ മുഴുവൻ വ്യാപിച്ചു. ആ ദിവ്യപ്രകാശത്തിൽ അവിടെയുണ്ടായിരുന്ന സകലവസ്തുക്കളും—ജീവികളും, ഓരോ പുൽക്കൊടിയും, മൺതരിയുംകൂടി—പ്രത്യേകം പ്രത്യേകം വൈകുണ്ഠനാഥനും, ചരാചരാന്തര്യാമിയുമായ വിഷ്ണുദേവനായിട്ടു മാറി. എണ്ണമററ വിഷ്ണുസ്വരൂപങ്ങൾ! ഓരോ വിഷ്ണുസ്വരൂപവും, ശ്രീവൈകുണ്ഠത്തിൽ ആദിശേഷനാകുന്ന ഭോഗശയ്യയിൽ ശയിക്കുന്നു. ശ്രീദേവിയും, ഭൂദേവിയും പരിചരിക്കുന്നു. നാരദാദിമഹർഷീശ്വരന്മാർ സ്തുതിക്കുന്നു. അങ്ങിനെ എണ്ണമററ വൈകുണ്ഠലോകവും, വിഷ്ണുദേവന്മാരും, മററെല്ലാ വൈഷ്ണവകലകളും ശക്തികളും നിറഞ്ഞ അനന്തമായ ഒരു ദിവ്യജ്യോതിസ്സൊഴിച്ചു മറെറാന്നും കാണാതെയായി. ആശ്ചര്യംകൊണ്ടും, ഭയപരിഭ്രമങ്ങളെക്കൊണ്ടും ബ്രഹ്മദേവൻ സ്തബ്ധനായി. അവസാനമില്ലാത്ത ആ അനന്തതയിലേയ്ക്കു് അധികസമയം നോക്കാൻപോലും കഴിയാതെ ഭയചകിതനായ സ്വയംഭൂവു് നിമിഷനേരം കണ്ണടച്ചു. രണ്ടാമതും കണ്ണു തുറന്നു നോക്കിയപ്പോൾ ആശ്ചര്യമെന്നു പറയട്ടെ, യാതൊന്നുമില്ല. ഒററക്കയ്യിൽ ചോററുരുളയോടും, അരയിൽ തിരുകിയ ഓടക്കുഴലോടും കക്ഷത്തിറുക്കിയ കാലിക്കോലോടുംകൂടിയ നീലവർണ്ണമുള്ള ഒരു ഗോപകുട്ടി മാത്രമുണ്ടു്, കണ്ണീരൊഴുക്കി കുട്ടികളുടെ പേരുവിളിച്ചു് അങ്ങിങ്ങു് അന്വേഷിച്ചു നടക്കുന്നു. അത്ഭുതകരമായ ഭഗവാന്റെ ആ മായാവിലാസം കണ്ട ബ്രഹ്മദേവൻ ഭയംകൊണ്ടു് ആർത്തനായി അപരാധബോധത്തോടെ വേഗം ഭൂമിയിലേയ്ക്കിറങ്ങിവന്നു ഭഗവാനെ പ്രദക്ഷിണംചെയ്തു സാഷ്ടാംഗം വീണു നമസ്കരിച്ചു വർദ്ധിച്ച ഭയഭക്തിഭാവങ്ങ

ളാൽ ധാരയായൊഴുകുന്ന കണ്ണീരോടും, പൊട്ടിത്തരിച്ച ശരീരത്തോടും, ഗൽഗദമായ കണ്ഠത്തോടുംകൂടി രണ്ടു കൈകളും ശിരസ്സിൽ അഞ്ജലിബന്ധം ചെയ്തു കൂപ്പി ത്തൊഴുതുകൊണ്ടു സ്തുതിക്കാൻ തുടങ്ങി.

ബ്രഹ്മസ്തുതി

ഭക്തിയോഗത്തിൻെറ മർമ്മങ്ങളെയും സഗുണഭക്തിയുടെ സ്വരൂപത്തെയും വ്യക്തമായി ഉപന്യസിക്കലാണു് ബ്രഹ്മസ്തുതിയുടെ ഉള്ളടക്കത്തിൻെറ സാമാന്യരൂപം. ഗുണമയങ്ങളായ ശരീരാദ്യുപാധികളിൽ അഭിമാനത്തോടും, ഗുണധർമ്മങ്ങളിൽ പ്രവൃത്തിയോടും കൂടിയവരാണു് സാധാരണമനുഷ്യരൊക്കെ. ഗുണഭാവം വിട്ടുമ്പോഴല്ലാതെ നിർഗ്ഗുണസ്വരൂപിയായ ഈശ്വരൻെറ ബോധവും, അനുഭൂതിയും ഉണ്ടാവാനും വയ്യ. ഈ നിലയ്ക്കു ഗുണധർമ്മങ്ങളിൽക്കൂടെയും, നാമരൂപങ്ങളിൽക്കൂടെയും തന്നെ ഈശ്വരനെ ആരാധിച്ചും, അറിഞ്ഞും, അനുഭവിച്ചും വേണം ഗുണഭാവങ്ങൾ നീങ്ങാൻ. ആ സമ്പ്രദായത്തിനാണു് സഗുണാരാധനമെന്നു പറയുന്നതു്. ഭഗവാൻെറ ദിവ്യങ്ങളായ അവതാരങ്ങളിലും, ലീലകളിലും പരമാർത്ഥമായ ഭക്തിയും വിശ്വാസവും വളൎന്നു ഗുണസ്വരൂപമായ പ്രപഞ്ചത്തെയും, ശരീരാദ്യുപാധികളെയും മറന്നു ജീവിക്കാറാവലാണു് അതിൻെറ അനുഭൂതി. പ്രസ്തുതതത്വത്തെ ബ്രഹ്മദേവൻ വളരെ ചമൽക്കാരമായി ഉപന്യസിക്കുന്നുണ്ടു്. "കുന്നിക്കുരുമാലകളെക്കൊണ്ടും, കാട്ടുപൂക്കളെക്കൊണ്ടും അലങ്കരിച്ചു്, ഗോപിക്കുറിയോടും, പീലിത്തിരുമുടിയോടും, പീതാംബരത്തോടും, ഓടക്കുഴലോടും,

കാലിക്കോലോട്ടുംകൂടിയ ഈ നീലത്തിരുമേനിയിൽ എല്ലാ ഉപനിഷത്തുക്കളും പരിലസിക്കുന്നു. ഉപനിഷത്തുക്കളെ താഴെവെച്ചു് ഈ വൃന്ദാവനത്തിലേയ്ക്കൊന്നു നോക്കണേ. ഈ നീലമേഘം പെയ്യുന്ന കൃപാമൃതം ജ്ഞാനദാഹത്തെ തീക്കും. ഗോകുലത്തിലെ പ്രാകൃതകളായ ഗോപികൾ അതിന്നുദാഹരണമാണു്. അവരുടെ ഭാഗ്യമാണു് ഭാഗ്യം. മനുഷ്യരൊക്കെ നിർഭാഗ്യവാന്മാരാണു്. വാക്കിന്നും, മനസ്സിന്നും, പിടികിട്ടാത്ത പൂൎണ്ണബ്രഹ്മം കണ്ണുകൊണ്ടു കാണാവുന്ന തോതിൽ മുമ്പിൽ വന്നിട്ടും കാണാതെ ഉപനിഷത്തുക്കളിലും, വേദങ്ങളിലും അതിനെ തേടിക്കൊണ്ടിരിക്കയാണു്. നാരായണശബ്ദത്തിന്റെ അൎത്ഥമന്വേഷിക്കുന്നു വേറെ ചിലർ. നാരായണശബ്ദത്തിന്റെ അൎത്ഥമാണീ വൃന്ദാവനത്തിൽ ഓടിക്കളിച്ചുനടക്കുന്നതെന്നു മനസ്സിലായിട്ടില്ല. എന്തു ചെയ്യാം. പഞ്ചഭൂതാത്മകമായ ശരീരത്തിൽ അഭിമാനമുള്ളേടത്തോളംകാലം പരമാൎത്ഥം ഗ്രഹിക്കാൻ ആക്കും വിഷമംതന്നെ. ഭഗവാൻ അനുഗ്രഹിക്കുന്നതുവരെ രാഗാദിവികാരങ്ങളും, ഗൃഹകുടുംബാദികളും ഒക്കെ പ്രതിബന്ധങ്ങളാണു്. പക്ഷേ ഭഗവദനുഗ്രഹം വന്നുകഴിഞ്ഞാൽ എല്ലാ പ്രതിബന്ധങ്ങളും അനുകൂലങ്ങളായി. ഈശ്വരാനുഗ്രഹത്തിന്റെ കുറവുതന്നെ. പത്തിന്ദ്രിയങ്ങളെക്കൊണ്ടും വാരിക്കഴിക്കാവുന്ന തോതിൽ അമൃതം മുമ്പിൽ കിട്ടിട്ടും അതിനെ തിരിഞ്ഞുനോക്കാൻ തോന്നാതിരിക്കുന്നവരുടെ നിർഭാഗ്യത്തെ എങ്ങിനെ വാഴ്ത്താം. എനിക്കീ വൃന്ദാവനത്തിൽ ഒരു പുല്ലായെങ്കിലും ജനിച്ചാൽ മതിയായിരുന്നു. ബ്രഹ്മപദവിയെക്കാൾ എത്രയോ വലുതാണതു്. ഏതാ

യാലും എൻെറ മനസ്സിൽനിന്നിനിയെങ്കിലും ഈ കൃഷ്ണ സ്വരൂപം മറയാതിരിക്കണേ. എൻെറ പത്തിന്ദ്രിയങ്ങ ളും എപ്പോഴും കൃഷ്ണനിൽത്തന്നെ രമിച്ചുകൊണ്ടിരിക്ക ണേ. ആ നിലയ്ക്കനുഗ്രഹിച്ച് എന്നെ പോവാൻ അ നുവദിക്കണേ!" എന്നിങ്ങിനെയാണ് ഏതാണ്ടു ബ്രഹ്മ ദേവൻെറ സ്തുതിയുടെ താല്പര്യം. സ്തുതി കേട്ടു സന്തുഷ്ട നായ ഭഗവാൻ വീണ്ടും വീണു നമസ്കരിക്കുന്ന ബ്രഹ്മദേ വനെ വാത്സല്യത്തോടെ അനുഗ്രഹിച്ചു പോവാനനുവദി ച്ചു. ബ്രഹ്മദേവൻ മേലോട്ടുയന്നതോടെ അതുവരെ കാ ണാതിരുന്ന പശുക്കുട്ടികളും ഗോപക്കുട്ടികളുമൊക്കെ എ വിടെ ഏതു രൂപത്തിൽ നില്ക്കുമ്പോഴാണോ കാണാ തായതു്, അവിടെ അതേ രൂപത്തിൽത്തന്നെ പ്രത്യക്ഷ പ്പെട്ടു. പുഴക്കരയ്ക്കിരുന്നു് ആഹാരം കഴിക്കുമ്പോൾ സ മീപത്തു നിത്തിയിരുന്ന പശുക്കുട്ടികളെ കാണാതാക യാൽ ഭഗവാൻ അവയെ അന്വേഷിക്കാൻവേണ്ടിയാണ ല്ലോ കുട്ടികളുടെ മദ്ധ്യത്തിൽനിന്നു വേർപിരിഞ്ഞതു്. വീണ്ടും എല്ലാവരും പ്രത്യക്ഷപ്പെട്ടപ്പോൾ കൃഷ്ണൻ പശു ക്കുട്ടികളെയൊക്കെ തെളിച്ചുകൊണ്ടുവന്നതായിട്ടാണവക്കു തോന്നിയതു്. കൃഷ്ണൻ പോയിട്ടു് ഒരു നിമിഷമേ ആ യിട്ടുള്ളു എന്നും അവർ ബോധിച്ചു. മനസ്സു മായയിൽ മയങ്ങിയാൽ എന്താണു് ആക്കാത്തതു്? കാലവും, ദേശ വുമെല്ലാം മനസ്സിൻെറ സങ്കല്പമാത്രങ്ങളാകയാൽ ഒരു കൊല്ലം ഒരു നിമിഷമായും, ഒരു നിമിഷം ഒരു കൊല്ലമാ യുമൊക്കെ അനുഭവിച്ചാൽ അതിലത്ഭുതമൊന്നുമില്ല. സങ്കല്പമാണല്ലോ ലോകത്തിലെ എല്ലാ അനുഭവങ്ങൾ

ക്കും അടിസ്ഥാനം. സങ്കല്പങ്ങളാകട്ടെ, മായാവിലാസ
ങ്ങളുമാണു്. അപ്പോൾ മായാവശഗനായ ഒരാൾക്കെ
ന്തൊക്കെയാണു് സംഭവിച്ചുകൂടാത്തതു്? ഏതായാലും കു
ട്ടികൾ കൃഷ്ണനെയും, പശുക്കുട്ടികളെയും കണ്ടപ്പോൾ ആ
ഹ്ലാദഭരിതന്മാരായി വീണ്ടും കൃഷ്ണനെ മദ്ധ്യത്തിൽ നി
ത്തി ഓരോ നേരമ്പോക്കുകൾ പറഞ്ഞുകൊണ്ടു് എല്ലാവ
രും ആഹാരം കഴിച്ചു. ഒന്നും സംഭവിച്ചതായി അവൎക്കു
തോന്നിയില്ല. ഭഗവാനാകട്ടെ അവരെ ഒന്നും അറിയി
ച്ചതുമില്ല. പക്ഷേ പെരുമ്പാമ്പിനെ കൊന്ന ഉടനെയാ
ണു് ആഹാരം കഴിക്കാൻ ഇരുന്നതെന്നവൎക്കോൎമ്മയുണ്ടു്.
അങ്ങിനെ ആഹാരമൊക്കെ കഴിഞ്ഞു പതിവുപോലെ
ഓടിയും കളിച്ചും വൈകുന്നേരമാക്കി. വൈകുന്നേരം പ
തിവുപോലെ പശുക്കുട്ടികളെ തെളിച്ചുകൊണ്ടു ഗോകുല
ത്തിലേയ്ക്കു മടങ്ങുകയും ചെയ്തു. മടങ്ങി പോരുമ്പോൾ
ഭഗവാൻ അവരെയൊക്കെ വിളിച്ചു് അഘാസുരന്റെ
ശവശരീരം കാണിച്ചുകൊടുത്തു. അപ്പോഴാണു് ആശ്ച
ൎയ്യപ്പെട്ടതു്. ഒരു കൊല്ലംമുമ്പു മരിച്ച അഘാസുരന്റെ
ശരീരം വെയിലും, മഴയും, കാററും തട്ടി ദ്രവിച്ചു് ഒരു വ
ലിയ തോൽസഞ്ചിപോലെയായിട്ടുണ്ടു്. ഗോപക്കുട്ടിക
ളുടെ ദൃഷ്ടിയിൽ അല്പസമയത്തിനുമുമ്പു മരിച്ചതായിരു
ന്നുവല്ലോ അഘാസുരൻ. ഇത്ര ചുരുങ്ങിയ സമയംകൊ
ണ്ടു് ഈ പെരുമ്പാമ്പിന്റെ ശരീരത്തിന്നിത്ര പഴക്കം ത
ട്ടിയതെങ്ങിനെയെന്നായി അവരുടെ ആലോചന. പ
ല യുക്തികളും ആലോചിച്ചുനോക്കി. ഒന്നും ശരിയാവു
ന്നില്ല. അവസാനം ഭഗവാൻ പറഞ്ഞുകൊടുത്തു ഒരു

കൊല്ലം മുമ്പാണു് കൊന്നതെന്നു്. വിശ്വസിക്കയല്ലാതെ മററന്തു ചെയ്യും. ആകപ്പാടെ അവക്കു വലിയ ആശ്ചര്യം തോന്നി. വൈകുന്നേരം ഗോകുലത്തിൽ ചെന്നപ്പോഠം എല്ലാവരും അവരവരുടെ ഗൃഹങ്ങളിൽ അന്നത്തെ സംഭവത്തെ ചമൽക്കാരത്തോടെ പറഞ്ഞു ബോദ്ധ്യപ്പെടുത്തി. എല്ലാവക്കും അതിശയമായി. ഒരു കൊല്ലകാലം എങ്ങിനെയാണറിയാതെ നീങ്ങിപ്പോയതെന്നു് അവരെത്ര ആലോചിച്ചിട്ടും ആക്കും ഒന്നും മനസ്സിലായില്ല ചിലരി ആശ്ചര്യത്തിൽ മയങ്ങി അഘാസുരൻെറ ശരീരം കാണാൻ പോയി. കണ്ടപ്പോഠം കാര്യം ശരിയാണെന്നവക്കും ബോദ്ധ്യമായി. പക്ഷേ എങ്ങനെയാണിതു സംഭവിച്ചതെന്നറിയാതെ അവർ കുഴങ്ങി. യുക്തികൊണ്ടളക്കാവുന്നതല്ല ഈശ്വരൻെറ മഹിമയെന്നവരോമ്മിച്ചിട്ടില്ല. ഏതായാലും, കൃഷ്ണൻെറ ദിവ്യതയിൽ ദിവസംപ്രതി അവക്കു വിശ്വാസം കൂടിക്കൂടി വന്നു.

വത്സസ്തേയമാകുന്ന ഈ ദിവ്യലീലയുടെ ഉപസംഹാരത്തിൽ അതിപ്രധാനമായൊരു തത്വംകൂടി വ്യക്തമാക്കീട്ടുണ്ടു്: കൃഷ്ണൻ എല്ലാവരുടേയും ആത്മാവാണു്. അല്ലെങ്കിൽ ആത്മസ്വരൂപത്തെയാണു് കൃഷ്ണനാക്കി ചിത്രീകരിക്കുകയും, വണ്ണിക്കുകയും ചെയ്തിരിക്കുന്നതു്. ആത്മാവിന്നുവേണ്ടി മററു പലതിനേയും സ്നേഹിക്കലല്ലാതെ, മററൊന്നിന്നുവേണ്ടി ആത്മാവിനെ ആരും സ്നേഹിക്കാറില്ല. ആത്മസംതൃപ്തിയാണെല്ലാവക്കും ആവശ്യമായിട്ടിരിക്കുന്നതു്. അതിനാൽ ആത്മാവു തന്നെ സ്നേഹിക്കത്തക്ക വസ്തുവായിത്തീരുമ്പോഠം മറെറല്ലാം മറന്നും അ

തിൽ സ്നേഹമുണ്ടാവും. അതാണു് ഗോകുലവാസികഠം ക്ക തങ്ങളുടെ കുട്ടികളുടെ സ്ഥാനത്തു കൃഷ്ണനെ കൂടുതൽ സ്നേഹിക്കാനിടവന്നതു്. മനുഷ്യനു വിവേകമുണ്ടു്. പക്ഷേ വളരെ പരിമിതമാണു്. സാഹചര്യങ്ങളെക്കൊണ്ടു് ഉള്ളതിനെ വദ്ധിപ്പിക്കുകയും, നേർവഴിയിൽക്കൂടെ ഉപയോഗപ്പെടുത്തുകയും വേണം. അങ്ങിനെ ചെയ്തില്ലെങ്കിൽ ഉള്ള വിവേകംകൊണ്ടു സർവ്വശക്തനും, സർവ്വാധാരനുമായ ഈശ്വരനെപ്പോലും ചോദ്യംചെയ്യും. അതാപൽക്കരവുമാണു്. ഇതാണു് ബ്രഹ്മാവിൻെറ കഥയിൽക്കൂടെ വെളിവാക്കുന്ന തത്വം. തൻെറ കഴിവും, ജ്ഞാനവുമൊക്കെ ഈശ്വരൻ തന്നതാണെന്നു ബ്രഹ്മാവിന്നു നല്ലപോലെ അറിയാം. യാതൊന്നും അറിയാത്ത മൂഢനായിരുന്ന കഥ അദ്ദേഹത്തിനോർമ്മയില്ലായ്കയില്ല. എങ്കിലും ഇപ്പോഠം തൻെറ അറിവും, കഴിവും വളന്ന സ്ഥിതിക്കു് ഈശ്വരൻ തന്നോടു തുല്യനാണോ? എന്നായിരുന്നു അദ്ദേഹത്തിൻെറ സംശയം. അതു പരീക്ഷിക്കാനാണു് ഈശ്വരനെ വെല്ലുവിളിച്ചതു്. മനുഷ്യനും അതുതന്നെയാണു് ചെയ്യുന്നതു്. ഒന്നും അറിയാത്ത മൂഢനായി ജനിക്കുന്നു. കാലംകൊണ്ടു ചില അറിവും, കഴിവുമൊക്കെ കിട്ടുമ്പോഠം അതെങ്ങിനെയുണ്ടായെന്നുപോലും ഓക്കാതെ ഈശ്വരനെ വെല്ലുവിളിക്കാനും, തള്ളിക്കളയാൻപോലും മടിക്കുന്നില്ല. അവസാനമില്ലാത്ത ഈശ്വരമഹിമയുടെ ഒരു കണികയെങ്കിലും അറിയാനിടവരുമ്പോഠം പാകപ്പെടുകയും ചെയ്യും. ബ്രഹ്മാവിന്നൊരു കൊല്ലം വേണ്ടിവന്നു ഈശ്വരമഹിമ അറിയാനും പാ

കപ്പെടാനും. എന്നാൽ മനുഷ്യനെന്തുകൊല്ലും വേണ മെന്നാരു കണ്ടു!

വൃന്ദാവനലീലയും, ധേനുകവധവും

വത്സസ്തേയത്തിന്നുശേഷം അത്യന്താകർഷകമായ വൃന്ദാവനലീലയുടെ വർണ്ണനമാണു്. കൃഷ്ണസമ്പർക്കംകൊണ്ടു് ആനന്ദമത്തന്മാരായ ഗോപകുട്ടികൾ ബ്രഹ്മാനന്ദംകൊണ്ടു് ഉന്മത്തന്മാരായ സിദ്ധന്മാരെപ്പോലെയാണു് കാട്ടിൽ കൃഷ്ണന്റെ നാലുപുറവും കിടന്നു കളിച്ചതു്. പക്ഷികളും, മൃഗങ്ങളുമെന്നുവേണ്ട വൃക്ഷലതാദികൾപോലും ആകർഷിക്കപ്പെട്ടു് അവരുടെ ദിവ്യലീലയിൽ പങ്കുകൊണ്ടു എന്നു പറയണം. പീലിക്കണ്ണുകളെക്കൊണ്ടും, കാട്ടുപൂക്കൾ തൊടുത്തു കെട്ടിയ മാലകൊണ്ടും അലങ്കരിച്ച തിരുമുടിക്കെട്ടും, ഗോപിക്കുറിയും, വനമാലയും, പീതാംബരവും, പൊന്നരഞ്ഞാണും, ശബ്ദിക്കുന്ന കാൽച്ചിലമ്പുകളുമണിഞ്ഞ നീലമേഘശ്യാമളമായ കൃഷ്ണസ്വരൂപം വൃന്ദാവനത്തിൽ ഒരമൃതസമുദ്രമായി വിളങ്ങി. അവിടെയുള്ള സകലജീവികളും അതിന്റെ മാധുരി ആവോളം നുകന്നു. അല്ല, അവരൊക്കെ ആ അമൃതസമുദ്രത്തിൽ അലിഞ്ഞുചേന്നു എന്നുതന്നെ പറയണം. മയിലുകൾ കൂട്ടംകൂട്ടമായി അവരുടെ മുന്നിൽ വന്നു നൃത്തംചെയ്യാനും, പീലിവിരുത്തി നർത്തകികളെപ്പോലെ ആടാനും, കുയിലുകൾ പാടാനും, വണ്ടുകൾ ശ്രുതിപിടിക്കാനും ഒക്കെയിടയായി. മൃഗങ്ങൾക്കു പുല്ലുമേയാനല്ല, കൃഷ്ണനേയും കൂട്ടുകാരേയും അനുഗമിക്കാനാണു് ശ്രദ്ധ. പക്ഷികളും ഇരതെണ്ടലൊക്കെ നിർത്തി ആ ബാലസംഘത്തിന്റെ നാലു

ഭാഗവും പറന്നു കളിക്കാൻ മുതിന്നു. ഗോപകുട്ടികൾ ക്കാണെങ്കിൽ കൃഷ്ണനെ എങ്ങിനെയൊക്കെ ശുശ്രൂഷിക്ക ണമെന്നാണാലോചന. പാട്ടു പാടിയും, ചാടിക്കളിച്ചും, പക്ഷിമൃഗാദികളെപ്പോലെ ശബ്ദിച്ചും ചിലർ കൃഷ്ണനെ രസിപ്പിക്കുമ്പോൾ മററു ചിലർ വൃക്ഷങ്ങളുടെ കൊമ്പു പൊട്ടിച്ചു കൃഷ്ണനു കുട പിടിക്കും. വേറെ ചിലർ തളിരു പൊട്ടിച്ചു ഭഗവാനു വീശിക്കൊടുക്കും. ഇലകളും, പുഷ്പ ങ്ങളും കൊണ്ടുവന്നു കൃഷ്ണനിരിക്കാനും കിടക്കാനുമുള്ള മെ ത്ത തയ്യാറാക്കും പിന്നെ ചിലർ. ചിലർ ഭഗവാൻെറ തൃക്കാലുകളുഴിഞ്ഞുകൊടുക്കും. ചിലർ ഭഗവാനെ കെട്ടി പ്പിടിക്കും. എന്നുവേണ്ട, എന്തൊക്കെയാണവരുടെ ലീ ലാവിശേഷങ്ങളെന്നു പറയാൻ വയ്യ. അങ്ങിനെ കൃഷ്ണ പ്രേമമാകുന്ന മഹാസമുദ്രത്തിൽ മുങ്ങി ആറാടി മറെറാ ന്നും അറിയാതെ ദിവസങ്ങൾ കഴിയുന്നതുംകൂടി അറിയാ ത്ത സുകൃതികളായ ആ ഗോപകുട്ടികൾ രമിച്ചുവന്നു. ദേ വന്മാരും, ഋഷികളും അവരെ അസൂയയോടെ നോക്കി. അങ്ങനെയിരിക്കുമ്പോൾ ഒരു ദിവസം മദ്ധ്യാഹ്നത്തിൽ ഭഗവാനേററവും ഇഷ്ടന്മാരായ ശ്രീദാമാവു്, സ്തോകകൃ ഷ്ണൻ തുടങ്ങിയ ഗോപകുട്ടികൾ താലവനത്തേയും, ധേ നുകനേയുംപററി ഭഗവാനോടും, ബലരാമനോടും ഇങ്ങി നെ പറഞ്ഞു: "ഇവിടെനിന്നധികം ദൂരത്തല്ലാതെ താല വൃക്ഷങ്ങൾ നിറഞ്ഞുനില്ക്കുന്ന ഒരു മൈതാനമുണ്ടു്. താ ലപ്പഴം വളരെ ഹൃദ്യമാണു്. ധാരാളം പഴങ്ങളുമുണ്ടു്. കാററിൽകൂടെ പഴത്തിൻെറ വാസനയടിക്കുമ്പോൾ ഞ ങ്ങളുടെ വായിൽ വെള്ളമൂറുന്നു. പക്ഷേ പറഞ്ഞിട്ടെന്താ

ണ് കാര്യം? ധേനുകനെന്ന ഒരസുരൻ അതു മുഴുവൻ അ
ടക്കിവെച്ചുകൊണ്ടിരിക്കയാണ്. ഒരാൾക്കും ഒരു പഴം
പോലും കിട്ടാൻ നിവൃത്തിയില്ല. ഹേ കൃഷ്ണ! രാമ! നി
ങ്ങൾ കയ്യൂക്കുള്ളവരും, ശത്രുസംഹാരത്തിന്നു മിടുക്കന്മാരു
മാണല്ലോ. അതിനാൽ ഞങ്ങൾക്ക് എങ്ങനെയെങ്കി
ലും കുറച്ചു താലഫലങ്ങൾ തിന്നാറാക്കിത്തരണം. വേ
ണ്ടിവന്നാൽ ധേനുകനെ കൊന്നിട്ടും നമുക്കു താലഫല
ങ്ങൾ പറിക്കണം" സുഹൃത്തുക്കളുടെ ഈ അപേക്ഷ
കേൾക്കേണ്ട താമസം രാമകൃഷ്ണന്മാർ അവരേയും കൂട്ടി താ
ലവനത്തിലേയ്ക്കു പുറപ്പെട്ടു. ബലരാമൻ തൻെറ ബല
മേറിയ കൈകളെക്കൊണ്ടു വൃക്ഷങ്ങൾ പിടിച്ചു കുലുക്കി.
പഴങ്ങളൊക്കെ വിഴാൻ തുടങ്ങി. ശബ്ദം കേട്ടു ധേനുക
നും, അയാളുടെ അനുയായികളും പാഞ്ഞെടുത്തു. അവ
രെയൊക്കെ ഭഗവാൻ തല്ലിക്കൊന്നു. കുട്ടികൾ ധാരാളം
താലഫലങ്ങളോടുകൂടിയാണ് അന്നു ഗോകുലത്തിലേയ്ക്കു
മടങ്ങിയതു്.

## കാളിയമർദ്ദനം

അത്യന്തസുന്ദരവും, പാവനവുമായ കാളിയമർദ്ദന
ലീലയാണ് പിന്നീടു വർണ്ണിക്കപ്പെടുന്നതു്. ഒരു ദിവസം
ഗ്രാമത്തിൽനിന്നു വളരെ ദൂരെ വിജനമായ ഒരു നൂതന
പ്രദേശത്തേയ്ക്കായിരുന്നു ഭഗവാൻ കുട്ടികളോടും പശുക്കു
ട്ടികളോടുംകൂടി പോയിട്ടുണ്ടായിരുന്നതു്. മദ്ധ്യാഹ്നസമ
യത്തു ദാഹംകൊണ്ടു തളന്ന ഗോപക്കുട്ടികളും പശുക്കുട്ടി
കളോടൊപ്പം കാളിന്ദിനദിയിലിറങ്ങി വെള്ളം കുടിച്ചു.
വെള്ളം കുടിച്ചു കയറിയവരൊക്കെ മോഹാലസ്യപ്പെട്ടു

വീഴാൻ തുടങ്ങി. കാരണം മനസ്സിലാവാതെ എല്ലാവ
രും പരിഭ്രമിച്ചു. കാളിയനെന്നു പേരുള്ള ഒരു വലിയ
പാമ്പു കാളിന്ദിയിൽ താമസമുണ്ടെന്നും, അതിൻെറ വി
ഷം അത്യന്തകരാളമാണെന്നുമൊക്കെ അവർ കേട്ടിട്ടു
ണ്ടു്. പക്ഷേ അതെവിടെയോ ദൂരത്തെങ്ങോ ആണെ
ന്നാണു് വിശ്വാസം. വളരെ സമയം കഴിഞ്ഞിട്ടും കുട്ടി
കളോ പശുക്കുട്ടികളോ ഉണരുന്നില്ലെന്നു കണ്ടപ്പോൾ
അതു കാളിയൻെറ വിഷബാധതന്നെയാണെന്നവക്കു
ബോദ്ധ്യമായി. എന്തു ചെയ്യേണ്ടു എന്നറിയാതെ എ
ല്ലാവരും വിഷണ്ണരായി. ഭഗവാനും ആദ്യം അവരുടെ
കൂടെ പരിഭ്രമിക്കുകയും, വ്യസനിക്കുകയുമൊക്കെ ചെയ്തു.
എങ്കിലും അവരുടെയൊക്കെ ഭാവം മാറി വ്യസനം ഉള്ളി
ലേയ്ക്കു തട്ടി നിലവിളിക്കാൻ തുടങ്ങിയപ്പോൾ പുഞ്ചിരി
യോടുകൂടി അവരെ സമാധാനിപ്പിക്കാൻ തുടങ്ങി. അ
മൃതായമാനമായ തൻെറ ദിവ്യകടാക്ഷംകൊണ്ടുതന്നെ അ
വരെയൊക്കെ ഉണത്തി എഴുനേൽപ്പിച്ചു. അനന്തരം
കരുണാമയനായ ഭഗവാൻ ദുഷ്ടനായ കാളിയനെ നദി
യിൽനിന്നുതന്നെ പറഞ്ഞയയ്ക്കുന്നുണ്ടെന്നുപോലും പറ
ഞ്ഞു് അവരെ സമാധാനിപ്പിച്ചു. മരിച്ചുവെന്നു തോ
ന്നപ്പെട്ടവരൊക്കെ ഭഗവൽകാരുണ്യത്താൽ ജീവിച്ചെഴു
നേററു കളിക്കാനും, ചിരിക്കാനുമൊക്കെ തുടങ്ങിയെന്നു
കണ്ടപ്പോൾത്തന്നെ കുട്ടികൾ അത്യന്തം ഹൃഷ്ടരായി. കാ
ളിയനെ അവിടെനിന്നു പറഞ്ഞയയ്ക്കാൻകൂടി ഭാവമുണ്ടെ
ന്നു കേട്ടപ്പോൾ അവരുടെ സന്തോഷം വളരെ വദ്ധിച്ചു.
അനന്തരം മദ്ധ്യാഹ്നാക്കൻെറ തീക്ഷ്ണമായ ഉഷ്ണമൊന്നട
ങ്ങുന്നതുവരെ മരച്ചുവട്ടിലും മററും കഴിച്ചുകൂട്ടി. വെയി

ലിൻെറ ശക്തി കുറെ കുറഞ്ഞപ്പോൾ എല്ലാവരും നദി തീരത്തേയ്ക്കു കളിക്കാൻ വന്നു. പല വിനോദങ്ങളെക്കൊണ്ടും ഭഗവാനവരെ രസിപ്പിച്ചു. അവസാനം ഒരു നല്ല വിദ്യ കാണിച്ചുതരാമെന്നു പറഞ്ഞു് എല്ലാവരേയും അകററിനിൎത്തി പുഴവക്കിലുള്ള കടമ്പുവൃക്ഷത്തിൽ പാററിപ്പിടിച്ചു കേറാൻ തുടങ്ങി. എന്തൊരു വിദ്യയായിരിക്കും കൃഷ്ണൻ കാണിക്കാൻ പോവുന്നതെന്നറിയാനുള്ള ഔത്സുക്യത്തോടെ എല്ലാവരും നോക്കിനിന്നു. വൃക്ഷത്തിന്നു മുകളിലെത്തിയപ്പോൾ എല്ലാവരേയും നോക്കി പുഞ്ചിരിച്ചുകൊണ്ടു കാളിന്ദിയുടെ നടുവിലേയ്ക്കൊരു ചാട്ടം. ഒരു വലിയ സാധനം വെള്ളത്തിൽ വീണപോലുള്ള ശബ്ദമുണ്ടായി. പുഴയിലെ വെള്ളം ഒട്ടാകെ ഒന്നിളകി. ഓളങ്ങൾ കരയ്ക്കടിച്ചുകയറി. നദിയുടെ മദ്ധ്യത്തിൽ ഏററവും ആഴമുള്ള കയത്തിൽ വെള്ളത്തിന്നടിയിൽ പ്രശാന്തനായിക്കിടക്കുന്ന കാളിയനും എന്തോ ഒന്നു വെള്ളത്തിൽ വീണതായിത്തോന്നി. വെള്ളമിളകി ഓളം അടിച്ചുകയറിക്കൊണ്ടിരിക്കാൻ കാരണമെന്തെന്നും, തൻെറ ഭരണത്തിൻകീഴിലുള്ള കാളിന്ദിയിൽ താനറിയാതെ ആരാണു് വന്നതെന്നറിയാനുള്ള ഉൽക്കണ്ഠയോടുംകൂടി കാളിയൻ പതുക്കെ വെള്ളത്തിൽനിന്നു പൊന്തി ഉപരിതലത്തിൽ വന്നു തല പൊക്കി നാലുഭാഗവുമൊന്നു നോക്കി. അധികം ദൂരത്തല്ലാതെ തിളങ്ങുന്ന ഇന്ദ്രനീലരത്നംപോലെയുള്ള ഒരു ചെറിയ കുട്ടി നീന്തിക്കളിക്കുന്നതു കണ്ടു കാളിയൻതന്നെ അതിശയിച്ചു. തൻെറ തീക്ഷ്ണമായ വിഷജ്ജ്വാല ഇത്രയൊക്കെ പരന്നിട്ടും അതിൽ ലേശവും സങ്കോചമില്ലാതേയും യാതൊന്നും പററാതേയും ഒരു പിഞ്ചു

കുട്ടി കിടന്നു കളിക്കുകയെന്നു വന്നാൽ അതെന്തൊരത്ഭുതമാണു്. ആകാശത്തൂടെ പറക്കുന്ന പക്ഷികൾകൂടി ആ ഭാഗത്തുകൂടെ പറക്കാറില്ല. കാളിയൻെറ വിഷജ്വാല കൊണ്ടു ചിറകു കരിഞ്ഞു താഴെ പതിക്കുമെന്നവൎക്കറിയാം. എന്നിരിക്കെ ഈ കുട്ടിക്കൊന്നും പററാതെ ഉല്ലാസവദനനായി കളിച്ചുകൊണ്ടിരിക്കാനെന്തു കാരണമെന്നു കാളിയൻ വളരെയൊക്കെ ആലോചിച്ചിട്ടും മനസ്സിലായില്ല. ഏതായാലും കാഴ്ചയിൽ വളരെ ആകൎഷകസ്വരൂപനാണെങ്കിലും കുട്ടിയെ വെറുതെ വിടാൻ വയ്യ എന്നു തീൎച്ചപ്പെടുത്തി കാളിയൻ പതുക്കെ തല നീട്ടി ഒന്നു കൊത്തി. അപ്പോഴും വിശേഷിച്ചും ഭാവഭേദമൊന്നും കണ്ടില്ല. കാളിയന്നിതിലധികം ആശ്ചൎയ്യം ഇനി ഉണ്ടാവാൻ വയ്യ. അത്രമാത്രം ആശ്ചൎയ്യപ്പെട്ടു. താൻ പരാജയപ്പെടാൻ വയ്യല്ലോ എന്നു കരുതി കുറച്ചുകൂടി അടുത്തു. തൻെറ ശരീരംകൊണ്ടു കാളിയൻ ഭഗവാൻെറ ദേഹത്തിൽ ചുററിവരിയാൻ തുടങ്ങി കുട്ടികളൊക്കെ ഭയപ്പെട്ടു. തങ്ങൾ കാളിന്ദീജലം കുടിച്ചപ്പോഴയ്ക്കുതന്നെ അസ്തപ്രജ്ഞരായി. ആ നിലയ്ക്കു നദിയിലിറങ്ങി കളിക്കാൻ തുടങ്ങിയാലത്തെ കഥയെന്താണു്! അതുകൊണ്ടു വേഗം കരയ്ക്കു കയറാൻ അവർ പലപ്രാവശ്യം കൃഷ്ണനോടു വിളിച്ചുപറഞ്ഞു. പക്ഷേ അതൊന്നും കൂട്ടാക്കാതെ പിന്നെയും കൃഷ്ണൻ വെള്ളത്തിൽ നീന്തിയും, തുടിച്ചും കളിക്കാൻതുടങ്ങി. നേരവും സന്ധ്യയായിത്തുടങ്ങി. പതിവായി മടങ്ങിപ്പോവാറുള്ള സമയം അതിക്രമിച്ചു. ആകപ്പാടെ എല്ലാവരും ഭയപ്പെട്ടു പരിഭ്രമിക്കാൻതുടങ്ങി. അപ്പോഴയ്ക്കും കാളിയൻ തൻെറ ശരീരംകൊണ്ടു ഭഗവാൻെറ പൂമേനി അടി

37922

മുതൽ മുടിവരെ ഒരുപോലെ ചുററി വരിഞ്ഞുകഴിഞ്ഞു. ആ നിലയ്ക്കു ഭഗവാൻ കാളിയനോടുകൂടി ഒന്നു പൊന്തി വീണ്ടും ഉടനേതന്നെ വെള്ളത്തിൽ താഴുകയും ചെയ്തു. കുട്ടികളൊക്കെപ്പാടെ ഭയംകൊണ്ടും, വ്യസനംകൊണ്ടും വിവശരായി ഒന്നിച്ചു കൂട്ടനിലവിളിയായി. പശുക്കുട്ടികളും കണ്ണീരൊഴുക്കി നദിയിലേയ്ക്കുതന്നെ നോക്കിക്കൊണ്ടു തലയെടുത്തു പിടിച്ചു നില്പായി. ഈ സമയത്തു ഗോകുലത്തിലും ആകപ്പാടെ പരിഭ്രമമായി. എന്തൊക്കെയോ ദുർല്ലക്ഷണങ്ങറം കാണുന്നു. നേരം ഇരുട്ടായിട്ടും കൃഷ്ണനും കുട്ടികളും മടങ്ങിവന്നിട്ടില്ല. എന്തു പററിയെന്നറിഞ്ഞുകൂടാ. ആക്കും സമാധാനമില്ലാതായി. അവസാനം ഗോകുലത്തിലുള്ള എല്ലാവരുംകൂടി കൃഷ്ണനേയും, കുട്ടികളേയും അന്വേഷിച്ചു കാട്ടിലേയ്ക്കു പുറപ്പെട്ടു. അധികം താമസിയാതെ അവരും കാളിന്ദിതീരത്തെത്തി. നിലവിളിച്ചുകൊണ്ടു നില്ക്കുന്ന കുട്ടികളേയും വത്സങ്ങളേയും കണ്ടു അപ്പോറം വീണ്ടും ഒരിക്കൽക്കൂടി ഭഗവാൻ കാളിയനാൽ ദേഹം മുഴുവൻ ചുററിവരിയപ്പെട്ട നിലയിൽ വെള്ളത്തിൽ പൊന്തി. എല്ലാവരും കണ്ടു. ഉടനെ താഴുകയും ചെയ്തു. ഗോകുലവാസികളായ ജനങ്ങളുടെ കഥ പറയാൻ വയ്യ. അവർ കൂട്ടത്തോടെ ഉറക്കെ നിലവിളിക്കുയും മാറത്തടിക്കുയും, മണ്ണിൽ വീണുരുളുകയും, കാളിന്ദിയിലേയ്ക്കു ചാടാൻ തുടങ്ങുകകൂടി ചെയ്തു. പക്ഷേ ബലരാമനുണ്ടായിരുന്നതിനാൽ ആരേയും നദിയിലേയ്ക്കു ചാടാൻ സമ്മതിച്ചില്ല. കൃഷ്ണൻെറ പൂതനാമോക്ഷം തുടങ്ങിയ വീയ്യമേറിയ പ്രവൃത്തികളെ ഓമ്മിപ്പിച്ചു

37922

കൃഷ്ണനൊന്നും പററില്ലെന്നും കാളിയന്നാണ് ആപത്തു ണ്ടാവുകയെന്നും പറഞ്ഞു് അവരെ സമാധാനിപ്പിച്ചു. അതിനാൽ ആരും പുഴയിലേയ്ക്കു ചാടിയില്ല. പക്ഷേ പുഴയിലേയ്ക്കു ചാടിയില്ലെന്നു മാത്രമേ ഉള്ളു അവരുടെ കൂട്ടനിലവിളിക്കും, മററു ദുഃഖപ്രകടനങ്ങൾക്കുമൊന്നും യാതൊരു കുറവുമുണ്ടായില്ല. അങ്ങിനെ കുറച്ചു കഴിഞ്ഞപ്പോൾ ഭഗവാൻ അവരുടെ ദുഃഖശാന്തിക്കും, കാളിയന്റെ ഗവ്വഭംഗത്തിന്നും തന്റെ ശരീരത്തെ വലുതാക്കാൻ തുടങ്ങി. ശരീരം വലുതാവുംതോറും ഉറപ്പിൽ ചുററിവരിഞ്ഞ പാമ്പിന്റെ ഉടൽ ഞെരിയാനും, സന്ധിബന്ധങ്ങൾ വേറിടാനും തുടങ്ങി. കാളിയൻ വേഗംവേഗം ചുററഴിക്കാൻ തുടങ്ങി. എത്ര വേഗത്തിൽ അഴിച്ചിട്ടും ആയില്ല. എല്ലൊക്കെ നുറുങ്ങി. കാളിയൻ തളന്നു; ശരീരം മുഴുവൻ അവശമായി; ശക്തിയും, അഹങ്കാരവും പകുതി നശിച്ചു. എന്നാലും ഒഴിച്ചില്ല. തന്റെ ചുററലിൽനിന്നു വേറെയായ ഭഗവാനെ ഫണങ്ങൾ വിടത്തി ചീററിക്കൊത്താൻ തുടങ്ങി. ചീററിയടുക്കുന്ന കാളിയന്റെ വിടന്ന ഫണങ്ങളിലേയ്ക്കു ഭഗവാൻ ചാടിക്കേറി. വിടത്തിപ്പിടിച്ച വിശാലങ്ങളായ ഫണങ്ങളിൽനിന്നുകൊണ്ടു വിശ്വനത്തകനായ ആ പരമപുരുഷൻ അത്യാകഷകമാംവണ്ണം നത്തനമാരംഭിച്ചു. ദേവന്മാരും ഋഷികളും ഗന്ധവ്വന്മാരും, വിദ്യാധരന്മാരും, അപ്സരസ്സുകളുമൊക്കെ ആ ദിവ്യലീലയിൽ പങ്കുകൊള്ളാൻ ആകാശത്തു വന്നു തിക്കിത്തിരക്കി നിന്നു. ദേവന്മാർ പുഷ്പവഷം ചെയ്തു. ഋഷികൾ 'ജയ' ശബ്ദം മുഴക്കി. അപ്സര

സ്സകലം താളത്തിനനുസരിച്ചു നൎത്തനംചെയ്തു. ഗന്ധൎവ്വന്മാർ പാട്ടു പാടി. വിദ്യാധരന്മാർ വാദ്യമേളങ്ങൾ മുഴക്കി. ഇങ്ങിനെ അത്ഭുതകരമായ ആ ദിവ്യതാണ്ഡവം അധികം നീണ്ടുനിന്നില്ല. അപ്പോഴയ്ക്കു കാളിയന്റെ ഫണം ചാഞ്ഞു. ചോര ഛൎദ്ദിക്കാൻ തുടങ്ങി. അപ്പോൾ അടുത്ത ഫണത്തിലേയ്ക്കു ചാടി. അതിന്മേലും ഇതുപോലെ നൎത്തനമാരംഭിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ അതും പൊന്താതായി. ഇങ്ങിനെ കാളിയന്റെ എല്ലാ ഫണങ്ങളെയും ചവിട്ടി ചവിട്ടി താഴ്ത്തി. ഒന്നുപോലും പൊന്താതായി. ചോരയും, വിഷവുമൊക്കെ വമിച്ചു തളൎന്നു പരവശനായ കാളിയനാകപ്പാടെ മരിക്കുമെന്ന ദിക്കായി. അപ്പോൾ നാഗസ്ത്രീകളും കുട്ടികളുംകൂടി കുറെ രത്നങ്ങളൊക്കെ കയ്യിലെടുത്തുകൊണ്ടുവന്നു ഭഗവാനു കാഴ്ചവെച്ചു സ്തുതിക്കാൻ തുടങ്ങി.

"അപരാധിയായ ഒരാളെ ശിക്ഷിക്കുന്നതു തികച്ചും ന്യായമാണു്. അതിലാൎക്കും ആക്ഷേപത്തിന്നവകാശമില്ല. അല്ലെങ്കിൽ അവിടുത്തെ അവതാരംതന്നെ ദുഷ്ടനിഗ്രഹത്തിന്നും, ശിഷ്ടപരിപാലനത്തിന്നുമാണല്ലോ. കാളിയനാകട്ടെ പ്രകൃത്യാതന്നെ ദുഷ്ടനും, ഇപ്പോൾ അങ്ങയ്ക്കു് അപരാധിയുമാണു്. അതിനാൽ അവനെ ശിക്ഷിക്കുന്നതുചിതംതന്നെ. എന്നാൽ സൃഷ്ടിയിൽത്തന്നെ സൎപ്പങ്ങൾ തമോഗുണാധിക്യത്തോടും ക്രോധാദിദുൎവ്വികാരങ്ങളോടുംകൂടിയവയാണല്ലോ അതിനാൽ അവരുടെ ഏതപരാധവും അറിവില്ലായ്മകൊണ്ടു മാത്രം സംഭവിക്കുന്നതാണു്. അതിന്നുപുറമേ സ്ത്രീകൾക്കു ഭൎത്താവു ദൈവമാ

ണല്ലോ. ഞങ്ങൾ യാതൊരപരാധവും ചെയ്തിട്ടില്ലാത്ത സ്ഥിതിക്കു ഞങ്ങടെ ഭർത്തൃനാശം അപരാധം ചെയ്യാത്തവരെ ശിക്ഷിക്കലുമാവും. അതിനാൽ കാളിയനെ കൊല്ലാതിരിക്കാൻ കരുണയുണ്ടാവണം. നാരായണ! അച്യുത! മാധവ! അനന്ത! വാസുദേവ! ജഗന്നിവാസ! അങ്ങയ്ക്കു നമസ്കാരം. അവിടുത്തെ അവസാനമില്ലാത്ത കാരുണ്യത്തെയും, മാഹാത്മ്യത്തെയും എത്രതന്നെ വാഴ്ത്തിയാലാണവസാനിക്കുന്നതു്! ബ്രഹ്മാദിദേവന്മാരുംകൂടി കൊതിക്കുന്ന അവിടുത്തെ തൃപ്പാദസ്പർശം തന്റെ ശിരസ്സുകൊണ്ടു സുലഭമായനുഭവിക്കാൻ സാധിച്ചതു കാളിയനെന്തൊരു സുകൃതംകൊണ്ടായിരിക്കുമെന്നറിഞ്ഞുകൂടാ. അവിടുത്തെ കരുണതന്നെയാണല്ലോ അനുഭവങ്ങൾക്കും അടിസ്ഥാനം. ദയാമയ, ഭക്തവത്സല, കരുണാസിന്ധോ! അങ്ങയ്ക്കു വീണ്ടും വീണ്ടും നമസ്കാരം." എന്നിങ്ങിനെ നാഗപത്നികൾ വാഴ്ത്തി സ്തുതിച്ചപ്പോൾ സന്തുഷ്ടനായ ഭഗവാൻ അവരെ അനുഗ്രഹിച്ചു. അനന്തരം കാളിയനും ഭഗവാനെ വാഴ്ത്തി സ്തുതിച്ചു. കാളിയനെയും ഭഗവാനനുഗ്രഹിച്ചു. അവിടുത്തെ തൃക്കൈസ്പർശംകൊണ്ടു ശരീരത്തിലെ പരുക്കുകളൊക്കെ നീങ്ങി. പൂർവ്വാധികം ഓജസ്സും, വീര്യവുമുണ്ടായി. അപ്പോൾത്തന്നെ അവരെയെല്ലാവരെയും രമണകദ്വീപത്തിങ്കലേയ്ക്കയച്ചു ഭഗവാൻ കരയ്ക്കു കയറുകയും ചെയ്തു. മരിച്ച ആൾ ജീവിച്ചു വന്നാലെന്നപോലെ ജനങ്ങൾ അത്യധികം സന്തോഷിച്ചു. കുട്ടികൾ ആർത്തുവിളിച്ചു. പശുക്കുട്ടികൾ നാലുഭാഗവും ഓടിവന്നു ഭഗവാനെ ഘ്രാണിക്കുകയും, നക്കുകയും ചെയ്തു.

ഈ കോലാഹലങ്ങളൊക്കെ കഴിഞ്ഞപ്പോഴയ്ക്കു സമയം ഏതാണ്ടൎദ്ധരാത്രിയോടടുത്തായി. ഇരുട്ടിൽ കാട്ടിൽക്കൂടെ മടങ്ങിപ്പോവുന്നതു് എല്ലാവൎക്കും വിഷമമായി തോന്നി. അതിനാൽ രാവിലെ പോവാമെന്നു തീൎച്ചപ്പെടുത്തി പുഴവക്കത്തു നിരപ്പുള്ള മൈതാനത്തിൽ എല്ലാവരും കിടന്നുറങ്ങി. എല്ലാവരും ഗാഢസുഷുപ്തിയിലാണ്ടപ്പോഠം അവിടെയുള്ള കാടും, വൃക്ഷങ്ങളുമൊക്കെ അഗ്നിക്കിരയായി. അങ്ങനെ ഗോപന്മാരും, ഗോപികളും കിടന്നുറങ്ങുന്ന മൈതാനത്തിൻെറ നാലുഭാഗവും അഗ്നി കത്തിജ്വലിക്കാൻ തുടങ്ങി. ചൂടു സഹിക്കാൻ വയ്യാതായപ്പോഠം എല്ലാവരും ഞെട്ടിയുണൎന്നു. എവിടേയ്ക്കും പോവാൻ നിവൃത്തിയില്ല. നാലുഭാഗവും അഗ്നിയാണു്. എല്ലാവരും നിലവിളിയായി. ഭഗവാനും ഉണൎന്നു. ആരും പരിഭ്രമിക്കേണ്ടെന്നു പറഞ്ഞു ഭഗവാൻ എല്ലാവരേയും ആശ്ചൎയ്യപ്പെടുത്തിക്കൊണ്ടു വായും പിളൎന്നു് അഗ്നിയുടെ മദ്ധ്യത്തിലേയ്ക്കു പാഞ്ഞുചെന്നു. അങ്ങിനെ നാലുഭാഗത്തും ഓടിക്കഴിഞ്ഞപ്പോഴയ്ക്കു് അഗ്നിയൊന്നുമില്ല. എല്ലാം ശാന്തമായി. അഗ്നി, ഭഗവാൻെറ വായിലേയ്ക്കു പ്രവേശിക്കുന്നതും അവിടെ കെട്ടടങ്ങുന്നതും എല്ലാവരും കണ്ടു. എന്തൊരത്ഭുതമാണു്. അഗ്നിയെ പാനം ചെയ്കയോ? എന്നാൽ അതും സംഭവിച്ചു. ഭഗവാനെസ്സംബന്ധിച്ചു് എന്താണു് സംഭവിച്ചുകൂടാത്തതു്? ആശ്ചൎയ്യമയനായ ഈശ്വരങ്കൽ എല്ലാം ആശ്ചൎയ്യംതന്നെ.

പണ്ടൊരിക്കൽ സൎപ്പങ്ങളുടെ ശത്രുവായ ഗരുഡൻ പതിവായി വന്നു് അനവധി സൎപ്പങ്ങളെ കൊന്നു് ഉപ

ദ്രവിക്കാൻ തുടങ്ങിയപ്പോഠം സപ്പങ്ങളും, ഗരുഡനും ചേ ന്നു് ഒരു സഖ്യം ചെയ്തു. പതിവായി ഓരോ സപ്പം ഗരുഡനു് ഇരയായി ചെല്ലാമെന്നും, എന്നാൽ അതിനെ ഒഴിച്ചു ബാക്കി സപ്പങ്ങളെയൊന്നും കൊല്ലരുതെന്നുമായിരുന്നു സഖ്യം. ഗരുഡൻ അതിനു വഴങ്ങി അതുപ്രകാരം ചെയ്തുവന്നു. അങ്ങിനെ തുടൎന്നുവരുമ്പോഠം കാളിയൻെറ ഊഴവും വന്നു. തൻെറ കുടുബത്തിൽനിന്നു് ആരെങ്കിലും ഒരാളെ അയയ്ക്കാൻ നിർബ്ബന്ധിതനായി. പക്ഷേ കാളിയൻ അതിനൊന്നും തയ്യാറായില്ല. ഗരുഡൻ വന്നാൽ തൻെറ കയ്യൂക്കുകൊണ്ടെതിൎക്കാമെന്നായിരുന്നു കാളിയൻെറ വിചാരം. അധികം താമസിയാതെ അതു സംഭവിച്ചു. ഗരുഡനും കാളിയനും തമ്മിൽ ഭയങ്കരമായ യുദ്ധം നടന്നു. അവസാനം കാളിയൻ തോററു. അപ്പോഠം ഗത്യന്തരമില്ലാതെ പ്രാണഭയത്താൽ പീഡിതനായ കാളിയൻ കുടുംബങ്ങളോട്ടുകൂടി അഭയം പ്രാപിച്ചതായിരുന്നു കാളിന്ദീനദിയിൽ. സൌഭരിമഹൎഷിയുടെ ശാപംകൊണ്ടു ഗരുഡനു കാളിന്ദിയിൽ വരാൻ നിവൃത്തിയില്ല. ഈ വൎത്തമാനം കാളിയനു നല്ലപോലെ അറിയാം. അതായിരുന്നു ധൈൎയ്യത്തോടെ കാളിന്ദിയിൽ താമസമുറപ്പിച്ചതു്. ഒരിക്കൽ സൌഭരിമഹൎഷി കാളിന്ദിജലത്തിൽ മുങ്ങിക്കിടന്നു തപസ്സനുഷ്ഠിക്കയായിരുന്നു. ഗരുഡൻ പതിവായി അവിടെ വന്നു് അനവധി മത്സ്യങ്ങളെ കൊന്നു തിന്നാറുണ്ടായിരുന്നു. ഒരു ദിവസം ഈ ദുശ്ചേഷ്ടിതം മഹൎഷിയുടെ കണ്ണിൽ പെട്ടു. അദ്ദേഹം ഗരുഡനെ ശപിച്ചു. “ഇനിമേലിൽ കാളിന്ദിയിൽ വന്നു്

ഒരു ജീവിയെയെങ്കിലും ഉപദ്രവിച്ചാൽ തല പൊട്ടി മരിക്കട്ടെ" എന്നായിരുന്നു ശാപം. അന്നുമുതൽ ഗരുഡൻ കാളിന്ദിയിൽ പ്രവേശിക്കാതായി. ഇതാണു് കാളിന്ദീനദിയിൽ താമസമുറപ്പിച്ചതിൻെറ രഹസ്യം. ഏതായാലും അന്നുമുതൽ ഭഗവാൻെറ നിർദ്ദേശപ്രകാരം കാളിയനും കുടുംബവും രമണകദ്വീപത്തിങ്കലേയ്ക്കുതന്നെ താമസം മാററി. കാളിയൻെറ ശിരസ്സിൽ ഭഗവാൻെറ തൃപ്പാദങ്ങൾ പതിഞ്ഞിട്ടുണ്ടായിരുന്നു്. അതു കണ്ടാൽ ഗരുഡൻ ഉപദ്രവിക്കില്ലെന്നു ഭഗവാൻ അനുഗ്രഹിക്കയും ചെയ്തു.

ആദിത്യൻെറ പുത്രിയാണു് കാളിന്ദി. അപ്പോൾ ആദിത്യമണ്ഡലത്തിൽനിന്നായിരിക്കുമല്ലോ ജനനം. അത്യുന്നതസ്ഥാനത്തുള്ള ആദിത്യമണ്ഡലത്തിൽനിന്നു പുറപ്പെട്ടു കീഴ്പോട്ടൊഴുകി ക്രമേണ സമുദ്രത്തിൽ വന്നുചേരുന്നു. ഇങ്ങിനെയാണു് കാളിന്ദീനദിയുടെ സ്വരൂപത്തിൻെറ ചിത്രീകരണം. മനുഷ്യശരീരത്തിൻെറ ശിരസ്സിലുള്ള ആത്മചൈതന്യമാകുന്ന ആദിത്യമണ്ഡലത്തിൽനിന്നു പുറപ്പെട്ടു കീഴ്പോട്ടൊഴുകിയൊഴുകി ക്രമേണ മൂലാധാരമാകുന്ന സംസാരസമുദ്രത്തിൽ ചെന്നുചേരുന്നു ബോധമാകുന്ന കാളിന്ദീനദി. അതിൽ രാഗം, ദ്വേഷം, മദം, മത്സരം തുടങ്ങിയ കാളകൂടവിഷത്തെ വമിച്ചുകൊണ്ടു സമീപിക്കുന്ന സർവ്വരെയും നശിപ്പിക്കത്തക്ക ശക്തിയോടുകൂടിയ 'ഞാനെ'ന്ന അഭിമാനമാകുന്ന കാളിയൻ തടിച്ചുപുളച്ചു വളൎന്നുകൊണ്ടിരിക്കുന്നു. 'ഞാനെ'ന്ന കാളിയനു് 'എൻേറ'തെന്ന ഫണങ്ങൾ ആയിരക്കണക്കിലുണ്ടു്. അതിൽക്കൂടെ പുറത്തേയ്ക്കു വരുന്ന വിഷത്തിൻെറ

ശക്തി ഭയങ്കരമാണു്. കാളിയൻ പോയാൽ കാളിന്ദീജലം അമൃതമയമായി. അഹങ്കാരം നീങ്ങിയാൽ അറിവു് അമൃതസ്വരൂപമായി. അഹങ്കാരമുള്ളേടത്തോളംകാലം വിഷാത്മകവുമാണു്. ഏതൊരറിവുകൊണ്ടാണു് ബദ്ധനും ദുഃഖിയുമായിട്ടിരിക്കുന്നതു്, അതേ അറിവുകൊണ്ടാണു് മുക്തനും, സുഖിയുമാവേണ്ടിയിരിക്കുന്നതു്. അത്യന്തനിഷിദ്ധങ്ങളായ പാപകൎമ്മങ്ങളെ ഏതൊരറിവുകൊണ്ടാണോ ചെയ്യുന്നതു്, അതേ അറിവുകൊണ്ടാണു് ദിവ്യമായ ആത്മാനന്ദത്തെയും അനുഭവിക്കുന്നതു്. ഒന്നിൽ അഹങ്കാരമുണ്ടു്, മറേറതിൽ ഇല്ല; ഈ വ്യത്യാസമേ ഉള്ളു. അഹങ്കാരത്തിൻെറ വികാസമാണു് അജ്ഞാനമെന്നും, അഹങ്കാരത്തിൻെറ ലയമാണു് ജ്ഞാനത്തിൻെറ സ്വരൂപമെന്നുമുള്ള വേദാന്തതത്വത്തെ ഭംഗ്യന്തരേണ ഉപന്യസിച്ചിരിക്കുന്നു എന്നുമാത്രം. അഹങ്കാരം വളരുമ്പോഴാം ആത്മധൎമ്മങ്ങളെ നിരസിക്കാനും, ഈശ്വരനെത്തന്നെ ചോദ്യംചെയ്യാനുമൊക്കെ ഇടയാകും. അതുതന്നെ കാളിയൻെറ ചുററലും വരിയലുമൊക്കെ. അങ്ങനെ പലപ്പോഴും ഈശ്വരനെയും ഈശ്വരൻെറ വിഭൂതികളെയും എതിൎത്തുകൊണ്ടിരിക്കുന്ന അഹങ്കാരമാകുന്ന കാളിയസൎപ്പത്തെ ബോധമാകുന്ന കാളിന്ദിയിൽനിന്നകററി രമണകദ്വീപത്തിങ്കലേയ്ക്കയയ്ക്കാനും ഈശ്വരൻതന്നെ വേണം. എത്ര കയ്യുക്കുണ്ടായാലും മററാക്കും സാദ്ധ്യമല്ല. ഹൃദയമാകുന്ന 'കയ'ത്തിലേയ്ക്കു ഭഗവാൻതന്നെ ചാടി 'ഞാനെ'ന്ന കാളിയൻെറ 'എൻേറ'തെന്ന ഫണങ്ങളെ ചവിട്ടിത്താഴ്ത്തി. 'ഞാനും' 'എൻെറ'യുമാകുന്ന

K.S.U

സ്ഥാനത്തു മുഴുവൻ ഈശ്വരനും, ഈശ്വരന്റേയുമാവ ണം. അപ്പോൾ പാകംവന്നു വിഷം ശമിച്ച കാളിയൻ രമണകദ്വീപത്തിലേയ്ക്കുതന്നെ മടങ്ങും. ആത്മാനന്ദംത ന്നെ രമണകദ്വീപം. അവിടെനിന്നു വന്നതായിരുന്നു ആദ്യം കാളിയൻ. നാനാത്വഭാവംകൊണ്ടു് ആത്മഭാ വം മറന്നു് അധഃപതിച്ച ജീവത്വമാണല്ലോ അഭിമാനം. രമണകദ്വീപത്തിൽനിന്നു പോരാനുള്ള കാരണം ഗരുഡ നെ ഭയന്നിട്ടുമാണു്. ജ്ഞാനവൈരാഗ്യങ്ങൾതന്നെ ഗ രുഡൻ. അതിന്മേലാണു് ഭഗവാൻ സഞ്ചരിക്കുന്നതു്. ജ്ഞാനവൈരാഗ്യങ്ങളെ ശത്രുത്വേന വെറുക്കുന്ന ഒരാൾ ക്കു രമണകദ്വീപത്തിൽ (ആത്മാനന്ദത്തിൽ) സ്ഥാനമു ണ്ടാവാൻ വയ്യല്ലോ. ഭഗവൽചേച്ചകൊണ്ടു ഗരുഡൻ ബന്ധുവായി. അപ്പോൾ വീണ്ടും രമണകദ്വീപത്തിലേ യ്ക്കു പോകാമെന്നായി. ഭഗവൽഭാവംകൊണ്ടു നാനാത്വ ഭാവമടങ്ങി ജ്ഞാനവൈരാഗ്യങ്ങൾ പ്രകാശിച്ചപ്പോൾ ആത്മാനന്ദാനുഭൂതിക്കു തടസ്ഥമില്ലാതായെന്നു ചുരുക്കം. ഇങ്ങിനെ അഗാധങ്ങളായ വേദാന്തതത്വങ്ങളുടെ ഉള്ളട ക്കംകൊണ്ടു് അത്യന്തസുന്ദരവും, അതീവ പാവനവുമാ യ ഒരു ദിവ്യലീലയാണു് കാളിയമർദ്ദനം.

കാളിയമർദ്ദനത്തിന്നുശേഷം ഗ്രീഷ്മർത്തുവും പ്രലംബ വധവുമാണു് വർണ്ണിക്കപ്പെടുന്നതു്. സമഷ്ടിയായ ഭൂശ രീരത്തിലേയും, വ്യഷ്ടിയായ ജീവശരീരത്തിലേയും രസ ങ്ങളെ മുഴുവൻ ആദിത്യൻ ആദാനംചെയ്യുന്ന കാലമാണ ല്ലോ ഗ്രീഷ്മർത്തു. അതിനാൽ ആരുടേയും മനസ്സിന്നു് ഉ ന്മേഷവും, ഉത്സാഹവും കുറയും. ചുട്ടുപൊള്ളുന്ന പകൽ

സമയത്തെ കഴിച്ചുകൂട്ടുന്നതുതന്നെ വിഷമിച്ചാണു്. രാത്രിയിലെ ഉറക്കം സുഖകരമായിരിക്കില്ല. ഇങ്ങനെ എന്തുകൊണ്ടു നോക്കിയാലും ഗ്രീഷ്മൎത്തു ആൎക്കും ഹൃദ്യമാണെന്നു പറഞ്ഞുകൂടാ. എന്നാൽ വൃന്ദാവനത്തിൻെറ സ്വതഃസിദ്ധമായ മാഹാത്മ്യംകൊണ്ടും, പ്രകൃതിവിഭവങ്ങളുടെ സമൃദ്ധികൊണ്ടും, സൎവ്വോപരി അമൃതസ്വരൂപനായ ഭഗവാൻെറ നിത്യസാന്നിദ്ധ്യംകൊണ്ടും അവിടെയുള്ളവൎക്കൊക്കെ ജഗത്തിനെ വാട്ടിവരട്ടുന്ന ഗ്രീഷ്മൎത്തുവും ഏററവും ഹൃദ്യമായിട്ടാണു് പരിണമിച്ചതു്. പ്രത്യേകിച്ചും കുട്ടികഠം ആനന്ദംകൊണ്ടു് ഉന്മത്തരായി. പ്രഭാതത്തിൽ വളരെ നേൎത്തേതന്നെ അവർ കാട്ടിലെത്തും. വൈകുന്നേരം ഇരുട്ടാകുന്നതുവരെ അവിടെത്തന്നെ കഴിച്ചുകൂട്ടും. ലോകസിദ്ധങ്ങളും, ബാലസഹജങ്ങളുമായ കളികളെക്കൊണ്ടു പകൽസമയം മുഴുവൻ അവർ വൃന്ദാവനത്തിൽ വിനോദിക്കും. കണ്ണുകെട്ടിക്കളിക്കുക, കവണയും കല്ലുമായി എറിഞ്ഞു കളിക്കുക, ഓടിക്കളിക്കുക, ഒളിച്ചു കളിക്കുക തുടങ്ങി അനവധി തരത്തിലുള്ള കളികളെക്കൊണ്ടു സുകൃതം നിറഞ്ഞ ആ ഇടയക്കുഞ്ഞുങ്ങഠം സച്ചിദാനന്ദസ്വരൂപനായ കൃഷ്ണനോടുകൂടി കളിച്ചു വിനോദിച്ചു. അങ്ങിനെ കഴിഞ്ഞുവരുമ്പോഠം ഒരു ദിവസം രസകരമായൊരു സംഗതിയുണ്ടായി.

## പ്രലംബവധം

പ്രലംബനെന്നു പേരുള്ള കംസൻെറ മറെറാരു ഭൃത്യൻ വൃന്ദാവനത്തിൽ വന്നു രാമകൃഷ്ണന്മാരേയും മററു കുട്ടികളേയും കൊല്ലാൻ ഒരുങ്ങി. എത്രയോ അനവധി

ഗോപക്കുട്ടികളുള്ളതിനാൽ അതുപോലൊരു ഗോപക്കുട്ടിയുടെ വേഷത്തിൽ വന്നാൽ തന്നെ ആരും തിരിച്ചറിയില്ലെന്നു കരുതി അങ്ങിനെ ചെയ്തു. മായാമയനും, കപടനാടകസൂത്രധാരനുമായ ഭഗവാൻെറ കണ്ണാണു് കെട്ടാൻ പുറപ്പെട്ടതു്. നോക്കണേ! മനുഷ്യൻെറ അജ്ഞാനത്തിൻെറ വലിപ്പം! അവൻ വന്നുചേരേണ്ട താമസം, ഭഗവാൻ തിരിച്ചറിഞ്ഞു. ഒന്നും മിണ്ടിയുമില്ല. ഓടിക്കളിച്ചുകൊണ്ടിരിക്കുമ്പോഴാണു് പ്രലംബൻ കൂട്ടത്തിൽ വന്നുചേർന്നതു്. കുറച്ചുനേരം പിന്നേയും ഓടിക്കളിച്ചതിൻെറ ശേഷം അന്യോന്യം ഗുസ്തി പിടിച്ചു കളിക്കാൻ തീർച്ചയാക്കി. അതു പ്രലംബാസുരന്നു വളരെ ഇഷ്ടമായി. തുല്യബലവാന്മാരായ ഈരണ്ടാളുകൾ ഒററയ്ക്കു ഗുസ്തി പിടിക്കുക; തോററവൻ ജയിച്ച ആളെ തൻെറ ചുമലിലേററി കുറച്ചു ദൂരം നടക്കുക—ഇതാണു് നിയമം. ഈ നിലയ്ക്കു കളിയാരംഭിച്ചു. ശ്രീദാമാവെന്നു പേരായ ഗോപക്കുട്ടിയും, ഭഗവാനുംകൂടി ഗുസ്തി പിടിച്ചതിൽ ഭഗവാൻ തോററു. അതിൻെറ ഫലമായി ശ്രീകൃഷ്ണഭഗവാൻ ശ്രീദാമാവിനെ ചുമന്നുകൊണ്ടു കുറച്ചു ദൂരം നടക്കേണ്ടിവന്നു. ഇങ്ങിനെ വളരെ പേർ അന്യോന്യം ദ്വന്ദ്വയുദ്ധം നടത്തി. പ്രലംബൻ ബലരാമനോടുകൂടിയാണു് യോജിച്ചിരിക്കുന്നതു്. ക്രമേണ അവരുടെ ഊഴം വന്നപ്പോൾ അവരും ദ്വന്ദ്വയുദ്ധം ചെയ്തു. അതിൽ പ്രലംബൻ വേഗം തോററു. അപ്പോൾ ബലരാമനെ കാരണസഹിതം ജനമദ്ധ്യത്തിൽ നിന്നെടുത്തുകൊണ്ടുപോവാൻ സൌകര്യം കിട്ടിയല്ലോ. കിട്ടിയ സന്ദർഭം പാഴാക്കാതെ പ്രലംബാസുരൻ ബലരാമനെ ചുമലിലേററിക്കൊണ്ടു് അതിവേഗം

കാട്ടിന്നുള്ളിലേയ്ക്കോടി. ജനമദ്ധ്യത്തിൽനിന്നു വേർപെട്ടു് ഒററയ്ക്കായി എന്നു കണ്ടപ്പോഠം ബാലരാമനെ താഴത്തിട്ടു പ്രലംബൻ പവ്വതംപോലുള്ള തൻെറ അസുരസ്വരൂപത്തിൽ നിന്നു. ബലരാമൻപോലും ആ ഭയങ്കരസ്വരൂപം കണ്ടു ഭയപ്പെട്ടുവെന്നു പറയണം. അവിടെവെച്ചു രണ്ടാളുംകൂടി കായ്യമായിട്ടുള്ള ദ്വന്ദ്വയുദ്ധം ആരംഭിച്ചു. ആദ്യം ചെയ്തതു കളിയായിട്ടായിരുന്നുവല്ലോ. കുറേനേരം അന്ന്യോന്ന്യം പിടിച്ചും, വലിച്ചും, ഇടിച്ചും, തള്ളിയും യുദ്ധം ചെയ്തു് അവസാനം ബലദേവൻ അവനെ അടിച്ചുകൊന്നു. പ്രലംബനെ കൊന്നുകഴിഞ്ഞപ്പോഴയ്ക്കു ഭഗവാനും കൂട്ടുകാരും ബലരാമനെ തിരഞ്ഞുകൊണ്ടവിടെ എത്തി. മലപോലുള്ള അവൻെറ ശവശ്ശരീരം കണ്ടപ്പോഠം ബലരാമൻെറ ശക്തിയേയും സാമത്ഥ്യത്തേയും എല്ലാവരും പുകഴ്ത്തി.

### ദാവാഗ്നിമോക്ഷം

പ്രലംബവധവും കഴിഞ്ഞു മടങ്ങിവന്നു നോക്കുമ്പോഠം പശുക്കളെ ഒന്നും കാണാനില്ല. എല്ലാവക്കും പരിഭ്രമമായി. കാട്ടിന്നുള്ളിൽ പലേടത്തും വിളിച്ചു നടന്നു തിരയാൻ തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോഠം കണ്ടെത്തി. തിന്നാൻ പുല്ലന്വേഷിച്ചു പോയിപ്പോയി ഒരു വലിയ മുഞ്ജപ്പുൽക്കാട്ടിൽ ചെന്നുപെട്ടിരിക്കയാണു് പശുക്കളൊക്കെ. തിന്നാൻ പററിയ പുല്ലാണെന്നുവെച്ചാണു് അവിടെ ചെന്നുപെട്ടതു്. നോക്കുമ്പോഠം തിന്നാൻ പററിയ പുല്ലല്ല; മടങ്ങിപ്പോരാൻ വഴിയും അറിയാതായി. അങ്ങിനെ പശുക്കളൊക്കെ ആ കാട്ടിന്നുള്ളിൽ പെട്ടിരി

ക്കയാണു്. കാൎയ്യം മനസ്സിലാക്കിയ ഗോപക്കുട്ടികളും ഭഗവാനുംകൂടെ വേഗത്തിൽ തെളിച്ചു കാട്ടിൽനിന്നു പുറത്താക്കാൻ തുടങ്ങി. അപ്പോഴേയ്ക്കു് എവിടെനിന്നു വന്നുവെന്നറിഞ്ഞുകൂടാ, ഒരു കാട്ടുതീ ആ പുൽക്കാടിനെ ബാധിച്ചു. പുല്ലിനു തീപ്പിടിച്ചാൽ പിന്നത്തെ കഥയെന്താണു്! അതിൽനിന്നു പുറത്തു പോരാനോ, തീ കെടുത്താനോ രണ്ടിനും സാദ്ധ്യമല്ല. ആലോചിക്കാൻപോലും സമയം കിട്ടിയില്ല. അത്ര വേഗം നാലുഭാഗത്തുകൂടേയും അഗ്നി അടുത്തെത്തിക്കഴിഞ്ഞു. എല്ലാവരുംകൂടെ കൃഷ്ണനെ വിളിച്ചു നിലവിളിച്ചു. "അങ്ങാണല്ലോ ഞങ്ങടെ രക്ഷിതാവും, ബന്ധുവും, ഇഷ്ടനും, എല്ലാംതന്നെയും. അങ്ങല്ലാതെ ആരുണ്ടു് ഞങ്ങളെ രക്ഷിക്കാൻ. അയ്യോ! അഗ്നി അടുത്തെത്തിയല്ലോ. കൃഷ്ണ! വേഗം രക്ഷിക്കണേ!" എന്നിങ്ങിനെയുള്ള തന്റെ ഇഷ്ടജനങ്ങളുടെ ആൎത്തനാദം ഭഗവാന്റെ കാരുണ്യത്തെ ഇളക്കിവിട്ടു. പെട്ടെന്നെല്ലാവരോടും കണ്ണടയ്ക്കാൻ പറഞ്ഞു. എല്ലാവരും ആജ്ഞപ്രകാരം ഒരു നിമിഷം കണ്ണടച്ചുനിന്നു. ഒരു നിമിഷമേ കഴിഞ്ഞുള്ളു. കണ്ണു തുറന്നു നോക്കി. അപ്പോഴ് പുൽക്കാടുമില്ല, തീയുമില്ല. പശുക്കളടക്കം എല്ലാവരും ആദ്യം ദ്വന്ദ്വയുദ്ധം ചെയ്തു കളിച്ചിരുന്ന ആൽച്ചുവട്ടിലുണ്ടു നില്ക്കുന്നു. എന്തൊരത്ഭുതമാണു്. അവൎക്കു കിട്ടാവുന്ന വാക്കുകളെക്കൊണ്ടൊക്കെ കൃഷ്ണനെ പുകഴ്ത്തി. കൃഷ്ണന്റേയും രാമന്റേയും യോഗശക്തിയും, ഈശ്വരത്വവും പ്രത്യക്ഷത്തിൽ അവൎക്കു ബോദ്ധ്യമായി. രാമകൃഷ്ണന്മാരെ തങ്ങളുടെ പ്രത്യക്ഷേശ്വരന്മാരായി കാണുകയും, മനസാ ബഹുമാനിക്കുകയും ചെയ്തു.

അന്നു വൈകുന്നേരം മടങ്ങിവന്നപ്പോഠം എല്ലാവരും അവരവരുടെ ഗൃഹങ്ങളിൽ രാമകൃഷ്ണന്മാരുടെ യോഗ്യതയേയും, മാഹാത്മ്യത്തേയും പുകഴ്ത്തിപ്പറഞ്ഞു. അതിന്നു തെളിവായി അന്നത്തെ സംഭവത്തേയും അവർ വിവരിച്ചു. എല്ലാവരും ആത്ഭുതപ്പെട്ടുകയും രാമകൃഷ്ണന്മാരെ ഈശ്വരന്മാരായി മാനിക്കുകയും ചെയ്തു.

പിന്നീടു നീണ്ട ഒരദ്ധ്യായം മുഴുവൻ വൎഷാൎത്തുവിൻെറ വൎണ്ണനമാണു്. വളരെ ചമൽക്കാരത്തിൽ വൎഷാൎത്തുവിൻെറ സൎവ്വഘടകങ്ങളേയും ആത്മതത്വത്തോടുകൂടി യോജിപ്പിച്ചു വൎണ്ണിച്ചു് ആ വൎണ്ണനത്തിൻെറ പൎയ്യവസാനത്തിൽ ശരദൃതുവിലേയ്ക്കു കടന്നു ശരദൃതുവിനേയും അതുപോലെ വൎണ്ണിച്ചു ഭഗവാൻെറ വേണുഗാനത്തിലേയ്ക്കു കടക്കുന്നു. അത്യന്താകൎഷകമായ അവിടുത്തെ വേണുനാദം സൎവ്വജീവികളേയും ആകൎഷിച്ചു. വിശിഷ്യ, നന്ദഗോകുലത്തിലെ ഗോപികഠം പ്രത്യേകമായും ആകൎഷിക്കപ്പെട്ടു. അവൎക്കൊരു നിമിഷമെങ്കിലും, കൃഷ്ണനെ കാണാതെയോ, കൃഷ്ണനോടുകൂടിച്ചേരാതെയോ ഇരിക്കാൻ വയ്യെന്നായി. വൈകുന്നേരമായാൽ കാണാനുള്ള ബദ്ധപ്പാടുകൊണ്ടു കൃഷ്ണനെത്തന്നെ നോക്കി കാത്തുനില്ക്കും. മദ്ധ്യാഹ്നസമയത്തു് എല്ലാവരും കൂടിച്ചേൎന്നു കൃഷ്ണൻെറ മാഹാത്മ്യങ്ങളേയും, കഥകളേയും പറഞ്ഞു രസിക്കും. പ്രഭാതത്തിൽ കൃഷ്ണൻ തങ്ങളിൽനിന്നകന്നുപോകുന്നുവല്ലോ എന്ന വേദനയോടുകൂടി ഭഗവാൻെറ പോക്കിനെ നോക്കി നില്ക്കും. കണ്ണിൽനിന്നു മറഞ്ഞാൽ കാട്ടിലുള്ള ലീലകളേയും വേണുഗാനത്തേയും ഭാവനയിൽക്കൂടെ കണ്ടും, കേ

ട്ടും ആസ്വദിക്കും. ഇങ്ങിനെ കൃഷ്ണനെത്തന്നെ എല്ലാ പ്രകാരത്തിലും ആസ്വദിച്ചുകൊണ്ടും, കൃഷ്ണനോടു കൂടിച്ചേൎന്നു് ഒന്നാവുന്നില്ലല്ലോ എന്ന മധുരമായ വേദനയെ അസഹ്യതയോടെ അനുഭവിച്ചും ദിവസം കഴിക്കാൻ തുടങ്ങി. ദിവസങ്ങൾ ഓരോന്നായി നീങ്ങുംതോറും ഗോപികളുടെ കൃഷ്ണപ്രേമം വളൎന്നുവളൎന്നു് ഉച്ചകോടിയിലെത്തി. കൃഷ്ണനെത്തന്നെ എപ്പോഴും സ്മരിച്ചും, കീൎത്തിച്ചും, പൂജിച്ചും, ആദരിച്ചും കഴിയലായി. മറ്റൊന്നിലും അവൎക്കു ശ്രദ്ധയില്ലാതായി. വീട്ടുകാൎയ്യങ്ങളും, തങ്ങളുടെ ആഹാരാദി കാൎയ്യങ്ങൾകൂടിയും പലപ്പോഴും മറക്കാൻ തുടങ്ങി. മദ്ധ്യാഹ്നസമയങ്ങളിൽ എല്ലാവരും ഒന്നിച്ചു കൂടിച്ചേൎന്നു ഭാവനാദൃഷ്ടിയിൽക്കൂടെ കൃഷ്ണനെ കണ്ടുകൊണ്ടു കീൎത്തിക്കാൻ തുടങ്ങും. കീൎത്തനം തുടങ്ങുമ്പോഴയ്ക്കുതന്നെ പലരും അസ്തപ്രജ്ഞരായി സമാധിസ്ഥകളാകും. ദേഹം മുഴുവൻ എപ്പോഴും പൊട്ടിത്തരിച്ചുകൊണ്ടിരിക്കും. എപ്പോഴും കണ്ണുകൾ അശ്രുപൂൎണ്ണങ്ങളായിരിക്കും. ഗോപികളുടെ ഈ പ്രേമഭക്തി അത്ഭുതകരമാംവണ്ണം വളൎന്നു. ഋഷികളേയും, സിദ്ധന്മാരേയുംകൂടി അത്ഭുതസ്തബ്ധരാക്കി. അവരുടെ കൃഷ്ണകീൎത്തനങ്ങൾ ഏതു സമയത്തും ആകാശത്തു മാറ്റൊലിക്കൊള്ളാൻ തുടങ്ങി. കാട്ടുപൂക്കളെക്കൊണ്ടും, ചെന്തളിരുകളെക്കൊണ്ടും, അലങ്കരിച്ച നീലത്തിരുമേനിയിൽ പീലിത്തിരുമുടിയും, ഗോപിക്കുറിയും, പീതാംബരവും, വനമാലയുമലങ്കരിച്ചു്, പടൎന്നു പന്തലിച്ച ആൽവൃക്ഷത്തിൻെറ തറയിൽ കയറിനിന്നു വലത്തുകാൽ ഇടത്തു ഭാഗത്തേയ്ക്കു പിണച്ചുവെച്ചു ശിരസ്സല്പം വലത്തോട്ടു ചായ്ച്ചു തിരുമുഖത്തു വലത്തോട്ടു നീട്ടിയ ഓടക്കുഴലി

ൻെറ ദ്വാരങ്ങളെ അടയ്ക്കുകയും തുറക്കുകയും ചെയ്യുന്ന കൃഷ്ണനേയും, വേണുവിൽക്കൂടെ പുറത്തുവന്നു ലോകം മുഴുവൻ നിറയുന്ന നാദബ്രഹ്മാമൃതത്തെ വാരിക്കുടിക്കാനുള്ള ബദ്ധപ്പാടോടെ നാലുഭാഗവും തിക്കിത്തിരക്കി നില്ക്കുന്ന ഗോപക്കുട്ടികളേയും, പശുക്കളേയും, ആകാശത്തുനിന്നു പൂമഴ ചൊരിയുന്ന ദേവന്മാരേയും, രോമാഞ്ചംകൊണ്ട ഋഷികളേയും അവർ ഭാവനാദൃഷ്ടിയിൽക്കൂടെ മുന്നിൽ കണ്ടുകൊണ്ടു കീർത്തിക്കുകയാണു്.

"ഹേ സഖികളേ, നാം വേണ്ടത്ര സുകൃതം ചെയ്തവരല്ല. ജഡമായ ഓടക്കുഴലിനുപോലും കിട്ടുന്ന കൃഷ്ണസമ്പർക്കംകൂടി നമുക്കില്ലല്ലോ. കാട്ടിലെ പക്ഷിമൃഗാദികൾകൂടി ആസ്വദിക്കുന്ന നാദബ്രഹ്മാമൃതം നമുക്കാസ്വദിക്കാൻ കഴിയാതെ പോയില്ലേ. കാട്ടിലുള്ള ക്ഷുദ്രജീവികൾകൂടി കണ്ണു നുകരുന്ന ആ പുണ്യം നിറഞ്ഞ പൂവുടൽ നമുക്കൊന്നു കാണാൻകൂടി കിട്ടുന്നില്ലല്ലോ. ആടുന്ന മയിലും, പാടുന്ന കുയിലും, കൂട്ടംകൂടി പുല്ലുമേയുന്ന മാൻപേടകളുമൊക്കെ എത്ര സുകൃതനിധികളാണു്. അവ എല്ലാം മറന്നു കൃഷ്ണനെത്തന്നെ ആസ്വദിക്കുന്നു. ആകാശചാരിണികളായ ദേവസ്ത്രീകൾ കൃഷ്ണദർശനത്താൽ പ്രേമാവിഷ്ടകളായി പൂമഴ ചൊരിയുന്നു. തൃണങ്ങളും, ചെടികളും, കല്ലുകളും എന്നുവേണ്ട ഒഴുകുന്ന നദിയും, ഉറച്ചുനില്ക്കുന്ന പർവ്വതവും എല്ലാം ധന്യധന്യങ്ങളാണു്. രാമകൃഷ്ണന്മാരുടെ പാദസ്പർശംകൊണ്ടു് അവയൊക്കെ എത്രയോ പരിപൂതങ്ങളായിക്കഴിഞ്ഞു" ഇപ്രകാരമുള്ള കീർത്തനങ്ങളെക്കൊണ്ടും, ഭാവനകളെക്കൊണ്ടും ഗോപികളുടെ ജീവിതത്തിൻെറ സ

കലവശവും കൃഷ്ണപ്രേമംകൊണ്ടു നിറഞ്ഞു. ജിവിതംത ന്നെ കൃഷ്ണമയമായി എന്നു പറയണം. അങ്ങിനെയിരി ക്കുമ്പോഴാണു് ശരദൃതു അവസാനിച്ചു്, ഹേമന്തൎത്തു ആ രംഭിച്ചതു്. മഞ്ഞു പൊഴിയുന്ന ആ ശീതകാലം പ്രകൃതി യെ മരവിപ്പിച്ചുവെങ്കിലും ഗോപികളുടെ കൃഷ്ണപ്രേമത്തി ന്നു കൂടുതൽ ചൂടുപിടിപ്പിക്കയാണു് ചെയ്തതു്. അവ ൎക്കു് എന്തെങ്കിലും ചിലതു ചെയ്യാതെ അടങ്ങിയിരി ക്കാൻ വയ്യെന്ന നില വന്നു.

ഗോപീവസ്ത്രാപഹരണം

അതിനാൽ ഹേമന്തൎത്തുവിൻെറ ഒന്നാമത്തെ മാ സമായ വൃശ്ചികമാസത്തിൽത്തന്നെ ആരും അറിയാതെ ഒരു തപസ്സാരംഭിച്ചു. പ്രഭാതത്തിൽ ഉണൎന്നെഴുന്നേററു യമുനാനദിയിൽപോയി കുളിച്ചു പുഴക്കരയിൽ മണ്ണുകൊ ണ്ടു ദേവീപ്രതിമയുണ്ടാക്കി ഭക്തിയോടുകൂടി പൂജിച്ചു് അ ഭീഷ്ടങ്ങളെ പ്രാൎത്ഥിച്ചു നമസ്കരിക്കുക. അങ്ങനെ പതി വായി ചെയ്യുക. നിവേദ്യം മാത്രം ഭക്ഷിച്ചും, നിലത്തു കിടന്നും വ്രതനിഷ്ഠയോടെ കഴിച്ചുകൂട്ടുക. ഇതായിരുന്നു അ വരുടെ തപസ്സിൻെറ സ്വരൂപം. അങ്ങിനെ ഏതാനും ദിവസങ്ങൾ കഴിഞ്ഞു. വൃശ്ചികമാസത്തിലെ കൊടുമ്പി രിക്കൊണ്ട തണുപ്പിൽ മഞ്ഞുപോലെ ശീതളമായ യമു നാജലത്തിൽ ഇറങ്ങി മുങ്ങാനും, കൃഷ്ണകീൎത്തനങ്ങളെ പാ ടി ആനന്ദലഹരിയിലാറാടി നീന്തിത്തുടിച്ചു കളിക്കാനും ഒക്കെത്തന്നെയും വിഷമമില്ലാതായി. ശരീരചിന്തയും, ദേഹാഭിമാനവും ചുരുങ്ങുമ്പോൾ ശരീരധൎമ്മങ്ങൾ ആ ൎക്കും തടസ്ഥങ്ങളാവുന്നില്ല. അതാണല്ലോ തപസ്സുകൊ

ണ്ടു് ആദ്യംതന്നെ ഒരാറംക്കുണ്ടാവുന്ന അനുഭൂതി. ആ അനുഭൂതി ഗോപികളിൽ അവരുടെ തപസ്സിൻെറ ഫലമായി വ്യക്തമായി പ്രകാശിച്ചു. പരാശക്തിയായ അംബികയായിരുന്നു അവരുടെ തപസ്സിൻെറ ആരാദ്ധ്യദേവതയെങ്കിലും, എല്ലാവരുടെയും വാക്കും വിചാരവും, പ്രവൃത്തിയുമാകുന്ന മൂന്നു കരണങ്ങളും എപ്പോഴും കൃഷ്ണനിലാണു് ലയിച്ചുകൊണ്ടിരുന്നതു്. ആ നിലയ്ക്കു നോക്കുമ്പോറം, ജ്ഞാനമൂർത്തിയായ കൃഷ്ണനെ മായാസ്വരൂപേണയും ആരാധിക്കാൻ തുടങ്ങി എന്നാണു് പറയേണ്ടതു്. ഏതായാലും ഇഷ്ടദേവതയായ ദേവിയല്ല; കൃഷ്ണനാണു് തപസ്സിൻെറ ഫലമായി പ്രത്യക്ഷപ്പെട്ടതും വരം കൊടുത്തതും.

ഒരു ദിവസം പതിവുപോലെ കാലത്തു ഗോപികറം സംഘമായി നദീതിരത്തുവന്നു കുളി കഴിഞ്ഞു ദേവീപൂജയും, പ്രാർത്ഥനയും കഴിഞ്ഞു് എല്ലാവരും ഉച്ചത്തിൽ കൃഷ്ണകീർത്തനങ്ങളെപ്പാടി മേൽവസ്ത്രങ്ങളൊക്കെ കരയ്ക്കുഴിച്ചുവെച്ചു വെള്ളത്തിലിറങ്ങി നീന്തിത്തുടിച്ചു കളിക്കാൻ തുടങ്ങി. കൃഷ്ണപ്രേമത്താൽ എല്ലാം മറന്നു ലഹരിപിടിച്ചനിലയിൽ ഉന്മത്തകളായി ഉച്ചത്തിൽ കീർത്തനങ്ങളെപ്പാടി വെള്ളത്തിൽ നീന്തിക്കളിക്കുമ്പോറം കപടമാനുഷനായ ഭഗവാൻ ഏതാനും ഗോപപ്പിള്ളരോടുകൂടി അവിടെ വന്നു ഗോപികറം കാണാതെ മറഞ്ഞുനിന്നു. ഗോപികറം കരയിലേയ്ക്കു നോക്കുന്നില്ലെന്നു കണ്ടപ്പോറം പതുക്കെ അവരുടെ വസ്ത്രങ്ങളൊക്കെ വാരിയെടുത്തു് അടുത്തുള്ളൊരു വൃക്ഷത്തിൻെറ മുകളിൽ കയറി. വസ്ത്രങ്ങ

ളോരോന്നായി മരക്കൊമ്പുകളിൽ തൂക്കി, ഒരു കൊമ്പ ത്തു താനും ഇരുന്നു. ഇത്രയായിട്ടും ഗോപികളറിഞ്ഞിട്ടി ല്ലെന്നതിനാൽ അവരെ അറിയിക്കാൻവേണ്ടി സാവകാ ശത്തിൽ ഓടക്കുഴലിൽക്കൂടെ ഒരു രാഗമാലപിച്ചു. അ തു കേൾക്കേണ്ട താമസം, എല്ലാവരും ഞെട്ടി പിൻതിരി ഞ്ഞു നോക്കി. മരത്തിൻെറ മുകളിൽ കയറിയിരിക്കുന്ന കൃഷ്ണനേയും, കൊമ്പുകളിൽ തൂങ്ങിക്കിടക്കുന്ന തങ്ങളുടെ വസ്ത്രങ്ങളേയും കണ്ടു. തങ്ങളുടെ പ്രേമസർവ്വസ്വമായ കൃ ഷ്ണനെ കണ്ടതോടെ ലജ്ജകൊണ്ടു വിവശകളായി. ശരീ രബോധം വികസിച്ചതോടെ തണുപ്പും തുടങ്ങി. വെള്ള ത്തിൽ അധികസമയം നില്ക്കാൻ വയ്യെന്നായി. വസ്ത്രം കിട്ടാതെ കരയ്ക്കു കയറാനും വയ്യ. ആകപ്പാടെ വിഷമി ച്ചു. ഭഗവാനോടു വസ്ത്രം വെള്ളത്തിലേയ്ക്കെറിഞ്ഞുത രാൻ പലപാടു പറഞ്ഞു; അപേക്ഷിച്ചു; യാചിച്ചു. പ ക്ഷേ വെള്ളത്തിലേയ്ക്കിട്ടുതരാൻ വയ്യ. കരയ്ക്കു കയറിവ ന്നാൽ എല്ലാവരുടെ വസ്ത്രവും തരാം എന്നാണു് ഭഗവാ ൻെറ വാദം. അതവൎക്കു വയ്യതാനും. അപ്പോൾ ചി ലർ കൃഷ്ണനെ ആക്ഷേപിച്ചു. വേറെ ചിലർ ദ്വേഷ്യപ്പെ ട്ടുനോക്കി. പിന്നെ ചിലർ നന്ദഗോപനോടു പറയുമെ ന്നു ഭീഷണിപ്പെടുത്തി. പക്ഷേ അതുകൊണ്ടൊന്നും ഭ ഗവാൻ വസ്ത്രം കൊടുത്തില്ല. അവരുടെ ന്യായങ്ങൾ ക്കൊക്കെ മറുപടി പറയുകയും ചെയ്തു. ഏതായാലും അ വസാനം ഗത്യന്തരമില്ലെന്നു കണ്ടു കൃഷ്ണപ്രേമാവിഷ്ടകളാ യി മതിമറന്നു് അവരെല്ലാവരും കരയ്ക്കു കയറി ഭഗവാ നോടു വസ്ത്രം വാങ്ങി ഉടുത്തു. എന്തുദ്ദേശിച്ചാണോ അ വരുടെ തപസ്സുണ്ടായിരുന്നതു്, അതിൻെറ ഫലത്തെ അ

നുഗ്രഹിക്കുകയും ചെയ്തു. അതായതു 'നിലാവുള്ള രാത്രിയിൽ വൃന്ദാവനത്തിലെ യമുനാതീരത്തുവെച്ചു നിങ്ങളുടെ അഭീഷ്ടം സാധിക്കു'മെന്നു്. അനന്തരം ഭഗവാൻ കുട്ടികളോടുകൂടി കാട്ടിലേയ്ക്കും, ഗോപികൾ ചരിതാൎത്ഥകളായി ഗൃഹങ്ങളിലേയ്ക്കും പോയി.

ഗുണാതീതനായ ഈശ്വരനെ ഗുണമയനും, നാമരൂപാത്മകനുമായി ചിത്രീകരിച്ചു കാണിക്കുന്നതുതന്നെ അജ്ഞന്മാൎക്കു് ഈശ്വരമഹിമയെ ഏതെങ്കിലും പ്രകാരത്തിൽ അനുഭവിക്കാൻവേണ്ടിയാണു്. അങ്ങിനെ ചെയ്തു എന്നുള്ളതുകൊണ്ടു മനുഷ്യസാധാരണങ്ങളായ ഭാവങ്ങളും, അഭിമാനങ്ങളും ആ ഈശ്വരനുണ്ടെന്നു കരുതുന്നുവെങ്കിൽ അതിൽപരം അബദ്ധം മറ്റൊന്നില്ല. സ്ത്രീയെന്നും, പുരുഷനെന്നുമുള്ള ലൈംഗികവ്യത്യാസം കേവലം ശരീരത്തിൻേറതുമാത്രമാണു്. ഒരിക്കലും ശരീരാഭിമാനം ഈശ്വരന്നില്ലെന്ന കാരണത്താൽ ലൈംഗികവ്യത്യാസത്തോടുകൂടി ഈശ്വരനെ നോക്കുന്നതുപോലും പാപമാണു്. അതിനാൽ ഇവിടെ ഗോപികളുടെ വസ്ത്രാപഹരണവും, അവരുടെ നഗ്നതാപ്രദൎശനവും ലൈംഗികദൃഷ്ടിയിൽക്കൂടെ നോക്കേണ്ടതോ, മനുഷ്യസാധാരണമായ വൈകാരികവൃത്തിയുടെ സ്ഫുരണമോ അല്ല. എപ്രകാരം മററു ലീലകളൊക്കെ ബാഹ്യദൃഷ്ടിയിൽക്കൂടെ നോക്കുമ്പോൾ ലോകാനുഗ്രഹവും, അന്തർദൃഷ്ടിയിൽക്കൂടെ നോക്കുമ്പോൾ ആദ്ധ്യാത്മികധൎമ്മപ്രതിപാദനവുമാണോ, അതുപോലെ വസ്ത്രാപഹരണമാകുന്ന ഈ ലീലയും ഏററവും പാവനവും, ലോകാനുഗ്രഹപരവും, ആദ്ധ്യാത്മി

കധൎമ്മത്തിൻെറ വിശദീകരണവുമാണു്. ഈ വസ്തുത രാസക്രീഡയാകുന്ന മഹാലീലയുടെ വൎണ്ണനത്തിൽ തിക്ച്ചും വ്യക്തമാക്കീട്ടുമുണ്ടു്.

ഗോപികളെ അനുഗ്രഹിച്ചു പറഞ്ഞയച്ചതിൻെറ ശേഷം ഭഗവാൻ തൻെറ സുഹൃൽസംഘത്തോടും പശുക്കളോടുംകൂടി ഗ്രാമത്തിൽനിന്നു വളരെ വിദൂരത്തുള്ളൊരു കാട്ടിലേയ്ക്കാണന്നു പോയതു്. ഉദ്ദിഷ്ടസ്ഥാനത്തെത്തിയപ്പോഴയ്ക്കു് എല്ലാവരും ക്ഷീണിച്ചു കഴിഞ്ഞിരുന്നു. വെയിൽകൊണ്ടും വഴിനടത്തംകൊണ്ടും തളൎന്ന കുട്ടികഠം വിശ്രമിക്കാൻവേണ്ടി ഭഗവാനോടുകൂടി വൃക്ഷമൂലങ്ങളിൽ ഇരുന്നു. വൃക്ഷമൂലങ്ങളിൽ വിശ്രമിക്കുന്ന കുട്ടികളെ നോക്കി ഭഗവാൻ അവൎക്കു ധൎമ്മോപദേശം ചെയ്തു. വെയിലും കാററും മഞ്ഞും മഴയും സഹിച്ചു നിന്നുകൊണ്ടു തങ്ങളെ ആശ്രയിക്കുന്നവൎക്കൊക്കെ തണലും കുളൎമ്മയും കൊടുക്കുന്ന ഈ വൃക്ഷങ്ങളുടെ സേവനം എത്ര മഹത്താണു്! യാതൊരു പ്രതിഫലവും ഇച്ഛിക്കാതെ ധാരാളം മധുരഫലങ്ങളെ ആവശ്യമുള്ളവൎക്കൊക്കെ പ്രദാനം ചെയ്യുന്ന ത്യാഗവും എത്ര ആദരണീയമായിരിക്കുന്നു! ശത്രുമിത്രോദാസീനഭാവം നോക്കാതെ തങ്ങളെ സമീപിക്കുന്നവൎക്കൊക്കെ തങ്ങടെ സേവനങ്ങളെ സുലഭമായ്ക്കൊടുക്കുന്ന ഈ വൃക്ഷങ്ങഠം ത്യാഗംകൊണ്ടും ധൎമ്മനിഷ്ഠകൊണ്ടും മനുഷ്യരെ അതിക്രമിക്കുന്നു. കേവലം സ്ഥാവരങ്ങളും ജഡബുദ്ധികളുമായ ഈ കാട്ടുവൃക്ഷങ്ങഠക്കുപോലും ഇത്രയധികം ധൎമ്മനിഷ്ഠയുള്ളപ്പോഠം വിശേഷബുദ്ധിയും വിവേകവുമുള്ള മനുഷ്യനെത്രയുണ്ടാവണം? എന്നാൽ വൃക്ഷങ്ങളോളം

കൂടി ധർമ്മനിഷ്ഠയോ ത്യാഗബുദ്ധിയോ മനുഷ്യനില്ലെങ്കിൽ വാസ്തവത്തിൽ മനുഷ്യനെത്രമാത്രം ലജ്ജിക്കേണ്ടതാണ്! ഇങ്ങനെ പലപ്രകാരത്തിൽ ഭഗവാൻ കുട്ടികൾക്കു ധർമ്മോപദേശം ചെയ്തുകൊണ്ടിരിക്കേ അവരിൽ ചിലർ കൃഷ്ണനേയും ബലരാമനേയും അഭിസംബോധനംചെയ്തു പറഞ്ഞു: "വിശപ്പു സഹിക്കാൻ വയ്യ. ഹേ രാമാ! പ്രഭാവശാലിയായ കൃഷ്ണാ! ഞങ്ങൾക്കെന്തെങ്കിലും കുറച്ചാഹാരം കിട്ടാത്തപക്ഷം പ്രാണൻപോവുമെന്നു തോന്നുന്നു. അത്ര കഠിനമായിരിക്കുന്നു വിശപ്പ്. ക്ഷീണംകൊണ്ട് ഒന്നും ചെയ്യാൻ കഴിയുന്നില്ല. അതുകൊണ്ടു ഞങ്ങൾക്കാഹാരം കഴിക്കാനെന്തെങ്കിലും മാർഗ്ഗമുണ്ടാക്കിത്തരണം." ഇങ്ങനെയുള്ള കുട്ടികളുടെ പ്രാർത്ഥന കേട്ടു മനസ്സലിഞ്ഞു ഭഗവാൻ അവരോടു പറഞ്ഞു: "അടുത്തുതന്നെ ഒരു ബ്രാഹ്മണാഗ്രഹാരമുണ്ട്. അവിടെ ഇപ്പോൾ വളരെ ദിവ്യമായ ഒരു യാഗം നടന്നുകൊണ്ടിരിക്കുന്ന സമയവുമാണ്. സാധാരണദിവസങ്ങളിൽത്തന്നെ ബ്രാഹ്മണഗൃഹങ്ങളിൽ ചെന്നു യാചിച്ചാൽ ക്ഷുത്തടക്കാനുള്ള അന്നം കിട്ടാതിരിക്കില്ല. ഇപ്പോൾ പ്രത്യേകിച്ചും കിട്ടാതിരിക്കില്ല. അതുകൊണ്ടു നിങ്ങളാരെങ്കിലും ചിലർ പോയി യാഗശാലയിലുള്ള ബ്രാഹ്മണരെക്കണ്ടു കുറച്ചന്നം യാചിച്ചാൽ നമുക്കെല്ലാവർക്കും വിശപ്പടക്കാനുള്ള ആഹാരപദാർത്ഥം കിട്ടും. വേഗം പോയി വാങ്ങിക്കൊണ്ടുവരു."

## വിപ്രപത്ന്യനുഗ്രഹം

ഭഗവാൻെറ നിർദ്ദേശം കേട്ടതോടെ രണ്ടുനാലു ഗോപാലക്കുട്ടികൾ അന്നഭിക്ഷയ്ക്കായി അഗ്രഹാരത്തിലേയ്ക്കു

പുറപ്പെട്ടു. യാഗശാലയുടെ പുരോഭാഗത്തു വളരെ നേരം നിന്നിട്ടും അവരോടാരും ഒന്നും മിണ്ടിയില്ല. ഗൌരവമേറിയ കർമ്മങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതുകൊണ്ടായിരിക്കും ഒന്നും മിണ്ടാത്തതെന്നൂഹിച്ച കുട്ടികൾ ക്ഷമ കെട്ട് അങ്ങോട്ടു കടന്നു ചോദിച്ചു: "ഞങ്ങൾ നന്ദപുത്രന്മാരായ രാമകൃഷ്ണന്മാരുടെ ദാസന്മാരായ ഗോപാലന്മാരാണ്. രാമകൃഷ്ണന്മാരും ഞങ്ങളോടുകൂടെ പശുക്കളെ മേയ്ക്കാൻ കാട്ടിലേയ്ക്കു വന്നിട്ടുണ്ട്. ഇവിടെനിന്നധികം ദൂരത്തല്ലാത്ത കാട്ടിൽ അവരും മററു ഗോപാലക്കുട്ടികളും പശുക്കളെ മേച്ചുകൊണ്ടിരിക്കയാണ്. ഞങ്ങളെല്ലാവരും വിശപ്പുകൊണ്ടു പരവശന്മാരായിരിക്കുന്നു. അതിനാൽ ഞങ്ങൾക്കെല്ലാവർക്കും കഴിക്കാൻ വേണ്ടത്ര ആഹാരം തരണം. അങ്ങനെ തരാനായി രാമകൃഷ്ണന്മാർ പറഞ്ഞിരിക്കുന്നു." ഇങ്ങനെ പല പ്രാവശ്യം അവരറിയിച്ചെങ്കിലും അതിനു യാതൊരു മറുപടിയും ആരും പറഞ്ഞില്ല. ഉണ്ടെന്നോ ഇല്ലെന്നോ ഒരു മറുപടിയും കിട്ടാതിരുന്നപ്പോൾ തങ്ങളുടെ അപേക്ഷയെത്തന്നെ ആരും ശ്രദ്ധിക്കുകയോ വിലവെയ്ക്കുകയോ ചെയ്തിട്ടില്ലെന്നു തോന്നിയ ഗോപക്കുട്ടികൾ വിഷണ്ണന്മാരായി ലജ്ജാകുലന്മാരായി മടങ്ങിപ്പോന്നു. വളരെയൊക്കെ യാചിച്ചിട്ടും ഒന്നും കിട്ടിയില്ലെന്ന വസ്തുത ഭഗവാനെ ധരിപ്പിച്ചു. പത്നീശാലയിൽ ചെന്നു ബ്രാഹ്മണസ്ത്രീകളോടു യാചിക്കാനായി അവരെ വീണ്ടും പറഞ്ഞയച്ചു. ഭഗവാൻെറ നിർദ്ദേശപ്രകാരം പിന്നെയും ആ സാധുക്കുട്ടികൾ യാഗശാലയിലേയ്ക്കുതന്നെ പുറപ്പെട്ടു. അവിടെ പത്നീശാലയുടെ പുരോഭാഗത്തു ചെന്നു ബ്രാഹ്മണസ്ത്രീകളോടും ആദ്യം പറഞ്ഞമാതിരി പറഞ്ഞു. അവർ

രാമകൃഷ്ണന്മാരുടെ പേരു കേഠംക്കേണ്ട താമസം, ആവേശ ഭരിതകളായി ആഹാരപദാൎത്ഥങ്ങഠം പാകംചെയ്ത പാത്ര ത്തോടുകൂടി എടുത്തു് "എവിടെ കൃഷ്ണൻ, എവിടെ രാ മൻ? ഞങ്ങളുടെ ഭാഗ്യസൎവ്വസ്വങ്ങളായ അവരെ കാണാ നാണു് ഞങ്ങഠം ജീവിച്ചതു്" എന്നിങ്ങനെ പലതും പറ ഞ്ഞുകൊണ്ടു് ആ ഇടയക്കുട്ടികളുടെ പിന്നാലെ കാട്ടിലേ യ്ക്കോടാൻ തുടങ്ങി. അവരുടെ ബന്ധുക്കളും, ഗുരുജനങ്ങ ളും പല പ്രകാരത്തിൽ തടഞ്ഞിട്ടും അവരുടെ പോക്കു മു ടക്കാൻ കഴിഞ്ഞില്ല. ആഹാരപദാൎത്ഥങ്ങളെ ചുമന്നു കൊണ്ടു ഗോപക്കുട്ടികളുടെ പിന്നാലെ ഓടാൻ തുടങ്ങി. കൃഷ്ണപ്രേമംകൊണ്ടുന്മത്തകളായ ആ ബ്രാഹ്മണസ്ത്രീകഠം കാട്ടിലെത്തിയതോടെ തൃഷിതങ്ങളായ കണ്ണുകളെക്കൊ ണ്ടു നാലുഭാഗവും കൃഷ്ണനെ അന്വേഷിക്കാൻ തുടങ്ങി. അ ധികം താമസിയാതെ ഇടത്തുകൈ ഒരു ഗോപക്കുട്ടിയുടെ ചുമലിൽ വെച്ചുകൊണ്ടും, വലത്തുകയ്യിൽ തണ്ടോടുകൂടി യ ഒരു താമരപ്പൂവിനെ ചലിപ്പിച്ചുകൊണ്ടുമുള്ള നിലയിൽ ഒരു പാറക്കല്ലിൽ കയറിനില്ക്കുന്ന ഭഗവൽസ്വരൂപത്തെ അവർ ദൂരത്തിൽ ദൎശിച്ചു. ദൎശനംകൊണ്ടു ചരിതാൎത്ഥക ളും ആനന്ദാവിഷ്ടകളുമായ ആ സുകൃതിനികഠം പൂൎവ്വാധി കം വേഗത്തിൽ ഓടിവന്നു് എല്ലാ പദാൎത്ഥങ്ങളേയും ഭ ഗവാൻെറ തൃക്കാല്ക്കൽ സമൎപ്പിച്ചു സാഷ്ടാംഗം വീണു ന മസ്കരിച്ചു. അവരെ അനുഗ്രഹിച്ചു ഭഗവാൻ ആഹാര പദാൎത്ഥങ്ങളെ സ്വീകരിച്ചു താനും ഗോപക്കുട്ടികളും മൃ ഷ്ടാന്നം ഭുജിച്ചു് അവൎക്കു ധൎമ്മോപദേശം ചെയ്തു. ഭക്തി യോഗത്തിൻെറ മൎമ്മത്തേയും പറഞ്ഞുകൊടുത്തു മടക്കി

പ്പറഞ്ഞയച്ചു. തങ്ങടെ ശാസനയെ മാനിക്കാതെ ഇട യപ്പിള്ളരുടെ പിന്നാലെ ഓടിപ്പോയ സ്ത്രീകളെ കമ്മനിഷ്ഠന്മാരായ ബ്രാഹ്മണർ വെറുത്തു. എങ്കിലും മടങ്ങി ഗൃഹത്തിൽ വന്ന അതേ സ്ത്രീകളുടെതന്നെ സമ്പക്കംകൊണ്ടു പിന്നീട്ട് അതേ ബ്രാഹ്മണക്കുതന്നെ മാനസാന്തരം വന്നു് ഈശ്വരപ്രേമം അങ്കുരിക്കുകയും ചെയ്തു.

ഈശ്വരങ്കൽ പരമാത്ഥമായ പ്രേമവും, ഫലാപ്പണവുംകൂടാതെ ചെയ്യപ്പെടുന്ന കമ്മങ്ങറം വൈദികയജ്ഞങ്ങളായാൽക്കൂടി പ്രയോജനമില്ലെന്നും, അനത്ഥമുണ്ടെന്നുമാണു് പ്രസ്തുത ദിവ്യലീലയിലൂടെ പ്രകാശിപ്പിക്കുന്നതു്. വേദപാഠവും തപോനിഷ്ഠയും വ്രതാനുഷ്ഠാനവും എല്ലാം ഉള്ളവരായിരുന്നു ആ യാഗകമ്മത്തിലേപ്പെട്ടിരുന്ന ബ്രാഹ്മണരെല്ലാവരും. എന്നാൽ അവരുടെ പത്നിമാക്കാകട്ടെ, പറയപ്പെട്ട സംസ്കാരങ്ങളൊന്നുമുണ്ടായിരുന്നതുമില്ല. എങ്കിലും അവക്കു് ഈശ്വരങ്കൽ പരമാത്ഥമായ പ്രേമവും വിശ്വാസവുമുണ്ടായിരുന്നു. എല്ലാം ചെയ്യുന്നതും അതുണ്ടാവാനാണു്. പലതും ചെയ്തിട്ടും അതുണ്ടായില്ലെങ്കിൽ ചെയ്തതൊക്കെ നിഷ്ഫലമെന്നേ പറയാനുള്ളു. ഈശ്വരനെ അറിയാനും വിശ്വസിക്കാനും ഈശ്വരനിൽ ഭക്തിയുണ്ടാവാനുമാണല്ലോ കമ്മങ്ങളെക്കൊണ്ടു് ഈശ്വരനെ ആരാധിക്കുന്നതു്. കമ്മയോഗത്തിൻെറ പ്രസ്തുതമമ്മത്തെ വെളിവാക്കലാണു് അവിടുത്തെ വിപ്രപത്ന്യനുഗ്രഹമാകുന്ന ദിവ്യലീലയെക്കൊണ്ടു സാധിച്ചിരിക്കുന്നതു്.

ഗോവദ്ധനോദ്ധാരണം

അനന്തരം വിശേഷസംഭവങ്ങളൊന്നുംകൂടാതെ കുറെ ദിവസം കഴിഞ്ഞു. അങ്ങനെയിരിക്കെ കൊല്ലംതോറും ഇന്ദ്രനെ അധിദേവതയാക്കിക്കല്പിച്ചു നടത്തിവരാറുള്ള യാഗം നടത്തേണ്ട അവസരം വന്നു. നന്ദഗോപന്റെ അദ്ധ്യക്ഷതയിൻകീഴിൽ ഗോപന്മാർ യാഗത്തിന്നു വേണ്ട എല്ലാ ഒരുക്കങ്ങളും ചെയ്യാൻ തുടങ്ങി. അതിനെക്കണ്ട ഭഗവാൻ ഒന്നും അറിയാത്തമാതിരി അഭിനയിച്ചു നന്ദഗോപനോടു യാഗം ആക്കുവേണ്ടിയാണെന്നും, അതിന്റെ ഫലമെന്താണെന്നും അങ്ങനെ ഒരു യാഗം ചെയ്തില്ലെങ്കിൽ എന്തു ദോഷമാണുള്ളതെന്നും, ഒക്കെ ചോദിച്ചു. നന്ദഗോപൻ അവർ പരമ്പരയായി നടത്തിവരാറുള്ള പ്രസ്തുതയാഗകമ്മത്തിന്റെ അടിസ്ഥാനതത്വങ്ങളൊക്കെ പറഞ്ഞുകൊടുത്തു. “നമ്മുടെ സമ്പത്തു പശുക്കളാണു്. പശുക്കളുടെ വളച്ച്യയാണു് നമ്മുടെ ജീവിതത്തിന്റെ ഉയച്ച. പശുക്കൾ വളരണമെങ്കിൽ ധാരാളം പച്ചപ്പുല്ലുണ്ടാവണം. പുല്ലുണ്ടാവണമെങ്കിൽ മഴ വേണ്ടപോലെ പെയ്യണം. മഴ പെയ്യിക്കുന്നതു് ഇന്ദ്രനാണു്. ഇന്ദ്രന്റെ നിയന്ത്രണത്തിൻകീഴിലാണു് മേഘങ്ങളും മഴയും. അതിനാൽ ദേവചക്രവത്തിയും വഷാധിപതിയുമായ ഇന്ദ്രന്റെ ആനുകൂല്യം നമുക്കവശ്യം കൂടിയേ കഴിയൂ. അതിനുവേണ്ടിയാണു് യാഗം നടത്തുന്നതു്. യാഗംകൊണ്ടു യജ്ഞഭോക്താവായ ഇന്ദ്രൻ സന്തോഷിക്കും. അപ്പോൾ മഴയും പുല്ലുമൊക്കെ സുഭിക്ഷമാവും. നമ്മുടെ പശുക്കൾ ധാരാളം വളരും. അ

പ്പോഠം നമുക്കു സുഖമായി ജീവിക്കാൻ സാധിക്കും.” ഇതാണു് യാഗത്തിന്റെ ആവശ്യമെന്നിങ്ങനെ നന്ദഗോപൻ പറഞ്ഞപ്പോഠം ഭഗവാൻ തന്റെ ജിജ്ഞാസ വളന്നതായി ഭാവിച്ചു സംശയങ്ങളെ ചോദിച്ചു: “കാട്ടിലുള്ള വൃക്ഷങ്ങഠംക്കും മൃഗങ്ങഠംക്കും മഴ ആവശ്യമല്ലേ? അവരും ഇതുപോലെ യാഗം ചെയ്യുന്നുണ്ടോ? ഇല്ലെങ്കിൽ നമ്മഠംമാത്രം യാഗം ചെയ്തേ തീരൂ എന്നുള്ളതെന്തുകൊണ്ടാണു്? കൂടാതെ മനുഷ്യരുടെ കമ്മങ്ങളെക്കൊണ്ടു രജസ്സു വദ്ധിക്കുന്നു. രജസ്സുകൊണ്ടു മേഘങ്ങളുണ്ടാവുകയും ചലിക്കുകയും ചെയ്യുന്നു. മേഘങ്ങഠം ചലിച്ചു് അന്യോന്യം സംഘട്ടനംചെയ്തു മഴയുണ്ടാകുന്നു. അപ്പോഠം കമ്മത്തിന്റെ ഫലമാണു് മഴയെന്നു പറയണം. അതിനുപുറമെ ഓരോരുത്തരുടേയും എല്ലാ അനുഭവങ്ങളും കമ്മഫലങ്ങളാണല്ലോ. കമ്മഫലങ്ങളെ അനുഭവിക്കാൻവേണ്ടിയാണു് ജനിക്കുന്നതുതന്നെ. അങ്ങനെ ഓരോരുത്തരും അനുഭവിക്കാൻ ചുമതലപ്പെട്ട കമ്മഫലങ്ങളെ അതാതാഠംക്കു് അപ്പഴപ്പോഠം എത്തിച്ചുകൊടുക്കുന്നതിന്ദ്രനാണെങ്കിൽ ആ ഇന്ദ്രനും അദ്ദേഹത്തിന്റെ കമ്മങ്ങളാൽ ബദ്ധനായിരിക്കില്ലേ? അപ്പോഠം അദ്ദേഹത്തിന്നിഷ്ടംപോലെ ചിലക്കു ചിലതു കൊടുക്കാനും ചിലക്കു കൊടുക്കാതിരിക്കാനും സ്വാതന്ത്ര്യമില്ലെന്നു കരുതുന്നതിൽ അബദ്ധമുണ്ടാവാൻ വയ്യ. ആ നിലയ്ക്കു് ഇന്ദ്രനെ നമ്മഠം യജിച്ചേ തീരൂ എന്നു വിചാരിക്കുന്നതു മൂഢതയല്ലേ? എന്നാലും നമുക്കു നന്മചെയ്യുന്നവരെ ആരാധിക്കുന്നതു ശ്രേയസ്സാണെന്നു കരുതുന്നപക്ഷം നമുക്കു പ്രത്യക്ഷത്തിൽ നന്മ ചെയ്യുന്നതു് ഈ ഗോവദ്ധനപവ്വതമാണെ

ന്നു പറയണം. ഈ പൎവ്വതത്തിലാണു് നമ്മുടെ പശു ക്കറം മേയുന്നതും വളരുന്നതും. ഈ ഗോവൎദ്ധനമില്ലെ ങ്കിൽ നമ്മുടെ പശുസമ്പത്തിന്നിത്രത്തോളം അഭിവൃദ്ധി യുണ്ടാവുമെന്നു പറയാൻ വയ്യ. എന്നാൽ ഗോവൎദ്ധന പൎവ്വതത്തെയാണു് യജിക്കേണ്ടതു്. ഇന്ദ്രനെ യജിക്കാൻ വേണ്ടി ഒരുക്കിയ പദാൎത്ഥങ്ങളെക്കൊണ്ടു് ഇപ്പോറം ത ന്നെ ഈ പൎവ്വതത്തെയാണു് യജിക്കേണ്ടതെന്നാണെ ൻെറ അഭിപ്രായം. എല്ലാ ആപത്തുകളിൽനിന്നും ഗോ വൎദ്ധനമാണു് നമ്മളെ രക്ഷിക്കുന്നതു്. അതുകൊണ്ടു് എല്ലാ വിഭവങ്ങളുടേയും സമൃദ്ധിയോടുകൂടി നാമിപ്പൎവ്വത ത്തെ യജിക്കുന്നപക്ഷം നമുക്കു മഹത്തായ ശ്രേയസ്സുണ്ടാ വുമെന്നും അതാണു് ബുദ്ധിപൂൎവ്വകമായ പ്രവൃത്തിയെന്നു മാണെനിക്കു തോന്നുന്നതു്'' എന്നിങ്ങിനെയുള്ള ഭഗവാ ൻെറ വാക്കിനെ ആൎക്കും തള്ളിക്കളയാൻ കഴിഞ്ഞില്ല. യുക്തിയോടും ആകൎഷണത്തോടും കൂടിയതായിരുന്നു അ വിടുത്തെ ന്യായമെന്നുള്ളതുകൊണ്ടു് ആൎക്കും അതിനെ എതിൎക്കാനും കഴിഞ്ഞില്ല. അതിനാൽ ഇന്ദ്രയാഗത്തി ന്നുവേണ്ടി ഒരുക്കിയ സംഭാരങ്ങളെക്കൊണ്ടു് അപ്പോറം ത്തന്നെ ഗോവൎദ്ധനപൎവ്വതത്തെ അധിദേവതയാക്കിക്ക ല്പിച്ചു യജിക്കാൻ തീൎച്ചയാക്കി. നാനാതരത്തിലുള്ള ഹ വിസ്സുകളും ഭക്ഷ്യപേയപദാൎത്ഥങ്ങളുമൊരുക്കി യാഗം ആ രംഭിച്ചു. വളരെ ശ്രദ്ധയോടും ഭക്തിയോടുംകൂടി നടത്ത പ്പെട്ട ആ യാഗം ഭംഗിയായി നിറവേറി. ക്രിയകളെ ല്ലാം അവസാനിച്ചശേഷം എല്ലാവരുംകൂടി ഘോഷയാത്ര യായി പൎവ്വതത്തിന്നു് ഒരു പ്രദക്ഷിണവും ചെയ്തു. അ തിൻെറ പൎയ്യവസാനത്തിൽ ഭഗവാൻതന്നെ ഒരു പ്രത്യേ

കസ്വരൂപത്തിൽ പൎവ്വതത്തിൻെറ മുകളിൽ പ്രത്യക്ഷപ്പെട്ടു്, താനാണു് ഗോവൎദ്ധനപൎവ്വതത്തിൻെറ അധിദേവതയെന്നും യാഗംകൊണ്ടു താൻ വളരെ സന്തോഷിച്ചിരിക്കുന്നുവെന്നും മേലിൽ ഗോപന്മാൎക്കു് എല്ലാ ശ്രേയസ്സുകളുമുണ്ടാവുമെന്നും പറഞ്ഞു മറയുകയും ചെയ്തു. ഇതും കൂടി കണ്ടപ്പോഴയ്ക്കു ഗോപന്മാൎക്കു പരിപൂൎണ്ണവിശ്വാസമായി. പോരെങ്കിൽ അവരോടു ഭഗവാൻ പറഞ്ഞു: "വളരെ പ്രാവശ്യം ഇന്ദ്രനെ യജിച്ചിട്ടും ഒരു പ്രാവശ്യമെങ്കിലും ഇങ്ങിനെ പ്രത്യക്ഷത്തിൽ വന്നനുഗ്രഹിച്ചിട്ടില്ലല്ലോ. ഒരു പ്രാവശ്യം യജിച്ചപ്പോഴയ്ക്കുതന്നെ ഗോവൎദ്ധനപൎവ്വതം അനുഗ്രഹിച്ചതു കണ്ടില്ലേ?" എല്ലാവരും സമ്പൂൎണ്ണകൃതാൎത്ഥന്മാരായി. അങ്ങനെ യാഗമൊക്കെ വളരെ ഭംഗിയായി നിറവേറി. അവഭൃഥസ്നാനവും കഴിഞ്ഞു ചരിതാൎത്ഥന്മാരായി എല്ലാവരും അവരവരുടെ ഗൃഹങ്ങളിലേയ്ക്കു മടങ്ങുകയും ചെയ്തു.

ദേവചക്രവൎത്തിയും ത്രൈലോക്യനാഥനുമായ ഇന്ദ്രൻ ഈ വൎത്തമാനങ്ങളൊക്കെ അറിഞ്ഞു. അദ്ദേഹത്തിൻെറ അഭിമാനം തലപൊക്കി. "കൃഷ്ണൻ വാസ്തവത്തിൽ പരമപുരുഷനായ ശ്രീനാരായണൻെറ അവതാരസ്വരൂപമാണെങ്കിലും ഇപ്പോൾ മനുഷ്യനാണല്ലോ. മനുഷ്യനായിരിക്കുംകാലത്തോളം ആരായാലും മനുഷ്യനുണ്ടാകാവുന്ന ശക്തിയും വീൎയ്യവും മാത്രമേ ഉണ്ടാവാൻ വയ്ക്കു. അപ്പോൾ മനുഷ്യോചിതങ്ങളായ ധൎമ്മങ്ങളെ ആചരിക്കുകയും വേണം. മനുഷ്യൻെറ ധൎമ്മമാണു് ദേവനെ മാനിക്കൽ. അതു ചെയ്തില്ലെന്നു മാത്രമല്ല, അവമാനിക്കു

കയും ചെയ്തു. ഈശ്വരനാണെങ്കിലും മനുഷ്യന്റെ നില യിൽ വന്ന സ്ഥിതിക്കു് ഈ പ്രവൃത്തി ധിക്കാരമാണു്. മ നുഷ്യൻ തെററു ചെയ്താൽ ദേവനു ശിക്ഷിക്കാനധികാരമു ണ്ടു്. അതുകൊണ്ടു കൃഷ്ണനെ ശിക്ഷിക്കുന്നതിൽ തെററി ല്ല. ശിക്ഷിക്കുകതന്നെ വേണം. എങ്കിലേ ധൎമ്മം പഠി ക്കൂ.” എന്നിങ്ങനെ ആലോചിച്ച വൃത്രശത്രു ജഗത്തിൽ അധൎമ്മം നശിപ്പിച്ചു ധൎമ്മം സ്ഥാപിക്കാൻവേണ്ടി അവ തരിച്ച ധൎമ്മമൂൎത്തിയായ ഭഗവാനെ ധൎമ്മം പഠിപ്പിക്കാൻ തീൎച്ചപ്പെടുത്തി. അതിന്റെ ഫലമായി ആ അകാല ത്തിങ്കൽ ഗോകുലത്തിൽ കഠിനമായ വൎഷം ആരംഭിച്ചു. രാവും പകലുമില്ലാതെ ഭയങ്കരമായ ഇടിയും മഴയും ആ കാലത്തിലാരംഭിച്ചപ്പോൾ ഗോകുലവാസികളായ ജനങ്ങ ളൊക്കെ ഭയപ്പെട്ടു. പശുക്കളും ജനങ്ങളും പുറത്തിറ ങ്ങാൻ കഴിയാതേയും ശീതം സഹിക്കാൻ കഴിയാതേയും വിഷമിച്ചു. അങ്ങനെ ഒന്നുരണ്ടു ദിവസം കഴിഞ്ഞപ്പോ ഴയ്ക്കു ചെറിയ കുടിലുകൾപോലുള്ള ഗോപന്മാരുടെ ഗൃഹ ങ്ങളൊക്കെ വീണു് ഒഴുകിപ്പോകുവാൻ തുടങ്ങി. ആൎക്കും എവിടെയും നില്ക്കാൻ വയ്യെന്ന നിലയായി. എല്ലാവ രുംകൂടി കൂട്ടനിലവിളിയായി. പശുക്കളും കുട്ടികളുമടക്കം ഗോകുലം നാമാവശേഷമാവുമെന്ന നിലയായി. ഇന്ദ്ര ന്റെ യാഗം മുടക്കിയ കാരണത്താൽ അനുഭവിക്കേണ്ടി വന്ന ദേവകോപമാണു് ഈ അനുഭവമെന്നും അവർ ഓ ൎക്കാതെയും പറയാതെയുമിരുന്നില്ല. സംഭവം ഇത്രത്തോ ളം വളൎന്നപ്പോൾ ഭഗവാന്റെ ചിത്തമലിഞ്ഞു. അവി ടുന്നു് എല്ലാവരേയും സമാധാനിപ്പിച്ചു. അനന്തരം വെ

റും ബാലനായിരുന്ന ഭഗവാൻ മനുഷ്യരെ മാത്രമല്ല, ദേവന്മാരെപ്പോലും ആശ്ചയ്യപ്പെടുത്തുമാറു ഗോവദ്ധനമാകുന്ന ആ വലിയ മലയെ തൻെറ ഒററ തൃക്കൈകൊണ്ടു് എടുത്തു പൊക്കിപ്പിടിച്ചു. ജനങ്ങളേയും പശുക്കളേയും മുഴുവൻ ആ പവ്വതത്തിൻെറ കീഴിൽ നിൎത്തി. മലയെടുത്തു കുടയാക്കിപ്പിടിച്ച ഭഗവാൻെറ നാലുഭാഗവും ജനങ്ങളും പശുക്കളും തിക്കിത്തിരക്കി നിന്നു. ഇടത്തു കൈകൊണ്ടു പവ്വതം പൊക്കിപ്പിടിച്ചും വലത്തു കൈകൊണ്ടു തന്നെ നക്കുന്ന പശുക്കംളെ വാത്സല്യത്തോടെ തൊട്ടുഴിഞ്ഞും വാക്കുകളെക്കൊണ്ടു ജനങ്ങളെ നിർഭീകരാക്കി രസിപ്പിച്ചും നില്ക്കുന്ന കൃഷ്ണൻ സാക്ഷാൽ പരമപുരുഷൻതന്നെ എന്നുപോലും അപ്പോളെല്ലാവൎക്കും തോന്നി. അതിനാൽ ചിലർ സ്തുതിക്കാനും മററു ചിലർ ആശ്ചയ്യപ്പെടാനും ഇടയായാൽ അതിലത്ഭുതമില്ലല്ലോ. ഏതായാലും ചെറുബാലനായ കൃഷ്ണൻെറ കയ്യിൽ ധരിച്ച വലിയ പവ്വതത്തിൻെറ കീഴിൽ നിർഭീകരായി പലരും ആഹാരം പാകംചെയ്തു ഭുജിക്കുകയും കിടന്നുറങ്ങുകയും ചെയ്തു. ഇങ്ങനെ കൃഷ്ണൻ പവ്വതധാരിയായും ഗോകുലം പവ്വതക്കുടയുടെ ചോട്ടിൽ താമസിച്ചും ഏഴു ദിവസം തികച്ചും കഴിഞ്ഞു. ഇനിയും മഴ പെയ്യാൻ മേഘങ്ങളിലൊന്നും വെള്ളമില്ലെന്നുവന്നു. സംഭരിച്ചിരുന്നേടത്തോളം വെള്ളം മുഴുവൻ അവസാനിച്ചു. അപ്പോറം മഴയും നിന്നു. കാററും മഴയും അടങ്ങി ആകാശം വീണ്ടും പ്രകാശിച്ചു് ആദിത്യകിരണങ്ങറം ചുററുപാടും വ്യാപിക്കാൻ തുടങ്ങിയപ്പോറം ഭഗവാൻ പവ്വതം താഴെ യഥാസ്ഥാനത്തുതന്നെ

വെച്ചു. എല്ലാവരും ഉൽക്കണ്ഠയോടെ എന്തെല്ലാം നഷ്ടങ്ങളാണു് സംഭവിച്ചതെന്നു പരിശോധിച്ചു നോക്കിയപ്പോഠം സകലജനങ്ങളും അത്ഭുതപ്പെട്ടു. കാരണം, അവിടെ യാതൊന്നും സംഭവിച്ചതായി അവക്കു തോന്നിയില്ല. അവിടെയുണ്ടായിരുന്ന ഗൃഹങ്ങളൊക്കെ ആദ്യത്തെ മാതിരിതന്നെയുണ്ടു്. യാതൊരു സാധനവും നശിച്ചിട്ടില്ല. മാത്രമല്ല, ഏഴു ദിവസം ഭയങ്കരമായ മഴ പെയ്തിട്ടും ഒരു തുള്ളി വെള്ളംപോലും ഗോകുലത്തിലെവിടെയുമില്ല. അങ്ങനെ മഴപെയ്ത സ്ഥലമാണെന്നുപോലും തോന്നില്ല. ഇതിൽപ്പരം എന്തൊരതിശയമാണുണ്ടാവേണ്ടതു്? ആശ്ചര്യംകൊണ്ടാവിഷ്ടന്മാരായ ജനങ്ങഠം കൃഷ്ണനെപ്പററി കൂടുതൽ അറിയാനുള്ള ഔത്സുക്യത്തോടെ നന്ദഗോപരുടെ സമീപത്തു ചെന്നു രാമകൃഷ്ണന്മാരുടെ ജാതകസ്ഥിതിയെക്കുറിച്ചന്വേഷിച്ചു. പണ്ടു ഗർഗ്ഗമഹർഷി പറഞ്ഞുകൊടുത്ത വിവരങ്ങളൊക്കെ നന്ദൻ ഗോപന്മാരെ ഗ്രഹിപ്പിച്ചു. ഈശ്വരാവതാരമാണെന്നു പ്രത്യക്ഷത്തിൽ പറഞ്ഞിട്ടില്ലെന്നേയുള്ളു. ഈശ്വരൻെറ എല്ലാ ലക്ഷണങ്ങളും സൂചിപ്പിച്ചിട്ടുണ്ടായിരുന്നു, ഗർഗ്ഗമഹർഷി. അതൊക്കെ നന്ദഗോപൻ ഗോപന്മാക്കു വിവരിച്ചുകൊടുക്കുകയും ചെയ്തു. എല്ലാവക്കും സമ്പൂർണ്ണവിശ്വാസമായി, കൃഷ്ണനും രാമനും സാക്ഷാൽ ഈശ്വരാവതാരമാണെന്നു്. അവരെല്ലാവരും ഭഗവാനെ നിഷ്കളങ്കഭക്തിയോടും വിശ്വാസത്തോടുംകൂടി വാഴ്ത്തി സ്തുതിച്ചു. ക്ഷണനേരത്തേയ്ക്കവരുടെയെല്ലാം പ്രജ്ഞയുണന്നു. അവരറിയാതെ അവാച്യമായ ഏതോ ഒരാനന്ദനിർവൃതിയിൽ അവരെല്ലാവരും മുഴു

കി. ഭൌതികജ്ഞാനം മങ്ങി ആത്മഭാവം സ്ഫുരിച്ചു. അ
ല്പസമയമേ ആ നിലയിലുണ്ടായുള്ളുവെങ്കിലും അപ്പോഴവ
ക്കു സാക്ഷാൽ വൈകുണ്ഠദശ്നംതന്നെ സാധിച്ചു. എ
ല്ലാവരും ഒരേ സമയത്തു് ഒരുപോലെ ശ്രീകൃഷ്ണനെ സാ
ക്ഷാൽ വൈകുണ്ഠനാഥനായ വിഷ്ണുഭഗവാനായും, ബലരാ
മനെ ആദിശേഷനായും ദശിച്ചു. ആനന്ദമത്തന്മാരായ
അവർ ഭഗവാനെ വാഴ്ത്തി സ്തുതിച്ചു. ഒരു നിമിഷമേ ക
ഴിഞ്ഞുള്ളൂ, ഭഗവൽപ്രേരണയാൽ വീണ്ടും അവരുടെ ഭാ
വം പൂവ്വസ്ഥിതിയിൽത്തന്നെ ആയിത്തീരുകയും ചെയ്തു.
എങ്കിലും അവക്കു കൃഷ്ണങ്കൽ ഭക്തിയും വിശ്വാസവുമുണ്ടാ
യി; അതു് ഉറയ്ക്കുകയും ചെയ്തു.

ഗോകുലത്തിലെ സമ്പത്തിനേയും ഗോപന്മാരേയും
മുഴുവൻ നശിപ്പിക്കത്തക്ക നിലയിലായിരുന്നുവല്ലോ ഇന്ദ്ര
ന്റെ സംരംഭം. മഴ അവസാനിച്ചപ്പോൾ ഗോകുലത്തി
ലെന്തു പററി എന്നു നോക്കി ഇന്ദ്രൻ. ഒന്നു നോക്കിയേ
ഉള്ളൂ; ആശ്ചയ്യത്തെക്കാൾ കൂടുതലായി ഭയപരിഭ്രമങ്ങളാ
ണു് ഇന്ദ്രനെ ബാധിച്ചതു്. ഇത്രയൊക്കെ ഭയങ്കരമായി
വഷിച്ചിട്ടും ആ ഇടയന്മാരുടെ കുരപ്പുരകൾക്കു യാതൊ
രു കേടും പററിയിട്ടില്ലെന്നു മാത്രമല്ല, പശുക്കൾക്കോ മ
നുഷ്യക്കോ യാതൊരു തകരാവും പററീട്ടില്ലെന്നതുംകൂടി ക
ണ്ടപ്പോൾ ഇന്ദ്രൻ ആകപ്പാടെ ഭയപ്പെട്ടുകതന്നെ ചെയ്തു.
തന്റെ കഴിവു മുഴുവൻ ഉപയോഗിച്ചിട്ടും നിസ്സാരന്മാരാ
യ ഗോപന്മാരെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ലെന്നതു വ
ലിയൊരു പരാജയംതന്നെയാണല്ലോ. അല്പന്മാരായ മ
നുഷ്യക്കു ദേവചക്രവത്തിയെ ഭയപ്പെടേണ്ടതില്ലെന്നു വ

ന്നാൽ അവിടെ ഈശ്വരത്വം വ്യക്തമാണല്ലോ. അപ്പോഠം ഇന്ദ്രൻ മനുഷ്യനെ ധർമ്മം പഠിപ്പിക്കാനാണൊരുങ്ങിയതെങ്കിലും അതു് ഈശ്വരനോടുള്ള വെല്ലുവിളിയായിട്ടാണു് കലാശിച്ചതു്. കൃഷ്ണൻ ആകൃതികൊണ്ടു മനുഷ്യനാണെങ്കിലും പ്രകൃതികൊണ്ടു് ഈശ്വരനാണെന്ന കഥ മനുഷ്യനെപ്പോലെ ദേവനും മറന്നു. അപ്പോഠം അപരാധം ചെയ്തതും ധർമ്മം തെററിയതും മനുഷ്യരല്ല, ദേവനാണെന്നു വന്നു. ഇതാണു് ഇന്ദ്രനു ഭയത്തിന്നും പരിഭ്രമത്തിന്നും കാരണം. ഏതായാലും സംഭവിച്ചതു സംഭവിച്ചു കഴിഞ്ഞുവല്ലോ. അതിനെപ്പററി വിചാരിച്ചിട്ടു കാര്യമില്ല. അപരാധം പൊറുക്കാനപേക്ഷിച്ചു ശരണം പ്രാപിക്കലേ ഗതിയുള്ളുവെന്നു മനസ്സിലാക്കി വേഗത്തിൽ സ്വർണ്ണകുംഭത്തിൽ ദേവഗംഗാതീർത്ഥമെടുത്തു കാമധേനുവോടുകൂടി ഐരാവതത്തിൻെറ പുറത്തു കയറി ഭൂമിയിലേയ്ക്കു് എഴുന്നള്ളത്തായി ദേവചക്രവർത്തി. ഗോകുലത്തിൽ വന്നു വീണ്ടും വിജനപ്രദേശത്തുവെച്ചു മററാരും കാണാതെ ഭഗവാനെ പ്രദക്ഷിണം ചെയ്തു സാഷ്ടാംഗം നമസ്കരിച്ചു സ്തുതിച്ചു.

ഇന്ദ്രസ്തുതി

"വിശുദ്ധസത്വാകാരവും തപോമയവും അത്യന്തശാന്തവുമായ അവിടുത്തെ വൈകുണ്ഠസ്വരൂപത്തെ രജസ്തമോബുദ്ധികളായ അജ്ഞന്മാർക്കു് എങ്ങിനെ അറിയാൻ കഴിയും? മായാമയമായ ഗുണപ്രവാഹത്തിൽ മുങ്ങി രാഗലോഭാദിവികാരങ്ങഠംക്കു വശംവദന്മാരായിക്കഴിയുന്ന മൂഢന്മാർ അവിടുത്തെ മഹിമയെ അറിയുന്നില്ല. അ

ത്യന്തസത്വമൂൎത്തിയും ജ്ഞാനമയനുമായ അങ്ങേയ്ക്കു രാഗ ലോഭാദിവികാരങ്ങളുടെ സ്വല്പലേശംപോലുമില്ല. എങ്കിലും അപ്പഴപ്പോൾ ധൎമ്മസംരക്ഷണത്തിന്നും അധൎമ്മനാശത്തിന്നും വേണ്ടി ഖലന്മാരെ നിഗ്രഹിക്കുകയും അപരാധികളെ ശിക്ഷിക്കുകയും ചെയ്യുന്നു. സകലജീവരാശികളുടേയും അമ്മയും അച്ഛനും ഗുരുവുമെന്നുവേണ്ട സൎവ്വസ്വവുമായി വിളങ്ങുന്നു അവിടുന്നു്. എന്നെപ്പോലുള്ള അജ്ഞന്മാർ അവിടുത്തെ തത്താദൃശമായ മഹിമയെ അറിയാതെ അഹങ്കരിച്ചു ദുൎമ്മാൎഗ്ഗത്തിൽ ചരിക്കുമ്പോൾ ശിക്ഷിച്ചു നേർവഴിയിലേയ്ക്കു നയിക്കുന്നതും അവിടുത്തെ അനുഗ്രഹംതന്നെ. അപ്രകാരമെല്ലാമുള്ള അവിടുന്നു് ഐശ്വൎയ്യമദംകൊണ്ടു് അഹങ്കരിച്ചു് അവിടേയ്ക്കു് അപരാധിയായ്ത്തീൎന്ന ഈ മൂഢനെ ക്ഷമിച്ചു് അനുഗ്രഹിക്കുമാറാകണേ. മേലിൽ ഇത്തരം ദുൎബ്ബുദ്ധി ഇവനുണ്ടാവാനിടവരരുതേ. അങ്ങയുടെ പാദഭക്തന്മാരുടെ ശ്രേയസ്സിന്നും ഇതരന്മാരുടെ നാശത്തിന്നും വേണ്ടിയാണല്ലോ അവിടുത്തെ അവതാരംതന്നെ. അതിനാൽ എന്തെല്ലാം അപരാധങ്ങളുണ്ടെങ്കിലും അതൊക്കെ ക്ഷമിച്ചു് അവിടുത്തെ പാദഭക്തന്മാരുടെ കോടിയിൽ ഇവനേയും ഉൾപ്പെടുത്തണേ. വസുദേവപുത്രനായവതരിച്ച പരമപുരുഷനായ ഹേ നാരായണ, അങ്ങേയ്ക്കു നമസ്കാരം. ഇച്ഛയ്ക്കനുസരിച്ചു് അപ്പഴപ്പോൾ അതാതു സ്വരൂപത്തെ സ്വീകരിച്ചു ജഗത്തിൽ ധൎമ്മസംരക്ഷണം ചെയ്യുന്ന സൎവ്വസ്വരൂപനും വിജ്ഞാനമൂൎത്തിയുമായ ഹേ ദേവദേവ, അങ്ങയ്ക്കു നമസ്കാരം. അങ്ങയെ ധിക്കരിച്ചു ഗോകുലനാശത്തിനു

വേണ്ടി ഞാൻ ചെയ്ത എൻെറ എല്ലാ അപരാധങ്ങളേയും അവിടുന്നു പൊറുക്കണേ. അവിടുത്തെ കാരുണ്യം കൊണ്ടു് ഇപ്പോഠം എൻെറ എല്ലാ അഹങ്കാരങ്ങളും അടക്കി. ഗുരുവായും രക്ഷിതാവായും എന്നുവേണ്ട എൻെറ സവ്വസ്വവുമായി അങ്ങയെ ശരണംപ്രാപിക്കുന്നു. അനുഗ്രഹിക്കണേ." എന്നിങ്ങിനെ സ്തുതിച്ചു ഭഗവാൻെറ തൃക്കാല്ക്കൽ വീണു സാഷ്ടാംഗം നമസ്കരിച്ച ഇന്ദ്രനെ ഭഗവാൻ കാരുണ്യത്തോടുകൂട്ടംവണ്ണം അനുഗ്രഹിച്ചു. അനന്തരം ഇന്ദ്രനോടു പറഞ്ഞു: "ഐശ്വയ്യംകൊണ്ടു് അന്ധനായിത്തീരുമ്പോഠം എന്നെ മറക്കാനിടവരുന്നു. ഇന്ദ്രശ്രീകൊണ്ടു് അന്ധനായി എന്നെ മാനിക്കാനോ സ്മരിക്കാൻപോലുമോ വയ്യെന്ന നില വന്നു. അതാപൽക്കരമാണു്. അതിൽനിന്നു് അങ്ങയെ രക്ഷിക്കാൻവേണ്ടിയാണു് ഞാനിങ്ങിനെയൊക്കെ ചെയ്തതു്. അതുകൊണ്ടു പരിഭവം വേണ്ട. എന്നെ സ്മരിച്ചും എന്നെ മുൻനിത്തിയും എന്നിൽ അപ്പിച്ചുംതന്നെ എല്ലാം ചെയ്യൂ. പോയ്ക്കൊളളൂ. സ്വഗ്ഗലോകത്തിൻേറയും മററു ലോകങ്ങളുടേയും ആധിപത്യശ്രീകൊണ്ടു സുഖിക്കൂ." ഭഗവാൻെറ വാക്കു കേട്ടു് ഇന്ദ്രൻ ഏററവും സന്തോഷിച്ചു. താൻ സ്വണ്ണകുംഭത്തിൽ കൊണ്ടുവന്നിട്ടുണ്ടായിരുന്ന ആകാശഗംഗാജലംകൊണ്ടു ഭഗവാനെ സകലലോകങ്ങളുടേയും ചക്രവത്തിയാക്കി പട്ടാഭിഷേകം ചെയ്തു. അനന്തരം കാമധേനുവും തൻെറ പയസ്സുകൊണ്ടു ഭഗവാനെ പശുക്കളുടേയും വേദങ്ങളുടേയും ദേവന്മാരുടേയും ലോകങ്ങളുടേയും ഇന്ദ്രനാക്കി അഭിഷേകംചെയ്തു. വീണ്ടും നമസ്കരിച്ചു ഭഗവാൻെറ ആശീസ്സോടുകൂടി ഇന്ദ്രൻ സ്വഗ്ഗത്തിലേയ്ക്കു യാത്ര

യായി. വിശേഷസംഭവങ്ങളൊന്നുമില്ലാതെ പിന്നെ കുറച്ചു ദിവസം കഴിഞ്ഞു. അങ്ങിനെയിരിക്കുമ്പോഴാണു് ഒരിക്കൽ ഏകാദശി ഉപവസിച്ചു പിറേറന്നു ദ്വാദശിനാൾ പ്രഭാതത്തിൽ നന്ദഗോപൻ തീർത്ഥസ്നാനത്തിനുവേണ്ടി യമുനാനദിയിലേയ്ക്കു പോയതു്. വെള്ളത്തിലിറങ്ങി മുങ്ങി. അതോടെ താണുപോയി. പൊന്തി വന്നില്ല. ഒരുമിച്ചുണ്ടായിരുന്ന ആളുകൾ പരിഭ്രമത്തോടെ വെള്ളത്തിലിറങ്ങി തിരയാൻ തുടങ്ങി. എത്ര തിരഞ്ഞിട്ടും യാതൊരു തുമ്പുമായില്ല. ജനങ്ങളുടെ നിലവിളി കേട്ടു ഭഗവാനും അവിടെ എത്തി. സംഗതി മനസ്സിലായി, നന്ദഗോപനെ കാണാനില്ലെന്നു്. ഉടനെ ഭഗവാൻ അച്ഛൻ മുങ്ങിയ സ്ഥലത്തേയ്ക്കു ചാടി താനും മുങ്ങി. ഭഗവാൻ നേരെ വരുണലോകത്തേയ്ക്കാണു് പോയതു്. വരുണൻെറ ഒരു ഭൃത്യൻ നന്ദഗോപനെ പിടിച്ചുകൊണ്ടു വരുണലോകത്തേയ്ക്കു പോയതായിരുന്നു. അവിടെ എത്തിച്ചേൎന്ന ഭഗവാനെ വരുണദേവനും പരിവാരങ്ങളുംകൂടി ആവേശത്തോടുകൂടെ പൂജിച്ചു ബഹുമാനിച്ചു. ഭഗവാൻെറ ആവശ്യം മനസ്സിലാക്കിയ വരുണൻ വേഗം നന്ദഗോപനേയും അനവധി ദിവ്യരത്നങ്ങളേയും കാഴ്ചവെച്ചു നമസ്കരിച്ചു. അച്ഛനോടും വരുണൻെറ കാഴ്ചദ്രവ്യത്തോടുംകൂടി ഭഗവാൻ മടങ്ങി കാളിന്ദിയിലൂടെത്തന്നെ പൊന്തി കരയ്ക്കു കയറി. ഈ അത്ഭുതവൃത്താന്തം നന്ദഗോപൻ എല്ലാ ഗോപന്മാരേയും അറിയിച്ചു. അവൎക്കെല്ലാവൎക്കും ഭഗവാൻെറ ഈശ്വരത്വം കൂടുതൽ ബോദ്ധ്യമാവുകയും ചെയ്തു.

രാസക്രീഡ

അനന്തരം അഞ്ചദ്ധ്യായങ്ങളെക്കൊണ്ടു് അത്യന്ത പാവനമായ രാസക്രീഡയാകുന്ന മഹാലീലയുടെ വൎണ്ണനമാണു്. പൂതനാമോക്ഷം, ശകടാസുരവധം തുടങ്ങിയ ലീലകളെക്കൊണ്ടു് എല്ലാ അസുരന്മാരേയും, ഗോവൎദ്ധനോദ്ധാരണംകൊണ്ടു് ഇന്ദ്രാദിസൎവ്വദേവന്മാരേയും വത്സസ്തേയംകൊണ്ടു ബ്രഹ്മാവിനേയും നന്ദമോക്ഷംകൊണ്ടു വരുണനേയും ദാവാഗ്നിമോക്ഷംകൊണ്ടു് അഗ്നിദേവനേയും. വിപ്രപത്ന്യനുഗ്രഹംകൊണ്ടു മനുഷ്യരേയും വിജയിച്ചു താൻ സൎവ്വജ്ഞനും സൎവ്വശക്തനുമായ ഈശ്വരനാണെന്നു സ്വയം പ്രഖ്യാപിച്ചാണു് കേവലം പതിനൊന്നു വയസ്സു മാത്രം പ്രായമുള്ള ബാലസ്വരൂപിയായ ഭഗവാൻ രാസക്രീഡയാകുന്ന മഹാലീലയ്ക്കൊരുങ്ങുന്നതു്. അങ്ങിനെതന്നെ അത്യന്തബാല്യംമുതല്ക്കുതന്നെ ആകൎഷകങ്ങളായ ദിവ്യലീലകളെക്കൊണ്ടു ഗോപികളെ തന്നിലേയ്ക്കാകൎഷിച്ചാകൎഷിച്ചു് അവരിൽ കൃഷ്ണപ്രേമമാകുന്ന ഈശ്വരഭാവം അവരറിയാതെ അങ്കുരിപ്പിച്ചു വളൎന്നു വളൎന്നു ഗൃഹകുടുംബധനധാന്യാദി വസ്തുക്കളിൽനിന്നും സുഖദുഃഖങ്ങളിൽനിന്നും കേവലം അകററി കൃഷ്ണൈകശരണകളാക്കിത്തീൎത്തു്, കൃഷ്ണനെ കാണാതെ ഒരു നിമിഷംപോലും കഴിച്ചുകൂട്ടാൻ വയ്യെന്ന നില വരുത്തി, കാളിയമൎദ്ദനംകൊണ്ടു് അഹങ്കാരത്തേയും വസ്ത്രാപഹരണംകൊണ്ടു സ്ത്രീപുംസ്വഭാവവ്യത്യസ്തഭാവത്തേയും ശരീരാഭിമാനത്തേയും അകററി, വത്സസ്തേയംകൊണ്ടു് ഈശ്വരൻെറ സൎവ്വാത്മഭാവത്തെ ബോധിപ്പിച്ചു ക്രമേണ ഭക്തിജ്ഞാനവൈരാഗ്യങ്ങൾക്കു

സമ്പൂർണ്ണത വരുത്തി എല്ലാം മറന്നു കൃഷ്ണൈകശരണക ളും കൃഷ്ണഭാവംകൊണ്ടു് എപ്പോഴും ഉന്മത്തകളും അന്യ ഭാവത്തിൻെറ സ്ഫുരണംപോലുമില്ലാത്തവരുമാക്കിത്തീ ർത്തു്, കൃഷ്ണൻെറ പരമൈക്യത്തോടുകൂടാതെ ഒരു നിമിഷം പോലും ഇനി ജീവിക്കാൻവയ്യെന്ന നില വരുത്തിത്തീർത്ത പുണ്യാന്തരീക്ഷത്തിലാണു് ഗുരു ശിഷ്യനെ നിർവ്വികല്പത യിലേയ്ക്കു നയിക്കുംപോലെ ഭഗവാൻ ഗോപികളെ രാസ ക്രീഡയ്ക്കു ക്ഷണിക്കുന്നതു്. രാസക്രീഡയെന്ന ദിവ്യലീ ല സ്ത്രീപുരുഷന്മാർ കൂടിച്ചേർന്നു നടത്തിയ വൈകാരികമാ യ സംഭോഗവിശേഷമാണെന്നു ധരിക്കുന്നുവെങ്കിൽ അ തിൽപ്പരം മഹാപാപം മറെറാന്നില്ല. പുരാണങ്ങളി ലെ എല്ലാ കഥകളും നിഗൂഢങ്ങളായ വേദാർത്ഥങ്ങളുടെ വിശദീകരണമാണെന്നു് ഇതിനുമുമ്പു പല പ്രാവശ്യവും പറഞ്ഞുവല്ലോ. കൂടാതെ ഈ ദശമസ്കന്ധത്തിലെ പ്ര തിപാദ്യവിഷയം 'നിരോധ'വുമാണു്. 'നിരോധ'മെന്ന ശബ്ദത്തിന്നു് ഈശ്വരസാക്ഷാൽക്കാരത്തിന്നുള്ള തടസ്ഥ ങ്ങൾ എന്തെല്ലാമെന്നും അവയെ എങ്ങിനെ അകററാ മെന്നുമാണു് നിർവ്വചനം. ഈശ്വരസാക്ഷാൽക്കാരത്തി ൻെറ തടസ്ഥം അഹങ്കാരവും അതിൽനിന്നുണ്ടാവുന്ന വികാരങ്ങളുമാണെന്നും അവ ഭക്തികൊണ്ടേ അകലൂ എ ന്നുമാണു് അചാര്യൻെറ അഭിപ്രായം. ഭക്തി പ്രേമസ്വ രൂപിണിയാണു്. ലൌകികപ്രേമം സോപാധികവും ഈ ശ്വരപ്രേമം നിരുപാധികവുമാണു്. ഇതേ വ്യത്യാസമു ള്ളു. നിരുപാധികമായ ദിവ്യപ്രേമത്തിൻെറ സ്വരൂപ ത്തെ സാധാരണജനങ്ങൾക്കൂഹിക്കാൻപോലും വയ്യ. അ പ്പോൾ ഉപാധികളിലൂടെ വർണ്ണിച്ചു കാണിക്കാനേ നിവൃ

ത്തിയുള്ളു. മാതാപിതാക്കന്മാരും പുത്രനുംതമ്മിലും സ്നേഹിതന്മാർതമ്മിലും നായികാനായകന്മാർതമ്മിലും ഗുരുവും ശിഷ്യനുംതമ്മിലും ഒക്കെയാണല്ലോ സോപാധികപ്രേമത്തിൻെറ വളച്ച്. അങ്ങിനെയൊക്കെ ഇതിൽ വണ്ണിച്ചു കാണിച്ചിട്ടും ഉണ്ടു്. മററൊരു പദാത്ഥത്തിൽ കലത്തി അനുഭവിക്കുമ്പോഠംത്തന്നെ പഞ്ചസാര മധുരമാണെങ്കിൽ യാതൊരു പദാത്ഥത്തിലും കലത്താതെ പഞ്ചസാരയെ തന്നത്താൻ അനുഭവിക്കുമ്പോഠം എത്ര വലിയ മധുരമായിരിക്കും? ഇതുപോലെ ഉപാധികളോടു കൂടിച്ചേരുമ്പോഠംത്തന്നെ പ്രേമം മധുരമാണെന്നു പ്രത്യക്ഷമാണു്. അപ്പോഠം നിരുപാധികംകൂടി ആയാലത്തെ കഥ പറയേണ്ടതുണ്ടോ? അതാണു് ഈശ്വരപ്രേമം. അതു മധുരത്തിൽവെച്ചു മധുരവും അത്യന്തം ആസ്വാദ്യതമവുമാണു്. അതിനെ ഉപാധിയിലൂടെയല്ലാതെ എങ്ങിനെ വണ്ണിക്കാനാണു്? പ്രേമവണ്ണനയ്ക്കു് ഏററവും പററിയ ഉപാധി നായികാനായകഭാവവുമാണു്. അതാണു് രാസക്രീഡയ്ക്കു മറെറല്ലാ ലീലകളെക്കാളും ആസ്വാദ്യതയും ശ്രേഷ്ഠതയും ദിവ്യത്വവുമുണ്ടായതും. നിരുപാധികമായ ദിവ്യപ്രേമത്തിൻെറ പ്രവാഹമാണു് രാസക്രീഡ. അല്ലാതെ ലൌകികമായ ലൈംഗികപ്രേമമല്ല രാസക്രീഡ. പ്രസ്തുത ലീലയുടെ നായകനായ കൃഷ്ണനിൽ നമുക്കു രണ്ടു ഭാവമേ കാണാൻ വയ്യു. ഒന്നു പതിനൊന്നു വയസ്സായൊരു കുട്ടി. ഇതു ബാഹ്യഭാവമാണു്. മറെറാന്നു സവ്വേശക്തനും ഗുണാതീതനുമായ ഈശ്വരൻ. അതു് ആന്തരഭാവവുമാണു്. ഇതിൽ ഏതു ഭാവത്തിലൂടെയാണു് നമ്മ

ക്കു രാസക്രീഡയിൽ വൈകാരികചേഷ്ടയെ ബോധി ക്കാൻ കഴിയുന്നതു്? പതിനൊന്നു വയസ്സായൊരു ബാ ലൻ ഒട്ടേറെ യുവതികളെ രമിപ്പിച്ചുവെന്നും ആ ബാല നിൽ പ്രൌഢകളായ അസംഖ്യം സ്ത്രീകൾ അനുരക്തക ളായി ഒരേ സമയത്തു രമിച്ചുവെന്നും പ്രസ്തുത ബാലനെ കാണാതായപ്പോൾ പ്രൌഢകളായ യുവതികൾ വിരഹ താപംകൊണ്ടു ഖിന്നകളായിയെന്നും പറഞ്ഞാൽ അതാ ക്കെങ്കിലും വിശ്വസിക്കാൻ കഴിയുമെന്നു തോന്നുന്നില്ല. അങ്ങിനെതന്നെ നാമരൂപങ്ങളിൽനിന്നും ഗുണധർമ്മങ്ങ ളിൽനിന്നും അതീതനും ആത്മാരാമനും സർവ്വാന്തര്യാമി യുമായ ഈശ്വരൻ പ്രാകൃതമായ ശരീരധർമ്മത്തിൽ രമി ച്ചുവെന്നു പറയുന്നതും അയുക്തംതന്നെ. അപ്പോൾ പി ന്നെ എവിടെയാണു് രാസക്രീഡയിൽ ദാമ്പത്യലീല? അതാണു് ദിവ്യപ്രേമത്തിൻെറ പ്രവാഹമാണു് രാസക്രീ ഡയെന്നു പറഞ്ഞതിൻെറ താൽപര്യം. കൃഷ്ണനോടു കൂ ടിച്ചേർന്നുള്ള അഭേദാനുഭൂതിയാണു് ഗോപികൾ അനുഭ വിച്ചതു്. അതിനെത്തന്നെയാണു് നിർവ്വികല്പഭാവമെന്നു പറയുന്നതു്. രാസക്രീഡ അനുഭവിച്ച ഗോപികളുടെ ഭർത്താക്കന്മാർക്കു് അവരുടെ ഭാര്യമാർ അവിടെത്തന്നെയു ള്ളതായിട്ടാണു് അനുഭവപ്പെട്ടിരുന്നതെന്നു് ആചാര്യൻ തന്നെ പറയുന്നു. എന്താണിതിൻെറ അർത്ഥം? ഗോപ ന്മാർ തങ്ങളുടെ ഭാര്യമാരായിക്കണ്ടിരുന്നതു ശരീരത്തെയാ ണു്. ഈശ്വരനോടു ചേരലാകുന്ന രാസക്രീഡയ്ക്കു പോ യതു ശരീരമല്ല, ജീവനാണു് എന്നല്ലാതെ മറെറന്താണ തിന്നർത്ഥം? അപ്പോൾ രാസക്രീഡയെന്നതു സ്ത്രീയും പു രുഷനും ചേർന്നുള്ള കളിയല്ല; ജീവനും ഈശ്വരനും ചേ

ന്നുള്ള കളിയാണെന്നു വ്യക്തമാവുന്നുണ്ടല്ലോ. ഇതിനൊ ക്കെപ്പുറമെ, ഗോപികൾക്കു വേണ്ടത്ര ഭക്തിജ്ഞാനവൈ രാഗ്യങ്ങൾ വളൎത്തി തൻെറ ദിവ്യത്വംകൊണ്ടു സമ്പൂൎണ്ണ മായി ആകൎഷിച്ചിട്ടുണ്ടായിരുന്നു ഭഗവാൻ. ഗുരു ശിഷ്യ ന്മാരെ ആകൎഷിക്കുന്നതു ദിവ്യത്വംകൊണ്ടാണു്. എ ന്നാൽ കാമുകൻ കാമുകിമാരെ ആകൎഷിക്കുന്നതു ശരീരഭം ഗികൊണ്ടും ശൃംഗാരഭാവങ്ങളെക്കൊണ്ടുമാണു്. ഭഗവാൻ ഗോപികളെ ആകൎഷിച്ചതു തൻെറ ദിവ്യത്വംകൊണ്ടാ ണെന്നു വ്യക്തമാണു്. പൂൎവ്വലീലകളെക്കൊണ്ടു് അവ ൎക്കു് ഈശ്വരസാക്ഷാൽക്കാരത്തിന്നുള്ള തടസ്ഥങ്ങളെ സ മ്പൂൎണ്ണമായി അകററിയിരുന്നുവെന്നും വ്യക്തമാണു്. കൂ ടാതെ, പുരഞ്ജനോപാഖ്യാനാദി പൂൎവ്വകഥകളിൽ തത്വ ങ്ങളെ എപ്രകാരം രൂപമായി ചിത്രീകരിച്ചു തത്തദ്രൂപ ങ്ങൾക്കനുയോജ്യങ്ങളായ ഭാവഹാവങ്ങളെ വൎണ്ണിച്ചുവോ, അതുപോലെ എല്ലാ കഥകളിലും ഗ്രഹിക്കേണ്ടതാണെ ന്ന പുരാണസമ്പ്രദായത്തെ ബോധിക്കുന്നപക്ഷം ഇവി ടെ ജീവനെയാണു് ഗോപസ്ത്രീയാക്കി ചിത്രീകരിച്ചിരി ക്കുന്നതെന്നു നിഷ്പ്രയാസം മനസ്സിലാക്കാൻ കഴിയും. ജീ വന്മാർ അനേകവും ഈശ്വരൻ ഏകനുമാണെന്ന കാര ണത്താൽ ഗോപികൾ അസംഖ്യവും കൃഷ്ണൻ ഒന്നുമാത്ര വുമായിത്തീൎന്നു. ഈ വെളിച്ചത്തിലൂടെ നോക്കുമ്പോൾ പരമകാഷ്ഠയെ പ്രാപിച്ച ഈശ്വരപ്രേമംകൊണ്ടു ശുദ്ധിവ ന്ന ജീവൻ ഈശ്വരനെ കണ്ടു് ഈശ്വരനോടു കൂടിച്ചേ ൎന്നു് അഭേദാവസ്ഥയെ അനുഭവിക്കലാണു്—ജീവേശ്വ രൈക്യസ്വരൂപമായ നിൎവ്വികല്പസമാധിയാണു്—രാസ ക്രീഡയെന്നു ബോദ്ധ്യമാവും. അതാണു് രാസക്രീഡ

യുടെ അപ്രമേയമായ മാഹാത്മ്യവും. ഏതായാലും ജീവേശ്വരഭാവത്തെ മറന്നു സ്ത്രീപുരുഷഭാവത്തോടെ ദിവ്യമായ രാസക്രീഡാലീലയെ സ്മരിക്കപോലും ചെയ്യരുതെന്നാണ് ആചാര്യൻെറ അനുശാസനം. അതിനാൽ രാസക്രീഡാശ്രവണത്തിനുമുമ്പ് അതിൻെറ ദിവ്യതയും ജീവേശ്വരൈക്യമാകുന്ന സ്വരൂപവും ബോദ്ധ്യപ്പെടുന്നതു നന്നായിരിക്കും. ഒരു ജീവൻ ഈശ്വരനോടെങ്ങിനെ സമീപിക്കണമെന്നുള്ളതാണ് ഗോപികളുടെ ഭാവത്തിലൂടെ വ്യഞ്ജിപ്പിക്കുന്നതു്. ഇനി വിഷയത്തിലേയ്ക്കു കടക്കാം.

പൂർണ്ണചന്ദ്രനുദിച്ചുപൊന്തി വൃന്ദാവനവും യമുനാതീരവും പാലൊളിനിലാവിൽ മുങ്ങിക്കുളിച്ചുകൊണ്ടിരിക്കുന്ന ഒരു ശരൽക്കാലരാത്രിയിൽ ഭഗവാൻ തനിക്കു വശഗയായ മായാദേവിയോടുകൂടി ഒരു ദിവ്യലീല നടത്താൻ തീർച്ചപ്പെടുത്തി. ചന്ദ്രപ്രകാശത്തിൽ പാൽസമുദ്രംപോലെ വിളങ്ങിയ വൃന്ദാവനഭൂവിൽ അത്യന്തമനോഹരമായ സ്വരൂപത്തിൽ എഴുന്നള്ളിയ ഭഗവാൻ അമൃതായമാനമായ ബ്രഹ്മനാദത്തെ വേണുവിലൂടെ പ്രവഹിപ്പിച്ച് ഉൽബുദ്ധജീവന്മാരെ—ഗോപികളെ—തട്ടിയുണർത്തി. ദിവ്യമായ ആ നാദബ്രഹ്മം വായുവിലൂടെ കർണ്ണങ്ങളിലേയ്ക്കും കർണ്ണങ്ങളിലൂടെ മനസ്സിലേയ്ക്കും മനസ്സിൽനിന്നു ബുദ്ധിയിലേയ്ക്കും ബുദ്ധിയിൽനിന്നു് ആത്മാവിലേയ്ക്കും ആഞ്ഞിറങ്ങിയടിച്ചതോടെ മോഹിതകളായ ഗോപികൾ എല്ലാം മറന്നു് ഏതോ ഒരു വൈദ്യുതശക്തിയാൽ ബലാൽ നയിക്കപ്പെടുന്നവരെന്നപോലെ വൃന്ദാവനത്തിലേയ്ക്കോടാൻ തു

ടങ്ങി. അവരോരോരുത്തരും ഓരോ വൃത്തികളിൽ വ്യാപൃതകളായിരുന്നു. സ്നാനം, ഭോജനം, ശുശ്രൂഷണം, ഗൃഹകൃത്യം, ഗോദോഹനം തുടങ്ങി പലതരം വൃത്തികളിൽ വ്യാപൃതകളായിരുന്ന ഗോപികൾ അതാതു കൃത്യങ്ങളെപ്പോലും മറന്നുകൊണ്ടു് ഓടാൻ തുടങ്ങി. ചുരുക്കിപ്പറഞ്ഞാൽ അമ്മമാർ തങ്ങളുടെ കയ്യിലുള്ള കുട്ടികളെ താഴത്തെറിഞ്ഞും വസ്ത്രമുടുക്കുന്നവർ അതു പൂർത്തിയാക്കാതെ —വസ്ത്രമുടുക്കാതെ—കൂടിയും ഓടിപ്പോയിയെന്നു പറഞ്ഞാൽ അവരുടെ ആവേശം എത്ര വലിയതായിരുന്നുവെന്നൂഹിക്കാമല്ലോ. അങ്ങിനെ ഓടിപ്പോകുന്നവരിൽ ചിലരെ പലരുംകൂടി തടഞ്ഞുവെയ്ക്കാൻ നോക്കി. എന്തൊക്കെ ചെയ്തിട്ടും അവരെ ആക്കും തടുത്തുനിർത്താൻ കഴിഞ്ഞില്ല. ചിലരെ ബലാൽക്കാരേണ പിടിച്ചു വീട്ടിന്നകത്താക്കി വാതിലടച്ചു പുറത്തു കടക്കാൻ വയ്യാതാക്കി. അവർ ക്ഷണനേരംകൊണ്ടു ശരീരമാത്രകളായിത്തീന്നു. അതായതു ധ്യാനംകൊണ്ടു ശരീരം വിട്ടു ജീവമാത്രകളായി ഭഗവാനെ പ്രാപിച്ചുവെന്നു താല്പയ്യം. അങ്ങിനെയാണു് ഭഗവാനിൽനിന്നു് ഒരാൾക്കൊരു പ്രചോദനം കിട്ടിക്കഴിഞ്ഞാൽ. പിന്നെ എന്തൊക്കെ തടസ്ഥങ്ങളുണ്ടെങ്കിലും അവയ്യൊന്നും ആ ജീവനെ പ്രപഞ്ചത്തിൽ തടുത്തുനിർത്താൻ വയ്യ. അങ്ങിനെതന്നെ ഈശ്വരനിൽനിന്നു പ്രചോദനം കിട്ടാതിരിക്കുംകാലത്തോളം ഒരാൾക്കി പ്രപഞ്ചത്തിലെ തടസ്ഥങ്ങളെ അതിക്രമിച്ചു് ഈശ്വരങ്കലേയ്ക്കുയരാനും സാദ്ധ്യമല്ല. ഇതാണു് ഗോപികളുടെ പോക്കിൻേറയും തടസ്ഥങ്ങളെ ജയിക്കലിൻേറയും ഒക്കെ സ്വരൂപം. ഈ ലോകത്തിൽ എ

ന്തൊക്കെ ബന്ധങ്ങളുണ്ടെങ്കിലും അതൊക്കെ ഭഗവൽ പ്രചോദനത്തോടെ അവസാനിക്കുന്നു. അതാണവരുടെ കർമ്മങ്ങളൊക്കെ വീണുപോയതു്. ഭഗവൽസന്നിധിയിലേയ്ക്കുള്ള പ്രയാണം ഒരാൾക്കു കിട്ടിയാൽ കർമ്മങ്ങളൊക്കെ അതോടെ വീണുപോവും. ആ പോക്കുതന്നെയാണു് ഗോപികളുടെ കൃത്യബോധമില്ലായ്മയും തങ്ങളെത്തന്നെ മറക്കലുമെല്ലാം.

പ്രപഞ്ചത്തിലെ സകലബന്ധങ്ങളേയും വലിച്ചുമുറിച്ചു ശരീരത്തെപ്പോലും അവഗണിച്ചു സർവ്വാത്മനാ ഈശ്വരൈകശരണകളായി പാഞ്ഞുവന്ന ആ ഗോപികളെ ആ നിലയിലും ഒന്നുകൂടി പരീക്ഷിക്കാൻ തീർച്ചപ്പെടുത്തി ഭഗവാൻ. അല്പമെങ്കിലും ലോകസംബന്ധമുള്ളേടത്തോളംകാലം ഭഗവാനോടു ചേരുകയെന്നതു സാദ്ധ്യമല്ലല്ലോ. അതിനാൽ മുഴുവൻ വിടുന്നതുവരെ പലപ്പോഴും പരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കും. മുഴുവൻ വിട്ടുകഴിഞ്ഞവർക്കു് എങ്ങിനെയൊക്കെ പരീക്ഷിക്കപ്പെട്ടാലും വൈഷമ്യവുമില്ലല്ലോ. ആദ്ധ്യാത്മികധർമ്മത്തിലെത്തിയ ഒരാൾക്കു് ആദ്യം ഉണ്ടാവുന്നതും അവസാനംവരെ നിലനില്ക്കുന്നതുമായ ഒന്നാണു് ധർമ്മനിഷ്ഠ. എന്നാൽ അതുകൂടി നീങ്ങേണ്ടിയിരിക്കുന്നു ഭഗവദൈക്യത്തിന്നു്. മറ്റെല്ലാ ലോകബന്ധങ്ങളും ഗോപികൾക്കു നഷ്ടപ്പെട്ടുവെന്നുള്ളതു വ്യക്തമാണു്. എന്നാൽ ധർമ്മനിഷ്ഠ അത്ര എളുപ്പത്തിൽ പോകാവുന്നതല്ല. അതും അവരിൽനിന്നു വിണുപോയോ എന്നുള്ളതാണു് ഭഗവാൻ പരിശോധിക്കുന്നതു്. അതിനാൽ അതിരുകടന്ന കൃഷ്ണപ്രേമംകൊണ്ടാവി

ഷ്ടകളായി എല്ലാം മറന്നു ഭഗവൽസന്നിധിയിൽ പാഞ്ഞെത്തിയ ആ പ്രേമസ്വരൂപിണികളോടു ഭഗവാൻ ചോദിക്കയാണു്: "ഇതെന്തു കഥയാണു്? സ്ത്രീകളായ നിങ്ങൾ രാത്രിയിൽ ഒററയ്ക്കു വീട്ടിൽനിന്നിറങ്ങി കാട്ടിലേയ്ക്കു വന്നതു ശരിയായോ? ഈ പൂനിലാവിൽക്കുളിച്ച വൃന്ദാവനത്തിൻെറ ശോഭ കാണാൻവേണ്ടി വന്നതാണെങ്കിൽ അതു കണ്ടുകഴിഞ്ഞില്ലേ? ഇനി വേഗം പോവൂ. അമ്മയച്ഛന്മാരും ഭർത്താക്കന്മാരും മക്കളുമൊക്കെയുള്ളവരല്ലേ നിങ്ങൾ? അവരെയൊക്കെ ശുശ്രൂഷിക്കുകയെന്നതു നിങ്ങളുടെ ധർമ്മമല്ലേ? ധർമ്മം തെററിനടക്കുന്നവർക്കു് ഇഹത്തിലും പരത്തിലും സുഖസമാധാനങ്ങളുണ്ടാവില്ലെന്നു് അറിയില്ലേ? ഭർത്താവിന്നെന്തെല്ലാം ന്യൂനതയുണ്ടെങ്കിലും കുലസ്ത്രീകൾക്കു് അദ്ദേഹം ദൈവമാണല്ലോ. ഭർത്തൃശുശ്രൂഷയിൽക്കവിഞ്ഞു സ്ത്രീകൾക്കെന്തൊരു തപസ്സാണുള്ളതു്? അതുകൊണ്ടു വേഗം മടങ്ങിപ്പോയി നിങ്ങളുടെ ധർമ്മത്തെ തെററുവരുത്താതെ ആചരിക്കൂ. എങ്കിലേ ശ്രേയസ്സുണ്ടാവൂ. എന്നിലുള്ള പ്രേമാതിരേകംകൊണ്ടു് എന്നെക്കാണാൻവേണ്ടിയാണു് വന്നതെങ്കിൽ നല്ലതുതന്നെ. പക്ഷേ എൻെറ പ്രത്യക്ഷദർശനത്തേക്കാൾ പരോക്ഷചിന്തനം കൂടുതൽ ഹൃദ്യമായിരിക്കും. ഏതായാലും നിങ്ങളെല്ലാവരും വേഗം മടങ്ങിപ്പോവൂ." കൃഷ്ണൻ തങ്ങളെ ഉപേക്ഷിക്കാൻ പോകയാണോ എന്നുപോലും തോന്നി ഗോപികൾക്കീ വാക്കു കേട്ടപ്പോൾ. സല്ക്കാരം കിട്ടേണ്ടിടത്തു തിരസ്കാരമാണു് അനുഭവപ്പെടുന്നതെന്നു വന്നാൽ പിന്നത്തെ കഥയെന്താണു്? പരിഭ്രാന്തകളായ അവർ മറുപടി പറഞ്ഞു:

"ആരിലെത്തിച്ചേരാൻവേണ്ടിയാണോ എല്ലാ ധമ്മങ്ങളും അനുഷ്ഠിക്കുന്നതു്, ആ അങ്ങയിലെത്തിച്ചേന്ന ഞങ്ങൾ ഇനിയെന്തു ധമ്മമാണനുഷ്ഠിക്കേണ്ടതു്? ആരെ പ്രാപിക്കാൻവേണ്ടി മറെറല്ലാം ഉപേക്ഷിച്ചുവോ, ആ അങ്ങയെ പ്രാപിച്ച ഞങ്ങൾ ഇനിയെവിടേയ്ക്കാണു് പോവേണ്ടതു്? ഇനി നിബ്ബന്ധപൂവ്വം പോവുന്നു എന്നിരുന്നാൽ തന്നെ ഞങ്ങളുടെ കാലുകൾ അങ്ങയെ വിട്ടു നടക്കാൻ വയ്യാത്തവയായിക്കഴിഞ്ഞിരിക്കുന്നു. ഗൃഹത്തിൽപ്പോയാലും ഞങ്ങൾക്കങ്ങയെ മാത്രമേ ശുശ്രൂഷിക്കാനുള്ളൂ. പിന്നെ എന്തിനാണു് പോവുന്നതു്? എവിടേയ്ക്കാണു് പോവേണ്ടതു്? ആരുടെ പേരിലാണോ മറെറല്ലാം ഉപേക്ഷിക്കപ്പെട്ടിരിക്കുന്നതു്, ആ അങ്ങു ഞങ്ങളെ ഉപേക്ഷിച്ചാൽ പിന്നെ ഞങ്ങളുടെ ഗതിയെന്താണു്? ഗൃഹകുടുംബങ്ങളേയും ധനധാന്യങ്ങളേയും എന്നുവേണ്ട, അങ്ങയെ പ്രാപിക്കാൻവേണ്ടി സവ്വസ്വത്തേയും ഉപേക്ഷിച്ചവരാണു് ഞങ്ങൾ. ഞങ്ങൾക്കു് അമ്മയും അച്ഛനും ഭത്താവും പുത്രനും ധമ്മവും ഇഹവും പരവുമെല്ലാം അങ്ങുതന്നെ. അങ്ങയെ ഒഴിച്ചു മറെറാന്നിനേയും ഞങ്ങൾ കാംക്ഷിക്കുന്നില്ല. ഞങ്ങൾക്കാവശ്യവുമില്ല. അങ്ങിനെയുള്ള ഞങ്ങളെ അങ്ങു് ഉപേക്ഷിച്ചു കഴിഞ്ഞാൽ പിന്നെ എന്തു ഗതിയാണുള്ളതു്? അതിനാൽ ഹേ കൃഷ്ണാ, കരുണാമയാ, അങ്ങു ഞങ്ങളെ ഉപേക്ഷിക്കരുതു്." ഇങ്ങിനെ മനസ്സലിയിക്കുന്ന വാക്കുകളെപ്പറഞ്ഞു പൊട്ടിക്കരയുന്ന ആത്തകളായ ഗോപികളെ ഭഗവാൻ ആകഷ്കമായ പുഞ്ചിരികൊണ്ടും അനുരഞ്ജകങ്ങളായ വാക്കുകളെക്കൊണ്ടും രസിപ്പിച്ചു സന്തുഷ്ടകളാക്കി യമുനാതീരത്തുള്ള വിശാലമായ മണൽത്തി

ട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. ഉത്തരീയവസ്ത്രങ്ങളെ വിരിച്ച് എല്ലാവരും അവിടെയിരുന്നു. പരമപുരുഷനും അമൃതാത്മകനുമായ ഭഗവാൻെറ ദർശനം, സാന്നിദ്ധ്യം, സാമീപ്യം, അവിടുത്തെ ദിവ്യവാണീശ്രവണം, സഹവാസം ഇത്രയും സാധിച്ചുകഴിഞ്ഞപ്പോഴയ്ക്കു ഗോപികളുടെ നില വളരെയധികം ഉയൎന്നു. ഭഗവാൻ അവരെ ഓരോരുത്തരേയും തൻെറ ദർശനസ്പർശനങ്ങളെക്കൊണ്ട് അത്യധികം രമിപ്പിക്കുകയും ചെയ്തു. അതോടെ പരമദിവ്യാവസ്ഥയിലേയ്ക്കുയൎന്ന ഗോപികളുടെ മനസ്സിൽ ലയിച്ചിട്ടുണ്ടായിരുന്ന അഹങ്കാരം 'എന്നിൽ കൃഷ്ണൻ സമ്പൂൎണ്ണാനുരക്തനാണെ'ന്ന ബോധരൂപേണ വളരെ സൂക്ഷ്മമായി പൊന്തിവന്നു. എപ്പോഠം ഭഗവാനിൽനിന്നു വേർതിരിഞ്ഞ രൂപത്തിലുള്ള അഹങ്കാരം അത്യന്തസൂക്ഷ്മമായിട്ടെങ്കിലും പൊന്തിവന്നുവോ, അതോടെ അങ്ങിനെ അഹങ്കാരം പൊന്താതിരുന്ന ഒരു സ്ത്രീയോടുകൂടി ഭഗവാൻ പെട്ടെന്നന്തൎദ്ധാനംചെയ്തു. കണ്ടുകൊണ്ടു സമീപത്തിരിക്കെത്തന്നെ പെട്ടെന്നു കാണാതാവുകയെന്നാൽ എന്തൊരതിശയമാണ്? ഏതായാലും അങ്ങിനെ സംഭവിച്ചു. ഗോപികളുടെ ആത്മാവിലോളം ആഞ്ഞിറങ്ങി മൎമ്മങ്ങളെ തുളച്ചുകയറിയ നിരാശാപൂൎണ്ണമായ ആ വിരഹദുഃഖം അവരെ വല്ലാതെ വിഷമിപ്പിച്ചു. കൃഷ്ണനെ കാണാതേയും കൃഷ്ണനോടു കൂടിച്ചേരാതേയും ഒരു നിമിഷം പോലും കഴിച്ചുകൂട്ടാൻ വയ്യാത്ത നിലയിലായിരുന്നു ഗോപികളെന്നറിഞ്ഞുകൊണ്ടുതന്നെയാണ് ഭഗവാനന്തൎദ്ധാനംചെയ്തതു്. കൃഷ്ണനെക്കാണാനില്ലെന്നു വന്നപ്പോഴയ്ക്ക് അവരുടെനില വളരെ ദയനീയമായി. പരിഭ്രമിച്ചു നാ

ലുപാട്ടം തിരഞ്ഞുനോക്കി. വള്ളിക്കുടിലുകളിലും ഗുഹാന്തർഭാഗത്തും പർവ്വതസാനുക്കളിലുമൊക്കെ അവർ കൃഷ്ണനെ അന്വേഷിച്ചു നടന്നു. ഉറക്കെ വിളിച്ചുനോക്കി. മാറത്തിടിച്ചു നിലവിളിച്ചു. നിലത്തു വീണുരുണ്ടു. എന്നുവേണ്ട, അസഹ്യമായ ആ കൃഷ്ണവിരഹത്തെ ഒരു പ്രകാരത്തിലും പൊറുക്കാനാവാതെ നിരാശയോടെ തങ്ങളുടെ ശരീരത്തെ മണ്ണിലിട്ടുരുട്ടിയും പാറയിൽവെച്ചടിച്ചും പൊട്ടിക്കരഞ്ഞും ആർത്തകളായ ആ പരമസുകൃതിനികൾ ഭ്രാന്തകളെന്നപോലെ പലതും പുലമ്പാനും നാലുപാട്ടം പായാനും തുടങ്ങി. ഭ്രാന്ത്, അതേ അഭികാമ്യമായ ഭ്രാന്ത്, മധുരമായ വേദന, ആകർഷകവും ആദരണീയവുമായ ഉന്മാദം—ഇതായി ഗോപികളുടെ അവസ്ഥ. അവരെന്തൊക്കെ ചെയ്തുവെന്നോ എന്തെല്ലാം വിളിച്ചുപറഞ്ഞുവെന്നോ പറയാൻ വയ്യ. ഈശ്വരനെ അന്വേഷിക്കുന്നവർതന്നെ എത്രയോ വിരളമായ ഈ ലോകത്തിൽ ഈശ്വരനെ കാണാത്തതുകൊണ്ടുള്ള വേദനയും താപവും വളർന്നു ഭ്രാന്തായിത്തീരുകയെന്നു വന്നാലത്തെ അവസ്ഥയെന്താണ്? എത്ര അഭികാമ്യമായൊരു നിലയാണത്! നിലവിളിച്ചു പ്രജ്ഞവിട്ടു ഭൂമിയിൽ വീണുരുളും. പിന്നെയും പ്രജ്ഞയുണ്ടാവുമ്പോൾ എഴുന്നേററ് അന്വേഷിക്കാൻ തുടങ്ങും. ആരോടന്വേഷിക്കാനാണ് രാത്രിയിൽ വിജനമായ വനപ്രദേശത്ത്? എന്നാൽ കൃഷ്ണവിരഹംകൊണ്ടു ഭ്രാന്തകളായ അവർക്ക് അതൊന്നും ബാധകമല്ല. അവർ പലരേയും കണ്ടു. കാണപ്പെട്ടവരോടൊക്കെ ചോദിക്കുകയും ചെയ്തു. പക്ഷേ ആരും മറുപടി പറഞ്ഞില്ല. പേ

രാലു്, അരയാലു്, ഞാവളു്, അത്തി തുടങ്ങിയ വൃക്ഷങ്ങളേയും മുല്ല, പിച്ചകം തുടങ്ങിയ വള്ളികളേയും തുളസി, തെച്ചി തുടങ്ങിയ ചെടികളേയും മാൻ തുടങ്ങിയ മൃഗങ്ങളേയും മയിലു്, കുയിലു് തുടങ്ങിയ പക്ഷികളേയുമാണവർ കണ്ടതു്. അവരോടൊക്കെ ചോദിക്കുകയും ചെയ്തു. അവരാരും മറുപടി പറഞ്ഞില്ല. ഭൂമിയോടും ആകാശത്തോടും മേഘങ്ങളോടും ചോദിച്ചു, തങ്ങളുടെ കൃഷ്ണനെ കണ്ടുവോ എന്നു്. അവരും മറുപടിയൊന്നും പറഞ്ഞില്ല. തങ്ങളെപ്പോലെതന്നെ കൃഷ്ണനെ കാണാത്തവരാണു് എല്ലാവരുമെന്നവക്കു ബോദ്ധ്യമായി. ആരും ഒന്നും മറുപടിപോലും പറയാതിരുന്നതു് അവക്കു കൂടുതൽ വേദനയ്ക്കു കാരണമായി. സ്ഥാവരങ്ങളോടും തിയ്യക്കുകളോടുമാണു് തങ്ങഠം ചോദിച്ചതെന്നും അവക്കു മനുഷ്യരുടെ മാതിരി വിവേചനാശക്തിയോ സംഭാഷണസ്വാതന്ത്ര്യമോ ഇല്ലെന്നോക്കാൻപോലും അവക്കു കഴിഞ്ഞില്ല. അത്രമാത്രം ദ്വൈതഭ്രമത്തിൽനിന്നു് അതിക്രമിച്ചിട്ടുണ്ടായിരുന്നു അവരുടെ പ്രജ്ഞ. അന്വേഷണംകൊണ്ടു തങ്ങഠംക്കു സ്വയം കാണാൻ കഴിയാതേയും മററാരും പറഞ്ഞുതരാനില്ലാതേയും വന്നപ്പോഠം കൂടുതൽ നിരാശയ്ക്കു വശംവദകളായ ഗോപികഠം ജീവിതത്തെ എങ്ങിനെ നിലനിത്തേണമെന്നുപോലും അറിയാതെ വിഷമിച്ചു. കുറച്ചു സമയംകൂടി കൃഷ്ണനെ കാണാതിരിക്കുന്നപക്ഷം അവർ മരിക്കുമെന്നു തീച്ചയാണു്. കൃഷ്ണദശനത്തോടുകൂടാത്ത അധന്യമായ ജീവിതം നിലനില്ക്കുന്നതിനേക്കാഠം ഇഷ്ടമാണു് നശിക്കുന്നതു്. പക്ഷേ ഇനി എപ്പോഴെങ്കിലും കൃഷ്ണനെ കാണാനിടവരുന്നപക്ഷം അപ്പോഴയ്ക്കു ജീവിതം

നഷ്ടപ്പെട്ടാൽ അതും കഷ്ടമല്ലേ? അതിനാൽ ജീവിതത്തെ നിൎത്തുകതന്നെ വേണം. പക്ഷേ എങ്ങിനെ നിലനിൎത്തും? കൃഷ്ണനോടുകൂടാതെ ഒരു നിമിഷംപോലും ജീവിക്കാൻ വയ്യതാനും. ഈ നിലയ്ക്കു് അത്യന്തതപ്തകളായ ഗോപികൾ പലതും ചിന്തിച്ചും വിലപിച്ചും അവസാനം തങ്ങൾതന്നെ കൃഷ്ണനായഭിനയിക്കാൻതുടങ്ങി. കൃഷ്ണൻ തങ്ങളിൽത്തന്നെയാണു് മറഞ്ഞിരിക്കുന്നതെന്നും കൃഷ്ണഭാവാഭിനയംകൊണ്ടു കൃഷ്ണേതരഭാവം ലയിച്ചാൽ സ്വയം കൃഷ്ണനായിത്തീരുമെന്നുമുള്ള ശ്രുത്യഭിപ്രായത്തെ അറിഞ്ഞോ അറിയാതെയോ അവർ പ്രവൎത്തിക്കാൻതുടങ്ങി. ഒരാൾ കൃഷ്ണനാണെന്നും മറ്റൊരാൾ പൂതനയാണെന്നും സങ്കല്പിച്ചു പൂതനാമോക്ഷത്തെ അഭിനയിക്കുക. അതു കഴിഞ്ഞാൽ പിന്നെ ഒരാൾ കൃഷ്ണനും മറ്റൊരാൾ ശകടാസുരനുമായിത്തീരുക. അങ്ങിനെ ശകടാസുരവധം അഭിനയിക്കുക. ഇങ്ങിനെ തൃണാവൎത്തമോക്ഷം, യമളാൎജ്ജുനഭഞ്ജനം, വിശ്വരൂപദൎശനം, ഉലൂഖലനിബന്ധനം, കാളിയമൎദ്ദനം, ഗോവൎദ്ധനോദ്ധാരണം തുടങ്ങിയ ഭഗവാൻെറ സകലബാലലീലകളേയും ആവേശത്തോടുകൂടി അവരഭിനയിച്ചു. സാധാരണനടന്മാൎക്കു തങ്ങളുടെ അഭിനയം കണ്ടു രസിക്കാൻ കാണികൾ വേണം. എങ്കിലേ അവൎക്കു പാടവത്തോടുകൂടി അഭിനയിക്കാൻ പററു. എന്നാൽ ഭക്തന്മാൎക്കതു വേണ്ട. ആരും കാണണമെന്നില്ല. ആ അഭിനയംതന്നെ അവൎക്കത്യന്തനിൎവ്വതിപ്രദമാണു്. കളിക്കാനും കാണാനും ഒക്കെ അവർതന്നെ മതി. അങ്ങനെതന്നെ സങ്കല്പമൊഴിച്ചു മററുപകരണങ്ങളുടെ അ

പേക്ഷയും ഇല്ല. ഈ നിലയ്ക്കു് അത്യന്താവേശത്തോടെ അവർ പലതും അഭിനയിച്ചു.

'ബ്രഹ്മോഹം'—ഞാൻ ബ്രഹ്മമാണു്—എന്ന ഭാവനയെ ഉറപ്പിക്കാൻ ശ്രുതി അനുശാസിക്കുന്നുണ്ടു്. സായുജ്യമുക്തിയുടെ അഭ്യാസമാണു് ബ്രഹ്മോഹംഭാവന. അതിൻെറതന്നെ സഗുണപ്രകടനമാണു് ഭക്തി വദ്ധിച്ചു ഭഗവാൻെറയും അവിടുത്തെ ലീലകളുടേയും തന്മയീഭാവത്തെ അനുസന്ധാനംചെയ്യലും അഭിനയിക്കലുമെല്ലാം. ഭഗവൽപ്രേമം വദ്ധിക്കുമ്പോൾ അങ്ങിനെയുള്ള പ്രകടനങ്ങൾ സ്വാഭാവികമായുണ്ടാവുന്നു. വിരഹഭാവം മൂദ്ധന്യദശയിലെത്തിക്കഴിഞ്ഞ ഒരു ഭക്തനു് അതുകൊണ്ടും സമാധാനം കിട്ടാതേയാവും. ഭഗവാനെ തൻെറ മുമ്പിൽ കണ്ടാൽ മാത്രമേ സമാധാനം കൈവരു എന്ന നില വരും. അഭികാമ്യവും എന്നാൽ ദയനീയവുമായ ആ നിലയിലാണു് ഗോപികളെത്തിച്ചേൎന്നിരിക്കുന്നതു്. കുറേനേരം അവർ കൃഷ്ണലീലകളിൽ പലതും ഏറാവും ആവേശത്തോടുകൂടി അഭിനയിച്ചെങ്കിലും അതുകൊണ്ടൊന്നും സമാധാനം കിട്ടിയില്ല. ഒടുവിൽ എല്ലാവരുംകൂടി ആവേശപൂൎവ്വം നിലവിളിച്ചുകൊണ്ടു യമുനാതീരത്തു് എവിടെവെച്ചു ഭഗവാൻ അന്തദ്ധാനം ചെയ്തുവോ, അവിടെ വന്നു കൂട്ടത്തോടുകൂടി ഭഗവാനെ വിളിച്ചു നിലവിളിക്കാൻ തുടങ്ങി. ഭാഗവതത്തിലെ ഏററവും സുന്ദരമായ ഈ നിലവിളിയെയാണു് പ്രസിദ്ധമായ ഗോപികാഗീതമെന്നു പറഞ്ഞുവരുന്നതു്. കല്ലുപോലും അലിയുന്ന ദയനീയമായ സ്വരത്തിലും ഭാവത്തിലും ഗാനം ചെയ്തതെ

ന്നോ നിലവിളിച്ചതെന്നോ പറയേണ്ടതായ പ്രസ്തുതാദ്ധ്യായം കേവലം പത്തൊമ്പതു ശ്ലോകങ്ങളുടെ സമാഹാരമാണു്. പക്ഷേ ഭാഗവതത്തിലെ പതിനെണ്ണായിരം ഗ്രന്ഥങ്ങളുടെ മുഴുവൻ സൌന്ദര്യവും ഗൌരവവും ലാളിത്യവും അതിലൊതുങ്ങിയിരിക്കുന്നെന്നു പറയണം. അത്രത്തോളം അനുവാചകൻെറ—ഭക്തനോ അഭക്തനോ ആരായാലും—ഹൃദയത്തെ സ്പർശിക്കുകയും ദ്രവിപ്പിക്കുകയും ചെയ്യുന്നൊരു കവിത ഭാഗവതത്തിലെന്നു വേണ്ട ഒരു പുരാണത്തിലും വേറെ ഇല്ലെന്നുതന്നെ പറയണം. അത്രയും പാവനവും ഹൃദയാവർജ്ജകവുമായ ഗോപികാഗീതമെന്ന പ്രസ്തുത വിലാപഗാനാമൃതസരസ്സിലേയ്ക്കു നമുക്കൊന്നിറങ്ങി മുങ്ങാം.

ഗോപികാഗീതം

1 ജയതി തേഽധികം ജന്മനാ വ്രജഃ
ശ്രയത ഇന്ദിരാ ശശ്വദത്ര ഹി
ദയിത! ദൃശ്യതാം ദിക്ഷു താവകാ-
സ്ത്വയി ധൃതാസവസ്ത്വാം വിചിന്വതേ. 1

"അവിടുത്തെ അവതാരംകൊണ്ടു ഞങ്ങളുടെ ഗോകുലം ലോകത്തിൽ മററെല്ലാ പ്രദേശങ്ങളെക്കാളും ഉൽക്കർഷത്തോടെ വിജയിക്കുന്നു. അമരാവതിയും, അളകാപുരിയുമൊക്കെ ഇന്നു ഞങ്ങളുടെ ഗോകുലത്തെ നമസ്കരിക്കണം. സത്യലോകവും ശ്രീവൈകുണ്ഠവുംകൂടി ഇന്നു ഞങ്ങൾക്കു വലിയതല്ല. ഇന്ദ്രനും, ബ്രഹ്മാവും വ്രജത്തെ അന്വേഷിച്ചു വന്നു. ഞങ്ങളാരും അവരെക്കാണാൻ പോയിട്ടില്ല. വിദ്യാഭ്യാസമോ സംസ്കാരമോ സമ്പത്തോ

ആഭിജാത്യമോ കുലമഹിമയോ സൽസംഗമോ ഒന്നുമില്ലാത്ത ഞങ്ങൾക്ക് ഈ പദവികളൊക്കെയുണ്ടായതു് അവിടുത്തെ അവതാരംകൊണ്ടാണു്. ഞങ്ങളുടെ ചെററക്കുടിലിൽ സർവ്വൈശ്വര്യപതിയായ അവിടുന്നവതരിച്ചു എന്നുള്ളതാണു് ഞങ്ങളുടെ ഐശ്വര്യഹേതു. ലക്ഷ്മീവല്ലഭനും വൈകുണ്ഠനാഥനുമായ അവിടുന്നു ഞങ്ങളുടെ ചെററക്കുടിലുകളിൽ കളിക്കാൻ തുടങ്ങിയപ്പോൾ ലക്ഷ്മീദേവി ഒരു ദാസിയെന്നപോലെ ഞങ്ങളെ സേവിക്കാൻ തുടങ്ങി. തപസ്സോ വ്രതങ്ങളോ യോഗമോ ഒന്നും ഞങ്ങളാരും ചെയ്തിട്ടില്ല. അതൊക്കെ ചെയ്തവരും ചെയ്യുന്നവരും എത്രയോ ഉണ്ടു്. എന്നിട്ടും അവരേക്കാൾ കൂടുതലായി അവിടുന്നു ഞങ്ങളെയാണനുഗ്രഹിച്ചതു്. അതിൻെറ കാരണം അവിടുത്തെ കാരുണ്യം ഒന്നുമാത്രമാണു്. എന്നാൽ ആ കാരുണ്യം ഇപ്പോഴെവിടെപ്പോയി? ഓരോ പ്രാണചലനംപോലും അങ്ങയ്ക്കുവേണ്ടിമാത്രം ചെയ്യുന്ന, അങ്ങയുടെ ആളുകളാകുന്ന ഈ ഞങ്ങൾ അങ്ങയെ കാണാതെ ഒരു നിമിഷംപോലും ജീവിക്കാൻവയ്യാത്ത ദയനീയമായ വിരഹതാപംകൊണ്ടു തപ്തകളായി ഈ കാടു മുഴവൻ തിരഞ്ഞിട്ടും ഹാ! കൃഷ്ണ! അങ്ങു ദർശനം തന്നില്ലല്ലോ!!"

പത്തൊമ്പതു ഗീതങ്ങളുള്ള പ്രസ്തുതാദ്ധ്യായത്തിലെ ഒന്നാമത്തെ ഗീതകത്തിൻെറ സാമാന്യമായ ഭാവാർത്ഥമാണു് മുകളിൽ പറഞ്ഞതു്. ഓരോ ഗീതത്തിന്നും ഇതുപോലെ അത്യന്തസുന്ദരമായ ഭാവാർത്ഥത്തിന്നു പുറമെ ചമൽക്കാരം നിറഞ്ഞതും, തത്വവിചാരസ്വരൂപങ്ങളുമാ

യ വ്യംഗ്യാത്ഥങ്ങളുമുണ്ടു്. അവയേയും നിരൂപിക്കുമ്പോഠം പ്രൌഢവും, സുന്ദരവുമായ 'ഗോപികാഗീത'മാകുന്ന ഈ ചെറിയ അദ്ധ്യായത്തെ ഒരു വേദാന്തപ്രകരണമെന്നോ, ഭക്തിശാസ്ത്രമെന്നോ, ഒരു പ്രത്യേക ഉപനിഷത്തെന്നോ എന്താണു് പറയേണ്ടതെന്നു സംശയം ജനിക്കും. അങ്ങിനെ ഓരോ ഗീതത്തേയും നിഷ്കൃഷ്ടമായി നിരൂപിക്കാൻ ഇവിടെ ഒരുങ്ങീട്ടില്ല. എങ്കിലും വ്യംഗ്യഭംഗിയൊന്നു നോക്കാതെ കടന്നു പോയാൽ സാഹസമായിരിക്കുമെന്നു കരുതുന്നു. അതിനാൽ ഓരോ ഗീതത്തിൻേറയും ഭാവാത്ഥവും, അനന്തരം അതിൻേറതന്നെ വ്യംഗ്യാത്ഥവും വഴിക്കുവഴി പറയാൻ ശ്രമിക്കാം. പ്രഥമഗീതത്തിൻേറ ഭാവാത്ഥം മുകളിൽ പറഞ്ഞുവല്ലോ. വ്യംഗ്യാത്ഥം താഴെ വിവരിക്കാം.

1. "വാസ്തവത്തിൽ ഇല്ലാത്തതും, ഉണ്ടെന്നു തോന്നുന്ന സമയത്തുകൂടി കേവലം ജഡവും, സുഖിക്കുമ്പോഠംകൂടി ദുഃഖസ്വരൂപവും, അങ്ങിനെ അനൃതവും, ജഡവും, ദുഃഖവുമാകുന്ന സ്വരൂപത്തോടുകൂടിയ ഈ ശരീരവും, ഇന്ദ്രിയമനോബുദ്ധികളാകുന്ന കരണങ്ങളും ഇന്നു സവ്വോല്ക്കഷേണ വത്തിക്കുന്നു. ഇല്ലാത്തതായിട്ടും, ഉള്ളതായിത്തിന്നു; ജഡമായിരുന്നിട്ടും ചൈതന്യത്തോടും, ഓജസ്സോടുംകൂടി വത്തിക്കുന്നു; ദുഃഖമായിരുന്നിട്ടും ചിലപ്പോഴെങ്കിലും സുഖിക്കുന്നു. ഈ അവസ്ഥ അത്യന്തജഡമായ ഈ ശരീരത്തിന്നു കൈവന്നതു് അവിടുത്തെ അവതാരംകൊണ്ടാണു്. മംഗളമൂത്തിയും, പരമപുരുഷനുമായ ഹേ കൃഷ്ണ! അങ്ങു സ്വരൂപാവസ്ഥയിൽനിന്നിറങ്ങി എ

പ്പോൾ ജീവനായവതരിച്ചുവോ, അപ്പോൾ ഇല്ലാത്ത ശരീരം ഉള്ളതായിത്തീൻ. ഉള്ളതായ അവിടുത്തെ ചേച്ചകൊണ്ടു ജഡവും സചേതനമാവുന്നു. ആനന്ദമയനായ അങ്ങയുടെ ചേച്ചകൊണ്ടു ദുഃഖവും സുഖമായിത്തിരുന്നു. ഹാ! എന്തൊരു മാററം! ഒരു നിമിഷം അങ്ങിതിനെ വേർപെട്ടുപോയാൽ ഇവയൊക്കെ ഇല്ലാത്തതുതന്നെയായി. അങ്ങുള്ളപ്പോൾ എല്ലാം ഉള്ളതാണു്. അങ്ങില്ലെങ്കിൽ എല്ലാം ഇല്ലാത്തതുമായി. അപ്പോൾ നിത്യവസ്തുവായ അങ്ങല്ലാതെ മററെന്താണുള്ളതു്! ശബ്ദാദിവിഷയസമ്പത്തുകളുടെ അധിദേവതയായ പ്രകൃതിദേവി പരപുരുഷനായ ഈശ്വരൻെറ എഴുന്നള്ളത്തിനെ മാനിച്ചു ജഡങ്ങളായ എല്ലാ കാരണങ്ങളേയും വിഷയസമ്പത്തുകളെക്കൊണ്ടു സേവനം ചെയ്തു ദാസ്യം വഹിക്കുന്നു. അഹോ അത്ഭുതം! അവിടുത്തെ കാരുണ്യമഹിമ അതിശയംതന്നെ. ജഡങ്ങളായ പ്രസ്തുതകരണങ്ങൾക്കൊക്കെയും ഓരോ നിമിഷത്തെ ജീവിതംകൂടി അങ്ങയുടെ സാന്നിദ്ധ്യമാണു്. ആ നിലയ്ക്കു് അവയൊക്കെ അങ്ങയുടെ വിഭൂതികൾമാത്രമാണു്. ഓരോ നിമിഷവും അവ ഈ പ്രപഞ്ചത്തിൽ മുഴുവൻ അങ്ങയെ അന്വേഷിക്കുന്നുണ്ടു്. അതായതു്, ആനന്ദത്തെ. ഓരോ വസ്തുവിലും, ഓരോ കാലദേശങ്ങളിലും അങ്ങയെ തേടുന്നു. ബഹിർമ്മുഖത്വംകൊണ്ടും നാനാത്വഭാവംകൊണ്ടും അങ്ങയെമാത്രം കാണാൻ കഴിയുന്നില്ല. ഹാ! ദയാമയനായ കൃഷ്ണ! അങ്ങു് എന്തുകൊണ്ടാണു് അങ്ങയുടെ ദശ്നംകൊണ്ടു് ഈ കരണങ്ങളെ രമിപ്പിക്കാത്തതു്? അങ്ങയെ കാണാൻ പററില്ലെങ്കിൽ തന്നെത്താൻ നശിക്കുന്നതാണു് ഇവയ്ക്കു ചാരി

താത്പര്യം. അങ്ങയെ കേൾക്കാനും, അങ്ങയെ ഘ്രാണിക്കാനും, അങ്ങയെ സ്പർശിക്കാനും, അങ്ങയെ രസിക്കാനും, അങ്ങയെ വിചാരിക്കാനും, അങ്ങയെ അറിയാനും കഴിയില്ലെങ്കിൽ ചെവിക്കും, മൂക്കിനും, ത്വക്കിനും, നാവിനും, മനസ്സിനും, ബുദ്ധിക്കും ജീവിതംതന്നെ എന്തിനാണ്? അവയുണ്ടായതുതന്നെ അങ്ങയെ അനുഭവിക്കാനാണല്ലോ. ഹാ കരുണാകര! ഇനിയെങ്കിലും ഈ വൈപരീത്യം നീങ്ങി അങ്ങയിൽ രമിക്കാനുഴറിക്കൊണ്ടിരിക്കുന്ന ഈ ജഡകരണങ്ങൾക്കൊക്കെ ദർശനം കൊടുത്തനുഗ്രഹിക്കണേ!"

ശരദുദാശയേ സാധുജാതസൽ-
സരസിജോദരശ്രീമുഷാ ദൃശാ
സുരതനാഥ! തേ/ശുല്കദാസികാ
വരദ! നിഘ്നതോ നേഹ കിം വധഃ. 2

2. "ശരൽക്കാലത്തു പൂർണ്ണമാകുംവണ്ണം വികസിച്ച താമരയുടെ വിശാലങ്ങളായിരിക്കുന്ന ദളങ്ങൾപോലെ സുന്ദരവും വിശാലവുമായ തൃക്കണ്ണുകൊണ്ടു നിഷ്കാമദാസികളായ ഞങ്ങളെ കടാക്ഷിച്ച് അടിമകളാക്കിയ ഹേ കൃഷ്ണാ! ആ അങ്ങുതന്നെ ഇപ്പോൾ അവിടുത്തെ വിരഹമാകുന്ന തീക്ഷ്ണങ്ങളായ വേദനകളെക്കൊണ്ട് അതേ ഞങ്ങളെത്തന്നെ കൊല്ലുന്നുവല്ലോ! ഹാ! കഷ്ടം!"

വ്യംഗ്യാർത്ഥം

"ഏകവും അദ്വിതീയവുമായ ജ്ഞാനസ്വരൂപേണ ഞങ്ങളിൽ വിളങ്ങിക്കൊണ്ടിരിക്കുന്ന ഹേ കൃഷ്ണ! വളരെയൊക്കെ നിഷ്കാമകർമ്മയോഗമനുഷ്ഠിച്ചിട്ടും നാനാത്വഭ്രാ

ന്തി നീങ്ങി അദ്വിതീയജ്ഞാനമനുഭവിക്കാൻ സാധിക്കാതെ തപിക്കുന്ന ഞങ്ങളെ (ജീവന്മാരെ) നാനാത്വഭ്രമത്തിന്നാസ്പദമായ അജ്ഞാനംകൊണ്ടവിടുന്നു നശിപ്പിക്കുന്നുവല്ലോ. ഹാ! കഷ്ടം!”

വിഷജലാപ്യയാദ്വ്യാളരാക്ഷസാ-
ദ്വർഷമാരുതാദ്വൈദ്യുതാനലാൽ
വൃഷമയാത്മജാദ്വിശ്വതോഭയാ-
ദൃഷഭ! തേ വയം രക്ഷിതാ മുഹുഃ. 3

3. “കാളിന്ദിയിലെ വിഷജലം കുടിച്ചു ഞങ്ങടെ കുട്ടികളൊക്കെ മരിച്ചപ്പോഴും, അഘാസുരൻ കുട്ടികളെയൊക്കെ വിഴുങ്ങിയപ്പോഴും, ഇന്ദ്രൻ ഗോകുലത്തെ നശിപ്പിക്കാൻവേണ്ടി കഠിനമായി മഴ പെയ്യിച്ചപ്പോഴും, കാട്ടുതീയിൽപ്പെട്ടു് എല്ലാവരും നശിക്കാൻ തുടങ്ങിയപ്പോഴും, വത്സൻ, മയൻ തുടങ്ങിയ അസുരന്മാരുടെ ബാധകൊണ്ടു നാശം ആസന്നമായപ്പോഴും എന്നുവേണ്ട, അപ്പഴപ്പോൾ ഈ ലോകത്തിൽ സംഭവിച്ച എല്ലാ ആപത്തുകളിൽനിന്നും മഹാനായ അവിടുന്നു ഞങ്ങളെ രക്ഷിച്ചു. പറയപ്പെട്ട ആപത്തുകളൊന്നും മനുഷ്യപ്രയത്നംകൊണ്ടു നീക്കാൻ പററുന്നവയായിരുന്നില്ല. അതിൽ ഏതെങ്കിലും ഒരാപത്തിൽനിന്നു് അവിടുന്നു രക്ഷിച്ചിട്ടുണ്ടായിരുന്നില്ലെങ്കിൽ ഗോകുലം ഒട്ടാകെ ഇതിനെത്രയോ മുമ്പുതന്നെ നശിക്കുമായിരുന്നു. അങ്ങിനെ അമാനുഷമായ ദിവ്യശക്തികൊണ്ടു ഭയങ്കരങ്ങളായ ആപത്തുകളിൽനിന്നു ഞങ്ങളെ രക്ഷിച്ച കരുണാമയനായ അവിടുത്തെ കാരുണ്യം ഇപ്പോഴെവിടെപ്പോയി? അവിടുത്തെ വിരഹമാകുന്ന കൊ

ട്ടംതിയ്യിലിട്ടു ഞങ്ങളെ ഇങ്ങിനെ വറുത്തു കൊല്ലുന്നതെന്തിനാണു്? ഹാ! കൃഷ്ണ! ഇനി ഒരു നിമിഷവും താമസിക്കാതെ അവിടുത്തെ ദശ്നനം തന്നു ഞങ്ങളെ കുളിപ്പിക്കു."

വ്യംഗ്യാത്ഥം

"അമ്മയുടെ ജഠരത്തിലുള്ള വിഷനീരുകളെക്കൊണ്ടും, കൃമിജാലങ്ങളാലും, രാക്ഷസീയങ്ങളായ മററു ശക്തികളാലും, പ്രാണചലനത്തിൻെറ വൈപരീത്യങ്ങളാലും, ജഠരാഗ്നിയാലും, അമ്മയുടെ ദുരാചാരങ്ങളായ വൃത്തികളെക്കൊണ്ടും ശരീരകാരണമായ രജഃശ്ശുക്ലങ്ങൾ ഛിദ്രിക്കപ്പെടുകയോ ഗഭം സ്രവിപ്പിക്കപ്പെടുകയോ ചെയ്യാതെ, ആയിരക്കണക്കിലുള്ള കൃമികീടങ്ങളുടേയും കഠിനമായ ജഠരാഗ്നിയുടേയും, ഒഴുകിക്കൊണ്ടിരിക്കുന്ന പലതരം ദുന്നീരുകളുടേയും, എല്ലാററിനേയും ചലിപ്പിച്ചുകൊണ്ടിരിക്കുന്ന പ്രാണവായുവിൻേറയും മദ്ധ്യത്തിൽവെച്ചു യാതൊരററകുററവും കൂടാതെ തക്ക സമയത്തു് അതാതവയവങ്ങളുണ്ടായി വളന്നു് ഓജസ്സോടുകൂടിയ ശരീരമായി സന്ദഭം വന്നപ്പോൾ ആന്ത്രം മുറിഞ്ഞു പുറത്തു വന്നു ശ്വാസചലനം കിട്ടി ക്രമേണ പലതരം ആപത്തുകളിൽനിന്നു രക്ഷപ്പെട്ടു് ഈ ശരീരം എല്ലാററിനും പററുന്ന ദിവ്യോപകരണമായി യൌവനത്തിലെത്തിയതു് ഏതൊരു മഹാപ്രഭുവിൻെറ അനുനിമിഷം പ്രവഹിച്ചുകൊണ്ടിരിക്കുന്ന കാരുണ്യപ്രഭാവത്താലാണോ, ആ കരുണാമയനായ ഈശ്വരനാകുന്ന അങ്ങയെ മറക്കാനും ഉപേക്ഷിക്കാനുമാണോ ഒരാളുടെ വിവേകം? ഭാഗ്യംകൊണ്ടു് അങ്ങു ഞങ്ങൾക്കു വിവേകവും തന്നു. അതിനാൽ ഇനി ഒററനിമിഷവും അ

ങ്ങളെക്കാണാതിരിക്കാൻ ഞങ്ങാംക്കു ശേഷിയില്ല. ഏതൊരു കാരുണ്യംകൊണ്ടു ഞങ്ങളെ ഇത്രത്തോളം അനുഗ്രഹിച്ചുവോ, ആ കാരുണ്യംകൊണ്ടുതന്നെ ഞങ്ങാംക്കു വിടുത്തെ ദശ്നനം തന്നനുഗ്രഹിക്കണേ.''

ന ഖലു ഗോപികാനന്ദനോ ഭവാ-
നഖിലദേഹിനാമന്തരാത്മദൃക്
വിഖനസാത്ഥിതോ വിശ്വഗുപ്തയേ
സഖ ഉദേയിവാൻ സാത്വതാം കുലേ. 4

4. ''യശോദാപുത്രനായ കേവലം ഒരു മനുഷ്യക്കുട്ടിയല്ല അവിടുന്നു്; ചരാചരാന്തൎയ്യാമിയായ സാക്ഷാൽ ഈശ്വരനാണു്. ലോകത്തിൽ ധമ്മസംസ്ഥാപനത്തിന്നുവേണ്ടി ബ്രഹ്മദേവനാൽ അപേക്ഷിക്കപ്പെട്ട അവിടുന്നു ലോകക്ഷേമത്തിന്നുവേണ്ടി സാത്വതവംശത്തിൽ അവതരിച്ചതാണു്. ഈ പരമാത്ഥം ഞങ്ങാംക്കറിയാം. അതിനാൽ അങ്ങയെ ഒരു മനുഷ്യനായിട്ടല്ല, സാക്ഷാൽ ഈശ്വരനായിട്ടാണു് ഞങ്ങളറിയുന്നതു്. അതാണവിടുത്തെ ദശ്നത്തൊടുകൂടാതെ ഞങ്ങാംക്കു ജീവിക്കാൻ സാദ്ധ്യമല്ലെന്നു വന്നതു്. മനുഷ്യജീവിതം ഈശ്വരദശ്നത്തിന്നുള്ളതാണു്.''

<u>വ്യംഗ്യാത്ഥം</u>

''സവ്വചരാചരങ്ങളുടേയും അന്തൎയ്യാമിയായ ആത്മാവിനെയാണു് ഇവിടെ കൃഷ്ണനാക്കി ചിത്രീകരിച്ചിരിക്കുന്നതു്. അതിനാൽ കൃഷ്ണനെ പുറത്തല്ല, അകത്താണന്വേഷിക്കേണ്ടതു്. എല്ലാവരുടേയും എല്ലാ തരത്തിലു

ള്ള അറിവും കൃഷ്ണസ്വരൂപമാണ്. ജഗൽസ്രഷ്ടാവായിരിക്കുന്ന പരമേശ്വരൻതന്നെ ഇപ്രകാരം ആത്മാന്വേഷണസ്വരൂപേണ ജഗത്തിൽ ധമ്മത്തെ സ്ഥാപിച്ചിരിക്കുന്നു. എന്നാൽ സത്വഗുണസമ്പന്നന്മാരായ സുകൃതികൾക്കി അറിവുണ്ടാവുകയും, അവരിൽ ക്രമേണ ആത്മബോധം പ്രകാശിക്കുകയും ചെയ്യുന്നു. അവർ ആത്മാവാകുന്ന കൃഷ്ണന്റെ ദർശനംകൊണ്ടു ചരിതാത്ഥന്മാരുമാകുന്നു. ഞങ്ങൾക്കും ആ ദശ കൈവരില്ലേ?"

വിരചിതാഭയം വൃഷ്ണിധുര്യ്യ! തേ
ചരണമീയുഷാം സംസൃതേർഭയാൽ
കരസരോരുഹം കാന്ത കാമദം
ശിരസി ധേഹി നഃ ശ്രീകരഗ്രഹം. ５

5. "തന്റെ പാദഭക്തന്മാരെ സംസാരഭയത്തിൽ നിന്നുദ്ധരിക്കുന്നവനും, മനോഹരസ്വരൂപിയും, വൃഷ്ണിശ്രേഷ്ഠനുമായ ഹേ കൃഷ്ണാ! സവ്വാഭീഷ്ടപ്രദായിയും, ലക്ഷ്മീദേവിയെ പരിഗ്രഹിച്ചതുമായ അവിടുത്തെ തൃക്കൈ ഞങ്ങടെ ശിരസ്സിലൊന്നുവെച്ചനുഗ്രഹിക്കണേ! ഞങ്ങളുടെ എല്ലാ ദുഃഖങ്ങളും അതുകൊണ്ടു തീരുമല്ലോ."

വ്യംഗ്യാത്ഥം

"അങ്ങയുടെ പാദസേവ വേണ്ടതുപോലെ ചെയ്യാത്തതുകൊണ്ടാണ് സംസാരഭയം നീങ്ങാത്തത്. ഈശ്വരനെ പരമാത്ഥത്തിൽ ആശ്രയിച്ചവരുടെയൊക്കെ സംസാരഭയം നീങ്ങിട്ടുണ്ട്. എത്രയൊക്കെ ജ്ഞാനമോ തപസ്സോ യോഗമോ എന്തൊക്കെയുണ്ടായാലും ഈശ്വരനിൽ പരമാത്ഥമായ പ്രേമവും വിശ്വാസവും വദ്ധിക്കുക

തന്നെ വേണം. വദ്ധിച്ച പ്രേമത്തോടും വിശ്വാസത്തോടുംകൂടി ഈശ്വരനെ സവ്വാത്മനാ ആശ്രയിക്കുകതന്നെ വേണം. അപ്പോഠം അവിടുത്തെ അനുഗ്രഹമുണ്ടാവും. അവിടുത്തെ അനുഗ്രഹംകൊണ്ടു് ഇഹപരലോകാനുഭവങ്ങളും പരാൽപ്പരമായ കൈവല്യവും നിറവേറും. അപ്രകാരമുള്ള അവിടുത്തെ അനുഗ്രഹം ഞങ്ങഠംക്കുണ്ടാവണേ!"

വ്രജജനാത്തിഹൻ വീര! യോഷിതാം
നിജജനസ്മയധ്വംസനസ്മിത!
ഭജ സഖേ ഭവൽകിങ്കരീഃ സ്മ നോ
ജലരുഹാനനം ചാരു ദശ്യ. 6

6. "കേവലം പുഞ്ചിരികൊണ്ടു തന്റെ ഭക്തന്മാരുടെ ഗവ്വിനെ അകററുന്നവനും ഗോകുലത്തിലെ ജനങ്ങളുടെ സന്താപത്തെ നശിപ്പിക്കുന്നവനും സ്ത്രീകഠംക്കു വീയ്യത്തെക്കൊടുക്കുന്നവനുമായ ഹേ കൃഷ്ണാ! അവിടുത്തെ ദാസിമാരായ ഞങ്ങളെ അനുഗ്രഹിക്കണേ! വികസിച്ച താമരപ്പൂപോലെ സുന്ദരമായ അവിടുത്തെ തിരുമുഖത്തെ ഒന്നു ദശിപ്പിക്കു. അവിടുത്തെ തിരുമുഖദശനമില്ലെങ്കിൽ പിന്നെ ഞങ്ങഠം ജീവിച്ചിട്ടെന്താണു് കായ്യം?"

വ്യംഗ്യാത്ഥം

"ഇന്ദ്രിയാദികരണങ്ങളുടെ ജാഡ്യത്തേയും അപ്രീതിയേയും അകററി സന്തപ്പ്ണം ചെയ്യുന്നവനും ജീവന്മാക്കു വീയ്യത്തെ പ്രദാനംചെയ്യുന്നവനും മായാജ്ഞാനംകൊണ്ടു ജീവന്മാരുടെ അഹങ്കാരമടക്കി അദ്വൈതഭാവത്തെ

ഉൽബോധിപ്പിക്കുന്നവനുമായ ഹേ നാഥാ! നാരായണാ! കേവലം അവിടുത്തെ ആശ്രയംകൊണ്ടുയരേണ്ടവരായ ഈ ജീവന്മാരെ ഉദ്ധരിക്കണേ! അങ്ങാകുന്ന ആത്മസ്വരൂപത്തെ ദശിക്കാറാക്കണേ! അവിടുത്തെ കാരുണ്യവും അനുഗ്രഹവും കിട്ടാതിരിക്കുംകാലത്തോളം നിസ്സാരനായ ഒരു ജീവനെന്തു ചെയ്യാൻ കഴിയും? അതിനാൽ അവിടുത്തെ അനുഗ്രഹംതന്നെ കാര്യം."

പ്രണതദേഹിനാം പാപകശ്നനം
തൃണചരാനുഗം ശ്രീനികേതനം
ഫണിഫണാപ്പിതം തേ പദാംബുജം
കൃണു കുചേഷു നഃ കൃന്ധി ഹൃച്ഛയം. 7

7. "ആശ്രയിക്കുന്നവരുടെ പാപത്തെ നശിപ്പിക്കുന്നതും പശുക്കളുടെ പിന്നാലെ നടക്കാറുള്ളതും ലക്ഷ്മീദേവിയുടെ ആവാസസ്ഥാനവും കാളിയൻെറ ഫണങ്ങളിൽ നൃത്തംചവുട്ടിയതുമായ അവിടുത്തെ തൃപ്പാദം ഞങ്ങളുടെ ഹൃദയസ്ഥാനത്തൊന്നു വെയ്ക്കണേ! ദുർവ്വികാരങ്ങളെക്കൊണ്ടശുദ്ധമായ ഞങ്ങളുടെ ഹൃദയത്തെ അവിടുത്തെ പാദവിന്യാസംകൊണ്ടു സംശുദ്ധമാക്കണേ!"

വ്യംഗ്യാത്ഥം

"ഭഗവദാശ്രയംകൊണ്ടേ പാപം നശിക്കു. കരണങ്ങളെയൊക്കെ നയിക്കുന്നതീശ്വരനാണ്. അവയെക്കൊണ്ടു നല്ലതു ചെയ്യാനും ഈശ്വരാനുഗ്രഹം വേണം. ഞങ്ങൾക്കു നല്ലതു ചെയ്യാറായിത്തീരണേ! അഹങ്കാരമാണ് എല്ലാ ദുരിതങ്ങൾക്കും കാരണം. ഹൃദയമാണ് അഹങ്കാരത്തിൻെറ ആവാസകേന്ദ്രം. ഭഗവൽപാദങ്ങൾ എ

പ്പോഠം ഹൃദയത്തിൽ പതിയുന്നുവോ അപ്പോഴേ അഹ ങ്കാരം അകലൂ. അവിടുത്തെ തൃപ്പാദങ്ങഠം ഞങ്ങളുടെ ഹൃദയാന്തർഭാഗത്തു വെച്ചു് അഹങ്കാരത്തെ അകററിത്ത രണേ.''

മധുരയാ ഗിരാ വൽഗുവാക്യയാ
ബുധമനോജ്ഞയാ പുഷ്കരേക്ഷണ!
വിധികരീരിമാ വീര! മുഹ്യതീ-
രധരശീധുനാഽഽപ്യായയസ്വ നഃ. 8

8. "താമരദളംപോലെ മനോഹരങ്ങളും വിശാല ങ്ങളുമായ കണ്ണുകളോടുകൂടിയ ഭഗവാനേ! മധുരമയങ്ങളും വക്രോക്തിസ്വരൂപങ്ങളും വിദ്വാന്മാക്കുപോലും രസിക്ക ത്തക്കവയുമായ വാക്കുകളെക്കൊണ്ടു പാവങ്ങളായ ഞങ്ങ ളെ അവിടുന്നു മോഹിപ്പിച്ചില്ലേ? അങ്ങയെ കാണാത്ത വിരഹതാപംകൊണ്ടു തപ്തകളും വിവശകളുമായ ഞങ്ങ ളെ അധരസീധുകൊണ്ടു കുളുപ്പിക്കു.''

വ്യംഗ്യാത്ഥം

"ജ്ഞാനികഠംക്കു രസിക്കാവുന്നതും പരോക്ഷസ്വ രൂപങ്ങളുമായ വേദവാക്യങ്ങളെക്കൊണ്ടു ഞങ്ങഠം വെറു തെ വ്യാമോഹിച്ചിരിക്കയാണു്. അതിലൊന്നും അവിടു ത്തെ അനുഭൂതിയില്ല. അനുഭൂതികൊണ്ടു ഞങ്ങളെ ഒന്നു തണുപ്പിക്കു.''

തവ കഥാമൃതം തപ്തജീവനം
കവിഭിരീഡിതം കന്മഷാപഹം
ശ്രവണമംഗളം ശ്രീമദാതതം
ഭുവി ഗൃണന്തി തേ ഭൂരിദാ ജനാഃ. 9

9. "സംസാരതാപംകൊണ്ടു തപിക്കുന്നവൎക്കു ജീവനവും വിദ്വാന്മരാൽ പിന്നെയും പിന്നെയും വാഴ്ത്തപ്പെട്ടതും എല്ലാ ദുരിതങ്ങളേയും നശിപ്പിക്കുന്നതും കേൾക്കും തോറും ചെവിക്ക് ആനന്ദകരവുമാണ് അവിടുത്തെ ചരിതങ്ങൾ. പക്ഷേ പറഞ്ഞിട്ടെന്താണ്? അതു പാടാനും വേണം സുകൃതം. അതില്ലെങ്കിൽ പിന്നെ അവിടുത്തെ ചരിതത്തിന്നെത്ര യോഗ്യതയുണ്ടായിട്ടെന്താണ് കാൎയ്യം? അതിനാൽ അവിടുത്തെ പാവനചരിത്രങ്ങൾ പാടിക്കൊണ്ടിരിക്കാനുള്ള ഭാഗ്യമെങ്കിലും തന്നനുഗ്രഹിക്കണേ."

വ്യംഗ്യാൎത്ഥം

"വിദ്വാന്മാരൊക്കെ വാഴ്ത്തിയതായ അവിടുത്തെ മഹിമയുടെ 'ശ്രവണം'തന്നെ എല്ലാ പാപങ്ങളേയും നശിപ്പിക്കും. പക്ഷേ അതു സാധിക്കാനും ഭാഗ്യം വേണം. അതില്ലെങ്കിൽ പിന്നെ എന്താണ് പറഞ്ഞിട്ടു കാൎയ്യം? മഹാത്മാവായ ആചാൎയ്യങ്കൽനിന്നു് ഈശ്വരതത്വം വേണ്ടപോലെ ശ്രവിച്ചാൽത്തന്നെ ഭാഗ്യമായി. മനനനിദിദ്ധ്യാസങ്ങളൊക്കെ അതുകൊണ്ടുണ്ടാവും. പക്ഷേ ശ്രവണം സാധിക്കാനും ഭാഗ്യം വേണ്ടേ? അതെങ്കിലും ഞങ്ങൾക്കുണ്ടാവണേ! അങ്ങയെ കാണാനോ അനുഭവിക്കാനോ അൎഹതയില്ലെങ്കിൽ പോട്ടെ, വേണ്ട. ശ്രവിക്കാനെങ്കിലും സാധിക്കണേ."

പ്രഹസിതം പ്രിയ! പ്രേമവീക്ഷണം
വിഹരണം ച തേ ധ്യാനമംഗളം

രഹസി സംവിദോ യാ ഹൃദിസ്പൃശഃ
കുഹക! നോ മനഃ ക്ഷോഭയന്തി ഹി. 10

10. "അവിടുത്തെ മനോഹരമായ പുഞ്ചിരിയും, പ്രേമകടാക്ഷങ്ങളും ഓർമ്മയിൽനിന്നു വിട്ടുപോകാത്തവയും, സുന്ദരങ്ങളുമായ കളികളും, മററാരും കേൾക്കാത്ത നിലയിൽ ഹൃദയസ്പൃക്കായ ആമന്ത്രണവും, ഹാ! വഞ്ചകാ! ഓർക്കുംതോറും ഞങ്ങടെ മനസ്സ് ആവിഷ്ടമായിത്തീരുന്നു."

വ്യംഗ്യാർത്ഥം

"സർവ്വജീവരാശികളേയും മോഹിപ്പിക്കുന്ന അത്ഭുതകരമായ മായാവിലാസവും, ആത്മന്മാരിൽ അലിയുന്ന കരുണാവായ്പും, ജീവരാശികളെ ജപധ്യാനങ്ങളിൽക്കൂടെ ഉദ്ധരിക്കാൻ പററുന്ന ദിവ്യങ്ങളായ അവതാരസ്വരൂപങ്ങളും, അവതാരലീലകളും, ഏററവും സൂക്ഷ്മങ്ങളെങ്കിലും, അറിയുമ്പോൾ അത്യന്തഹൃദയാവർജ്ജകങ്ങളായ പ്രചോദനങ്ങളും മററുമാകുന്ന അവിടുത്തെ അനന്തങ്ങളായ മഹിമകളിൽ ചിലതെങ്കിലും അറിയാനിടയായാൽ കുഹനാരൂപിയായ ഹേ ഭഗവാനേ! ആരുടെ മനസ്സാണ് ആവിഷ്ടമാവാതിരിക്കുന്നതു്?"

ചലസി യദ്വ്രജാച്ചാരയൻ പശൂൻ
നളിനസുന്ദരം നാഥ! തേ പദം
ശിലതൃണാങ്കുരൈഃ സീദതീതി നഃ
കലിലതാം മനഃ കാന്ത! ഗച്ഛതി. 11

11. "ഹേ കൃഷ്ണാ! അവിടുന്നു പ്രതിദിനം പ്രഭാതത്തിൽ വ്രജത്തിൽനിന്നു പശുക്കളേയും തെളിച്ചുകൊണ്ടു കാട്ടിലേയ്ക്കു പോവുമ്പോൾ അവിടുത്തെ താമരപ്പൂപോലെ മൃദുലങ്ങളായ തൃക്കാലടികൾ കാട്ടിലുള്ള കല്ലും മുള്ളും മററും തട്ടി വേദനിക്കില്ലേ എന്നിങ്ങനെ ഞങ്ങടെ മനസ്സ് അസ്വസ്ഥപ്പെട്ടുകയാണു്."

വ്യംഗ്യാർത്ഥം

"നിർഗ്ഗുണസ്വരൂപിയായ ഹേ പരമേശ്വര! അവിടുന്നു് അവിടുത്തെ പരമാവസ്ഥയിൽനിന്നിറങ്ങി മനോബുദ്ധീന്ദ്രിയങ്ങളാകുന്ന കരണങ്ങളുടെ പിന്നിലെ ഈ പ്രപഞ്ചക്കാട്ടിലേയ്ക്കിറങ്ങുമ്പോൾ ഇവിടുത്തെ സുശക്തങ്ങളായ ദ്വന്ദ്വങ്ങളാകുന്ന കല്ലും മുള്ളും അദ്വൈതസ്വരൂപനായ അങ്ങയെപ്പോലും ബാധിച്ചേയ്ക്കുമോ എന്നുകൂടി ഭയപ്പെട്ടുന്നു. കാരണം, അത്രമാത്രം ഭയങ്കരങ്ങളാണു് പ്രപഞ്ചത്തിലെ ദ്വന്ദ്വങ്ങൾ."

ദിനപരിക്ഷയേ നീലകുന്തളൈ-
ർവ്വനരുഹാനനം ബിഭ്രദാവൃതം
ഘനരജസ്വലം ദർശയൻ മുഹു-
ർമ്മനസി നഃ സ്മരം വീര യച്ഛസി. 12

12. "സന്ധ്യാസമയത്തു വിയപ്പു പൊടിഞ്ഞു ഗോപിക്കുറി മാഞ്ഞു പൊടി പററിയ നെററിത്തടത്തിൽ ചിന്നിച്ചിതറിയ കുറുനിരകളെക്കൊണ്ടു വിടൎന്ന താമരപ്പൂപോലെ സുന്ദരവും, ആകൎഷകവുമായ തിരുമുഖത്തെ അ

ല്പം മറച്ചുകൊണ്ടുള്ള അവിടുത്തെ വരവു കാണുമ്പോഠം ഞങ്ങടെ മനസ്സ് വികാരാവിഷ്ടമാവുന്നു.”

വ്യംഗ്യാൎത്ഥം

“ജാഗ്രദാദി അവസ്ഥകളിൽനിന്നും, ശരീരാദി ഉപാധികളിൽനിന്നും പിൻവാങ്ങി അന്തൎമ്മുഖനായി സ്വരൂപാവസ്ഥയിലേയ്ക്കുള്ള അവിടുത്തെ മടക്കം ഓൎമ്മിക്കുമ്പോഠം മനസ്സ് അനുഭൂതിയാലാവിഷ്ടമാവുന്നു.”

പ്രണതകാമദം പത്മജാൎച്ചിതം
ധരണിമണ്ഡനം ധ്യേയമാപദി
ചരണപങ്കജം ശന്തമം ച തേ
രമണ! നഃ സ്തനേഷ്വൎപ്പയാധിഹൻ. 13

13. “ആശ്രയിക്കുന്നവൎക്കു സൎവ്വാഭീഷ്ടങ്ങളേയും പ്രദാനംചെയ്യുന്നതും, സമ്പദ്ദേവതയായ ലക്ഷ്മീദേവിയാൽപ്പോലും ആരാധിക്കപ്പെട്ടതും, ഭൂമിക്കലങ്കാരവും, ആപത്തിൽ അഭയകേന്ദ്രവും, അത്യന്തമംഗളാകാരവുമായ അവിടുത്തെ തൃപ്പാദം ഞങ്ങടെ ഹൃദയത്തിൽ വെച്ചു ഞങ്ങടെ വൎദ്ധിച്ച ആധിയെ അകററുമാറാകണേ.”

വ്യംഗ്യാൎത്ഥം

“ആധിസ്വരൂപമായ സംസാരതാപത്തെ നശിപ്പിക്കാൻ ഈശ്വരൻതന്നെ വേണം. അവിടുത്തെ തുരീയപാദം എപ്പോഠം ഒരാളിൽ പ്രകാശിക്കുന്നുവോ അപ്പോഠം സമാധാനം കിട്ടുന്നു. അവിടുത്തെ തുരീയപാദമാകട്ടെ ആശ്രയിക്കുന്നവൎക്കൊക്കെ അഭീഷ്ടപ്രദവും, മായാതീതവും, ഈ ഭൂമിയിൽ എന്തെല്ലാം അനുഭവങ്ങളു

ണ്ടോ, അവയെക്കാളൊക്കെ എത്രയോ മഹിമയേറിയതും, ജനനമരണസ്വരൂപമായ അജ്ഞാനാപത്തിൽനിന്നു രക്ഷപ്പെടാനുള്ള ഒരേയൊരു മാർഗ്ഗവും, ദുഃഖത്തിൻെറ സ്പർശംപോലുമില്ലാത്തതുമാണു്. അപ്രകാരമുള്ള അവിടുത്തെ തൃപ്പാദം ഹൃദയത്തിൽ പ്രകാശിപ്പിച്ചു സംസാര ദുഃഖത്തിൽനിന്നുദ്ധരിക്കണേ!"

സുരതവർദ്ധനം ശോകനാശനം
സ്വരിതവേണുനാ സുഷ്ഠു ചുംബിതം
ഇതരരാഗവിസ്മാരണം നൃണാം
വിതര വീര നസ്തേഽധരാമൃതം. 14

14. "സുഖത്തെ വർദ്ധിപ്പിക്കുന്നതും ദുഃഖത്തെ നശിപ്പിക്കുന്നതും, ശബ്ദിപ്പിച്ചുകൊണ്ടിരിക്കുന്ന വേണുവിനാൽ എപ്പോഴും ചുംബിക്കപ്പെട്ടുകൊണ്ടിരിക്കുന്നതും, അഷ്ടരാഗങ്ങളെ മറപ്പിക്കുന്നതുമായ അവിടുത്തെ അധരാമൃതാനുഭൂതികൊണ്ടനുഗ്രഹിക്കുമാറാകണേ!"

വ്യംഗ്യാർത്ഥം

"ബ്രഹ്മാനന്ദത്തെ വർദ്ധിപ്പിക്കുന്നതും, സംസാരതാപത്തെ നശിപ്പിക്കുന്നതും, എപ്പോഴും ശബ്ദിച്ചുകൊണ്ടിരിക്കുന്ന ശരീരമാകുന്ന ഓടക്കുഴലിനാൽ വേണ്ടപോലെ അനുഭവിക്കപ്പെട്ടുകൊണ്ടിരിക്കുന്നതും, അറിയുന്നതോടെ മറെറല്ലാ രാഗാദിദോഷങ്ങളും അസ്തമിക്കുന്നതും, അമൃതത്തെപ്പോലും അധഃകരിക്കുന്നതുമായ അവിടുത്തെ നാദാനുഭൂതികൊണ്ടു ഞങ്ങളെ അനുഗ്രഹിക്കണേ!"

അടതി യൽ ഭവാനഹ്നി കാനനം
ത്രുടിയ്യുഗായതേ ത്വാമപശ്യതാം
കുടിലകുന്തളം ശ്രീമുഖം ച തേ
ജഡ ഉദീക്ഷതാം പക്ഷ്മകൃദ്ദൃശാം. 15

15. "അങ്ങു ഞങ്ങളെ വിട്ടു പകൽ സമയത്തു കാട്ടിൽ സഞ്ചരിക്കുമ്പോൾ ഒരു നിമിഷം അങ്ങയുടെ വിരഹം പൊറുക്കാൻ കഴിയാതെ യുഗംപോലെയാണനുഭവിക്കാറു്. മനോഹരമായ അവിടുത്തെ തിരുമുഖം കാണുമ്പോഴാകട്ടെ കൺപോളകൾക്കു നിമേഷോന്മേഷങ്ങൾ സൃഷ്ടിച്ച ബ്രഹ്മാവു് ഒരു ജഡനാണെന്നുപോലും തോന്നുന്നു."

വ്യംഗ്യാർത്ഥം

"ഭഗവച്ചേച്ച വിട്ടു സംസാരത്തിൽ വ്യാപരിക്കുമ്പോൾ ഒരു നിമിഷത്തെ അനവധി ജനനമരണങ്ങളുടെ മറച്ചിലോട്ടുകൂടിയ യുഗമായനുഭവിക്കുന്നു. ഭഗവച്ചേച്ച്കൊണ്ടു ദിവ്യാനുഭൂതിയനുഭവിക്കുമ്പോൾ അല്പമായ ചലനംപോലും അസഹ്യമായിത്തീരുന്നു."

പതിസുതാന്വയഭ്രാതൃബാന്ധവാ-
നതിവിലംഘ്യ തേഽന്ത്യച്യുതാഗതാഃ
ഗതിവിദസ്തവോൽഗീതമോഹിതാഃ
കിതവ! യോഷിതഃ കസ്ത്യജേന്നിശി. 16

16. "ഭർത്താവു്, മക്കൾ, കുടുംബം, സഹോദരന്മാർ, ബന്ധുക്കൾ എന്നീ സ്വന്തമാളുകളെ മുഴുവൻ ഉ

പേക്ഷിച്ച് അങ്ങയെ സർവ്വാത്മനാ ശരണം പ്രാപിച്ചവരും, അവിടുത്തെ ഉൽഗീതംകൊണ്ടു മോഹിച്ചവരും, സ്ത്രീകളുമായ ഞങ്ങളെ ഈ രാത്രിയിൽ വിജനമായ കാട്ടിൽവെച്ച് ആരുപേക്ഷിക്കും?"

വ്യംഗ്യാർത്ഥം

"അവിടുത്തെ ഉൽഗീത(അന്തർനാദം)കൊണ്ടു മോഹിച്ച് അവിടുത്തെ ഗതിയറിഞ്ഞ ഞങ്ങൾ മററെല്ലാം മറന്ന് അങ്ങയെ പ്രാപിക്കാൻ വെമ്പലോടെ സർവ്വസ്വവും ഉപേക്ഷിച്ച (സന്ന്യസിച്ച) സർവ്വാത്മനാ ശരണം പ്രാപിച്ച ഞങ്ങളെ അങ്ങുപേക്ഷിച്ചാൽ പിന്നെ ഞങ്ങൾക്കെന്താണ് ഗതി? അതിനാൽ എല്ലാം ഉപേക്ഷിച്ച ഞങ്ങളെ അങ്ങുപേക്ഷിക്കരുതേ!"

രഹസി സംവിദം ഹൃച്ഛയോദയം
പ്രഹസിതാനനം പ്രേമവീക്ഷണം
ബൃഹദുരഃശ്രിയോ വീക്ഷ്യ ധാമ തേ
മുഹുരതിസ്പൃഹാ മുഹ്യതേ മനഃ. 17

17. "വികാരോദ്ദീപകമായ അവിടുത്തെ രഹഃസല്ലാപത്തെ കേട്ടും, പുഞ്ചിരിയോടുകൂടിയ തിരുമുഖത്തേയും, പ്രേമകടാക്ഷങ്ങളേയും, വിശാലമായ മാർവ്വിടശോഭയേയും, ശ്രീമൂർത്തിയുടെ ഒട്ടാകെയുള്ള ശോഭാവിശേഷത്തേയും കണ്ടും അത്യന്താസക്തകളായ ഞങ്ങളുടെ മനസ്സ് അവിടുത്തെ വിരഹംകൊണ്ടുള്ള അസഹ്യമായ താപത്താൽ മുഗ്ദ്ധമാവുന്നു."

<u>വ്യംഗ്യാർത്ഥം</u>

"പ്രാണചലനംപോലും ഏററവും മന്ദിക്കുമ്പോഠം കേഠക്കാവുന്ന ആത്മഭാവോദ്ദീപകമായ അവിടുത്തെ ആമന്ത്രണവും, (അത്യന്തസൂക്ഷ്മമായ പ്രചോദനവും) മായാവിലാസവും, കരുണാവായ്പും, ഏററവും മഹിമയേറിയ പ്രപഞ്ചസൃഷ്ട്യാദിലീലകളും, അന്ധകാരസ്വരൂപമായ ജഗത്തിൽ തേജോമയനായുള്ള നിലയും മററും അറിയുമ്പോഠം ആരുടെ മനസ്സാണ് ആവേശത്തോടെ അങ്ങയിലേയ്ക്കു കുതിക്കാത്തതു്?"

വ്രജവനൌകസാം വ്യക്തിരംഗ തേ
വൃജിനഹന്ത്ര്യലം വിശ്വമംഗളം
ത്യജ മനാക് ച നസ്ത്വൽസ്പൃഹാത്മനാം
സ്വജനഹൃദ്രുജാം യന്നിഷൂദനം. 18

18. "ലോകമംഗളമായ അവിടുത്തെ ദിവ്യസ്വരൂപം പ്രാകൃതകളായ ഞങ്ങളുടെയൊക്കെ ദുരിതവും ദുഃഖവും നശിപ്പിക്കാൻപോലും പര്യാപ്തമാണല്ലോ. എന്നാൽ അപ്രകാരമുള്ള ദിവ്യസ്വരൂപത്തിൻെറ ദശ്നംപോലും ഞങ്ങഠക്കു തരാതിരിക്കുന്നതു വലിയ കഷ്ടമാണ്. അതിനാൽ ഹേ കൃഷ്ണാ! ഇനിയെങ്കിലും താമസിക്കാതെ അവിടുത്തെ ദശ്നം തന്നു് അങ്ങയുടെ ആളുകളായ ഞങ്ങടെ താപത്തെ തീത്തനുഗ്രഹിക്കണേ."

<u>വ്യംഗ്യാർത്ഥം</u>

"കേവലം കാടന്മാരായ പ്രാകൃതന്മാക്കുപോലും അവിടുത്തെ പരമമംഗളമായ സ്വരൂപത്തിൻെറ ദശ്നം

താപഹരമാണു്. എന്നാൽ തപിക്കുന്നവരായ അങ്ങയുടെ ആളുകളാകുന്ന ഈ ജീവന്മാരുടെയൊക്കെയും താപത്തെ അങ്ങയുടെ ദർശനംകൊണ്ടകററിക്കൂടേ? കരുണാമയനായ ഹേ നാഥാ! അങ്ങയുടെ ദർശനം തന്നു ഞങ്ങളെ സംസാരതാപത്തിൽനിന്നുദ്ധരിക്കണേ."

യത്തേ സുജാത ചരണാംബുരുഹം സ്തനേഷു
ഭീതാഃ ശനൈഃ പ്രിയ! ദധീമഹി കർക്കശേഷു
തേനാടവീമടസി തദ്വ്യഥതേ ന കിംസ്വിൽ
കൂർപ്പാദിഭിർഭ്രമതി ധീർഭവദായുഷാം നഃ. 19

19. "അല്ലയോ കൃഷ്ണാ! അവിടുത്തെ ഏററവും മൃദുളങ്ങളായ പാദപത്മങ്ങളെ വേദനിക്കുമോ എന്ന ഭയത്തോടുകൂടി പതുക്കെ ഞങ്ങടെ ഹൃദയത്തിൽ ധരിച്ചോളാം. ഞങ്ങടെ ഹൃദയസ്പർശംകൊണ്ടങ്ങയ്ക്കു ന്യൂനത വരാതിരിക്കാൻ ശ്രമിച്ചോളാം. എന്നാൽ ഇപ്പോഠം അതേ പാദങ്ങളെക്കൊണ്ടല്ലേ അവിടുന്നു കാട്ടിൽ സഞ്ചരിക്കുന്നതു്? വല്ല കല്ലോ മറേറാ തട്ടി മുറിയാനിടവന്നാൽ അങ്ങയ്ക്കു വേണ്ടിമാത്രം—അങ്ങയെ ശുശ്രൂഷിക്കാൻമാത്രം—ജീവിക്കുന്നവരായ ഞങ്ങഠംക്കതെങ്ങിനെ സഹിക്കാൻ കഴിയും? അതിനാൽ കാട്ടിൽ ചുററുന്നതിനേക്കാഠം ഭേദം ഞങ്ങടെ ഹൃദയത്തിൽ അധിവസിക്കലാണെന്നു താല്പര്യം."

വ്യംഗ്യാത്ഥം

"രാഗാദിദുർവ്വികാരങ്ങളെക്കൊണ്ടു കഠിനമായ ഹൃദയത്തിൽ അവിടുത്തെ തുരീയപാദം പ്രകാശിക്കാൻ വയ്യ. എന്നാൽ കഴിയുന്നതും ഹൃദയത്തെ സംശുദ്ധവും, മൃദുള

വുമാക്കാൻ ശ്രമിച്ചോളാം. ദ്വന്ദ്വങ്ങളെക്കൊണ്ടു ദുർഗ്ഗമമായ പ്രപഞ്ചത്തിൽ അവിടുന്നു ചുററിത്തിരിയുന്നുണ്ടല്ലോ. അതിൻെറ യാതൊരു ബാധയും അങ്ങേയ്ക്കുള്ളതുന്നില്ലെന്നതത്ഭുതംതന്നെ. അവിടെയ്ക്കും സാധാരണ ജീവന്മാരുടെ മാതിരി പ്രപഞ്ചബാധയുണ്ടാവുന്നുവെങ്കിൽ പിന്നെ ജീവന്മാക്കു ലക്ഷ്യമെന്തു്? അതിനാൽ ഒരിക്കലും പ്രപഞ്ചത്തിലെ ഒന്നും അങ്ങു് എന്തൊക്കെ ചെയ്താലും അങ്ങയെ ബാധിക്കാൻ പോവുന്നില്ല. ഈ നിലയ്ക്കു പല പ്രപഞ്ചധമ്മങ്ങളുള്ള ഞങ്ങടെ ഹൃദയത്തിലും പ്രകാശിച്ചുകൂടേ? അതുകൊണ്ടവിടേയ്ക്കു യാതൊരു ന്യൂനതയും വരാൻപോകുന്നില്ലല്ലോ.''

കൃഷ്ണവിരഹംകൊണ്ടു് അത്യന്തതപ്തകളായ ഗോപികഠം ഇപ്രകാരം കല്ലുപോലും അലിയുന്ന ഭാഷയിലും സ്വരത്തിലും ഉച്ചത്തിൽ പാടി; അല്ല നിലവിളിച്ചു. കരയാൻ കണ്ണീരും നിലവിളിക്കാൻ ശബ്ദവുമില്ലാതെ അവസാനം എല്ലാവരും തന്നെത്താൻ മറന്നു മോഹാലസ്യപ്പെട്ടു ശവപ്രായകളായി മറിഞ്ഞുവീണു. നിശ്ചേഷ്ടകളായി മൃതപ്രായകളായി മറിഞ്ഞുവീണു കിടക്കുന്ന അസംഖ്യം ഗോപികളുടെ മദ്ധ്യത്തിൽ പെട്ടെന്നു സവ്വാലങ്കാരഭൂഷിതനായി സവ്വാംഗസുന്ദരനായ ഭഗവാൻ പുഞ്ചിരിയോടുകൂടി പ്രത്യക്ഷപ്പെട്ടു. പ്രാണൻപോയ ശരീരത്തിൽ വീണ്ടും പ്രാണചലനം സംഭവിച്ചാൽ എപ്രകാരമാണോ കരചരണാദ്യവയവങ്ങഠം ചലിക്കുന്നതു്, അതുപോലെ ഭഗവദ്ദശനത്തോടേ ഗോപികഠം മുഗ്ദ്ധഭാവം നീങ്ങി ഉത്സാഹത്തോടും, ഉന്മേഷത്തോടുംകൂടി ചാടിയെഴുന്നേററു

നാലുഭാഗവും തിക്കിത്തിരക്കിവന്നു ഭഗവാനെ പൊതിഞ്ഞു. കൃഷ്ണനെ എങ്ങിനെയൊക്കെ അനുഭവിച്ചാലാണ് തൃപ്തിവരികയെന്നറിയാതെ പലരും പലതും ചെയ്തു. ആവേശഭരിതമായ ആ രംഗത്തെ നോക്കിനിന്ന ഋഷികൾകൂടി ആശ്ചൎയ്യപ്പെട്ടു. അങ്ങിനെ ഗോപികളുടെ ആവേശഭ്രാന്തിക്ക് ഒട്ടൊരടക്കംവന്നപ്പോൾ അവരെയെല്ലാവരേയും കൂട്ടി ഭഗവാൻ വീണ്ടും യമുനാതീരത്തു മറെറാരിടത്തുചെന്നു. ഉത്തരീയവസ്ത്രങ്ങളെ വിരിച്ച് എല്ലാവരും ഇരുന്നു. അപ്പോൾ ഗോപികൾ പരിഭവത്തോടുകൂടി ഭഗവാനോടു ചോദിച്ചു: “തന്നെ സ്നേഹിക്കുന്നവരെമാത്രം സ്നേഹിക്കുന്നു ചിലർ; മററു ചിലരാകട്ടെ തന്നെ സ്നേഹിക്കാത്തവരേയും അങ്ങോട്ടു സ്നേഹിക്കുന്നു; വേറെ ചിലർ ആരേയും സ്നേഹിക്കുന്നില്ല. ഇതിൽ ഏതാണ് ശ്രേഷ്ഠം?” അതിന്നു ഭഗവാൻ മറുപടി പറകയാണ്: “അന്യോന്യം സ്നേഹിക്കുന്നതു് എന്തോ കാൎയ്യോദ്ദേശത്തോടുകൂടിയാണ്. കാൎയ്യം കഴിഞ്ഞാൽ അവരുടെ സ്നേഹവും മുറിയും. ഇങ്ങോട്ടു സ്നേഹിക്കുന്നില്ലെങ്കിലും അങ്ങോട്ടു സ്നേഹിക്കുന്നു എന്നതു് അച്ഛൻ മകനെയെന്നപോലെ കാരുണ്യംകൊണ്ടാണ്. ഇങ്ങോട്ടു സ്നേഹിക്കുന്നവരേയും അങ്ങോട്ടു സ്നേഹിക്കുന്നില്ലെന്നതു് ഒന്നുകിൽ പരമജ്ഞാനംകൊണ്ടാണ്; അല്ലെങ്കിൽ കൃതഘ്നതകൊണ്ടാണ്. എന്നാൽ എനിക്കാവട്ടെ, ഇതൊന്നും ബാധകമല്ല. നിങ്ങൾക്ക് എന്നിൽ സമ്പൂൎണ്ണപ്രേമത്തിൻെറ ദൃഢതയ്ക്കുവേണ്ടിയാണ് ഞാനന്തൎദ്ധാനം ചെയ്തതു്. കയ്യിൽ കിട്ടിയ നിധി പെട്ടെന്നു പോയ്പ്പോകുമ്പോൾ ദരിദ്രനായ ഒരാൾക്ക് അതിനെ മറക്കാൻ വയ്യാതാവും. ഈ നിലയ്ക്കു നിങ്ങൾക്കു

ഞാനാകുന്ന നിധി കയ്യിൽ വന്നപ്പോഠം എന്നിലുള്ള നി രതിശയപ്രേമത്തിന്നു ശൈഥില്യം വന്നു. അതുതീൎത്തു് എന്നിലുള്ള പ്രേമത്തിന്നു ദൃഢത വരുത്താൻവേണ്ടിയാ ണു് ഞാനന്തൎദ്ധാനം ചെയ്തതു്. ദൃഢത വന്നപ്പോഠം ഞാൻ വീണ്ടും നിങ്ങഠംക്കു സുലഭവസ്തുവായിത്തീരുകയും ചെയ്തു. അല്ലാതെ നിങ്ങളോടു മമതയില്ലാഞ്ഞിട്ടല്ല വി ട്ടുപോയതു്. അല്ലെങ്കിൽ പ്രപഞ്ചത്തിൽ സാധാരണ ജനങ്ങഠംക്കു കഴിയാത്ത എല്ലാ ത്യാഗങ്ങളും ചെയ്തു് എ ന്നെത്തന്നെ പരമപ്രേമംകൊണ്ടാരാധിക്കുന്ന നിങ്ങളെ എത്ര ജന്മം അനുസരിച്ചാലാണു് എന്റെ കടം തീരാൻ പോവുന്നതു്? അങ്ങിനെയുള്ള നിങ്ങളെ ഞാനുപേക്ഷി ക്കുമോ? ഒരിക്കലും ഉണ്ടാവില്ല.'' എന്നിങ്ങിനെ അനുന യവാക്കുകളെക്കൊണ്ടു സന്തോഷിപ്പിക്കുകയും രസിപ്പിക്കു കയും ചെയ്തു.

അനന്തരം ആ രംഗത്തിൽവെച്ചാണു് ഭഗവാൻ വിശ്വവിഖ്യാതമായ രാസക്രീഡ ആരംഭിക്കുന്നതു്. എ ന്താണീ രാസക്രീഡ? ജീവേശ്വരന്മാരുടെ ഐക്യംത ന്നെ. ജീവന്മാരാകുന്ന ഗോപികളുടെ ജഗത്ഭാവമാകുന്ന അജ്ഞാനം അടങ്ങി ഈശ്വരനാകുന്ന കൃഷ്ണനോടുകൂടിച്ചേ ൎന്നു് അഭേദഭാവം അനുഭൂതമായി. തന്നിൽനിന്നു പുറ പ്പെട്ട ജഗൽപ്രതീതി തന്നിൽത്തന്നെ അടങ്ങി, വിസ്മൃ തമായ ഈശ്വരഭാവം പ്രകാശിച്ചു്, താനും, ഈശ്വരനും രണ്ടല്ലാതായിത്തീരുന്നതുതന്നെ ഈശ്വരാനുഭൂതി. പ്രസ്തുത അനുഭൂതിയുടെ വിസ്തൃതമായ വികാസമായിരുന്നു രാസ ക്രീഡ. അതിനാൽ ആ രംഗത്തിൽപ്പെട്ട എല്ലാ ജീവന്മാ

ക്കും അതു് അനുഭൂതമായി. കാലത്തിന്റെപോലും പ്രതീതിയില്ല പ്രസ്തുതാനുഭൂതിയിലെന്ന കാരണത്താൽ കാലസ്വരൂപങ്ങളായ തേജോഗോളങ്ങൾകൂടി സ്തബ്ധങ്ങളായി. അതിനാൽ എത്ര കാലമാണു് ആയതു വൃന്ദാവനത്തിൽ സകലജീവരാശികളേയും ഏകനും, അദ്വിതീയനുമായ ഈശ്വരനാക്കി നിർത്തിയതെന്നു് ആർക്കും അറിയാനും കഴിഞ്ഞില്ല. നിർവ്വികല്പമായ ആ അദ്വിതീയഭാവത്തിൽനിന്നു വീണ്ടും ദ്വൈതസ്വരൂപമായ ജഗൽഭാവത്തിലേയ്ക്കുണർന്നപ്പോൾ രാത്രി കഴിഞ്ഞു എന്നുമാത്രം അറിയാറായി. ഇങ്ങിനെ ഗോപികളുടെ ചിരപ്രാർത്ഥിതമായിരുന്ന ഈശ്വരാനുഭൂതി സുലഭമായനുഭവിക്കലാകുന്ന ഈ രാസക്രീഡ ഭക്തിശ്രദ്ധയോടെ സ്മരിക്കുന്ന സാധാരണ ജീവന്മാരാകുന്ന ഗോപികൾക്കും അജ്ഞാനം നീങ്ങി ദിവ്യാനുഭൂതിയുണ്ടാവുമെന്നു പറഞ്ഞുകൊണ്ടാണു് ഈ ഇതിഹാസത്തെ ഉപസംഹരിക്കുന്നതു്.

സർപ്പമോക്ഷം

പിന്നീടു വിശേഷസംഭവങ്ങളൊന്നുംകൂടാതെ കുറെ ദിവസം കഴിഞ്ഞു. അങ്ങിനെയിരിക്കുമ്പോഴാണു് കൊല്ലംതോറും നടത്തിവരാറുള്ള ഉത്സവത്തെ ആഘോഷിക്കാൻവേണ്ടി അംബികാവനത്തിലുള്ള ശിവക്ഷേത്രത്തിലേയ്ക്കു ഗോകുലവാസികൾ പുറപ്പെട്ടതു്. ഉത്സവത്തിനു വേണ്ട എല്ലാ ഒരുക്കങ്ങളോടുംകൂടി ആബാലവൃദ്ധം ജനങ്ങളും ഭക്തിയോടെ ക്ഷേത്രത്തിൽ ചെന്നു് ഉത്സവമാഘോഷിച്ചു. എല്ലാം കഴിഞ്ഞപ്പോൾ രാത്രി സമയം വളരെ ആയിരുന്നതുകൊണ്ടു് എല്ലാവരും അവിടെത്തന്നെ

മൈതാനത്തിൽ കിടന്നുറങ്ങി. എല്ലാവരും ഉറങ്ങിക്കഴി ഞ്ഞപ്പോറം ഒരു വലിയ പെരുമ്പാമ്പു വന്നു നന്ദഗോപ രുടെ കാൽ വിഴുങ്ങാൻ തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോറം സംഗതി അറിഞ്ഞു് എല്ലാവരും വന്നു പാമ്പിനെ വിറകു കൊള്ളികൊണ്ടു തല്ലാൻ തുടങ്ങി. വളരെ അടിച്ചിട്ടും പാമ്പിനൊന്നും പററുന്നില്ലെന്നു കണ്ടു് എല്ലാവരും പ രിഭ്രമിച്ചു. കോലാഹലം കേട്ടു ഭഗവാനും ഉണൎന്നു വന്നു. വിവരം അറിഞ്ഞതോടെ ഭഗവാൻ ഓടിവന്നു് അവിടു ത്തെ തൃക്കാലുകൊണ്ടൊരു ചവിട്ടുകൊടുത്തു. ഭഗവൽപാദ സ്പൎശമേററതോടെ സപ്പാകൃതി നീങ്ങി ദിവ്യനായൊരു വി ദ്യാധരനായി മാറി. പണ്ടു് അംഗിരസ്സുമഹൎഷിയെ പ രിഹസിച്ചതിനാൽ അദ്ദേഹത്തിൻെറ ശാപത്തിന്നിരയാ യ സുദൎശനനെന്ന വിദ്യാധരനാണു് താനെന്നും ഭഗവൽ സ്പൎശംകൊണ്ടു ശാപമുക്തനായെന്നും മററുമുള്ള തൻെറ ച രിത്രത്തെ ഭഗവാനോടറിയിച്ചു് ഏററവും ഭക്തിയോടെ നമസ്കരിച്ചു സ്തുതിച്ചു. അപ്രമേയങ്ങളായ ഭഗവന്മഹിമ കളെ വാഴ്ത്തിസ്തുതിച്ച സുദൎശനനെ ഭഗവാൻ അനുഗ്രഹി ച്ചു പറഞ്ഞയച്ചു. പ്രഭാതമായതോടെ എല്ലാവരും ഗോ കുലത്തിലേയ്ക്കു മടങ്ങുകയും ചെയ്തു.

പിന്നെയും കുറെ ദിവസം വിശേഷസംഭവങ്ങളൊ ന്നുമില്ലാതെ കഴിഞ്ഞു. അങ്ങിനെയിരിക്കുമ്പോറം ഒരു ദിവസം രാത്രിയിൽ വൈശ്രവണൻെറ ഭൃത്യനായ ശംഖ ചൂഡനെന്ന ഗന്ധവ്വൻ ഗോപികളെ ബലാൽക്കാരേണ പിടിച്ചുകൊണ്ടുപോയി. ഭയപ്പെട്ടു നിലവിളിക്കാൻ തുട ങ്ങിയ അവരുടെ ആൎത്തരോദനം കേട്ടു ഭഗവാനും, ബല

രാമനും ഓടിച്ചെന്നു് അവരെ മോചിപ്പിച്ചു ശംഖചൂഡനെ തേജോവധം ചെയ്തു പറഞ്ഞയച്ചു.

ഏതാണ്ടു ഗോപികാഗീതംപോലെത്തന്നെ അത്യന്തമധുരമായ യുഗളഗീതമാണു് അനന്തരം ഒരദ്ധ്യായം. ഈരണ്ടു ശ്ലോകങ്ങൾ കൂട്ടി ഒരേ അന്വയമാക്കി രചിച്ചിരിക്കുന്നു എന്നുള്ളതുകൊണ്ടാണതിന്നു യുഗളഗീതമെന്നു പേരുണ്ടായതു്. ആകെ പന്ത്രണ്ടു യുഗളങ്ങളാണു് പ്രസ്തുത അദ്ധ്യായത്തിലുള്ളതു്. ഓരോ യുഗളത്തിലേയും ഓരോ ശ്ലോകം പ്രായേണ ധ്യാനവും, ഓരോ ശ്ലോകം കീർത്തനവുമാണു്. അങ്ങിനെ പന്ത്രണ്ടു രൂപത്തിലുള്ള കൃഷ്ണധ്യാനം അതിൽ പ്രകടമാക്കീട്ടുണ്ടു്. പകൽസമയത്തു ഭഗവാൻ കാട്ടിലായിരിക്കുമ്പോൾ ഭഗവൽപ്രേമാവിഷ്ടകളായ ഗോപികൾ ഭഗവാന്റെ ദിവ്യലീലകളെ ഭാവനാദൃഷ്ടിയിൽക്കൂടെ കണ്ടു വാഴ്ത്തുന്ന രൂപത്തിലുമാണു് പ്രതിപാദനം. പ്രേമഭക്തി അതിന്റെ പരമകാഷ്ഠയെ പ്രാപിച്ചു് ഒരു നിമിഷംപോലും ഭഗവദ്വിരഹം പൊറുക്കാൻ കഴിയാതെ തപിക്കുന്ന ഹൃദയങ്ങളിൽനിന്നു പൊന്തുന്ന പ്രസ്തുത ഗീതം ഭക്തന്റെ കണ്ണുകൾക്കമൃതായമാനമാണെന്നുമാത്രം പറഞ്ഞു നിർത്തട്ടെ.

കംസഭൃത്യനായ അരിഷ്ടനെന്ന അസുരൻ കാളയുടെ വേഷത്തിൽ ഗോകുലത്തിൽ ചെന്നു ജനങ്ങളെ ആക്രമിക്കാനും, ഗൃഹങ്ങളെ കുത്തിമറിച്ചിടാനും തുടങ്ങി. ഭയാകുലരായ ജനങ്ങൾ നിലവിളിച്ചുകൊണ്ടു നാലുപാടും പായാൻ തുടങ്ങി. വിവരം അറിഞ്ഞ ഭഗവാൻ ഓടിവന്നു നിഷ്പ്രയാസം ആ മഹാസുരനേയും കൊന്നു. ഇത്രയു

മായപ്പോ൦ ശ്രീനാരദമഹഷി വീണ്ടും ഒരിക്കൽക്കൂടെ കംസനെ കാണാൻ പുറപ്പെട്ടു. കംസൻ സന്തോഷിച്ചു കുശലപ്രശ്നം ചെയ്തു രാജ്യവത്തമാനങ്ങളെക്കുറിച്ചു ചോദിച്ചു, നാരദമഹഷിയോട്. അതുവരേയും കംസനറിഞ്ഞിട്ടില്ലാത്ത ചില രഹസ്യങ്ങളൊക്കെ ശ്രീനാരദമഹഷി പറഞ്ഞുകൊടുക്കുകയും ചെയ്തു. ദേവകീദേവിയുടെ എട്ടാമത്തെ പ്രസവത്തിൽ ആൺകുട്ടിയാണു് ജനിച്ചതെന്നും, വസുദേവൻ അപ്പോ൦ത്തന്നെ സൂത്രത്തിൽ ഗോകുലത്തിലേയ്ക്കു മാററിയതാണെന്നും, യശോദാപുത്രിയായിരുന്നു ഇവിടെ കണ്ട പെൺകുട്ടിയെന്നും, ഇപ്പോ൦ വസുദേവപുത്രന്മാരായ രണ്ടു കുട്ടിക൦ ഗോകുലത്തിൽ നന്ദഗോപൻെറ രക്ഷയിൽ വളൎന്നുവരുന്നുണ്ടെന്നും, അവരാണു് ഇതുവരെയും ബാലഹത്യയ്ക്കുവേണ്ടി പോയ എല്ലാ കംസഭൃത്യന്മാരേയും കൊന്നതെന്നും, അതിനാൽ അവരെ കൊന്നാൽ മാത്രമേ നിൎബ്ബാധമായ ജീവിതമുള്ളു എന്നുമൊക്കെയാണു് ശ്രീനാരദമഹഷി വെളിവാക്കിയ രഹസ്യങ്ങ൦. കംസൻ അതിശയിച്ചു. എല്ലാററിന്നും കഴിവുള്ള മഹാരാജാവായ താൻ വളരെയൊക്കെ കരുതിയിട്ടും തന്നെ പററിച്ചു ബന്ധനസ്ഥനായ വസുദേവൻ കുട്ടിയെ രക്ഷിച്ചു എന്നുള്ളതു് കംസനു് ആശ്ചയ്യകരമായിത്തോന്നി. അതേ സമയത്തു് അസഹ്യമായ ഭയവും പിടിപെട്ടു. പ്രതാപശാലിയായ താനിത്രയൊക്കെ ചെയ്തിട്ടും നിസ്സാരനായ ഒരു ശത്രുവിനെ കൊല്ലാൻ കഴിഞ്ഞില്ലെന്നതു ലജ്ജാവഹമായും തോന്നി. അങ്ങിനെ ഭയം, ഈഷ്യ, നിരാശ, ലജ്ജ എന്നീ വികാരങ്ങളാൽ

ആവിഷ്ടനായി വാളെടുത്തു ദേവകീവസുദേവന്മാരെ കൊല്ലാൻപോലും മുതിൎന്നു. പക്ഷേ നാരദമഹൎഷിയുടെ മാദ്ധ്യസ്ഥ്യംകൊണ്ടു് അവരെ കൊന്നില്ല. എങ്കിലും അപ്പോഠംതന്നെ കൈകാലുകളെ ഇരുമ്പുചങ്ങലകൊണ്ടു ബന്ധിച്ചു ജയിലിലിട്ടു. അനന്തരം ചാണൂരൻ, മുഷ്ടികൻ എന്നീ മല്ലപ്രമാണിമാരേയും, മഹാമാത്രനെന്നു പേരുള്ള ആനക്കാരനേയും വിളിച്ചുവരുത്തി അവരോടു പറഞ്ഞു: "നിങ്ങഠം കേട്ടില്ലേ? ഇടയപ്രമാണിയായ നന്ദഗോപൻെറ ഗൃഹത്തിൽ രണ്ടു കുട്ടികഠം വളരുന്നുണ്ടത്രേ. അവരുടെ കൈകൊണ്ടാണത്രേ എനിക്കു മരണം. അവരാണുപോലും നമ്മുടെ അനവധി ആളുകളെ കൊന്നതു്. അതിനാൽ അവരെ വെറുതെ വിട്ടുകൂടാ. അവർ നമ്മുടെ ജയിലിൽ കിടക്കുന്ന വസുദേവൻെറ മക്കളുമാണത്രേ. ഞാൻ തന്ത്രത്തിൽ അവരെ ഇവിടെ വരുത്താം. നിങ്ങളെല്ലാവരുംകൂടി അവരെ കൊല്ലണം. ഒരു ധനുൎയ്യാഗം നിശ്ചയിക്കാം. അതിനു വിവിധങ്ങളായ ഉത്സവാഘോഷങ്ങളും നടത്താം. അതിൻെറ കൂട്ടത്തിൽ ഒരു മല്ലയുദ്ധവും. ധനുൎയ്യാഗവും, ഉത്സവാഘോഷങ്ങളും കാണാനായി അവരെ വിളിച്ചുവരുത്താം. എന്നാൽ മല്ലയുദ്ധത്തിൽവെച്ചു് അവരെ കൊല്ലാം. മല്ലരംഗത്തിൻെറ ദ്വാരപ്രദേശത്തുതന്നെ 'കുവലയാപീഡ'മാകുന്ന നമ്മുടെ ഗജേന്ദ്രനെ നിൎത്തണം. അവിടെവെച്ചു് ആനയെക്കൊണ്ടു കൊല്ലിക്കാം. ഒരുപക്ഷേ അവിടെനിന്നു തെററിപ്പിരിക്കുന്നപക്ഷം മല്ലരംഗത്തുവെച്ചു തീൎച്ചയായും കൊല്ലണം." ഇപ്രകാരം വേണ്ടുന്ന നിൎദ്ദേശങ്ങളൊക്കെ കൊടു

ത്തു് അവരെ പറഞ്ഞയച്ചശേഷം കംസൻ രാമകൃഷ്ണന്മാരെ വിളിച്ചുകൊണ്ടുവരുവാൻവേണ്ടി അക്രൂരനെ പറഞ്ഞയയ്ക്കാൻ തീച്ച്പ്പെടുത്തി. അപ്പോഠംത്തന്നെ അക്രൂരനെ വരുത്തി വളരെ ബഹുമാനത്തോടെ സൽക്കരിച്ചു വത്ത്മാനങ്ങളൊക്കെ അക്രൂരനോടു തുറന്നു പറഞ്ഞു. എങ്ങിനെയെങ്കിലും രാമകൃഷ്ണന്മാരെ കൂട്ടിക്കൊണ്ടുവരണമെന്നും തൻെറ രഹസ്യങ്ങളൊന്നും അവരോടു പറയരുതെന്നും നിദ്ദേശിച്ചയച്ചു. അക്രൂരൻ കംസൻെറ നിദ്ദേശങ്ങളൊക്കെ കേട്ടു. അവസാനം "അങ്ങു പറഞ്ഞപോലെയൊക്കെ ഞാൻ പ്രവത്തിക്കാം, പക്ഷേ ഫലം എന്തായിത്തീരുമെന്നെനിക്കറിഞ്ഞുകൂടാ" എന്നും പറഞ്ഞു. കംസൻെറതന്നെ തേരുമെടുത്തു പിറേറന്നു പ്രഭാതത്തിൽ പോവാൻ തീച്ച്പ്പെടുത്തി തൻെറ ഗൃഹത്തിലേയ്ക്കു മടങ്ങി.

കംസൻെറ ഭൃത്യനും കേശിയെന്നു പ്രസിദ്ധനുമായ മറെറാരസുരൻ ഒരു വലിയ കുതിരയുടെ വേഷത്തിൽ ഗോകുലത്തെ ആക്രമിക്കാൻ ചെന്നു. അരിഷ്ടൻെറ മാതിരി ഗോകുലത്തിൽ പല അക്രമങ്ങഠളയും പ്രവത്തിച്ചു. അവൻെറ ക്രൂരവും ദുസ്സഹവുമായ ഉപദ്രവങ്ങളെക്കൊണ്ടു വിഷമിക്കുന്ന ജനങ്ങളുടെ നിസ്സഹായതയെ കണ്ടു ഭഗവാൻ അവരെ രക്ഷിക്കാൻവേണ്ടി കേശിയോടെതിത്തു് അവനേയും അരിഷ്ടനെയെന്നപോലെ കൊന്നു.

ശ്രീനാരദമഹഷി മഥുരയിൽനിന്നു നേരേ ഗോകുലത്തിലേയ്ക്കാണു് പോയതു്. കേശിവധം കഴിഞ്ഞപ്പോഴയ്ക്കു ഗോകുലത്തിലെത്തി. ഭഗവാനോടു മഥുരയിൽവെച്ചു കംസനുമായുള്ള സംഭാഷണത്തേയും അതിനുശേഷം കം

സന്റെ സംരംഭത്തേയുമൊക്കെ വിവരിച്ചു പറഞ്ഞു. അടുത്തുതന്നെ അക്രൂരൻ ഭഗവാനെ കൂട്ടിക്കൊണ്ടുപോവാൻ വന്നെത്തുമെന്നും മഥുരയിൽവെച്ചു നടക്കുന്ന അവിടുത്തെ ദിവ്യലീലകൾ കാണാൻ അപ്പോൾ അവിടെ വന്നോളാമെന്നും അറിയിച്ചു നാരദമഹർഷി പോയി.

## അക്രൂരദൌത്യം

പരമഭാഗവതോത്തമനായ അക്രൂരന്നു ഭഗവത്സന്നിധിയിലേയ്ക്കു പോവാനൊരവസരം കിട്ടിയതു് ഏററവും ഇഷ്ടമായി. എന്നാൽ കൊല്ലാൻവേണ്ടി കൂട്ടിക്കൊണ്ടുവരാനാണല്ലോ പോവുന്നതെന്നോർത്തു് അക്രൂരന്റെ ഹൃദയം വേദനിക്കാൻ തുടങ്ങി. എങ്കിലും ഏതു നിലയിലെങ്കിലും ഭഗവാനെ ഒരു നോക്കു കൺകുളുക്കെ കാണാൻ സാധിക്കുന്നു എന്നു വന്നാൽത്തന്നെ മഹാഭാഗ്യമായി എന്നു തോന്നിയതുകൊണ്ടും തന്റെ ചിരപ്രാർത്ഥിതമായ ആഗ്രഹം സഫലമാവുന്നു എന്നു വന്നതുകൊണ്ടും അക്രൂരൻ എന്തായാലും പ്രഭാതത്തിൽ ഗോകുലത്തിലേയ്ക്കു പോവാൻതന്നെ തീർച്ചപ്പെടുത്തി. രാത്രി മുഴുവൻ പല തരത്തിലുള്ള ചിന്തകളെക്കൊണ്ടു് ഉറങ്ങാതെതന്നെ കഴിച്ചുകൂട്ടി. പ്രഭാതമായതോടെ തേരിൽ കയറി ഗോകുലത്തിലേയ്ക്കു യാത്രയായി. കംസനെ ഭയപ്പെട്ടായിരുന്നു ഇതുവരേയും ഗോകുലത്തിലേയ്ക്കു പോവുകയോ ഭഗവാനെക്കാണാൻ ശ്രമിക്കുകയോ ചെയ്യാതിരുന്നതുതന്നെ. ഏതൊരു കംസന്റെ പ്രാതികൂല്യംകൊണ്ടാണോ ഇതുവരെ ഭഗവാനെ കാണാൻ കഴിയാതിരുന്നതു്, ആ കംസൻതന്നെ ഭഗവത്സന്നിധിയിലേയ്ക്കു പറഞ്ഞയച്ചു എന്നതു് അക്രൂര

ന്നു കൃതാൎത്ഥതയ്ക്കു കാരണമായിരുന്നു. ഉദ്ദേശം എന്താ യാലും തല്ക്കാലം ഭഗവദ്ദൎശനമാണല്ലോ ആദ്യം സാധി ക്കാൻ പോകുന്നതു്. അതിനാൽ ഒരുതരത്തിൽ സംതൃ പ്തനായാണു് അക്രൂരൻ ഗോകുലത്തിലേയ്ക്കു പോയിരുന്ന തെങ്കിലും മാൎഗ്ഗത്തിൽ പലതരത്തിലുള്ള ചിന്തകൾ അ ദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നു: "ഗോകുലത്തിൽ ചെ ല്ലുമ്പോൾ ഭഗവാൻ അവിടെത്തന്നെ ഉണ്ടായിരിക്കുമോ? ഉണ്ടെങ്കിലും എനിക്കു കാണാൻ സാധിക്കുമോ? കണ്ടാലും പരമശത്രുവായ കംസൻെറ ദൂതനെന്നുള്ള നിലയ്ക്കു തനി ക്കു സ്വാഗതംതന്നെ കിട്ടുമോ? ഇങ്ങനെ പ്രതികൂലമായി പലതും വിചാരിക്കും. ഉടനെത്തന്നെ അനുകൂലമായും വിചാരിക്കും: 'കരുണാമയനായ ഈശ്വരന്നു ശത്രുമിത്രോ ദാസീനഭാവങ്ങളുണ്ടോ? പോരെങ്കിൽ സൎവ്വജ്ഞനും സൎവ്വ സാക്ഷിയുമായ അവിടെയ്ക്കറിയാത്തതെന്താണുള്ളതു്? കം സൻെറ ദൂതനെന്ന നിലയുണ്ടെങ്കിലും ഞാനവിടുത്തെ ഭ ക്തനാണെന്നറിയാതിരിക്കില്ല. അതിനാൽ വളരെ സ ന്തോഷത്തോടും സൌഹാൎദ്ദത്തോടുംകൂടി ഭഗവാൻ എ ന്നെ സ്വീകരിക്കും. സന്ധ്യയ്ക്കു ഞാൻ ഗോകുലത്തിലെ ത്തുമ്പോൾ വൈകുന്നേരത്തെ സ്നാനം കഴിഞ്ഞു മംഗളക രമായ വേഷവിധാനങ്ങളോടുകൂടി എന്നെത്തന്നെ പ്രതീ ക്ഷിച്ചു നില്ക്കുന്നുണ്ടാവും ആ പുരാണപുരുഷന്മാർ. ദൂര ത്തിൽനിന്നുതന്നെ എന്നെ കാണുമ്പോൾ അത്യന്തവാ ത്സല്യത്തോടെ ഓടിവന്നു് എന്നെ പിടിച്ചു് ആലിംഗ നംചെയ്തു കൂട്ടിക്കൊണ്ടുപോകും.' ഇങ്ങനെ അനുകൂലപ്ര തികൂലങ്ങളായ ചിന്തകളെക്കൊണ്ടു മാൎഗ്ഗഖേദമറിയാതെ ഗോകുലത്തിൻെറ സമീപമെത്തി. തല പൊക്കിപ്പിടി

ച്ചു നില്ക്കുന്ന ഗോവൎദ്ധനപൎവ്വതത്തെ ദൂരത്തുനിന്നു കണ്ടി ട്ടു് ആവേശത്തോടുകൂടി നമസ്കരിച്ചു. 'ഭഗവാന്റെ പാ ദസ്പൎശംകൊണ്ടു പരിപൂതമായിത്തീൎന്ന ഈ പൎവ്വതത്തെ യെങ്കിലും എനിക്കു കാണാൻ സാധിച്ചുവല്ലോ. ഞാൻ ധന്യനാണു്. ഈ പൎവ്വതത്തിലല്ലേ ദിവസേന ഭഗവാൻ ചുററിസ്സഞ്ചരിക്കാറുണ്ടെന്നു കേട്ടതു്?' ഇങ്ങനെ പലതും വിചാരിച്ചും ഭഗവൽപ്രേമംകൊണ്ടു് ആവിഷ്ടനായി ഉന്മ ത്തനെന്നപോലെ ചിലപ്പോൾ തേരിൽനിന്നു ചാടി മ ണ്ണിൽ നമസ്കരിച്ചും പലതും പറഞ്ഞും സ്വരൂപത്തെ പ്രാപിച്ച ഭക്തിയെന്നപോലെ ആയിത്തീൎന്നു അക്രൂര ന്റെ നില. ക്രമേണ കുറച്ചുകൂടി മുന്നോട്ടു ചെന്നപ്പോ ഴേയ്ക്കും ഗോകുലത്തോടു വളരെയധികം അടുത്തു. ഗോ പകുട്ടികളുടെ പശുവിനെ തെളിക്കലും പശുക്കളുടെ ശ ബ്ദവും കാളകളുടെ ഉമ്പാരവവും മുരളീരവവും മററും അ ടുത്തടുത്തായി കേൾക്കാൻ തുടങ്ങി. അക്രൂരന്റെ ഭാവം ഒന്നുകൂടി മാറി. തേരിൽനിന്നു പുറത്തേയ്ക്കു് എടുത്തു ചാടി നനവുള്ള മണൽപ്രദേശത്തു പതിഞ്ഞ കാലടിപ്പാ ടുകളെ പരിശോധിക്കുവാൻ തുടങ്ങി. താമര, അങ്കുശം, വജ്രം തുടങ്ങിയ രേഖകളെക്കൊണ്ടു് അടയാളപ്പെട്ട ഭഗ വൽതൃപ്പാദങ്ങൾ അവിടവിടെ കണ്ടു ഭക്തിയാൽ ആവി ഷ്ടനായി ആ തൃപ്പാദവിന്യാസങ്ങളെ സാഷ്ടാംഗം പ്രണ മിച്ചു മണ്ണു വാരി തലയിലിടാനും നിലത്തു കിടന്നു് ഉരു ളാനും ഒക്കെ തുടങ്ങി. അഹോ! ഭാഗ്യം! ഈശ്വരപ്രേമം വളൎന്നാൽ മനുഷ്യനു് എത്രയാണു് ഉയൎന്നുകൂടാത്തതു്? അങ്ങനെ പാദവിന്യാസങ്ങളെ നമസ്കരിച്ചും മണ്ണിൽ ക്കിടന്നു് ഉരുണ്ടും തന്നെത്താൻ മറന്നുകൊണ്ടും കുറച്ചു

ദൂരംകൂടി മുന്നോട്ടു ചെന്നപ്പോഴേയ്ക്കു ഗോകുലംഗ്രാമത്തി
ൻെറ പുരോഭാഗത്തെത്തി. ഇരുവരിയായി നിരന്നുനി
ല്ക്കുന്ന ഗൃഹങ്ങളുടെ പുരോഭാഗത്തു് ആ സന്ധ്യാസമയ
ത്തു വരിവരിയായി തെളിഞ്ഞു കത്തിക്കൊണ്ടിരുന്ന ദീപ
ങ്ങളും ആകാശത്തു മാറെറാലിക്കൊണ്ടു മുഴങ്ങിക്കൊണ്ടിരി
ക്കുന്ന ഭഗവൽകീർത്തനങ്ങളും അക്രൂരൻെറ ദൃഷ്ടിയിൽ
സാക്ഷാൽ വൈകുണ്ഠത്തിൻെറ പ്രതീതിയെ ഉളവാക്കി.
വഴിക്കു സങ്കല്പിച്ചപോലെ ഗ്രാമത്തിൻെറ അങ്ങേയററ
ത്തുള്ള നന്ദഗോപഗൃഹത്തിൻെറ പുരോഭാഗത്തു സന്ധ്യാ
സമയത്തെ മംഗളസ്നാനം കഴിഞ്ഞു പുതിയ പീതനില
വസ്ത്രധാരികളായ രാമകൃഷ്ണന്മാരെക്കൂടി ദൂരത്തുനിന്നു ക
ണ്ടപ്പോഴേയ്ക്കും അത്യന്തചരിതാർത്ഥനായി അക്രൂരൻ വീ
ണു് നമസ്കരിച്ചു. പിന്നിട്ടു നടന്നുകൊണ്ടല്ല, നമസ്ക
രിച്ചുകൊണ്ടുതന്നെ മുന്നോട്ടു നീങ്ങേണ്ടിവന്നു. ആരെ
യോ പ്രതീക്ഷിച്ചുകൊണ്ടെന്നപോലെ ദൂരത്തേയ്ക്കു ദൃഷ്ടിക
ളയച്ചുകൊണ്ടു ഗൃഹത്തിൻെറ പുരോഭാഗത്തു നില്ക്കുന്ന
രാമകൃഷ്ണന്മാരാകട്ടെ, നമസ്കരിച്ചുകൊണ്ടുതന്നെ വരുന്ന
അസാധാരണവും അത്ഭുതകരവുമായ കാഴ്ച കണ്ടു് ആശ്ച
ര്യപ്പെട്ടു. ഈ അത്ഭുതമനുഷ്യൻ ആരായിരിക്കുമെന്നു്
അറിയാനുള്ള ഉൽക്കണ്ഠകൊണ്ടോ എന്നു തോന്നുംവണ്ണം
ഗൃഹത്തിൽനിന്നിറങ്ങി മുന്നോട്ടു നടക്കാൻ തുടങ്ങി. സ
മീപത്തെത്തിയപ്പോഠം അക്രൂരനാണെന്നറിഞ്ഞ ഭഗവാ
നും ബലരാമനും വളരെ സന്തോഷത്തോടും ഔദാര്യ
ത്തോടുംകൂടി സ്വീകരിച്ചു് ആലിംഗനം ചെയ്തു ഗൃഹത്തി
ലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. കുശലപ്രശ്നങ്ങളൊക്കെച്ചെ

യ്തു് അദ്ദേഹത്തെ ഉചിതമാകുംവണ്ണം സല്ക്കരിച്ചു. സ്നാനഭോജനാദിനിത്യകൃത്യങ്ങളൊക്കെ കഴിച്ചു് അക്രൂരൻ ഭഗവാനോടു വർത്തമാനം പറയാൻ തുടങ്ങി. കംസൻ പറഞ്ഞതൊക്കെ അവിടെ പറഞ്ഞു. നന്ദഗോപനും അക്രൂരനോടു മഥുരയിലെ വർത്തമാനങ്ങളൊക്കെ അന്വേഷിച്ചു. ഭഗവാൻെറ നിർദ്ദേശപ്രകാരം പിറേറദിവസം പ്രഭാതത്തിൽത്തന്നെ എല്ലാവരും മഥുരയിലേയ്ക്കു പോവാൻ തീർച്ചപ്പെടുത്തി. അപ്പോൾത്തന്നെ ഗോപന്മാർക്കൊക്കെ അറിവുകൊടുത്തു. അങ്ങനെ പ്രഭാതത്തിൽ നന്ദഗോപനും യശോദയും രാമകൃഷ്ണന്മാരും ഏതാനും ഗോപന്മാരും ഭഗവാൻെറ ചങ്ങാതിമാരായ ചില ഗോപകുട്ടികളുമൊക്കെ മഥുരയിലേയ്ക്കു പോവാൻ തയ്യാറായിക്കഴിഞ്ഞു. ഈ വിവരം അറിഞ്ഞ ഗോപികളാകട്ടെ, ഭഗവാൻെറ വേർപാടിനെക്കുറിച്ചുള്ള ചിന്തകൊണ്ടു തപ്തകളും ആർത്തകളുമായി. അശരണകളായ അവർ പലപ്രകാരത്തിൽ ഭഗവാനെ വിളിച്ചു നിലവിളിച്ചു. പ്രഭാതമാകുന്നതുവരെ അവർ സംഘംസംഘമായി തെരുവിൽ ഇറങ്ങി ഉറക്കെ പരിദേവനം ചെയ്തുകൊണ്ടിരുന്നു. അവരുടെ ആർത്തനാദം ആകാശത്തു മാറെറാലിക്കൊണ്ടു. പ്രഭാതമായപ്പോൾ ഭഗവാൻ ഇരുന്നരുളുന്ന തേരും ഗോപന്മാരുടെ വണ്ടികളും അവരുടെ മദ്ധ്യത്തിൽക്കൂടെ വായുവേഗത്തിൽ മുന്നോട്ടു് ഉരുണ്ടുപോയി. ഗോപികൾ ഭഗവാനെത്തന്നെ വീണ്ടും വീണ്ടും ഉറക്കെ വിളിച്ചു നിലവിളിച്ചു. തേരും കൊടിമരവും പാറിക്കളിക്കുന്ന പൊടിപടലങ്ങളും കാണാതാകുന്നതുവരെ അങ്ങോട്ടുതന്നെ നോക്കി നിന്നു. നി

രാശകൊണ്ടു സ്തബ്ധരായ അവക്ക പിന്നീട്ട് ഒന്നിലും തൃഷ്ണയില്ലാതായി. ഭഗവാൻെറ വിരഹം നീറിപ്പുകയുന്ന അഗ്നിയെന്നപോലെ അവരെ ദഹിപ്പിക്കാനും തപിപ്പിക്കാനും തുടങ്ങി. ഗോപികളുടെ നില വളരെ ദയനീയമായി.

തേരിൽക്കയറി മഥുരയിലേയ്ക്കു പോയ ഭഗവാൻ മാൎഗ്ഗമദ്ധ്യത്തിൽവെച്ച് അക്രൂരന്നു വൈകുണ്ഠദൎശനത്തെക്കൊടുത്തനുഗ്രഹിച്ചു മദ്ധ്യാഹ്നമായപ്പോഴേയ്ക്കു മഥുരയുടെ കോട്ടവാതുക്കൽ എത്തി. അക്രൂരനെ ഗൃഹത്തിലേയ്ക്കു പറഞ്ഞയച്ചു. പിറേറന്നു രാവിലെ മഹാരാജാവിനെ ചെന്നു കണ്ടുകൊള്ളാമെന്നു് അറിയിക്കാനും ഏല്പിച്ചു. വൈകുന്നേരം ഭഗവാനും ബലരാമനും ഗോപക്കുട്ടികളോടുകൂടി പട്ടണം കാണാൻ പുറപ്പെട്ടു. വളരെക്കാലമായി ഭഗവാനെ ഒരു നോക്കു കാണാൻ കൊതിച്ചുകൊണ്ടിരിക്കുന്ന മഥുരാവാസികൾ കൃഷ്ണൻ വന്നിട്ടുണ്ടെന്നുള്ള വിവരം അറിഞ്ഞു വളരെ സന്തോഷിച്ചു. പട്ടണത്തിനുള്ളിൽ വിശാലമായ പ്രധാനരാജമാൎഗ്ഗത്തിൽക്കൂടെ അനുചരന്മാരോടുകൂടി മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്ന ഭഗവാനെ അത്യന്തം ചാരിതാൎത്ഥ്യത്തോടുകൂടി പുരവാസിജനങ്ങൾ പലപ്രകാരത്തിൽ സല്ക്കരിക്കുകയും ബഹുമാനിക്കുകയും ചെയ്തു. ക്രമേണ മുന്നോട്ടു ചെന്നപ്പോൾ ഒരു വെളുത്തേടനെയാണു് ആദ്യം കണ്ടുമുട്ടിയതു്. കംസപക്ഷപാതിയായിരുന്ന ആ വെളുത്തേടനു് ഈ ഗോപപ്പിള്ളരുടെ മാന്യത അത്ര ഹൃദ്യമായിത്തോന്നിയില്ല. അതിനാൽ അവൻ ഒട്ടും തൃപ്തിയോടുകൂടിയല്ല അവരോടടുത്തതു്. മൂഢനായ

ആ രജകൻെറ മനോവൃത്തിയെ മനസ്സിലാക്കി ഭഗവാൻ അവനെ കൊല്ലാൻതന്നെ തീച്ച്പ്പെടുത്തി. അടുത്തു ചെന്നു വസ്ത്രം ചോദിച്ച തന്നെ അവൻ ധിക്കരിച്ചപ്പോഠം അടിച്ചുകൊല്ലുകയും ചെയ്തു. അനന്തരം മാലാകാരനേയും തുന്നല്ക്കാരനേയും അനുഗ്രഹിച്ച സൈരന്ധ്രിയെന്ന കുബ്ജയെ സുരൂപിണിയാക്കിത്തീത്തു. ചാപശാലയുടെ പുരോഭാഗത്തേയ്ക്കു നീങ്ങി. പാറാവുകാരായിരുന്ന കംസഭൃത്യന്മാരെ തട്ടിനീക്കി അകത്തു കടന്നു വില്ലെടുത്തു മുറിച്ചു. തന്നോടെതിക്കാൻവന്ന അസുരന്മാരെയൊക്കെ ആ മുറിഞ്ഞ വില്ലിൻെറ കഷണംകൊണ്ടു തല്ലിക്കൊല്ലുകയും ചെയ്തു. അന്നത്തെ കൃത്യം അവസാനിപ്പിച്ചു. സന്ധ്യയ്ക്കുമുമ്പു കോട്ടയ്ക്കു പുറത്തു താമസിക്കുന്ന തൻെറ സംഘത്തോടുകൂടി ചേരുകയും ചെയ്തു. പിറേറദിവസമാണു് മല്ലയുദ്ധം. അന്നത്തെ ഭഗവാൻെറ ചേഷ്ടാവിശേഷങ്ങളൊക്കെ അദ്ദേഹം അറിഞ്ഞു കലശലായി ഭയപ്പെട്ടു. പത്തുപന്ത്രണ്ടു വയസ്സുമാത്രം പ്രായമുള്ള ഒരു ഗോപക്കുട്ടി ഇത്രയും സാഹസങ്ങഠം ധീരതയോടേ ചെയ്തുവെന്നു വന്നാൽ പിന്നെയെന്താണു് ചെയ്തുകൂടാത്തതു്! മരണഭയം കംസനെ വല്ലാതെ അലട്ടാൻ തുടങ്ങി. പിറേറദിവസം പ്രഭാതത്തിൽത്തന്നെ എങ്ങിനെയെങ്കിലും രാമകൃഷ്ണന്മാരെ കൊല്ലണമെന്നു് അദ്ദേഹം തീച്ച്പ്പെടുത്തിക്കഴിഞ്ഞു. മല്ലന്മാരേയും ആനക്കാരനേയും ഒരിക്കൽക്കൂടെ വിളിച്ചുവരുത്തി കാൎയ്യത്തിൻെറ ഗൌരവത്തെ ഭയപരിഭ്രമങ്ങളോടെ പറഞ്ഞുകൊടുത്തു. പ്രഭാതത്തിൽത്തന്നെ രാമകൃഷ്ണന്മാരെ കൊല്ലാൻ അവരോടു് ഒരിക്കൽക്കൂടി ഏല്പിക്കുകയും ചെയ്തു.

മരണത്തിന്നു മുമ്പുള്ള അവസാനരാത്രിയെ കാള രാത്രി എന്നു പറയും. കാളരാത്രി ഭയങ്കരമാണു്. കഴി ഞ്ഞതും വരാൻപോകുന്നതുമായ ദുഷിച്ച കാൎയ്യങ്ങളുടെ ഒരു പ്രതിഫലനമായിരിക്കും പ്രസ്തുത രാത്രിയിലെ അനുഭവം. അതാണു് കംസനു് അന്നേദിവസം രാത്രി അനുഭവപ്പെ ട്ടതു്. ഭയപരിഭ്രമങ്ങളെക്കൊണ്ടു മഹാരാജാവു് ആവില നായി. നിദ്ര അദ്ദേഹത്തെ കേവലം ഉപേക്ഷിച്ചുപോ യി. അന്നു തീരെ ഉറങ്ങാനേ കഴിഞ്ഞില്ല. എങ്കിലും ഇ ടയ്ക്കു് ഒന്നു മയങ്ങും. അപ്പോൾ ഭയസൂചകങ്ങളായ ദു സ്സ്വപ്നങ്ങൾ കാണും. ഞെട്ടി ഉണരും. പരിഭ്രമിച്ചെഴു ന്നേല്ക്കും. നാലുഭാഗവും പകച്ചുനോക്കും. ഭയപ്പെട്ടു സ ഹായത്തിന്നു് അംഗരക്ഷകന്മാരെ വിളിക്കും. അങ്ങി നെ പല അസ്വാസ്ഥ്യങ്ങളോടുകൂടി രാത്രിയെ ഒരുവിധം അനുഭവിച്ചു കഴിച്ചുകൂട്ടി. എങ്ങിനേയോ നേരം പ്രഭാത മായി. പ്രഭാതമായതോടെ നിത്യകൃത്യങ്ങൾക്കല്ല, മല്ല രംഗം സജ്ജമാക്കാനാണു് രാജാവു ബദ്ധപ്പെട്ടതു്. മ ന്ത്രിമാരേയും സേനാനായകന്മാരേയും വിളിച്ചുവരുത്തി വേഗത്തിൽ മല്ലയുദ്ധത്തിന്നുള്ള ഒരുക്കങ്ങൾ ചെയ്യിച്ചു. രംഗം സജ്ജമായി. വാദ്യഘോഷങ്ങൾ മുഴങ്ങി. കുവല യാപീഡം എന്ന വലിയ കൊമ്പനാനയെ ദ്വാരപ്രദേശ ത്തു തയ്യാറാക്കി നിൎത്തി. ചാണൂരമുഷ്ടികാദിമല്ലന്മാർ ഉ ടുത്തൊരുങ്ങി യുദ്ധത്തിന്നു തയ്യാറായി. ഇത്രയൊക്കെയാ യിട്ടും കംസനു മനസ്സമാധാനം കിട്ടിയില്ല. അല്ലെങ്കിൽ എങ്ങിനെ മനസ്സമാധാനം കിട്ടും? ജനിച്ചമുതൽ അതുവ രെ അറിഞ്ഞോ അറിയാതേയോ യാതൊരു സൽക്കൎമ്മ

വും ചെയ്തിട്ടില്ല. ദുഷ്കർമ്മങ്ങളാണെങ്കിൽ കുന്നുപോലെ കൂടികിടക്കുന്നുമുണ്ടു്. അങ്ങിനെ പാപിയായ ഒരാൾക്കു്, പ്രത്യേകിച്ചും മരണസമയത്തു്, യാതൊരു സ്വസ്ഥതയും ഉണ്ടാവാൻ വയ്യ. അതാണു് കംസന്റെ അനുഭവം. ആലോചന കൂടാതെ ദുരിതമാർജ്ജിക്കുന്ന ഏതൊരാളുടേയും കഥ ഇതുതന്നെ. മനസ്സിന്റെ അസ്വസ്ഥതകൊണ്ടു പൊറുതിമുട്ടിയ മഹാരാജാവു് അങ്ങിങ്ങു് ഓടിനടക്കാൻ തുടങ്ങി. ക്രമേണ മല്ലരംഗത്തിൽ കാണികളായ ആളുകൾ വന്നു നിറഞ്ഞു. കൂട്ടത്തിൽ ഗോകുലത്തിൽനിന്നു വന്ന നന്ദഗോപനും തന്റെ പരിവാരങ്ങളോടുകൂടി രംഗത്തിൽ ഉപവിഷ്ടനായി. എന്നാൽ രാമകൃഷ്ണന്മാർമാത്രം വന്നിട്ടുണ്ടായിരുന്നില്ല. അവരെയാണല്ലോ കംസൻ പ്രതിക്ഷിച്ചുകൊണ്ടിരിക്കുന്നതു്! രംഗത്തിൽ എത്തുന്നതിനുമുമ്പുതന്നെ കൃഷ്ണനെ കൊല്ലത്തക്ക നിലയിൽ ആനയേയും മററും ഏപ്പാടുചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ ആന കൃഷ്ണനെയല്ല, കൃഷ്ണൻ ആനയെയാണു് കൊന്നതു്. ഈശ്വരന്റെ ഇച്ഛ പലപ്പോഴും മനുഷ്യന്റെ സങ്കല്പങ്ങൾക്കു വിരുദ്ധമായിത്തീരാറുണ്ടു്. അതാണു് ഈ വിഷയത്തിനും സംഭവിച്ചതു്. പെട്ടെന്നു കൊന്നുവീഴ്ത്തിയ വലിയ കൊമ്പനാനയുടെ നീളമേറിയ രണ്ടു കൊമ്പുകളേയും പറിച്ചെടുത്തു് രണ്ടാളും ഓരോന്നു് ആയുധമാക്കി കയ്യിൽ ധരിച്ചുകൊണ്ടാണു് രംഗത്തിലേയ്ക്കു പ്രവേശിച്ചതുതന്നെ. പെട്ടെന്നു മല്ലരംഗത്തിലെത്തിയ രാമകൃഷ്ണന്മാരെ പലരും പല സ്വരൂപത്തിലും വീക്ഷിച്ചു. കംസന്റെ നിർദ്ദേശപ്രകാരം മലപോലുള്ള മല്ലന്മാരോടു പിഞ്ചുകുട്ടികളായ രാമകൃഷ്ണന്മാർ യുദ്ധം ചെയ്യേ

ണ്ടി വന്നു. എങ്കിലും രാജാവു വിചാരിച്ചതുപോലെയ
ല്ല സംഭവിച്ചതു്. മല്ലന്മാർ രാമകൃഷ്ണന്മാരെയല്ല, രാമ
കൃഷ്ണന്മാർ മല്ലന്മാരെയാണു് കൊന്നതു്. തുടച്ചയായി ത
ങ്ങളോടേററുമുട്ടിയ എല്ലാ മല്ലന്മാരേയും രാമകൃഷ്ണന്മാർ
കൊന്നു. അവസാനം കംസനേയും കൊന്നു. അതോടെ
മല്ലയുദ്ധവും അവസാനിച്ചു. അവരവരുടെ ദുരിതമാണു്
ഒരാളെ കൊല്ലുന്നതു്. കംസനിൽ ദുരിതം വളരേ അ
ധികം ഉണ്ടായിരുന്നതുകൊണ്ടാണു് ഇത്രവേഗത്തിൽ ഒരു
ബാലനു് അദ്ദേഹത്തെ കൊല്ലാൻ കഴിഞ്ഞതു്. ദുരിതം
വദ്ധിക്കുംതോറും ദൌബ്ബല്യം കൂടിക്കൊണ്ടിരിക്കും. ദു
രിതം കുറയുംതോറും ബലവും വദ്ധിച്ചുകൊണ്ടിരിക്കും.
കംസൻെറ കരണങ്ങൾ ഏററവും ദുബ്ബലങ്ങളായിരുന്നു.
ആ ദൌബ്ബല്യമായിരുന്നു വാസ്തവത്തിൽ കംസനെ കൊ
ന്നതു്. ദുരിതമാണു് ദുബ്ബലതയ്ക്കു കാരണം. ദുരിതം വ
ദ്ധിക്കുമ്പോൾ അനുഭവങ്ങൾ ദുഷിക്കാതിരിക്കാൻ വയ്യ.

കംസവധത്തിനുശേഷം അമ്മയച്ഛന്മാരെ ജയി
ലിൽനിന്നു വിട്ടു കൂട്ടിക്കൊണ്ടു വന്നു് ഉചിതമാംവണ്ണം
ഉപചരിച്ചു. അനന്തരം ഉഗ്രസേനമഹാരാജാവിനേയും
ജയിലിൽനിന്നു വിട്ടു മഥുരയിലേയും യാദവസമുദായത്തി
ൻേറയും രാജാവാക്കി വാഴിച്ചു. കംസൻെറ ദുർഭരണം ഹേ
തുവായി നാടുവിട്ടു പോയിരുന്ന ജനങ്ങളെയൊക്കെ വരു
ത്തി മഥുരയിൽ അവരവരുടെ ഗൃഹങ്ങളിൽ താമസിപ്പി
ച്ചു. ധമ്മനിഷ്ഠയോടുകൂടിയ ഉഗ്രസേനൻെറ ഭരണപാട
വം പ്രജകളെ മുഴുവൻ ആമോദിപ്പിച്ചു. അങ്ങിനെ മഥു
രയ്ക്കു നഷ്ടപ്പെട്ടിരുന്ന സുരക്ഷിതവും നിബ്ബാധവുമായ

പൊതുജീവിതം പുനരുദ്ധരിക്കപ്പെട്ടു. എല്ലാവരും സന്തോഷിച്ചു. അനന്തരം വസുദേവൻ തൻെറ പുത്രന്മാരായ രാമകൃഷ്ണന്മാരെ ജനനംമുതല്ക്കു ചെയ്യപ്പെടേണ്ടതായ ജാതകർമ്മം തുടങ്ങിയ കൃത്യങ്ങളെക്കൊണ്ടു സന്തർപ്പണം ചെയ്തു. പന്ത്രണ്ടുവയസ്സായ ഒരു കുട്ടിക്കു ജാതകർമ്മം ചെയ്യുകയെന്നതു് അസാധാരണമായ കൃത്യമാണെങ്കിലും പുത്രവാത്സല്യംകൊണ്ടു വസുദേവനു് അങ്ങിനെ ചെയ്യാതിരിക്കാൻ കഴിഞ്ഞില്ല. ഉപനയനം അടക്കം ഒരു പിതാവിൻെറ എല്ലാ കൃത്യങ്ങളേയും ചെയ്തു. അനന്തരം വൈദികവിദ്യാഭ്യാസത്തിൻെറ സർവ്വജ്ഞനായ ഈശ്വരനെ സാന്ദീപനിമഹർഷിയുടെ ഗൃഹത്തിലേയ്ക്കയയ്ക്കുകയും ചെയ്തു. വെറും അറുപത്തിനാലു ദിവസങ്ങളെക്കൊണ്ടുതന്നെ ഭഗവാൻ ആചാര്യമുഖത്തിൽക്കൂടെ എല്ലാ വിദ്യകളേയും അഭ്യസിച്ചു. അങ്ങിനെ സർവ്വജ്ഞനായ ഈശ്വരൻ ഒന്നുകൂടി സർവ്വജ്ഞനായി മഥുരയിലേയ്ക്കു മടങ്ങി. ഭഗവാൻെറ നിർദ്ദേശപ്രകാരം യാദവരാജധാനിയിലെ മുഖ്യമന്ത്രിയും വേദാചാര്യനായ ബൃഹസ്പതിയുടെ ശിഷ്യനുമായ ഉദ്ധവർ ഗോകുലത്തിൽ പോയി. ഗോപികൾക്കു് ഭഗവാൻെറ സർവ്വാത്മഭാവത്തെ ഉപദേശിച്ചു.

അസ്തി എന്നും പ്രാപ്തി എന്നും പേരായി കംസനു രണ്ടു ഭാർയ്യമാരാണു് ഉണ്ടായിരുന്നതു്. പ്രതാപശാലിയായ ജരാസന്ധൻെറ പുത്രിമാരുമായിരുന്നു. ഭഗവാൻ കംസനെ കൊന്നതോടെ അവർ വിധവകളായിത്തീൎന്നുവല്ലോ! വൈധവ്യദുഃഖംകൊണ്ടു മഥുരാരാജധാനിയിൽ താമസിക്കാൻ ഇഷ്ടമില്ലാതെ അവർ മഗധരാജ്യത്തുള്ള പി

തൃഗ്ഗഹത്തിലേയ്ക്കു പോയി. വിവരം അറിഞ്ഞു പ്രതാപശാലിയായ ജരാസന്ധൻ യാദവവംശത്തെ നാമാവശേഷമാക്കുന്നുണ്ടെന്നു പ്രതിജ്ഞ ചെയ്തു. ആ പ്രതിജ്ഞയെ പരിപാലിക്കുവാൻവേണ്ടി അപ്പോൾമുതല്ക്കുതന്നെ സൈന്യങ്ങളേയും ആയുധങ്ങളേയും ശേഖരിക്കുവാനും തുടങ്ങി.

ദശമസ്കന്ധത്തിൽ പൂർവ്വാർദ്ധം അവസാനിച്ച് ഉത്തരാർദ്ധം ആരംഭിക്കുകയാണ് ഇവിടംമുതല്ക്ക്. കംസനെ അല്ലെങ്കിൽ ചിത്തവിക്ഷേപങ്ങൾക്കു കാരണമായ രജോഗുണത്തെ നശിപ്പിക്കുന്നതോടെ ഒരു സാധകൻെറ ജീവിതത്തിലെ പൂർവ്വാർദ്ധം അവസാനിച്ച് ഉത്തരാർദ്ധം ആരംഭിക്കുകയാണ്. രജോഗുണം അടങ്ങി സത്വം പ്രകാശിച്ചാൽ നാമരൂപങ്ങളുടെ വിക്ഷേപം ഒതുങ്ങി മനസ്സു ശാന്തവും, നിർമ്മലവും, വിശാലവുമാവും. അങ്ങിനെയുള്ള അന്തഃകരണംകൊണ്ടു് ആത്മസ്വരൂപത്തെ അനുസന്ധാനംചെയ്യാം. പക്ഷേ ശരീരധർമ്മങ്ങൾ ഉപദ്രവിക്കാതിരിക്കണം. ശരീരത്തിൽ 'ഞാനെ'ന്നും, 'എൻേറ'തെന്നുമുള്ള അഭിമാനം ഉള്ളേടത്തോളംകാലം ശരീരധർമ്മങ്ങൾ പീഡിപ്പിക്കാതിരിക്കയുമില്ല. ശരീരാഭിമാനമുള്ളേടത്തോളംകാലം അർത്ഥദാരപുത്രേഷണങ്ങളും വിട്ടുമാറില്ല. അതിനാൽ രജോഗുണത്തെ ജയിച്ച ശുദ്ധാന്തഃകരണനും, ആദ്ധ്യാത്മികനുമായ സാധകനു പിന്നീടു ജയിക്കാനുള്ള ഏററവും പ്രബലന്മാരായ രണ്ടു ശത്രുക്കളാണ് ശരീരാഭിമാനവും, അർത്ഥദാരപുത്രേഷണങ്ങളും. കംസനെക്കൊന്നു് ബാല്യം വിട്ടു യൌവനത്തെ പ്രാപിച്ച ശ്രീകൃഷ്ണഭഗവാനു പ്രബലന്മാരായ രണ്ടു ശത്രുക്കളുണ്ടായി. ജരാസന്ധനും, ശിശുപാലനും. ശരീരാഭിമാനം തന്നെ

ജരാസന്ധൻ. ശിശുപാലൻ അത്ഥദാരപുത്രേഷണങ്ങളും. അവരുടെ നാനാമുഖങ്ങളായ ഉപദ്രവങ്ങളും, അവരെ ജയിക്കാനുള്ള മാഗ്ഗങ്ങളുമാണു് ഉത്തരാദ്ധത്തിൽ വിവരിക്കാൻ പോവുന്നതു്. അസ്തി എന്നും, പ്രാപ്തി എന്നും പേരുള്ള രണ്ടു പെൺകുട്ടികളുണ്ടായിരുന്നു ജരാസന്ധനു്. അവരായിരുന്നു കംസൻെറ ഭാൎയ്യമാർ. 'അസ്തി എന്നു പറഞ്ഞാൽ ഇല്ലാത്തതുണ്ടെന്നും, 'പ്രാപ്തി'എന്നു പറഞ്ഞാൽ ഉണ്ടെന്നു തോന്നിയതിനെ പ്രാപിക്കുന്നു എന്നുമുള്ള തോന്നൽതന്നെ. ശരിരാഭിമാനംകൊണ്ടാണു് പ്രസ്തുത രണ്ടു സങ്കല്പങ്ങളും നിലനില്ക്കുന്നതു്. പ്രസ്തുത സങ്കല്പങ്ങളുടെ നിലനിൽപ്പുതന്നെ നാമരൂപങ്ങളുടെ നിരന്തരവിക്ഷേപങ്ങൾക്കും, രാഗാദിവികാരങ്ങളുടെ വളൎച്ച്യ്ക്കും കാരണം. ചിത്തത്തിൽ അനവരതം പൊന്തിക്കൊണ്ടിരിക്കുന്ന നാമരൂപങ്ങളും, രാഗാദിവികാരങ്ങളുമാണല്ലോ രജോഗുണത്തിൻെറ സ്വരൂപം. അതിനെയാണല്ലോ കംസനായി ചിത്രീകരിച്ചതു്. അപ്പോൾ കംസൻെറ ഭാൎയ്യമാർ 'അസ്തി-പ്രാപ്തി'കൾതന്നെ. അവർ ശരീരാഭിമാനമാകുന്ന ജരാസന്ധൻെറ മക്കളുമത്രേ. ഭഗവാൻ കംസനെ കൊന്നപ്പോൾ 'അസ്തി-പ്രാപ്തി'കൾക്കവലംബമില്ലാതായി. രജോഗുണം നശിച്ചാൽ ഇല്ലാത്തതുണ്ടെന്നോ, അതിനെ പ്രാപിക്കുന്നുവെന്നോ തോന്നാൻ വയ്യ. അപ്പോൾ പ്രസ്തുത രണ്ടു സങ്കല്പങ്ങൾ നിരാലംബങ്ങളായിത്തീൎന്നു. ശരീരാഭിമാനത്തിൽനിന്നാണവ പൊന്തിവന്നതു്. അവലംബമില്ലാതാവുമ്പോൾ അവ ഉൽപത്തിസ്ഥാനമായ ശരീരാഭിമാനത്തിൽത്തന്നെ അടങ്ങും. ഇതാണു് കംസപത്നിമാർ ജരാസന്ധപുത്രി

കളാണെന്നും, ഭത്താവു മരിച്ചപ്പോഠം ആലംബമില്ലാതെ ജരാസന്ധനെത്തന്നെ അഭയംപ്രാപിച്ചുവെന്നും പറഞ്ഞതിലെ ചമല്ക്കാരം. മക്കഠം വിധവകളായി മടങ്ങിവന്നപ്പോഠം ജരാസന്ധൻ ക്രുദ്ധനായി യാദവവംശത്തെ ഒട്ടാകെ നശിപ്പിക്കാൻ പ്രതിജ്ഞചെയ്കയാണു്. ആദ്ധ്യാത്മികമാഗ്ഗത്തിൽ കൂടുതൽ ഇറങ്ങി പ്രവത്തിക്കുംതോറും ജീവന്നു ക്ലേശങ്ങഠം വദ്ധിപ്പിക്കാൻ മായ ശ്രമിച്ചുകൊണ്ടിരിക്കും. സംസാരത്തിലേയ്ക്കു വീണ്ടും പിടിച്ചുവലിക്കാനുള്ള ശ്രമം മാത്രമാണു് അതു്. അതാണു് ജരാസന്ധൻെറ പ്രതിജ്ഞയുമൊക്കെ. പക്ഷേ അദ്ധ്യാത്മധമ്മം വദ്ധിച്ചുകഴിഞ്ഞാൽ പിന്നെ സംസാരത്തിലേയ്ക്കു പിടിച്ചുവലിക്കാൻ സാദ്ധ്യവുമല്ല. ജരാസന്ധൻ പ്രതിജ്ഞചെയ്തെങ്കിലും യാദവന്മാരിൽ ഒരാളെപ്പോലും കൊല്ലാൻ കഴിഞ്ഞില്ല. അതേസമയത്തു ജരാസന്ധൻെറ മുഴുവൻ ശക്തിയേയും ഭഗവാൻ തകക്കുകയും ചെയ്തു. ഇനി കഥയിലേയ്ക്കു പ്രവേശിക്കാം.

ഇരുപത്തിമൂന്നു് അക്ഷൌഹിണി സൈന്യങ്ങളോടും അവക്കു വേണ്ടുന്ന ആയുധബലത്തോടുംകൂടി ജരാസന്ധൻ മഥുരാരാജധാനിയെ ആക്രമിക്കാൻ തുടങ്ങി. വമ്പിച്ച ഒരു യുദ്ധത്തിന്നുള്ള സന്ദഭം നേരിട്ടു കഴിഞ്ഞു. ഭഗവാൻ യാദവസൈന്യത്തേയും ഒരുക്കി പോക്കളത്തിലേയ്ക്കു പോരാൻ തുടങ്ങുമ്പോഠം ആകാശത്തുനിന്നു തേരും, ആയുധങ്ങളും സ്വയം ഇറങ്ങിവന്നു. അതായതു ശരീരാഭിമാനത്തെ ജയിക്കാൻ തുടങ്ങുമ്പോഠം ഈശ്വരങ്കൽനിന്നു നേരിട്ടുതന്നെ ശക്തി കിട്ടാൻ തുടങ്ങും. ഏതായാലും

യുദ്ധം തുടങ്ങി. ഭയങ്കരമായ യുദ്ധം. വളരെ ദിവസങ്ങളോളം നീണ്ടുനിന്ന പ്രസ്തുത ഭയാനകയുദ്ധത്തിൽ ജരാസന്ധൻെറ സൈന്യങ്ങളെ മുഴുവൻ ഭഗവാൻ കൊന്നു. ഒററയ്ക്കായപ്പോഠം ജരാസന്ധനോടിപ്പോവുകയും ചെയ്തു. തോറേറാടിപ്പോയെങ്കിലും അതുകൊണ്ടു നിരാശനാകാതെ മഗധരാജാവു വീണ്ടും യുദ്ധത്തിന്നുള്ളൊരുക്കങ്ങഠം ചെയ്യാൻ തുടങ്ങി. അങ്ങിനെ തുടച്ചയായി പതിനേഴു പ്രാവശ്യം ഇരുപത്തിമൂന്നു് അക്ഷൌഹിണിസൈന്യങ്ങളോടുകൂടി വന്നു മഥുരയെ ആക്രമിച്ചു. അപ്പോഴൊക്കെയും ഭഗവാൻ ജരാസന്ധൻെറ സൈന്യങ്ങളേയും ആയുധങ്ങളേയും മുഴുവൻ തകൎത്തു് ഒററപ്പെടുത്തി. അങ്ങിനെ പതിനേഴു പ്രാവശ്യം കഴിഞ്ഞിട്ടും നിരാശനാകാതെ പതിനെട്ടാമത്തെ പ്രാവശ്യവും ജരാസന്ധൻ സൈന്യങ്ങളെ ഒരുക്കാൻ തുടങ്ങി. അപ്പോഠം രസകരമായൊരു സംഭവമുണ്ടായി. യവനന്മാരുടെ അധിപതിയായി ഒരു യവനരാജാവുണ്ടായിരുന്നു മഥുരയിൽനിന്നധികം ദൂരത്തല്ലാതെ. ശ്രീനാരദമഹൎഷി ഒരു ദിവസം അദ്ദേഹത്തെ സമീപിച്ചു. മഗധരാജാവായ ജരാസന്ധൻേറയും യാദവന്മാരുടേയും തല്ക്കാലചരിത്രത്തെ വിസ്തരിച്ചു പറഞ്ഞു: "മഗധരാജൻ ആകപ്പാടെ ഒരു വിഡ്ഢിയാണു്. നിസ്സാരന്മാരായ ഈ യാദവന്മാരോടു പതിനേഴു പ്രാവശ്യം യുദ്ധം ചെയ്തിട്ടും തോല്ക്കാനിടയായതു് എത്ര ലജ്ജാകരമായ സംഗതിയാണു്! പ്രബലനും പൌരുഷശാലിയുമായ അങ്ങയെപ്പോലുള്ള ഒരു രാജാവിന്നു് ഒന്നാമത്തെ പ്രാവശ്യംതന്നെ യാദവന്മാരെ തകൎത്തു മഥുര പിടിച്ചടക്കാൻ കഴിയും. എ

ന്നാൽ ജരാസന്ധൻെറ ദൌബ്ബല്യംകൊണ്ടു് ഇത്രയൊക്കെ പ്രയത്നിച്ചിട്ടും സാധിച്ചില്ലെന്നേ ഉള്ളു. അതു യാദവന്മാരുടെ ശക്തികൊണ്ടല്ല; ജരാസന്ധൻെറ ദൌബ്ബല്യംകൊണ്ടാണു്. അതിനാൽ അങ്ങു പുറപ്പെടുന്നപക്ഷം നിഷ്പ്രയാസം യാദവന്മാരെ ജയിക്കാനും മഥുരാരാജധാനി കൈവശപ്പെടുത്താനും കഴിയും.'' എന്നൊക്കെയായിരുന്നു നാരദമഹഷി പറഞ്ഞതു്. യവനരാജാവിന്നതു കേട്ടപ്പോഠം കായ്യം ശരിയാണെന്നൊരു പൊങ്ങച്ചം തോന്നി. അതിൻെറ ഫലമായി അപ്പോഠംതന്നെ മഥുരയിലേയ്ക്കു യുദ്ധത്തിന്നുള്ള പുറപ്പാടുമായി.

ജരാസന്ധൻെറ ആക്രമണം ഒരുവിധം അവസാനിച്ചിരിക്കാമെന്നു വിചാരിച്ചു സമാധാനിച്ചിരിക്കുമ്പോഴാണു് യവനരാജാവിൻെറ പുറപ്പാടു്. ശരീരാഭിമാനത്തെയാണു് ജരാസന്ധനായി ചിത്രീകരിച്ചിരിക്കുന്നതെന്നു പറഞ്ഞുവല്ലോ. ആഹാരം, നിദ്ര, രോഗം, ആരോഗ്യം തുടങ്ങിയ ശരീരധമ്മങ്ങളെയാണു് ജരാസന്ധൻെറ സൈന്യങ്ങളായി വണ്ണിക്കപ്പെട്ടിരിക്കുന്നതു്. അവയെ എത്ര പ്രാവശ്യം ജയിച്ചാലും പിന്നെയും ശരീരമുള്ളേടത്തോളം കാലം വീണ്ടും പുറപ്പെട്ടുകൊണ്ടിരിക്കും. അതാണു് അനവധി പ്രാവശ്യം ജരാസന്ധൻെറ സൈന്യങ്ങളെ കൊന്നൊടുക്കുന്നതിൻെറ രഹസ്യം. അങ്ങനെത്തന്നെ ശരീരത്തിൽ ഒതുങ്ങിനില്ക്കുന്ന ദുരിതത്തിൻെറ സമുച്ചയത്തെയാണു് യവനരാജാവായി ചിത്രീകരിച്ചിരിക്കുന്നതു്. ഉറങ്ങിക്കിടക്കുന്ന പൌരുഷംകൊണ്ടുവേണം അതിനെ ജയിക്കാൻ. അതാണു് മുചുകുന്ദനെക്കൊണ്ടു യവനനെ

കൊല്ലിക്കുന്നതു്. നോക്കിയാൽ മതി ദഹിച്ചുപോവും. പക്ഷേ ഉറക്കിൽനിന്നുണൎന്നു താനാരാണെന്നുള്ള അറിവോടുകൂടിയ പൌരുഷമാവണമെന്നുമാത്രം. അങ്ങനെയൊക്കെയാണല്ലോ മുചുകുന്ദരാജാവു യവനനെ സംഹരിക്കുന്നതും. ഏതായാലും യവനരാജാവു യുദ്ധത്തിന്നു വന്നപ്പോൾ എന്തു വേണമെന്നറിയാതെ യാദവസൈന്യം ഒട്ടാകെ പരിഭ്രമിച്ചു. ഒരു ഭാഗത്തു യവനസൈന്യങ്ങളോടു യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോൾത്തന്നെ മറുഭാഗത്തുകൂടെ ജരാസന്ധനും സൈന്യങ്ങളും വന്നാലെന്തു ചെയ്യണമെന്നായിരുന്നു അവരുടെ പരിഭ്രമം. അതിന്റെ നിവൃത്തിയായിട്ടാണു് ഭഗവാൻ പെട്ടെന്നു ദ്വാരകയെ നിൎമ്മിച്ചു മഥുരയിലുള്ള എല്ലാ ജനങ്ങളേയും അവിടേയ്ക്കു മാററിയതു്. മനുഷ്യശരീരംതന്നെ ദ്വാരക. ശിരസ്സിൽ ദ്വാരമുള്ള ശരീരമെന്നൎത്ഥത്തിലാണു് ദ്വാരകയെന്ന ശബ്ദഘടനതന്നെ. ശിരസ്സിൽ ദ്വാരമുള്ള ശരീരം മനുഷ്യശരീരം മാത്രമാണു്. അതു സ്വൎഗ്ഗത്തേക്കാൾ എത്രയോ മനോഹരവും ദിവ്യവുമാണു്. അതായതു്, മനുഷ്യശരീരം ദേവശരീരത്തേക്കാൾ ശ്രേഷ്ഠവും ദിവ്യവുമാണെന്നൎത്ഥം. അങ്ങനെയാണെങ്കിലും അതും സമുദ്രമദ്ധ്യത്തിലാണു്. സംസാരസമുദ്രത്തിന്റെ മദ്ധ്യത്തിലാണു്; അല്ലാതെ ഉപ്പു സമുദ്രത്തിന്റെയല്ല. വിശ്വകൎമ്മാവാണു് ദ്വാരകയെ സൃഷ്ടിച്ചതു്. അതായതു്, പ്രപഞ്ചത്തിൽ ബാക്കിയെല്ലാം സൃഷ്ടിച്ച വിശ്വസ്രഷ്ടാവുതന്നെയാണു് മനുഷ്യശരീരത്തേയും സൃഷ്ടിച്ചതെന്നൎത്ഥം. ഭഗവാൻ ഉപേക്ഷിച്ചു കഴിഞ്ഞാൽ ഉടനെ അതു സമുദ്രത്തിൽ ആണ്ടുപോവും. അതായതു്, ആത്മാവു വേറിട്ടു കഴിഞ്ഞാൽ താമസിയാ

തെ ശ്രേഷ്ഠമായ ഈ മനുഷ്യശരീരവും സംസാരത്തിലാണ്ടുപോവുമെന്നത്ഥം. അങ്ങനെയുള്ള വിശ്വവന്ദ്യവും അത്യന്തദിവ്യവുമായ ദ്വാരകയിലേയ്ക്കു തന്റെ ജനങ്ങളെ മുഴുവൻ മാററി. എന്നുവെച്ചാൽ, മനുഷ്യത്വത്തെ മുഴുവൻ ഉപയോഗപ്പെടുത്തിയെന്നത്ഥം.

അങ്ങനെ ദ്വാരകയിലേയ്ക്കു ജനങ്ങളെ മുഴുവൻ മാററിയതിന്നുശേഷം ഭഗവാൻ ഒന്നും സംഭവിച്ചിട്ടില്ലാത്ത മാതിരി യാതൊരായുധവും കയ്യിലെടുക്കാതെ ഒററയ്ക്കു യവനസൈന്യങ്ങളുടെ മദ്ധ്യത്തിൽക്കൂടെ നടന്നുപോയി. സാധാരണ ഒരാളുടെമാതിരി ഒററയ്ക്കു നടന്നുപോവുന്ന ഭഗവാന്റെ തേജസ്സും നിർഭയത്വവും പ്രഭാവവും കണ്ടു യവനരാജാവു് ആശ്ചര്യപ്പെട്ടുകൊണ്ടു് അതാരായിരിക്കുമെന്നന്വേഷിച്ചു. ശ്രീനാരദമഹർഷി പറഞ്ഞുകൊടുത്ത ലക്ഷണങ്ങളെക്കൊണ്ടും അന്വേഷണത്തിൽനിന്നു കിട്ടിയ അറിവുകൊണ്ടും തന്റെ ശത്രുവും യാദവചക്രവത്തിയുമായ ശ്രീകൃഷ്ണനാണെന്നു മനസ്സിലായതോടെ പിടിക്കാൻ വേണ്ടി പിന്നാലെ ഓടാൻ തുടങ്ങി. ഭയപ്പെട്ടവന്റെ മാതിരി ഭഗവാൻ മുമ്പിലും പിടിക്കാനുള്ള നിലയിൽ യവനരാജാവു പിന്നിലുമായി ഓടിയോടി വളരെ ദൂരം ചെന്നു. അവിടെ കണ്ട ഒരു ഗുഹയിലേയ്ക്കു കടന്നു പെട്ടെന്നു് ഇരുളിലേയ്ക്കു മറഞ്ഞു ഭഗവാൻ. പിന്നാലെ യവനരാജാവും കടന്നു. ഇരുട്ടിൽ തിരഞ്ഞുതിരഞ്ഞു് ഉള്ളിലേയ്ക്കു കടന്നപ്പോൾ ഉറങ്ങിക്കിടക്കുന്ന മുചുകുന്ദരാജാവിനെ കണ്ടു. ഇരുട്ടിൽ ആളെ അറിയാതെ അതു ഭഗവാനാണെന്നു തെററിദ്ധരിച്ചു് ഉണത്താൻവേണ്ടി ഒരു ചവിട്ടു

കൊടുത്തു. ഉണൎന്നെഴുന്നേററു നോക്കിയ മുചുകുന്ദൻെറ ദൃഷ്ടിപാതംകൊണ്ടുതന്നെ യവനരാജാവു ഭസ്മമായിപ്പതിച്ചു. അനന്തരം മുചുകുന്ദരാജാവിൻെറ പുരോഭാഗത്തു പ്രത്യക്ഷപ്പെട്ട ഭഗവാൻ അദ്ദേഹത്തിന്നു ദൎശനം കൊടുക്കുകയും ചെയ്തു. തേജസ്സുകൊണ്ടും പ്രഭാവംകൊണ്ടും അസാധാരണപുരുഷനായ ഭഗവാനെ, മുചുകുന്ദരാജാവു് ആശ്ചൎയ്യത്തോടും ഉല്ക്കണ്ഠയോടുംകൂടി അവിടുന്നാരാണെന്നന്വേഷിച്ചു. ഭഗവാൻതന്നെ അവിടുത്തെ ചരിത്രത്തെ വെളിപ്പെടുത്തിക്കൊടുത്തു. അപ്പോഠം ഉൽബുദ്ധനായ മുചുകുന്ദൻ വൎദ്ധിച്ച ഭക്തിഭാവത്താൽ ആവിഷ്ടനായി പ്രദക്ഷിണം ചെയ്തു നമസ്കരിച്ചു ഭഗവാനെ വാഴ്ത്തി സ്തുതിക്കാൻ തുടങ്ങി.

**മുചുകുന്ദസ്തുതി**

"സുഖാന്വേഷികളായ ഈ ലോകത്തിലെ ജനങ്ങഠം മുഴുവൻ അവിടുത്തെ മായയാൽ വഞ്ചിതന്മാരാണു്. കാരണം, അവർ സുഖത്തിന്നുവേണ്ടി സുഖസ്വരൂപനായ അങ്ങയെ മറന്നു ദുഃഖസ്വരൂപങ്ങളായ ലോകവിഷയങ്ങളെയാണു് സ്വീകരിക്കുന്നതു്. എത്രയോ ദുല്ലഭമായ ഈ മനുഷ്യജന്മം കിട്ടീട്ടും അവിടുത്തെ പാദസേവചെയ്തു ദുഃഖനിവൃത്തി വരുത്താതെ ദുഃഖങ്ങളെത്തന്നെ വളൎത്തുന്നു. അഹോ, കഷ്ടം! മായാശക്തിയുടെ വൈഭവം അതിശയംതന്നെ. എനിക്കും ഇത്ര കാലത്തെ ആയുസ്സു കേവലം നിഷ്ഫലമായിപ്പോയല്ലോ എന്നു ഞാൻ പരിതപിക്കുന്നു. രാജകീയപ്രൌഢിയിലും ലോകാനുഭവങ്ങളിലും ശരീരധൎമ്മങ്ങളിലും ഭ്രമിച്ചു് അത്യന്തദുല്ലഭവും പരമദിവ്യ

വുമായ ഈ മനുഷ്യായുസ്സിൻെറ സിംഹഭാഗവും ഞാൻ വെറുതെ നശിപ്പിച്ചു. കഷ്ടം! എൻെറ മൂഢത എത്ര വലുതാണ്. കേവലം ദുർഗ്ഗന്ധപൂരിതമായ മലപിണ്ഡമാകുന്ന ഈ ശരീരത്തെ 'ഞാനെ'ന്നും 'എൻേറ'തെന്നും തെററിദ്ധരിച്ച് ഇതിനെ പട്ടാംബരങ്ങളെക്കൊണ്ടൊക്കെ കെട്ടിപ്പൊതിഞ്ഞ് ആന, തേര്, കുതിര തുടങ്ങിയ പരിവാരങ്ങളോടുകൂടി ഞാൻ രാജാവാണെന്നും പറഞ്ഞു പൊങ്ങച്ചം കാണിച്ചു നടന്ന് എൻെറ ആയുഷ്കാലത്തെ നശിപ്പിച്ചതോക്കുമ്പോഠം പശ്ചാത്താപംകൊണ്ടു ഹൃദയം നീറുന്നു. എന്തൊക്കെയോ തെററിദ്ധാരണകളോടുകൂടി വിഷയലോലുപനായി പ്രപഞ്ചത്തിൽ തെണ്ടിത്തിരിഞ്ഞു നടന്ന്, എലിയെ പാമ്പെന്നപോലെ, മൃത്യുവിൻെറ വരവിനെ ഓർമ്മിക്കാതെ ആയുസ്സു കളഞ്ഞു. കഷ്ടം! പണ്ടു ചതുരംഗസൈന്യങ്ങളോടുകൂടി ആഭാടത്തോടെ തേരോടിച്ചു ചെന്നു യുദ്ധത്തിൽ ശത്രുക്കളെക്കൊന്ന് അവരുടെ രാജ്യം പിടിച്ചടക്കി 'ഞാൻ ചക്രവർത്തിയാണെ'ന്നും പറഞ്ഞു സിംഹാസനത്തിൽ കയററിവെച്ചിരുന്ന ഇതേ ശരീരംതന്നെ കാലംകൊണ്ടു കൃമികഠംക്കാഹാരമായിത്തീരാനുള്ളതാണെന്നറിഞ്ഞില്ല. എല്ലാ രാജാക്കന്മാരേയും കീഴൊതുക്കി സർവ്വതന്ത്രസ്വതന്ത്രനായ ഒരു ചക്രവർത്തിപോലും ഇന്ദ്രിയങ്ങഠംക്കും വിഷയങ്ങഠംക്കും അടിമയാണെന്നുവന്നാൽ പിന്നെ എന്തൊരു പദവിയാണ് ഈ ലോകത്തിൽ സുഖത്തെ തരുന്നതായിട്ടുള്ളത്? വെറും വ്യാമോഹം. ഇങ്ങനെയൊക്കെയാണെങ്കിലും ഈവക തെററിദ്ധാരണകളിൽനിന്നും വ്യാമോഹങ്ങളിൽനിന്നും ഒരാഠംക്കു നിവർത്തിക്കാറാവണമെങ്കിൽ അവിടുത്തെ പാദഭക്ത

ന്മാരായ സജ്ജനങ്ങളുടെ ചേൎച്ചയുണ്ടാവുകതന്നെ വേണം. സജ്ജനങ്ങളുടെ സമ്പൎക്കംകൊണ്ടു വിഷയനിവൃത്തിയും അവിടുത്തെ പാദഭക്തിയുമുണ്ടാവും. ഭാഗ്യംകൊണ്ടു് ഇവൻെറ രാജ്യൈശ്വൎയ്യത്തെ അവിടുന്നു തട്ടിത്തെറിപ്പിച്ചു എന്നുള്ളതുതന്നെ വലിയ അനുഗ്രഹമായി. സുകൃതം ചെയ്യുന്നില്ലെങ്കിലും ദുരിതം ചെയ്യാനുള്ള അവസരം നഷ്ടപ്പെട്ടു അതുകൊണ്ടെന്നെങ്കിലും പറയണം. ഇനി ഞാനവിടുത്തെ പാദസേവനമൊഴിച്ചു മററൊന്നിനേയും ആഗ്രഹിക്കുന്നില്ല. അല്ലെങ്കിൽ വിവേകമുള്ള ഏതൊരാളാണു് അപവൎഗ്ഗസ്വരൂപനായ അങ്ങയെ വിട്ടു മററൊന്നിനെ ആഗ്രഹിക്കുന്നതു്? അതിനാൽ ഇനി അവിടുത്തെ പാദസേവയല്ലാതെ മറെറാരനുഭവത്തിനും അവിടുന്നിവനെ അനുഗ്രഹിക്കരുതേ. അങ്ങു് ഒഴിച്ചു ബാക്കിയെല്ലാം ദുഃഖസ്വരൂപമാണെന്നു ബോദ്ധ്യമായി. ഇനിയെങ്കിലും അങ്ങയെ മറക്കാനിടവരരുതേ. ഗുണാതീതനും, നിൎവ്വികല്പനും, അദ്വയനും, ജ്ഞാനസ്വരൂപനുമായ അങ്ങയെത്തന്നെ ഞാൻ സൎവ്വാത്മനാ വരിക്കുന്നു. വളരെക്കാലമായി പലതരത്തിലുള്ള ദുരിതഫലങ്ങളെ അനുഭവിച്ചു തപിച്ചും, ഇന്ദ്രിയങ്ങളും മനസ്സുമാകുന്ന ആറു ശത്രുക്കളുടെ പിടിയിൽപെട്ടു പിടഞ്ഞും കഴിഞ്ഞുകൂടിയ ഇവനു് ഇപ്പോഴെങ്കിലും ഭാഗ്യംകൊണ്ടു് അഭയസ്ഥാനവും, അമൃതാത്മകവുമായ അവിടുത്തെ പാദപത്മത്തെ കാണാൻ കഴിഞ്ഞല്ലോ. ഇനിയെങ്കിലും ഇതു മറക്കാനിടവരാതിരുന്നാൽ മതി.”

എന്നിങ്ങനെ സ്തുതിച്ചു നമസ്കരിച്ച മുചുകുന്ദമഹാരാജാവിനെ ഭഗവാൻ വാത്സല്യത്തോടെ വാരിയെടുത്തു്

രണ്ടു തൃക്കൈകളേയും ശിരസ്സിൽ വെച്ചനുഗ്രഹിച്ചു. അനന്തരം അദ്ദേഹത്തെ തപസ്സിന്നായി ബദരികാശ്രമത്തിലേയ്ക്കു പറഞ്ഞയച്ചു ഭഗവാൻ ഗുഹയിൽനിന്നു പുറത്തു കടന്നു. നേരെ മഥുരയിലേയ്ക്കുതന്നെ തിരിച്ചു. പോക്കളെത്തിൽ വന്നു യവനസൈന്യങ്ങളെ മുഴുവൻ യുദ്ധംചെയ്തു കൊന്നു് അവരുടെ ആയുധങ്ങളേയും, ദ്രവ്യങ്ങളേയുമൊക്കെയെടുപ്പിച്ചു ദ്വാരകയിലേയ്ക്കു പുറപ്പെട്ടു. അപ്പോഴാണു് ജരാസന്ധരാജാവിൻെറ പതിനെട്ടാമത്തെ പ്രാവശ്യത്തെ യുദ്ധത്തിന്നുള്ള പുറപ്പാടു്. ജരാസന്ധനെ കണ്ടപ്പോഠം ഭഗവാൻ ബലരാമനോടുകൂടി ഒരു തികഞ്ഞ ഭീരുവിൻെറ ഭാവം അഭിനയിച്ചുകൊണ്ടു ദ്രവ്യങ്ങളൊക്കെ വഴിയിൽത്തന്നെ വിട്ടു് ഓടാൻ തുടങ്ങി. പിന്നാലെ മഗധരാജാവും ഓടാൻതുടങ്ങി. അങ്ങിനെ ഓടിയോടി ഭഗവാനൊരു പൎവ്വതത്തിൻെറ മുകളിലേയ്ക്കു കയറി എവിടെയോ മറഞ്ഞു. ജരാസന്ധൻ വളരെയൊക്കെ തിരഞ്ഞുനോക്കീട്ടും കണ്ടില്ല. എന്തു പററിയെന്നറിയാതെ വിഷമിച്ചു. തൻെറ മുമ്പിൽത്തന്നെയുണ്ടായിരുന്ന കൃഷ്ണനെ കാണാൻ കഴിയാതെവന്നതു ജരാസന്ധനു ലജ്ജാവഹമായിത്തീൎന്നു. ഏതെങ്കിലും മലയ്ക്കൊട്ടാകെ തീ കൊടുപ്പാൻ തീച്ചപ്പെടുത്തി അഗ്നി ജ്വലിപ്പിച്ചു. കാടും മരങ്ങളുമൊക്കെ കത്തി വെണ്ണീറാവാൻ തുടങ്ങി ഒന്നുകിൽ കൃഷ്ണൻ അഗ്നിജ്വാല സഹിക്കാൻ കഴിയാതെ പുറത്തു വരും. അല്ലെങ്കിൽ കാട്ടുതീയിൽ പെട്ടു ദഹിക്കും. ഇതായിരുന്നു ജരാസന്ധൻെറ ആലോചന. വളരെ നേരം കാത്തുനിന്നിട്ടും ഭഗവാനേയും, ബലരാമനേയും പുറത്തുവന്നു കാണാതിരുന്നപ്പോഠം കാട്ടുതീയിൽ പെട്ടു ദഹിച്ചുപോയെ

ന്നൊരു കിംവദന്തിയും പരത്തി ജരാസന്ധൻ തന്റെ സൈന്ന്യങ്ങളോടുകൂടെ മഗധരാജ്യത്തേയ്ക്കുതന്നെ തിരിച്ചു പോവുകയും ചെയ്തു. ഭഗവാനാകട്ടെ ബലരാമനോടുകൂടെ 'പ്രവർഷണ'മെന്നു പേരുള്ള ആ പർവ്വതത്തിൽനിന്നു ജരാസന്ധൻ കാണാതെ യോഗശക്തികൊണ്ടു ചാടി ദ്വാരകയിലെത്തി. ആ അവസരത്തിലാണു് 'ആനർത്ത'രാജ്യങ്ങൾക്കധിപതിയായ രേവതരാജാവു തന്റെ പുത്രിയായ രേവതീദേവിയെ ബ്രഹ്മാവിന്റെ നിർദ്ദേശപ്രകാരം ബലരാമനു വിവാഹം കഴിച്ചുകൊടുത്തതു്. വിദർഭരാജ്യാധിപതിയായ ഭീഷ്മകരാജാവിന്റെ പുത്രിയായ രുക്മിണീദേവിയെ ഭഗവാനും സ്വയംവരത്തിൽ തന്നോടെതിർത്ത ശത്രുക്കളെ യുദ്ധംചെയ്തു തോല്പിച്ചു ബലാൽക്കാരേണ പിടിച്ചുകൊണ്ടുവന്നു ശുഭമായ മുഹൂർത്തത്തിൽ ദ്വാരകയിൽവെച്ചു വിവാഹം കഴിച്ചു.

## രുക്മിണീസ്വയംവരം

'കുണ്ഡിന'ത്തെ തലസ്ഥാനമാക്കി അധിവസിച്ചുവന്ന വിദർഭരാജ്യങ്ങൾക്കധിപതിയായ ഭീഷ്മകരാജാവിന്നു് ആറു മക്കളുണ്ടായിരുന്നു. അഞ്ചു് ആൺകുട്ടികളും, ഒരു പെൺകുട്ടിയും. മൂത്ത പുത്രൻ രുക്മിയും, എല്ലാവരിലും വെച്ചു് ഇളയതു പെൺകുട്ടിയായ രുക്മിണിയുമായിരുന്നു. കന്ന്യകയായ രുക്മിണി വളൎന്നുകൊണ്ടിരിക്കെ പലപ്പോഴും അന്തഃപുരത്തിൽവെച്ചു പലരുടെ മുഖത്തുനിന്നും കേൾക്കാറായ ശ്രീകൃഷ്ണഭഗവാന്റെ ഗുണഗണങ്ങളാൽ ആകർഷിക്കപ്പെട്ടു് ഭഗവാനിൽ അനുരക്തയായി. ഭീഷ്മകരാജാവിനും തന്റെ പുത്രിയെ ദ്വാരകാനാഥനായ ശ്രീകൃഷ്ണ

ന്നു കൊടുക്കണമെന്നായിരുന്നു ഉദ്ദേശം. മഹാരാജാവിൻെറ പ്രസ്തുതാഭിപ്രായത്തെ ബന്ധുജനങ്ങളും, പ്രജകളും അനുമോദിച്ചിട്ടും ഉണ്ടായിരുന്നു. അങ്ങിനെയിരിക്കെ കന്യകയ്ക്കു വിവാഹപ്രായമായെന്നു കണ്ടു മഹാരാജാവൊരുദിവസം രാജസഭയിൽവെച്ചു തൻെറ പുത്രിയുടെ കല്യാണാലോചന നടത്തി. തൻെറ അഭിപ്രായം യാദവചക്രവൎത്തിയായ ശ്രീകൃഷ്ണനെ വരനാക്കണമെന്നുള്ളതാണെന്നും പറഞ്ഞു. സഭയിലുള്ള എല്ലാവരും മഹാരാജാവിൻെറ അഭിപ്രായത്തെ മാനിക്കുകയും സമ്മതിക്കുകയും ചെയ്തു. എന്നാൽ രാജകന്യകയുടെ ജ്യേഷ്ഠസഹോദരനായ രുഗ്മി മാത്രം അവരുടെ അഭിപ്രായങ്ങൾക്കൊക്കെ വിപരീതമായിരുന്നു. അതിനാൽ എന്തു വന്നാലും തൻെറ സോദരിയെ കൃഷ്ണനു കൊടുക്കാൻ സമ്മതിക്കില്ലെന്നയാൾ ശഠിച്ചു. പലരും ആ സഭയിൽവെച്ചുതന്നെ രുഗ്മിയെ അനുനയിപ്പിക്കാൻ ശ്രമിച്ചുനോക്കിയെങ്കിലും അതൊക്കെ വിഫലമായി. ശ്രീകൃഷ്ണൻ തങ്ങൾക്കനുരൂപനല്ലെന്നു കാണിക്കാൻ രുഗ്മിക്കു് അനവധി തെളിവുകൾ തരാനുണ്ടായിരുന്നു: ഒന്നാമതു ഭ്രഷ്ടൻ; ക്ഷത്രിയവംശത്തിൽ ജനിച്ചെങ്കിലും ക്ഷാത്രവൃത്തിക്കധികാരമില്ല; രണ്ടാമതു കപടശാലി; മൂന്നാമതു ഭീരു; തന്നോടെതിൎത്ത ജരാസന്ധനെ ഭയപ്പെട്ടു നാടും വീടും വിട്ടു സമുദ്രമദ്ധ്യത്തിൽ ഒളിച്ചു താമസിക്കൽ—ഇങ്ങിനെ അനവധി ദോഷങ്ങൾ ഭഗവാനിൽ രുഗ്മി കണ്ടിട്ടുണ്ടു്. അവയൊന്നും മാന്യനായ ഒരുത്തമക്ഷത്രിയനു സഹിക്കാവുന്നവയുമല്ല. അതിനാൽ തൻെറ സഹോദരി ഭ്രഷ്ടനായ കൃഷ്ണൻെറ വധുവാകാൻ പാ

ടില്ല. ഇങ്ങിനെയൊക്കെയായിരുന്നു രുഗ്മിയുടെ വാദമുഖങ്ങൾ. ഈവക ദോഷങ്ങളൊന്നുമില്ലാത്ത അനുരൂപനായ വരനാണ് ശിശുപാലൻ. അതിനാൽ ശിശുപാലമഹാരാജാവിന്നാണ് രുഗ്മിണിയെ കൊടുക്കേണ്ടതു്. മാത്രമല്ല, ശിശുപാലനുമായുള്ള ബന്ധം രാജസ്ഥാനത്തേയ്ക്കു ശക്തികൂട്ടാൻപോലും പര്യാപ്തമാണ്. അതുകൊണ്ടു ശിശുപാലനുതന്നെ കൊടുക്കണം കന്യകയെ, എന്നുമാണ് രുഗ്മിയുടെ അഭിപ്രായത്തിൻെറ പൂർണ്ണരൂപം. മഹാരാജാവാകപ്പാടെ വിഷമിച്ചു. തൻേറയും, പുത്രിയുടേയും പ്രജകളുടേയും ഇംഗിതത്തെ മാനിക്കാതിരിക്കാൻ വയ്യ. എന്നാൽ രുഗ്മിയെ അവഗണിക്കാൻ ഭയമുണ്ടുതാനും. കാരണം തൻെറ പുത്രനാണെങ്കിലും തൻെറ അഭിപ്രായങ്ങൾക്കു കേവലം വിരോധികളും, എന്നാൽ പ്രബലന്മാരും, എന്തു ചെയ്യാനും മടിയില്ലാത്തവരുമായ ശിശുപാലൻ, ജരാസന്ധൻ, സാല്വൻ, വിഡൂരഥൻ തുടങ്ങി കുറെ രാജാക്കന്മാരൊക്കെ രുഗ്മിക്കു് ഇഷ്ടന്മാരാണ്. അതിനാൽ അയാൾക്കു വിരോധമായി പ്രവർത്തിച്ചാൽ അച്ഛനാണെങ്കിലും തൻെറ സ്നേഹിതന്മാരുടെ ദുരുപദേശവും സഹായവും അയാൾക്കുള്ളതുകൊണ്ടു് എന്തു സംഭവിക്കുമെന്നു പറയാൻ വയ്യ. അതിനാൽ ഭീഷ്മകരാജാവു ചിന്താമഗ്നനായി. വളരെനേരം ആലോചിച്ചിട്ടും എന്താണ് ചെയ്യേണ്ടതെന്നു് അദ്ദേഹത്തിനു തീർച്ചപ്പെട്ടില്ല. അവസാനം മന്ത്രവിശാരദന്മാരായ മന്ത്രിമാരോടൊക്കെ ആലോചിച്ചു രുഗ്മിയെ അവഗണിക്കാതിരിക്കുന്നതായിരിക്കും നല്ലതെന്നു തീർച്ചപ്പെടുത്തി. അതിനാൽ അയാളു

ടെ അഭിപ്രായപ്രകാരം രുഗ്മിണിയെ ശിശുപാലനു വിവാഹം കഴിച്ചുകൊടുക്കാൻ തീച്ച്പ്പെടുത്തി.

വിവാഹദിവസം നിശ്ചയിച്ചു. എല്ലാ ഒരുക്കങ്ങളും ആഭാടത്തോടുകൂടി ചെയ്യാൻ തുടങ്ങി. വരനായ ശിശുപാലമഹാരാജാവും വിവാഹത്തിനുള്ള ഒരുക്കങ്ങളൊക്കെ ചെയ്യാൻ തുടങ്ങി. ഇങ്ങിനെ രണ്ടു രാജധാനികളിലും വളരെ ജാഗ്രതയായും, ഏററവും ഉയന്ന തോതിലും വിവാഹോത്സവത്തിൻെറ ഒരുക്കങ്ങൾ തിരക്കിട്ടു നടന്നുകൊണ്ടിരിക്കുന്നു. പാവം! രുഗ്മിണി ഇതൊന്നും അറിഞ്ഞിട്ടേയില്ല. രണ്ടു സഖിമാരോടുകൂടി കാററും വെളിച്ചവുമെത്താത്ത അന്തഃപുരത്തിൽ തൻെറ ഗൃഹത്തിലെന്തു നടക്കുന്നുവെന്ന വത്തമാനംപോലും അറിയാതെ അപ്പോഴും ശ്രീകൃഷ്ണനെയും സ്വപ്നംകണ്ടുകൊണ്ടിരിക്കയാണു്. പലരുടേയും പലതരത്തിലുള്ള അഭിപ്രായങ്ങളോടുംകൂടി ദിവസങ്ങൾ നീങ്ങിക്കൊണ്ടിരുന്നു. നിശ്ചിതദിവസത്തിന്നു തലേദിവസം പുരോഹിതൻ കന്യകയെ വിവാഹദീക്ഷ വരിപ്പിക്കാൻവേണ്ടി അന്തഃപുരത്തിൽ ചെന്നു. അപ്പോഴാണു് കന്യക വിവരങ്ങളൊക്കെ അറിയുന്നതു്. പിന്നെ പറഞ്ഞിട്ടെന്തു കാൎയ്യം? എല്ലാം നടന്നുകഴിഞ്ഞു. പിറേറന്നു പ്രഭാതമായാൽ വിവാഹമായി. വരനും, അദ്ദേഹത്തിൻെറ പരിവാരങ്ങളും കുണ്ഡിനരാജധാനിയിലെത്താറായി. ഈ നിലയിൽ നിസ്സഹായയായ കന്യക യെന്തു ചെയ്യും. എങ്കിലും ബുദ്ധിമതിയായ രുഗ്മിണി അപ്പോഴും പരിഭ്രമിക്കാതെ ധൈൎയ്യമവലംബിച്ചു് അദ്ദേഹത്തിൻെറ ചടങ്ങുകൾക്കൊക്കെ വഴിപ്പെട്ടു. എന്നാൽ

37922

താൻ ശിശുപാലൻെറ പത്നിയായിത്തീരില്ലെന്നു തന്നത്താൻ ശപഥവും ചെയ്തു. പുരോഹിതൻ പോയ ഉടനെ തൻെറ സഖിമാരിൽ ഒരാളെ പറഞ്ഞയച്ചു രാജധാനിക്കടുത്തുതന്നെ താമസിച്ചുവരുന്ന തനിക്കേററവും വിശ്വസ്തനായ ഒ ബ്രാഹ്മണനെ വിളിപ്പിച്ചു. അദ്ദേഹം വന്ന ഉടനെ "ദ്വാരകയിലോളമൊന്നു പോയ്വരണം. തനിക്കു ഭഗവാനോടു് ഒരു കാര്യം അറിയിക്കാനുണ്ടു്. അതൊന്നു് അറിയിച്ചുവരണം" എന്നു പറഞ്ഞു. തനിക്കു ശ്രീകൃഷ്ണഭഗവാനോടു് അറിയിയിക്കാനുള്ള സന്ദേശത്തേയും കൊടുത്തു് അപ്പോൾത്തന്നെ അദ്ദേഹത്തെ ദ്വാരകയ്ക്കു പറഞ്ഞയച്ചു.

വാത്സല്യനിധിയായ ബ്രാഹ്മണൻ നേരേ ദ്വാരകയിൽ ഭഗവാൻെറ സന്നിധാനത്തിലെത്തി. കുശലപ്രശ്നങ്ങൾക്കുശേഷം താൻ രുഗ്മിണിദേവിയുടെ ഒരു ദൂതൻെറ നിലയിലാണു് വന്നിരിക്കുന്നതെന്നും അവിടുത്തെ കേൾപ്പിക്കാനായി രുഗ്മിണീദേവി ഒരു സന്ദേശം തന്നയച്ചിട്ടുണ്ടെന്നും ഭഗവാനെ അറിയിച്ചു. സന്ദേശം കേൾക്കാൻ അവിടുന്നു ബദ്ധശ്രദ്ധനായപ്പോൾ രുഗ്മിണീദേവിയുടെ വാക്കിൽത്തന്നെ തന്നെ ഏല്പിച്ചിരുന്ന സന്ദേശത്തെ ബ്രാഹ്മണൻ ഇപ്രകാരം കേൾപ്പിക്കാൻ തുടങ്ങി:

"ലോകസുന്ദരനായ ഭഗവാനേ! അവിടുത്തെ ഗുണഗണങ്ങൾ പലരുടെ മുഖത്തുനിന്നും കേട്ടു കേട്ടു് അങ്ങയുടെ സ്വരൂപം അകററാൻ കഴിയാത്ത നിലയിൽ എൻെറ ഹൃദയത്തിൽ പ്രകാശിച്ചുകൊണ്ടിരിക്കയാണു്. സർവ്വാത്മനാ ഞാൻ അങ്ങയെ ശരണംപ്രാപിച്ചും കഴിഞ്ഞി

37922

രിക്കുന്നു. അങ്ങിനെയുള്ള എന്നെ—മന്ത്രസംശുദ്ധമായ ഹവിസ്സിനെ ശ്വാവിനെന്നപോലെ—ശിശുപാലനു കൊടുക്കാൻ പോവുന്നു. ഈ സംഗതികളൊന്നും അവിടുന്നറിഞ്ഞിട്ടുണ്ടായിരിക്കയില്ല. അതിനാൻ അവിടെ അറിയിക്കേണ്ടതു് എൻെറ ചുമതലയാണെന്നു ഞാൻ വിചാരിക്കുന്നു. കുലശീലാദിഗുണങ്ങളെ നോക്കി തനിക്കനുരൂപനായൊരു വരനെ തിരഞ്ഞെടുക്കാൻ ഒരുത്തമക്ഷത്രിയകന്യകയ്ക്കൎഹതയുണ്ടല്ലോ. അങ്ങിനെ നോക്കുമ്പോറം എന്നേക്കാറം എല്ലാംകൊണ്ടും എത്രയോ ഉയൎന്ന നിലയിലുള്ള അവിടുത്തെ ആശ്രയിച്ചതിൽ എൻെറ ബന്ധുക്കറംക്കു് അഭിമാനിക്കാനേ വഴിയുള്ളു. നാളെ പ്രഭാതത്തിൽ വിവാഹമാണു്. അതുകൊണ്ടു് അവിടുന്നു് ഈ വൎത്തമാനം അറിഞ്ഞതോടെ സൈന്യസമേതം പുറപ്പെട്ടു വന്നു് എതിക്കുന്നവരെ യുദ്ധംചെയ്തു തോല്പിച്ചു് എന്നെ ബലാൽ കൂട്ടിക്കൊണ്ടുപോവണം. വിവാഹമണ്ഡപത്തിലേയ്ക്കു പോവുന്നതിനുമുമ്പു ദേവീക്ഷേത്രത്തിൽ ദൎശനത്തിനു പോവും. ആ സമയത്തു് അങ്ങു ക്ഷേത്രപരിസരത്തിലെങ്ങാനുമുണ്ടായാൽ വിഷമം കൂടാതെ എന്നെ കൊണ്ടുപോവാൻ സാധിക്കും. അങ്ങിനെ ചെയ്യാത്തപക്ഷം വളരെ ജന്മങ്ങളായി പല സല്കൎമ്മങ്ങളെക്കൊണ്ടും സുകൃതം വൎദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ ജീവൻ പെട്ടെന്നു് ഈ ശരീരത്തെ വിട്ടിട്ടെങ്കിലും അങ്ങയെ പ്രാപിക്കും.”

ഇതാണു് താൻ കൊണ്ടുവന്നിട്ടുള്ള സന്ദേശമെന്നു ബ്രാഹ്മണൻ പറഞ്ഞവസാനിപ്പിക്കുമ്പോഴേയ്ക്കു തന്നെ ഭഗവാൻ അദ്ദേഹത്തിൻെറ കൈയ്ക്കു പിടിച്ചു “ഞാനും ഈ

ചിന്തയിൽത്തന്നെ ആണ്ടിരിക്കയാണു്. നമുക്കിപ്പോഠം ത്തന്നെ പുറപ്പെടാ”മെന്നു പറഞ്ഞു ദാരുകനെ വിളിച്ചു തേരു കൊണ്ടുവരാൻ കല്പിച്ചു. ആരോടും ഒന്നും പറയാതെ ദാരുകൻ കൊണ്ടുവന്ന തേരിൽക്കയറി ബ്രാഹ്മണനോടുകൂടി അപ്പോഠംത്തന്നെ ഭഗവാൻ കുണ്ഡിനത്തിലേയ്ക്കു യാത്രയായി. കുറച്ചു സമയം കഴിഞ്ഞപ്പോഴാണു് ബലരാമൻ ഭഗവാൻ ആരോടും ഒന്നും പറയാതെ ഒരു ബ്രാഹ്മണനോടുകൂടി തേരിൽ കയറിപ്പോയിരിക്കുന്നു എന്ന വത്തമാനം അറിയുന്നതു്. കുണ്ഡിനത്തിലേയ്ക്കായിരിക്കുമെന്നദ്ദേഹം ഊഹിച്ചു. അങ്ങിനെയാണെങ്കിൽ എന്തെങ്കിലും അനിഷ്ടസംഭവങ്ങളുണ്ടാവാതിരിക്കില്ല. അതിനാൽ ഒററയ്ക്കു പോയതു ശരിയായില്ല എന്നുംകൂടി ഊഹിച്ചു. അതിൻെറ ഫലമായി വളരെ വേഗത്തിൽ ബലരാമനും കുറെ സൈന്യങ്ങളുംകൂടി ഭഗവാനെ പിൻതുടന്നു കുണ്ഡിനത്തിലേയ്ക്കു പുറപ്പെട്ടു. സ്ഥലത്തെത്തുമ്പോഴേയ്ക്കു് എല്ലാവരും ഒന്നിച്ചുകൂടിച്ചേന്നു.

രാജദ്വാരത്തിലെത്തിയതോടെ ബ്രാഹ്മണൻ ഭഗവാനെ വിട്ടു് ഒററയ്ക്കു രുഗ്മിണീദേവിയുടെ അന്തഃപുരത്തിൽ ചെന്നു വിവരങ്ങളൊക്കെ അറിയിച്ചു. അത്യന്തസന്തുഷ്ടയായ ദേവി അദ്ദേഹത്തിന്നു പല സമ്മാനങ്ങളും കൊടുത്തു സന്തുഷ്ടനാക്കി ഗൃഹത്തിലേയ്ക്കു പറഞ്ഞയച്ചു. പ്രത്യേകമായി ക്ഷണിച്ചിട്ടുണ്ടായിരുന്നില്ലെങ്കിലും ദ്വാരകാനാഥന്മാരായ രാമകൃഷ്ണന്മാർ സൈന്യസമേതം വിവാഹോത്സവത്തിൽ പങ്കുകൊള്ളാൻ വന്നിട്ടുണ്ടെന്നുള്ള വത്തമാനമറിഞ്ഞു വളരെ സന്തോഷിച്ചു. രാജകീയാഡംബ

രങ്ങളോടുകൂടി വന്നു് അവരെ എതിരേററു കൂട്ടിക്കൊണ്ടു പോയി പ്രത്യേകം ഉപചരിച്ചു. നഗരവാസിജനങ്ങഠം ഭഗവാൻ എഴുന്നള്ളീട്ടുണ്ടെന്ന സന്തോഷവത്തമാനം കേട്ടു ചരിതാത്ഥരായി അവിടെ വന്നു ഭഗവാനെ കണ്ടു വന്ദിച്ചു പോയി. വാസ്തവത്തിൽ രാജകുമാരിക്കു് അനുരൂപനായ വരൻ ഭഗവാനാണെന്നും, അതിനാൽ ഭഗവാൻ രുഗ്മിണിയെ വരിക്കാനിടയായിത്തീരണേയെന്നും അവർ പ്രാത്ഥിക്കുകയും ചെയ്തു. സമയം നീങ്ങിക്കൊണ്ടിരുന്നു. ക്രമേണ മുഹൂത്തസമയം ആസന്നമായി. കന്യക സവ്വാലങ്കാരഭൂഷിതയായിട്ടു രണ്ടുനാലു സഖിമാരോടും അഞ്ചാറു് അംഗരക്ഷകന്മാരോടുംകൂടി ദേവീദശനത്തിന്നു ക്ഷേത്രത്തിലേയ്ക്കു പുറപ്പാടായി. നാലുപാടും തിങ്ങിനിറഞ്ഞു നില്ക്കുന്ന ജനസഞ്ചയത്തിൽക്കൂടെ അംഗരക്ഷകന്മാരൊഴിപ്പിച്ചുകൊടുക്കുന്ന മാഗ്ഗത്തിൽക്കൂടെ കന്യകയും പരിവാരങ്ങളും മന്ദമന്ദം ക്ഷേത്രത്തിലേയ്ക്കു നീങ്ങിക്കൊണ്ടിരുന്നു. ക്ഷേത്രപുരോഭാഗത്തുവെച്ചു ബ്രാഹ്മണസ്ത്രീകഠം കന്യകയെ എതിരേററു സ്വീകരിച്ചു് അകത്തു കൂട്ടിക്കൊണ്ടുപോയി പാവ്വതിപരമേശ്വരന്മാരെ വന്ദിപ്പിച്ചു. പ്രാത്ഥിക്കാനുള്ള മന്ത്രങ്ങളും സ്തുതികളും ചൊല്ലിക്കൊടുത്തു. അവർ പലതും ചെല്ലിക്കൊടുത്തെങ്കിലും ശ്രീകൃഷ്ണഭഗവാൻ തന്നെ വരിക്കാനിടയാവണേ എന്നുമാത്രമാണു് കന്യക മനസ്സുകൊണ്ടു പ്രാത്ഥിച്ചതു്. അനന്തരം ക്ഷേത്രത്തിൽ നിന്നു പുറത്തു കടന്നപ്പോഴയ്ക്കു കന്യകയെ ഒരു നോക്കു കാണാനുള്ള ബദ്ധപ്പാടോടുകൂടി അസംഖ്യം ജനങ്ങഠം അവിടെത്തിരക്കിക്കൂടി. അവരുടെ മദ്ധ്യത്തിൽക്കൂടെ പ്രതീഹാരികളാലും അംഗരക്ഷകന്മാരാലും നയിക്കപ്പെട്ടു

കൊണ്ടു കന്യകയും, സഖിമാരും അവൾക്കൊരുക്കിനിൎത്തിയ അലങ്കരിച്ച തേരിന്നടുക്കലെത്തി. സൎവ്വാംഗസുന്ദരിയും, സൎവ്വാലങ്കാരഭൂഷിതയുമായ രുഗ്മിണി തൽസമയം ആ വമ്പിച്ച സദസ്സിന്റെ മദ്ധ്യത്തിൽ സാക്ഷാൽ ദേവമായയെന്നപോലെ വിളങ്ങി. തേരിലേയ്ക്കു കാലെടുത്തുവെയ്ക്കാൻ തുടങ്ങുമ്പോഠം തന്നെകംാണാനുള്ള ഉൽക്കണ്ഠയോടെ ആരെല്ലാമാണിവിടെ വന്നു നിൽക്കുന്നതെന്നറിയാനോ എന്നു തോന്നുമാറു രണ്ടു ഭാഗത്തേയ്ക്കും കഴുത്തു ചെരിച്ചൊന്നു നോക്കി. വാസ്തവത്തിൽ ഭഗവാൻ സമീപത്തുണ്ടോ എന്നാണു് നോക്കിയതു്. അപ്പോഠം തൊട്ടടുത്തുതന്നെ തന്റെ വലത്തുഭാഗത്തായി ഭഗവാൻ നില്ക്കുന്നതു കണ്ടു ലജ്ജിതയായി തല താഴ്ത്തി തേരിൽക്കേറാൻ കാലു പൊക്കി. അപ്പോഠം പെട്ടെന്നു ഭഗവാൻ കന്യകയുടെ കൈയ്ക്കു പിടിച്ചു താനൊരുക്കിനിൎത്തിയ തേരിൽ കേററി താനും കയറി വായുവേഗത്തിൽ തേരോടിക്കാൻ തുടങ്ങി. ആ സദസ്സു മുഴുവൻ ക്ഷോഭിച്ചു. 'കൃഷ്ണൻ കന്യകയെ അപഹരിച്ചു' എന്ന ശബ്ദം ആകാശത്തു മുഴങ്ങി. അതോടെ ജനങ്ങഠം ചിലർ ജയാരവവും, മററു ചിലർ ക്രോധപരുഷങ്ങളായ ശബ്ദങ്ങളും മുഴക്കി. ജനസഞ്ചയം കലങ്ങിമറിഞ്ഞു. ശിശുപാലൻ കല്യാണവേഷത്തോടെ യുദ്ധത്തിനുള്ള പുറപ്പാടായി. അന്തരിക്ഷം മുഴുവൻ പ്രക്ഷുബ്ധമായി. വാദ്യഘോഷങ്ങളും, ആയുധങ്ങളുടെ സംഘട്ടനങ്ങളും, സൈന്യങ്ങളുടെ ജയശബ്ദങ്ങളും ആകപ്പാടെ അന്തരിക്ഷത്തെ വല്ലാതെ ക്ഷോഭിപ്പിച്ചു. ഈ സന്ദൎഭത്തിൽ ആവേശത്തോടെ അലങ്കരിച്ച ക

ല്യാണരഥത്തിലിരുന്നു പോൎക്കളത്തിലേയ്ക്കു പായുന്ന ശിശുപാലനെ അദ്ദേഹത്തിൻെറ സ്നേഹിതനായ ജരാസന്ധൻ ചെന്നു തടഞ്ഞു സമാധാനിപ്പിക്കാൻ തുടങ്ങി. കാലത്തിൻെറ വൈപരീത്യംകൊണ്ടാണു് ഇങ്ങനെയൊക്കെ വന്നുചേൎന്നതെന്നും, കാലം അനുകൂലിക്കുമ്പോൾ എല്ലാം ശരിപ്പെട്ടുമെന്നും, അതിനാൽ സമാധാനമായി കാത്തിരിക്കയാണു് വേണ്ടതെന്നുമൊക്കെയാണു് ജരാസന്ധൻെറ തത്വോപദേശത്തിൻെറ സാരം. അതിനു് അയാളെത്തന്നെ ഉദാഹരണമായിക്കാണിക്കുകയും ചെയ്തു. പതിനെട്ടു പ്രാവശ്യം യുദ്ധത്തിന്നു പോയിട്ടും യാദവന്മാരെ കൊല്ലാൻ കഴിഞ്ഞിട്ടില്ല. എന്നാലും നിരാശനാവാതെ പിന്നെയും താൻ കാത്തിരിക്കയാണു് ചെയ്യുന്നതെന്നുമൊക്കെയാണു് അദ്ദേഹത്തെ ഉദാഹരിച്ചു കാണിച്ചുകൊടുത്തതു്. ശിശുപാലരാജാവിന്നു സമാധാനമായാലും ഇല്ലെങ്കിലും യുദ്ധത്തിൽനിന്നു തൽക്കാലം പിൻതിരിച്ചു ലജ്ജിതനായി ഗൃഹത്തിലേയ്ക്കു തിരിച്ചു. അങ്ങനെ ഓരോ രാജാക്കന്മാരും അവരവരുടെ പരിവാരങ്ങളോടുകൂടെ മടങ്ങിപ്പോവാൻ തുടങ്ങിയപ്പോൾ 'രുഗ്മി' ആ നിറഞ്ഞ ക്ഷത്രിയസഭയുടെ മദ്ധ്യത്തിൽവെച്ചു് അവരെയൊക്കെ സമാധാനിപ്പിച്ചുകൊണ്ടും, തൻെറ പൌരുഷത്തെ പ്രദൎശിപ്പിച്ചുകൊണ്ടും "യാദവന്മാരെ മുഴുവൻ കൊന്നൊടുക്കി സഹോദരിയെ വീണ്ടുകൊണ്ടുവന്നല്ലാതെ ഇനി ഈ 'കുണ്ഡിന'രാജ്യത്തിൽ ചവിട്ടില്ലെ"ന്നൊരു പ്രതിജ്ഞചെയ്തു. അതു ചിലൎക്കൊക്കെ വളരെ രസകരമായിത്തോന്നി. ചിലർ രുഗ്മിയുടെ ധൎമ്മബോധത്തേയും, ഔചിത്യത്തേയും, പൌരുഷത്തേയും പുകഴ്ത്തി. പിന്നെ ചി

ലർ രുഗ്മിയെ വിലക്കി. എന്നാൽ രുഗ്മിയാകട്ടെ ആരു ടേയും ഒന്നും കേൾക്കാൻ നിൽക്കാതെ അപ്പോൾത്തന്നെ തൻെറ പ്രതിജ്ഞയെ പരിപാലിക്കാനായി സൈന്യസ മേതം ഭഗവാനെ പിൻതുടൎന്നു പോവുകയും ചെയ്തു.

രുഗ്മിണിദേവിയെ കൈയ്ക്കു പിടിച്ചു തൻെറ തേരിൽ കേററിയ ഉടനെത്തന്നെ പിന്നെ എന്തു സംഭവിക്കുന്നു വെന്നു നോക്കാൻ നില്ക്കാതെ ഭഗവാൻ വായുവേഗത്തിൽ തേരോടിച്ചുപോയി. വല്ലവരും പിൻതുടൎന്നുവരുന്നുണ്ടെ ങ്കിൽ അവരോടെതിൎക്കാനായി ബലരാമനും, വമ്പിച്ച യാദവസൈന്യവും ഭഗവാൻെറ പിന്നാലെയും യാത്രയാ യി. അങ്ങനെ കുറച്ചു ദൂരം പോയപ്പോഴാണ് രുഗ്മിയും, സൈന്യങ്ങളുംകൂടി ആൎത്തുവിളിച്ചുകൊണ്ടു പാഞ്ഞുവരു ന്നതായി കണ്ടതു്. അതു കണ്ടപ്പോൾ എല്ലാവരും അ വിടെ നിന്നു. അവമാനിതനും, അതു കാരണത്താൽ ക്രുദ്ധനുമായ രുഗ്മി ഊററുപാമ്പെന്നപോലെ ചീററിയടു ത്തു ഭയങ്കരമാംവണ്ണം യുദ്ധം ചെയ്യാൻ തുടങ്ങി. സൈ ന്യങ്ങൾ ബലരാമനോടും, രുഗ്മി ഭഗവാനോടും എതിരിട്ടു. ഭയാനകമായ യുദ്ധം വളരെ നേരം നീണ്ടുനിന്നു. ദിവ്യാ സ്ത്രങ്ങൾകൂടി പ്രയോഗിച്ചു നോക്കി. പക്ഷേ രുഗ്മിക്കു ലേ ശംപോലും വിജയത്തിൻെറ സൂചനയുണ്ടായില്ല. ഭഗ വാനാണെങ്കിൽ വിവാഹം കഴിഞ്ഞ ഉടനെത്തന്നെ ത ൻെറ ബന്ധുവായ ഭാൎയ്യാസോദരനെ കൊല്ലാതെ കഴി ഞ്ഞാൽ കൊള്ളാമെന്നുണ്ടു്. പക്ഷേ രുഗ്മി ഒഴിക്കുന്ന മ ട്ടൊട്ടില്ലതാനും. എന്തു ചെയ്യണമെന്നാലോചനയായി. നവോഢയായ രുഗ്മിണിക്കു് ആദ്യംതന്നെ താനൊരു ദുഃഖ

മുണ്ടാക്കിത്തിക്കാൻ മടിയുണ്ട്. അതിനാൽ എന്തു ചെയ്യണമെന്നു വീണ്ടും വീണ്ടും ആലോചിച്ച് ആദ്യം രുഗ്മിയുടെ സൂതനേയും, പിന്നീട്ട തേർക്കുതിരകളേയും കൊന്നു ഭഗവാൻ. അപ്പോൾ നിലത്തു നിന്നും യുദ്ധം ചെയ്യാൻ തുടങ്ങി രുഗ്മി. അവസാനം വില്ലും മുറിച്ചു. ഗത്യന്തരമില്ലാതെ രുഗ്മി മുഷ്ടിയുദ്ധത്തിനൊരുങ്ങി. അതുതന്നെ സന്ദർഭമെന്നു കരുതി ഭഗവാൻ തേരിൽനിന്നു പുറത്തേയ്ക്കു ചാടി രുഗ്മിയെ പിടിച്ചു ബലാൽക്കാരേണ കയ്യും കാലും കെട്ടി തൻെറ തേരിൽ കൊണ്ടുവന്നിരുത്തി വാളുകൊണ്ടു രുഗ്മിയുടെ ശിരസ്സു മുണ്ഡനംചെയ്തവമാനിച്ചു. കൊല്ലരുതേ എന്ന രുഗ്മണിദേവിയുടെ പ്രാൎത്ഥനകൊണ്ടും, സ്വതവേതന്നെ കൊല്ലാനുദ്ദേശമില്ലാത്തതുകൊണ്ടും അതിൽക്കൂടുതലായൊന്നും ചെയ്തില്ല.

ഇത്രയുമായപ്പോഴയ്ക്കു ബലരാമനും, യാദവസൈന്യങ്ങളുംകൂടി രുഗ്മിയുടെ ഒരുമിച്ചു വന്നിരുന്ന സൈന്യങ്ങളെ മിക്കവാറും കൊന്നൊടുക്കി. ശേഷിച്ചവർ ഓടിപ്പോവുകയും ചെയ്തു. എല്ലാം ശാന്തമായപ്പോൾ ഭഗവാനെന്തു പററിയെന്നറിയാനായി ബദ്ധപ്പെട്ടു ബലരാമൻ തേരിന്നടുക്കൽ വന്നു നോക്കുമ്പോൾ അവമാനിതനായ രുഗ്മിയെ തേരിൽക്കണ്ടു രുഗ്മിണീദേവിക്കു മനസ്സിന്നസ്വാസ്ഥ്യമുണ്ടാവരുതെന്നു കരുതി ഭഗവാനെ കുറെയൊക്കെ ഗുണദോഷിച്ചു പറഞ്ഞു. അനന്തരം കാലത്തിൻെറ ഗതിയേയും, കൎമ്മഫലത്തിൻെറ അനിഷേദ്ധ്യതയേയും ചൂണ്ടിക്കാട്ടി രുഗ്മിണീദേവിയേയും പറഞ്ഞു സമാധാനിപ്പിച്ചു. രുഗ്മിയെ കെട്ടഴിച്ചുവിടുകയും ചെയ്തു. പാവം! രുഗ്മി പ്ര

തിജ്ഞ നിറവേററാൻ കഴിഞ്ഞില്ലെന്ന കാരണത്താൽ രാജധാനിയിൽ പ്രവേശിക്കാൻപോലും നിവൃത്തിയില്ലാതെ കുണ്ഡിനത്തിൻെറ സമീപത്തുള്ള ഭോജകടമെന്ന ഗ്രാമത്തിൽ താമസമുറപ്പിച്ചു. ഭഗവാൻ രുഗ്മിണീദേവിയോടും എല്ലാ പരിവാരങ്ങളോടുംകൂടി ദ്വാരകയ്ക്കു തിരിച്ചു. തങ്ങടെ ആരാദ്ധ്യദേവനും, സർവ്വസ്വവുമായ ശ്രീകൃഷ്ണപരമാത്മാവു രുഗ്മിണീദേവിയോടുകൂടി എഴുന്നള്ളുന്നുണ്ടെന്ന വർത്തമാനം കേട്ട ദ്വാരകാവാസികളായ ജനങ്ങൾ വളരെ ആഘോഷത്തോടുകൂടെ അവിടുത്തെ എതിരേല്ക്കാൻ തയ്യാറായി. എല്ലാ ആഡംബരങ്ങളോടുംകൂടി പട്ടണത്തിൻെറ അതിർത്തിയിൽ വന്നു് എതിരേററു കൂട്ടിക്കൊണ്ടു പോകയും ചെയ്തു. അനന്തരം ശുഭമുഹൂർത്തത്തിൽ ദ്വാരകയിൽവെച്ചു ഭഗവാൻെറയും രുഗ്മിണീദേവിയുടെയും വിവാഹോത്സവം മംഗളകരമാംവണ്ണം ആഘോഷിക്കപ്പെടുകയും ചെയ്തു. ദ്വാരകാവാസികൾ പ്രസ്തുത ഉത്സവത്തെ വേണ്ടപോലെ കൊണ്ടാടി.

ഇന്ദ്രിയങ്ങൾക്കു് അധീനനായിരിക്കുക എന്നതാണു് ജീവൻെറ മുഖ്യമായ പാരതന്ത്ര്യം. പഞ്ചേന്ദ്രിയങ്ങൾക്കു വശഗനായ ജീവന്നു് ആ നിലയിൽ ഇരുന്നുകൊണ്ടു് ഈശ്വരസന്നിധിയിലെത്താൻ വിഷമംതന്നെ. ഇവിടെ ഭീഷ്മകരാജാവിനെ ജഡമായിരിക്കുന്ന ശരീരമായും, രുഗ്മിണിയെ അവശനായ ജീവനായും, രുഗ്മിണിയുടെ അഞ്ചു സഹോദരന്മാരെ പഞ്ചേന്ദ്രിയങ്ങളായുമാണു് ചിത്രീകരിച്ചിരിക്കുന്നതു്. ഇന്ദ്രിയങ്ങൾ ജീവനെ അർത്ഥദാരപുത്രേഷണങ്ങളോടു ബന്ധിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കും. അതാണു് രുഗ്മി ശിശുപാലനുതന്നെ കൊടുക്ക

ണം രുഗ്മിണിയെ എന്നു ശഠിക്കുന്നതു്. ഓരോ ജീവനും വാസ്തവത്തിൽ സംസാരബന്ധത്തെ വിട്ടു് ഈശ്വരസന്നിധിയിലേയ്ക്കു പോവാൻ മോഹമുണ്ടു്. പക്ഷേ ഇന്ദ്രിയങ്ങളാകുന്ന ശത്രുക്കളെ ജയിക്കാൻ ശേഷിയില്ലാത്തതുകൊണ്ടു് അവശനായിത്തീരലാണു് പതിവു്. എന്നാൽ സുകൃതത്തിന്റെ ആധിക്യമുള്ള ജീവൻ എന്തൊക്കെ ക്ലേശങ്ങളനുഭവിക്കേണ്ടിവന്നാലും സംസാരബന്ധങ്ങളെ തട്ടിനീക്കി ഈശ്വരസന്നിധിയിലെത്തുന്നു. ഇതാണു് രുഗ്മിണീസ്വയംവരത്തിൽക്കൂടെ വെളിവാക്കുന്ന തത്വരഹസ്യം. അനുകൂലിയായ ബ്രാഹ്മണന്റെ സഹായംകൊണ്ടാണു് രുഗ്മിണിക്കു് എത്രയോ പ്രതിബന്ധങ്ങളുണ്ടായിരുന്നിട്ടും ശിശുപാലനെ തട്ടി നീക്കി ഭഗവാനെ വരിക്കാനും, ഭഗവാൻ സ്വീകരിക്കാനും ഇടയായതു്. പ്രാപ്തനും, അനുഭവരസികനുമായ ആചാര്യന്റെ സഹായംകൊണ്ടാണു് ഒരു ജീവൻ എല്ലാ പ്രതിബന്ധങ്ങളേയും അകററി സംസാരത്തിൽനിന്നു് ഈശ്വരങ്കലേയ്ക്കുയരുന്നതു്. അങ്ങനെയുള്ള മഹാത്മാവായ ആചാര്യനെയാണിവിടെ ബ്രാഹ്മണനെക്കൊണ്ടു ചിത്രീകരിച്ചിരിക്കുന്നതു്. ഇതിനൊക്കെ പുറമെ ഒരു ജീവനെന്തെല്ലാം ആനുകൂല്യങ്ങളോ കഴിവുകളോ ഉണ്ടായാലും പരതന്ത്രനാണു്. ഈശ്വരൻ ഇങ്ങോട്ടു വന്നു പിടിച്ചുകൊണ്ടു പോവുകതന്നെ വേണം. അങ്ങോട്ടു പോവാൻ വയ്യ. എന്നുള്ള തത്വരഹസ്യത്തേയും ഭഗവാന്റെ ബലാൽക്കാരേണയുള്ള രുഗ്മിണീഹരണം കൊണ്ടു സൂചിപ്പിച്ചിരിക്കുന്നു. ഇങ്ങനെ പല വൈദികരഹസ്യങ്ങളെയും വെളിവാക്കുന്ന ഒരു പുണ്യേതിഹാസമാണു് രുഗ്മിണീസ്വയംവരം.

## പ്രദ്യുമ്നാവതാരവും, ശംബരവധവും

പണ്ടു ശ്രീപരമേശ്വരന്റെ ക്രോധാഗ്നിയിൽ ദഹിച്ച് 'അനംഗ'നായ്ത്തീൎന്ന കാമദേവൻ വീണ്ടും ശരീരത്തോടുകൂടി ജനിക്കാൻ അവസരം നോക്കിയിരിക്കയായിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ് ഭഗവാന്റെ വിവാഹം കഴിഞ്ഞതു്. അപ്പോൾ രുഗ്മിണീദേവിയിൽക്കൂടെ ഭഗവൽപുത്രനായവതരിക്കാൻ തിച്ചപ്പെടുത്തിയ കാമദേവൻ ഭഗവാന്റെ ഹൃദയാന്തൎഭാഗത്തു സന്നിധാനം ചെയ്തു. ഭഗവാനിൽക്കൂടെ രുഗ്മിണിദേവിയുടെ ഉദരാന്തൎഭാഗത്തും പ്രവേശിച്ചു. ദേവിക്കു ഗൎഭമായി. ക്രമേണ ഗൎഭം വളരാൻ തുടങ്ങി. മുക്കുവന്മാരുടെ അധിപതിയായി ശംബരനെന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹം കാമദേവന്റെ കൈകൊണ്ടേ തനിക്കു മരണമുണ്ടാകാവൂ എന്നു വരവും വാങ്ങീട്ടുണ്ടായിരുന്നു. കാമദേവൻ അനംഗനായ്ക്കഴിഞ്ഞല്ലോ. ഇനി അദ്ദേഹത്തെ ഭയപ്പെടാനില്ലല്ലോ എന്നു കരുതിയാണ് കാമദേവന്റെ കൈകൊണ്ടു മരണം വരിച്ചതു്. അങ്ങനെ ഭയപ്പെടാനില്ലെന്നു കരുതിയ കാമദേവൻ ഇപ്പോൾ ശരീരത്തോടുകൂടി വരാൻ പോകയാണെന്ന വൎത്തമാനം ആ സാധു അറിഞ്ഞിട്ടില്ല. ശ്രീനാരദമഹൎഷി ഈ വൎത്തമാനങ്ങളൊക്കെ ശംബരനെ അറിയിച്ചു. രുഗ്മിണീദേവി ഗൎഭിണിയാണെന്നും, കാമദേവനെയാണ് പ്രസവിക്കാൻ പോവുന്നതെന്നും, കാമദേവൻ തന്റെ അന്തകനാണെന്നുമൊക്കെ അറിയാനിടവന്നപ്പോൾ ശംബരനു പരിഭ്രമമായി. ദുരന്തമായ ഈ ആപത്തിൽനിന്നു് ഒഴിവാൻ അദ്ദേഹം പല മാൎഗ്ഗങ്ങളും

ആലോചിച്ചു. അവസാനം ഒരു സൂത്രം കണ്ടുപിടിച്ചു. മായാവിദ്യകൊണ്ടു് ആരും കാണാതെ ദ്വാരകയിൽ രുഗ്മിണിദേവിയുടെ അന്തഃപുരത്തിൽ ചെന്നു പററിക്കൂടി പ്രസവിച്ച ഉടനെത്തന്നെ ശിശുവിനെ എങ്ങനെയെങ്കിലും നശിപ്പിക്കുക. ഇതായിരുന്നു ശംബരൻ കണ്ടുപിടിച്ച സൂത്രവിദ്യ. അതിന്നായി ഒരുങ്ങുകയുംചെയ്തു. ശ്രീനാരദമഹർഷി ശംബരഗൃഹത്തിൽ നിന്നിറങ്ങി നേരേ പോയതു 'രതി'ദേവിയെ അന്വേഷിച്ചുകൊണ്ടായിരുന്നു. തൻെറ പ്രാണനാഥനായ കാമദേവൻ ശ്രീപരമേശ്വരൻെറ ക്രോധാഗ്നിയിൽ ദഹിച്ചതുമൂലം വളരെ കാലമായി വിരഹദുഃഖത്തെ അനുഭവിച്ചുകൊണ്ടിരിക്കുന്ന 'രതി'ദേവിയെ ശ്രീനാരദമഹർഷി കണ്ടു. കാമദേവൻ ഭഗവൽപുത്രനായവതരിക്കാൻ പോവുന്നതും, എങ്ങിനെയെങ്കിലും ശംബരഗൃഹത്തിലെത്തിച്ചേരുമെന്ന വൃത്താന്തവും പറഞ്ഞുകൊടുത്തു. അതിനാൽ ശംബരഗൃഹത്തിൽ ചെന്നു കാത്തിരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

ശ്രീനാരദമഹർഷിയുടെ നിർദ്ദേശപ്രകാരം 'രതി'ദേവി അപ്പോൾത്തന്നെ തൻെറ സ്വരൂപം മറച്ചു 'മായാവതി' എന്ന ഒരു പുതിയ പേരോടും പുതിയ വേഷത്തോടുംകൂടി ശംബരഗൃഹത്തിൽ ചെന്നു തനിക്കു് എന്തെങ്കിലും പ്രവൃത്തി തന്നു തന്നെ അവിടെ താമസിപ്പിച്ചാൽ കൊള്ളാമെന്നപേക്ഷിച്ചു. ശംബരൻ മായാവതിക്കു് അടുക്കളപ്പണിയുടെ അദ്ധ്യക്ഷത കൊടുത്തു് അവിടെ താമസിപ്പിക്കുകയും ചെയ്തു. അങ്ങിനെ കഴിഞ്ഞുവരവേ ദ്വാരകയിൽ രുഗ്മിണീദേവിയുടെ ഗർഭം ക്രമേണ പരിപക്വാവ

സ്ഥയെ പ്രാപിക്കാൻ തുടങ്ങി. ശംബരൻ ഓരോ ദിവസവും ദ്വാരകയിൽ പോയി അന്വേഷിച്ചുകൊണ്ടിരിക്കുന്നുമുണ്ടു്. അങ്ങനെയിരിക്കുമ്പോൾ ദേവിയുടെ ഗർഭത്തിന്നു പരിപക്വത വന്നു പ്രസവം ആസന്നമായി. ശംബരൻ ആരും അറിയാതെ ദ്വാരകാന്തഃപുരത്തിൽ താമസം തന്നെയായി. ഒരു നല്ല ദിവസം അർദ്ധരാത്രിക്കുള്ള ശുഭമുഹൂർത്തത്തിൽ ദേവി കോമളനായൊരു കുമാരനെ പ്രസവിച്ചു. ഉറവുനോക്കിക്കൊണ്ടിരിക്കുന്ന ശംബരാസുരൻ പ്രസവം കഴിഞ്ഞ ഉടനെ ഏററവും സാമർത്ഥ്യത്തോടെ ആരും അറിയാതെ കുട്ടിയെ എടുത്തു സമുദ്രത്തിലേയ്ക്കെറിഞ്ഞു. കുട്ടിയെ കാണാതെ എല്ലാവരും പരിഭ്രമിച്ചു. എന്തു പററിയെന്നാർക്കും ഒന്നും മനസ്സിലായില്ല. അപ്പോൾ പ്രസവിച്ച കുട്ടിയെ കാണാനില്ല. ദ്വാരക മുഴുവൻ വ്യസനാക്രാന്തമായി. ശംബരന്നു സന്തോഷമായി. അയാൾ മടങ്ങിപ്പോവുകയും ചെയ്തു. എല്ലാം അറിയുന്ന ഭഗവാനെങ്കിലും കുട്ടിയെ കാണാതിരിക്കാനുള്ള കാരണത്തെപ്പററി ആരോടും ഒന്നും പറഞ്ഞതുമില്ല. അങ്ങനെ കുറേദിവസം കഴിഞ്ഞു. ആ സംഭവംതന്നെ ജനങ്ങളുടെ മറവിയിൽപ്പെട്ടുകയും ചെയ്തു. അങ്ങിനെയാണല്ലോ ലോകസ്വഭാവം. പുതിയ പുതിയ അനുഭവങ്ങളിലേയ്ക്കോടിക്കൊണ്ടിരിക്കുന്ന ലോകം കഴിഞ്ഞുപോയ അനുഭവങ്ങളെ മറക്കുന്നതു സ്വാഭാവികമാണു്. എന്തെങ്കിലും അനിഷ്ടം നേരിടുമ്പോൾ കലശലായി ദുഃഖിക്കും. നാലു ദിവസം കഴിഞ്ഞാൽ ആ സംഭവത്തെത്തന്നെ മറക്കുകയും ചെയ്യും. ഇങ്ങനെയുള്ള ലോകത്തിൽ ആരു് എന്തിനെയാണു് മറക്കാത്തതു്?

ഈശ്വരേച്ഛയുടെ മഹിമ അത്യത്ഭുതംതന്നെ. എന്തെല്ലാം പ്രതിബന്ധങ്ങളോ, വൈപരീത്യങ്ങളോ ഉണ്ടായാലും അതൊന്നും ഈശ്വരേച്ഛയ്ക്കു ബാധകമല്ല. അതു സർവ്വത്ര വിജയിച്ചേ തീരു. ജനിച്ച ഉടനെയുള്ള ഒരു ചോരക്കുഞ്ഞിനെ ആർത്തിരമ്പുന്ന ഭയങ്കരമായ സമുദ്രത്തിന്റെ മദ്ധ്യത്തിലേയ്ക്കെറിഞ്ഞാൽ ആ കുട്ടി ജീവിക്കുമെന്നെങ്ങിനെ വിശ്വസിക്കും? എന്നാൽ ഭഗവദിച്ഛകൊണ്ട് അതും അതിലും വലിയ കാര്യങ്ങളുമൊക്കെ സംഭവിക്കാം. അതാണ് ശംബരാസുരൻ എടുത്തെറിഞ്ഞ ചോരക്കുഞ്ഞു നടുക്കടലിൽ വീണിട്ടും മരിക്കാതെ രക്ഷപ്പെട്ടതു്. കുട്ടി വെള്ളത്തിൽ വീണതോടെ ഒരു വലിയ മത്സ്യം എന്തോ തിന്നാനുള്ള പദാർത്ഥമാണെന്നു കരുതി വിഴുങ്ങി. യാതൊരു കേടും പററാതെ കുട്ടി മത്സ്യത്തിന്റെ ഉദരത്തിൽ ചെന്നു വീണു. അവിടെ കിടപ്പായി. അന്നുതന്നെ ആ വമ്പൻമത്സ്യം മുക്കുവന്മാരുടെ വലയിൽ കുടുങ്ങുകയും ചെയ്തു. വല വലിച്ചുകേററിയപ്പോൾ ഈ വലിയ മത്സ്യത്തെ കണ്ടു മുക്കുവന്മാർ ആശ്ചര്യപ്പെട്ടു. അത്രയും വലിയ മത്സ്യത്തെ ഒരിക്കലും അവൎക്കു കിട്ടീട്ടുണ്ടായിരുന്നില്ല. അതിനാൽ ജാലികന്മാർ സന്തോഷഭരിതരായി. ജീവിതത്തിൽ ആദ്യമായി കിട്ടിയ ഈ വലിയ നിധി മഹാരാജാവിനു കാഴ്ചവെയ്ക്കണമെന്നവർ തീർച്ചപ്പെടുത്തി. അപ്പോൾത്തന്നെ മത്സ്യത്തെ കെട്ടിയെടുത്ത് അരമനയിലേയ്ക്കു യാത്രയായി. അവരുടെ മഹാരാജാവായ ശംബരന്റെ മുമ്പിൽവെച്ച് അവർ താണുതൊഴുതു. രാജാവും ഇത്ര വലിയ മത്സ്യത്തെ പണ്ടു കണ്ടിട്ടി

ല്ലാത്തതിനാൽ ആശ്ചയ്യപ്പെട്ടു. ഏതായാലും മുക്കുവന്മാക്ക സമ്മാനമൊക്കെ കൊടുത്തു പറഞ്ഞയച്ചു. മായാവതിയെ വിളിച്ചു മത്സ്യത്തെ ഏല്പിക്കുകയും ചെയ്തു. ആ പടുക്കുററൻ മത്സ്യത്തെക്കണ്ട മായാവതീസ്വരൂപിണിയായ രതീദേവി അതിലെന്തോ രഹസ്യമുണ്ടാവണമെന്നു കരുതി, അപ്പോഠത്തന്നെ മത്സ്യത്തെ എടുപ്പിച്ചു് ഒരു ഗൂഢസ്ഥലത്തു കൊണ്ടുവെപ്പിച്ചു. മററാരും കാണാതെ ഏകാകിനിയായിരുന്നു മത്സ്യത്തെ കീറിനോക്കിയപ്പോഠ വയററിൽ ഒരു ചെറിയ മനുഷ്യക്കുട്ടിയെക്കണ്ടു് ആശ്ചയ്യത്തോടേ കുട്ടിയെ എടുത്തു് ആരും അറിയാതെ രഹസ്യമായി വളത്തി വന്നു. കുട്ടിക്കു പ്രദ്യുമ്നനെന്നു പേരുമിട്ടു. ആ ശിശു തൻെറ ഭത്താവായ സാക്ഷാൽ കാമദേവൻതന്നെയാണെന്നു ശ്രീനാരദമഹഷിമുഖേന രതിദേവിക്കറിയാനും ഇടവന്നു. ഉത്സാഹത്തോടും, സന്തോഷത്തോടുംകൂടി കുട്ടിയെ വളത്തി വന്നു. ക്രമേണ കുട്ടിക്കു യൌവനാരംഭമായി. അപ്പോഠ രതിദേവിതന്നെ ആത്മവിദ്യയെ ഉപദേശിച്ചു വീയ്യശാലിയാക്കിത്തീക്കുകയും ചെയ്തു. അനന്തരം വത്തമാനങ്ങളൊക്കെ പറഞ്ഞുകൊടുത്തു. അതുവരേയും അമ്മയെന്നു കരുതപ്പെട്ടവഠ തൻെറ പത്നിയാണെന്നറിഞ്ഞു കാമദേവനും ചരിതാത്ഥനായി. താമസിയാതെ ശംബരനെ യുദ്ധത്തിനു വിളിച്ചു. അവർ തമ്മിൽ ഭയങ്കരമായ സംഘട്ടനം നടന്നു. അതിൽ പ്രദ്യുമ്നൻ ശംബരനെ കൊല്ലുകയും ചെയ്തു. ശത്രുവിനെക്കൊന്നു കൃതാത്ഥനായി പ്രദ്യുമ്നൻ പത്നിയോടുകൂടി ദ്വാരകയിലേയ്ക്കു യാത്രയായി. ഒരു ദിവസം അവിചാരിതമാ

യി ദ്വാരകാരാജധാനിയിൽ ആകാശത്തിൽനിന്നിറങ്ങു ന്ന ദമ്പതിമാരെക്കണ്ടു ദ്വാരകാവാസികളായ ജനങ്ങളൊക്കെ സംശയംകൊണ്ടും ആശ്ചൎയ്യംകൊണ്ടും സ്തബ്ധരായി. രുഗ്മിണിദേവിക്കുമാത്രം തൻെറ അകാലത്തിൽ കാണാതെ പോയ പുത്രനാണോ എന്നൊരു ശങ്കയുണ്ടായി. എല്ലാം അറിയുന്ന ഭഗവാൻ അപ്പോഴും പ്രസ്തുതസംഭവത്തെപ്പററി ഒന്നും പറഞ്ഞില്ല. അവിടെയും ശ്രീനാരദമഹൎഷിയാണു് വന്നു പരമാൎത്ഥം വെളിപ്പെടുത്തിക്കൊടുക്കുന്നതു്. സംഗതി അറിഞ്ഞപ്പോൾ എല്ലാവരും വളരെ സന്തോഷിച്ചു. മരിച്ചുപോയെന്നു കരുതിയ ഒരാൾ മടങ്ങിവന്നാൽ ആൎക്കാണു് സന്തോഷമുണ്ടാവാത്തതു്?

വരം വാങ്ങിയാലും ഇല്ലെങ്കിലും കാമദേവനാണു് പ്രായേണ എല്ലാ അസുരന്മാരേയും കൊല്ലുന്നതു്. അതായതു്, ആഗ്രഹങ്ങളെക്കൊണ്ടാണു് നശിക്കുന്നതെന്നൎത്ഥം. അതുതന്നെയാണു്, ശംബരാസുരനും വന്നുചേൎന്ന ഗതിയെന്നും, പ്രകൃതിയുടെ ഏതൊരു വൈപരീത്യവും ഈശ്വരൻെറ ഇച്ഛയ്ക്കു തടസ്ഥമല്ലെന്നും ഈ ഇതിഹാസത്തിൽക്കൂടെ വെളിപ്പെടുത്തിയിരിക്കുന്നു. നശിക്കാനുള്ള എല്ലാ ആനുകൂല്യങ്ങളും സമ്പൂൎണ്ണമായി വലയം ചെയ്തിട്ടും പിഞ്ചുകുട്ടി സമുദ്രത്തിൽവെച്ചു രക്ഷപ്പെട്ടതു് ഈശ്വരേച്ഛയുടെ മഹിമ മാത്രമാണു്. അമ്മയെന്നും, ഭാൎയ്യയെന്നും, പുത്രിയെന്നുമുള്ള വ്യത്യാസങ്ങളും, അതുമുഖേനയുള്ള ബന്ധങ്ങളുമൊക്കെ മനസ്സിൻെറ ഭാവനകളല്ലാതെ മറെറാന്നുമല്ല. ഒന്നും സങ്കല്പിക്കാതിരുന്നാൽ ഒരു ബന്ധവുമുണ്ടാവുന്നില്ല. സങ്കല്പങ്ങൾ വൎദ്ധിക്കുംതോ

റും ബന്ധങ്ങളും വർദ്ധിക്കുന്നു. ഏതു രൂപത്തിലാണോ സങ്കല്പം ആ രൂപത്തിലാണു് ബന്ധവും, എന്നു പ്രദ്യുമ്നനും, രതിദേവിയും തമ്മിലുള്ള സാഹചര്യത്തിൽക്കൂടെ വെളിപ്പെടുത്തിയിരിക്കുന്നു. ഇങ്ങിനെ ലൌകികങ്ങളും, വൈദികങ്ങളുമായ പല രഹസ്യങ്ങളേയും വെളിവാക്കിയ ഒരു പുണ്യേതിഹാസമാണു് ശംബരാസുരവധവും.

## സ്യമന്തകോപാഖ്യാനം

സത്രാജിത്തെന്നു പ്രസിദ്ധനായൊരു യാദവനുണ്ടായിരുന്നു അക്കാലത്തു ദ്വാരകയിൽ. അദ്ദേഹം വളരെക്കാലം ആദിത്യനെക്കുറിച്ചു കഠിനമായ തപസ്സുചെയ്തു. അതിൻെറ ഫലമായി ആദിത്യഭഗവാൻ സന്തോഷിച്ചു് അദ്ദേഹത്തിന്നു 'സ്യമന്തക'മെന്ന ഒരു ദിവ്യരത്നം കൊടുത്തു. വേണ്ടപോലെ ആ രത്നത്തെ പൂജിച്ചാൽ ദിവസേന എട്ടു ഭാരം കനകം കിട്ടും. സത്രാജിത്തിന്നാകപ്പാടേ വളരെ സന്തോഷമായി. സമ്പത്താണല്ലോ എല്ലാററിലുംവെച്ചു വലുതു്. അതു യഥേഷ്ടമുണ്ടായാൽ ഒരാൾക്കു സന്തോഷിക്കാൻ മറെറന്തു വേണം! സമ്പത്തിൻെറ പ്രൌഢികൊണ്ടു സത്രാജിത്തു ദ്വാരകയിൽ യാദവന്മാരുടെയിടയിൽ പ്രസിദ്ധനായി. ഭഗവാനും അദ്ദേഹത്തിൻെറ യോഗ്യതകളൊക്കെ അറിഞ്ഞു. ഒരു ദിവസം ഭഗവാൻ സത്രാജിത്തിനെ സമീപിച്ചു സ്യമന്തകരത്നം നാലുദിവസം തനിക്കു സൂക്ഷിക്കാൻ തന്നാൽകൊള്ളാമെന്നും, അതിനെത്ര സമ്പത്താണു് വേണ്ടതെങ്കിൽ പ്രതിഫലം കൊടുക്കാമെന്നും പറഞ്ഞു. അതു കേട്ടപ്പോൾ സത്രാജിത്തിന്നൊട്ടും തൃപ്തിയായില്ല. എത്രയോ സമ്പത്തു

ള്ള കൃഷ്ണൻ തൻെറ സമ്പത്തു കണ്ടസൂയപ്പെട്ടിട്ടാണ് ചോദിക്കുന്നതെന്നുപോലും ആ സാധു തെററിദ്ധരിച്ചു. മാത്രമല്ല, രത്നം കൊടുത്താൽ കൃഷ്ണൻ മടക്കിത്തന്നില്ലെങ്കിലോ എന്നുപോലും അദ്ദേഹത്തിന്നു സംശയമായി. അതിനാൽ എന്താണ് പറയേണ്ടതെന്നു സംശയമായി. ഭഗവാനോട്ട് അനിഷ്ടം പറയാൻ മടിയുണ്ട്. എന്നാൽ കൊടുക്കാനൊട്ടിഷ്ടവുമില്ല. ഈ നിലയ്ക്കു വിഷമിച്ച സത്രാജിത്ത് ഒന്നും മിണ്ടിയില്ല. അദ്ദേഹത്തിന്നിഷ്ടമില്ലാത്തതുകൊണ്ടാണ് മൌനം ഭജിച്ചിരിക്കുന്നതെന്നു ഭാവിച്ച ഭഗവാൻ പിന്നീടൊന്നും പറഞ്ഞതുമില്ല. വിശേഷസംഭവങ്ങളൊന്നുമില്ലാതെ പിന്നെ കുറെ ദിവസം കഴിഞ്ഞു. അങ്ങിനെയിരിക്കുമ്പോഠം സത്രാജിത്തിൻെറ അനുജനായ 'പ്രസേന'നെന്ന യാദവന്ന് ഒരു നായാട്ടുചെയ്താൽ കൊള്ളാമെന്നു തോന്നി. അതിന്നുള്ള ഒരുക്കങ്ങളൊക്കെ ചെയ്ത് ഒരു ദിവസം രാവിലെ പ്രസേനൻ നായാട്ടിന്നു പുറപ്പെട്ടു. കാട്ടിൽക്കൂടെ വളരെ ദൂരം പല മൃഗങ്ങളുടെ പിന്നാലേയും ഓടിയോടി കുറച്ചു കഴിഞ്ഞപ്പോഠം പ്രസേനൻ കൂട്ടുകാരിൽനിന്നു വേർപിരിഞ്ഞു് ഒററയായി. പിന്നെയും മൃഗങ്ങളെ ഓടിച്ചും കൊന്നും പാഞ്ഞുകൊണ്ടിരിക്കുമ്പോഠം അവിചാരിതമായി ഒരു ഗുഹാമുഖത്തൂടെ ഓടാനിടയായി. ഭയങ്കരനായ ഒരു സിംഹത്തിൻെറ ആവാസസ്ഥാനമായിരുന്നു പ്രസ്തുത ഗുഹ. ഗുഹാമുഖത്തു പ്രസേനനെത്തലും സിംഹം അട്ടഹസിച്ചുകൊണ്ടു പുറത്തേയ്ക്കു ചാടലും ഒന്നിച്ചുകഴിഞ്ഞു. പ്രസേനനെ അടിച്ചുകൊന്നു കണ്ഠത്തിലുള്ള രത്നവും കടിച്ചെട്ടു

ത്തുകൊണ്ടു സിംഹം യാത്രയായി. അപ്പോഴാണു് പടു വൃദ്ധനും, വാനരശ്രേഷ്ഠനുമായ ജാംബവാൻ ആ വഴിക്കു വന്നതു്. സിംഹത്തിൻെറ വായിൽ തിളങ്ങുന്ന എന്തോ ഒരു വസ്തു കണ്ടുവെന്നല്ലാതെ അതെന്താണെന്നു ജാംബവാന്നും മനസ്സിലായിട്ടില്ല. എങ്കിലും കണ്ണു മങ്ങിക്കുന്ന പ്രകാശംകൊണ്ടു് അതെന്തോ അസാധാരണമായൊരു ദിവ്യവസ്തുവായിരിക്കണമെന്നു തോന്നി. അതിനാൽ ജാംബവാൻ ആലോചിച്ചു നില്ക്കാതെ ചാടി സിംഹത്തെ ഒരടി കൊടുത്തു. സിംഹം മറിഞ്ഞുവീണു. രത്നവും എടുത്തുകൊണ്ടു വാനരശ്രേഷ്ഠൻ തൻെറ ഗുഹയിലേയ്ക്കു യാത്രതിരിച്ചു. പ്രകാശമാനമായ എന്തോ ഒരു പദാൎത്ഥവുംകൊണ്ടു വൃദ്ധൻ വന്നപ്പോഠം അതു കിട്ടാൻവേണ്ടി കുട്ടികഠം നിലവിളിക്കാൻ തുടങ്ങി. അതിൻെറ മാഹാത്മ്യവും, ഉപയോഗവുമറിയാത്ത ജാംബവാനാകട്ടെ, കുട്ടികഠക്കു കൊടുക്കുകയും ചെയ്തു. കുരങ്ങക്കുട്ടികഠക്കു സ്യമന്തകരത്നം കിട്ടിയപ്പോഠം വളരെ സന്തോഷമായി. പക്ഷേ അതുകൊണ്ടെന്തു ചെയ്യണമെന്നറിയാതെ അവരും വിഷമിച്ചു. അവസാനം പന്തുതട്ടിക്കളിക്കാൻ തീൎച്ചയാക്കി. അങ്ങിനെ സത്രാജിത്തിൻെറ വളരെക്കാലത്തെ കഠിനമായ തപസ്സിൻെറ ഫലമായി അദ്ദേഹത്തിൻെറ പൂജാഗൃഹത്തിൽ ദേവപീഠത്തിൽ ദേവതുല്യമായി വിളങ്ങിയിരുന്നതും, സാക്ഷാൽ ലക്ഷ്മീദേവിയെന്നപോലെ അവസാനമില്ലാത്ത സമ്പത്തിൻെറ അധിദേവതയും, പരമദിവ്യവുമായ സ്യമന്തകരത്നം കുരങ്ങക്കുട്ടികളുടെ കയ്യിൽ പന്തുതട്ടിക്കളിക്കാനുള്ള ഉപകരണമായി മാറി.

അങ്ങിനെ നാലഞ്ചു ദിവസം കഴിഞ്ഞു. നായാട്ടിന്നു പോയ അനുജനെ കാണാതെ സത്രാജിത്തു പരിഭ്രമിച്ചു. പോരെങ്കിൽ സ്യമന്തകരത്നവും കയ്യിലുണ്ട്. അതാണ് കൂടുതൽ പരിഭ്രമത്തിന്നു കാരണം. പോയ ദിവസംതന്നെ മടങ്ങിവരേണ്ടതായിരുന്നു. നാലഞ്ചു ദിവസം കഴിഞ്ഞിട്ടും മടങ്ങിവരാത്തതിനാൽ വല്ല ആപത്തും പററിയിരിക്കുമോ എന്നുപോലും ശങ്കയായി. ഏതായാലും സത്രാജിത്തു തൻെറ സ്നേഹിതന്മാരിൽ ചിലരെയൊക്കെ കൂട്ടി പ്രസേനനെ തിരയാൻ പുറപ്പെട്ടു. കാട്ടിൽക്കൂടെ കുറെയൊക്കെ തെണ്ടിനടന്നു. പക്ഷേ പ്രസേനൻെറ യാതൊരു വിവരവും കിട്ടിയില്ല. പ്രസേനൻ പോയ വഴിക്കായിരുന്നില്ല സത്രാജിത്തു പോയതു്. അതിനാൽ വളരെ നടന്നിട്ടും യാതൊരു പ്രയോജനവുമുണ്ടായില്ല. നിരാശനായി മടങ്ങിപ്പോന്നു. ആവശ്യമില്ലാത്തതും എന്നാൽ അപകടമുള്ളതുമായ മാൎഗ്ഗത്തിൽക്കൂടെ സഞ്ചരിക്കലാണല്ലോ മനസ്സിൻെറ പതിവു്. സത്രാജിത്തിൻെറ മനസ്സും അങ്ങിനെതന്നെയാണ് ചെയ്തതു്. പ്രസേനന്നെന്തു പററിയിരിക്കുമെന്നും, ആയതു് എങ്ങിനെ ആർമുഖേന സംഭവിച്ചിരിക്കുമെന്നും കാൎയ്യകാരണങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ടു ഗാഢമായി ചിന്തിച്ചു നോക്കി. സ്വതവേ സത്രാജിത്തിന്നോ, പ്രസേനന്നോ പറയത്തക്ക ശത്രുക്കളൊന്നുമില്ല. എന്നാൽ സ്യമന്തകരത്നം കാരണത്താൽ ചിലൎക്കൊക്കെ കുറേശ്ശ അസൂയയില്ലെന്നു പറഞ്ഞുകൂടാ എങ്കിലും അവയൊന്നും പ്രസേനന്നു ജീവനാശം ചെയ്യത്തക്കതല്ല. എന്നാൽ ഭഗവാൻ ശ്രീകൃഷ്ണന്നു് ആ

ദ്ദൃംതന്നെ സ്യമന്തകരത്നത്തിൽ കണ്ണുണ്ടു്. എന്തു ചെയ്യാനും കഴിവുള്ളവനുമാണു്. അതിനാൽ ശ്രീകൃഷ്ണനായിരിക്കണം പ്രസേനനെക്കൊന്നു സ്യമന്തകം അപഹരിച്ചതു്. എന്നീവഴിക്കാണു് സത്രാജിത്തിൻെറ ആലോചന പോയതു്.

മനുഷ്യകല്പിതമോ അല്ലെങ്കിൽ മനുഷ്യനറിയാൻ കഴിയുന്ന ദൃഷ്ടമോ ആയ കാരണങ്ങളിൽക്കൂടെയല്ലാതെ ഒരു കാൎയ്യവും ലോകത്തിൽ സംഭവിക്കാൻ വയ്യെന്നാണു് മനുഷ്യൻെറ വിചാരം. മരണത്തിന്നുപോലും ദൃഷ്ടമായ പ്രത്യക്ഷകാരണത്തെ അന്വേഷിച്ചു കണ്ടുപിടിക്കാൻ ശ്രമിക്കാറുണ്ടു്. ഏതൊരു കാൎയ്യം സംഭവിക്കാനും ദൃഷ്ടമായ കാരണം ആവശ്യമില്ലെന്നു വിശ്വസിക്കാൻ അധികമാരും തെയ്യാറില്ല. അങ്ങിനെതന്നെ ഒരിക്കലും സത്യത്തെ സ്പർശിക്കപോലും ചെയ്തിട്ടില്ലാത്ത ചപലമായ തൻെറ മനസ്സു തീൎച്ചപ്പെടുത്തുന്നതേ സത്യമാവൂ എന്നു് അവകാശപ്പെടാറുമുണ്ടു്. ആ പ്രകൃതി സത്രാജിത്തിലും വേണ്ടപോലെ പ്രകാശിച്ചു. താൻ തീൎച്ചപ്പെടുത്തിയതുതന്നെ സത്യമെന്നു് അദ്ദേഹം പൂൎണ്ണമായി വിശ്വസിച്ചു. കുറേശ്ശ പുറത്തേയ്ക്കു പറയാനും തുടങ്ങി. ഉള്ളതാവട്ടെ, ഇല്ലാത്തതാവട്ടെ, വലിയവരെക്കൊണ്ടു് അപരാധം പറയുമ്പോൾ സൂക്ഷിക്കണം. ശിക്ഷിക്കാനും, രക്ഷിക്കാനുമൊക്കെ കഴിവുള്ളവരാണല്ലോ വലിയ ആളുകൾ. അതിനാൽ അവരുടെ അപ്രീതിക്കു പാത്രമായാൽ എന്തെങ്കിലും ചില അനിഷ്ടാനുഭവങ്ങളൊക്കെ ഉണ്ടാവാം. അതൊക്കെ സത്രാജിത്തിനറിയാം. അതിനാൽ ആരോടും ഉറക്കെ പ

റഞ്ഞില്ല. പതുക്കെ ചെവിയിൽ മന്ത്രിച്ചേയുള്ളു. കേട്ട ആളുകളും അങ്ങിനെ ചെയ്തു. ഓരോരുത്തരും തങ്ങൾക്കു വിശ്വാസമുള്ളവരുടെ ചെവിയിൽ പറഞ്ഞു പറഞ്ഞു തന്നെ നാട്ടിലെല്ലാവരും അറിഞ്ഞു. ക്രമേണ അതു ഭഗവാൻെറ ചെവിയിലും എത്തി. ഭഗവാനാകട്ടെ ആ അപവാദത്തെത്തന്നെ മററനവധികാൎയ്യങ്ങൾ സാധിക്കാനുള്ള ഉപകരണമാക്കിത്തീൎത്തു. അതിൻെറ ഫലമായി അടുത്ത ദിവസംതന്നെ പ്രസേനനെ തിരഞ്ഞു കണ്ടുപിടിക്കാനും, സ്യമന്തകരത്നം വീണ്ടുകൊണ്ടുവരാനുംവേണ്ടി ഇഷ്ടന്മാരായ ചില യാദവന്മാരോടുകൂടി കാട്ടിലേയ്ക്കു പുറപ്പെട്ടു.

സൎവ്വജ്ഞനും, സൎവ്വസാക്ഷിയുമായ ഈശ്വരനു് ഏതൊന്നിനെ കാണാനാണു് അന്വേഷിക്കേണ്ടതു്! എങ്കിലും മനുഷ്യസഹജമായ ധൎമ്മത്തിൻെറ അഭിനയമാണല്ലോ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നതു്. അതിനാൽ കാട്ടിനുള്ളിൽക്കൂടെ നടന്നു വളരെനേരം തിരഞ്ഞു. അവസാനം കണ്ടുകിട്ടി. മരിച്ചുകിടക്കുന്ന പ്രസേനൻെറ ശവത്തെക്കണ്ടു. സ്യമന്തകരത്നം അവിടേയും കണ്ടില്ല. പിന്നീടു ജാംബവാൻെറ കാലടിപ്പാടിനെ പിൻതുടൎന്നു പോയിപ്പോയി ജാംബവാൻെറ ഗുഹാമുഖത്തെത്തി. അഗാധവും, അന്ധകാരാവൃതവുമായ ഗുഹയുടെ ഉള്ളിലേയ്ക്കു പോവുന്ന കാൎയ്യം ഭഗവാൻെറ ഒരുമിച്ചുണ്ടായിരുന്ന യാദവന്മാൎക്കു് അത്രമാത്രം ഹൃദ്യമായിത്തോന്നിയില്ല. അതിനാൽ അവർ മടിച്ചു. എന്നാൽ വരേണ്ടെന്നു പറഞ്ഞു് അവരെ പുറത്തു നിൎത്തി ഭഗവാൻ ഗുഹയുടെ ഉള്ളിലേ

യ്ക്കിറങ്ങിപ്പോയി. യാദവന്മാർ പുറത്തു കാവലുമായി. അങ്ങിനെ അഞ്ചാറു ദിവസങ്ങൾതന്നെ കഴിഞ്ഞുപോയി. ഗുഹയിലേയ്ക്കിറങ്ങിപ്പോയ ഭഗവാൻ അഞ്ചാറു ദിവസങ്ങളായിട്ടും മടങ്ങിവരുന്നില്ലെന്നു കണ്ടപ്പോൾ യാദവന്മാൎക്കു ഭയവും പരിഭ്രമവും വൎദ്ധിച്ചു. അവർ പിന്നീടവിടെ നില്ക്കാതെ ദ്വാരകയിലേയ്ക്കു മടങ്ങി. അവിടെ വന്നു് എല്ലാവരോടും ഉണ്ടായ സംഗതികളൊക്കെപ്പറഞ്ഞു. കേട്ട കേട്ട ആളുകളൊക്കെ കലശലായി വ്യസനിക്കുകയും സത്രാജിത്തിനെ ശപിക്കുകയും ചെയ്തു. ഭഗവാൻ ജീവിച്ചിരിപ്പുണ്ടോ അഥവാ മരിച്ചുവോ എന്നുപോലും അറിയാതെ എല്ലാവരും വളരെയധികം ദുഃഖിച്ചു. രാജസഭയിൽ വെച്ചു് എല്ലാവരുംകൂടി ആലോചിച്ചു് ഒരവധി നിശ്ചയിച്ചു. ആ അവധിക്കുള്ളിൽ ഭഗവാൻ മടങ്ങിവന്നില്ലെങ്കിൽ മരിച്ചതായിക്കണക്കാക്കാമെന്നും, എന്നാൽ അപ്പോൾ അനന്തരകൃത്യങ്ങളൊക്കെ ചെയ്യാമെന്നും തീൎച്ചപ്പെടുത്തി.

ഭഗവാനാകട്ടെ ഗുഹയിലേയ്ക്കിറങ്ങിച്ചെന്നപ്പോൾ കുരങ്ങുകുട്ടികൾ ഒരസാധാരണപുരുഷനെക്കണ്ടു ഭയപ്പെട്ടു നിലവിളിക്കാനും ഓടാനും തുടങ്ങി. ആൎക്കും പ്രവേശമില്ലാത്ത തൻെറ ഗുഹയ്ക്കുള്ളിൽ ആരോ കടന്നുകൂടിയിരിക്കുന്നുവെന്നു ജാംബവാനു മനസ്സിലായി. വയസ്സനും, കണ്ണിന്നു കാഴ്ചകുറഞ്ഞാളുമാണു് ജാംബവാനെങ്കിലും പൌരുഷത്തോടെ അലറി. ആരോ തൻെറ മുന്നിലെത്തി നില്പുണ്ടെന്നറിഞ്ഞപ്പോൾ വീണ്ടും അട്ടഹസിച്ചു മുഷ്ടി ചുരുട്ടിപ്പിടിച്ചിടിക്കാൻ തുടങ്ങി. ഇടി കൊണ്ടു ഭഗവാൻ

ഒന്നും മിണ്ടാതെ പുഞ്ചിരിക്കൊണ്ടു നിന്നതേയുള്ളു. വി ണ്ടും ഇടിച്ചു. തിരിച്ചും മറിച്ചും ഇടിതന്നെ. എത്രത ന്നെ ഇടിച്ചിട്ടും ശത്രുവിന്നു കോട്ടം തട്ടുന്നില്ലെന്നു കണ്ട പ്പോഠം ക്രോധം വൎദ്ധിച്ചു. കുറെ അധികം ഇടി കൊ ള്ളുമ്പോഠം ഓരോന്നു ഭഗവാനങ്ങോട്ടും കൊടുക്കാൻ തുട ങ്ങി. ജാംബവാൻെറ ക്രോധം വൎദ്ധിച്ചു വൎദ്ധിച്ചു് എ ന്തു വന്നാലും ശത്രുവിനെ കൊല്ലാതെ അടങ്ങാൻ വയ്യെ ന്ന നിലയായി. ഉച്ചത്തിൽ അട്ടഹസിച്ചും, ശ്രീരാമച ന്ദ്രൻെറ അപദാനങ്ങളേയും, തിരുനാമങ്ങളേയും കീൎത്തി ച്ചും, രാമരാവണയുദ്ധത്തിൽ താൻ കാണിച്ച പൌരുഷ ത്തേയും, പരാക്രമത്തേയും എടുത്തു പറഞ്ഞും, വീരവാദ ത്തോടെ ഭയങ്കരമാംവണ്ണം മുഷ്ടിയുദ്ധം ചെയ്തുകൊണ്ടിരു ന്നു. ഒന്നും മിണ്ടാതെ ഭഗവാനും ജാംബവാൻെറ ഇടി കളെ മൎമ്മസ്ഥാനത്തു തട്ടാൻ സമ്മതിക്കാതെ തടുത്തും ഇ ടയ്ക്കങ്ങോട്ടു കൊടുത്തും യുദ്ധം ചെയ്തുകൊണ്ടിരുന്നു. അ ങ്ങിനെ ഇരുപത്തേഴ ദിവസം കഴിഞ്ഞു. രാവും പകലു മില്ലാതെ, ഊണും, ഉറക്കവുമില്ലാതെ, വിശ്രമമോ, വി രാമമോ കൂടാതെ തുടൎച്ചയായി ഇരുപത്തേഴ ദിവസത്തെ യുദ്ധംകൊണ്ടു ജാംബവാൻ തളൎന്നു. തൻെറ യൌവന കാലത്തുതന്നെ ഇത്രയധികം ദിവസങ്ങളൊന്നിച്ചു യുദ്ധം ചെയ്യേണ്ടിവന്നിട്ടില്ല. എങ്കിലും പരാക്രമംകൊണ്ടു് ഒ രാഠംക്കും തന്നെ ഇതുവരെ തോല്പിക്കാൻ കഴിഞ്ഞിട്ടില്ല. ഈ വാൎദ്ധക്യകാലത്തിൽ അങ്ങിനേയും ഒരവമാനം അനു ഭവിക്കേണ്ടിവന്നുവല്ലോ എന്ന ആധികൊണ്ടും, നിസ്സാര നായ ഒരു മനുഷ്യൻ ഇത്രമാത്രം പൌരുഷത്തോടുകൂടി ത

ന്നോടെതിക്കുന്നുവല്ലോ എന്ന ആശ്ചര്യംകൊണ്ടും ജാംബവാൻെറ തളൎച്ച പൂൎവ്വാധികം വൎദ്ധിച്ചു. തീരെ വയ്യെന്ന നിലയായി. എങ്കിലും കീഴൊതുങ്ങാനോ, പിൻമാറാനോ അഭിമാനം സമ്മതിക്കുന്നുമില്ല. അതിനാൽ വല്ലാതെ ക്ഷീണിച്ചു തളൎന്നുവെങ്കിലും പിന്നേയും യുദ്ധം ചെയ്തുകൊണ്ടിരുന്നു. അധികം താമസിയാതെ തളൎന്നു പരവശനായി മോഹാലസ്യപ്പെട്ടു വീണു. വീണപ്പോൾ ഭഗവാനും യുദ്ധം നിൎത്തി. കുറേനേരം അങ്ങിനെ കിടന്ന, ശേഷം മോഹാലസ്യത്തിൽനിന്നുണൎന്നു. ഉണൎന്നപ്പോൾ ക്ഷീണംകൊണ്ടും, വേദനകൊണ്ടും എഴുനേല്ക്കാൻപോലും വയ്യ. ആധികൊണ്ടും, അവമാനംകൊണ്ടും അധികം തപ്തനുമായി. ആ കിടന്ന കിടപ്പിൽ വളരെ ഭക്തിയോടും, പരവശതയോടുംകൂടി തൻെറ സ്വാമിയായ ഭഗവാൻ ശ്രീരാമചന്ദ്രനെ ധ്യാനിച്ചു. അവശതയോടെ പല ആവലാതികളും പറഞ്ഞു. ഭഗവത്സ്വരൂപം മനസ്സിൽ നല്ലവണ്ണം തെളിഞ്ഞു പ്രകാശിച്ചു. ഒരു പുതിയ ഉണൎവ്വു കിട്ടി പെട്ടെന്നെഴുനേററു കൈകൊണ്ടു കൺപോളകളെ വിടൎത്തി നോക്കിയപ്പോൾ തൻെറ ഉപാസ്യദേവതയായ ശ്രീരാമചന്ദ്രനെക്കണ്ടു് ആശ്ചര്യപ്പെട്ടു ഭയഭക്തിപരിഭ്രമങ്ങളോടെ വാഴ്ത്തി വാഴ്ത്തി സ്തുതിച്ചു. വീണ്ടും വീണ്ടും വീണു നമസ്കരിച്ചു തൻെറ അവിവേകത്തെ പൊറുത്തനുഗ്രഹിക്കാനായി അപേക്ഷിച്ചു. ഭഗവാൻ വാത്സല്യത്തോടു കൂടുംവണ്ണം ജാംബവാനെ ദേഹം മുഴുവൻ തടവി ശിരസ്സിൽ രണ്ടു തൃക്കൈകളും വെച്ചനുഗ്രഹിച്ചു. കൃഷ്ണാവതാരസ്വരൂപത്തേയും ആവശ്യങ്ങളേയുമൊക്കെ പറഞ്ഞുകൊ

ട്ടത്തു. ഭഗവദ്ദൎശനംകൊണ്ടും, സ്പൎശനംകൊണ്ടും, അനുഗ്രഹംകൊണ്ടും എല്ലാ ക്ലേശങ്ങളും തീൎന്നു പൂൎവ്വാധികം ഓജസ്വിയും സന്തുഷ്ടനുമായ വാനരശ്രേഷ്ഠൻ ഭഗവാന്റെ ഉദ്ദേശത്തെ മനസ്സിലാക്കി വേഗത്തിൽ തന്റെ പുത്രിയായ ജാംബവതിയെന്ന കന്യകയേയും, സ്യമന്തകരത്നത്തേയും ഭഗവാനു കാഴ്ചവെച്ചു. രണ്ടുപഹാരങ്ങളേയും സ്വീകരിച്ചു ജാംബവാനെ അനുഗ്രഹിച്ചു ഭഗവാൻ ഗുഹയിൽനിന്നു പുറത്തു വന്നു. ഗുഹാമുഖത്തു നിൎത്തിപ്പോയ യാദവന്മാരെയൊന്നും അവിടെ കാണാതിരുന്നപ്പോൾ അവർ ദ്വാരകയിലേയ്ക്കു മടങ്ങിയിരിക്കുമെന്നു കരുതി നേരെ ദ്വാരകയിലേയ്ക്കു യാത്രതിരിച്ചു. അന്നായിരുന്നു യാദവരാജസഭയിൽവെച്ചു തീൎച്ചപ്പെടുത്തിയ അവധിയുടെ അവസാനദിവസം. അന്നു ഭഗവാൻ കന്യകയോടും സ്യമന്തകരത്നത്തോടുംകൂടി മടങ്ങിവന്നപ്പോൾ ദ്വാരകയിൽ മുഴുവൻ ആഹ്ലാദം അലതല്ലി. എല്ലാവരും അന്നേദിവസത്തെ ഉത്സവമായാഘോഷിച്ചു. പിറെറന്നുതന്നെ രാജസഭയിൽവെച്ചു സത്രാജിത്തിനെ വരുത്തി അദ്ദേഹത്തിന്റെ സ്യമന്തകരത്നത്തെ കൊടുക്കുകയും, അതിന്റെ എല്ലാ ചാരിത്രങ്ങളേയും പറഞ്ഞുകൊടുക്കുകയും ചെയ്തു. സത്രാജിത്താകപ്പാടെ ലജ്ജിതനായി. രത്നവുംകൊണ്ടു ഗൃഹത്തിൽ വന്നു് ഇനി എങ്ങിനെയാണീയപവാദത്തിൽനിന്നും, അപരാധത്തിൽനിന്നും രക്ഷപ്പെടേണ്ടതെന്ന ചിന്തയായി. തന്റെ പുത്രിയായ സത്യഭാമയെ ഭഗവാനു കൊടുക്കാൻ തീൎച്ചപ്പെടുത്തി. അതേ ഈ വിഷമഘട്ടത്തിൽ രക്ഷപ്പെടാൻ മാൎഗ്ഗമുള്ളു എന്നു നിശ്ചയിച്ചു വേ

റെ ഒരാറംക്ക വിവാഹം കഴിച്ചുകൊടുക്കാമെന്നു നിശ്ചയിച്ചിട്ടുണ്ടായിരുന്നെങ്കിലും തല്ക്കാലം ആരോടും ഒന്നും മിണ്ടാതെ പുത്രിയേയും സ്യമന്തകരത്നത്തേയും ഭഗവാൻെറ കാല്ക്കലപ്പിച്ചു നമസ്കരിച്ചു. കന്യകയെ ഭഗവാൻ സ്വീകരിച്ചു. സ്യമന്തകത്തെ സത്രാജിത്തിന്നുതന്നെ മടക്കിക്കൊടുക്കുകയും ചെയ്തു. ഒരു ശുഭമുഹൂത്തത്തിൽ ജാംബവതിയും, സത്യഭാമയുമാകുന്ന രണ്ടു കന്യകമാരേയും ഭഗവാൻ വിവാഹം കഴിക്കുകയും ചെയ്തു.

പിന്നീടു വിശേഷസംഭവങ്ങളൊന്നും കൂടാതെ കുറെ ദിവസം സുഖമായിക്കഴിഞ്ഞുകൂടിക്കൊണ്ടിരിക്കുമ്പോറം ഒരു ദിവസം ഭഗവാൻ ബലരാമനോടുകൂടെ പാണ്ഡവന്മാരെ കാണാൻവേണ്ടി ഹസ്തിനപുരത്തേയ്ക്കു പോയി. പാണ്ഡവന്മാരാൽ വേണ്ടുംവണ്ണം മാനിക്കപ്പെട്ടുകൊണ്ടവിടെ താമസിച്ചുവരുമ്പോറം ദ്വാരകയിൽ ചില അനിഷ്ടസംഭവങ്ങളൊക്കെയുണ്ടായി. ശതധന്വാവെന്നൊരു യാദവന്നായിരുന്നു സത്യഭാമയെ വിവാഹം കഴിച്ചുകൊടുക്കാമെന്നു നിശ്ചയിച്ചിട്ടുണ്ടായിരുന്നതു്. അക്രൂരനും, കൃതവർമ്മാവുംകൂടി അദ്ദേഹത്തിൻെറ അടുത്തു ചെന്നു ചില കുസൃതികളൊക്കെപ്പറഞ്ഞു. യാതൊരാവശ്യവുമുണ്ടായിട്ടല്ല. ആവശ്യമില്ലെങ്കിലും എന്തെങ്കിലും കുസൃതിത്തരങ്ങറം ആരെക്കൊണ്ടെങ്കിലും പറയാൻ അവസരം കിട്ടിയാൽ അതു പാഴാക്കാതെ വേണ്ടപോലെ ഉപയോഗപ്പെടുത്തലാണല്ലോ പലരുടേയും സ്വഭാവം. അതു ചിലപ്പോറം നല്ലവരെക്കൂടി ബാധിക്കാറുമുണ്ടു്. അക്രൂരനേയും ആ ദുർമ്മം ബാധിച്ചുവെന്നതു് അതിശയമായിത്തോന്നാം.

എങ്കിലും അങ്ങിനെ സംഭവിച്ചു. അതിൻെറ ഫലമായി ശതധന്വാവിന്നു വിദ്വേഷം ആളിക്കത്തി. അയാ‌ൾ അന്നു രാത്രിതന്നെ ഉറങ്ങിക്കിടക്കുന്ന സത്രാജിത്തിനെ ഉണൎത്തുകപോലുംചെയ്യാതെ വെട്ടിക്കൊന്നു. സ്യമന്തകരത്നവുംകൊണ്ടു ഗൃഹത്തിലേയ്ക്കു മടങ്ങിപ്പോരികയും ചെയ്തു. പിറേറന്നു പ്രഭാതമായപ്പോഴേയ്ക്കു പ്രസ്തുത അത്യാഹിതവൎത്തമാനം നാടുമുഴുവൻ പരന്നു. ആരോ ശത്രുക്ക‌ൾ സത്രാജിത്തിനെക്കൊന്നു രത്നവും കൊണ്ടുപോയിരിക്കുന്നു എന്ന വൎത്തമാനം യാദവന്മാരെല്ലാവരും വളരെ വ്യസനത്തോടും ഉൽക്കണ്ഠയോടുംകൂടി ശ്രവിച്ചു. സത്യഭാമ വ്യസനംകൊണ്ടും, പ്രതികാരബുദ്ധികൊണ്ടും ആവിഷ്ടയായി. ഗൃഹത്തിൽ വന്നു് അച്ഛൻെറ ശവശരീരം കേടുവരാതിരിക്കാൻ എണ്ണയിലിട്ടുവെച്ചു താൻതന്നെ ഭഗവാനോടു വിവരം പറയാൻ ഹസ്തിനപുരത്തേയ്ക്കു യാത്രയായി. പാണ്ഡവരാജധാനിയിൽ ചെന്നു ഭഗവാനോടു വിവരങ്ങളൊക്കെ അറിയിച്ചു. ബലരാമനും, ഭഗവാനും, പാണ്ഡവന്മാരും എല്ലാവരും വളരെ വ്യസനിച്ചു. അപ്പോ‌ൾത്തന്നെ അവർ സത്യഭാമയോടുകൂടി ദ്വാരകയിലേയ്ക്കു മടങ്ങി. സത്രാജിത്തിൻെറ ഉത്തരകൎമ്മങ്ങളൊക്കെ ചെയ്തുകഴിഞ്ഞശേഷം അന്വേഷണത്തിൽ ശതധന്വാവായിരിക്കും ശത്രുവെന്നറിഞ്ഞു് അയാളെ തിരക്കി പുറപ്പെട്ടു. ഇങ്ങിനെയൊക്കെ സംഭവിക്കുമെന്നു ശതധന്വാവും ഓൎക്കായ്കയില്ല. അതിനാൽ അദ്ദേഹം ഭഗവാൻ തന്നെത്തിരക്കിപ്പുറപ്പെടുന്നതിന്നുമുമ്പുതന്നെ അക്രൂരൻെറയും, കൃതവൎമ്മാവിൻേറയും അടുക്കെ ചെന്നു ഭഗവാൻ യു

ദ്ധത്തിന്നു വന്നാൽ തന്നെ സഹായിക്കാൻ വരണമെന്നപേക്ഷിച്ചു. പക്ഷേ അതിന്നവർ തയ്യാറായില്ല. സർവ്വശക്തനായ ഈശ്വരനോട് ആർക്കാണെതിർക്കാൻ കഴിയുന്നതു്! അതിനാൽ അക്കാര്യത്തിൽ തങ്ങളെ പ്രതീക്ഷിക്കേണ്ടതില്ലെന്നു് അവർ രണ്ടാളും ഒരുപോലെ തീർത്തുപറഞ്ഞു. ശതധന്വാവിന്നവരുടെ ന്യായം ഒട്ടും രുചിച്ചില്ല. "നിങ്ങൾ പറഞ്ഞിട്ടല്ലേ ഞാൻ സത്രാജിത്തിനെ കൊല്ലാൻ പോയതു്? അപ്പോൾ നിങ്ങളെന്നെ സഹായിക്കാൻ ചുമതലപ്പെട്ടവരല്ലേ?" എന്നുപോലും ശതധന്വാവു ചോദിച്ചു. പക്ഷേ അതിന്നവരുടെ മറുപടി "ഞങ്ങൾ യുദ്ധത്തിൽ സഹായിക്കാമെന്നു പറഞ്ഞിട്ടില്ലെ"ന്നായിരുന്നു. ക്രോധാവിഷ്ടനായ ശതധന്വാവു സ്യമന്തകരത്നം അക്രൂരൻെറ നേർക്കൊരേറുംകൊടുത്തു് ഓടിപ്പോയി. പ്രാണഭയത്തോടെ ഓടി രക്ഷപ്പെടാൻ ശ്രമിക്കുന്ന ശതധന്വാവിനെ ബലരാമനും, ഭഗവാനും പിൻതുടൎന്നു. മുന്നിലും പിന്നിലുമായി അവർ ഓടിയോടി മിഥിലാരാജധാനിയുടെ പരിസരത്തിലെത്തിയപ്പോഴേയ്ക്കു ഭഗവാൻ ശതധന്വാവിനെ പിടിച്ചു് ഉടനെ കൊന്നു. ദേഹം മുഴുവൻ പരിശോധിച്ചു നോക്കി. പക്ഷേ സ്യമന്തകരത്നം കണ്ടില്ല. നിരാശയോടെ ബലരാമനോടു പറഞ്ഞു, രത്നം ശതധന്വാവിൻെറ കയ്യിലില്ലെന്നു്. സ്യമന്തകം കിട്ടാതിരുന്ന സ്ഥിതിക്കു് അയാളെ കൊല്ലേണ്ടിയിരുന്നില്ലെന്നു തോന്നി. പക്ഷേ കൊന്നുകഴിഞ്ഞുവല്ലോ. പിന്നെ പറഞ്ഞിട്ടെന്തു കാര്യം? എന്നാൽ സ്യമന്തകരത്നം എവിടെപ്പോയി എന്നായി പിന്നത്തെ ആലോചന. വല്ലവരുടെ കയ്യിലും സൂക്ഷിക്കാൻ കൊടുത്തിട്ടുണ്ടായിരിക്കും.

അതിനാൽ ദ്വാരകയിൽത്തന്നെ പോയി അന്വേഷി ച്ചാൽ തുമ്പുണ്ടാവുമെന്നു പറഞ്ഞു ബലരാമൻ. അന ന്തരം ഭഗവാൻ ദ്വാരകയിലേയ്ക്കു മടങ്ങി. എന്നാൽ ബ ലരാമൻ മിഥിലാരാജധാനിയിലേയ്ക്കു പോയി. മിഥിലാ രാജാവിൻെറ സല്ക്കാരങ്ങളെ സ്വീകരിച്ചുകൊണ്ടു കുറച്ചു ദിവസം അവിടെ താമസിച്ചു. അക്കാലത്തായിരുന്നു മിഥിലയിൽവെച്ചു ദുര്യോധനൻ ബലരാമൻെറ ശിഷ്യ ത്വം വരിച്ചു ഗദായുദ്ധം അഭ്യസിച്ചതു്.

ശതധന്വാവിനെക്കൊന്നു ഭഗവാൻ ദ്വാരകയിലേ യ്ക്കു മടങ്ങിയെത്തുന്നതിന്നു മുമ്പുതന്നെ അക്രൂരൻ കാശി യിലേയ്ക്കു പോയി. സ്യമന്തകരത്നം ആരുടെ കയ്യിലുണ്ടോ ആ ആളായിരിക്കണം സത്രാജിത്തിനെ കൊന്നതെന്നു ധരിക്കാനാണല്ലോ ന്യായം. എന്നാൽ വാസ്തവത്തിൽ അക്രൂരൻ സത്രാജിത്തിനെ കൊന്നിട്ടില്ല. എങ്കിലും അ ബദ്ധത്തിൽ സ്യമന്തകരത്നം കയ്യിൽ വന്നുചേരുകയും ചെയ്തു. ഇതു മററാരാളറിഞ്ഞാൽ എന്തു ധരിക്കുമെന്നു ള്ള ലജ്ജകൊണ്ടായിരുന്നു അക്രൂരൻ ആരോടും ഒന്നും പ റയാതെ കാശിക്കു പോയതു്. കാശിരാജാവുമായി ഒരു ബ ന്ധമുണ്ടുതാനും. ഒരു കാശിരാജാവിൻെറ മകളാണു് ത ൻെറ അമ്മ. അതിനാൽ വത്തമാനകാലത്തെ രാജാവു മായും അകന്ന നിലയിലുള്ള ഒരു ബന്ധമെങ്കിലും ഉണ്ടു്. ഏതായാലും കുറെ ദിവസം അവിടെ പോയി താമസി ക്കാമെന്നു കരുതി ആരോടും ഒന്നും പറയാതെ അക്രൂരന ങ്ങോട്ടു പോയി. എല്ലാം അറിയുന്ന ജ്ഞാനസ്വരൂപനാ യ ഭഗവാനു കാര്യമൊന്നും അറിയായ്കയില്ലെങ്കിലും ഒന്നും

അറിഞ്ഞതായി ഭാവിച്ചില്ല. അങ്ങിനെ കുറച്ച ദിവസം കഴിഞ്ഞപ്പോൾ ദ്വാരകയിൽ മഴയില്ലാഞ്ഞു വല്ലാത്ത ബുദ്ധിമുട്ടുണ്ടായി. വെള്ളമില്ലാതെ പലരും വിഷമിക്കാൻ തുടങ്ങി. വൃദ്ധന്മാരും, ആപ്തന്മാരുമായ യാദവന്മാരെ വിളിച്ചു വരുത്തി മഴ പെയ്യാതിരിക്കാനുള്ള കാരണമെന്തെന്നന്വേഷിച്ചു. അപ്പോൾ അവർ അക്രൂരൻെറ അച്ഛനായ ശ്വഫൽക്കൻേറയും, അതു വഴിക്ക് അക്രൂരൻേറയും യോഗ്യതകളെ പറഞ്ഞുകൊടുത്തു. പണ്ടു കാശിരാജ്യത്തു വളരെക്കാലം മഴപെയ്യാതെ വിഷമിക്കാനിടവന്നപ്പോൾ രാജാവു പരിഭ്രമിച്ചു പണ്ഡിതന്മാരെ വിളിച്ചുവരുത്തി മഴപെയ്യാനെന്തുവേണമെന്നു ചോദിച്ചു. സുകൃതിയായ ഒരാൾ രാജ്യത്തു വന്നാൽ മഴ പെയ്യുമെന്നു പറഞ്ഞു അവർ. അന്നു തൻെറ സാന്നിദ്ധ്യംകൊണ്ടു മഴ പെയ്യിച്ചു താൻ സുകൃതിയാണെന്നു തെളിയിച്ചതു് അക്രൂരൻെറ പിതാവായ ശ്വഫൽക്കനായിരുന്നു. സന്തുഷ്ടനായ മഹാരാജാവു ശ്വഫൽക്കങ്കൽ തനിക്കുള്ള ആദരവിനെ കാണിക്കാനാണു് തൻെറ പുത്രിയെത്തന്നെ അദ്ദേഹത്തിന്നു വിവാഹം കഴിച്ചുകൊടുത്തതു്. അതിലാണു് അക്രൂരൻ ജനിച്ചതു്. അച്ഛൻെറ യോഗ്യതകൾ മിക്കവാറും അക്രൂരന്നുമുണ്ടു്. അതിനാൽ അക്രൂരൻ ഇവിടെ ഇല്ലാത്തതുകൊണ്ടാണു് മഴ പെയ്യാത്തതു്; അദ്ദേഹത്തെ വരുത്തിയാൽ മഴ പെയ്യും. ഇതായിരുന്നു വൃദ്ധന്മാരുടെ അഭിപ്രായം. ഉടനെത്തന്നെ ഭഗവാൻ കാശിയിലേയ്ക്കാളെ അയച്ചു, അക്രൂരനെ കൂട്ടിക്കൊണ്ടുവരാൻവേണ്ടി.

സ്യമന്തകരത്നവുംകൊണ്ടു കാശിരാജധാനിയിലെത്തിയ അക്രൂരൻ തൻെറ കയ്യിൽ ഇങ്ങിനെ ഒരു രത്നമു

ണ്ടെന്നു് ആരേയും അറിയിക്കാതെത്തന്നെ അസ്വസ്ഥ നായി താമസിച്ചുവന്നു. അങ്ങിനെ ഇരിക്കുമ്പോഴാണു് ഒരു ദിവസം ഭഗവാൻെറ ദൂതൻ അക്രൂരനെ കൂട്ടിക്കൊണ്ടുവരാൻവേണ്ടി അവിടെ എത്തിയതു്. അപ്പോഠംത്തന്നെ യാത്രയും പറഞ്ഞിട്ടു ദൂതൻെറകൂടെ ദ്വാരകയിലേയ്ക്കു മടങ്ങുകയും ചെയ്തു. കണ്ടു ഉടനെത്തന്നെ സ്യമന്തകരത്നം അങ്ങയുടെ കയ്യിലുണ്ടെന്നറിയാമെന്നാണു് ഭഗവാനാദ്യം പറഞ്ഞതു്. അതു രാജസദസ്സിൽ കാണിച്ചു് എല്ലാ വത്തമാനങ്ങളും പറയാൻ ആവശ്യപ്പെടുകയും ചെയ്തു. അതുപ്രകാരം ചെയ്തതിനാൽ അക്രൂരൻെറ അപവാദവും നീങ്ങി. ഇതാണു് സ്യമന്തകോപാഖ്യാനത്തിലെ കഥാഭാഗം. ഇനി ഇതിൽ ഉള്ളൊതുക്കിയ ആദ്ധ്യാത്മികവും, ധാമ്മികവുമായ തത്വങ്ങളെ പ്രകാശിപ്പിക്കാം.

മനുഷ്യശരീരത്തെത്തന്നെയാണു് സ്യമന്തകരത്നമാക്കി ഉപന്യസിച്ചിരിക്കുന്നതു്. സത്രാജിത്തു വളരെക്കാലം തപിച്ചു, പ്രസ്തുത രത്നം കിട്ടാൻ. ഒരു ജീവൻ വളരെ തപിക്കണം മനുഷ്യശരീരം കിട്ടാൻ. വേണ്ടപോലെ വെച്ചു പൂജിച്ചാൽ എട്ടു ഭാരം കനകം ദിവസേന വിളയുന്നതാണു്. അതായതു വേണ്ടപോലെ ഉപയോഗിച്ചാൽ അഷ്ടൈശ്വര്യങ്ങളും വിളയുന്നതാണു്. പക്ഷേ ഈശ്വരങ്കൽ അപ്പിക്കണം. ശ്രീകൃഷ്ണന്നു കൊടുക്കാത്തതുകൊണ്ടാണല്ലോ സ്യമന്തകരത്നം ജാംബവാൻെറ കയ്യിലെത്താനിടവന്നതു്. ചപലവും അവിവേകപൂണ്ണവുമായ മനസ്സിനെയാണു് ജാംബവാനായി ചിത്രീകരിക്കുന്നതു്. വിവേകമാകുന്ന ദൃഷ്ടി അടഞ്ഞു് അന്ധമായി കുരങ്ങിനെ

പ്പോലെ അത്യന്തചപലമായിരിക്കുന്ന മനസ്സുതന്നെ ജാംബവാൻ. മനുഷ്യശരീരത്തെ ഈശ്വരാർപ്പണം ചെയ്യാതിരുന്നാൽ പിന്നെ ചപലവും അന്ധവുമായ മനസ്സിനാണു് അധീനമാവുന്നതു്. അപ്പോൾ ഇന്ദ്രിയങ്ങളാകുന്ന കുട്ടികൾക്കു പന്തുതട്ടിക്കളിക്കാൻ കൊടുക്കുകയും ചെയ്യും. അപ്പോൾ ഈശ്വരശിക്ഷയ്ക്കു പാത്രമാവേണ്ടിയും വരുന്നു. ഇതാണു് പ്രസ്തുതകഥയിലെ താത്വികരഹസ്യം.

ഐതിഹ്യങ്ങൾ

പ്രമാണരൂപേണയല്ലെങ്കിലും ഐതിഹ്യരൂപേണ ഗ്രഹിക്കാൻ കഴിയുന്ന ചില സംഗതികൾ പല കഥകളിലുമുണ്ടു്. അതിലൊന്നു മഥുരയിൽവെച്ചു ഭഗവാൻ ആദ്യം കൊന്ന വെളുത്തേടൻെറ കഥയാണു്. അവൻ പൂർവ്വജന്മത്തിൽ ശ്രീരാമചന്ദ്രനു് അപരാധം പറഞ്ഞ വണ്ണാനായിരുന്നുവെന്നാണു്. അങ്ങിനെതന്നെ കളഭം കൊടുത്ത സൈരന്ധ്രി പൂർവ്വജന്മത്തിലെ ശൂർപ്പണഖയായിരുന്നുവെന്നും പറയാറുണ്ടു്. ഇതേനിലയിൽത്തന്നെ ജാംബവാനും ഭഗവാനും തമ്മിൽ യുദ്ധമുണ്ടാവാനും, ജാംബവതിയെ വിവാഹം കഴിക്കാനും ചില കാരണങ്ങൾ പറയാറുണ്ടു്. രാമരാവണയുദ്ധത്തിൽ ഭഗവാൻെറ അപാരവും, അസാധാരണവുമായ പരാക്രമം കണ്ടു ജാംബവാൻ അതിശയിക്കുകയും കൊതിക്കുകയും ചെയ്തുവത്രെ. ഇങ്ങിനെയുള്ള ഒരു യോദ്ധാവിനോടു യുദ്ധം ചെയ്യാൻ സാധിച്ചാൽ ഭാഗ്യമായെന്നു തോന്നി. പക്ഷേ അപ്പോൾ ശ്രീരാമഭക്തനായതുകൊണ്ടു ഭഗവാനോടു യുദ്ധം ചെയ്യാൻ വയ്യല്ലോ. അതു സാധിപ്പിക്കാനാണു് ശ്രീകൃഷ്ണാവതാരത്തിൽ ഗുഹ

യിലേയ്ക്കു ചെന്നതും യുദ്ധം ചെയ്തതുമെന്നു പറയാറുണ്ട്. അങ്ങിനെതന്നെ രാവണവധം കഴിഞ്ഞു് അയോദ്ധ്യയിൽ വന്നു പട്ടാഭിഷേകമൊക്കെക്കഴിഞ്ഞു് ഓരോരുത്തരേയും സമ്മാനിച്ചു യാത്രയാക്കിയ കൂട്ടത്തിൽ ജാംബവാനേയും സമ്മാനം കൊടുത്തു യാത്രയാക്കി. അപ്പോഠം ജാംബവാൻ തൻെറ പുത്രിയെ സ്വീകരിക്കണമെന്നപേക്ഷിച്ചുവത്രെ. ശ്രീരാമാവതാരത്തിൽ ഏകപത്നീവ്രതമായതിനാൽ നിവ്വാഹമില്ലെന്നും, അടുത്ത അവതാരത്തിൽ വരിക്കാമെന്നും, അതുവരേയും പുത്രിയുടെ യൌവനത്തിന്നു കുറവില്ലാതിരിക്കട്ടെയെന്നു ഭഗവാൻ അനുഗ്രഹിച്ചുവെന്നും പറഞ്ഞു വരുന്നു. അതാണത്രെ ജാംബവതിയെ ഭഗവാൻ വരിക്കാനും കാരണം. ഇങ്ങിനെ രസകരങ്ങളായ പല തത്വങ്ങളോടുംകൂടിയതാണു് സ്യമന്തകോപാഖ്യാനമാകുന്ന ഇതിഹാസം.

ഈ കോലാഹലങ്ങളും ജാംബവതീവിവാഹവും കഴിഞ്ഞു കുറച്ചു ദിവസം ദ്വാരകയിൽ താമസിച്ചശേഷം വീണ്ടും ഭഗവാൻ ഇന്ദ്രപ്രസ്ഥത്തിലേയ്ക്കു പോയി. പാണ്ഡവന്മാരാൽ വേണ്ടുംവണ്ണം സല്ക്കരിക്കപ്പെട്ടു കുറച്ചു ദിവസം അവരോടുകൂടി അവിടെ താമസിച്ചുവന്നു. അക്കാലത്തൊരുദിവസം ഭഗവാൻ അജ്ജ്ജനനോടുകൂടി നായാട്ടിന്നു പോയി. യമുനാതീരത്തുവെച്ചു് ആദിത്യപുത്രിയായ കാളിന്ദിയെന്ന കന്യകയെ കാണാനിടയായി. അവഠം ഭഗവാൻ തൻെറ ഭത്താവായിത്തീരണമെന്ന ഉദ്ദേശത്തോടെ വളരെക്കാലമായി കാളിന്ദീനദിയുടെ ജലാന്തഭാഗത്തു തപസ്സുചെയ്തുകൊണ്ടിരിക്കയാണെന്നറിഞ്ഞു. കന്യകയുടെ

അപേക്ഷയെ പുരസ്കരിച്ച് അവളെ കൂട്ടിക്കൊണ്ടുപോന്നു ഭഗവാൻ വിവാഹം കഴിച്ചു. പിന്നെയും കുറച്ചു ദിവസംകൂടി പാണ്ഡവരാജധാനിയിൽത്തന്നെ താമസിച്ചു. അക്കാലത്തു വിശ്വകർമ്മാവെന്ന ദേവശില്പിയെ വരുത്തി പാണ്ഡവന്മാൎക്കു വളരെ വിശേഷപ്പെട്ട കെട്ടിടങ്ങൾ പണിയിച്ചുകൊടുത്തു. അഗ്നിദേവനുവേണ്ടി അൎജ്ജുനൻ ഖാണ്ഡവവനത്തെ ദഹിക്കാൻ വിട്ടുകൊടുത്തപ്പോൾ ഇന്ദ്രൻ യുദ്ധത്തിന്നു വന്നു. ഭഗവാൻെറ സാരഥ്യംകൊണ്ട് അൎജ്ജുനന്ന് ഇന്ദ്രനെ ജയിച്ച് അഗ്നിയെ തൃപ്തിപ്പെടുത്താൻ കഴിഞ്ഞു. സന്തുഷ്ടനായ അഗ്നിദേവൻ അൎജ്ജുനന്നു ദിവ്യമായ ഒരു വില്ലും, ശരമവസാനിക്കാത്ത ആവനാഴിയും, നാലു വെള്ളക്കുതിരകളേയും കൊടുത്തു. അനന്തരം മയനെന്ന അസുരശില്പിയെക്കൊണ്ടു പാണ്ഡവന്മാൎക്കു വളരെ വിശേഷപ്പെട്ടതും അനവധി മായാഘടനകളോടുകൂടിയതുമായ ഒരു സഭാമണ്ഡപവും പണിയിച്ചുകൊടുത്തു. ആ സഭാമണ്ഡപത്തിലാണ് പില്ക്കാലത്തു ജലസ്ഥലഭ്രാന്തികൊണ്ടു ദുൎയ്യോധനന്നു മളി പിണഞ്ഞത്. അനന്തരം ദ്വാരകയ്ക്കു മടങ്ങി. ദ്വാരകയിൽ മടങ്ങിയെത്തിയതിന്നുശേഷമാണ് കാളിന്ദിവിവാഹം ആഘോഷിച്ചത്. അവന്തിരാജാവിൻെറ പുത്രിയായ മിത്രവിന്ദയേയും ഭഗവാൻ വിവാഹം കഴിച്ചു. കന്യകയുടെ സോദരന്മാരായ വിന്ദൻ, അനുവിന്ദൻ എന്നീ രണ്ടു രാജകുമാരന്മാർ ദുൎയ്യോധനൻെറ പക്ഷപാതികളായിരുന്നുവെങ്കിലും വിവാഹമണ്ഡപത്തിൽവെച്ചു ഭഗവാൻ അവരുടെ സഹോദരിയെ ദുൎയ്യോധനന്നു കൊടുക്കാൻ സമ്മതിക്കാതെ കൊണ്ടുപോരികയാണുണ്ടായത്. ഇതിന്നു പുറമെ സത്യ,

കൈകേയി, ലക്ഷ്മണാ എന്നീ മൂന്നു കന്യകമാരെക്കൂടി ഭഗവാൻ വിവാഹം കഴിച്ചു. അപ്പോഠം രുഗ്മിണി, സത്യഭാമ, ജാംബവതി, കാളിന്ദി, മിത്രവിന്ദ, സത്യ, കൈകേയി, ലക്ഷ്മണ ഇങ്ങനെ എട്ടു കന്യകമാരെ ഭഗവാൻ വിവാഹം കഴിച്ചു. ഇവരാണു് അവിടുത്തെ പ്രസിദ്ധകളായ അഷ്ടമഹിഷിമാർ. ഇതിനു പുറമെ നരകാസുരനെ കൊന്നു് അയാളുടെ ജയിലിൽനിന്നു മോചിപ്പിച്ച പതിനാറായിരം കന്യകമാരേയും ഭഗവാൻ വിവാഹം കഴിച്ചു.

## നരകാസുരവധം

ഭൂമിദേവിയുടെ പുത്രനായ നരകാസുരൻ അക്കാലത്തു വലിയ ശക്തനും അഹങ്കാരിയുമായി ലോകം മുഴുവൻ ഉപദ്രവിക്കാൻ തുടങ്ങി. സ്വർഗ്ഗലോകത്തു ചെന്നു ദേവന്മാരെ കഠിനമായി ഉപദ്രവിച്ചു. ദേവമാതാവായ അദിതിദേവിയുടെ കടകകുണ്ഡലങ്ങളെക്കൂടി തട്ടിപ്പറിച്ചു കൊണ്ടുപോന്നു. ഭൂമിയിലുള്ള മിക്ക രാജാക്കന്മാരോടും എതിർത്തു യുദ്ധംചെയ്തു് അവരെയൊക്കെ തോല്പിച്ചു. അസംഖ്യം ക്ഷത്രിയകന്യകമാരെ ബലാൽക്കാരേണ പിടിച്ചുകൊണ്ടുവന്നു ജയിലിൽവെച്ചു. അങ്ങനെ അയാളുടെ പരാക്രമം സ്വർഗ്ഗത്തിലും ഭൂമിയിലും ഒരുപോലെ നിർബ്ബാധം നടന്നുകൊണ്ടിരിക്കെ ശ്രീനാരദമഹർഷി ഒരു ദിവസം ദ്വാരകയിൽ വന്നു ഭഗവാനോടു വിവരങ്ങളൊക്കെപ്പറഞ്ഞു. ഭഗവാൻ അപ്പോഠംത്തന്നെ സത്യഭാമാദേവിയോടുംകൂടി വാഹനമായ ഗരുഡന്റെ പുറത്തു കയറി പ്രാഗ്ജ്യോതിഷപുരമെന്ന നരകാസുരന്റെ നഗരത്തേയും കോ

ട്ടയേയും ആക്രമിക്കാനായിപ്പുറപ്പെട്ടു. അഗ്നിദുൎഗ്ഗം ജലദുൎഗ്ഗം, ശസ്ത്രദുൎഗ്ഗം എന്നീ ദുൎഗ്ഗങ്ങളെക്കൊണ്ടു് ആവൃതമായ കോട്ടയ്ക്കുപരിമണ്ഡലത്തിലെത്തിയപ്പോൾ ഗരുഡന്റെ ചിറകടിയുടെ ശക്തികൊണ്ടുതന്നെ ദുൎഗ്ഗങ്ങളൊക്കെപ്പൊളിഞ്ഞു. ഭഗവാൻ കോട്ടയ്ക്കകത്തു കടന്നു ശംഖനാദം മുഴക്കി നരകാസുരനെ പോരിന്നു വിളിച്ചു. അതു കേൾക്കേണ്ടതാമസം അവന്റെ സംഘങ്ങളൊക്കെ ഇളകിവശായി. ആദ്യംതന്നെ നരകാസുരന്റെ സഹോദരനായ മുരകാസുരനാണു് സൈന്യസമേതം യുദ്ധത്തിന്നു വന്നതു്. അവനെപ്പോഴും വെള്ളത്തിന്നടിയിലാണത്രെ താമസം. ഭഗവാന്റെ ശംഖനാദം കേട്ടിട്ടാണു് പൊന്തിവന്നതു്. പരാക്രമശാലിയും, പഞ്ചമുഖനുമായ മുരകാസുരനോടു ഭഗവാൻ കുറെ നേരം യുദ്ധം ചെയ്തു. അവന്റെ ഒരുമിച്ചു വന്ന സൈന്യങ്ങളെയൊക്കെ ആദ്യം കൊന്നു. അനന്തരം തൃച്ചക്രംകൊണ്ടു മുരകാസുരന്റെയും കണ്ഠം മുറിച്ചുകൊന്നു. വിവരം ധരിച്ച പ്രതാപശാലിയായ നരകാസുരൻ ക്രുദ്ധനായി അട്ടഹസിച്ചുകൊണ്ടു വേഗത്തിൽ അസംഖ്യം സൈന്യങ്ങളോടും ആയുധങ്ങളോടുംകൂടി യുദ്ധത്തിന്നു വന്നു. വളരെ ദിവസങ്ങൾതന്നെ ഭഗവാൻ അവനോടു കഠിനമായി പൊരുതേണ്ടിവന്നു. കയ്യൂക്കുകൊണ്ടും, ആയുധബലംകൊണ്ടും അഭ്യാസശക്തികൊണ്ടും അസാമാന്യയോദ്ധാവായ നരകാസുരന്റെ യുദ്ധവൈദഗ്ദ്ധ്യം ഭഗവാനെപ്പോലും അത്ഭുതപ്പെടുത്തി. എന്നുമാത്രമല്ല, നരകാസുരന്റെ ആയുധമേററു ഭഗവാൻ കുറച്ചു സമയം മോഹാലസ്യപ്പെടാൻപോലും ഇ

ടയായി. പക്ഷേ ഔചിത്യബോധമുള്ള ക്ഷത്രിയകന്യക യായ സത്യഭാമാദേവി ആ സന്ദൎഭം ദുരുപയോഗപ്പെടു ത്താതെ ഭഗവാൻ മോഹാലസ്യപ്പെട്ടപ്പോഠം വില്ലെടുത്തു് നരകാസുരനോടു യുദ്ധം ചെയ്തു. സത്യഭാമയുടെ ചില ആയുധങ്ങഠം നരകാസുരനേററുകഴിഞ്ഞപ്പോഴയ്ക്കു ഭഗ വാൻ ഉണൎന്നു വീണ്ടും യുദ്ധം ചെയ്തു് അവനെ കൊല്ലുക യും ചെയ്തു. വരാഹാവതാരത്തിൽ ഭഗവാനു ഭൂദേവിയി ലുണ്ടായ സന്താനമാണു് നരകാസുരനെന്നാണു് ഐതി ഹ്യം. അതിനാൽ തൻെറ പുത്രൻ മരിച്ചപ്പോഠം വി ശ്വംഭരാദേവി കലശലായി വ്യസനിച്ചു നിലവിളിച്ചുകൊ ണ്ടോടിവന്നു ഭഗവാനെ സ്തുതിച്ചു നമസ്കരിച്ചു. വംശം നശിപ്പിക്കാതിരിക്കാനപേക്ഷിക്കുകയും ചെയ്തു. ഭൂമിദേ വിയുടെ പ്രാൎത്ഥനയെ പുരസ്കരിച്ചു നരകാസുരൻെറ വംശം തൽക്കാലം നശിപ്പിക്കേണ്ടെന്നു നിശ്ചയിച്ചു. അ തിനാൽ അവൻെറ പുത്രനായ ഭഗദത്തനു പ്രാഗ്ജ്യോ തിഷപുരത്തിൻെറ അധികാരം വിട്ടുകൊടുത്തു. എങ്കി ലും അരമനയിലുണ്ടായിരുന്ന എല്ലാ സമ്പത്തുകളും ഭഗ വാൻ പിടിച്ചെടുത്തു. നാലുകൊമ്പുള്ളവയും, ഐരാവ തകുലോൽഭൂതങ്ങളുമായ കുറെ ആനകളും അവിടെയുണ്ടാ യിരുന്നു. അതിൽ ഒരാനയെ മാത്രം ഭഗദത്തനു പിതൃ സ്വത്തായിക്കൊടുത്തു. ബാക്കിയെല്ലാം ദ്വാരകയിലേയ്ക്കു യച്ചു. അനാവശ്യമായി ജയിലിലിട്ടടച്ച പതിനാറായി രം ക്ഷത്രിയകന്യകമാരേയും ഭഗവാൻ മോചിപ്പിച്ചു മംഗ ളസ്നാനം ചെയ്യിച്ചു നല്ല വസ്ത്രങ്ങളും, ആഭരണങ്ങളും, അന്നപാനീയങ്ങളുമൊക്കെ കൊടുത്തു് അവരവരുടെ രാ ജ്യത്തേയ്ക്കു പോയ്ക്കൊള്ളാൻ പറഞ്ഞയച്ചുവെങ്കിലും അവ

രെല്ലാവരും ദ്വാരകയിലേയ്ക്കു പോരാനാണിഷ്ടപ്പെട്ടതു്. അപ്പോൾ അവരേയും ദ്വാരകയ്ക്കു കൊണ്ടുപോന്നു. അനന്തരം ഒരു ശുഭമുഹൂർത്തത്തിൽ പ്രസ്തുത പതിനാറായിരം കന്യകമാരേയും ഭഗവാൻ, അത്രയും സ്വരൂപമായിപ്പരിണമിച്ചു്, ഒപ്പം വിവാഹം കഴിച്ചു. അവർക്കെല്ലാവർക്കും പ്രത്യേകം പ്രത്യേകം അന്തഃപുരങ്ങളും സമൃദ്ധമായ സമ്പത്തും, സുലഭങ്ങളായ സാമഗ്രികളും അനുഗ്രഹിച്ചുകൊടുത്തു. ലക്ഷ്മീവല്ലഭനായ ഭഗവാൻ ശ്രീനാരായണനെ ഭർത്താവായിക്കിട്ടിയ ഭാഗ്യവതികളായ ആ ക്ഷത്രിയസ്ത്രീകളും ഏററവും ചരിതാർത്ഥകളായി.

അങ്ങനെ കഴിഞ്ഞുവരുമ്പോൾ ഒരു ദിവസം രസകരമായൊരു സംഭവമുണ്ടായി. ഭഗവാൻ രുക്മിണീദേവിയുടെ അന്തഃപുരത്തിൽ വൈകുന്നേരത്തെ നിത്യകൃത്യങ്ങളൊക്കെ കഴിഞ്ഞു്, ഭക്ഷണവും കഴിച്ചു്, ശയ്യാഗൃഹത്തിൽ പ്രവേശിച്ചു. ഏററവും ഭക്തിശ്രദ്ധകളോടെ ദേവി ഭഗവാനെ ശുശ്രൂഷിച്ചു. താംബൂലം, പാദസംവാഹനം, വീജനം എന്നീ ശുശ്രൂഷകളെക്കൊണ്ടു് അവിടുത്തെ ഉപചരിച്ചുകൊണ്ടിരിക്കുമ്പോൾ ഭഗവാൻ ദേവിയെ പരീക്ഷിക്കാൻവേണ്ടി ഇങ്ങിനെ പറയാൻ തുടങ്ങി: "അല്ലേ രുക്മിണി! നീയെന്തൊരു വിഡ്ഢിയാണു്! നിന്നെ വരിക്കാൻവേണ്ടി കൊതിച്ചുകൊണ്ടു് എത്ര വലിയ വലിയ രാജാധിരാജന്മാരാണവിടെ വന്നിരുന്നതു്. അവരെയെല്ലാം നിരസിച്ചു വരാത്ത എന്നെ ആളയച്ചുവരുത്തി വരിച്ചതു് എന്തു ഗുണം കണ്ടിട്ടാണു്? വാസ്തവത്തിൽ ഒരു ഗുണവും എനിക്കില്ല. ദോഷങ്ങളാണെങ്കിൽ പല

ത്തുമുണ്ടുതാനും. ബലവാന്മാരായ ആളുകളോടു വൈരമു ണ്ടാക്കിത്തീൎത്തു നാട്ടിലിരിക്കാൻ വയ്യാതെ നാടും വീടും വിട്ടു സമുദ്രമദ്ധ്യത്തിൽ താമസിച്ചും, നിസ്സാരന്മാരും, നി സ്വന്മാരുമായവരുടെ കൂട്ടുകെട്ടുകൊണ്ടു കഴിഞ്ഞുകൂടിയും, പ്രായേണ ഒന്നിലും പ്രത്യേകമമതയോ ഒന്നിൻെറയും പ്ര ത്യേകബോധമോ ഇല്ലാതെയും കഴിയുന്ന എന്നോടു ചേ ൎന്നതുകൊണ്ടു നിണക്കെന്തു മെച്ചമാണുള്ളതു്? കഷ്ടമായി പ്പോയി. ആലോചനയില്ലാഞ്ഞിട്ടാണു് ഇങ്ങിനെ ചെ യ്തതെന്നു പറയണം. എൻെറ ഗുണഗണങ്ങളെ ജനങ്ങ ളുടെ മുഖത്തുനിന്നു കേട്ടിട്ടാണു് നീ എന്നെ വരിച്ചതെ ന്നു പണ്ടു ദൂതൻ മുഖേന പറഞ്ഞയച്ചുവല്ലോ. എന്നാൽ ആരാണെൻെറ ഗുണഗണങ്ങളെ പാടുന്നതു്? വെറുതെ തെണ്ടി നടക്കുന്ന ഒന്നിനും കൊള്ളരുതാത്ത ചില ഭിക്ഷു ക്കളെല്ലാതെ മററാരും എൻെറ ഗുണങ്ങളെ കീൎത്തിക്കാറി ല്ല. നിസ്സാരന്മാരായ അവരുടെ വാക്കു് ആരും ശ്രദ്ധി ക്കാറുമില്ല. അതു കേട്ടിട്ടാണു് നിണക്കീ അബദ്ധം പി ണഞ്ഞതെങ്കിൽ കഷ്ടമായി. ശിശുപാലാദികളിൽ ആ രെയെങ്കിലും ഒരാളെ വരിച്ചിട്ടുണ്ടായിരുന്നെങ്കിൽ എ ന്തെല്ലാം നന്മകളുണ്ടാകുമായിരുന്നു! എത്ര സുഖമായി ക ഴിയാമായിരുന്നു! അതൊന്നും ആലോചിക്കാതെ നിണ ക്കു വന്നുചേൎന്ന ഈ അബദ്ധത്തിൽ ഞാൻ പരിതപിക്കു ന്നു. പോട്ടെ, ഏതെങ്കിലും വന്നതു വന്നുകഴിഞ്ഞുവല്ലോ. അതിന്നിനി പറഞ്ഞിട്ടു കാൎയ്യമില്ല. എന്നാൽ ഇപ്പോഴും നിൻെറ സുഖജീവിതത്തിന്നുള്ള മാൎഗ്ഗം അടഞ്ഞുകഴിഞ്ഞി ട്ടില്ല. ഞാൻ ഒന്നിലും വിശേഷിച്ചു് ആഗ്രഹമുള്ളവന ല്ല. അതിനാൽ നീ എന്നെ ശുശ്രൂഷിച്ചുകൊണ്ടു് ഇവി

ടെത്തന്നെ കഴിയണമെന്നെനിക്കിച്ഛയില്ല. ഇപ്പോഴും നീ എന്നെ വിട്ട ശിശുപാലാദികളിൽ ആരെയെങ്കിലും വരിക്കാൻ പോവുന്നുവെങ്കിൽ എനിക്കതിൽ അപ്രിയമില്ല. അതിനാൽ വേണമെങ്കിൽ പോയ്ക്കോളു. എനിക്കു വിരോധമില്ല. എന്നാൽ സുഖമായി കഴിയാം" എന്നിങ്ങനെയുള്ള ഭഗവാൻെറ വാക്കു രുഗ്മിണീദേവിയെ വല്ലാതെ പരിഭ്രമിപ്പിച്ചു. തന്നെ ഭഗവാൻ ഉപേക്ഷിക്കുമോ എന്നുപോലും ആ പാവം ഭയപ്പെട്ട പരവശയായി. നിരാശകൊണ്ടും പരിഭ്രമംകൊണ്ടും പാരവശ്യംകൊണ്ടും ആൎത്തയും, തപ്തയുമായ ദേവി തളൎന്നു, ദേഹം മുഴുവൻ വിയൎത്തും, വിറച്ചും ക്രമേണ നില്ക്കാൻ ശേഷിയില്ലാതെ മോഹാലസ്യപ്പെട്ട നിലത്തു വീണു. അതു കണ്ടപ്പോഴയ്ക്കു ഭഗവാൻെറ മനസ്സലിഞ്ഞു. വേഗം വാരിയെടുത്തു മടിയിൽ കിടത്തി ഉപചാരങ്ങളെക്കൊണ്ടും, സ്നേഹമസൃണങ്ങളായ വാക്കുകളെക്കൊണ്ടും ഉണൎത്താൻ ശ്രമിച്ചു. ഇത്രത്തോളം പരവശപ്പെടുത്തേണ്ടിയിരുന്നില്ലെന്നുപോലും തോന്നി. ഏതായാലും ഭഗവാൻെറ വിദഗ്ദ്ധമായ ശുശ്രൂഷകൊണ്ടു് അധികം താമസിയാതെ ദേവി ഉണൎന്നു. പ്രജ്ഞയുണൎന്നേഴനേററശേഷം ഭഗവാൻെറ ഓരോ വാക്കിനേയും നിരൂപിച്ചുകൊണ്ടു ദേവി മറുപടി പറഞ്ഞു.

"അങ്ങു പറഞ്ഞതു വളരെ വാസ്തവമാണു്. സത്വരജസ്തമസ്സുകളാകുന്ന ഗുണങ്ങളുടെ ലേശംപോലും വേച്ച്ങ്ങയ്ക്കില്ലാത്തതുകൊണ്ടു് അവിടുന്നു തികച്ചും നിൎഗ്ഗുണനാണു്. അങ്ങനെയുള്ള ഒരാൾക്കു് ഒരു ഗുണവുമില്ലെന്നു പറഞ്ഞാൽ തെററില്ലല്ലോ. വിഷയികളായ മൂഢന്മാ

രെ ഭയന്നു് അവരിൽനിന്നും അവിടുന്നകന്നിരിക്കുന്നു വെന്നതും പരമാൎത്ഥമാണു്. ബലവാന്മാരെന്നു പറയപ്പെടുന്ന ശിശുപാലാദികൾക്കുള്ളതു് ഈ ശരീരത്തിൻെറ ബലമാണു്. അല്ലാതെ ആത്മവീൎയ്യം അവൎക്കില്ല. അങ്ങാണെങ്കിൽ ശരീരത്തെ അറിയുകപോലും ചെയ്യാതെ എപ്പോഴും ആത്മസ്വരൂപനായിത്തന്നെ വിളങ്ങുന്നു. അതിനാൽ അവിടുത്തെ ആത്മവീൎയ്യത്തോടെതിൎക്കാൻ ആൎക്കാണു് കഴിയുന്നതു്? അവിടുത്തെ മഹിമയെ ഭിക്ഷുക്കളല്ലാതെ മററാരാണു് പാടുന്നതു്? വിഷയികളായ മൂഢന്മാൎക്കു വിഷയങ്ങളെയല്ലാതെ വിഷയാതീതനും, അമൃതസ്വരൂപനുമായ ഈശ്വരനാകുന്ന അങ്ങയുടെ മഹിമയെപ്പററി എന്തറിയാം? അതിനെ അറിയാനും, സ്തുതിക്കാനും അവൎക്കു സമയമെവിടെ? അവരുടെ ആയുസ്സു മുഴുവൻ വിഷയസേവനത്തിനുള്ളതല്ലേ? അങ്ങനെയുള്ളവൎക്കവിടുത്തെ മഹിമ പാടാൻ സാധിക്കുന്നതെങ്ങിനെ? മററുള്ളവർ പാടുന്നതിനെ കേൾക്കാൻതന്നെ അവൎക്കു ശ്രദ്ധയോ, സമയമോ ഇല്ല. പിന്നെയാണോ പാടുന്നതു്? അങ്ങനെതന്നെ ശിശുപാലാദികൾ ആഗ്രഹിക്കുന്നതു് ശരീരത്തെയാണു്. ഞാൻ ശരീരമല്ലെന്നവർ മനസ്സിലാക്കീട്ടില്ല. അവർ സ്വയം ശരീരമായാണു് കഴിയുന്നതും. തങ്ങളുടെ ശരീരംകൊണ്ടു സുഖിക്കാൻ കഴിയാത്തതുകൊണ്ടാണവർ മലപിണ്ഡമാകുന്ന മറെറാരു ശരീരത്തെ ആഗ്രഹിക്കുന്നതു്. അതുകൊണ്ടു സുഖിക്കാൻ പററുമെന്നാണവരുടെ വ്യാമോഹം. ഇതാണവരുടെ വിവാഹം. തൻെറ ശരീരംതന്നെ തനിക്കു ദുഃഖകാരണമാണെങ്കിൽ പിന്നെ മറെറാരു ശരീരംകൊണ്ടാണോ സുഖിക്കുന്നതു്? ഇതൊ

നും അവക്കറിഞ്ഞുകൂടാ. അവരൊക്കെ വെറും ജഡങ്ങളായ ശരീരങ്ങളാണു്. അങ്ങാണെങ്കിൽ അമൃതസ്വരൂപനായ ആത്മാവുമാണു്. ഞാൻ ആത്മാവിനെയാണു്, മലപിണ്ഡമാകുന്ന ശരിരത്തെയല്ല, എൻെറ ഭത്തൃത്വേന വരിച്ചിരിക്കുന്നതു്. അതിനാൽ ഞാനേററവും സംതൃപ്തയും, ചരിതാത്ഥയുമാണു്.''

ഇപ്രകാരമുള്ള രുഗ്മിണീദേവിയുടെ വാക്കുകൾ ഭഗവാനെ ഏററവും സന്തോഷിപ്പിച്ചു. ഇങ്ങിനെ ഭഗവാൻെറയും രുഗ്മിണീദേവിയുടേയും സൌരതസല്ലാപസ്വരൂപമായ പ്രസ്തുത വാക്കുകളിൽക്കൂടെ ദാമ്പത്യത്തിൻെറ എല്ലാ മമ്മങ്ങളേയും വെളിവാക്കിയിരിക്കുന്നു. വധു വരൻെറയും വരൻ വധുവിൻെറയും ശരീരത്തെയല്ലാ, വിവാഹം കഴിക്കേണ്ടതും, സ്നേഹിക്കേണ്ടതും; ആത്മാവിനെയാണു്. ആത്മാവു് ഈശ്വരസ്വരൂപമാണു്. അതിനാൽ ആനന്ദമയമാണു്. അതു രണ്ടല്ല; ഒന്നാണു്. അതിനാൽ ആത്മാവിനെ പരിണയിക്കുകയും, സ്നേഹിക്കുകയും ചെയ്യുന്ന ദമ്പതിമാക്കു് എപ്പോഴും സുഖിക്കാനും, ആനന്ദിക്കാനും, ഒരിക്കലും വിയോജിക്കാതിരിക്കാനും കഴിയും. ഇതുതന്നെ ദാമ്പത്യത്തിൻെറ മമ്മം.

പതിനാറായിരത്തെട്ടു പത്നിമാർ ഭഗവാനുണ്ടായിയെന്നു പറഞ്ഞുവല്ലോ. അവരിൽ ഓരോരുത്തരിലും പ്രത്യേകം പതിപ്പത്തു പുത്രന്മാരുമുണ്ടായി. ചിലരിൽ പുത്രിമാരുമുണ്ടായെന്നു കരുതണം. ഉദാഹരണത്തിന്നു രുഗ്മിണിദേവിക്കു പത്തു പുത്രന്മാക്കു പുറമെ ഒരു പുത്രിയേയും പറയുന്നുണ്ടു്. കൃതവമ്മാവിൻെറ പുത്രനാണു് രുഗ്മി

ണീപുത്രിയെ വിവാഹം കഴിക്കുന്നതെന്നും പറയുന്നുണ്ടു്. എന്നാൽ ആക്കെല്ലാം പുത്രിമാരുണ്ടായിയെന്നു കൃത്യമായിപ്പറഞ്ഞിട്ടില്ല. പുത്രന്മാരാകട്ടേ പൊതുവെ എല്ലാ പത്നിമാക്കും പത്താൾവീതമുണ്ടായെന്നു കീർത്തിച്ചിട്ടുണ്ടു്. പ്രസിദ്ധകളായ അഷ്ടമഹിഷികളുടെ പുത്രന്മാരുടെ പേരുകളേയും കീർത്തിച്ചിട്ടുണ്ടു്. വംശത്തിൻെറ പുത്രപൌത്രസന്താനരൂപേണയുള്ള വളച്ച്യും, അന്യോന്യബന്ധങ്ങളും സാമാന്യമായി കീർത്തിക്കപ്പെട്ടിട്ടുണ്ടു്. പ്രതിജ്ഞയെ പരിപാലിക്കാൻ കഴിയാത്തതുകൊണ്ടു രാജ്യത്തു ചെല്ലാൻ നിവൃത്തിയില്ലാതെ 'ഭോജകട'മെന്ന കുഗ്രാമത്തിൽ താമസിച്ചുവന്നിരുന്ന രുഗ്മി കാലംകൊണ്ടു ഭഗവാനോടും, രുഗ്മിണിയോടുമുള്ള വിദ്വേഷം നീങ്ങി അവരോടു മമതയോടെ വത്തിക്കാൻ ആഗ്രഹിച്ചു തൻെറ പുത്രിയെ രുഗ്മിണീപുത്രനായ പ്രദ്യുമ്നന്നു വിവാഹം കഴിച്ചുകൊടുത്തു. പ്രദ്യുമ്നപുത്രനായ അനിരുദ്ധനെ തൻെറ പൌത്രിയുടേയും വരനാക്കിത്തീത്തു. പക്ഷേ ആ വിവാഹാഘോഷത്തിൽ വെച്ചു രുഗ്മി ബലരാമൻെറ കൈക്കൊണ്ടു മരിക്കാനും ഇടവന്നു. ഇങ്ങിനെ സാമാന്യമായി ചില ബന്ധങ്ങളൊക്കെ കീർത്തിക്കപ്പെട്ടിട്ടുണ്ടു്.

### ബാണയുദ്ധം

പിന്നീടു നീണ്ട രണ്ടദ്ധ്യായങ്ങളെക്കൊണ്ടു ബാണൻെറ പുണ്യചരിത്രത്തെയാണു് കീർത്തിക്കുന്നതു്. പാവനമായ പ്രഹ്ലാദവംശത്തിൽ ജനിച്ച ഒരു സുകൃതിയായിരുന്നു ബാണൻ. പ്രഹ്ലാദൻെറ പുത്രൻ വിരോചനൻ, വിരോചനൻെറ പുത്രൻ ബലി, ബലിയുടെ പുത്രൻ

ബാണൻ—ഇങ്ങിനെയാണു് വംശപരമ്പര. പരമഭാഗവതോത്തമനായിരുന്നു ബാണനും. പക്ഷേ ജ്ഞാനം കുറവായിരുന്നുവെന്നു പറയണം. ദക്ഷപ്രജാപതിയുടെ മാതിരി ഈശ്വരങ്കൽ ഭേദബുദ്ധിയും, അതു ഹേതുവായിട്ടു മതഭേദവുമുണ്ടായിരുന്നു ബാണന്നു്. ജ്ഞാനമുണ്ടെങ്കിൽ അതുണ്ടാവാൻ വയ്യല്ലോ. ദക്ഷനു വൈഷ്ണവപക്ഷപാതമായിരുന്നെങ്കിൽ ബാണനു ശൈവപക്ഷപാതമായിരുന്നു എന്നു മാത്രം. ശോണിതപുരമെന്ന സ്ഥലത്തു് അസുരന്മാരുടെ നേതൃത്വവും വഹിച്ചു ധർമ്മനിഷ്ഠയോടെ രാജ്യപരിപാലനം ചെയ്തുവന്നിരുന്ന ഒരുത്തമ അസുരരാജാവായിരുന്നു ബാണൻ. അസുരനെന്നു കേൾക്കുമ്പോൾ ദേവന്മാരുടെ ശത്രു എന്ന നിലയിലാണു് സാധാരണ ധരിക്കാറെങ്കിലും ബാണൻെറ നില അതല്ല. പരമസാത്വികനും, ഭക്തശ്രേഷ്ഠനുമായ ബാണനോടു സ്നേഹൌദാര്യങ്ങളോടും, ഭക്തിവിനയങ്ങളോടുംകൂടിയായിരുന്നു ദേവന്മാർ പെരുമാറിയിരുന്നതു്. അങ്ങിനെ ചെയ്തിരുന്നതു ബാണനെ ഭയപ്പെട്ടിട്ടല്ല, സ്നേഹിച്ചിട്ടായിരുന്നുതാനും. ആയിരം കൈകളുണ്ടായിരുന്നു ബാണാസുരന്നു്. എന്നാൽ പ്രസ്തുത ആയിരം കൈകളേയും ഈശ്വരസേവനത്തിന്നുമാത്രം ഉപയോഗിച്ചുവെന്നുള്ളതാണു് അദ്ദേഹത്തിൻെറ യോഗ്യതകളിൽ അതിപ്രധാനമായ് ഒന്നു്. അതിൻെറ ഫലമായി കൈലാസനാഥനായ ഭഗവാൻ ശ്രീപരമേശ്വരൻ സർവ്വാത്മനാ ബാണന്നു വശഗനായി. ഭഗവാൻ പ്രത്യക്ഷപ്പെട്ടു ദർശനം കൊടുത്തു് എന്തു വരമാണു് വേണ്ടതെന്നു ചോദിച്ചപ്പോൾ ഭഗവാനെത്തന്നെയായിരുന്നു അദ്ദേഹം വരിച്ചതു്. അതിനാൽ ശ്രീപരമേശ്വരന്നു്

എപ്പോഴും ബാണൻെറ ഗൃഹത്തിൽ താമസിക്കണമെന്നു വന്നു. ശ്രീപാൎവ്വതീദേവി, ഗണേശൻ, ഷണ്മുഖൻ, ഭൂതഗണങ്ങൾ തുടങ്ങിയ തൻെറ എല്ലാ ശക്തികളോടും, വിഭൂതികളോടും കൂടി പരമേശ്വരൻ ബാണൻെറ കോട്ടയുടെ ഗോപുരദ്വാരത്തു താമസമുറപ്പിച്ചു. ബാണന്നും, കുടുംബങ്ങൾക്കും എപ്പോഴും ഭഗവദ്ദൎശനത്തിന്നു വിഷമമില്ലെന്നായി. ഇങ്ങിനെ കഴിഞ്ഞുവരുമ്പോൾ ഒരു ദിവസം ഈശ്വരഭജനംകൊണ്ടു ലയിച്ചിട്ടുണ്ടായിരുന്ന ആസുരധൎമ്മം ബാണൻെറ ബുദ്ധിയിൽ വികസിച്ചു. ഇത്രയും അധികരിച്ച തൻെറ കൈകളെക്കൊണ്ടും കയ്യൂക്കുകൊണ്ടും എന്താണു് തനിക്കു പ്രയോജനമെന്നും, ഒരു ശത്രുവിനോടു യുദ്ധം ചെയ്യാനെങ്കിലും സാധിച്ചില്ലെങ്കിൽ ഇതു കേവലം ഒരു ഭാരംമാത്രമാണെന്നും തോന്നി. കൈകളുടെ തരിപ്പു തീൎക്കാൻ പ്രബലനായ ഒരു ശത്രുവെങ്കിലും തനിക്കുണ്ടാകുന്നില്ലല്ലോ എന്നു നിരാശപ്പെട്ടു. ഈ അഭിപ്രായം ഭഗവാനെ അറിയിക്കുകയും ചെയ്തു. അധികം താമസിയാതെ പ്രബലനായൊരു ശത്രുവിനോടു യുദ്ധം ചെയ്യാൻ സാധിക്കുമെന്നു കരുണാമയനായ ഈശ്വരൻ അനുഗ്രഹിക്കുകയും ചെയ്തു.

ഉഷയെന്നു പേരായി ബാണന്നൊരു പുത്രിയുണ്ടായിരുന്നു. വിവാഹപ്രായമായെങ്കിലും വിവാഹം കഴിഞ്ഞിട്ടില്ല. വിവാഹാലോചന നടന്നുകൊണ്ടിരിക്കയാണു്. ഒരു ദിവസം കന്യക പ്രദ്യുമ്നപുത്രനായ അനിരുദ്ധനെ സ്വപ്നത്തിൽ തൻെറ ഭൎത്താവായിക്കണ്ടനുഭവിച്ചു. ഉണൎന്നയുടനെ ഭർത്തൃവിരഹം സഹിക്കാൻ കഴിയാതെ വിഷമി

ക്കാൻ തുടങ്ങി. അന്തഃപുരത്തിൽ കന്യകക്കു സഖിമാരായി പലരുമുണ്ടെങ്കിലും മന്ത്രിപുത്രിയായ ചിത്രലേഖയായിരുന്നു മുഖ്യസഖി. ഉഷയുടെ പാരവശ്യഭാവങ്ങൾ കണ്ടു ചിത്രലേഖ സംഗതിയെന്തെന്നന്വേഷിച്ചു മനസ്സിലാക്കി. കന്യകയുടെ മനസ്സിനെ അപഹരിച്ച കാമുകൻ ആരെന്നറിയാതിരുന്നതു ചിത്രലേഖയ്ക്കും വിഷമത്തിന്നു കാരണമായി. എന്തു ചെയ്യണമെന്നറിയാതെ പലതും ആലോചിച്ചു അവസാനം ഒരു യുക്തി തോന്നി. ലോകത്തിൽ പ്രസിദ്ധപ്പെട്ട വംശങ്ങളിലുള്ള പ്രധാനികളായ ആളുകളുടെ ചിത്രം എഴുതിക്കാണിച്ചുകൊടുത്തു് ആളെ തിരിച്ചറിയാൻ ശ്രമിക്കുകയായിരുന്നു ചിത്രലേഖയ്ക്കു തോന്നിയ യുക്തി. അങ്ങിനെ പല വംശത്തിലും പെട്ട പലരുടെയും ചിത്രമെഴുതി കാണിച്ചുകൊടുത്തെങ്കിലും അതിലൊന്നും പെട്ടതല്ല ഉഷയുടെ കാമുകനെന്നറിഞ്ഞു ചിത്രലേഖ നിരാശപ്പെട്ടു. അവസാനം യാദവവംശത്തെക്കൂടി ഒന്നു പരീക്ഷിക്കാമെന്നു തീർച്ചപ്പെടുത്തി വസുദേവരുടെ ചിത്രമെഴുതിക്കാണിച്ചു. അതു കണ്ടപ്പോൾത്തന്നെ ഉഷയുടെ ഭാവത്തിന്നു ചില മാററങ്ങളുണ്ടായി. തൻെറ കാമുകൻെറ ഏററവും നേരിയ ഒരു ഛായ പ്രസ്തുത രൂപത്തിലുണ്ടെന്നു കന്യക വ്യക്തമാക്കി. വിജയം കൈവരാൻ തുടങ്ങിയെന്നു ബോധിച്ച മന്ത്രിപുത്രി കൃതാൎത്ഥതയോടെ പിന്നീടു ഭഗവാൻ ശ്രീകൃഷ്ണപരമാത്മാവിൻെറയും, അവിടുത്തെ പുത്രനായ പ്രദ്യുമ്നൻെറയും ചിത്രമെഴുതിക്കാണിച്ചു. കാമുകൻെറ എല്ലാ ലക്ഷണങ്ങളും മിക്കവാറും പ്രദ്യുമ്നനിലുണ്ടെന്നും, എന്നാൽ അദ്ദേഹമല്ലെന്നുമായി ഉഷ. ചിത്രലേഖയ്ക്കു കാൎയ്യം മനസ്സിലായി. വേഗ

ത്തിൽ അനിരുദ്ധൻെറ ചിത്രമെഴുതിക്കാണിച്ചു. അതു കാണേണ്ടതാമസം ഉഷ ലജ്ജകൊണ്ടു നമ്രവദനയായി. ആളെത്തിരിച്ചറിഞ്ഞു. എങ്കിലും ഇനി അദ്ദേഹത്തെ സാധിക്കാനെന്താണ് മാൎഗ്ഗമെന്നായി പിന്നത്തെ ആലോചന. അന്നു രാത്രിതന്നെ ഏതാണ്ടെല്ലാവരും ഉറക്കമായെന്നു കണ്ടപ്പോൾ ചിത്രലേഖ തൻെറ യോഗശക്തികൊണ്ടു് ആരും അറിയാതെ ആകാശത്തുടെ ദ്വാരകയിലേയ്ക്കു പോയി. സൎവ്വജ്ഞനും, സൎവ്വശക്തനുമായ ഭഗവാൻപോലും ദ്വാരകയിലുണ്ടായിരിക്കെ യാതൊരു സങ്കോചവുംകൂടാതെ ചിത്രലേഖ ധൈൎയ്യത്തോടെ അന്തഃപുരത്തിൽ പ്രവേശിച്ച് ഉറങ്ങിക്കിടക്കുന്ന അനിരുദ്ധനെ ഒരാളും അറിയാതെയും, ഉറക്കത്തിൽനിന്നുണരാതെയും എടുത്തുകൊണ്ടു് ആകാശമാൎഗ്ഗമായിത്തന്നെ മടങ്ങിപ്പോന്നു് ഉഷയുടെ അന്തഃപുരത്തിൽ കൊണ്ടുപോയിക്കിടത്തുകയും ചെയ്തു. ഉണൎന്നു നോക്കിയപ്പോൾ താൻ ബാണപുത്രിയുടെ അന്തഃപുരത്തിലാണ് കിടക്കുന്നതെന്നറിഞ്ഞു് അനിരുദ്ധൻ ആദ്യം ലജ്ജിച്ചുവെങ്കിലും പിന്നീട് ഉഷയുടെ സൽഗ്ഗുണങ്ങളേയും സൌഭാഗ്യത്തേയും കണ്ടു് ഏററവും സന്തുഷ്ടനായി. പുറമെ ആരും അറിയാതെ അനിരുദ്ധൻ കന്യകയുടെ അന്തഃപുരത്തിൽത്തന്നെ താമസിച്ചു വരികയും ചെയ്തു. അങ്ങനെ കുറേ ദിവസങ്ങൾ കഴിഞ്ഞു. ക്രമേണ കന്യകയുടെ ശരീരപ്രകൃതിക്കൊക്കെ മാററം കാണാൻ തുടങ്ങി. അപ്പോൾ ജനങ്ങൾക്കൊക്കെ സംശയമായി. അന്തഃപുരംപാറാവുകാരായ ഭടന്മാൎക്കു ഭയമായി. അവർ ജാഗ്രതയായി അന്വേഷണം നടത്തി.

അതിൻെറ ഫലമായി അവർ അനിരുദ്ധനെ കാണുകയും കുറെ ദിവസങ്ങളായി അവിടെ താമസിച്ചുവരുന്നതായി അറിയുകയും ചെയ്തു. ഭയാവിഷ്ടരായ ഭടന്മാർ വേഗത്തിൽ മഹാരാജാവിനെ വിവരം ധരിപ്പിച്ചു. ബാണൻ ക്രുദ്ധനായി—ചുണ്ടു വിറച്ചു; പല്ലു കടിച്ചു; കണ്ണു കലങ്ങി. മഹാരാജാവിൻെറ ഭാവമാററം കണ്ടു് അരമനയിലെ സകല ജനങ്ങളും ഭയപ്പെട്ടു. എന്തെല്ലാമാണിനി സംഭവിക്കാൻ പോവുന്നതെന്നറിയാതെ പരിഭ്രമിച്ചു. ബാണൻ അപ്പോ⟨ഠ⟩ത്തന്നെ ക്രോധാവേശത്തോടെ കന്യാന്തഃപുരത്തിലേയ്ക്കു കലികൊണ്ടവനെപ്പോലെ ഓടി. പിന്നാലെ പരിജനങ്ങളും. അനിരുദ്ധൻ ഉഷയോടു് ഓരോ നമ്മങ്ങളേയും പറഞ്ഞു ചൂതു കളിച്ചു വിനോദിച്ചുകൊണ്ടിരിക്കുമ്പോഴാണു് അവിചാരിതമായി പെട്ടെന്നു മഹാരാജാവു് അന്തഃപുരത്തിലേയ്ക്കു കയറിച്ചെന്നതു്. എങ്കിലും കൃഷ്ണപൌത്രൻ പരിഭ്രമിച്ചില്ല. ഇരുന്നേടത്തുനിന്നു് എഴുന്നേല്ക്കുപോലും ചെയ്യാതെ അലക്ഷ്യമായി ചൂതുപടത്തെ നോക്കിക്കൊണ്ടേ ഇരുന്നു. ഉഷ അച്ഛനെക്കണ്ടപ്പോ⟨ഠ⟩ എഴുന്നേററു മാറിനിന്നു. ഏററവും ക്രോധാവേശത്തോടെയാണു് മഹാരാജാവു പാഞ്ഞുവന്നതെങ്കിലും അനിരുദ്ധനെക്കണ്ടപ്പോ⟨ഠ⟩ കടിഞ്ഞാണിട്ട കുതിരയുടെ മാതിരി പെട്ടെന്നു സ്തബ്ധനായി നിന്നു. കാമദേവപുത്രനും കൃഷ്ണപൌത്രനുമായ അനിരുദ്ധൻെറ സൌഭാഗ്യം, വീര്യം, പ്രഭാവം, കാന്തി എന്നിവകൊണ്ടലംകൃതമായ നവയൌവനം ബാണനെ ആശ്ചര്യഭരിതനാക്കി. തൻെറ പുത്രിക്കേററവും അനുരൂപനായ വരനാണെന്നു പൂർണ്ണബോദ്ധ്യം വന്നു. പക്ഷേ പറഞ്ഞിട്ടെന്തു കാര്യം? അദ്ദേഹം

വൈഷ്ണവനാണല്ലോ. അതുകൊണ്ടു തങ്ങൾക്കു സ്വീകരിക്കാൻവയ്യെന്നുമാത്രമല്ല, ശത്രുത്വംകൂടിയുണ്ടെന്നു കരുതണം എന്നായിരുന്നു ബാണൻെറ പെട്ടെന്നുള്ള ആലോചന. അതിനാൽ അദ്ദേഹത്തെ ബലാൽക്കാരേണ പിടിച്ചു ബന്ധിക്കാൻതന്നെ തീച്ചപ്പെടുത്തി, സൈന്യങ്ങൾക്കു കല്പനകൊടുത്തു. ആയുധധാരികളായ ഏതാനും ഭടന്മാർ അനിരുദ്ധനെ പിടിക്കാൻ പാഞ്ഞടുത്തു. പക്ഷേ മഹാരഥനായ അദ്ദേഹമുണ്ടോ ഭയപ്പെടുന്നു? ബാണസൈന്യങ്ങളോട് എതിത്തു യുദ്ധം ചെയ്യാൻ തുടങ്ങി അനിരുദ്ധൻ. ഭയങ്കരമായൊരു മഹായുദ്ധം കുറെ അധികസമയത്തേയ്ക്കു നീണ്ടുനിന്നു. സൈന്യങ്ങൾ എത്രയൊക്കെ സാഹസപ്പെട്ടിട്ടും ആ ധീരയോദ്ധാവിനെ പിടിക്കാനോ കീഴൊതുക്കാനോ കഴിഞ്ഞില്ല. അവസാനം ബാണൻതന്നെ പുറപ്പെട്ടു. അതുകൊണ്ടും വിചാരിച്ചത്ര പ്രയോജനമുണ്ടായില്ല. എങ്കിലും ചില കള്ളസ്സൂത്രങ്ങളൊക്കെ പ്രയോഗിച്ച് അവസാനം എങ്ങനെയോ അനിരുദ്ധനെ പിടിച്ചു. അപ്പോൾത്തന്നെ കൈകാലുകൾ ബന്ധിച്ചു ജയിലിൽവെയ്ക്കുകയും ചെയ്തു.

അനിരുദ്ധനെവിടെയാണെന്നു ദ്വാരകയിലാക്കും അറിവില്ലാതെ കുറെ ദിവസങ്ങൾ കഴിഞ്ഞു. രാത്രിയിൽ അന്തഃപുരത്തിൽ കിടന്നുറങ്ങിയിരുന്നതായി എല്ലാവക്കും അറിയാം. എന്നാൽ പ്രഭാതത്തിൽ ആരും കണ്ടിട്ടും ഇല്ല. പലേടത്തും അന്വേഷിച്ചു. പലരോടും ചോദിച്ചു. പക്ഷേ യാതൊരറിവും കിട്ടിയില്ല. അങ്ങിനെ അനിരുദ്ധനെവിടെയാണെന്നറിവില്ലാതെതന്നെ നാലുമാസം ക

ഴിഞ്ഞു. എല്ലാവരും വ്യസനാക്രാന്തരായിരിക്കയാണ്. അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം ശ്രീനാരദമഹൎഷി ഭഗവാനെ കണ്ടു വന്ദിക്കാനായി ദ്വാരകാരാജധാനിയിൽ വന്നു. വൎത്തമാനങ്ങളന്യോന്യം പറഞ്ഞകൂട്ടത്തിൽ അനിരുദ്ധനെ കാണാതായ വൎത്തമാനവും പറയാനിടവന്നു. അപ്പോൾ നാരദമഹൎഷി ഉണ്ടായ വൎത്തമാനങ്ങളൊക്കെ അവരെ പറഞ്ഞു ധരിപ്പിച്ചു. എല്ലാവരും ആശ്ചൎയ്യപ്പെട്ടു. ഏതായാലും അറിവായ സ്ഥിതിക്ക് ഇനി ഒരു നിമിഷവും താമസിക്കാതെ വീണ്ടുകൊണ്ടുവരണമെന്നു നിശ്ചയിച്ച് എല്ലാവരും ആവേശത്തോടെ യുദ്ധത്തിന്നുള്ള പുറപ്പാടായി. ഭഗവാനും, ബലരാമനും എന്നുവേണ്ട ദ്വാരകയിൽ അത്യാവശ്യം ചിലരെ നിൎത്തി ബാക്കിയുള്ള എല്ലാ പുരുഷന്മാരും ശോണിതപുരത്തിലേയ്ക്കു യുദ്ധത്തിന്നു പുറപ്പാടായി.

യാദവസൈന്യം ആൎത്തുവിളിച്ചുകൊണ്ടു പട്ടണത്തിൽ കടന്നു കോട്ടയ്ക്കു ചുറവും വളഞ്ഞു മതിലുകളിടിച്ചും, കിടങ്ങുകൾ തൂൎത്തും, ഗോപുരങ്ങൾ തകൎത്തും, എതിരാളികളെ കൊന്നും യുദ്ധം ആരംഭിച്ചു. ബാണാസുരൻ വിവരം ധരിച്ചു. അദ്ദേഹത്തിന്നു രണ്ടുപ്രകാരത്തിൽ യാദവന്മാരോടു വിദ്വേഷം ആളിക്കത്തി. സ്വതവേ ശത്രുക്കൾ—പിന്നെ വൈഷ്ണവന്മാരും. അപ്പോൾ രണ്ടു പ്രകാരത്തിൽ അവരോടു വിദ്വേഷവഹ്നി ആളിക്കത്താൻ തുടങ്ങി. താമസിയാതെ മഹാരാജാവുതന്നെ അസംഖ്യം സൈന്യങ്ങളോടും, ആയുധങ്ങളോടുംകൂടി യുദ്ധത്തിന്നു സന്നദ്ധനായി. ശ്രീപരമേശ്വരനേയും വിവരം ധരിപ്പി

ച്ചു യുദ്ധത്തിന്നു ക്ഷണിച്ചു. ഭഗവാനും തൻെറ ഭൃതഗ ണങ്ങളോടും, പുത്രന്മാരോടുംകൂടി യുദ്ധത്തിന്നു തയ്യാറാ യി. അങ്ങിനെ എല്ലാവരും അന്യോന്യം ഏററുമുട്ടി അ തിഭയങ്കരമായ ഒരു യുദ്ധം ആരംഭിച്ചു. ബാണാസുരൻ സ്വയം ഭഗവാനോടുതന്നെ എതിൎത്തു. ഭഗവാനും ബാ ണനുംകൂടി ഭയങ്കരമായ യുദ്ധം നടന്നു. അവസാനം ഭ ഗവാൻ ബാണൻെറ ആയുധങ്ങളെ മുറിക്കാൻ തുടങ്ങി. എടുക്കുന്ന ആയുധങ്ങളെയൊക്കെ പ്രയോഗിക്കാനിടവരു ന്നതിന്നുമുമ്പുതന്നെ ഭഗവാൻ മുറിച്ചു തള്ളാൻ തുടങ്ങി. അങ്ങിനെ കുറച്ചു കഴിഞ്ഞപ്പോഴേയ്ക്കു ബാണൻെറ ആയു ധങ്ങളൊക്കെക്കഴിഞ്ഞു. അപ്പോഠം കുതിരകളേയും, സൂ തനേയുംകൂടി ഭഗവാൻ കൊന്നു. ആകപ്പാടെ വിഷമ ത്തിലായി. ബാണന്നു തല്ക്കാലം തേരോ, കുതിരകളോ, സൂതനോ, ആയുധങ്ങളോ ഒന്നുമില്ലാതായി. ആ നില യിൽ പോൎക്കളത്തിൻെറ മദ്ധ്യത്തിൽ പ്രബലനായ ശ ത്രുവിൻെറ മുമ്പിൽ നിന്നാലത്തെ കഥയെന്താണു്? വി ഷമം കൂടാതെ ശത്രു കൊന്നു വീഴ്ത്തുമെന്നതു സംശയരഹി തമാണല്ലോ. പിൻതിരിഞ്ഞു് ഓടിപ്പോവുന്നതും ലജ്ജാ കരംതന്നെ. എന്തുചെയ്യണമെന്നറിയാതെ ബാണൻ വിഷമിക്കുന്നതു കണ്ടപ്പോഠം 'കോടരാ' എന്നു പേരാ യ ബാണമാതാവു പെട്ടെന്നു ഗത്യന്തരമില്ലെന്നു കണ്ടു പുത്രൻെറ ആയുസ്സിനെ രക്ഷിക്കാൻവേണ്ടി വസ്ത്രമഴിച്ചി ട്ടു നഗ്നയായി മുന്നിൽ വന്നു നിന്നു. അന്യസ്ത്രീയുടെ ന ഗ്നതയെ ദശിക്കുന്നതു ധാൎമ്മികന്മാൎക്കു സഹിക്കാവുന്നതല്ല ല്ലോ. അതിനാൽ പെട്ടെന്നു ഭഗവാൻ പിൻതിരിഞ്ഞു നിന്നു. ആ സന്ദൎഭം നോക്കി ബാണൻ അരമനയിലേ

യ്ക്കോടി രക്ഷപ്പെട്ടുകയും ചെയ്തു. പിറേറദിവസവും എല്ലാ സൈന്യങ്ങളേയും, ആയുധങ്ങളേയും സജ്ജമാക്കി ബാണാസുരൻ യുദ്ധത്തിന്നു തയ്യാറായി. അന്നത്തെ യുദ്ധത്തിൽ ഭഗവാനും, ബാണാസുരനും തമ്മിൽ ഏററുമുട്ടുന്നതിന്നുമുമ്പു ശ്രീപരമേശ്വരൻ തൻെറ പരമഭക്തനായ ബാണന്നുവേണ്ടി ഭഗവാനോട്ടു യുദ്ധത്തിന്നൊരുങ്ങി. അങ്ങിനെ ശ്രീപരമേശ്വരനും, ശ്രീകൃഷ്ണപരമാത്മാവും തമ്മിൽ ഭയങ്കരമായ യുദ്ധം ആരംഭിച്ചു. സർവ്വശക്തന്മാരായ ആ രണ്ടു് ഈശ്വരന്മാർ തമ്മിൽ പൊരുതാൻ തുടങ്ങിയാൽ പിന്നത്തെ കഥയെന്താണു്? പർവ്വതവും പർവ്വതവും തമ്മിലും സമുദ്രവും സമുദ്രവും തമ്മിലും യുദ്ധം തുടങ്ങിയാൽ എത്രമാത്രം ഭയങ്കരമായിത്തീരുമോ, അതിലുമധികം ഭയങ്കരമായിത്തീൎന്നു ഈശ്വരന്മാർ തമ്മിലുള്ള യുദ്ധം. ക്രമേണ അതുകൊണ്ടും അവർ തൃപ്തന്മാരാവാതെ രണ്ടാളുടേയും ശക്തി വേർതിരിഞ്ഞു ജ്വരാകാരേണ ശത്രുസൈന്യങ്ങളെ മുഴുവൻ ബാധിക്കാൻ തുടങ്ങി. ശൈവവൈഷ്ണവങ്ങളായ പ്രസ്തുത ജ്വരശക്തികൾ തമ്മിലുള്ള ഭയാനകമായ സംഘട്ടനം ആൎക്കും പൊറുക്കാൻ കഴിയാതെ അത്യന്തഭയങ്കരമായി വൎദ്ധിച്ചു. സൈന്യങ്ങൾ ചിന്നിച്ചിതറി ഭയപ്പെട്ടോടാൻ തുടങ്ങി. അങ്ങിനെ കുറച്ചു സമയം കഴിഞ്ഞപ്പോഴേയ്ക്കു വൈഷ്ണവജ്വരം ശൈവജ്വരത്തെ തോല്പിച്ചു വളരാൻ തുടങ്ങി. പരാജയപ്പെട്ട മാഹേശ്വര ജ്വരശക്തി വൈഷ്ണവജ്വരത്തെ സ്തുതിച്ചു നമസ്കരിച്ചു കീഴൊതുങ്ങി. ശ്രീപരമേശ്വരനും, ജഗന്നിയന്താവായ ഭഗവാനെ സ്തുതിച്ചു ശാന്തനായി. ഭഗവാനും യുദ്ധം നിൎത്തി ശ്രീപരമേശ്വരനെ സ്തുതിച്ചു. അവസാനം ബാണാ

സുരൻെറ നാലു കൈകളെ നിത്തി ബാക്കിയെല്ലാം മുറിച്ചുകളഞ്ഞു് അഭയം കൊടുത്തു. ജ്ഞാനോപദേശംകൊണ്ടു ശൈവവൈഷ്ണവഭേദഭാവത്തെ നീക്കി അനുഗ്രഹിക്കുകയും ചെയ്തു.

വേണ്ടത്ര ശിക്ഷ കിട്ടിയതുകൊണ്ടും, ഭഗവദനുഗ്രഹം കൊണ്ടും ജ്ഞാനോപദേശംകൊണ്ടും പ്രായേണ വിവേകമുദിച്ച ബാണാസുരൻ രണ്ടീശ്വരന്മാരേയും വീണുനമസ്കരിച്ചു തൻെറ എല്ലാ അപരാധങ്ങളേയും പൊറുക്കാനപേക്ഷിച്ചു. അനന്തരം അനിരുദ്ധനേയും, ഉഷയേയും, അസംഖ്യം സമ്പത്തുകളേയും ഭഗവാൻെറ കാല്ക്കൽ വെച്ചു നമസ്കരിച്ചു. ഭഗവാൻ അവരോടും തൻെറ പരിജനങ്ങളോടുംകൂടി ദ്വാരകയിലേയ്ക്കു മടങ്ങുകയും ചെയ്തു. ദ്വാരകയിൽവെച്ചു് ഒരു ശുഭമുഹൂത്തത്തിൽ ഉഷാനിരുദ്ധന്മാരുടെ വിവാഹത്തെ വേണ്ടുംവണ്ണം ആഘോഷിച്ചു.

ദക്ഷപ്രജാപതിയുടെ ചരിത്രത്തിലൂടെ ശൈവവിദ്വേഷംകൊണ്ടുള്ള ദോഷത്തെയാണു് ചൂണ്ടിക്കാണിച്ചതെങ്കിൽ, ബാണാസുരൻെറ കഥയിലൂടെ വൈഷ്ണവവിദ്വേഷംകൊണ്ടുള്ള ദോഷത്തെയാണു് ചൂണ്ടിക്കാണിച്ചിരിക്കുന്നതു്. ശൈവവൈഷ്ണവശാക്തങ്ങളായ ഉപാസനാവ്യത്യാസങ്ങൾ മതഭേദങ്ങളല്ല; പ്രത്യുത, ഒരേ മതത്തിൻെറതന്നെ മൂന്നു രൂപത്തിലുള്ള വികസനം മാത്രമാണു്. അതിനാൽ മതഭേദത്തിന്നുവേണ്ടിയല്ല, ഉപാസനാസൌകയ്യത്തിനുവേണ്ടിയാണു് മൂന്നായി തരംതിരിച്ചിരിക്കുന്നതു്. ഈ അഭിപ്രായത്തെ ഒന്നുകൂടി സ്ഥാപിക്കലാണു് ബാണചരിത്രകഥനംകൊണ്ടുള്ള അനവധി പ്രയോജന

ങ്ങളിൽ ഒന്നു്. എല്ലാ നാനാത്വഭാവങ്ങളും ഏതൊരീശ്വരൻെറ അറിവുണ്ടായാൽ നിശ്ശേഷം നശിക്കുമോ, ആ ഈശ്വരങ്കൽത്തന്നെ നാനാത്വത്തെ ആരോപിക്കുകയും വിശ്വസിക്കുകയും ചെയ്താൽ പിന്നത്തെ കഥയെന്താണു്? എന്നാൽ അറിവുള്ള മഹാന്മാക്കുകൂടി ചിലപ്പോഠം അങ്ങിനെ ചില അബദ്ധം പററാറുമുണ്ടു്. അറിഞ്ഞാൽ പശ്ചാത്തപിക്കാറുമുണ്ടു്. അതാണു് ബാണകഥയിൽക്കൂടെ വ്യക്തമാകുന്ന മറെറാരു തത്വം. ഇങ്ങിനെ പല തത്വരത്നങ്ങളേയും പ്രകാശിപ്പിക്കുന്ന ഒരു പുണ്യേതിഹാസമാണു് ബാണചരിത്രവും.

നൃഗമോക്ഷം

മറെറാരവസരത്തിൽ യാദവക്കുട്ടികളൊക്കെക്കൂടി കോട്ടയ്ക്കു പുറത്തുള്ള വിശാലമായ മൈതാനത്തിൽ സഹജമായ ഉത്സാഹത്തോടെ കളിച്ചുകൊണ്ടിരിക്കുമ്പോഠം ചിലക്കു വെള്ളം കുടിക്കണമെന്നു തോന്നി. മൈതാനത്തിൻെറ ഒരററത്തു് ഇടിഞ്ഞു പൊളിഞ്ഞ ഒരു പൊട്ടക്കിണറുണ്ടു്. അതിൽ വെള്ളമുണ്ടെങ്കിൽ കോരിക്കുടിക്കാമെന്നോർത്തു് എല്ലാവരുംകൂടെ കിണററുവക്കത്തു ചെന്നു നോക്കി. വെള്ളം ഒരു തുള്ളിപോലും കിണററിലില്ല. എന്നാൽ വളരെ വലുതായൊരു ഓന്തു് അതിൽ വീണു കയറാൻ സാധിക്കാതെ വിഷമിക്കുന്നതായി കാണുകയും ചെയ്തു. വെള്ളം കിട്ടിയില്ലെങ്കിലും ഓന്തിനെ എങ്ങിനെയെങ്കിലും കരയ്ക്കു കയററിവിടണമെന്നവർ തിച്ചപ്പെടുത്തി. തോലുകൊണ്ടുള്ള ബലവത്തരമായ കയറു കൊണ്ടുവന്നു കുട്ടുക്കിട്ടുകെട്ടി മുകളിലേയ്ക്കു വലിക്കാൻ തുടങ്ങി.

ബലശാലികളായ അവരെല്ലാവരുംകൂടി വലിച്ചിട്ടും ഓന്തിനെ ആ പൊട്ടക്കുഴിയിൽനിന്നു കേററാൻ കഴിഞ്ഞില്ല. നിരാശന്മാരായി വേഗം ഭഗവാൻെറ അടുക്കൽ പോയി വിവരം ധരിപ്പിച്ചു.

പരമപുരുഷനായ ഭഗവാൻ ശ്രീകൃഷ്ണപരമാത്മാവാകട്ടെ അതിനെ സംബന്ധിച്ച് എല്ലാ വിവരങ്ങളും പൂൎണ്ണമായി അറിഞ്ഞെങ്കിലും ഒന്നും അറിയാത്തപോലെ ആശ്ചൎയ്യത്തെ അഭിനയിച്ചുകൊണ്ടു പ്രസ്തുത പൊട്ടക്കിണററിൻെറ വക്കത്തു പോയി നോക്കി. ഭഗവാൻ തൻെറ തൃക്കൈ താഴോട്ടു നീട്ടിക്കൊടുത്തു. ഓന്തു പെട്ടെന്നു ഭഗവാൻെറ കൈയ്യു ചാടിപ്പിടിച്ചു. പക്ഷേ ഭഗവല്ക്കരത്തിൻെറ സ്പൎശത്തോടെതന്നെ ഉറയൂരിപ്പോവുന്നപോലെ ഓന്തിൻെറ ശരീരം പെട്ടെന്ന് ഊരി താഴെ വീണു. ദിവ്യസുന്ദരമായ ദേവസ്വരൂപത്തോടെ അദ്ദേഹം കരയ്ക്കു കയറി. അസാധാരണമായ ആ മാററം കണ്ടു ഭഗവാൻ ആശ്ചൎയ്യപ്പെട്ട് അദ്ദേഹത്തോടു വിവരം ചോദിച്ചപ്പോൾ ആ ദേവസ്വരൂപൻ പറഞ്ഞു.

"ഞാൻ പണ്ട് ഇക്ഷ്വാകുവംശത്തിൽ 'നൃഗ'നെന്നു പ്രസിദ്ധനായ ഒരു രാജാവായിരുന്നു. ധൎമ്മനിഷ്ഠയോടെ രാജ്യം പരിപാലിച്ചുവന്നു. പല സല്ക്കൎമ്മങ്ങളും ചെയ്തകൂട്ടത്തിൽ ദാനങ്ങളാണ് കുറെ അധികം ചെയ്തതു്. അന്നം, വസ്ത്രം, ദ്രവ്യം തുടങ്ങിയ പലതിനേയും പലൎക്കും ദാനം ചെയ്തിട്ടുണ്ടെങ്കിലും ഏററവുമധികം ആചരിക്കപ്പെട്ടതു പശുദ്ദാനമായിരുന്നു. ആകാശത്തിലെ നക്ഷത്രങ്ങളെയോ, ഭൂമിയിലെ മൺതരികളെയോ എപ്രകാരം എ

ണ്ണിക്കണക്കാക്കാൻ സാദ്ധ്യമല്ലയോ അതുപോലെ എ
ന്റെ പശുദ്ദാനങ്ങളും എണ്ണിക്കണക്കാക്കാൻ വയ്യാത്തവ
യായിത്തീൎന്നു. അത്രയധികം പശുക്കളെ ഞാൻ ദാനം
ചെയ്തു. അവയൊന്നുംതന്നെ മോശപ്പെട്ട തോതിലുമാ
യിരുന്നില്ല. എല്ലാ ലക്ഷണങ്ങളും തികഞ്ഞു്, ഒന്നാമ
തായി പ്രസവിച്ച, ധാരാളം പാലുള്ള സുലക്ഷണകളും,
സുശീലകളുമായ പശുക്കളെയായിരുന്നു ഞാൻ കൊമ്പും,
കുളമ്പും സ്വൎണ്ണംകൊണ്ടു കെട്ടിച്ച ദാനം ചെയ്തിരുന്നതു്.
അതും ദരിദ്രരും എന്നാൽ വേദജ്ഞരും, ധൎമ്മനിഷ്ഠന്മാരു
മായ ഉത്തമബ്രാഹ്മണൎക്കുമാത്രം. ദാനം ചെയ്യാൻവേണ്ടി
സമ്പാദിക്കുന്ന പശുക്കളാകട്ടെ ഒന്നെങ്കിലും അന്യായമാ
യി സമ്പാദിക്കപ്പെട്ടവയോ, വേണ്ടത്ര വിലകൊടുക്കാതെ
വാങ്ങപ്പെട്ടവയോ ആയിരുന്നുമില്ല. ഇങ്ങിനെയൊക്കെ
യാണെങ്കിലും എന്റെ ഒരു ചെറിയ അശ്രദ്ധകൊണ്ടു്
ആ മഹത്തായ സല്ക്കൎമ്മത്തിലും ഒരു ദുരിതം കടന്നുകൂടി.
അതാണു് ഞാനി നീചസ്വരൂപിയായി ഈ പൊട്ടക്കി
ണററിൽ വീഴേണ്ടിവന്നതു്.

ദാനത്തിന്നുവേണ്ടി ഓരോ ദിവസവും പുതിയ പു
തിയ പശുക്കളെ വാങ്ങിക്കൊണ്ടു വന്നു് ഇഷ്ടംപോലെ
ആഹാരം കൊടുത്തു സൂക്ഷിച്ചുവരുന്ന തൊഴുത്തിൽ ഒരു
ദിവസം ദാനത്തിന്നുള്ള പശുക്കളുടെകൂടെ ദത്തമായ ഒരു
പശുവും അറിയാതെ വന്നു കടന്നു കൂടി. പിറേറ ദിവ
സം രാവിലെ അറിയാതെ പ്രസ്തുത പശുവിനെ ഒരു ബ്രാ
ഹ്മണന്നു ദാനം ചെയ്തു. അദ്ദേഹം അതിനേയും തെളി
ച്ചുകൊണ്ടു പോവുമ്പോഴാണു് ആ പശുവിനെ ആദ്യം

ദാനമായി വാങ്ങിയ ബ്രാഹ്മണൻ അന്വേഷിച്ചു നടന്നിരുന്നതു്. പശുവിനെ കണ്ടതോടെ രണ്ടാളും തമ്മിൽ വഴക്കായി. എൻെറയാണു് പശു എന്നൊരാൾ; അല്ല, എൻെറയാണു് ഈ പശു എന്നു മററെ ആൾ. ഇങ്ങനെ രണ്ടാളും തമ്മിൽ വളരെ നേരം വഴക്കടിച്ചു് അവസാനം എൻെറ അടുക്കലെത്തി. വാസ്തവത്തിൽ ആലോചനയില്ലാതെ ഒരേ പശുവിനെത്തന്നെ രണ്ടാൾക്കു ദാനം ചെയ്ത എൻെറ ബുദ്ധിമോശമാണു് ആ സാധുബ്രാഹ്മണരുടെ വഴക്കിന്നു കാരണമെന്നു മനസ്സിലായി. എങ്കിലും അതു കഴിഞ്ഞുപോയല്ലോ. പിന്നെ എന്തു ചെയ്യാനാണു്? അതിനാൽ അവരോടു വഴക്കുകൂടാതെ ആരെങ്കിലും ഒരാൾ ആ പശുവിനെ ഉപേക്ഷിക്കാൻ പലപാടു് അപേക്ഷിച്ചു നോക്കി. അതിനുപകരം വേറെ അസംഖ്യം പശുക്കളെ കൊടുക്കാമെന്നും പറഞ്ഞു നോക്കി. പക്ഷേ രണ്ടാളും അതു സ്വീകരിക്കാതെ പശുവിനെ രണ്ടാൾക്കും വേണ്ടെന്നു പറഞ്ഞു് എൻെറ മുമ്പിൽത്തന്നെ വിട്ടു ദ്വേഷ്യപ്പെട്ടു പോകയാണുണ്ടായതു്. അതിന്നൊരു പ്രായശ്ചിത്തം ചെയ്യാനിടവരുന്നതിന്നുമുമ്പു ഞാൻ മരിക്കുകയും ചെയ്തു. ഉടനെ യമദൂതന്മാർ എന്നെ സംയമിനീപുരിയിൽ ധൎമ്മരാജാവിൻെറ മുമ്പിലേയ്ക്കു നയിച്ചു. അവിടെവെച്ചു് എൻെറ പുണ്യപാപങ്ങളെ നിരൂപിച്ചതിൽ പാപഫലത്തെ ആദ്യം ഭുജിക്കാമെന്ന തീൎപ്പോടെ പ്രസ്തുത ബ്രഹ്മസ്വാപഹരണത്തിൻെറ ഫലമായി ഞാനൊരു ഓന്തായി ഈ പൊട്ടക്കിണററിൽ വീഴുകയും ചെയ്തു. ഇപ്പോഴാകട്ടെ, അവിടുത്തെ കരസ്പൎശംകൊണ്ടു് എൻെറ

പാപം മുഴുവൻ നീങ്ങി പുണ്യഫലാനുഭവത്തിന്നുള്ള സന്ദർഭം വരികയും ചെയ്തു.

ഇപ്രകാരം പറഞ്ഞ നൃഗരാജാവിൻെറ വാക്കുകളിൽക്കൂടെ ഭഗവാൻ ദ്വാരകാവാസികളായ ജനങ്ങൾക്കു വൈദികകർമ്മങ്ങളിലുള്ള അശ്രദ്ധയുടേയും പരദ്രവ്യാപഹരണത്തിലുള്ള ദോഷത്തിൻേറയും ഫലത്തെ ചൂണ്ടിക്കാണിച്ചു പദേശിക്കുകയും ചെയ്തു.

പൌണ്ഡ്രകവധം

അനന്തരം ഒരദ്ധ്യായംകൊണ്ടു ബലരാമൻെറ ഗോകുലയാത്രയേയും വസന്തർത്തുവിലെ രണ്ടുമാസക്കാലം മുഴുവൻ അവിടെ അദ്ദേഹത്തിൻെറ താമസത്തേയും, അക്കാലത്തു് അവിടെവെച്ചാചരിച്ച ലീലകളേയും കീർത്തിച്ചു പൌണ്ഡ്രകവാസുദേവൻെറ രസകരമായ ചരിത്രത്തിലേയ്ക്കു കടക്കുന്നു. കാരൂഷരാജ്യങ്ങളുടെ അധിപതിയും, ധർമ്മനിഷ്ഠനുമായ പൌണ്ഡ്രകനെന്ന രാജാവു് അക്കാലത്തു പ്രസിദ്ധനായിരുന്നു. അക്കാലത്തെ കാശിരാജാവു് അദ്ദേഹത്തിൻെറ ആത്മസുഹൃത്തുമായിരുന്നു. ശ്രീകൃഷ്ണപരമാത്മാവിൻെറ നിർമ്മലവും, മംഗളകരവുമായ യശസ്സ് ലോകം മുഴുവൻ നിറഞ്ഞു് ഇവരുടെ കാതുകളിലും ചെന്നു കയറാൻ തുടങ്ങി. അതു കേട്ടുകേട്ടു് അവക്കു പൊറുക്കാൻ കഴിയാതായി. പക്ഷേ എന്തു നിവൃത്തി? ഭഗവാൻെറ യശസ്സില്ലാതാക്കാനോ, തങ്ങൾക്കു യശസ്സുണ്ടാക്കാനോ രണ്ടും അവരെക്കൊണ്ടു സാദ്ധ്യമല്ല. അവസാനം രണ്ടാളുംകൂടി ആലോചിച്ചു് ഒരു യുക്തി കണ്ടുപിടിച്ചു. വിഷ്ണുവിൻെറ അവതാരമായ കൃഷ്ണൻ പൌണ്ഡ്രക

നാണെന്നും, ദ്വാരകയിലെ കൃഷ്ണൻ ഈശ്വരാവതാരമല്ലെ ന്നും, കൃത്രിമമായി ഈശ്വരൻെറ പേരു പറഞ്ഞു നടക്കു ന്ന കപടശാലിയാണെന്നും അവർ പരസ്യപ്പെട്ടത്താൻ തുടങ്ങി. അതനുസരിച്ച് പൌണ്ഡ്രകൻ വിഷ്ണുവേഷം കെട്ടി നടക്കാനും തുടങ്ങി. സ്വതവേ ഉള്ള രണ്ടു കൈ കൾക്കു പുറമെ മരംകൊണ്ടു രണ്ടു കൈകൾകൂടെ ഉണ്ടാ ക്കി ഘടിപ്പിച്ച് ശംഖ്, ചക്രം, ഗദ, താമരപ്പൂവ് ഇവ യൊക്കെ ധരിച്ച് വനമാലയും, പീതാംബരവും അണി ഞ്ഞു്, ഗോപിക്കുറി തൊട്ടു വിഷ്ണുദേവനാണെന്നും പറ ഞ്ഞു നടക്കാൻ തുടങ്ങി. അതനുസരിച്ച് ഭൃത്യന്മാരിൽ ചിലർ പാഷ്ദന്മാരായും മഹാരാജ്ഞി ലക്ഷ്മീദേവിയായും മാറി. ഈ തമാശ കണ്ടു് ആളുകളൊക്കെ ചിരിക്കാൻ തുടങ്ങി. അരമനയും, അന്തഃപുരവും ഒരു നാടകീയരംഗ മായിത്തീൻ. മന്ത്രിമാരും, പൌരപ്രധാനികളും, അന്യ രാജാക്കന്മാരുമൊക്കെ കാരൂഷരാജാവിൻെറ തലയ്ക്കു് എ ന്തോ തകരാറു പററീട്ടുണ്ടെന്നു പറയാൻ തുടങ്ങി. പ്രജ കളൊക്കെ തങ്ങളുടെ രാജാവു ഭ്രാന്തനായിത്തീൎന്നെന്നു കേട്ടു വ്യസനിക്കുകയും ലജ്ജിക്കുകയും ചെയ്തു. ഇങ്ങിനെ പല രൂപത്തിൽ പൌണ്ഡ്രകനേയും അദ്ദേഹത്തിൻെറ ഇഷ്ടമിത്രമായ കാശിരാജാവിനേയും നിരൂപിക്കുകയും, പ ഴിക്കുകയും ചെയ്തെങ്കിലും അവക്കു രണ്ടാൾക്കും യാതൊരു സങ്കോചവുമുണ്ടായില്ല. തങ്ങളുടെ പ്രവൃത്തി വളരെ ശ രിയാണെന്നവർ ബോധിക്കുകയും ചെയ്തു. കാശിരാജാ വിൻെറയും തല ശരിയല്ലെന്നാളുകൾ പറയാൻ തുടങ്ങി. പക്ഷേ ആരൊക്കെ എന്തൊക്കെപ്പറഞ്ഞാലും അവക്കു വിശേഷിച്ച് മാററമൊന്നുമുണ്ടായില്ല. മരംകൊണ്ടൊരു

ഗരുഡനെ ഉണ്ടാക്കി. അതാണു് പൌണ്ഡ്രകവിഷ്ണുവി ന്റെ വാഹനം. പക്ഷേ ആ ഗരുഡന്നു പറക്കാൻവയ്യ ല്ലോ. അതിനാൽ വാഹനത്തെ വഹിക്കാൻ മറെറാന്നു വേണമെന്നായി. അപ്പോഠം ഗരുഡനെ തേരിൽ പ്രതി ഷ്ഠിച്ചു. അതിന്റെ പുറത്തു കയറിയിരുന്നു തേരോടിക്കും. എന്നാൽ ഗരുഡവാഹനത്തിന്മേലാണു് യാത്രയെന്നു വ ന്നുവല്ലോ. ചതുർഭുജനും, പീതാംബരധാരിയും, കിരീ ടം, വനമാല, മുത്തുമാല, കേയൂരം, അംഗദം, കങ്കണം ഇത്യാദി ആഭരണങ്ങളാൽ അലംകൃതനും, ശംഖചക്രഗ ദാപത്മങ്ങളെ നാലു കൈകളിൽ ധരിച്ചവനുമായ പൌ ണ്ഡ്രകൻ സാക്ഷാൽ വിഷ്ണുദേവനെന്നപോലെ സ്വപത്നി യാകുന്ന ലക്ഷ്മീദേവിയോടും തേരിൽ പ്രതിഷ്ഠിച്ച ഗരുഡ വാഹനത്തിൽ കയറിയിരുന്നു ഭൃത്യന്മാരാകുന്ന പാഷ്ദന്മാ രാൽ അകമ്പടി സേവിക്കപ്പെട്ടുകൊണ്ടും, സ്തുതിക്കപ്പെട്ടു കൊണ്ടും പോവുമ്പോഠം കാണുന്ന ജനങ്ങളൊക്കെ സ്തുതി ച്ചു പുഷ്പവഷ്ം ചെയ്യേണ്ടതിന്നുപകരം ചിരിച്ചു മണ്ണുക പ്പാൻ തുടങ്ങി. ജനങ്ങളുടെ മനഃപൂവ്വമായ ആ അപ ഹാസം അദ്ദേഹത്തെ അരിശംകൊള്ളിച്ചില്ല. കാരണം അവരൊക്കെ അസുരന്മാരാണു്. മഹാവിഷ്ണുവും, ദേവ ശ്രേഷ്ഠനുമായ തന്നെ അസുരന്മാർ അപഹസിക്കുന്നുവെ ങ്കിൽ അതു സ്വാഭാവികം മാത്രമാണു്. അതിലെന്തു പരിഭവിക്കാനാണു്? അവരെയൊക്കെ കൊല്ലാനാണു് തന്റെ അവതാരംതന്നെ. സന്ദഭ്ം വരുമ്പോഠം അതൊ ക്കെ വന്നുചേരുകയും ചെയ്യും. ഇതായിരുന്നു പൌണ്ഡ്ര കവിഷ്ണുവിന്റെ വിചാരം. പലപ്പോഴും കാശിരാജാവാകു ന്ന നാരദൻ വന്നു ഭഗവാനെ സ്തുതിക്കും. ലോകവാത്ത

34 *

കളെ അറിയിക്കും. ദുഷ്ടന്മാരെ കൊന്നൊടുക്കി ധമ്മം സ്ഥാപിക്കാനാണു് അവിടുന്നു് അവതരിച്ചിരിക്കുന്നതെന്നു് ഓമ്മപ്പെടുത്തും. ഭഗവാൻ നാരദനെ അനുഗ്രഹിച്ചയയ്ക്കുകയും ചെയ്യും. ഇങ്ങിനെ രാജധാനി കേവലം ഒരു നാടകശാലതന്നെയായി. നാടകം കാണണമെങ്കിൽ അരമനയിലേയ്ക്കു പോയാൽ മതി. എപ്പോഴം വേണമെങ്കിലും കാണാം. അവിടെ എപ്പോഴം നടക്കുന്നതും, എന്തു നടക്കുന്നതും നാടകം മാത്രമാണു്. ജനങ്ങഠംക്കു ബഹുരസമായി. അവരുടെ ഒരു ചിരിക്കോപ്പായി മഹാരാജാവു്. അങ്ങിനെയിരിക്കെ ഇതുകൊണ്ടൊന്നും തൃപ്തിപ്പെടാതെ ഒരു കായ്യംകൂടി പററിച്ചു പൌണ്ഡ്രകൻ. അതായതു്, തൻെറ പാഷദന്മാരിൽ ഒരാളെ ദ്വാരകയിൽ ഭഗവാൻെറ സന്നിധിയിലേയ്ക്കു ദൂതനാക്കി അയച്ചു. വിഷ്ണുപാഷദൻെറ വേഷവും കെട്ടിച്ചെന്ന ദൂതനെക്കണ്ടപ്പോഠംത്തന്നെ ദ്വാരകാവാസികളൊക്കെ പൊട്ടിച്ചിരിച്ചു. ഏതെങ്കിലും പ്രതിഹാരികഠം അവനെ രാജസഭയിൽ ഭഗവാൻെറ തിരുമുമ്പിലേയ്ക്കു നയിച്ചു. സഭാവാസികളും ദൂതൻെറ വേഷവും ഭാവവും കണ്ടപ്പോഠം ചിരിക്കാതിരുന്നില്ല. കായ്യമെന്തെന്നു ചോദിച്ചപ്പോഠം അവൻ ഭഗവാനോടറിയിക്കുകയാണു്: "ഞങ്ങളുടെ സ്വാമി വൈകുണ്ഠനാഥനായ സാക്ഷാൽ വിഷ്ണുദേവൻ ദുഷ്ടനിഗ്രഹം ചെയ്തു ധമ്മസംസ്ഥാപനം ചെയ്യാൻവേണ്ടി കാശുഷരാജ്യത്തിൽ പൌണ്ഡ്രകനെന്ന പേരോടുകൂടി അവതരിച്ചിരിക്കയാണു്. അവിടുത്തെ മഹിമയെ അറിഞ്ഞു സേവിക്കാതെ അങ്ങു വിഷ്ണുദേവൻെറ അവതാരമാണെന്നു കൃത്രിമമായി പറഞ്ഞു, പരത്തുകയാണു്. തെററായി

രിക്കുന്ന ഈ പ്രവൃത്തിയിൽനിന്നു് ഇപ്പോഴെങ്കിലും നിവ ത്തിച്ചു ഭഗവാൻെറ പാദകമലങ്ങളെ ശരണം പ്രാപിക്കു ന്നപക്ഷം ഇപ്പോഴും മാപ്പു കിട്ടും. അതിന്നു തയ്യാറില്ലാ ത്തപക്ഷം അങ്ങു വേഗം അവിടുത്തോടു യുദ്ധത്തിന്നു വ രണം. എന്നാൽ പോൎക്കളത്തിൽവെച്ചു് എല്ലാം ബോ ദ്ധ്യപ്പെടുത്തിത്തരും." ദൂതൻെറ വാക്കു ഭഗവാനടക്കം സഭയിലെ സകലജനങ്ങളേയും പൊട്ടിച്ചിരിപ്പിച്ചു. അ ധികം താമസിയാതെ യുദ്ധത്തിന്നു വന്നുകൊള്ളാമെന്നു ഭഗവാൻ പറഞ്ഞയയ്ക്കുകയും ചെയ്തു. ഇതുംകൂടി കഴിഞ്ഞ പ്പോഴയ്ക്കു പൌണ്ഡ്രകനു തനി ഭ്രാന്തുതന്നെയാണെന്നു സ കലജനങ്ങളും വിശ്വസിക്കാൻ തുടങ്ങി.

ഏതാനും ദിവസങ്ങൾക്കുശേഷം ഭഗവാൻ കുറെ സൈന്യങ്ങളോടുകൂടി കാരൂഷരാജ്യത്തിലേയ്ക്കു യുദ്ധത്തി ന്നു പുറപ്പെട്ടു. പൌണ്ഡ്രകനും, കാശിരാജാവും എല്ലാ സൈന്യങ്ങളോടുംകൂടി യുദ്ധത്തിന്നു തെയ്യാറായിരിക്കയാ ണു്. കൃത്രിമവിഷ്ണുവായ പൌണ്ഡ്രകൻ തേരിൽവെച്ച ദാരുഗരുഡൻെറ പുറത്തു കയറിയിരുന്നു ശാർങ്ഗചാപവും, സുദൎശനചക്രവും, കൌമോദകീഗദയുമൊക്കെ കയ്യിലെടു ത്തു പാഞ്ചജന്യദ്ധ്വനിയും മുഴക്കി പോൎക്കളത്തിലെത്തി. പൌണ്ഡ്രകൻെറ വേഷവും സമ്പ്രദായങ്ങളും കണ്ടു ഭഗ വാനുപോലും ചിരി വന്നു. ഏതായാലും യുദ്ധം ആരംഭി ച്ചു. കുറെ നേരം യുദ്ധം ചെയ്തു. ഭഗവാൻ കാരൂഷരാജാ വിൻെറയും, കാശിരാജാവിൻെറയും സൈന്യങ്ങളെ മുഴു വൻ കൊന്നൊടുക്കി. അവസാനം തൃച്ചക്രംകൊണ്ടു ര ണ്ടു രാജാക്കന്മാരുടേയും കണ്ഠം മുറിക്കുകയും ചെയ്തു. കാ

ശിരാജാവിൻെറ ശിരസ്സ കാശിരാജധാനിയുടെ ഗോപുര ദ്വാരത്തിൽ പോയി വീണു. സൈന്യങ്ങളും രാജാക്കന്മാരും വീണു മരിച്ചതോടെ ഭഗവാൻ യുദ്ധം അവസാനിപ്പിച്ചു മടങ്ങിപ്പോരികയും ചെയ്തു.

കാശിരാജാവിൻെറ പുത്രൻ വിവരങ്ങളൊക്കെ അറിഞ്ഞു. തൻെറ അച്ഛനെ കൊന്നതുകൊണ്ടുള്ള ഈൎഷ്യയാൽ യാദവന്മാരെ മുഴുവൻ കൊന്നൊടുക്കണമെന്നു തീൎച്ചപ്പെടുത്തി. പക്ഷെ തീൎച്ചപ്പെടുത്താനല്ലാതെ പ്രവൃത്തിയിൽ വരുത്താൻ ശക്തിയില്ലതാനും. അതിനാൽ ശക്തിക്കുവേണ്ടി കുറച്ചുകാലം ശ്രീപരമേശ്വരനെക്കുറിച്ചു തപസ്സചെയ്തു. ഭഗവാനിൽനിന്നു് ഒരു മന്ത്രോപദേശം കിട്ടി. ആ മന്ത്രംകൊണ്ടു യാദവന്മാരെ കൊല്ലാൻ ആഭിചാരഹോമം തുടങ്ങി. ഹോമകുണ്ഡത്തിൽനിന്നു കൃത്യയെന്ന ഒരു ഭയങ്കരഭൂതമുണ്ടായി. ആ മഹാഭൂതം അട്ടഹസിച്ചുകൊണ്ടു ദ്വാരകയിലേയ്ക്കു പാഞ്ഞുചെന്നു. അതിനെക്കണ്ടു യാദവന്മാരൊക്കെ ഭയപ്പെട്ടു ഭഗവാനെ ശരണം പ്രാപിച്ചു. ഭഗവാനാകട്ടെ, കൃത്യയ്ക്കഭിമുഖമായി സുദൎശനചക്രത്തെ അയച്ചു. ചക്രജ്യോതിസ്സുകൊണ്ടു് അവിടെ നില്ക്കാൻപോലും കഴിയാതെ തപ്തയായ കൃത്യ നേരെ കാശിരാജ്യത്തേയ്ക്കുതന്നെ പാഞ്ഞുചെന്നു പട്ടണം മുഴുവൻ ചുട്ടെരിക്കുകയും രാജാവിനെ കൊല്ലുകയും ചെയ്തു. അങ്ങിനെ പൌണ്ഡ്രകൻെറ ഈശ്വരാഭിനയത്തിൻെറ ഫലം കാശിരാജാവിൻെറ പുത്രനും അവിടുത്തെ പ്രജകളുമടക്കം അനുഭവിക്കേണ്ടിവന്നു.

ജനങ്ങളൊക്കെ പൌണ്ഡ്രകരാജാവിന്നു ഭ്രാന്താണെന്നാണല്ലോ പറഞ്ഞുവന്നിരുന്നതു്. എന്നാൽ ഭ്രാന്തിനെയല്ല, ശ്രുതിപ്രസിദ്ധമായ ഒരദ്ധ്യാത്മധർമ്മത്തെയാണു് ഇവിടെ പൌണ്ഡ്രകനിൽക്കൂടെ അവതരിപ്പിച്ചിരിക്കുന്നതു്. ഭഗവാനോടു ചേരലാകുന്ന സായൂജ്യമുക്തിക്കുള്ള ബദ്ധപ്പാടുകൊണ്ടു തനിക്കു കിട്ടീട്ടില്ലാത്ത സാരൂപ്യഭാവത്തെ അഭിനയിക്കുകയാണു് ചെയ്തതു്. 'അഹം ബ്രഹ്മാസ്മി' എന്ന മഹാവാക്യത്തെ സഗുണഭാവത്തിൽ ഉപാസിക്ക മാത്രമാണു് പൌണ്ഡ്രകൻ ചെയ്തതു്. ഈ വസ്തുത കാശിരാജാവിന്നറിയാമായിരുന്നു. അതിനാൽ അദ്ദേഹം മററുള്ളവർ പറയുന്നതൊന്നും കേൾക്കാതെ പൌണ്ഡ്രകനെ അഭിനന്ദിക്കുകയും താനും പ്രസ്തുത ദിവ്യഭാവത്തോടു യഥാശക്തി കൂടിച്ചേരുകയുമാണു് ചെയ്തതു്. ദൂതൻ വന്നു പറഞ്ഞപ്പോൾത്തന്നെ ഭഗവാന്നു കാര്യം മനസ്സിലായി. ജനമദ്ധ്യത്തിൽ താൻ ഒന്നും അറിഞ്ഞിട്ടില്ലെന്നഭിനയിക്ക മാത്രം ചെയ്തു. അങ്ങിനെതന്നെ മററുള്ളവർ പൌണ്ഡ്രകനെ ഒരു വിഡ്ഢിയായും ഭ്രാന്തനായും കണക്കാക്കി അപഹസിച്ചപ്പോൾ ഭഗവാൻ അദ്ദേഹത്തെ പരമഭാഗവതോത്തമനെന്നു കരുതി മാനിക്കയാണു് ചെയ്തതു്. പക്ഷേ തൻെറ അഭിപ്രായത്തെ ജനമദ്ധ്യത്തിൽ പ്രഖ്യാപിച്ചില്ലെന്നുമാത്രം. അതു് എപ്പോഴും പതിവുമില്ലല്ലോ. ഏതു കാര്യത്തിലും ഭഗവാൻെറ അഭിപ്രായം എന്താണെന്നു് ആർക്കും ധരിക്കാൻ കഴിയാറില്ല. തങ്ങൾ ചിലതൊക്കെ വിചാരിക്കും; പറയും. അതുതന്നെയായിരിക്കും ഭഗവാൻെറയും അഭിപ്രായമെന്നു ധരിക്കുകയും ചെയ്യും. ഇതാ

ണല്ലോ സാധാരണ പതിവു്. ആ പതിവു് ഈ പൌ ണ്ഡ്രകരാജാവിൻെറ കാൎയ്യത്തിലും അതേ രൂപത്തിൽത്ത ന്നെ പ്രതിഫലിച്ചു. ജീവനു ഭഗവാനോടു കൂടിച്ചേരാൻ തടസ്ഥമായി വിലങ്ങടിച്ചു നില്ക്കുന്നതു സ്ഥൂലസൂക്ഷ്മാദി ശരീരോപാധികളാണല്ലോ. അവയെ ഭഗവാൻ നീക്കി ക്കൊടുത്തു. അതായതു്, സൎവ്വോപാധിവിനിൎമ്മുക്തനാ ക്കി തന്നോടു കൂട്ടിയോജിപ്പിച്ചു. ഇതാണു് യുദ്ധംകൊ ണ്ടും പൌണ്ഡ്രകവധംകൊണ്ടും സാധിച്ച ഏററവും മഹ ത്തായ കാൎയ്യവും.

വീൎയ്യശാലിയായ ബലരാമൻെറ പരാക്രമത്തെ പ്ര കീൎത്തിക്കുന്നവയാണു് പിന്നീടുള്ള രണ്ടദ്ധ്യായങ്ങൾ. അ തിൽ ഒന്നുകൊണ്ടു വിവിദനെന്ന വാനരനെ കൊന്ന ക ഥയാണു് പറയുന്നതു്. മററതുകൊണ്ടു ഹസ്തിനപുരത്തെ കുത്തിപ്പുഴക്കി ഗംഗയിൽ തള്ളാൻ മുതിൎന്ന കഥയും.

രാമരാവണയുദ്ധത്തിൽ ശ്രീരാമൻെറ വാനരസൈ ന്യത്തിലെ പ്രസിദ്ധന്മാരായ നേതാക്കളിൽ ഒരാളായിരു ന്നുവല്ലോ വിവിദൻ. അന്നു ലക്ഷ്മണനും ഇന്ദ്രജിത്തും തമ്മിൽ യുദ്ധം ചെയ്യുന്നതു കണ്ടപ്പോൾ ലക്ഷ്മണൻെറ പരാക്രമങ്ങളെക്കണ്ടു് അതിശയിച്ചു് അദ്ദേഹത്തോടു യു ദ്ധം ചെയ്യാൻ ആഗ്രഹിച്ചിട്ടുണ്ടായിരുന്നുവത്രേ വിവി ദൻ. അതിൻെറ ഫലമായിട്ടാണു് ഈ അവതാരത്തിൽ ബലരാമനോടു യുദ്ധം ചെയ്യേണ്ടിവന്നതെന്നു പറയാറു ണ്ടു്. ഏതായാലും അതിൻെറ കഥാഗോളം ഇതാണു്: പലപ്പോഴും ദ്വാരകയിൽ വന്നു യാദവന്മാരെ മുഴുവൻ ശ ല്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു ഒരു വലിയ വാനരൻ. അ

വൻെറ പരാക്രമം എല്ലാവരേയും അതിശയിപ്പിച്ചു. അതുകാരണത്താൽ ആൎക്കും അവനോടെതിരിടാൻ ധൈൎയ്യമില്ല. രാമകൃഷ്ണന്മാർ അറിഞ്ഞു പുറത്തുവരുമ്പോഴേയ്ക്കു് അവൻ ഓടിപ്പോകയും ചെയ്യും. ഇങ്ങിനെ പല പ്രാവശ്യവും കഴിഞ്ഞു. അങ്ങിനെയിരിക്കുമ്പോഠം ഒരു ദിവസം ബലരാമൻ ഉദ്യാനക്രീഡയ്ക്കൊരുങ്ങിപ്പുറപ്പെട്ടപ്പോഠം അവിടെ വന്നു വശായി വാനരൻ. പല ചാപല്യങ്ങളും കാണിച്ചു ബലരാമനെ ശല്യപ്പെടുത്താൻ തുടങ്ങി. അപ്പോഠം അന്യോന്യം ഏററുമുട്ടി. വളരെ നേരം ഭയങ്കരമാംവണ്ണം യുദ്ധം ചെയ്തു. അവസാനം ബലരാമൻ അവനെ അടിച്ചുകൊല്ലുകയും ചെയ്തു.

ദുൎയ്യോധനൻെറ പുത്രിയായി ലക്ഷ്മണയെന്നൊരു കന്യകയുണ്ടായിരുന്നു. വിവാഹപ്രായമായി, വിവാഹവും നിശ്ചയിച്ചു. പക്ഷേ സ്വയംവരമായിട്ടാണു് നിശ്ചയിച്ചിട്ടുണ്ടായിരുന്നതു്. കന്യക ആരുടെ കണ്ഠത്തിൽ വരണമാല്യമൎപ്പിക്കുന്നുവോ ആ ആഠം വരനെന്നാണല്ലോ സ്വയംവരത്തിൻെറ നിയമം. അസംഖ്യം രാജകുമാരന്മാർ സ്വയംവരമണ്ഡപത്തിൽ കന്യാൎത്ഥികളായി എത്തിച്ചേൎന്നിട്ടുമുണ്ടായിരുന്നു. കൂട്ടത്തിൽ ജാംബവതീപുത്രനായ സാംബനും പോയിട്ടുണ്ടായിരുന്നു. കന്യക വരണമാല്യവും കയ്യിലേന്തി സഖികളോടുകൂടി വരമദ്ധ്യത്തിലേയ്ക്കു വരുമ്പോഠംത്തന്നെ സാംബൻ ബലാൽക്കാരേണ കന്യകയെപ്പിടിച്ചു തേരിലേററി പോവാൻ തുടങ്ങി. കൌരവന്മാൎക്കു് അതൊരു വലിയ അപമാനമായിത്തോന്നി. അതിനാൽ അവർ എതിൎത്തു. അനവധി യോദ്ധാക്ക

ന്മാരോട്ട് ഒരാളൊററയ്ക്കു് എത്രനേരം എതിക്കും? സാം
ബൻ തോററു; കൌരവന്മാർ അയാളെ ബലാൽ ബന്ധി
ച്ചു ജയിലിൽ വെയ്ക്കുകയും ചെയ്തു. വിവരം ദ്വാരകയിൽ
ആരും അറിയാതെതന്നെ ദിവസങ്ങൾ കുറെ നീങ്ങി. പ
ണ്ടു് അനിരുദ്ധനെ കാണാതിരുന്നമാതിരി സാംബനേ
യും കാണാതായ വൎത്തമാനം ഒരിക്കൽ ഭഗവാൻ ശ്രീനാ
രദമഹൎഷിയോടു പറയാനിടവന്നു. സാംബൻെറ നില
യും ദ്വാരകയിൽ വെളിവാക്കിക്കൊടുത്തതു് ശ്രീനാരദമ
ഹൎഷിതന്നെയായിരുന്നു. വൎത്തമാനം കേട്ടപ്പോൾ എ
ല്ലാവരും അരിശംകൊണ്ടു യുദ്ധത്തിനുള്ള പുറപ്പാടായി.
ബലരാമൻ അവരെയൊക്കെ തടഞ്ഞു. ശിഷ്യവാത്സ
ല്യംകൊണ്ടു് കൌരവന്മാരോടു യുദ്ധം ചെയ്യാൻ ബലരാ
മനു മടിയുണ്ടു്. അതിനാൽ യുദ്ധമൊന്നും വേണ്ട. ഞാൻ
പോയി വീണ്ടുകൊണ്ടുവരാമെന്നു പറഞ്ഞു ബലരാമൻ ഒ
ററയ്ക്കു പുറപ്പാടായി. ബലരാമചക്രവൎത്തി തീൎച്ചപ്പെടു
ത്തിയാൽ പിന്നെ അതിനു മറുത്തുപറയാൻ ആരാണു
ള്ളതു്? അതിനാൽ എല്ലാവരും തൽക്കാലം അടങ്ങി.
ഉദ്ധവസാത്യകിമാരാകുന്ന രണ്ടു മന്ത്രിമുഖ്യന്മാരോടും അ
ഞ്ചാറു് അംഗരക്ഷകഭടന്മാരോടുംകൂടി ബലരാമൻ യാത്ര
യായി ഹസ്തിനപുരത്തെത്തി. കോട്ടയ്ക്കു പുറമെ നിന്നു
കൊണ്ടു താൻ വന്നിട്ടുള്ള വിവരം ദുൎയ്യോധനനെ ധരിപ്പി
ക്കാൻ ആളെ അയച്ചു. വിവരം ധരിച്ച ദുൎയ്യോധനൻ
ഭക്തിബഹുമാനങ്ങളോടെ ഗുരുവിനെ സ്വീകരിക്കാൻ കാ
ഴ്ച്ചദ്രവ്യങ്ങളും അകമ്പടിക്കാരുമായി പുറപ്പെട്ടു. അന്യോ
ന്യം കണ്ടു കുശലപ്രശ്നങ്ങളെല്ലാം കഴിഞ്ഞ ഉടനേതന്നെ

ബലരാമൻ താനിപ്പോഠം ഗുരുവിൻെറ നിലയ്ക്കു ശിഷ്യ
നെ കാണാൻ വന്നതല്ലെന്നും ഉഗ്രസേനമഹാരാജാവി
ൻെറ ഒരു ദൂതനായിട്ടാണു് വന്നിരിക്കുന്നതെന്നും, സാം
ബനെ കന്യകയോടും, സ്ത്രീധനത്തോടുംകൂടി ഉടനെ വിട്ടു
തരണമെന്നും, അല്ലാത്തപക്ഷം യുദ്ധത്തിന്നൊരുങ്ങി
ക്കൊള്ളണമെന്നും മഹാരാജാവു കല്പിക്കുന്നുവെന്നും പറ
ഞ്ഞു. ഇതു കേട്ടപ്പോഠം ദുൎയ്യോധനാദികഠം ഗുരുശിഷ്യ
ബന്ധംപോലും മറന്നു പൊട്ടിച്ചിരിക്കുകയും ബലരാമനേ
യും, യാദവന്മാരേയും അപഹസിക്കുകയും, അധിക്ഷേപി
ക്കുകയും, അവമാനിക്കുകയും ചെയ്തു. അതു സഹിക്കാൻ
കഴിയാതെ ബലരാമൻ ക്രുദ്ധനായി പെട്ടെന്നു തൻെറ
ഹലായുധംകൊണ്ടു ഹസ്തിനപുരത്തെ കട്ടാകെ കുത്തിപ്പൊ
ക്കി ഗംഗയിലേയ്ക്കു മറിച്ചിടാൻ തുടങ്ങി. ഭൂമിയുടെ ഒരു
ഭാഗം പിളൎന്നു പൊന്താൻ തുടങ്ങിയപ്പോഠം എല്ലാവരും
ഭയപ്പെട്ടു ബലരാമനെ ശരണം പ്രാപിച്ചു സ്തുതിച്ചു നമ
സ്കരിച്ചു. അപ്പോഠം ഭൂമിയെ സ്വസ്ഥാനത്തുതന്നെ വി
ന്യസിച്ചു് അവൎക്കു് അഭയം കൊടുത്തു. ദുൎയ്യോധനൻ ത
ൻെറ പുത്രിയേയും, സാംബനേയും അനവധി ദ്രവ്യത്തേ
യും കൊണ്ടുവന്നു ബലരാമനു കാഴ്ചവെച്ചു. അവരോടുകൂ
ടി ദ്വാരകയിലേയ്ക്കു മടങ്ങിപ്പോരികയും ചെയ്തു.

ഏകനായിരിക്കുന്ന ഭഗവാൻ പതിനാറായിരത്തെട്ടു
പത്നിമാരുടെ അന്തഃപുരത്തിലും ഒരേ സമയത്തു് അധി
വസിക്കുന്നതെങ്ങിനെയെന്നു കാണാനുള്ള കൌതുകത്തോ
ടുകൂടി ഒരു ദിവസം ശ്രീനാരദമഹൎഷി അവിടുത്തെ എല്ലാ
അന്തഃപുരത്തിലും കയറിയിറങ്ങി. ഈശ്വരൻെറ സൎവ്വാ

ത്മഭാവം അദ്ദേഹത്തിന്നറിയാത്തതല്ല. എങ്കിലും മനു ഷ്യനായിത്തീൎന്ന ഈ സമയത്തു് അതു് എങ്ങിനെ പ്രദ ൎശിപ്പിക്കപ്പെടുന്നുവെന്നറിയാനുള്ള കൌതുകംകൊണ്ടാണു് പോയി നോക്കിയതു്. എല്ലാ ഗൃഹത്തിലും ഭഗവാനെ കാണുകയും, എല്ലാ ഗൃഹത്തിലും താൻ സൽക്കരിക്കപ്പെ ടുകയും ചെയ്തു. അവസാനത്തെ ഗൃഹത്തിൽവെച്ചു ഭഗ വാനെ സ്തുതിച്ചു് അനുഗ്രഹവും വാങ്ങി മടങ്ങുകയും ചെയ്തു.

**രാജസൂയം**

അനന്തരം ഒരു ദിവസം ഭഗവാൻ തന്റെ പതിവു പോലുള്ള നിത്യവൃത്തികളൊക്കെക്കഴിഞ്ഞു രാജ്യസഭയി ലെത്തി രാജ്യകാൎയ്യങ്ങളെക്കുറിച്ചാലോചിച്ചുകൊണ്ടിരിക്കു മ്പോൾ ഒരു പ്രതീഹാരി വന്നു മഗധരാജ്യത്തിൽനിന്നൊ രു ദൂതൻ വന്നിട്ടുണ്ടെന്നറിയിച്ചു. സഭയിലേയ്ക്കു കൂട്ടിക്കൊ ണ്ടു വരാൻ കല്പനയായി. ഭഗവാന്റെ തിരുമുമ്പിലേയ്ക്കാ നയിക്കപ്പെടുകയും ചെയ്തു. ദൂതൻ സഭയിൽ വന്ന ഉട നെത്തന്നെ ഭഗവാനെ സാഷ്ടാംഗം വീണു നമസ്കരിച്ചു. ഇതു കണ്ടപ്പോൾത്തന്നെ എല്ലാവരും സംശയം പ്രകാശി പ്പിച്ചു. കാരണം മഗധരാജ്യത്തെ രാജാവു ജരാസന്ധ നാണു്. ജരാസന്ധൻ ഭഗവാന്റെ ആജന്മശത്രുവുമാ ണു്. ശത്രുവിന്റെ ഒരു ദൂതൻ ഇത്രത്തോളം മാനിക്കാൻ കാരണമില്ല. അതിൽ എന്തോ ഒരജ്ഞാതതത്വം ഒളി ഞ്ഞുകിടപ്പുണ്ടെന്നെല്ലാവൎക്കും തോന്നി. ആരും ഒന്നും മിണ്ടിയതുമില്ല. പിന്നീടു ഭഗവാൻ ദൂതനോടു വൎത്തമാ നങ്ങളൊക്കെ ചോദിച്ചു. അപ്പോൾ പറകയാണു്:—

"ജരാസന്ധൻ കാരണംകൂടാതെ അനവധി ക്ഷത്രിയന്മാരെ ബലാല്ക്കാരേണ പിടിച്ചു ജയിലിൽവെച്ചു നരകയാതന അനുഭവിപ്പിച്ചു വരുന്നുണ്ടു്. അവർ ദുർബ്ബലന്മാരാണെന്ന ഒരൊററക്കാരണംകൊണ്ടാണു് അവരെ ഇങ്ങിനെ ഉപദ്രവിക്കുന്നതു്. ബലവാന്മാർ ദുർബ്ബലന്മാരെ ഇങ്ങിനെ കാരണംകൂടാതെ ഉപദ്രവിക്കാൻ തുടങ്ങിയാൽ എന്താണു് നിവൃത്തി? അതിനാൽ ലോകോപദ്രവിയായ ജരാസന്ധനെക്കൊന്നു് ആ സാധു ക്ഷത്രിയരെ രക്ഷിക്കണം. അവിടുന്നു വിചാരിച്ചാലല്ലാതെ ഈ മഹാകാൎയ്യം നടക്കാൻ പോവുന്നില്ല. ഈ വൎത്തമാനം ഇവിടെ അറിയിക്കാൻവേണ്ടി ആ ജയിൽപ്പുള്ളികൾതന്നെയാണു് എന്നെ അയച്ചതു്." ഇതാണു് ദൂതൻെറ മൊഴി. എല്ലാവരും കേട്ടു. എന്തു ചെയ്യണമെന്നറിയാതെ സഭ മൌനംകൊണ്ടു. ഭഗവാൻ ദൂതനോടു മറുപടി പറയാൻ തുടങ്ങുമ്പോഴയ്ക്കു പെട്ടെന്നു ശ്രീനാരദമഹൎഷി സഭയിലേയ്ക്കു കയറി വന്നു. അപ്പോൾ പിന്നെ മുമ്പേ വേണ്ടതു് അദ്ദേഹത്തെ ഉപചരിക്കലാണല്ലോ. ഭഗവാൻ വേഗം എഴുന്നേററു നാരദമഹൎഷിയെ വേണ്ടപോലെ ഉപചരിച്ചിരുത്തി. യുധിഷ്ഠിരമഹാരാജാവിൻെറ ഒരു ദൌത്യവും വഹിച്ചാണു് താൻ വന്നിരിക്കുന്നതെന്നാണു് നാരദമഹൎഷിയുടെ അറിയിപ്പു്. യുധിഷ്ഠിരരാജാവിന്നു വിശേഷാത്തരമായ രാജസൂയമഹായജ്ഞംകൊണ്ടു ഭഗവാൻെറ വിഭൂതികളെ സന്തൎപ്പണം ചെയ്യാനാഗ്രഹമുണ്ടു്. ആ മഹാകൃത്യത്തിൻെറ ചുമതല മുഴുവൻ ഭഗവാൻതന്നെ ഏറെറടുത്തു നടത്തിച്ചുതരികയും വേണം. അങ്ങിനെ അവിടുന്നു് അനുവദിക്കുന്നപക്ഷം ഇപ്പോൾത്തന്നെ എല്ലാ പരിവാ

രങ്ങളോടുംകൂടി ഹസ്തിനപുരത്തേയ്ക്കു പുറപ്പെട്ടുവന്നു യ ജ്ഞം കഴിയുന്നതുവരെ അവിടെ താമസിക്കുകയും വേ ണം. എന്നൊക്കെയാണു് ശ്രീനാരദമഹഷി യുധിഷ്ഠിര മഹാരാജാവിൻെറ സന്ദേശമായി അവിടെ അറിയിച്ചതു്. ഇതുംകൂടെ കേട്ടപ്പോഠം ഒരേസമയത്തു രണ്ടു കാര്യങ്ങഠം നടത്തണമെന്ന നിലയാണു് വന്നതു്. രണ്ടും ഒരുപോ ലെ ഗൌരവമുള്ളതുമാണു്. അതിനാൽ ഒന്നു നീട്ടിവെ യ്ക്കാമെന്നു വെയ്ക്കാൻ നിവൃത്തിയില്ല. എങ്കിലും ഒരേസ മയത്തു് ഒരാഠം രണ്ടു കാര്യങ്ങഠം ചെയ്കയെന്നതു സംഭാ വ്യമല്ലല്ലോ. അതിനാൽ ഏതാണു് മുമ്പെ ചെയ്യേണ്ട തെന്ന ആലോചനയായി. ചിലർ ജരാസന്ധനോടു യു ദ്ധത്തിന്നു പോകയാണു് ആദ്യം വേണ്ടതെന്നു ശഠിച്ച പ്പോഠം മററു ചിലർ രാജസൂയത്തിന്നാണു് ആദ്യം പോ വേണ്ടതെന്നു വാദിച്ചു. പ്രസ്തുത രണ്ടു കാര്യങ്ങളുടേയും ഗൌരവത്തേയും പ്രാധാന്യത്തേയും പററി ചർച്ചചെയ്തു കൊണ്ടു് ആ രാജസഭ കുറേനേരം ചൂടുപിടിച്ച വാദപ്രതി വാദം നടത്തി. എന്നാൽ കൃത്യമായൊരു തീർപ്പുചെയ്യാൻ കഴിഞ്ഞതുമില്ല. അപ്പോഠം ഭഗവാൻ ഉദ്ധവരാകുന്ന ത ൻെറ മുഖ്യമന്ത്രിയോടു് അദ്ദേഹത്തിൻെറ അഭിപ്രായം പ റയാനാവശ്യപ്പെട്ടു. ഉദ്ധവൻെറ അഭിപ്രായത്തിൽ അവ രണ്ടും രണ്ടു കാര്യമേ അല്ല. ഒരു കാര്യത്തിൻെറ രണ്ടു ഘടകങ്ങഠം മാത്രമാണു്. രാജസൂയയജ്ഞം നടത്തണ മെങ്കിൽ ദിഗ്ജയം അവശ്യം സാധിച്ചേ തീരൂ. ദിഗ്ജ യം സാധിക്കണമെങ്കിൽ അപ്പോഠം ജരാസന്ധനോടും എതിക്കേണ്ടിവരും. അപ്പോഠം അയാളെ കൊന്നു രാജാ

ക്കന്മാരെ രക്ഷിക്കുകയും ചെയ്യാം. അതിനാൽ ജരാസ ന്ധവധമെന്നതു രാജസൂയത്തിൻെറതന്നെ ഒരംഗംമാത്ര മേ ആവുന്നുള്ളു. രാജസൂയയജ്ഞത്തിന്നു പോയാൽ നി ലവിലുള്ള രണ്ടു കാൎയ്യങ്ങളേയും സാധിക്കാം. അതിനാൽ അതാണു് മുമ്പെ ചെയ്യേണ്ടതു്. എന്നായിരുന്നു ഉദ്ധ വൻെറ അഭിപ്രായം. യുക്തിയോടും ന്യായത്തോടുംകൂടി യ പ്രസ്തുതാഭിപ്രായത്തെ എല്ലാവരും മാനിക്കുകയും അനു മോദിക്കുകയും ചെയ്തു. അതിനാൽ അപ്പോഠംത്തന്നെ ഭഗവാൻ ദ്വാരകാവാസികളായ എല്ലാവരോടുംകൂടി ഇന്ദ്ര പ്രസ്ഥത്തിലേയ്ക്കു പുറപ്പെടാൻ തീച്ചപ്പെടുത്തി. മഗധ രാജ്യത്തിൽനിന്നു വന്ന ദൂതനോടു് അധികം താമസിയാ തെതന്നെ ജരാസന്ധനെ കൊന്നു ജയിലിലുള്ള രാജാക്ക ന്മാരെ രക്ഷിക്കാമെന്നു പറഞ്ഞു മടക്കി അയച്ചു സഭ പി രിഞ്ഞു. അപ്പോഠം യാത്രയ്ക്കുള്ള ഒരുക്കങ്ങളുമായി.

എണ്ണമററ സ്ത്രീപുരുഷന്മാരോടും വാദ്യമേളഘോഷ ങ്ങളോടും പലതരത്തിലുള്ള രാജകീയചിഹ്നങ്ങളോടും കൂ ടി ഭഗവാനും പരിവാരങ്ങളും യുധിഷ്ഠിരരാജധാനിയിലേ യ്ക്കു പുറപ്പെട്ടു കഴിഞ്ഞു വഴിക്കു് ഓരോ രാജ്യത്തു പാള യമടിച്ചു താമസിച്ചും അതാതു രാജാക്കന്മാരുടെ ആതി ത്ഥ്യത്തെ സ്വീകരിച്ചും ക്രമേണ അഞ്ചാംദിവസം ഹസ്തി നപുരപട്ടണത്തിൻെറ അതിൎത്തിയിലെത്തി. യുധിഷ്ഠി രരാജാവു് എല്ലാ ആഭോടങ്ങളോടുംകൂടി പട്ടണാതിൎത്തി യിൽവെച്ചുതന്നെ ഭഗവാനെ സ്വീകരിച്ചു് അരമനയി ലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. ഭഗവാനും പരിജനങ്ങഠം ക്കും വേണ്ടുന്ന എല്ലാ സൌകൎയ്യങ്ങളും ചെയ്തുകൊടുത്തു യു

ധിഷ്ഠിരരാജാവു്. അങ്ങനെ അവരെല്ലാവരുംകൂടെ ഏ
താനും ദിവസങ്ങൾ അവിടെ സുഖമായി കഴിച്ചുകൂട്ടി.
അങ്ങനെയിരിക്കുമ്പോൾ ഒരു ദിവസം രാജസഭയിൽവെ
ച്ചു ധൎമ്മപുത്രർ തൻെറ ആഗ്രഹത്തെ പ്രകാശിപ്പിച്ചു്
അതിനെ സാധിപ്പിച്ചുതരാനായി ഭഗവാനോടപേക്ഷി
ച്ചു. ഭഗവാൻ അദ്ദേഹത്തിൻെറ ആഗ്രഹത്തെ അഭിന
ന്ദിക്കുകയും അനുമോദിക്കുകയും ചെയ്തു. പിറേറ ദിവസം
തന്നെ യജ്ഞത്തിൻെറ പ്രാരംഭച്ചടങ്ങായി ദിഗ്ജയത്തി
നു പുറപ്പെടാൻ തീൎച്ചപ്പെടുത്തി. ഭീമൻ അൎജ്ജുനൻ
നകുലൻ സഹദേവൻ എന്നീ നാലു യോദ്ധാക്കന്മാരും അ
വരവരുടെ കീഴിൽ അസംഖ്യം സൈന്യങ്ങളോടുംകൂടി
നാലു ദിക്കിലേയ്ക്കും പുറപ്പെട്ടു. കുറെ ദിവസങ്ങളെക്കൊ
ണ്ടു് അവർ നാലാളും പല ദിക്കിലും ചുററിസ്സഞ്ചരിച്ചു
പല രാജാക്കന്മാരോടും എതിൎത്തു് അവരെയൊക്കെ കീ
ഴൊതുക്കി അനവധി ദ്രവ്യങ്ങളോടുംകൂടി തിരിച്ചുവന്നു. ദി
ഗ്ജയം കഴിഞ്ഞു; എല്ലാ രാജാക്കന്മാരും കീഴൊതുങ്ങി.
എല്ലാവരും യുധിഷ്ഠിരമഹാരാജാവിന്നു കപ്പംകൊടുത്തു.
അവരെല്ലാവരും ഭാരതചക്രവൎത്തിയായ യുധിഷ്ഠിരൻെറ
മഹായജ്ഞത്തിൽ പങ്കുകൊള്ളാൻ വരുമെന്നു കേട്ടപ്പോൾ
ധൎമ്മപുത്രമഹാരാജാവിന്നു വളരെ സന്തോഷമായി. അ
പ്പോഴാണു് ഭഗവാൻ അവരോടു ജരാസന്ധൻെറ നില
യെപ്പററി ചോദിച്ചതു്. ആരും അവിടേയ്ക്കു പോയിട്ടി
ല്ലെന്നും അദ്ദേഹത്തെ കണ്ടിട്ടില്ലെന്നും അവരിൽനിന്നു
മനസ്സിലായി. പിറെറ ദിവസംതന്നെ മഗധരാജ്യത്തു
പോയി ജരാസന്ധനെക്കൂടി ജയിച്ചുവരണമെന്നു തീൎച്ച

പ്പെടുത്തുകയും ചെയ്തു. അതുപ്രകാരം ഭഗവാനും, ഭീമാ ർജ്ജുനന്മാരുംമാത്രം സൈന്യങ്ങളോടും, ആയുധങ്ങളോടും കൂടാതെ ബ്രാഹ്മണവേഷവും ധരിച്ച പിറേറന്നു മഗധരാ ജ്യത്തിലേയ്ക്കു പുറപ്പെട്ടു. മഹാരാജാവു് അതിഥികളെ സ്വീകരിക്കുന്ന സമയം നോക്കി മൂന്നാളും അരമനയിലേ യ്ക്കു കയറിച്ചെന്നു. തങ്ങാം വളരെ ദൂരത്തുനിന്നു നടന്നു വരുന്ന ബ്രാഹ്മണരാണെന്നും, അങ്ങു വലിയ ദാതാവാ ണെന്നു കേട്ടിട്ടുണ്ടെന്നും, അങ്ങയിൽനിന്നു് ഒരു കാൎയ്യം സാധിക്കാനുണ്ടെന്നും, ആയതു സാധിപ്പിച്ചുതരാമെന്നു് ആദ്യംതന്നെ പ്രതിജ്ഞചെയ്താൽ കാൎയ്യമെന്താണെന്നു പറയാമെന്നുമൊക്കെപ്പറഞ്ഞു കപടബ്രാഹ്മണർ. ജരാ സന്ധന്നാകപ്പാടെ സംശയമായി. വേഷംകൊണ്ടു നോ ക്കുമ്പോറം ബ്രാഹ്മണരാണു്. എന്നാൽ ആകൃതികൊ ണ്ടും, പെരുമാററംകൊണ്ടും നോക്കുമ്പോറം ബ്രാഹ്മണ്യ ത്തെക്കാറം കൂടുതൽ ക്ഷാത്രമാണു് പ്രകാശിക്കുന്നതു്. അ തിനാൽ കൃത്രിമമായി ബ്രാഹ്മണവേഷം കെട്ടി വന്ന വല്ല ക്ഷത്രിയന്മാരുമായിരിക്കുമോ? ഇങ്ങിനെയൊക്കെ പലതും സംശയിച്ചു ജരാസന്ധരാജാവു്. അവസാനമാണു് അ വരുടെ കൈകളിലേയ്ക്കു നോക്കിയതു്. അപ്പോറം സംശ യം മുഴുവൻ തീൎന്നു. മൂന്നാളുടെ കൈകളിലും ഞാൺത ഴമ്പുണ്ടു്. അതു ബ്രാഹ്മണൎക്കുണ്ടാവാൻ വയ്യ. ക്ഷത്രി യരാണെന്നു തീൎച്ചപ്പെട്ടു. പിന്നെയും നോക്കിയപ്പോറം മുഖപരിചയവും തോന്നി. എവിടെയോവെച്ചു കണ്ടിട്ടു ണ്ടെന്നുപോലും ബോദ്ധ്യമായി. എങ്കിലും ഇതൊന്നും വെളിവാക്കാതെ അവരുടെ സംരംഭമെന്താണെന്നറിയാ

മെന്നു കരുതി ആവശ്യപ്പെട്ടുന്നതെന്തായാലും തരാമെന്നു പ്രതിജ്ഞചെയ്തു. അപ്പോഠം ഭഗവാൻ പറഞ്ഞു: "ഞങ്ങഠം അന്നേച്ഛുക്കളായ ബ്രാഹ്മണരല്ല; യുദ്ധേച്ഛുക്കളായ ക്ഷത്രിയരാണു്. ഇവർ ഭീമനും അജ്ജ്ജുനനുമാണു്. ഞാനിവരുടെ മാതുലേയനായ കൃഷ്ണനുമാണു്. ദ്വന്ദ്വയുദ്ധമാണു് ഞങ്ങഠംക്കാവശ്യം. അതിനാൽ ഞങ്ങളിൽ അങ്ങയ്ക്കിഷ്ടമുള്ള ഏതെങ്കിലും ഒരാളോടു മരണപയ്യന്തം ദ്വന്ദ്വയുദ്ധം ചെയ്യാൻ ഇപ്പോഠംതന്നെ ഒരുങ്ങണം." ജരാസന്ധനിതു കേട്ടു പരിഹാസപൂവ്വം പൊട്ടിച്ചിരിച്ചു. അനന്തരം ഭഗവാനോടു പറകയാണു്: "ഓഹോ! യുദ്ധമാണു് നിങ്ങഠംക്കു വേണ്ടതല്ലേ? തരാം. എന്നാൽ നിന്നോടു ഞാൻ യുദ്ധം ചെയ്കയില്ല. കാരണം, എന്നെ ഭയപ്പെട്ടു നാടും വീടും വിട്ടോടിപ്പോയ ഭീരുവാണു് നീ. ഇപ്പോഠം സമുദ്രത്തെ ആശ്രയിച്ചു കഴിഞ്ഞുകൂടുകയാണു്. ഭീരുക്കളോടു യോദ്ധാക്കന്മാർ യുദ്ധം ചെയ്യുന്ന പതിവില്ല. അതിനാൽ നിന്നോടു യുദ്ധം ചെയ്യാൻ നിവൃത്തിയില്ല. അജ്ജ്ജുനൻ ദുബ്ബ്ബലനാണു്. അവനോടു യുദ്ധം ചെയ്യുന്നതു ധമ്മ്മമായിരിക്കില്ല. ഭീമൻ ഏതാണ്ടു് എന്നോടു തുല്യബലമുള്ളവനാണു്. അതിനാൽ ഭീമനോടു യുദ്ധം ചെയ്യാം." എന്നു പറഞ്ഞു് അപ്പോഠംതന്നെ ഭീമസേനന്നൊരു ഗദ കൊടുത്തു താനും ഒരു ഗദയെടുത്തു് എല്ലാവരുംകൂടി കോട്ടയ്ക്കു പുറത്തു മൈതാനത്തിൽ ചെന്നു യുദ്ധമാരംഭിച്ചു. വൈകുന്നേരംവരെ ശത്രുക്കളുടെ മാതിരി ഭയങ്കരമാകുംവണ്ണം രണ്ടാളുംകൂടി യുദ്ധം ചെയ്യും. വൈകുന്നേരമായാൽ യുദ്ധം അവസാനിപ്പിച്ചു ബന്ധുഭാവത്തോടും സൌഹാദ്ദത്തോടുംകൂടി കുളിച്ചു് ആഹാരം കഴിച്ചു കി

ടന്നുറങ്ങും. ഇങ്ങിനെ തുടൎച്ചയായി ഇരുപത്തേഴ ദിവസം കഴിഞ്ഞു. എന്നിട്ടും വിജയമോ, പരാജയമോ രണ്ടാറം ക്കും കൈവന്നിട്ടില്ല. ഇനിയും എത്ര ദിവസമാണി യു ദ്ധം നീണ്ടുനില്ക്കാൻ പോവുന്നതെന്നു പലരും ആശങ്ക യെ പ്രകടിപ്പിച്ചു. എന്നാൽ ഭീമസേനൻെറ ശക്തി കു റെശ്ശയായി ക്ഷയിക്കാൻ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. അതു മററാരും അറിഞ്ഞിട്ടില്ലെന്നേ ഉള്ളു. ഇരുപത്തേഴാം ദി വസം രാത്രി കിടക്കുമ്പോറം ഭീമസേനൻ തൻെറ ശക്തി ക്ഷയത്തേയും, ആശങ്കയേയും ഭഗവാൻെറ മുമ്പിൽ പ്ര കാശിപ്പിച്ചു. അപ്പോറം ഭഗവാൻ ഒരു ദിവസത്തെ യു ദ്ധംകൂടി കഴിഞ്ഞശേഷം വേണ്ടതാലോചിക്കാമെന്നു പറ ഞ്ഞു ഭീമനെ സമാധാനിപ്പിക്കുകയും ചെയ്തു. പക്ഷേ പിറേറദിവസം ഭീമനെക്കൊണ്ടു ജരാസന്ധനെ കൊല്ലി ക്കയാണു് ചെയ്യുന്നതു്. മാഗധൻെറ മൎമ്മം മനസ്സിലാ വാഞ്ഞതുകൊണ്ടാണു് ഇത്രയൊക്കെ സാഹസപ്പെട്ടിട്ടും ഭീമനയാളെ കൊല്ലാൻ കഴിയാത്തതെന്നു ബോധ്യപ്പെട്ട ഭഗവാൻ അവരുടെ യുദ്ധസന്ദൎഭത്തിൽ ദൂരെ നിന്നുകൊ ണ്ടു്, എന്നാൽ ഭീമൻ കാണത്തക്കവണ്ണം, ഒരു ഇല പൊ ട്ടിച്ചു നടുവിൽക്കൂടെ ചീന്തി രണ്ടു ഭാഗത്തായി തിരിച്ചി ട്ടു. അതു കണ്ടപ്പോറം ഭീമനു പെട്ടെന്നോൎമ്മവന്നു. ജ രയാകുന്ന പിശാചിനാൽ രണ്ടംശങ്ങറം കൂട്ടിയോജിപ്പി ച്ചു് ഒന്നാക്കപ്പെട്ടതാണു് മാഗധൻെറ ശരീരമെന്നും, അ തുകൊണ്ടാണു് ജരാസന്ധനെന്നു പേരുണ്ടായതെന്നും, അ തു രണ്ടും രണ്ടാക്കപ്പെടുമ്പോറം നശിക്കുമെന്നും, അപ്പോ ഴേ നശിക്കു എന്നുമൊക്കെ ഭീമനു് ഓൎമ്മവന്നു. പിന്നെ താമസമുണ്ടായില്ല. അടിച്ചു താഴത്തിട്ടു. ഒരു കാൽ ച

വുട്ടി മറേറക്കാൽ പിടിച്ച ശരീരത്തിൻെറ നേരേ മദ്ധ്യ ത്തിൽക്കൂടെ ചീന്തി രണ്ടു ഭാഗമാക്കി തിരിച്ചിട്ടു. അതോടെ ജരാസന്ധൻ മരിച്ചു. ശരണം പ്രാപിച്ച അദ്ദേഹത്തിൻെറ പുത്രനു് അഭയം കൊടുത്തു വാഴിച്ചു. ജയിലിലുള്ള രാജാക്കന്മാരെയൊക്കെ വിട്ടു മംഗളസ്നാനം ചെയ്യിച്ചു മൃഷ്ടാന്നഭോജനവും കൊടുത്തു് അവരവരുടെ രാജ്യങ്ങളിലേയ്ക്കു പറഞ്ഞയച്ചു. പോവുമ്പോഠം അവരെല്ലാവരും ഭഗവാനോടുള്ള ഭക്തിവിശ്വാസങ്ങളാൽ ആവിഷ്ടന്മാരായി ഭഗവാനെ പ്രദക്ഷിണംവെച്ചു നമസ്കരിച്ചു സ്തുതിച്ചു. അവക്കു വേണ്ടത്ര പാകത വന്നുകഴിഞ്ഞിട്ടുണ്ടെന്നു സ്തുതികൊണ്ടു വെളിപ്പെടുത്തി. അവർ പറകയാണു്: "ഞങ്ങഠം അഹങ്കാരംകൊണ്ടാവിഷ്ടന്മാരായി ദുരാചാരങ്ങഠം ചെയ്തു ധൂത്തടിച്ചു നടന്നതിൻെറ ഫലമാണു് ഞങ്ങഠംക്കീ ശിക്ഷ അനുഭവിക്കേണ്ടിവന്നതു്. വാസ്തവത്തിൽ ഞങ്ങളുടെ ഈ ദുരനുഭവങ്ങഠംക്കൊക്കെയും ജരാസന്ധനല്ല, ഞങ്ങഠംതന്നെയാണു് തികച്ചും ഉത്തരവാദികഠം. ഞങ്ങളുടെ ദുഷ്കമ്മത്തിൻെറ ഫലമാണു് ഞങ്ങളനുഭവിച്ചതെല്ലാം. അങ്ങയെ മറന്നു് അഹങ്കരിച്ചതാണിതിനൊക്കെ കാരണം. ഇനിയെങ്കിലും അങ്ങയെ മറക്കാതിരിക്കത്തക്ക ഭക്തിയുണ്ടാവണേ! അതിന്നായിക്കൊണ്ടവിടുന്നനുഗ്രഹിക്കണേ!" എന്നിങ്ങനെ സ്തുതിച്ചു നമസ്കരിച്ച അവരെയൊക്കെ ഭഗവാൻ അനുഗ്രഹിച്ചു പറഞ്ഞയച്ചു. അനന്തരം രാജധാനിയിൽനിന്നു പിടിച്ചെടുത്ത അനവധി സമ്പത്തുകളോടുംകൂടി ഹസ്തിനപുരത്തേയ്ക്കു മടങ്ങി. ഭഗവാൻെറ ശംഖനാദം ദൂരത്തിൽനിന്നു കേട്ടപ്പോഠം മാഗധൻ ഹതനായെന്നു നഗരവാസികഠംക്കൊ

ക്കെ ബോദ്ധ്യമായി. എല്ലാവരുംകൂടെ വാദ്യമേളഘോഷങ്ങളോടെ നഗരത്തിൻെറ അതിത്തിയിൽ ചെന്നു ഭഗവാനെ എതിരേറു കൂട്ടിക്കൊണ്ടുവന്നു. ഇതോടെ ഒരുക്കങ്ങളെല്ലാം പൂത്തിയായി. രാജസൂയയജ്ഞത്തിന്നുള്ള ആരംഭമായി. മുഹൂത്തസമയത്തു ബ്രാഹ്മണർ സ്വണ്ണക്കരികൊണ്ടു സ്ഥലം ഉഴുതു ശരിപ്പെടുത്തി. ശാലകളൊക്കെ കെട്ടി. ഋത്വിക്കുകളേയും പുരോഹിതന്മാരേയും വരിച്ചു. സാമഗ്രികളെല്ലാം സജ്ജമാക്കി. അഗ്നി ചയിക്കപ്പെട്ടു. യജ്ഞം ആരംഭിച്ചു. ആ സമയത്തു് ആരെയാണു് സവ്വാദ്ധ്യക്ഷനായി തിരഞ്ഞെടുത്തു പാദപൂജ ചെയ്യേണ്ടതെന്ന സംശയം ജനിച്ചു. ഒരുപോലെ യോഗ്യന്മാരായി എത്രയോ അസംഖ്യം ആളുകൾ കൂടിച്ചേന്ന ആ മഹാസദസ്സിൽ ആരെയാണു് വരിച്ചുകൂടാത്തതു്? തപസ്സുകൊണ്ടും, ജ്ഞാനംകൊണ്ടും, ഭക്തികൊണ്ടും, പൌരുഷംകൊണ്ടും, കമ്മശുദ്ധികൊണ്ടും ഞാൻ ഞാൻ മീതെ എന്ന നിലയിലാണു് അവിടെ കൂടിയ മഹജ്ജനങ്ങളൊക്കെത്തന്നെയും. അതിൽ ആരെയാണു് വരിക്കേണ്ടതെന്നു് അല്പസമയം സംശയിച്ചപ്പോഴേയ്ക്കു സഹദേവൻ യുധിഷ്ഠിരനോടു് ഇതെന്തൊരു സാഹസമാണു്. സവ്വാദ്ധ്യക്ഷനും, ജഗന്നിയന്താവുമായ ഭഗവാൻ ഇവിടെയുള്ളപ്പോൾ മററൊരാളെ ആലോചിക്കാൻതന്നെ എന്തഹ്തയാണുള്ളതെന്നു ചോദിച്ചു. അതു കേട്ടപ്പോൾ യുധിഷ്ഠിരരാജാവിന്നും വിഡ്ഢിത്തമാണു് ചെയ്തതെന്നു ബോദ്ധ്യം വന്നു. പിന്നെ ഒന്നും മിണ്ടിയില്ല. വേഗം ഭഗവാനെ കൂട്ടിക്കൊണ്ടുവന്നു് അഗ്രാസനത്തിലിരുത്തി പാദപൂജ

ചെയ്തു. സൎവ്വജനങ്ങളും വന്നു നിറഞ്ഞ ആ മഹാസദസ്സിൽ പരമാദ്ധ്യക്ഷനായി ഭഗവാനെ പാദപൂജ ചെയ്തപ്പോൾ എല്ലാ ഭൂതങ്ങളും ഒരുപോലെ സന്തോഷിച്ചു. ജയശബ്ദവും നമശ്ശബ്ദവും മുഴക്കി. ശംഖനാദവും പുഷ്പവൎഷവുമുണ്ടായി. ഇതൊക്കെ കണ്ടു കലികൊണ്ട ശിശുപാലൻ ഇരിപ്പിടത്തിൽനിന്നെഴുന്നേററു കൈ പൊക്കി സദസ്സിനേയും, ഭഗവാനേയും ആക്ഷേപിക്കുകയും, ഭഗവാനു് അനവധി ദോഷങ്ങൾ ആരോപിച്ചു് അവഹേളിക്കുകയും ചെയ്തു. അതു കേട്ടു നില്പാൻ വയ്യാതായ ഭീമാൎജ്ജുനന്മാർ ആയുധമെടുത്തപ്പോൾ ഭഗവാൻ അവരെ തടഞ്ഞു നിൎത്തി. വീണ്ടും ശിശുപാലൻെറ അവഹേളനം വൎദ്ധിച്ച സമയത്തു ഭഗവാൻതന്നെ സുദൎശനചക്രംകൊണ്ടു് അദ്ദേഹത്തിൻെറ കണ്ഠം മുറിച്ചു വീഴ്ത്തി. പിന്നീടു് അമംഗളങ്ങളൊന്നുംകൂടാതെത്തന്നെ യജ്ഞം നിൎവ്വിഘ്നമാംവണ്ണം നിറവേറി. യജ്ഞം അവസാനിച്ചു യുധിഷ്ഠിരമഹാരാജാവു പാഞ്ചാലിയോടുകൂടി അലങ്കരിച്ച സ്വൎണ്ണരഥത്തിൽ കയറി സ്വരൂപത്തെ പ്രാപിച്ച യജ്ഞസംസ്കാരമോ എന്നു തോന്നുംവണ്ണം അസംഖ്യം ജനങ്ങളാൽ അനുയാത്ര ചെയ്യപ്പെട്ടുകൊണ്ടു ഗംഗയിൽ പോയി അവഭൃഥസ്നാനവും കഴിച്ചു. അങ്ങിനെ യുധിഷ്ഠിരൻെറ മഹായജ്ഞംകൊണ്ടു ലോകത്തിന്നു മുഴുവൻ ശുദ്ധി കിട്ടി. യജ്ഞം കഴിഞ്ഞു് ഓരോരുത്തരും പിരിഞ്ഞു പോയിത്തുടങ്ങി. ഓരോരുത്തരേയും അൎഹതയ്ക്കനുസരിച്ച സമ്മാനങ്ങൾ കൊടുത്തു ധൎമ്മപുത്രൻ യാത്രയാക്കുകയും ചെയ്തു. ഏതാനും ദിവസങ്ങളെക്കൊണ്ടു് ഏററവും അടുപ്പമുള്ള ബന്ധുജനങ്ങളൊഴിച്ചു ബാക്കിയെല്ലാവരും അവരവരുടെ സ്ഥാന

ങ്ങളിലേയ്ക്കു പിരിഞ്ഞുപോയി. ദുര്യ്യോധനാദികഠം പാണ്ഡവന്മാരുടെ സ്വന്തസഹോദരന്മാരാണല്ലോ. അതിനാൽ അവരും പോയിട്ടുണ്ടായിരുന്നില്ല. ഒരുദിവസം രാജസഭകൂടി കാര്യ്യാലോചനകഠം നടന്നുകൊണ്ടിരിക്കുമ്പോഠം ദുര്യ്യോധനൻ ബദ്ധപ്പെട്ടു സഭാമണ്ഡപത്തിലേയ്ക്കു കടക്കാൻവേണ്ടി പ്രവേശനദ്വാരമറിയാതെ നാലുഭാഗവും നടക്കാൻ തുടങ്ങി. മയനെന്ന അസുരശില്പിയുടെ ശില്പനൈപുണ്യത്തിൻെറ മകുടോദാഹരണമായിരുന്നു പ്രസ്തുത മണ്ഡപം. അതിനാൽ പലക്കും പലപ്പോഴും ആ മണ്ഡപത്തിൽ പ്രവേശിക്കുമ്പോഠം പല അമളികളും പററാറുണ്ടു്. അക്കൂട്ടത്തിൽ ദുര്യ്യോധനനും ചില ചില്ലറ അമളികളൊക്കെപ്പററി. പ്രവേശനദ്വാരത്തിൽ തുറന്നിട്ട വാതിലോടുകൂടിയ ഭിത്തിയിലെ ചിത്രീകരണം കണ്ടു് അതുതന്നെ പ്രവേശനദ്വാരമെന്നു തെററിദ്ധരിച്ചു് ഓടിച്ചെന്ന മഹാരാജാവിൻെറ തല ഭിത്തിയിൽ നന്നായൊന്നു മുട്ടി. ശബ്ദം കേട്ടു് ഒരു പ്രതീഹാരി ഓടിവന്നു വഴികാണിച്ചു ദുര്യ്യോധനനെ അകത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അതുകൊണ്ടും അനത്ഥം തീന്നില്ല. അകത്തു കടന്നു് അങ്കണത്തിൽക്കൂടെ നടന്നു പോവുമ്പോഠം ഒരിടത്തു വെള്ളമുണ്ടെന്നു തോന്നി. ശില്പവിദ്യകൊണ്ടു് അങ്ങിനെ തോന്നിച്ചതല്ലാതെ വാസ്തവത്തിൽ അവിടെ വെള്ളമുണ്ടായിരുന്നില്ല. കൌരവചക്രവത്തി തെററിദ്ധരിച്ചു് ഉടുപ്പു നനയാതിരിക്കാൻവേണ്ടി വസ്ത്രം പൊക്കിപ്പിടിച്ചു. വസ്ത്രം പൊക്കിപ്പിടിച്ചുകൊണ്ടു കുറെ ദൂരം നടന്നിട്ടും ജലത്തിൻെറ സ്പശംപോലുമുണ്ടായില്ലെന്നു കണ്ട

പ്പോഠം അദ്ദേഹം തന്നത്താൻ ലജ്ജിതനായി. നോക്കി നിന്നിരുന്നവരിൽ ചിലർ കുറേശ്ശ ചിരിക്കുകയും ചെയ്തു. അപ്പോഠംത്തന്നെ തൻെറ അഭിമാനത്തിന്നു ക്ഷതം പററിയെന്നു തോന്നി ക്രുദ്ധനായി. കുറച്ചുകൂടെ മുന്നോട്ടു പോയപ്പോഠം അറിയാതെ വെള്ളത്തിൽ ചാടി ഉടുപ്പൊക്കെ നനയുകയും ചെയ്തു. അപ്പോഠം കണ്ടുനിന്ന എല്ലാവരും ഉറക്കെച്ചിരിച്ചു. കൂട്ടത്തിൽ പാഞ്ചാലിയും, ഭീമസേനനും അന്യോന്യം നോക്കി ദുര്യോധനൻ കാണാതെ തന്നെ ചിരിച്ചു. മഹാരാജാവിൻെറ അരിശം മുഴുത്തു് ആവേശമായി. ആരോടുമൊന്നും മിണ്ടാതെ നനഞ്ഞ വസ്ത്രത്തോടെ ഇറങ്ങിപ്പോവുകയും ചെയ്തു. ഈ വത്തമാനം യുധിഷ്ഠിരമഹാരാജാവു കുറെ കഴിഞ്ഞിട്ടാണറിഞ്ഞതു്. അറിഞ്ഞപ്പോഠം അദ്ദേഹം നന്നായില്ലെന്നു പറകയും ചെയ്തു. ഏതായാലും ഭാരതയുദ്ധമാകുന്ന കൃഷിയുടെ വിത്തുപാകൽ കഴിഞ്ഞതായി ഭഗവാൻ സമാധാനിച്ചു. ഇങ്ങിനെ യുധിഷ്ഠിരമഹാരാജാവിൻെറ രാജസൂയമാകുന്ന വിശേഷോത്തരമഹായജ്ഞം ഭംഗിയായി നിറവേറി. എങ്കിലും അതിൻെറ ആദിയിലും അവസാനത്തിലും ഓരോ അമംഗളങ്ങഠം സംഭവിക്കുകയും ചെയ്തു. ഒരുനിമിഷനേരം ഭഗവാനെ മറന്നു് ആരെയാണു് അഗ്ര്യപൂജ ചെയ്യേണ്ടതെന്ന ആലോചനയുണ്ടായതിൻെറ ഫലമാണു് പ്രസ്തുത അമംഗളങ്ങളെന്നു പറയപ്പെട്ടുവരുന്നു. ആദിയിൽ യജ്ഞശാലയിൽവെച്ചു് ഒരു നരഹത്യയാണു് ചെയ്യേണ്ടിവന്നതു്—ശിശുപാലവധം. അവസാനം ദുര്യോധനൻ അനിഷ്ടപ്പെട്ടുപോവലും. രണ്ടും സംഭവിക്കാൻ പാടില്ലാത്തതായിരുന്നു. പക്ഷേ സംഭവിച്ചു. കാരണം യു

ധിഷ്ഠിരൻെറ ഭഗവദ്വിസ്മൃതിയാണെന്നു പറയുന്നു. ഒരുനിമിഷം ഭഗവാനെ മറക്കുമ്പോഴേയ്ക്കു് ഇത്രയൊക്കെ അമംഗളം സംഭവിക്കാമെങ്കിൽ എപ്പോഴും മറന്നിരിക്കുന്നവരുടെ കഥയെന്താണു്? യജ്ഞത്തിൻെറ ഫലമായി ലോകം മുഴുവൻ ക്ഷേമമമായെങ്കിലും പാണ്ഡവന്മാക്കു യജ്ഞാനന്തരം ഭാരതയുദ്ധം കഴിയുന്നതുവരേയും പല തരത്തിലുള്ള ക്ലേശാനുഭവങ്ങളാണു് തുടച്ചയായുണ്ടായതു്. അതും ഭഗവദ്വിസ്മൃതിയുടെ ഫലമെന്നു പറഞ്ഞുവരുന്നു. ഏതായാലും ഭഗവാനെ മറന്നാൽ ജീവൻ ദുഃഖിക്കേണ്ടിവരുമെന്നു തീച്ചയാണു്. അതിന്നുദാഹരണമാണു് ഈ പുണ്യേതിഹാസവും.

## സാല്വവധം

'ഭഗവാൻെറ അത്ഭുതങ്ങളായ ദിവ്യലീലകൾ ഇനിയും പറയാം, കേൾക്കു' എന്നു പറഞ്ഞുകൊണ്ടാണു് സാല്വവധം പറയാനാരംഭിക്കുന്നതു്. ജരാസന്ധശിശുപാലാദികളുടെ വധത്തെ കേട്ടപ്പോൾത്തന്നെ തീച്ചപ്പെടുത്തിയതാണു്, യാദവവംശത്തെ ഒട്ടാകെ നശിപ്പിക്കാൻ അവരുടെ ബന്ധുവായ സാല്വൻ. അതിനു വേണ്ടത്ര ശക്തി തനിക്കില്ലെന്നും അയാൾക്കറിയാം. അതിനാൽ ശക്തിസമ്പാദനത്തിനുവേണ്ടി ശ്രീപരമേശ്വരനെക്കുറിച്ചു കഠിനമായ തപസ്സു ചെയ്യാൻ തുടങ്ങി. അതികഠിനമായ തപോനിഷ്ഠകൊണ്ടു് ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ കരുണാമയനായ ഭഗവാൻ പ്രത്യക്ഷപ്പെട്ടു ദശനംകൊടുത്തു. സ്തുതിച്ചു നമസ്കരിച്ചശേഷം സാല്വൻ യാദവന്മാരെ കൊല്ലാൻ പററിയ ഒരുപകരണവും ശക്തി

യും ആവശ്യപ്പെട്ടു. ഭഗവാൻ പെട്ടെന്നു സങ്കല്പമാത്രം കൊണ്ടുണ്ടാക്കിയ സൌഭമെന്ന ഒരു വിമാനത്തേയും കുറെ മായാശക്തികളേയും അനുഗ്രഹിച്ചു കൊടുത്തു. എല്ലാ തരത്തിലുമുള്ള ആയുധങ്ങളും നിറച്ചു സുരക്ഷിതമായ പ്രസ്തുത വിമാനത്തിൽ കയറി സാല്വൻ അനവധി സൈന്യങ്ങളോടുകൂടി ദ്വാരകയിലേയ്ക്കു യുദ്ധത്തിന്നു പുറപ്പെട്ടു. രാജസൂയം കഴിഞ്ഞു ഭഗവാനും ദ്വാരകാവാസികളും മടങ്ങിയെത്തിക്കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. പ്രദ്യുമ്നനും, കുറെ സൈന്യങ്ങളും മാത്രം അവിടെ കോട്ടയെ കാത്തു രക്ഷിച്ചുവന്നിരുന്നു. സാല്വസൈന്യം വന്നു കോട്ടയെ വളഞ്ഞപ്പോൾ ഭഗവൽപുത്രൻ സൈന്യങ്ങളോടുകൂടിച്ചേർന്ന് എതിർത്തു യുദ്ധംചെയ്തു. അന്നു മുഴുവൻ യുദ്ധംചെയ്തു. പക്ഷേ വൈകുന്നേരമായപ്പോൾ പ്രദ്യുമ്നൻ സാല്വൻെറ ആയുധമേററു മോഹാലസ്യപ്പെട്ടുവീണു. ഉടനെ സൂതൻ തേരു പിൻതിരിച്ചു കോട്ടയ്ക്കുള്ളിലേയ്ക്കു കൊണ്ടുപോന്നു. പ്രജ്ഞയുണ്ടായി കാര്യം മനസ്സിലായപ്പോൾ പ്രദ്യുമ്നൻ പശ്ചാത്തപിക്കുകയും സൂതനെ ആക്ഷേപിക്കുകയും ചെയ്തു. വീണ്ടും യുദ്ധഭൂമിയിലേയ്ക്കു തന്നെ തേരോടിക്കാൻ ആജ്ഞാപിച്ചു. പക്ഷേ അപ്പോഴേയ്ക്കു ഭഗവാനും മററു പരിവാരങ്ങളുമെല്ലാമെത്തിക്കഴിഞ്ഞു. പിന്നെ ഭഗവാൻ തന്നെയാണു് സാല്വനോടെതിർക്കുവാൻ പോയതു്. ഭഗവാനും സാല്വനുംകൂടി ഏററവുമുട്ടിയ കഠിനമായ ആ മഹായുദ്ധം കുറെ ദിവസങ്ങൾതന്നെ നീണ്ടുനിന്നു. അതിലിടയ്ക്കു പല മായാതന്ത്രങ്ങളും പ്രയോഗിച്ചു ഭഗവാനെ തോല്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു സാല്വൻ. പക്ഷേ അവയൊന്നും വേണ്ടത്ര ഫലപ്രദമായില്ല. ഒരു ദിവസം ഭ

ഗവാൻപോലും മോഹിക്കത്തക്കനിലയിൽ അത്ഭുതകരമായൊരു മായാപ്രയോഗം ചെയ്തു സാലപൻ. യുദ്ധം നടന്നുകൊണ്ടിരിക്കെ പെട്ടെന്നൊരു ദൂതൻ വന്നു ഭഗവാനെ സമീപിച്ചു സാലപൻ വസുദേവനെ പിടിച്ചുകൊണ്ടു പോയെന്നറിയിച്ചു. ഭഗവാൻപോലും അതിശയിച്ച് എന്തു ചെയ്യണമെന്നാലോചിച്ചുകൊണ്ടിരിക്കുമ്പോഠം സാലപൻ പെട്ടെന്നു യുദ്ധക്കളത്തിൽ പ്രത്യക്ഷപ്പെട്ടു. വസുദേവനേയും കെട്ടി വലിച്ചുകൊണ്ടാണ് സാലപൻ വന്നിരിക്കുന്നതു്. അനന്തരം ഭഗവാനോടു പറഞ്ഞു: "നിൻെറ അച്ഛനായ വസുദേവനെ ഞാനിതാ നിൻെറ മുമ്പിൽ വെച്ചു കൊല്ലുന്നു. കഴിയുമെങ്കിൽ രക്ഷിച്ചോ." ഇങ്ങനെ പറഞ്ഞു കഴിഞ്ഞതോടെ സാലപൻ വസുദേവൻെറ കണ്ഠം വെട്ടിവീഴ്ത്തുകയും ചെയ്തു. കണ്ടുനിന്ന ഭഗവാൻ പെട്ടെന്നു മോഹാലസ്യപ്പെട്ടു വീണു. അല്പസമയംകൊണ്ടു പ്രജ്ഞയുണൎന്നെഴുന്നേല്ക്കുകയും ചെയ്തു. അപ്പോഴാണ് അതു മുഴുവൻ സാലപൻെറ മായാപ്രയോഗമായിരുന്നു എന്നറിഞ്ഞതു്. പിന്നീടു് അധികമൊന്നും താമസമുണ്ടായില്ല, തൃച്ചക്രംകൊണ്ടു സാലപൻെറ കണ്ഠം മുറിച്ചുകൊന്നു. അതു കഴിഞ്ഞപ്പോഠം സാലപൻെറ അനുയായികളായ ദന്തവക്ത്രൻ, വിഡൂരഥൻ തുടങ്ങി പലരും ഭഗവാനോടെതിൎത്തു. അവരെയെല്ലാവരേയും കൊല്ലുകയും ചെയ്തു. അങ്ങിനെ വമ്പിച്ചൊരു അസുരസൈന്യത്തിൻെറ എതിൎപ്പും അവരുടെ വധവും കഴിഞ്ഞു ഭഗവാൻ ചരിതാൎത്ഥനായി. അവതാരപ്രയോജനംതന്നെ മിക്കവാറും ആയിക്കഴിഞ്ഞെന്നു ബോധിച്ചു. വലിയ യുദ്ധങ്ങളൊ

ക്കെ അവസാനിച്ചു ഭഗവാൻ ദ്വാരകാരാജധാനിയിൽ വിശ്രമിച്ചുകൊണ്ടു കുറെ ദിവസം സുഖമായി താമസിച്ചു. അങ്ങിനെയിരിക്കുമ്പോഴാണു് കൌരവന്മാരും, പാണ്ഡവന്മാരും തമ്മിൽ നടക്കാൻ പോകുന്ന ഭാരതയുദ്ധത്തിന്നു ക്ഷണിക്കാൻവേണ്ടി അർജ്ജുനനും ദുര്യോധനനും ദ്വാരകയിലെത്തിയതു്. രണ്ടാളുംകൂടി ഒരേ സമയത്തു ക്ഷണിച്ചപ്പോൾ ഒരാൾക്കു തൻെറ സൈന്യത്തെ കൊടുക്കാമെന്നും, ഒരാളുടെ കൂട്ടത്തിൽ താൻതന്നെ വരാമെന്നും, എന്നാൽ ആയുധമെടുക്കുകയോ യുദ്ധം ചെയ്യുകയോ ചെയ്യില്ലെന്നും പറഞ്ഞു ഭഗവാൻ. ദുര്യോധനൻ അവിടുത്തെ സൈന്യങ്ങളെ വരിച്ചു. അർജ്ജുനനാകട്ടെ ഭഗവാനേയും വരിച്ചു.

### ഭാരതയുദ്ധം

ഈ സന്ദർഭത്തിൽ ബലരാമനാണു് വിഷമത്തിലായതു്. ആരുടെ പക്ഷത്തിലാണു് ചേരേണ്ടതെന്നു സംശയമായി. രണ്ടാളുടെ പക്ഷത്തിൽച്ചേരാനും ചില കാരണങ്ങളെക്കൊണ്ടു് അദ്ദേഹത്തിന്നിഷ്ടമില്ല. പാണ്ഡവപക്ഷത്തിൽ ചേൎന്നാൽ തൻെറ പ്രിയശിഷ്യനായ ദുര്യോധനനോടു യുദ്ധം ചെയ്യേണ്ടിവരും. അതിനിഷ്ടമില്ല. എന്നാൽ കൌരവരെ സഹായിക്കാമെന്നാണെങ്കിൽ അപ്പോൾ പാണ്ഡവന്മാരോടും ഭഗവാനോടും യുദ്ധം ചെയ്യേണ്ടിവരും. അതും തൃപ്തിയുള്ള കാൎയ്യമല്ല. ആകപ്പാടെ എന്തു ചെയ്യണമെന്നറിയാതെ വിഷമിച്ചു. അവസാനം ഒരു യുക്തി തോന്നി. രാജ്യത്തുണ്ടായിരിക്കെ യുദ്ധത്തിന്നു ക്ഷണിച്ചാൽ പോവാതിരിക്കുന്നതും പോരായ്മ

ത്തന്നെ. അതിനാൽ തല്ക്കാലം ഒരു തീൎത്ഥയാത്രയ്ക്കു പുറപ്പെടാമെന്നു തീൎച്ചപ്പെടുത്തി. തീൎത്ഥത്തിലുള്ള ഭക്തികൊണ്ടോ, വിശ്വാസംകൊണ്ടോ അല്ല അപ്പോഠം തീൎത്ഥയാത്രയ്ക്കു പുറപ്പെട്ടതു്; യുദ്ധത്തിൽനിന്നു് ഒഴികഴിവു കിട്ടാൻവേണ്ടി മാത്രം. പല പുണ്യതീൎത്ഥങ്ങളേയും, പുണ്യാശ്രമങ്ങളേയും, പുണ്യക്ഷേത്രങ്ങളേയും ചുററിസ്സഞ്ചരിച്ചു ബലരാമൻ. പല ദിക്കിലും നടന്നു ചുററിക്കൊണ്ടു് ഒരിക്കൽ നൈമിശാരണ്യമെന്ന പുണ്യാശ്രമത്തിലെത്തിച്ചേൎന്നു. അവിടെ അനവധി ഋഷികളുടേയും, താപസന്മാരുടേയും മദ്ധ്യത്തിലിരുന്നുകൊണ്ടു വ്യാസശിഷ്യനായ ലോമഹൎഷണൻ പുരാണകഥാപ്രവചനം നടത്തുകയായിരുന്നു. ബലരാമനെക്കണ്ടപ്പോഠം എല്ലാ താപസന്മാരും എഴുന്നേററു വന്ദിച്ചു. പക്ഷേ പൌരാണികനായ ലോമഹൎഷണൻ എഴുന്നേല്ക്കുകയോ വന്ദിക്കുകയോ ചെയ്തില്ല. അതു കണ്ടു ക്രുദ്ധനായ ബലരാമൻ ആ താപസന്മാരോടാലോചിക്കപോലും ചെയ്യാതെ പെട്ടെന്നദ്ദേഹത്തെ കൊന്നു. അതു ശരിയായില്ലെന്നു ശഠിച്ചു താപസന്മാർ. അദ്ദേഹത്തിന്നു ബ്രഹ്മാസനം കൊടുത്തിട്ടുണ്ടെന്നും, അതിനാൽ അദ്ദേഹത്തിൻെറ വധംകൊണ്ടു ബ്രഹ്മഹത്യയാണു് സംഭവിച്ചിരിക്കുന്നതെന്നും മുനിമാർ പറഞ്ഞു. നോക്കണേ പ്രമാദത്തിൻെറ ഫലം. തീൎത്ഥാടനംകൊണ്ടു പുണ്യം നേടാൻ പുറപ്പെട്ടു് അവസാനം ബ്രഹ്മഹത്യയാണു് കിട്ടിയതു്. പല പ്രായശ്ചിത്തങ്ങളും ചെയ്താണു് പിന്നെ ബലരാമൻ ആ ബ്രഹ്മഹത്യയിൽനിന്നു രക്ഷപ്പെടുന്നതു്. പിന്നേയും പല തീൎത്ഥങ്ങളുമാടി ചുററിസ്സഞ്ചരിച്ചുകൊണ്ടു ഭാരതയുദ്ധം കഴിഞ്ഞുവന്നു പൊ

നന്മാരിൽനിന്നറിഞ്ഞപ്പോഠം നേരെ കുരുക്ഷേത്രത്തിലേ യ്ക്കു മടങ്ങി. പക്ഷേ അവിടെ വന്നപ്പോഠം, എന്തു കാ ണരുതെന്നു കരുതിയാണോ ഇത്ര കാലം തീൎത്ഥാടനം ചെയ്തതു്, അതുതന്നെ—ഭീമദുൎയ്യോധനഗദായുദ്ധത്തെത്ത ന്നെ—യാണു് കാണേണ്ടിവന്നതു്. യുദ്ധം നിൎത്തി അ വരെ ശാന്തന്മാരാക്കാൻ കുറെ ശ്രമിച്ചുനോക്കി. പക്ഷേ ഫലപ്പെട്ടില്ല. അപ്പോഠം ദ്വാരകയിലേയ്ക്കു മടങ്ങിപ്പോ വുകയും ചെയ്തു.

കുചേലോപാഖ്യാനം

പുണ്യമേറിയ കുചേലോപാഖ്യാനമാണു് പിന്നീടു രണ്ടദ്ധ്യായങ്ങളെക്കൊണ്ടു കീൎത്തിക്കുന്നതു്. ദ്വാരകയ്ക്കുടു ത്തുതന്നെ കുചേലനെന്നൊരു ദരിദ്രബ്രാഹ്മണൻ താമസി ച്ചുവന്നിരുന്നു. അദ്ദേഹം ഗൃഹസ്ഥനായിരുന്നെങ്കിലും ഏ റ്റവും ദരിദ്രനും ബ്രഹ്മനിഷ്ഠനുമായിരുന്നു. അതിനാൽ യാതൊരു ലോകവ്യാപാരങ്ങളിലും ശ്രദ്ധയുണ്ടായിരുന്നി ല്ല. ആ കാരണത്താൽ കുടുംബം ഏററവും മുഴുത്ത ദാരി ദ്ര്യത്തിൽ മുഴുകാനിടയായി. സാധുവായ ബ്രാഹ്മണസ്ത്രീ യും, കുട്ടികളും അനാഥകളായി ഉഴലാൻ തുടങ്ങി. യാ തൊരു ഗതിയുമില്ലാതെ ആ ഗൃഹിണി ഭിക്ഷ യാചി ക്കാൻപോലും മുതിൎന്നു. യാചിക്കാൻ പോയാലും ദിവ സേന ആരു കൊടുക്കും? അതിനാൽ കുറെ ദിവസം കഴി ഞ്ഞപ്പോഴയ്ക്കു ഭിക്ഷാവൃത്തികൊണ്ടും ജീവിക്കാൻ വയ്യെന്ന നില വന്നു. അങ്ങനെ ആ കുടുംബം ഏററവും അരിഷ്ടി ച്ചുകൊണ്ടുതന്നെ കഴിഞ്ഞുകൂടാൻ തുടങ്ങി. ഒരു ദിവസം പോലും തന്റെ കുട്ടികഠക്കു മൃഷ്ടാന്നം കൊടുക്കാൻ നിവൃ

ത്തിയില്ലാതെ ആ പെററമ്മ വിഷമിച്ചു. അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം ആ ബ്രാഹ്മണസ്ത്രീ തൻെറ ഭത്താവിന്നു ഭഗവാൻ ശ്രീകൃഷ്ണപരമാത്മാവുമായുള്ള സബ്രഹ്മചാരിത്വബന്ധത്തെക്കുറിച്ചോർമ്മിച്ചു. തങ്ങടെ അവശതാവസ്ഥയ്ക്കു് അതു വലിയൊരവലംബമായിത്തോന്നി. അതിനാൽ അന്നുതന്നെ ഭത്താവു നിത്യകൃത്യങ്ങൾ കഴിഞ്ഞു വിശ്രമിക്കുന്ന സമയത്തു കുചേലപത്നി പ്രസ്തുത ബന്ധത്തെ ഓർമ്മിപ്പിക്കുകയും, ദ്വാരകയിൽ പോയി ഭഗവാനെ ഒന്നു കണ്ടുവരാൻ പ്രേരിപ്പിക്കുകയും ചെയ്തു. പത്നിയുടെ വാക്കു കേട്ട കുചേലൻ അതുവരെ ആ സംഗതി ഓർമ്മയിൽ വരാത്തതിലത്ഭുതപ്പെട്ടു. ഏതായാലും ഇപ്പോഴെങ്കിലും ഓർമ്മയുണ്ടായല്ലോ എന്നു സമാധാനിച്ചു പിറേറന്നുതന്നെ ദ്വാരകയ്ക്കു പോവാൻ തീച്ച്പ്പെടുത്തി. 'അസഹ്യമായ തങ്ങളുടെ ദാരിദ്ര്യദുഃഖത്തിൻെറ നിവൃത്തിക്കായി കുറച്ചു ധനം കിട്ടാൻവേണ്ടിയാണു് പത്നി തന്നോടു ഭഗവാനെ കണ്ടുവരാൻ പറഞ്ഞതെങ്കിലും ഭഗവാനെ കാണലാണു് പ്രധാനം. ധനം ദുഃഖകാരണമാണു്. ഉണ്ടായാലും ഇല്ലെങ്കിലും ദുഃഖംതന്നെ. ധനത്തെ ഓർമ്മിച്ചാൽ മതി; അപ്പോൾ തുടങ്ങും ദുഃഖിക്കാൻ. ധനമുണ്ടായാൽ ഉണ്ടായിട്ടുള്ള ദുഃഖം, ഇല്ലെങ്കിൽ ഇല്ലാഞ്ഞിട്ടുള്ള ദുഃഖം—ഇതേ വ്യത്യാസമുള്ളു. എങ്ങിനെയായാലും ധനം ദുഃഖത്തിന്നുമാത്രമേ കാരണമാവുന്നുള്ളു. അതിനാൽ ധനത്തെ ഞാനൊരിക്കലും കാംക്ഷിക്കുന്നില്ല. ധനമുണ്ടാവുന്നതിനെക്കാൾ എത്രയോ ശ്രേഷ്ഠമാണു് ദാരിദ്ര്യം. അതിനാൽ ഭഗവാനെ കണ്ടു വരാം. അതു വലിയ കായ്യമാണു്.' എന്നൊക്കെയായിരുന്നു ആ ബ്രാഹ്മണശ്രേ

ഷ്ടന്റെ വിചാരം. അങ്ങിനെ രണ്ടാളുംകൂടി ആലോചിച്ച് പിറേറന്നു പ്രഭാതത്തിൽത്തന്നെ ദ്വാരകയ്ക്കു പോവാൻ തീർച്ചപ്പെടുത്തി. എന്നാൽ വെറുംകയ്യോടെ എങ്ങിനെയാണു് ഭഗവദ്ദർശനത്തിന്നു പോവുന്നതെന്നായി പിന്നത്തെ വിചാരം. എന്തെങ്കിലും കൊണ്ടുപോയേ കഴിയൂ. ഒന്നും ഗൃഹത്തിലൊട്ടില്ലതാനും. അതിനാൽ ബ്രാഹ്മണസ്ത്രീ ഭഗവാനേയും ധ്യാനിച്ചുകൊണ്ടു് അടുത്തുള്ള ബ്രാഹ്മണാഗ്രഹാരത്തിലിറങ്ങി രണ്ടുനാലു ഗൃഹങ്ങളിൽപ്പോയി യാചിച്ചപ്പോൾ ഓരോ മുഷ്ടി അവിലാണു് ഓരോ ഗൃഹത്തിൽനിന്നും കിട്ടിയതു്. അതും ഭഗവാന്റെ വിലാസം തന്നെ. എന്തുകൊണ്ടെന്നാൽ സാധാരണ ഭിക്ഷയ്ക്കു പോയാൽ ഒരു ഗൃഹത്തിൽനിന്നു് അവിലു കിട്ടിയാൽ അടുത്ത ഗൃഹത്തിൽനിന്നു നെല്ലോ അരിയോ മററെന്തെങ്കിലുമോ ആണു് കിട്ടുക പതിവു്. എല്ലാ ഗൃഹത്തിൽനിന്നും ഒരേ വസ്തുതന്നെ കിട്ടിയല്ലോ. എല്ലാ ഗൃഹത്തിൽനിന്നു കിട്ടിയതും കൂട്ടിനോക്കുമ്പോൾ അതൊരാവശ്യത്തിന്നു പററുമെന്നായി. നെല്ലും, കല്ലും, കമ്പുമൊക്കെയുണ്ടു്. എന്നാലും എന്തെങ്കിലും ഒരു വസ്തു കിട്ടിയെന്നായല്ലോ. അതുംകൊണ്ടു ഗൃഹത്തിൽ വന്നു കഴിയുന്നത്ര ശോധന ചെയ്തു് ഒരു വസ്ത്രക്കഷ്ണത്തിൽ കെട്ടി തയ്യാറാക്കിവെച്ചു. പിറേറന്നു പ്രഭാതത്തിൽത്തന്നെ ബ്രാഹ്മണൻ തന്റെ നിത്യകൃത്യങ്ങളൊക്കെക്കഴിച്ചു യാത്രയ്ക്കു തയ്യാറായി. ഒരുക്കിവെച്ച അവിൽപ്പൊതിയും, കീറിപ്പൊളിഞ്ഞ കുടയും വടിയുമൊക്കെയായി പുറപ്പെട്ടു പടിയിറങ്ങി നടക്കാൻ തുടങ്ങി. ഭഗവാനെ മറന്ന ഒരു നിമിഷംപോലു

മില്ലാത്ത ആ മഹാത്മാവിന്നു് അന്യവിചാരങ്ങളുണ്ടാവാൻ വയ്യല്ലോ. അതിനാൽ ഭഗവാനെസ്സംബന്ധിച്ചു തന്നെ പലതും വിചാരിച്ചുകൊണ്ടാണു് യാത്ര ചെയ്തിരുന്നതു്. 'ബ്രഹ്മാണ്ഡചക്രവത്തിയായ ഭഗവാൻെറ സ്ഥിതിയെവിടെയാണു്? തൻെറ സ്ഥിതിയെവിടെയാണു്? തന്നെക്കണ്ടാൽ അറിഞ്ഞെന്നുതന്നെ വരുമോ? അഥവാ അറിഞ്ഞാലും ആദരിക്കുമോ എന്തോ? അങ്ങിനെ വരില്ല. പരമപുരുഷനായ അവിടെയ്ക്കുണ്ടോ ഭേദബുദ്ധി? തിച്ചയായും അവിടുന്നാദരിക്കാതിരിക്കില്ല. എല്ലാം അറിയുന്ന ജ്ഞാനമൂത്തിയായ ആ സവ്വേശ്വരൻ അഗതിയും, അവിടുത്തെ പാദദാസനുമായ എൻെറ വരവിനെ ത്തന്നെ മുൻകൂട്ടി അറിഞ്ഞിട്ടുണ്ടാവും. അങ്ങിനെയാണെങ്കിൽ എന്നെ പ്രതീക്ഷിച്ചിരിക്കുന്നുണ്ടാവുമെന്നുപോലും കരുതണം. എന്നിങ്ങനെ അനുകൂലമായും, പ്രതികൂലമായും പലതും ചിന്തിച്ചു ചിന്തിച്ചു വഴി പോയതറിയാതെ ദ്വാരകയുടെ പരിസരത്തിലെത്തി. ബ്രാഹ്മണനാണെന്നു കണ്ടു ചോദ്യം കൂടാതെ കാവൽക്കാർ വഴിമാറിക്കൊടുത്തു. ഒന്നും രണ്ടും മൂന്നും ഗോപുരങ്ങളേയും അതിക്രമിച്ചകത്തു കടന്നു. എവിടെ നോക്കിയാലും ഉയൎന്നു നില്ക്കുന്ന വിചിത്രങ്ങളായ വലിയ വലിയ മാളികകളും, ബദ്ധപ്പെട്ടു് അങ്ങിങ്ങു പോയ്ക്കൊണ്ടിരിക്കുന്ന, വിചിത്രവസ്ത്രാലങ്കാരധാരികളായ സ്ത്രീപുരുഷന്മാരും, ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങളും ഒക്കെ പണ്ടു കാണാത്തതാകയാൽ ആ വൃദ്ധബ്രാഹ്മണന്നു സ്വൎഗ്ഗത്തിൻെറ പ്രതീതിയെ ഉളവാക്കി. എവിടെയാണു് പോവേണ്ടതു്? ആരോടാണു് ചോദിക്കേണ്ടതു്? ഭഗവാൻ എവിടെയായിരിക്കും? എങ്ങിനെ

കാണും? എന്നൊന്നും അറിയാതെ ഭ്രമിച്ചുനിന്നു കുറച്ചു നേരം. അവസാനം ഏതെങ്കിലും ഒരു ഗൃഹത്തിലേയ്ക്കു കയറിച്ചെല്ലാൻതന്നെ തീച്ചപ്പെടുത്തി. അവിടെ ഭഗവാനില്ലെങ്കിൽ എവിടെയുണ്ടാവുമെന്നവരോടു ചോദിക്കാമല്ലോ എന്നു കരുതി മുന്നിൽ കണ്ട ഗൃഹത്തിലേയ്ക്കു കയറിച്ചെന്നു. ഭഗവാൻെറ പ്രഥമപത്നിയായ രുഗ്മിണീദേവിയുടെ അന്തഃപുരമായിരുന്നു അതു്. മാളികയുടെ മുകളിൽ വരാന്തയിൽ ഒരു രത്നപര്യങ്കത്തിന്മേൽ കുചേലൻെറ വരവിനെത്തന്നെ പ്രതീക്ഷിച്ചു ദൂരത്തേയ്ക്കു നോക്കിക്കൊണ്ടിരിക്കയായിരുന്നു ഭഗവാൻ. അന്നു പ്രഭാതം മുതൽക്കുതന്നെ ആരെയോ പ്രതീക്ഷിച്ചുകൊണ്ടു് ഇടയ്ക്കു ദൂരത്തേയ്ക്കു നോക്കിക്കൊണ്ടിരുന്നു അദ്ദേഹം. രുഗ്മിണീദേവി ചോദിച്ചു, ആരെയാണു് പ്രതീക്ഷിക്കുന്നതെന്നു്. തനിക്കേററവും ഇഷ്ടനായൊരു ഭക്തൻ വരുന്നുണ്ടു്; അദ്ദേഹത്തെ പ്രതീക്ഷിച്ചിരിക്കയാണെന്നു പറകയും ചെയ്തു. അങ്ങിനെ ദൂരത്തേയ്ക്കു നോക്കിക്കൊണ്ടിരിക്കുമ്പോഴാണു് കുചേലൻ അകത്തേയ്ക്കു കയറിയതു്. പടി കടക്കേണ്ട താമസം ഭഗവാൻ ബദ്ധപ്പെട്ടെഴുന്നേററു രുഗ്മിണീദേവിയോടുപോലും ഒന്നും പറയാതെ ഓടി കോണിയിറങ്ങി ബ്രാഹ്മണൻെറ അടുത്തെത്തി അദ്ദേഹത്തെ സാഷ്ടാംഗനമസ്കാരം ചെയ്തു് എഴുന്നേററു് അദ്ദേഹത്തെ തൻെറ മാറോടു ചേത്താലിംഗനം ചെയ്തു കുശലം ചോദിച്ചു കൈപിടിച്ചു കൂട്ടിക്കൊണ്ടുപോയി. മാളികയുടെ മുകളിൽ കൊണ്ടുപോയി തൻെറ പര്യങ്കത്തിന്മേൽത്തന്നെ ഇരുത്തി കാൽ കഴുകിച്ചു പാദതീത്ഥം തൻെറ തലയിൽ തളിച്ചു പാദപൂജചെയ്തു് ആഹാരപദാത്ഥങ്ങൾ കൊടുത്തു തൃ

പ്പി വരുത്തി താനും ഒരുമിച്ചിരുന്നു വൎത്തമാനം പറയാൻ തുടങ്ങി. രുഗ്മിണിദേവി തൻെറ കൈകൊണ്ടുതന്നെ ആ ബ്രാഹ്മണശ്രേഷ്ഠനെ വീശി ക്ഷീണം തീൎത്തു. ഇതൊക്കെ കണ്ടുനിന്ന ദ്വാരകാവാസികളായ ജനങ്ങൾ അതിശയിച്ചു. ചുക്കിച്ചുളിഞ്ഞു് എല്ലും തൊലിയും മാത്രമായ ഒരു വൃദ്ധബ്രാഹ്മണൻ നാറിക്കീറിയ വസ്ത്രവും ദേഹം മുഴുവൻ ഭസ്മവുമായി വിയൎത്തൊലിച്ചു വന്നു കയറിയപ്പോഴയ്ക്കു ഭഗവാൻ അദ്ദേഹത്തെ ഇങ്ങിനെയൊക്കെ ബഹുമാനിക്കണമെങ്കിൽ അദ്ദേഹത്തിൽ എന്തോ അസാധാരണമായ ഒരു ദിവ്യത്വമുണ്ടാവണമെന്നവൎക്ക ബോധ്യമായി. അതിനാൽ കണ്ട ആളുകളൊക്കെ അദ്ദേഹത്തെ നമസ്കരിച്ചു. അങ്ങിനെ കുറച്ചു കഴിഞ്ഞപ്പോഴയ്ക്കു് ആ ദ്വാരകാപട്ടണത്തിൽത്തന്നെ കുചേലൻ ഒരു സംസാരവിഷയമായി. ഭഗവാൻ ആദ്യം ഗൃഹത്തിലെ വൎത്തമാനങ്ങൾ പലതും ചോദിച്ചു കുചേലനോടു്. പക്ഷേ ബ്രഹ്മനിഷ്ഠനായ അദ്ദേഹത്തിൽനിന്നു് അതിനൊന്നും യാതൊരു മറുപടിയും കിട്ടിയില്ല. അപ്പോൾ ബാല്യകാലത്തിലെ ഗുരുകുലത്തിലെ അനുഭവങ്ങളെക്കുറിച്ചും പലതും പറഞ്ഞു. അതിനും അദ്ദേഹത്തിൽനിന്നു പറയത്തക്ക മറുപടിയൊന്നും കിട്ടിയില്ല. ഗുരുവായ സാന്ദീപനിമഹൎഷിയെപ്പററി ഭഗവാൻ വളരെ പ്രശംസിച്ചു പറഞ്ഞപ്പോൾ "സൎവ്വജ്ഞനായ അവിടുന്നു് അദ്ദേഹത്തെ ഗുരുവാക്കി വരിച്ചതുമൂലം അദ്ദേഹം ലോകത്തിൽ പ്രസിദ്ധനായിത്തീൎന്നു എന്നല്ലാതെന്താണു്" എന്നു മാത്രമാണു് കുചേലനിൽനിന്നു കേൾക്കാൻ കഴിഞ്ഞതു്. അങ്ങിനെ അദ്ദേഹം തൻെറ ബ്രഹ്മനിഷ്ഠയ്ക്കപ്പോഴും മുറിവില്ലെന്നു ഭഗവാൻെറ

മുമ്പിൽ വെളിപ്പെടുത്തി. അതു പരിശോധിക്കാൻതന്നെയായിരിക്കണം ഭഗവാൻ ഇതൊക്കെ ചോദിച്ചതും. കുചേലൻെറ ബ്രഹ്മനിഷ്ഠയ്ക്കു മുറിവില്ലെന്നു ഭഗവാനു ബോദ്ധ്യമായി. പിന്നെ അധികമൊന്നും ചോദിച്ചില്ല. അനന്തരം എന്താണു് തനിക്കു കാഴ്ചയായിക്കൊണ്ടുവന്നിരിക്കുന്നതെന്നു ചോദ്യമായി. അവിൽപ്പൊതി കയ്യിന്നിടയിൽ മറച്ചു പിടിച്ചിട്ടുണ്ടു്. പലപാടു ചോദിച്ചിട്ടും കുചേലൻ മറുപടി പറകയോ കൊടുക്കുകയോ ചെയ്തില്ല. ലക്ഷ്മീവല്ലഭനും, സൎവ്വൈശ്വൎയ്യപതിയുമായ ഭഗവാൻെറ തിരുമുമ്പിൽ എങ്ങിനെയാണീ തുച്ഛമായ സാധനം വെച്ചുകൊടുക്കേണ്ടതെന്ന ലജ്ജയായിരുന്നു കുചേലനു്. അതിനാൽ ഭഗവാൻ വളരെയൊക്കെ ചോദിച്ചിട്ടും 'നിസ്സാരമാണെന്നു വിചാരിച്ചു തരാതിരിക്കണ്ട; ഭക്തന്മാർ തരുന്ന എത്ര തുച്ഛമായ വസ്തുവും എനിക്കേറ്റവും വലുതാണെ'ന്നു പറഞ്ഞിട്ടുകൂടി കുചേലൻ കൊടുക്കാൻ ധൈൎയ്യപ്പെട്ടില്ല. 'ഇദ്ദേഹത്തിന്നു ധനം ആവശ്യമില്ലെങ്കിലും, ഇദ്ദേഹത്തിൻെറ ധൎമ്മപത്നി വളരെ ദിവസമായി ധനത്തിന്നുവേണ്ടി തന്നെ സേവിക്കുന്നു. അതിനാൽ ദേവന്മാൎക്കുപോലും ദുൎല്ലഭമായ സമ്പത്തു കൊടുക്കണം' എന്നു കരുതി ഭഗവാൻ താണും ചെരിഞ്ഞും നോക്കി കുചേലൻ ഒളിപ്പിച്ചുവെച്ച അവിൽപ്പൊതി കണ്ടുപിടിച്ചു. 'ഇതെന്താണെ'ന്നു ചോദിച്ചു, പതുക്കെ പൊതി വലിച്ചെടുത്തു് അഴിച്ചുനോക്കി. അവിൽ കണ്ടപ്പോൾ അത്യന്തസന്തോഷത്തോടെ അതിൽനിന്നൊരുപിടി വാരി ആഹരിച്ചു. രണ്ടാമതും വാരാൻ തുടങ്ങിയപ്പോഴയ്ക്കു രുഗ്മിണിദേവി ഭഗ

വാൻെറ കൈയ്യു പിടിച്ചു ബാക്കിയുള്ള അവിലത്തിനെ ത്തന്നെ അകത്തേയ്ക്കെടുത്തുകൊണ്ടുപോയി. ഭഗവാൻ ഒരു മുഷ്ടി അവിൽ അശിച്ചപ്പോഴേയ്ക്കുതന്നെ ത്രൈലോക്യത്തിലുമുള്ള സമ്പത്തു മുഴുവൻ ബ്രാഹ്മണപത്നിക്കായി ക്കഴിഞ്ഞു. ആ സ്ഥിതിക്കു രണ്ടാമതൊരു മുഷ്ടികൂടി ആഹരിച്ചാൽ പിന്നെയെന്തു കൊടുക്കുമെന്ന ഭയത്താലായിരുന്നു രുഗ്മിണീദേവി അവിൽപ്പൊതി അങ്ങിനെത്തന്നെ എടുത്തുകൊണ്ടുപോയതു്.

അന്നു രാത്രി ഭഗവാൻെറ പ്രത്യേകൌദാൎയ്യത്തോടും, ബഹുമാനത്തോടുംകൂടിയ ആതിത്ഥ്യത്തെ സ്വീകരിച്ചു സ്വൎഗ്ഗത്തിലെന്നപോലെ സുഖമായി കഴിച്ചുകൂട്ടി പിറേറന്നു പ്രഭാതത്തിൽ തൻെറ നിത്യകൃത്യങ്ങളൊക്കെക്കഴിച്ചു കുചേലൻ ഗൃഹത്തിലേയ്ക്കു യാത്രയായി. ഭഗവാനോടു യാത്ര പറഞ്ഞു് അനുവാദവും വാങ്ങി യാത്ര തിരിച്ചു. ദ്വാരകയിൽനിന്നിറങ്ങി കുറച്ചു ദൂരം പോന്നപ്പോഴേയ്ക്കു ഗൃഹത്തിൻെറ ഓൎമ്മ വന്നു. ഗൃഹിണിയും, പുത്രന്മാരും തന്നെ കാത്തിരിക്കാവുന്ന സ്ഥിതിയും, അവരുടെ പ്രതീക്ഷകളും, ഭഗവാൻ ഒന്നും തരാതെ അയച്ചതും, ഭഗവാനെ കണ്ടപ്പോൾ ധനത്തിൻെറ കഥതന്നെ താൻ മറന്നതുമൊക്കെ ഓൎമ്മയിൽ വന്നു. പലതും മനോരാജ്യം വിചാരിച്ചുകൊണ്ടങ്ങിനെ നടന്നു ഗൃഹത്തിൻെറ പുരോഭാഗത്തെത്തി. അപ്പോഴാണു് ഗൃഹത്തിലെ അത്ഭുതകരമായ അഭിവൃദ്ധിയും, ധനസമൃദ്ധിയും, ദാസീദാസന്മാരുമൊക്കെ കാണപ്പെട്ടതു്. ഭഗവൽകാരുണ്യത്തിൻെറ മഹിമയെന്നല്ലാതെ മറെറന്തു പറയട്ടെ? തലേദിവസം ക

ണ്ട ദ്വാരകാരാജധാനിയെന്നപോലെ തന്റെ ഗൃഹവും അത്യന്തമനോഹരവും ദിവ്യവുമായിക്കണ്ടു. തന്റെയും ശരീരപ്രകൃതിയാകെ മാറിയിരിക്കുന്നതായിക്കണ്ടു. ചുക്കിച്ചുളിഞ്ഞു മലിനമായ ശരീരം, ഓജസ്സും തേജസ്സും നിറഞ്ഞു യൌവനയുക്തമായി കാണപ്പെട്ടു. അങ്ങിനെത്തന്നെ വസ്ത്രാലങ്കാരങ്ങളുമെല്ലാം മാറിയിരിക്കുന്നു. പട്ടാംബരങ്ങളും സ്വർണ്ണാഭരണങ്ങളും തന്റെ ദേഹത്തെ അലങ്കരിച്ചിരിക്കുന്നതായിക്കണ്ടു. ഭഗവാന്റെ മഹിമയെ എത്രതന്നെ വാഴ്ത്തിയിട്ടും മതിവന്നില്ല. അപ്പോഴെയ്ക്കും ബ്രാഹ്മണസ്ത്രീ ദാസിമാരാൽ പരിവൃതയായി അദ്ദേഹത്തെ വന്നെതിരേററു കൂട്ടിക്കൊണ്ടുപോയി. ഗൃഹാന്തർഭാഗത്തെത്തിയശേഷം രണ്ടുപേരും ഭഗവാന്റെ മഹിമയേയും കാരുണ്യത്തേയും വീണ്ടും വീണ്ടും വാഴ്ത്തി സ്തുതിച്ചു. സമ്പൽസമൃദ്ധിയിലും അഹങ്കരിക്കാതെ, വൈരാഗ്യത്തിന്നും ബ്രഹ്മനിഷ്ഠയ്ക്കും കുറവു വരുത്താതെ ആയുഷ്കാലം നയിച്ച് അന്ത്യത്തിങ്കൽ പരമപദത്തെ പ്രാപിച്ചു. ഇതാണ് കുചേലോപാഖ്യാനത്തിലെ കഥാഗോളം.

പല തത്വരഹസ്യങ്ങളേയും വെളിപ്പെടുത്തിയിരിക്കുന്നു പ്രസ്തുത കുചേലോപാഖ്യാനകഥയിൽക്കൂടെ. പലരും പലതും സമർപ്പിക്കാറുണ്ട് ഭഗവാന്നെങ്കിലും ചുരുക്കം ചിലരുടേതു മാത്രമേ അവിടുന്നു സ്വീകരിക്കാറുള്ളു. ഒരു ഭക്തന്റെ ഏതെങ്കിലും ഒരു സമർപ്പണത്തെ ഭഗവാൻ സ്വീകരിച്ചു കഴിഞ്ഞാൽ അവൻ സമ്പൂർണ്ണനായി. പിന്നെ ഇഹത്തിലോ പരത്തിലോ ഒന്നുംതന്നെ അവന്നു ദുർല്ലഭമായിട്ടില്ല. പക്ഷേ അത്യന്തഭക്തനായ ഒരാളുടെ അ

പ്പ്ണത്തെ മാത്രമേ അവിടുന്നു കൈക്കൊള്ളാറുള്ളു എന്നു മാത്രം. അങ്ങിനെയുള്ള ഭക്തന്മാർ എത്രയോ ചുരുക്കമാ യതുകൊണ്ടാണ് ചുരുക്കം ചിലരുടെ അപ്പ്ണത്തെ മാ ത്രമേ അവിടുന്നു കൈക്കൊള്ളുന്നുള്ളു എന്നു പറയാൻ കാ രണം. ഇതാണ് വെളിപ്പെടുത്തിയ തത്വങ്ങളിൽ ഒ ന്ന്. മറെറാന്നു ധനവാന്മാർ സാധുക്കൾക്കു ഭിക്ഷകൊടു ക്കുമ്പോൾ അതു ഭഗവാനാണ് കൊടുക്കുന്നതെന്നോർമ്മി ച്ചു നല്ല പദാർത്ഥങ്ങൾ കൊടുക്കണമെന്നുള്ളതാണ്. കു ചേലപത്നിക്കു കൊടുത്ത കല്ലും നെല്ലും നിറഞ്ഞ അവിൽ ഭഗവാങ്കലാണ് എത്തിയതു്. കെട്ട പദാർത്ഥം ഭഗവാനു നിവേദിക്കാൻ പാടില്ലെന്നു പറയേണ്ടതില്ലല്ലോ. അ ങ്ങിനെ ചെയ്താൽ അവക്കു നാശമായിരിക്കും ഫലമെന്നും വ്യക്തമാണ്. എന്നാൽ കുചേലപത്നിയിൽക്കൂടെ ഭഗ വാനു നിവേദിച്ച അവിലിലെ മാലിന്യങ്ങൾ കുചേലനെ യല്ല, അതു കൊടുത്തവരെയാണ് നശിപ്പിച്ചതു്. കുചേ ലനെ പൂണ്ണനാക്കുകയാണ് ചെയ്തതു്. എപ്പോഴും ആക്കും നല്ല പദാർത്ഥം മാത്രമേ കൊടുക്കാവൂ. ഉപയോഗശൂന്യ മായ പദാർത്ഥം ആരും ആക്കും കൊടുക്കരുതു്. ഇതാണ് വെളിപ്പെടുത്തിയ മറെറാരു രഹസ്യം. ഇതിനൊക്കെപ്പു റമെ ജീവൻ പ്രകൃതിധർമ്മങ്ങളിൽനിന്നു വേർപെട്ടു ബ്ര ഹ്മനിഷ്ഠനായിരുന്നാൽ നിഷ്പ്രയാസം ഈശ്വരനോടു ചേ ന്നു കൈവല്യത്തെ പ്രാപിക്കുന്ന വിധത്തേയും സൂചിപ്പി ച്ചിരിക്കുന്നു. ഇങ്ങിനെ എല്ലാംകൊണ്ടും സുന്ദരവും ആ കർഷകവുമായിട്ടുണ്ട് കുചേലോപാഖ്യാനം.

## തീൎത്ഥയാത്ര

അനന്തരം രണ്ടദ്ധ്യായങ്ങളെക്കൊണ്ടു ഭഗവാൻെറ തീൎത്ഥയാത്രയെയാണുപന്യസിക്കുന്നതു്. ഒരിക്കൽ ഭഗവാൻ ദ്വാരകയിൽ വസിച്ചുകൊണ്ടിരിക്കുമ്പോൾ ദീൎഘസമയം നീണ്ടുനില്ക്കുന്ന ഒരു സൂൎയ്യഗ്രഹണമുണ്ടായി. പുണ്യസമയത്തു തീൎത്ഥസ്നാനം ചെയ്യാനും സൽക്കൎമ്മങ്ങളെക്കൊണ്ടു് ആത്മശുദ്ധി വരുത്താനുംവേണ്ടി ഭഗവാൻ ദ്വാരകാവാസികളായ പരിജനങ്ങളോടുകൂടി സ്യമന്തപഞ്ചകതീൎത്ഥക്കരയിലേയ്ക്കു പുറപ്പെട്ടു. അതോടെ ദ്വാരകയിലുള്ള സകലജനങ്ങളും പുറപ്പെട്ടു. സ്ത്രീപുരുഷബാലവൃദ്ധരടക്കം ദ്വാരകയിലെ സൎവ്വജനങ്ങളും ഗ്രഹണം തുടങ്ങുന്നതിന്നു മുമ്പായി തീൎത്ഥക്കരയിലെത്തി. അതുപോലെ എല്ലാ രാജ്യങ്ങളിൽനിന്നും വന്നിട്ടുണ്ടായിരുന്നു. ഒരു രാജ്യത്തെ രാജാവുതന്നെ ജനങ്ങളെ ആഹ്വാനംചെയ്തു പുറപ്പെട്ടാൽ പിന്നെ ആരാണിളകാതിരിക്കുക? ഇങ്ങിനെയായിരുന്നു ഈ ഭാരതഭൂമിയിൽ പണ്ടൊക്കെ. രാജാക്കന്മാർതന്നെ പുണ്യകൎമ്മങ്ങളിൽ ശ്രദ്ധിച്ചു മുന്നോട്ടിറങ്ങും. പിന്നെ മററുള്ളവരുടെ കഥ പറയാനുണ്ടോ? അങ്ങിനെ ദ്വാരകയിലേയും മററനേകം രാജ്യങ്ങളിലേയും രാജാക്കന്മാരും, പ്രജകളും, മന്ത്രിമാരും, പ്രഭുക്കന്മാരും, കുട്ടികളും, വൃദ്ധന്മാരുമടക്കം ലക്ഷോപലക്ഷം ജനങ്ങൾ ഗ്രഹണം തുടങ്ങുന്നതിന്നു മുമ്പുതന്നെ സ്യമന്തപഞ്ചകതീൎത്ഥത്തിൻെറ കരയ്ക്കു വന്നു തിക്കിത്തിരക്കിക്കൂടി. പുണ്യസമയത്തു സ്നാനവും മററു സൽക്കൎമ്മങ്ങളുമൊക്കെക്കഴിഞ്ഞു. പരിചിതന്മാരായ ആളുകൾ അന്യോന്യം കണ്ടു കുശലം പറയാ

നും സ്നേഹം പുത്രന്മാരുമായി അങ്ങിങ്ങ് ഇറങ്ങി നടന്നു. ഗോകുലത്തിൽനിന്നു ഗോപന്മാരും ഗോപികളും, ഇന്ദ്രപ്രസ്ഥത്തിൽനിന്നു പാണ്ഡവന്മാരും, കുരുക്ഷേത്രത്തിൽനിന്നു കൌരവന്മാരുമൊക്കെ വന്നിട്ടുണ്ടായിരുന്നു. എല്ലാവരും അന്യോന്യം കണ്ടു. സൌഹാർദ്ദത്തോടുകൂടി ഏതാനും ദിവസങ്ങൾതന്നെ അവിടെ കഴിച്ചുകൂട്ടി. അതിന്നിടയിൽ ഒരു ദിവസം ഭഗവാൻ ഗോപികൾക്കു ജ്ഞാനോപദേശം ചെയ്തു. എല്ലാം കഴിഞ്ഞു മടങ്ങിപ്പോരാൻ തുടങ്ങുമ്പോഴാണ് ഏതാനും യോഗസിദ്ധന്മാരായ ഋഷികൾ അവിടെ എത്തിച്ചേന്നതു്. അവരേയും സൽക്കരിച്ചു ബഹുമാനിച്ചു. അവർ ഭഗവാനെ സ്തുതിച്ചു. അവരിൽനിന്നു വസുദേവൻ കൎമ്മയോഗത്തിന്റെ രഹസ്യങ്ങളെ വേണ്ടപോലെ മനസ്സിലാക്കി. അവരുടെ പൌരോഹിത്യത്തിൻകീഴിൽത്തന്നെ ആ തീൎത്ഥക്കരയിൽവെച്ചു വസുദേവൻ ഒന്നിലധികം യജ്ഞങ്ങളേയും നടത്തി. എല്ലാം കഴിഞ്ഞു വൎഷാകാലമായപ്പോഴയ്ക്കു് എല്ലാവരും അന്യോന്യം യാത്രപറഞ്ഞു പിരിഞ്ഞു് അവരവരുടെ ഗൃഹങ്ങളിലേയ്ക്കു മടങ്ങിപ്പോവുകയും ചെയ്തു.

ഇങ്ങിനെ തീൎത്ഥയാത്രാവൎണ്ണനത്തിന്നുശേഷം ഒരദ്ധ്യായംകൊണ്ടു ഭഗവാൻ അമ്മയച്ഛന്മാൎക്കു ജ്ഞാനോപദേശം ചെയ്തതും ദേവകീദേവിയിൽ ജനിച്ചു കംസൻ കൊന്ന ആറു കുട്ടികളെ സുതലലോകത്തു പോയി കൂട്ടിക്കൊണ്ടുവന്നതും സുതലലോകത്തിൽവെച്ചു മഹാബലിയാൽ സ്തുതിക്കപ്പെട്ടതുമൊക്കെയാണുപന്യസിച്ചിരിക്കുന്നതു്.

സുഭദ്രാഹരണം

ഭഗവാൻേറയും ബലരാമചക്രവത്തിയുടേയും സഹോദരിയാണല്ലോ സുഭദ്രാദേവി. യൌവനയുക്തയായ ദേവിയുടെ വിവാഹത്തെപ്പററി രാജസഭയിൽ ആലോചനയ്ക്കുവന്നു. തൻെറ ശിഷ്യനും രാജശ്രേഷ്ഠനുമായ ദുര്യോധനനു വിവാഹം കഴിച്ചു കൊടുക്കണമെന്നാണു് ബലരാമൻെറ ബലമായ അഭിപ്രായം. ഭഗവാനതു തീരെ സമ്മതമല്ല. പക്ഷേ സമ്മതമല്ലെന്നു തുറന്നൊട്ടു പറകയും ഇല്ല. മദ്ധ്യമപാണ്ഡവനും ധീരയോദ്ധാവുമായ അജ്ജുനനാണു് തൻെറ സഹോദരിക്കനുരൂപനായ വരനെന്നാണു് ഭഗവാൻെറ അഭിപ്രായം. ഭഗവാൻെറ അഭിപ്രായത്തെ ഏതാണ്ടു മുൻകൂട്ടിത്തന്നെ അറിഞ്ഞ അജ്ജുനനും സുഭദ്രയും മനസാ അനുരാഗബദ്ധരായിട്ടുമുണ്ടു്. അങ്ങനെയിരിക്കുമ്പോഴാണു് അവിചാരിതമായി അജ്ജുനനു് ഒരു കൊല്ലക്കാലം നീണ്ടുനില്ക്കുന്ന ഒരു തീത്ഥയാത്ര വേണ്ടിവന്നതു്. അഞ്ചാളുംകൂടി പാഞ്ചാലിയെ പതിത്വേന വരിച്ചപ്പോഠംത്തന്നെ തീച്ചപ്പെടുത്തിയ നിശ്ചയപ്രകാരം പാഞ്ചാലിയും യുധിഷ്ഠിരനും ഒന്നിച്ചിരിക്കുന്നതിനെക്കണ്ട അജ്ജുനൻ തീത്ഥയാത്രയ്ക്കു വഴങ്ങേണ്ടിവന്നു. അജ്ജുനൻ തീത്ഥയാത്രയ്ക്കു പോയ അവസരത്തിലാണു് ദ്വാരകയിൽ വിവാഹാലോചന ജാഗ്രതയായി നടന്നുകൊണ്ടിരുന്നതു്. മിക്കവാറും സുഭദ്രാദേവിയെ ദുര്യോധനനു വിവാഹം കഴിച്ചുകൊടുക്കുവാൻ തീച്ചപ്പെടുത്തുകയും ചെയ്തു. എങ്കിലും പൂണ്ണമായ തീപ്പും അതിനുള്ള ഒരുക്കങ്ങളും ചെയ്തുകഴിഞ്ഞിട്ടുമില്ല. ഈ അവസരത്തിൽ ഒരു

തീൎത്ഥക്കരയിൽവെച്ച് അൎജ്ജുനൻ ദ്വാരകാവാസിയായ 'ഗദ'നെന്ന യാദവനെ യദൃച്ഛയായി കണ്ടുമുട്ടി. സന്തോഷത്തോടെ അദ്ദേഹത്തോടു കുശലംചോദിച്ചു ദ്വാരകയിലെ വൎത്തമാനങ്ങളൊക്കെപ്പറയാനാവശ്യപ്പെട്ടു. അപ്പോൾ പ്രത്യേകമായി ദ്വാരകയിൽ നടക്കുന്ന വിശേഷസംഭവം സുഭദ്രാവിവാഹത്തിൻെറ കോലാഹലമാണ്. അതൊക്കെ ഗദൻ അൎജ്ജുനനോടു പറയുകയും ചെയ്തു. സുഭദ്രയെ ദുൎയ്യോധനനു കൊടുക്കാൻ തീൎച്ചപ്പെടുത്തിയിരിക്കുന്നുവെന്നു കേട്ടതു മുതൽ അൎജ്ജുനനു വലിയ കുണ്ഠിതമായി. ഗദൻ പിരിഞ്ഞുപോയ ഉടനെത്തന്നെ അൎജ്ജുനൻ കൃത്രിമമായി സന്ന്യാസിവേഷവും ധരിച്ചു ദ്വാരകയിലേയ്ക്കു പുറപ്പെട്ടു. വലിയ ജടാഭാരവും യോഗദണ്ഡും രുദ്രാക്ഷമാലയും ദേഹംമുഴുവൻ ഭസ്മവും കാഷായവസ്ത്രവുമൊക്കെയായി കാഴ്ചയിൽ തേജസ്വിയും യോഗ്യനുമായ ഒരു സന്ന്യാസി പിറേറന്നു വൈകുന്നേരമായപ്പോഴയ്ക്കു ദ്വാരകാരാജധാനിക്കടുത്തുള്ള രൈവതകപൎവ്വതത്തിൻെറ താഴ്വരയിൽ ഒരാൽച്ചുവട്ടിൽ വന്നിരിപ്പായി.

സൎവ്വജ്ഞനായ ഭഗവാനറിയാതെ എന്താണ് ലോകത്തിലുള്ളതു്? അൎജ്ജുനൻെറ ഈ പ്രാകൃതഭാവങ്ങളൊക്കെ ഭഗവാൻ അറിഞ്ഞു. അന്നു രാത്രിതന്നെ അവിടെ ചെന്ന് ആ അഭിനവമായാപരമഹംസനെക്കണ്ടു സമാധാനിപ്പിച്ചു പോരികയും ചെയ്തു. അടുത്ത ദിവസം തന്നെ രൈവതകപൎവ്വതത്തിൻെറ താഴ്വരയിലുള്ള വിശാലമായ മൈതാനത്തിൽവെച്ച് ഒരു ദിവസത്തെ ഉത്സവം ഏററവും ആഘോഷത്തോടെ നടത്താൻ തീൎച്ചപ്പെട്ടു

ത്തി. അതിനുവേണ്ട ഒരുക്കങ്ങളൊക്കെ വളരെ ജാഗ്രതയായി ഒരുക്കാനും തുടങ്ങി. എല്ലാം തയ്യാറായി. നിശ്ചിതദിവസവും വന്നു. ഉത്സവം കാണാൻ ദ്വാരകയിലെ സർവ്വജനങ്ങളും ഉത്സാഹഭരിതന്മാരായി പോയി. കൂട്ടത്തിൽ ബലരാമനും തന്റെ പരിവാരങ്ങളോടുകൂടി പോയി. അവിടെവെച്ചു പലരും സന്ന്യാസിയെ പ്രശംസിച്ചു സംസാരിക്കുന്നതിനെ കേട്ടു ബലരാമന്നദ്ദേഹത്തെ കാണണമെന്നായി. അന്വേഷിച്ചു ചെന്നു കണ്ടു. ബഹുമാനത്തോടെ നമസ്കരിച്ചു. കുറച്ചു നേരം അടുത്തിരുന്നു സംസാരിച്ചു. സന്ന്യാസിയുടെ വേദാന്തവും മററും കേട്ടു ബലരാമനു വളരെ ബോദ്ധ്യമായി. അദ്ദേഹം യോഗ്യനായൊരു സന്ന്യാസിയാണെന്നഭിപ്രായപ്പെട്ടു. കുറച്ചു ദിവസം അരമനയിൽ താമസിക്കാൻ അദ്ദേഹത്തെ ക്ഷണിക്കുകയും ചെയ്തു. സന്ന്യാസി കുറച്ചൊക്കെ അതൃപ്തിയോടെയാണെങ്കിലും സമ്മതിക്കാതിരുന്നില്ല. ഇങ്ങനെയൊക്കെ സംഭവിക്കാൻവേണ്ടിത്തന്നെയായിരുന്നു . ഭഗവാൻ അവിടെ ഉത്സവം നിശ്ചയിച്ചതും. ഉത്സവം കഴിഞ്ഞു മടങ്ങിപ്പോരുമ്പോഠം ബലരാമൻ സന്ന്യാസിയേയും കൂട്ടിക്കൊണ്ടു പോന്നു. അരമനയിൽ എല്ലായിടത്തും എപ്പോഴും ആളും തിരക്കും ബഹളവുമാണല്ലോ. അദ്ദേഹത്തിനു താമസിക്കാൻ ബഹളമില്ലാത്ത ശാന്തമായ സ്ഥലം വേണംതാനും. അതിനെന്താണു് വേണ്ടതെന്നാലോചനയായി. അവസാനം കന്ന്യാന്തഃപുരത്തിൽ താമസിപ്പിക്കാനും കന്ന്യകയെക്കൊണ്ടു ശുശ്രൂഷിപ്പിക്കാനും തീർച്ചയാക്കി. ഇത്രക്കൂടിയായപ്പോഠം ഭഗവാന്റെ ഉദ്ദേശങ്ങഠം

മുഴുവൻ ഫലിച്ചു. അജ്ജുനന്നു വളരെ സന്തോഷവുമായി. താൻ ആരാധിക്കുന്ന സന്ന്യാസിവയ്യൻ തൻെറതന്നെ പ്രേമാവലംബമായ അജ്ജുനനാണെന്നുകൂടി അറിഞ്ഞപ്പോഠം സുഭദ്രയ്ക്കും ബഹുരസമായി. അങ്ങനെ കുറച്ചു ദിവസം കഴിഞ്ഞു. അനന്തരം ദ്വാരകയിൽനിന്നു കുറച്ചു വിദൂരത്തുള്ള മറെറാരു സ്ഥലത്തു് അധികദിവസം നീണ്ടുനില്ക്കുന്ന ഒരുത്സവം നിശ്ചയിച്ചു. ആഘോഷത്തോടുകൂടി എല്ലാം ഒരുക്കപ്പെട്ടു. ക്രമേണ അവിടേയ്ക്കും ജനങ്ങഠം സംഘം സംഘമായി പോവാൻ തുടങ്ങി. അജ്ജുനനും സുഭദ്രയും കാവലിന്നു കുറച്ചു സൈന്ന്യങ്ങളുമൊഴിച്ചു ബാക്കിയെല്ലാവരും ഉത്സവം കാണാൻ പോയി. ആ സന്ദഭ്ത്തിൽ അജ്ജുനൻ സുഭദ്രയേയുംകൊണ്ടു് ഇന്ദ്രപ്രസ്ഥത്തിലേയ്ക്കു പോവുകയും ചെയ്തു. തീരെ അപ്രതീക്ഷിതവും അനിഷ്ടവുമായ ആ വത്തമാനം ഉത്സവസ്ഥലത്തുവെച്ചാണു് ബലരാമൻ അറിയുന്നതു്. കലശലായി ക്രോധിച്ചു. എന്തു വന്നാലും പാണ്ഡവന്മാരെ നശിപ്പിച്ചേ പററു എന്നായി. ഭഗവാനെ വിളിച്ചു. ഉത്സവമൊക്കെ നിത്തിവെച്ചു് അപ്പോഠംത്തന്നെ യുദ്ധത്തിന്നു പുറപ്പെടാൻ കല്പനയായി. എല്ലാവരും പുറപ്പെട്ടു. പക്ഷേ അപ്പോഠം ഭഗവാൻതന്നെ എല്ലാം പറഞ്ഞു സമാധാനിപ്പിച്ചു. 'അജ്ജുനനെ കൊന്നാൽ നമ്മുടെ സഹോദരിക്കുതന്നെയല്ലേ വൈധവ്യം വരുന്നതു്. അതു് ഇതിലധികം അനിഷ്ടമല്ലേ?' എന്നായിരുന്നു ഭഗവാൻെറ ന്യായം. ആ ന്യായത്തിന്നു ബലരാമൻ കീഴൊതുങ്ങേണ്ടിവന്നു. അവസാനം അജ്ജുനൻെറ വിവാഹത്തെ അംഗീകരിക്കുക

യും സ്ത്രീധനമായി ധാരാളം സമ്പത്തും മററും അയച്ചു കൊടുക്കപ്പെടുകയും ചെയ്തു.

മിഥിലാരാജ്യത്തു് ഒരു ബ്രാഹ്മണനും, ഒരു ക്ഷത്രിയനും ഒരേ സമ്പ്രദായത്തിൽ ഭഗവാനെ സേവിക്കുകയും, അവിടുത്തെ ദർശനത്തേയും അനുഗ്രഹത്തേയും കാംക്ഷിക്കുകയും ചെയ്തുവന്നിരുന്നു. അവർക്കു രണ്ടാൾക്കും ഒരേ സമയത്തു് ഒരുപോലെ ദർശനംകൊടുക്കാൻവേണ്ടി ഏതാനും യോഗീശ്വരന്മാരോടുകൂടി അവരുടെ ഗൃഹത്തിലേയ്ക്കു പോയി. പ്രഭാവശാലിയായ ഭഗവാനു് ഒരേസമയത്തുതന്നെ രണ്ടു ഗൃഹത്തിൽ പ്രത്യക്ഷപ്പെടാനെന്താണു് വിഷമം? ഏതായാലും അങ്ങനെ സംഭവിച്ചു. രണ്ടു ഗൃഹത്തിലും തന്റെ ഒരുമിച്ചുള്ള യോഗീശ്വരന്മാരുമുണ്ടു്. രണ്ടു ഗൃഹത്തിലും ഭഗവാൻ അവരാൽ ആദരിക്കപ്പെടുകയും പൂജിക്കപ്പെടുകയും ചെയ്തു. ഭഗവാനെ വേണ്ടപോലെ പൂജിച്ചുവെന്നല്ലാതെ അവിടുത്തെ ഒരുമിച്ചുവന്നവരെ അവരത്ര ശ്രദ്ധിച്ചില്ല. ഈ കുറവു പരിഹരിക്കപ്പെടാൻവേണ്ടിത്തന്നെയായിരുന്നു ഭഗവാൻ അവരെ, കൂട്ടിക്കൊണ്ടുപോയതും. സത്തുക്കളിലുള്ള അനാദരവുകൂടി നീങ്ങിയപ്പോൾ അവർ ഭഗവദനുഗ്രഹത്തിന്നു തികച്ചും പാത്രമാവുകയും ചെയ്തു.

## ശ്രുതിഗീത

അനന്തരം ഒരധ്യായംകൊണ്ടു 'ശ്രുതിഗീത'യെന്ന പ്രസിദ്ധമായ തത്വനിരൂപണത്തെയാണു് ഉപന്യസിക്കുന്നതു്.

'അത്യന്തനിർഗ്ഗുണത്വം ഹേതുവായി ഇന്നപ്രകാരത്തിലെന്നു നിർദ്ദേശിക്കാൻ കഴിയാത്തതും, സത്തിൽനിന്നും അസത്തിൽനിന്നും അതീതവുമായ ബ്രഹ്മത്തെ എങ്ങനെയാണു് വേദമന്ത്രങ്ങൾ ഉപപാദിക്കുന്നതു്? അല്ലെങ്കിൽ അനിർദ്ദേശ്യമായ നിർഗ്ഗുണബ്രഹ്മത്തെ, ഗുണസ്വരൂപങ്ങളും, അല്പങ്ങളുമായ മനോബുദ്ധീന്ദ്രിയങ്ങളെക്കൊണ്ടെങ്ങിനെയാണുപാസിക്കുന്ന'തെന്നാണു് അദ്ധ്യായാരംഭത്തിൽ പരീക്ഷിത്തുരാജാവിൻെറ ചോദ്യം. അതിൻെറ മറുപടിയായിട്ടാണു് ശ്രുതിഗീതയെ പറയേണ്ടിവന്നതു്. അതിൻെറ മുഖവുരയിൽ ഒററ വാക്കുകൊണ്ടുതന്നെ ചോദ്യത്തിൻെറ മറുപടി പറയുന്നുണ്ടു്. പിന്നീടതിനെ പ്രമാണത്തോടുകൂടി സമർത്ഥിക്കാനാണെന്നു പറയണം ശ്രുതിഗീതയുടെ അവതരണം.

'ജീവനു വിഷയഭുക്തിക്കും, വീണ്ടും വീണ്ടും ജനനമരണങ്ങളെ പ്രാപിക്കാനും, ആത്മാവിനെ മറക്കാനുമുള്ള ഉപകരണങ്ങളായിട്ടാണു് മനോബുദ്ധീന്ദ്രിയപ്രാണങ്ങളെ സൃഷ്ടിയുടെ ആദിയിൽ സൃഷ്ടിച്ചതു്. അപ്പോൾ അവ ബ്രഹ്മോപാസനയ്ക്കുള്ള ഉപകരണങ്ങളല്ല; സംസാരോപാസനയ്ക്കുള്ള ഉപകരണങ്ങളാണു്. അവയുടെ ലയമാണു് നിർഗ്ഗുണബ്രഹ്മോപാസനയ്ക്കുള്ള മാർഗ്ഗം. ഈ തത്വത്തെ ഗ്രഹിക്കുന്ന വിരക്തനായ മുമുക്ഷു ശ്രേയസ്സിനെ പ്രാപിക്കും.' എന്നാണു് മുഖവുരയുടെ ആദ്യത്തിൽത്തന്നെ ചോദ്യത്തിൻെറ മറുപടിയായിപ്പറയുന്നതു്. ഇനി ഈ തത്വത്തെ ബോധ്യപ്പെടാൻവേണ്ടി നാരദനാരായണസംവാദസ്വരൂപമായ ശ്രുതിഗീതയെപ്പറയാമെന്നു പറഞ്ഞാണു് ആ വിഷയത്തിലേയ്ക്കു കടക്കുന്നതു്.

മിക്കപ്പോഴും ലോകം മുഴുവൻ ചുററിസ്സഞ്ചരിക്കാറു ള്ള ശ്രീനാരദമഹഷി ഒരിക്കൽ ഭാരതവഷത്തിലെ മനു ഷ്യസമുദായത്തിൻെറ ശ്രേയസ്സിനുവേണ്ടി ആയുഷ്ക്കാലം മുഴുവൻ തപോനിഷ്ഠയിൽത്തന്നെ കഴിഞ്ഞുകൂട്ടുന്ന സനാ തനമഹഷിയെക്കാണാൻവേണ്ടി നാരായണാശ്രമമെന്നു പ്രസിദ്ധമായ ബദരികാശ്രമത്തിലേയ്ക്കു ചെന്നു. അവി ടെ ബ്രഹ്മനിഷ്ഠന്മാരായ കലാപഗ്രാമവാസികളായ ഋഷി കളാൽ പരിവൃതനായിരിക്കുന്ന സനാതനമഹഷിയെ ന മസ്കരിച്ചു ശ്രീനാരദമഹഷി ഇതേ ചോദ്യത്തെ ചോദി ച്ചു. അപ്പോഴം സനാതനമഹഷി ആ ഋഷികഠം കേഠം ക്കെ അതിനുത്തരം പറഞ്ഞു. ജനലോകത്തിൽവെച്ചു പണ്ട് ഒരിക്കൽ ബ്രഹ്മജ്ഞന്മാരും, ഊദ്ധ്വരേതസ്സുകളുമാ യ ഋഷികഠം എല്ലാവരും കൂടിച്ചേന്ന് ഒരു ബ്രഹ്മസത്രം നടന്നു. അന്ന് ആ സദസ്സിൽ എല്ലാവരും തുല്യമായ അറിവോടും, അനുഷ്ഠാനത്തോടും കൂടിയവരായിരുന്നു എ ന്ന കാരണത്താൽ ഇന്ന ആഠം ചോദിക്കണമെന്നോ ഇ ന്ന ആഠം പറയണമെന്നോ നിയമമുണ്ടായിരുന്നില്ല. ഒ രാഠം ചോദിക്കും, ആരെങ്കിലും ഒരാഠം മറുപടിയും പ റയും; അത്രതന്നെ. ആ സദസ്സിൽ അന്ന് ഈ ചോദ്യം ഉന്നയിക്കപ്പെട്ടു. സനന്ദനമഹഷിയാണതിനു മറുപടി പറഞ്ഞതു്. അദ്ദേഹം പറകയാണു്: തന്നാൽ സൃഷ്ടിക്ക പ്പെട്ട പ്രപഞ്ചത്തെ മുഴുവൻ തന്നിൽത്തന്നെ അടക്കി എല്ലാ ശക്തികളോടുംകൂടി ശയിച്ചു സുപ്തനായ പരമപുരു ഷനെ, സന്ദഭം വന്നപ്പോഠം ഉറങ്ങുന്ന ചക്രവത്തിയെ ബന്ദികളെന്നപോലെ ശ്രുതികഠം (വേദങ്ങഠം—അഥ വാ, ബോധങ്ങഠം) ഇങ്ങനെ സ്തുതിച്ചു:

ശ്രുതിഗീതാ

ജയ ജയ ജഹ്യജാമജിതദോഷഗൃഭീതഗുണാം
ത്വമസി യദാത്മനാ സമവരുദ്ധസമസ്തഭഗ:
അഗജഗദോകസാമഖിലശക്ത്യവബോധക തേ
ക്വചിദജയാഽത്മനാ ച ചരതോഽനുചരേന്നിഗമഃ. 1

1. ജനനമരണാദി ക്ലേശരഹിതനും, തന്നത്താൻ പ്രാപിച്ച എല്ലാ ഐശ്വര്യങ്ങളോടും, തന്നിൽ അടങ്ങിയിരിക്കുന്ന സകലവിധ ശക്തികളോടുംകൂടിയവനുമായ ഹേ! പരമപുരുഷനായ നാഥ! അവിടുന്നു സ്ഥാവരജംഗമങ്ങളായ ജീവരാശികൾക്കു പല തരത്തിൽ ദോഷത്തെ ചെയ്തുകൊണ്ടിരിക്കുന്ന സത്വരജസ്തമസ്സുകളാകുന്ന ഗുണങ്ങളോടുകൂടിയ അവിദ്യയെ അകററി വിജയിച്ചരുളുമാറാകണേ! പ്രസ്തുത മായാദേവിയോടു കൂടിച്ചേൎന്നുള്ള അവിടുത്തെ ക്രീഡയാണു് ജഗദ്വ്യാപാരമെന്നു ശ്രുതി കീൎത്തിക്കുന്നുണ്ടല്ലോ. അതിനാൽ അങ്ങയ്ക്കു് അവിദ്യയെ അകററാൻ കഴിയും.

ബൃഹദുപലബ്ധമേതദവയന്ത്യവശേഷതയാ
യത ഉദയാസ്തമയൌ വികൃതേമ്ൎ‍ദിവാവികൃതാൽ
അത ഋഷയോ ദധുസ്ത്വയി മനോവചനാചരിതം
കഥമയഥാ ഭവന്തി ഭുവി ദത്തപദാനി നൃണാം. 2

2. ഘടാദിവസ്തുക്കൾക്കു മണ്ണിലും, കടകകുണ്ഡലാദിവസ്തുക്കൾക്കു സ്വൎണ്ണത്തിലും, തരംഗഫേനാദിവസ്തുക്കൾക്കു വെള്ളത്തിലും ഉദയാസ്തമനങ്ങൾ കാണുമ്പോലെ ജഗത്തിലും ഇന്ദ്രൻ അഗ്നി ദ്രുഹിണൻ തുടങ്ങിയ എല്ലാ വലിയ സ്ഥാനങ്ങൾക്കും അങ്ങയിൽ ഉദയാസ്തമന

ങ്ങളുണ്ടാവുന്നു. അപ്പോഠം ജഗത്തിലെ സകലനാമരൂപങ്ങഠംക്കും ഏകകാരണം അങ്ങു മാത്രമെന്നു പ്രത്യക്ഷമായി. അതിനാൽ ഋഷികഠം നാമരൂപാത്മകങ്ങളായ മനോവചനാചരിതങ്ങളെ മുഴുവൻ അങ്ങയിൽ അർപ്പിക്കുന്നു. അങ്ങിനെ അവർ അവിദ്യാഭാവത്തിൽനിന്നൊഴിവാവുന്നു. ഭൂമിയിൽ നില്ക്കുന്ന ഒരാഠം ഏതൊരു പദാർത്ഥത്തെ ചവുട്ടിനിന്നാലും എപ്രകാരം ഭൂമിയെ അവലംബിച്ചിരിക്കുന്നുവോ, ഇതുപോലെ നാമരൂപാത്മകമായ അവിദ്യാഭ്രാന്തികൊണ്ടു് അവിടുന്നു് എത്രതന്നെ മറയപ്പെട്ടാലും അങ്ങയെ അവലംബിച്ചാണു് എന്തും നില്ക്കുന്നതു്.

ഇതി തവ സൂരയസ്ത്ര്യധിപതേഽഖിലലോകമല-
ക്ഷപണകഥാമൃതാബ്ധിമവഗാഹ്യ തപാംസി ജഹുഃ
കിമുത പുനഃ സ്വധാമവിധുതാശയകാലഗുണാഃ
പരമ ഭജന്തി യേ പദമജസ്രസുഖാനുഭവം. 3

3. ഇപ്രകാരം അവിടുന്നു സകലജഗൽക്കാരണമാണെന്നു് അറിഞ്ഞ വിവേകികഠം ത്രിഗുണസ്വരൂപിണിയായ മായയ്ക്കധിപതിയായ ഹേ ജഗദീശ്വര! സകല ജീവരാശികളുടെ കന്മഷങ്ങളേയും കഴുകിക്കളയുന്ന അവിടുത്തെ പാവനങ്ങളായ കഥകളാകുന്ന അമൃതസമുദ്രത്തിൽ മുങ്ങി എല്ലാ പാപങ്ങളിൽനിന്നും രക്ഷപ്പെട്ടു ശുദ്ധന്മാരായിത്തീരുന്നു. പരിശുദ്ധിവന്ന പ്രസ്തുത ഭക്തന്മാർ എപ്പോഴും അങ്ങയെത്തന്നെ ഉപാസിച്ചു് അവിടുത്തെ സ്വരൂപസമ്പത്തി ഹൃദയത്തിൽ സ്ഫുരിക്കുമ്പോഠം സ്ഥൂലസൂക്ഷ്മങ്ങളായ ശരീരോപാധികളുടെ ഉപദ്രവത്തിൽനിന്നും കാലം

കൊണ്ടു കാരണശരീരമാകുന്ന അവിദ്യോപാധിയിൽനിന്നും രക്ഷപ്പെട്ടു പരമപദത്തെ പ്രാപിക്കുന്നു.

ദൃതയ ഇവ ശ്വസന്ത്യസുഭൃതോ യദി തേഽനുവിധാ
മഹദഹമാദയോഽണ്ഡമസൃജൻ യദനുഗ്രഹതഃ
പുരുഷവിധോഽന്വയോഽത്ര ചരമോഽന്നമയാദിഷു യഃ
സദസതഃ പരം ത്വമഥ യദേഷ്വവശേഷമൃതം. 4

4. മനുഷ്യജന്മം കിട്ടീട്ടും ഭഗവാനെ സേവിച്ചു പാപനിവൃത്തിയും, അന്തഃകരണശുദ്ധിയും സമ്പാദിച്ചു തത്വവിചാരം ചെയ്തു പഞ്ചകോശാതീതനും, സർവ്വസാക്ഷിയുമായ ഈശ്വരനെ അറിഞ്ഞു സാക്ഷാൽക്കരിച്ചു താദാത്മ്യം പ്രാപിക്കുന്നില്ലെങ്കിൽ ജീവിതം നിഷ്ഫലംതന്നെയാണു്. കാററു് അകത്തേയ്ക്കും, പുറത്തേയ്ക്കും പോയ്ക്കൊണ്ടിരിക്കുന്ന തോൽസഞ്ചിപോലെ നിസ്സാരമായ വിഷയഭോഗങ്ങളെക്കൊണ്ടു നശിക്കുന്നു മനുഷ്യജന്മമെന്നാൽ അതിൽപ്പരം കഷ്ടം മറെറന്താണു്? വിഷയഭോഗങ്ങളാണു് ഒരാൾക്കാവശ്യമെങ്കിൽ അതിനും ഭഗവാനെ സേവിക്കണം. ഭഗവൽകാരുണ്യംകൊണ്ടേ അതും കിട്ടു. അതിനാൽ ഈശ്വരഭജനം ചെയ്യാത്ത മനുഷ്യജീവിതം നിഷ്ഫലംതന്നെ.

ഉദരമുപാസതേ യ ഋഷിവർത്മസു കൂർപ്പദൃശഃ
പരിസരപദ്ധതിം ഹൃദയമാരുണയോ ദഹരം
തത ഉദഗാദനന്ത തവ ധാമ ശിരഃ പരമം
പുനരിഹ യൽ സമേത്യ ന പതന്തി കൃതാന്തമുഖേ. 5

5. ഋഷികളുടെ സമ്പ്രദായങ്ങളിൽ പ്രായേണ വേണ്ടത്ര തഴക്കവും, പഴക്കവും കിട്ടീട്ടില്ലാത്ത സ്ഥൂലദൃഷ്ടി

കളായ മുമുക്ഷുക്കൾ ഉദരത്തിൽ മണിപൂരകചക്രത്തിൽ ചിത്തത്തെ ഏകാഗ്രമാക്കി നിൎത്തി ബ്രഹ്മാനുസന്ധാനം ചെയ്തുവരുന്നു. എന്നാൽ സൂക്ഷ്മദൃഷ്ടിയുള്ള ആരുണിസമ്പ്രദായക്കാരാകട്ടെ, ഹൃദയമദ്ധ്യഗതമായ 'ദഹര'ത്തിൽ ചിത്തത്തെ ഉറപ്പിച്ചു ക്രമേണ സുഷുമ്നയിൽക്കൂടെ, ഹേ അനന്തമൂൎത്തേ, അവിടുത്തെ പരമസ്ഥാനവും, രണ്ടാമതു സംസാരത്തിലേയ്ക്കു മടങ്ങിവരേണ്ടതില്ലാത്തതും, ജ്യോതിൎമ്മയവുമായ ബ്രഹ്മരന്ധ്രത്തെ പ്രാപിച്ചു മുക്തന്മാരായിത്തീരുന്നു.

സ്വകൃതവിചിത്രയോനിഷു വിശന്നിവ ഹേതുതയാ
തരതമതശ്ചകാസ്സ്യനലവൽ സ്വകൃതാനുകൃതിഃ
അഥ വിതഥാസ്വമൂഷ്വവിതഥം തവ ധാമ സമം
വിരജധിയോഽന്വയന്ത്യഭിവിപണ്യവ ഏകരസം. 6

6. തന്റെതന്നെ കൎമ്മപരമ്പരയ്ക്കനുരൂപമായ നാനാശരീരങ്ങളിൽ ഉച്ചനീചത്വമോ ഗുണദോഷമോ നോക്കാതെ അവയോരോന്നും സത്യങ്ങളും സുഖസ്വരൂപങ്ങളുമാണെന്നു തെറ്റിദ്ധരിച്ചു് അവസാനമില്ലാത്ത ക്ലേശഭാരങ്ങളെ അനുഭവിക്കുന്നു അന്ധന്മാരായ ജീവന്മാർ. സുകൃതാതിരേകത്താൽ ഇഹപരലോകാനുഭവങ്ങളിൽ വൈരാഗ്യവും അസത്യബുദ്ധിയും വളൎന്നു് അന്തഃകരണം ശുദ്ധമാവുമ്പോൾ അവർ ഈശ്വരോപാസനചെയ്തു് അവിദ്യാഭ്രാന്തിയിൽനിന്നു രക്ഷപ്പെട്ടു പരമപദത്തെ പ്രാപിക്കുന്നു.

സ്വകൃതപുരേഷ്വമീഷ്വബഹിരന്തരസംവരണം
തവ പുരുഷം വദന്ത്യഖിലശക്തിധൃതോംഽശകൃതം

ഇതി നൃഗതിം വിവിച്യ കവയോ നിഗമാവപനം
ഭവത ഉപാസതേഽങ്ഘ്രിമഭവം ഭുവി വിശ്വസിതാഃ. 7

7. കർമ്മോപാർജ്ജിതങ്ങളായ ശരീരങ്ങൾ പലതരത്തിലുമുണ്ടെങ്കിലും അവയിൽവെച്ചു സർവ്വോൽകൃഷ്ടമാണു് മനുഷ്യശരീരമെന്നു പറയണം. മാത്രമല്ല, അതു സർവ്വശക്തനായ ഈശ്വരൻെറതന്നെ അംശമാണെന്നുകൂടി കീർത്തിക്കാറുണ്ടു്. വേദോക്തങ്ങളായ എല്ലാ കർമ്മങ്ങളേയും അറിയാനും അനുഷ്ഠിക്കാനുമുള്ള അറിവും കഴിവും മനുഷ്യനുണ്ടു്. തത്വവിചാരംചെയ്തു പഞ്ചകോശാതീതമായ ആത്മസ്വരൂപത്തെ അറിയാനും പ്രാപിക്കാനുമുള്ള കഴിവും മനുഷ്യനുണ്ടു്. മാത്രമല്ല, മനുഷ്യശരീരത്തെ കിട്ടാതെ മറെറാരു ശരീരംകൊണ്ടും ഈ കാര്യങ്ങളൊന്നും നേടാവുന്നതുമല്ല. ഈ വസ്തുത മനസ്സിലാക്കിയ വിവേകികളായ സുകൃതികൾ, അല്ലയോ ഭഗവാനേ, അങ്ങയെ ആശ്രയിച്ചു ജന്മസാഫല്യത്തെ പ്രാപിക്കുന്നു.

ദുരവഗമാത്മതത്വനിഗമായ തവാത്തതനോ-
ശ്ചരിതമഹാമൃതാബ്ധിപരിവർത്തപരിശ്രമണാഃ
ന പരിലഷന്തി കേചിദപവർഗ്ഗമപീശ്വര തേ
ചരണസരോജഹംസകുലസംഗവിസൃഷ്ടഗൃഹാഃ. 8

8. ഏററവും ദുർബ്ബോധമായ ആത്മതത്വത്തെ പ്രതിപാദിച്ചുൽബോധിപ്പിച്ചു മന്ദമതികളേയും അപവർഗ്ഗത്തിന്നധികാരികളാക്കിത്തീർക്കാൻവേണ്ടി നാനാകാലദേശങ്ങളിൽ നാനായോനികളിൽ അപ്പഴപ്പോഴവതരിച്ചു വിചിത്രങ്ങളായ ലീലാവിശേഷങ്ങളെക്കൊണ്ടു ജഗത്തിനെ അനുഗ്രഹിക്കുന്ന പരമപുരുഷനായ അവിടുത്തെ ദി

വ്യങ്ങളായ ലീലാപദാനങ്ങളാകുന്ന അമൃതസമുദ്രത്തിൽ മുങ്ങി ആറാടി നിന്തിക്കളിക്കുന്ന സുകൃതികൾ ഒന്നിനേയും കാംക്ഷിക്കുന്നില്ല. ഭഗവാൻെറ ദിവ്യാപദാനങ്ങളാൽ ആകൎഷിക്കപ്പെട്ട ഭക്തന്മാർ അപവൎഗ്ഗത്തെപ്പോലും ആവശ്യപ്പെടുന്നില്ല. ഗൃഹകുടുംബാദി സകലബന്ധങ്ങളേയും വിട്ടു ഭക്തന്മാരോടു കൂടിച്ചേൎന്നു ഭഗവാൻെറ അപദാനങ്ങളെ പാടിക്കൊണ്ടുതന്നെ അവർ ആയുഷ്ക്കാലം മുഴുവൻ നയിക്കുന്നു.

തവദനുപഥം കുലായമിദമാത്മസുഹൃൽപ്രിയവൽ
ചരതി തഥോന്മുഖേ ത്വയി ഹിതേ പ്രിയ ആത്മനി ച
ന ബത രമന്ത്യഹോ അസദുപാസനയാഽത്മഹനോ
യദനുശയാ ഭ്രമന്ത്യുരുഭയേ കുശരീരഭൃതഃ. 9

9. ഈശ്വരവശവൎത്തിയായ ഈ മനുഷ്യശരീരം തന്നത്താനെന്നപോലെയും സ്നേഹിതനെപ്പോലെയും ഇഷ്ടബന്ധുവിനെപ്പോലെയും സ്വാധീനമായിരുന്നിട്ടും പ്രിയനും ആത്മാവുമായ ഈശ്വരങ്കൽ ഉന്മുഖമായി പ്രവൎത്തിക്കുകയോ വൎത്തിക്കുകയോ ചെയ്യുന്നില്ലെന്നതു് എത്ര കഷ്ടമായിരിക്കുന്നു? ഇപ്രകാരം എല്ലാ കഴിവുകളുമുള്ള മനുഷ്യശരീരം കിട്ടീട്ടും ഈശ്വരങ്കൽ രമിക്കാത്ത അവിവേകികൾ പില്ക്കാലത്തു് ഈ മനുഷ്യശരീരത്തെ വിട്ടാൽ തിൎയ്യഗ്യോനികളിൽ ജനിച്ചു്, ആത്മഹന്താക്കളായിത്തീരുന്നു, കഷ്ടം!

നിഭൃതമരുന്മനോക്ഷദൃഢയോഗയുജോ ഹൃദി യ-
ന്മുനയ ഉപാസതേ തദരയോഽപി യയുഃ സ്മരണാൽ
സ്ത്രിയ ഉരഗേന്ദ്രഭോഗഭുജദണ്ഡവിഷക്തധിയോ
വയമപി തേ സമാഃ സമദൃശോഽങ്ഘ്രിസരോജസുധാഃ. 10

10. നിശ്ചലങ്ങളാക്കിത്തീക്കപ്പെട്ട പ്രാണമനോബുദ്ധീന്ദ്രിയങ്ങളോടുകൂടിയ ദൃഢയോഗബന്ധമുള്ള യോഗീശ്വരന്മാർ യാതൊരു തത്വത്തെ ഹൃദയത്തിൽ വെച്ചു പാസിക്കുന്നുവോ, പരിച്ഛിന്നങ്ങളായ കാമാദിഭാവങ്ങളെ കൊണ്ടു സ്ത്രീകളും ഏതൊന്നിനെ പ്രാപിച്ചുവോ, അപരിച്ഛിന്നതാസ്വരൂപേണ ശ്രുതിദേവതകളും ഏതൊന്നിനെ പ്രാപിക്കുന്നുവോ, ആ പരമതത്വത്തെ കംസശിശുപാലാദിശത്രുക്കൾകൂടി വിദ്വേഷത്തിൽക്കൂടെ പ്രാപിച്ചു എന്നു പറയുമ്പോൾ ആക്കു് എന്തു ഭാവത്തിൽക്കൂടെയാണു് ആ പരമതത്വത്തെ പ്രാപിക്കാൻ കഴിയാത്തതു്! അശ്രദ്ധകൊണ്ടും, അവിവേകംകൊണ്ടും മാത്രമാണു് ജനങ്ങളതിനെ പ്രാപിക്കാത്തതു്.

ക ഇഹ നു വേദ ബതാവരജന്മലയോഽഗ്രസരം
യത ഉദഗാദൃഷിര്യമനു ദേവഗണാ ഉഭയേ
തർഹി ന സന്ന ചാസദുഭയം ന ച കാലജവഃ
കിമപി ന തത്ര ശാസ്ത്രമവകൃഷ്യ ശയീത യദാ. 11

11. എല്ലാററിന്നും മുമ്പുള്ളതും, എല്ലാററിന്നും ശേഷം ബാക്കിയായിത്തീരുന്നതും, അങ്ങിനെ ആദ്യന്തങ്ങളില്ലാത്തതുമായ അങ്ങയുടെ മഹിമയെ അല്പനും, ക്ഷണികജീവിയുമായ മനുഷ്യനെന്തറിഞ്ഞു! പരമപുരുഷനായ അങ്ങയിൽനിന്നു് ആദ്യം ബ്രഹ്മദേവനും, അദ്ദേഹത്തിൽനിന്നു് അധിദൈവവും, അദ്ധ്യാത്മവുമാകുന്ന രണ്ടുതരം ദേവഗണങ്ങളും ഉണ്ടായി. അതിനുശേഷമാണു് മററെല്ലാ ജീവന്മാരും ഉണ്ടാവുന്നതു്. ഇതാണു് ഉൽപത്തിയുടെ സ്വഭാവം. അപ്പോൾ സൃഷ്ടികാലത്തു് ആക്കും ഭഗ

വാനെ അറിയാൻ സാദ്ധ്യമല്ല. ലയത്തിലാണെങ്കിൽ എല്ലാം തന്നിലടക്കി അവിടുന്നു ശയിക്കുന്നു. അപ്പോഴും ജ്ഞാനോപകരണമില്ലാത്ത ജീവന്മാക്കു ഭഗവാനെ അറിയാൻ സാദ്ധ്യമല്ല. എന്നാൽ ഉൽപത്തിലയങ്ങളുടെ രണ്ടിൻേറയും മദ്ധ്യത്തിലാണെങ്കിൽ അപ്പോഴും അസാദ്ധ്യംതന്നെ. സ്ഥൂലസൂക്ഷ്മഭൂതനിമ്മിതവും, കാലാധീനവുമായ ശരീരാദ്ദ്യുപാധികഠം മദ്ധ്യകാലത്തും ഭഗവൽജ്ഞാനത്തിന്നു തടസ്ഥങ്ങഠംതന്നെ. അപ്പോഠം ഈശ്വരജ്ഞാനം എപ്പോഴും സുഗമമല്ല മനുഷ്യന്നു്. ശാസ്ത്രങ്ങഠംക്കും ഈശ്വരനെ ബോധിപ്പിക്കാൻ കഴിയുന്നില്ല. ചുരുക്കത്തിൽ ഭഗവാൻതന്നെ അനുഗ്രഹിക്കുമ്പോഴാണു് ഒരാഠംക്കീശ്വരമഹിമയെ അറിയാൻ കഴിയുന്നതു്. അതിനാൽ ഭഗവൽഭജനംതന്നെ ഓരോരുത്തരുടേയും കത്തവ്യമായിട്ടിരിക്കുന്നതു്.

ജനിമസതഃ സതോ മൃതിമുതാത്മനി യേ ച ഭിദാം
വിപണമൃതം സ്മരന്ത്യുപദിശന്തി ത ആരുപിതൈഃ
ത്രിഗുണമയഃ പുമാനിതി ഭിദാ യദബോധകൃതാ
ത്വയി ന തതഃ പരത്ര സ ഭവേദവബോധരസേ. 12

12. ഇല്ലാത്ത ജഗത്തിൻെറ ഉല്പത്തിയെ പ്രതിപാദിക്കുന്ന വൈശേഷികമതവും, അസത്തായ ബ്രഹ്മത്തിൻെറ ഉല്പത്തിയെ ഘോഷിക്കുന്ന പാതഞ്ജലമതവും, പരമാത്ഥത്തിൽ ഉള്ളതായിപ്പറയുന്ന ഇരുപത്തൊന്നു ദുഃഖങ്ങളുടെ നാശമാണു് മോക്ഷമെന്നു വാദിക്കുന്ന നൈയായികമതവും ആത്മാവിൽ നാനാത്വം കല്പിക്കുന്ന സാംഖ്യസിദ്ധാന്തവും കമ്മഫലങ്ങളെ സത്യമെന്നുൽഘോഷിക്കു

ന്ന മീമാംസകമതവും എല്ലാം ഭ്രാന്തിയുടെ വകഭേദങ്ങൾ മാത്രമാണു്. അല്ലാതെ പരമാൎത്ഥമായ ജ്ഞാനോപദേശങ്ങളല്ല. എന്തുകൊണ്ടെന്നാൽ അവയെല്ലാംതന്നെ ശ്രുതിസിദ്ധാന്തങ്ങൾക്കു വിരുദ്ധങ്ങളാണു്. ഈശ്വരൻ ഗുണസ്വരൂപനാണെങ്കിൽ ഇവരുടെ വാദങ്ങളൊക്കെ സമ്മതിക്കാമായിരുന്നു. പക്ഷേ അതല്ല. ഈശ്വരങ്കൽ ഗുണങ്ങളുടെ ആരോപണവും ഭേദകല്പനവുമെല്ലാം അജ്ഞാനംകൊണ്ടുണ്ടായിത്തീരുന്നവയാണു്. അഭിജ്ഞനായ ഒരാളുടെ ദൃഷ്ടിയിൽ നിൎഗ്ഗുണബ്രഹ്മമൊഴിച്ചു മറ്റൊന്നുമില്ല.

സദിവ മനസ്ത്രിവൃത്ത്വയി വിഭാത്യസദാ മനുജാൽ
സദഭിമൃശന്ത്യശേഷമിദമാത്മതയാ$\int\int$ത്മവിദഃ
ന ഹി വികൃതിം ത്യജന്തി കനകസ്യ തദാത്മതയാ
സ്വകൃതമനുപ്രവിഷ്ടമിദമാത്മതയാവസിതം. 13

13. ത്രിഗുണസ്വരൂപമായ മനസ്സിന്റെ വെറും സങ്കല്പങ്ങൾമാത്രമാണു് ജഗത്തു്. അല്ലാതെ ജഗത്തെന്ന ഒരു വസ്തു വാസ്തവത്തിൽ ഇല്ല. ഇല്ലാത്തതായ ജഗത്തു് ഉള്ളതായിത്തോന്നിക്കൊണ്ടിരിക്കുന്നതാകട്ടെ, ഉള്ളതായ ബ്രഹ്മത്തിൽ ആരോപിക്കഹേതുവായിട്ടുമാണു്. അഭിജ്ഞനായ ഒരാളുടെ ദൃഷ്ടിയിൽ ബ്രഹ്മമല്ലാതെ ജഗത്തെന്നൊരു വസ്തുവില്ല. എന്നാൽ ജഗദാകാരേണ വീക്ഷിക്കുന്നുണ്ടെങ്കിലും ബ്രഹ്മാകാരേണമാത്രമാണു് ബോധിക്കുന്നതു്. കടകകുണ്ഡലാദികളെ അവ ആഭരണങ്ങളായിരിക്കുമ്പോഴും കല്പിതങ്ങളായ ആഭരണഭാവങ്ങളെ മറന്നു സ്വൎണ്ണാകാരേണ വീക്ഷിക്കുന്നതുപോലെ നാമരൂപാത്മക

മായ ജഗത്തിനെ നാമരൂപാത്മകതയിലും ബ്രഹ്മാകാരേണമാത്രമാണു് ജ്ഞാനസമ്പന്നനായ മഹാത്മാവു വീക്ഷിക്കുന്നതു്.

തവ പരി യേ ചരന്ത്യഖിലസത്വനികേതതയാ
ത ഉത പദാഽഽക്രമന്ത്യവിഗണയ്യ ശിരോ നിരൃതേഃ
പരിവയസേ പശൂനിവ ഗിരാ വിബുധാനപി താം-
സ്ത്വയി കൃതസൌഹൃദാഃ ഖലു പുനന്തി ന യേ വിമുഖാഃ.

14. സർവ്വാത്മഭാവത്തോടുകൂടി അങ്ങയെ ആശ്രയിക്കുകയും, ആരാധിക്കുകയും ചെയ്യുന്ന സുകൃതികൾ സർവ്വാന്തര്യാമിയായ അവിടുത്തെ അനുഗ്രഹത്താൽ മൃത്യുവിനെപ്പോലും ജയിച്ചു പരമപദത്തെ പ്രാപിക്കുന്നു. അല്ലാത്തവരെയാകട്ടെ—അവരെത്ര യോഗ്യന്മാരായാലും—മൃഗങ്ങളെയെന്നപോലെ മൃത്യു ആക്രമിക്കുകയും ചെയ്യുന്നു. അങ്ങയിൽ ബദ്ധശ്രദ്ധന്മാരായവർ മലിനമായ സംസാരധർമ്മത്തിൽനിന്നു രക്ഷപ്പെട്ടു പരിശുദ്ധിയെ പ്രാപിക്കുന്നു. അങ്ങയിൽ വിമുഖന്മാരാകട്ടെ നാശത്തേയും പ്രാപിക്കുന്നു.

ത്വമകരണഃ സ്വരാഡഖിലകാരകശക്തിധര-
സ്തവ ബലിമുദ്വഹന്തി സമദന്ത്യജയാനിമിഷാഃ
വർഷഭുജോഽഖിലക്ഷിതിപതേരിവ വിശ്വസൃജോ
വിദധതി യത്ര യേ ത്വധികൃതാ ഭവതശ്ചകിതാഃ. 15

15. അവിടുന്നു മനോബുദ്ധ്യാദികരണരഹിതനാണെങ്കിലും സർവ്വശക്തികളേയും ധരിക്കുന്നവനും, സ്വയം പൂർണ്ണനുമായിട്ടിരിക്കുന്നു. പ്രഭാവശാലികളായ ദേവന്മാരും അങ്ങയെ ആരാധിക്കുകയും, സേവിക്കുകയും ചെയ്യു

ന്നു. സാമന്തരാജാക്കന്മാർ ചക്രവൎത്തിയെ ഭയപ്പെട്ടു കപ്പം കൊടുക്കുന്നപോലെ എല്ലാ ദേവശ്രേഷ്ഠന്മാരും അങ്ങയെ ഭയപ്പെട്ടുകയും അവിടെയ്ക്കു പൂജയെ അൎപ്പിക്കയും ചെയ്യുന്നു. സൎവ്വശക്തികളുടേയും, പ്രഭാവങ്ങളുടേയും ഉറവിടമാണു് അവിടുന്നെന്നു താല്പൎയ്യം.

സ്ഥിരചരജാതയഃ സ്യുരജയോത്ഥനിമിത്തയുജോ
വിഹര ഉദീക്ഷയാ യദി പരസ്യ വിമുക്ത തതഃ
ന ഹി പരമസ്യ കശ്ചിദപരോ ന പരശ്ച ഭവേദ്
വിയത ഇവാപദസ്യ തവ ശൂന്യതുലാം ദധതഃ. 16

16. നിത്യമുക്തനായ ഹേ പരമപുരുഷ! അവിടുന്നു വീക്ഷണവ്യാപാരംകൊണ്ടു മായാദേവിയോടുകൂടി ക്രീഡിക്കുമ്പോരം ലയിച്ചുകിടക്കുന്ന ജീവന്മാർ പുറത്തേയ്ക്കു പൊട്ടിപ്പുറപ്പെട്ടു കൎമ്മങ്ങരംക്കനുരൂപമായി ലിംഗസ്ഥൂലശരീരങ്ങളോടുകൂടി ചരാചരവൎഗ്ഗങ്ങളായിപ്പരിണമിക്കുന്നു. പരമനും, പരമകരുണാമയനും, ആകാശമെന്നപോലെ അസൽസ്വരൂപനുമായ അങ്ങെയ്ക്കു ഭേദഭാവമുണ്ടാവാൻ വയ്യല്ലോ. ജീവന്മാർ അവരവരുടെ സംസ്കാരത്തിന്നനുരൂപമായി ഉച്ചനീചത്വത്തെ പ്രാപിക്കമാത്രമാണു് ചെയ്യുന്നതു്. മനോബുദ്ധീന്ദ്രിയങ്ങരംക്കതീതനും, ശൂന്യപ്രായനുമായ അവിടുത്തേയ്ക്കെന്തു ഭാവമാണുണ്ടാവുന്നതു്!

അപരിമിതാ ധ്രുവാസ്തനുഭൃതോ യദി സൎവ്വഗതാ-
സ്തൎഹി ന ശാസ്യതേതി നിയമോ ധ്രുവ നേതരഥാ
അജനി ച യന്മയം തദവിമുച്യ നിയന്തൃ ഭവേൽ
സമമനുജാനതാം യദമതം മതദുഷ്ടതയാ. 17

17. ശാശ്വതനായ ഹേ പരമപുരുഷ! ജീവന്മാർ അങ്ങയുടെതന്നെ അംശമാണെങ്കിലും അവക്ക് അനന്തത്വം, അപരിച്ഛിന്നത്വം പൂർണ്ണത്വം, ശാശ്വതത്വം തുടങ്ങിയ അവിടുത്തെ മഹിമകളുണ്ടാവാൻ വയ്യ. കാരണം, അങ്ങിനെ അഭേദഭാവം സിദ്ധമായാൽ ജീവേശ്വരന്മാരെന്ന ദ്വൈതഭാവമുണ്ടാവാൻ വയ്യല്ലോ. ദ്വൈതഭാവമില്ലെങ്കിൽ ഭക്തഭജനീയത്വമോ, ആശ്രിതാശ്രയിതവ്യമോ ആയ ഭാവവും ഉണ്ടാവുന്നില്ല. അതിനാൽ ദ്വൈതമുള്ളേടത്തോളം ഭേദമുണ്ട്. അഭേദഭാവത്തിൽ ത്രിപുടീഭാവംപോലുമില്ലതാനും. അതിനാൽ ജീവേശ്വരന്മാർ ഒന്നാണെങ്കിലും ഉപാധിസംബന്ധമുള്ളേടത്തോളം കാലം വേറെയായിത്തന്നെ ഇരിക്കുന്നു.

ന ഘടത ഉദ്ഭവഃ പ്രകൃതിപൂരുഷയോരജയോ-
രുഭയയുജാ ഭവന്ത്യസുഭൃതോ ജലബുൽബുദവൽ
ത്വയി ത ഇമേ തതോ വിവിധനാമഗുണൈഃ പരമേ
സരിത ഇവാർണ്ണവേ മധുനി ലില്യുരശേഷരസാഃ. 18

18. പ്രകൃതിക്കും, പുരുഷനും ഉൽപത്തിയുണ്ടാവാൻ വയ്യ. കാരണം, എപ്പോഴും ഉള്ളതാണെന്നതുതന്നെ. എപ്പോഴും ഉള്ളതും, ഒരിക്കലും ഉണ്ടാവാത്തതുമായ ഒരു വസ്തു ജനിച്ചുവെന്നു പറയുന്നതു ശരിയാവാൻ വയ്യ. അതിനാൽ പ്രകൃതിയോ, പുരുഷനോ ആണ് ജീവനായി ഉൽപന്നനായതെന്നു പറയുന്നതു ശരിയായിരിക്കയില്ല. പ്രകൃതിയാണ് ജീവനായിത്തീർന്നതെങ്കിൽ ജീവന്മാരൊക്കെ ജഡന്മാരാവണം. അങ്ങിനെ കാണുന്നില്ല. പുരുഷനാണ് ജീവനായിത്തീർന്നതെങ്കിൽ ജീവന്മാരൊ

ക്കെ പൂൎണ്ണന്മാരുമാവണം. അഞ്ചിനെയും കാണുന്നില്ലാ ത്തതുകൊണ്ടു കാററും, ജലവും കൂടിച്ചേരുമ്പോൾ യാദൃച്ഛി കമായുണ്ടാവുന്ന കുമിളപോലെ പ്രകൃതിപുരുഷന്മാർ കൂടി ച്ചേരുമ്പോഴുണ്ടാവുന്ന സ്ഫുരണമാണ് ജീവത്വമെന്നു പറ യണം. കുമിളയ്ക്കു കാററു നിമിത്തവും, ജലം ഉപാദാന വുമാവുന്നതുപോലെ ജീവത്വത്തിന്നു പ്രകൃതി നിമിത്ത വും, പുരുഷൻ ഉപാദാനവുമാകുന്നു. സമുദ്രത്തിൽ പുഴ കളും, തേനിൽ രസങ്ങളും കൂടിച്ചേൎന്ന് അഃഭദമായിത്തി രുന്നപോലെ പ്രളയസുഷുപ്തികളിൽ എല്ലാ ജീവന്മാരും അങ്ങയോടു കൂടിച്ചേൎന്ന് അഭേദത്തെ പ്രാപിക്കുകയും ചെ യ്യുന്നു.

നൃഷു തവ മായയാ ഭ്രമമമീഷ്വവഗത്യ ഭൃശം
ത്വയി സുധിയോഽഭവേ ദധതി ഭാവമനുപ്രഭവം
കഥമനുവൎത്തതാം ഭവഭയം തവ യൽഭ്രുകുടിഃ
സൃജതി മുഹുസ്ത്രിണേമിരഭവച്ഛരണേഷു ഭയം. 19

19. ജീവന്മാരുടെ ജനനമരണസ്വരൂപമായ മാ യാഭ്രമത്തേയും, അതുകൊണ്ടുള്ള പീഡയേയും ബോധിച്ച വിവേകികൾ, അല്ലയോ ഭഗവാനേ, അങ്ങയെത്തന്നെ ശരണം പ്രാപിക്കുന്നു. ശീതോഷ്ണവൎഷസ്വരൂപങ്ങളായ മൂന്നു നേമികളോടുകൂടിയ സംവത്സരാകാരമായ കാലച ക്രത്തെപ്പോലും പുരികക്കൊടിയുടെ ചലനംകൊണ്ടു നി യന്ത്രിക്കുന്ന അങ്ങയെ ആശ്രയിക്കുന്നവരെ മായാഭ്രമം ബാധിക്കുകയോ ആശ്രയിക്കാത്തവരെ ഭ്രമം വിട്ടുപോവു കയോ ചെയ്യുന്നില്ല.

വിജിതഹൃഷീകവായുഭിരദാന്തമനസ്തുരഗം
യ ഇഹ യതന്തി യന്തുമതിലോലമുപായഖിദഃ
വ്യസനശതാന്വിതാഃ സമവഹായ ഗുരോശ്ചരണം
വണിജ ഇവാജ സന്ത്യക്തകർണ്ണധരാ ജലധൌ. 20

20. മഹാത്മാവായ ആചാര്യനെ വരിച്ച് ഗുരൂപദിഷ്ടമായ മാർഗ്ഗത്തിൽക്കൂടെ ഭഗവൽഭജനം ചെയ്യാതേയും ഇന്ദ്രിയങ്ങളുടേയും, പ്രാണന്റേയും നിയമനത്തിൽക്കൂടെ ചഞ്ചലമായ മനസ്സിനെ യമിക്കാതേയും, വൈരാഗ്യത്തെ പ്രാപിക്കാതേയും സംസാരത്തെ അതിക്രമിക്കാൻവേണ്ടി പ്രയത്നിക്കുന്നവർ കഠിനങ്ങളായ ദുഃഖങ്ങളെ അനുഭവിക്കുന്നു. നാവികനില്ലാത്ത സമുദ്രയാത്രപോലെത്തന്നെ ദുഃഖഭൂയിഷ്ഠമാവുന്നു, ആചാര്യനില്ലാത്ത സംസാരയാത്രയും.

സ്വജനസുതാത്മദാരധനധാമധരാസുരഥൈ-
സ്ത്വയി സതി കിം നൃണാം ശ്രയത ആത്മനി സർവരസേ
ഇതി സദജാനതാം മിഥുനതോ രതയേ ചരതാം
സുഖയതി കോ ന്വിഹ സ്വവിഹതേ സ്വനിരസ്തഭഗേ.

21. സർവരസസ്വരൂപനും, ആത്മാവുമായ അങ്ങയെ ആശ്രയിച്ച ഒരാൾക്കു ഗൃഹം, കുടുംബം, ധനം, ശരീരം, പ്രാണൻ എന്നിവയെക്കൊണ്ടെന്താണ് പ്രയോജനം? സർവ്വസുഖസ്വരൂപിയും, അമൃതാത്മകനുമായ അങ്ങയോടടുക്കുമ്പോഴുണ്ടാവുന്ന സുഖം അവയിൽനിന്നൊന്നും കിട്ടാൻ വയ്യ. ഈ പരമാർത്ഥം അറിയാത്ത മൂഢന്മാരാണ് തുച്ഛമായ ദാമ്പത്യസുഖം തുടങ്ങിയ മായാസുഖങ്ങൾക്കു കൊതിക്കുന്നത്. സത്തയില്ലാത്ത അവയ്ക്ക് ആരെയാണ് സുഖിപ്പിക്കാൻ കഴിയുന്നത്!

ഭുവി പുരുപുണ്യതീർത്ഥസദനാന്യൃഷയോ വിമദാ-
സ്ത ഉത ഭവൽപദാംബുജഹൃദോഽഘഭിദംഘ്രിജലാഃ
ദധതി സകൃന്മനസ്ത്വയി യ ആത്മനി നിത്യസുഖേ
ന പുനരുപാസതേ പുരുഷസാരഹരാവസഥാൻ. 22

22. പറയപ്പെട്ട മായാവസ്തുക്കളേയും, മായാസുഖങ്ങളേയും വിട്ടു നിരഹങ്കാരികളും, ഭഗവൽപദൈകദ്ധ്യാനനിരതന്മാരുമായിരിക്കുന്ന പുണ്യാത്മാക്കൾ അധിവസിക്കുന്ന പുണ്യാശ്രമങ്ങളിൽ പോയി അവരുടെ മുഖത്തിൽനിന്നൊഴുകിക്കൊണ്ടിരിക്കുന്ന ഭഗവൽഗുണഗണകഥാരസത്തെ ചെവികൊണ്ടാസ്വദിച്ചാൽത്തന്നെ ഒരാൾക്കി മായാവസ്തുക്കളായ ഗൃഹാദികളിൽ ഇച്ഛയില്ലാതായിത്തീരും. പിന്നെ പരമാത്മത്തിൽ അനുഭവിച്ചാൽ പറയേണ്ടതുണ്ടോ?

സത ഇദമുത്ഥിതം സദിതി ചേന്നനു തൎക്കഹതം
വ്യഭിചരതി ക്വച ക്വച മൃഷാ ന തഥോഭയയുക്
വ്യവഹൃതയേ വികല്പ ഇഷിതോഽന്ധപരമ്പരയാ
ഭ്രമയതി ഭാരതീ ത ഉരുവൃത്തിഭിരുക്ഥ ജഡാൻ. 23

23. മിത്ഥ്യയായ ഈ പ്രപഞ്ചം സത്യമായ ബ്രഹ്മത്തിൽനിന്നാണുണ്ടായതു്. സ്വൎണ്ണത്തിൽനിന്നുണ്ടായ കടകകുണ്ഡലാദികളും, മണ്ണിൽനിന്നുണ്ടായ ഘടശരാവാദികളും സ്വൎണ്ണമായും, മണ്ണായും ഇരിക്കുന്നപോലെ സത്യമായ ബ്രഹ്മത്തിൽനിന്നുണ്ടായ ജഗത്തും സത്യമായിത്തന്നെ ഇരിക്കണ്ടേ? അതിനാൽ ജഗത്തു സത്യമാണെന്ന മൂഢവാദം ശ്രുതി തകൎത്തുകളഞ്ഞിരിക്കുന്നു. മാലയിൽ ഒരിക്കലും സംഭവിച്ചിട്ടില്ലാത്ത സൎപ്പത്തിൻെറ പ്രതീതി

ആരോപണം അല്ലെങ്കിൽ ഭ്രാന്തി മാത്രമാണല്ലോ. ഭ്രമം തീരുമ്പോഠം സപ്പമില്ലാതാവുകയും മാലമാത്രം ഉള്ളതായിത്തീരുകയും ചെയ്യുന്നു. ജഗൽഭ്രാന്തികൊണ്ടു ബ്രഹ്മത്തിൽ ജഗത്തു് ഉള്ളതായിത്തോന്നപ്പെടുക മാത്രമാണു് ചെയ്യുന്നതു്. ജഗത്തു കേവലം ഇല്ലാത്തതാണെങ്കിൽ പിന്നെ എങ്ങിനെ തോന്നപ്പെടും? വസ്തുക്കഠംക്കു സ്വാഭാവികമായിത്തന്നെ സംഭവിച്ചുകൊണ്ടിരിക്കുന്ന മാററങ്ങളും തോന്നപ്പെടുന്നതാണെന്നെങ്ങിനെ വിശ്വസിക്കാം? എന്നാണെങ്കിൽ, വസ്തുകംളുടെ പ്രതീതിയുണ്ടാവാൻ പദാത്ഥങ്ങളാവശ്യമില്ല; സംസ്കാരം മാത്രമേ ആവശ്യമുള്ളു. ജന്മജന്മങ്ങളിൽ പരമ്പരയാ വളൎന്നുകൊണ്ടിരിക്കുന്ന സംസ്കാരം ഒരിക്കലും നശിക്കാത്തതിനാൽ എപ്പോഴും പ്രപഞ്ചം ഉള്ളതായിത്തന്നെ ഇരിക്കുന്നു. ശ്രുതിവാക്യങ്ങഠം പോലും ചിലപ്പോഠം മൂഢന്മാൎക്കു് ഈ ജഗത്തു് ഉള്ളതാണെന്നു വിശ്വസിക്കാൻ അനുകൂലമാവുന്നു.

ന യദിദമഗ്ര ആസ ന ഭവിഷ്യദതോ നിധനാ-
ദനുമിതമന്തരാ ത്വയി വിഭാതി മൃഷൈകരസേ
അത ഉപമീയതേ ദ്രവിണജാതിവികല്പപഥൈ-
ൎവ്വിതഥമനോവിലാസമൃതമിത്യവയന്ത്യബുധാഃ. 24

24. സൃഷ്ടിക്കുമുമ്പും, പ്രളയത്തിനുശേഷവും നാമരൂപാത്മകമായ ഈ പ്രപഞ്ചം കേവലം ഇല്ലാത്തതാകയാൽ മദ്ധ്യകാലത്തും ഉള്ളതാവാൻ വയ്യ. മണ്ണിൽ ഘടശരാവാദിപദാത്ഥങ്ങളും, സ്വൎണ്ണത്തിൽ കടകകുണ്ഡലാദ്യാഭരണങ്ങളും എപ്രകാരം നാമമാത്രങ്ങളും, സാങ്കല്പികങ്ങളുമാണോ ഇതുപോലെ അങ്ങയിൽ തോന്നപ്പെടുന്നവ

യും നാമമാത്രങ്ങളും, വാസ്തവത്തിൽ ഇല്ലാത്തവയുമാണു് പ്രപഞ്ചപദാൎത്ഥങ്ങളെല്ലാംതന്നെയും. മന്ദാന്ധകാരത്തത്തിൽ മന്ദബുദ്ധികൾ കയറു പാമ്പായും, സ്ഥാണു പുരുഷനായും മാറിത്തോന്നുന്നപോലെ മന്ദബുദ്ധികൾക്കു് അങ്ങയിൽ തോന്നപ്പെടുന്നതാണു് പ്രപഞ്ചം.

സ യദജയാ ത്വജാമനുശയീത ഗുണാംശ്ച ജുഷൻ
ഭജതി സരൂപതാം തദനു മൃത്യുമപേതഭഗഃ
ത്വമുത ജഹാസി താമഹിരിവ ത്വമാത്തഭഗോ
മഹസി മഹീയസേഽഷ്ടഗുണിതേഽപരിമേയഭഗഃ. 25

25. ജീവൻ മായാവേശത്താൽ അവിദ്യാവശഗനായിത്തീരുമ്പോൾ ദേഹേന്ദ്രിയാദികളെ ആത്മത്വേന അഭിമാനിച്ചു് അവയുടെ ധൎമ്മങ്ങളെ തൻെറ ധൎമ്മങ്ങളായി അനുഭവിക്കുമ്പോൾ എല്ലാ ഐശ്വൎയ്യങ്ങളും നഷ്ടപ്പെട്ടു സംസാരപീഡിതനായിത്തീരുന്നു. സൎപ്പം തൻെറ ശരീരഗതമായ ഉറയെ ഊരിക്കളയുംപോലെ സൎവ്വൈശ്വൎയ്യസ്വരൂപനായ അങ്ങയ്ക്കു പ്രസ്തുത അവിദ്യയെ അകററാൻ കഴിയുന്നു. അതിനാൽ ഹേ പരമപുരുഷ, ജീവന്മാരുടെ അവിദ്യാബന്ധത്തെ അകററുമാറാകണേ!

യദി ന സമുദ്ധരന്തി യതയോ ഹൃദി കാമജടാ
ദുരധിഗമോഽസതാം ഹൃദി ഗതോഽസ്മൃതകണ്ഠമണിഃ
അസുതൃപയോഗിനാമുഭയതോഽപ്യസുഖം ഭഗവ-
ന്നനപഗതാന്തകാദനധിരൂഢപദാൽ ഭവതഃ. 26

26. അല്ലയോ ഭഗവാനേ, ഹൃദയത്തിൽനിന്നു കാമനാബീജങ്ങളെ അകററി ചിത്തശുദ്ധിയെ പ്രാപിച്ചിട്ടില്ലാത്ത യതികൾ—ആകൃതികൊണ്ടു യതികളായാലും—

മറക്കപ്പെട്ട കണ്ഠാഭരണത്തെ എന്നപോലെ ഹൃദയസ്ഥനായ ഈശ്വരനെ അറിയുകയോ പ്രാപിക്കുകയോ ചെയ്യുന്നില്ല. വിഷയലാലസന്മാരായ യോഗികൾ—അവർ യോഗികളാണെങ്കിലും—ഉഭയലോകഭ്രഷ്ടന്മാരാണ്. ഇഹപരങ്ങളായി രണ്ടു ലോകങ്ങളിലെ സുഖങ്ങളും അവർക്കില്ലെന്നു പറയണം.

ത്വദവഗമീ ന വേത്തി ഭവദുത്ഥശുഭാശുഭയോർ-
ഗ്ഗുണവിഗുണാന്വയാംസ്തർഹി ദേഹഭൃതാം ച ഗിരഃ
അനുയുഗമന്വഹം സഗുണഗീതപരമ്പരയാ
ശ്രവണഭൃതോ യതസ്ത്വമപവർഗ്ഗഗതിർമ്മനുജൈഃ. 27

27. ഷൾഗുണൈശ്വര്യമയനായ ഹേ ഭഗവാനേ, അങ്ങയെ അറിയുന്നവൻ, ജന്മാന്തരകർമ്മഫലദാതാവായ അങ്ങയിൽനിന്ന് അപ്പഴപ്പോൾ വന്നുചേരുന്ന ഫലാനുഭവങ്ങളിൽ അങ്ങയുടെ മഹിമയെയല്ലാതെ സുഖദുഃഖങ്ങളെയോ ഗുണദോഷങ്ങളെയോ കാണുന്നില്ല. അങ്ങിനെത്തന്നെ ശരീരാഭിമാനികളായ മൂഢന്മാർക്കുള്ളപോലെ വിധിനിഷേധങ്ങളേയും അറിയുന്നില്ല. ശരീരാഭിമാനാഭാവം ഹേതുവായിട്ടു വിധിനിഷേധങ്ങളിൽ അവരുടെ ചിന്തതന്നെ വ്യാപരിക്കുന്നില്ല. മാത്രമല്ല അനുനിമിഷം ശ്രവണകീർത്തനങ്ങളിൽക്കൂടെ അങ്ങയെ അവർ ഹൃദയത്തിൽ ധരിക്കുന്നു എന്നുള്ളതുകൊണ്ടു് അവിടുന്ന് അവരുടെ മോക്ഷകാരണവുമായിത്തീരുന്നു.

ദ്യുപതയ ഏവ തേ ന യയുരന്തമനന്തതയാ
ത്വമപി യദന്തരാണ്ഡനിചയാ നനു സാവരണാഃ
ഖ ഇവ രജാംസി വാന്തി വയസാ സഹ യച്ഛ്രുതയ-
സ്ത്വയി ഹി ഫലന്ത്യതന്നിരസനേന ഭവന്നിധനാഃ.28

28. ശക്തികൊണ്ടും, പ്രഭാവംകൊണ്ടും, മഹിമകൊണ്ടും, എന്നുവേണ്ട എല്ലാംകൊണ്ടും അനന്തനായ അവിടുത്തെ അന്തത്തെ ഇന്ദ്രബ്രഹ്മാദിദേവശ്രേഷ്ഠന്മാക്കും അറിയാൻ കഴിഞ്ഞിട്ടില്ല. ആകാശത്തിൽ പൊടിപടലങ്ങളെന്നപോലെ അങ്ങയിൽ സപ്താവരണസ്വരൂപങ്ങളായ അസംഖ്യം ബ്രഹ്മാണ്ഡങ്ങൾ ചുററിത്തിരിഞ്ഞുകൊണ്ടിരിക്കുന്നു. ശ്രുതികൾ സഫലങ്ങളായിത്തീരുന്നതും അങ്ങയിൽ മാത്രം.

ബ്രഹ്മപുത്രന്മാരായ ഋഷികൾ ഇപ്രകാരം ആത്മഗതിയെ വേണ്ടപോലെ ഉപന്യസിച്ച സനന്ദനമഹർഷിയെ സന്തുഷ്ടന്മാരായി ആരാധിച്ചു. എല്ലാ വേദശാസ്ത്രപുരാണേതിഹാസങ്ങളുടേയും പരമതാല്പയ്യം ഈ ശ്രുതിഗീതയിൽ ഉള്ളൊതുക്കിട്ടുണ്ട്. അതിനാൽ ഈ പരമജ്ഞാനസമാഹാരത്തെ വേണ്ടപോലെ ധരിച്ച ലോകത്തിൽ ആവശ്യമുള്ളവക്കു കൊടുത്തുകൊണ്ടു ചുററിസ്സഞ്ചരിക്കു, എന്നാണു് നാരദമഹർഷിയോടു പറഞ്ഞതു്. ഇതിനെ കേൾക്കുന്നതുതന്നെ പാപഹരമാണു്. നാരദമഹർഷിയാകട്ടെ, അത്യന്തസന്തുഷ്ടനും ചരിതാത്ഥനുമായി ഭഗവാനേയും ഋഷികളേയും വണങ്ങി മടങ്ങുകയും ചെയ്തു. നാരദമഹർഷിയാണു് പിന്നീടു ശ്രുതിഗീതയെ ശ്രീവേദവ്യാസനുപദേശിച്ചതു്.

ഇങ്ങനെ ശ്രുതിഗീതയാകുന്ന തത്വോപദേശത്തെ ഉപസംഹരിച്ച രണ്ടദ്ധ്യായങ്ങളെക്കൊണ്ടു രണ്ടുദാഹരണകഥകളോടുകൂടി സഗുണാരാധനത്തിൽ വൈഷ്ണവപ്രാധാന്യത്തെ സമത്ഥിക്കുകയാണു്. വൃകാസുരന്റെ കഥയാ

ണാദ്യം പറയുന്നതു്. ശകുനിയുടെ പുത്രനായി വൃകനെ ന്നു പ്രസിദ്ധനായൊരസുരനുണ്ടായിരുന്നു. അയാളൊരിക്കൽ ശ്രീനാരദമഹർഷിയോടു് ഏതു ദേവനെ ഭജിച്ചാലാണു് വേഗത്തിൽ പ്രത്യക്ഷപ്പെട്ടു വരം തരികയെന്നു ചോദിച്ചു. നാരദമഹർഷി മുഴുത്ത തമോമയനായ അയാളോടു സംഹാരമൂർത്തിയായ രുദ്രദേവനെ ഭജിക്കാൻ പറഞ്ഞുകൊടുത്തു. അങ്ങനെ അയാൾ ഭജനവും തുടങ്ങി. ഏഴു ദിവസം തികഞ്ഞു. എന്നിട്ടും ഭഗവാൻ പ്രത്യക്ഷപ്പെട്ടു ദശ്നം കൊടുത്തില്ല. വൃകൻ അക്ഷമനായി. തൻെറ ഭജനം മതിയാവാത്തതുകൊണ്ടായിരിക്കണം ഭഗവാൻ പ്രത്യക്ഷപ്പെടാത്തതു്. എന്നാൽ ശിരസ്സിനെത്തന്നെ ത്യജിക്കാമെന്നു തീച്ചപ്പെടുത്തി ഒരു വലിയ കുണ്ഡം കുഴിച്ചു് അഗ്നി ജ്വലിപ്പിച്ചു് അതിൻെറ വക്കിനു നിന്നു സ്വന്തം കൈകൊണ്ടുതന്നെ തൻെറ കണ്ഠം വെട്ടി അഗ്നിയിൽ വീഴ്ത്താനൊരുങ്ങി. വെട്ടു കണ്ഠത്തിൽ വീഴുന്നതിനു മുമ്പു ഭഗവാൻ ശ്രീ പരമേശ്വരൻ പ്രത്യക്ഷപ്പെട്ടു വൃകനെ സമാധാനിപ്പിച്ചു. അസുരൻ സന്തുഷ്ടനായി. എന്തു വരമാണു് വേണ്ടതെന്നു ചോദിച്ചു ഭഗവാൻ. ആരുടെ തലയിൽ കൈ വെയ്ക്കുന്നുവോ അയാൾ ഭസ്മമാവണമെന്ന വരമാണു് വൃകാസുരൻ ആവശ്യപ്പെട്ടതു്. അപകടംപിടിച്ച പ്രസ്തുതവരം കൊടുക്കാൻ വളരെ മടിച്ചു ഭഗവാനെങ്കിലും അവസാനം കൊടുത്തു. അതോടെ ആ മൂഢൻെറ അഹങ്കാരവും വൎദ്ധിച്ചു. വരം കൊടുത്ത ഭഗവാൻെറ തലയിൽത്തന്നെ കൈവെച്ചാലെന്താണെന്നു തോന്നി വൃകനു്. അധികമൊന്നും ആലോചിച്ചുനില്ക്കാതെ അവൻ

വേഗത്തിൽ ഭഗവാൻെറ ശിരസ്സിൽ കൈവെയ്ക്കാൻ വേണ്ടി പാഞ്ഞടുത്തു. ഭഗവാൻ വിഷമിച്ചു. താൻ കൊടുത്ത വരബലത്തെ താൻതന്നെ നിർവ്വീര്യമാക്കേണ്ടെന്നു കരുതി അസുരൻ തന്നെ തൊടാതിരിക്കാൻവേണ്ടി ഭഗവാൻ ഓടാൻ തുടങ്ങി; പിന്നാലെ വൃകാസുരനും. അങ്ങനെ അവർ രണ്ടുപേരും മുന്നിലും പിന്നിലുമായി ഓടിക്കൊണ്ടിരിക്കെ പ്രഭാവശാലിയും നയജ്ഞനുമായ വിഷ്ണുഭഗവാൻ ഒരു ബ്രഹ്മചാരിക്കുട്ടിയുടെ വേഷം ധരിച്ചു പെട്ടെന്നവരുടെ മദ്ധ്യത്തിൽ വന്നുനിന്നു. ആകർഷകങ്ങളായ വാക്കുകളെക്കൊണ്ടു വൃകാസുരനെ ആകർഷിച്ച് അവൻെറ തലയിൽത്തന്നെ അവൻെറ കൈവെപ്പിച്ചു. അതോടെ അവൻ ഭസ്മമായിത്തീരുകയും ചെയ്തു. തപസ്സു ചെയ്തു, ഈശ്വരനെ ഭജിച്ചു, ഈശ്വരസാക്ഷാല്ക്കാരമുണ്ടായി, ഭഗവാനിൽനിന്നു വരം കിട്ടി, എല്ലാമായി. പക്ഷേ ഫലം അവസാനം നാശവുമാണ്. ഇതാണ് തമോഗുണം വർദ്ധിച്ചാലത്തെ ഫലം. തമോഗുണം വർദ്ധിച്ച ഒരാൾക്ക് ഈശ്വരഭജനം ചെയ്യാൻതന്നെ തോന്നില്ല. അഥവാ തോന്നിയാൽത്തന്നെ ഇങ്ങനെയൊക്കെയാണ് ഫലവും. എന്നാൽ വിഷ്ണുഭജനം ചെയ്യുന്ന ഒരാൾക്ക് ഒരിക്കലും ഇങ്ങനെയുള്ള ദുരനുഭവം സംഭവിക്കയില്ല. വൈഷ്ണവോപാസന വർദ്ധിക്കുംതോറും സത്വഗുണം വർദ്ധിച്ചുകൊണ്ടിരിക്കും. സത്വഗുണം വളരുമ്പോൾ ഇങ്ങനെയുള്ള ചാപല്യങ്ങളൊക്കെ നീങ്ങി സത്യത്തിൽ വിശ്വാസവും ഭക്തിയുമുണ്ടാവും. അതിനാൽ അറിവുണ്ടെങ്കിലും ഇല്ലെങ്കിലും വൈഷ്ണവോപാസനയാണൊരാൾ ആദ്യം

ചെയ്യേണ്ടതെന്നാണ് ഈ ഇതിഹാസംകൊണ്ടു സമൎത്ഥിക്കുന്നതു്.

അങ്ങിനെതന്നെ തിതിക്ഷയും മറ്റെല്ലാ ദേവന്മാരെക്കാളും കൂടുതലായി വിഷ്ണുദേവനാണുള്ളതു്. അതിനാൽ വൈഷ്ണവോപാസന ചെയ്യുന്ന ഒരാൾ തിതിക്ഷാശീലനായിത്തീരും. തിതിക്ഷുവിന്നുമാത്രമേ കാലംകൊണ്ടെങ്കിലും സംസാരത്തിൽനിന്നു നിവൎത്തിക്കാൻ പററു. അതിനാൽ ആ നിലയ്ക്കും വൈഷ്ണവോപാസനം മററെല്ലാററിനെക്കാളും ശ്രേഷ്ഠമാണെന്നു സമൎത്ഥിക്കയാണ് അടുത്ത അദ്ധ്യായത്തിലെ ഇതിഹാസംകൊണ്ടു ചെയ്യുന്നതു്. തപസ്വികളും, സരസ്വതീനദീതീരവാസികളുമായ ഋഷികൾ ഒരിക്കൽ ത്രിമൂൎത്തികളിൽവെച്ചു് ഏററവും അധികം തിതിക്ഷ ആൎക്കാണുള്ളതെന്നു പരിശോധിച്ചറിയാൻ വേണ്ടി ഭൃഗുമഹൎഷിയെ അധികാരപ്പെടുത്തി അയച്ചു. അദ്ദേഹം ആദ്യംതന്നെ സത്യലോകത്തേയ്ക്കു പോയി. ദേവന്മാരുടെ മദ്ധ്യത്തിൽ ഇരുന്നരുളുന്ന ബ്രഹ്മദേവൻെറ അടുത്തു ചെന്നു നമസ്കാരാദി ഉപചാരങ്ങൾപോലും ചെയ്യാതെ മറെറാരു സിംഹാസനത്തിൽ കയറി ബ്രഹ്മദേവൻെറ ഒപ്പം ഇരുന്നു. തൻെറ പുത്രനും, ശിഷ്യനുമായ ഭൃഗു ബ്രഹ്മനിഷ്ഠനും, തപസ്വിയുമായിരുന്നിട്ടുകൂടി ഇത്രയും അവിവേകിയായിത്തീൎന്നല്ലോ എന്നിങ്ങനെ ബ്രഹ്മദേവൻ വ്യസനിക്കുകയും ക്രോധിക്കുകയും ചെയ്തു. ക്രോധം വളൎന്നു നിയന്ത്രിക്കാൻ കഴിയാതായിത്തീൎന്നപ്പോൾ അദ്ദേഹത്തെ ശപിക്കാൻതന്നെ മുതിൎന്നു. ഭൃഗു പിതാവിൻെറ സംരംഭത്തെക്കണ്ടു ഭയത്തെ അഭിനയിച്ചുകൊണ്ടു നമസ്കരി

ച്ചു പ്രസാദിപ്പിച്ചു. ബ്രഹ്മദേവനു് അല്പംപോലും തിതിക്ഷയില്ലെന്നു ബോദ്ധ്യമായി. തനിക്കിഷ്ടമല്ലാത്ത സംഗതികളെ വെറുപ്പു കൂടാതെ കണ്ടും അനുഭവിച്ചും പൊറുക്കലാണല്ലോ തിതിക്ഷയുടെ രൂപം. അതു ബ്രഹ്മദേവന്നില്ലെന്നു പ്രത്യക്ഷമായി. അവിടെനിന്നിറങ്ങി നേരെ കൈലാസത്തിലെയ്ക്കാണു് പിന്നീടു പോയതു്. ബ്രഹ്മദേവൻെറ മാനസപുത്രന്മാരാണു് പരമേശ്വരനും, ഭൃഗുമഹർഷിയും രണ്ടാളും. അപ്പോൾ രണ്ടാളും ഒരേ പിതാവിൻെറ പുത്രന്മാരും സഹോദരന്മാരുമാണു്. ആ നിലയ്ക്കു് അന്യോന്യം സൌഭ്രാത്രം ഉണ്ടാവേണ്ടതാണല്ലോ. അതിനെ മുൻനിർത്തി ശ്രീപരമേശ്വരൻ വളരെ സന്തോഷത്തോടെ ഭൃഗുമഹർഷിയെ ആലിംഗനം ചെയ്യാനടുത്തപ്പോൾ ഭൃഗു വളരെ അവജ്ഞയോടെ പരമേശ്വരനോടു് അദ്ദേഹം ശ്മശാനവാസാദി നീചവൃത്തികളെക്കൊണ്ടു ഭ്രഷ്ടനാണെന്നും, തന്നെ തൊടരുതെന്നും പറഞ്ഞു. അതു കേൾക്കേണ്ട താമസം, ക്രുദ്ധനായ ശ്രീപരമേശ്വരൻ ശൂലംകൊണ്ടദ്ദേഹത്തെ കുത്തിക്കൊല്ലാൻ തുടങ്ങി. നമസ്കാരാദി ഉപചാരങ്ങളെക്കൊണ്ടു ഭഗവാനെ സന്തോഷിപ്പിച്ചു് അവിടെനിന്നും മടങ്ങി ശ്രീവൈകുണ്ഠത്തിങ്കലേയ്ക്കു യാത്രയായി. ആദിശേഷനാകുന്ന തൻെറ മെത്തയിൽ യോഗനിദ്രയിൽ മുഴുകിയ ഭഗവാൻ ശ്രീവൈകുണ്ഠനാഥൻ ഭൃഗുമഹർഷി വന്നതേ അറിഞ്ഞില്ല. പരീക്ഷണത്തിന്നാണെങ്കിലും വലിയ സാഹസംതന്നെ ചെയ്തു ഭൃഗുമഹർഷി. ഉറങ്ങിക്കിടക്കുന്ന ഭഗവാൻെറ മാർവ്വിടത്തു നല്ലൊരു ചവിട്ടു കൊടുത്തു. ചവിട്ടുകൊണ്ടു ഞെട്ടിയുണർന്നു കണ്ണു മിഴിച്ച

ഭഗവാൻ ഭൃഗുമഹർഷിയെക്കണ്ടു പരിഭ്രമത്തോടെ പിട ഞ്ഞെഴുനേററു ഭൃഗുമഹർഷിയെ സമാധാനിപ്പിച്ചു. "എ ൻെറ പരുപരുത്ത മാറ്വിടത്തിൽ തട്ടി അങ്ങയുടെ പുഷ്പ മൃദുലമായ പാദത്തിന്നു വല്ല വേദനയും പററിയിരിക്കുമോ? അങ്ങനെയാണെങ്കിൽ കഷ്ടമായി. അങ്ങയെപ്പോലുള്ള മഹാത്മാക്കൾ വരുമ്പോൾ ആദരിക്കാതെ കിടന്നുറങ്ങു ന്നവരെ ചവിട്ടുകതന്നെ വേണം." എന്നായിരുന്നു ഭഗ വാൻ പറഞ്ഞതു്. ഈ ഇതിഹാസംകൊണ്ടു തിതിക്ഷ യും പൂൎണ്ണമായിരിക്കുന്നു വിഷ്ണുദേവനിലെന്നു വ്യക്തമാക്കി. അുപ്പോൾ വൈഷ്ണവോപാസനകൊണ്ടു സത്വഗുണം വള രുകയും സാത്വികങ്ങളായ എല്ലാ ധൎമ്മങ്ങളും വികസിക്കു കയും ചെയ്യും. അതിനാൽ അറിവുള്ളവരോ ഇല്ലാത്തവ രോ ആരായാലും വൈഷ്ണവോപാസനയാണാദ്യം ചെയ്യേ ണ്ടതെന്നാണു് സമൎത്ഥനം.

## സന്താനഗോപാലം

സന്താനഗോപാലമെന്ന പ്രസിദ്ധമായ ഇതിഹാസ ത്തെയാണു് അദ്ധ്യായത്തിൻെറ ബാക്കി ഭാഗംകൊണ്ടു പന്യസിക്കുന്നതു്. എല്ലാ ജനങ്ങൾക്കും ഒരുപോലെ സു ഖസമൃദ്ധിയോടുകൂടിയ ദ്വാരകയിൽ ഒരിക്കൽ ഒരു സാധു ബ്രാഹ്മണന്നു ജനിക്കുന്ന പുത്രന്മാരൊക്കെ ജനനമാത്ര ത്തിൽതന്നെ മരിച്ചുപോവാൻ തുടങ്ങി. അധൎമ്മത്തി ൻെറ ഫലമാണല്ലോ അകാലമൃത്യു തുടങ്ങിയ അനുഭവ ങ്ങൾ. അധൎമ്മം സംഭവിക്കാതെ കാത്തുരക്ഷിക്കേണ്ടതു രാജാവിൻെറ ചുമതലയുമാണല്ലോ. രാജാക്കന്മാർ അവ രുടെ ചുമതലയായ ധൎമ്മസംരക്ഷണം ചെയ്യാത്തതുകൊ

ണ്ടാണു് പ്രജകൾ പല തരത്തിലുള്ള ദുരിതങ്ങളനുഭവി ക്കേണ്ടിവരുന്നതെന്ന നിഗമനത്തോടെ ബ്രാഹ്മണൻ അ പ്പഴപ്പോൾ മൃതനാവുന്ന കുട്ടിയുടെ ശവശരീരവുംകൊണ്ടു രാജദ്വാരത്തിൽ ചെന്നു കുറെ ആവലാതിപ്പെടും. ആരും അതിനു കാൎയ്യമായ മറുപടിയൊന്നും പറയില്ല. കുറെ കഴിഞ്ഞാൽ മടങ്ങിപ്പോരികയും ചെയ്യും. ഇങ്ങനെ തുട ൎച്ചയായി എട്ടുപ്രാവശ്യം കഴിഞ്ഞു. ഒമ്പതാമത്തെ പ്രാ വശ്യവും ബ്രാഹ്മണസ്ത്രീ ഗൎഭം ധരിച്ചു. ഗൎഭം പരിപക്വ മായി. സന്ദൎഭം വന്നപ്പോൾ സുകുമാരനായൊരാൺകുട്ടി യെ പ്രസവിച്ചു. ആ കുട്ടിയെങ്കിലും ജീവിക്കുമെന്നു വി ചാരിച്ചു ബ്രാഹ്മണൻ. ജീവിക്കാൻവേണ്ടി പല സൽക ൎമ്മങ്ങളും ചെയ്തു. പക്ഷേ കുറച്ചു കഴിഞ്ഞപ്പോഴേയ്ക്കു പ തിവുപോലെ ആ കുട്ടിയും മരിച്ചു. ദുഃഖസമുദ്രത്തിൽ ആണ്ട ബ്രാഹ്മണൻ ദയനീയമാംവണ്ണം നിലവിളിച്ചു. പൊട്ടിക്കരഞ്ഞും മാറത്തടിച്ചും അസഹ്യമായ ദുഃഖഭാര ത്താൽ ആവിലനായ ബ്രാഹ്മണൻ കുട്ടിയുടെ ശവശരീര വുമെടുത്തുകൊണ്ടു രാജദ്വാരത്തിൽ ചെന്നു പല ശകാര വാക്കുകളും വൎഷിക്കാൻ തുടങ്ങി. അപ്രാവശ്യം അൎജ്ജുന നും രാജധാനിയിലുണ്ടായിരുന്നു. പ്രതാപശാലിയായ അ ൎജ്ജുനനു് അദ്ദേഹത്തിൻെറ ശകാരവാക്കുകൾ പുതുതായി രുന്നു. അതിനാൽ അതൊരു അസഹ്യമായ അവമാന മായിത്തോന്നി. അൎജ്ജുനൻ പുറത്തിറങ്ങിവന്നു ബ്രാഹ്മ ണനോടു വിവരങ്ങളൊക്കെ ചോദിച്ചു. അപ്പോൾ ആ ദ്യംമുതൽക്കുള്ള എല്ലാ വൎത്തമാനങ്ങളും ബ്രാഹ്മണൻ പറ ഞ്ഞു. ഇവിടെ വില്ലെടുത്ത പൌരുഷശാലികളായ ക്ഷ ത്രിയന്മാരൊന്നുമില്ല, അതാണു് അങ്ങയ്ക്കിങ്ങനെ വന്ന

ത്തു്. ഇനി ഒരു പ്രാവശ്യംകൂടി അങ്ങയുടെ പത്നി പ്രസവിക്കുമെങ്കിൽ ആ കുട്ടിയെ ഞാൻ രക്ഷിച്ചുതരാമെന്നാണതിനൎജ്ജുനൻ പറഞ്ഞ മറുപടി. അൎജ്ജുനന്റെ അത്രമാത്രം ധിക്കാരമായ വാക്കു കേട്ടപ്പോഠം ബ്രാഹ്മണനും കുറച്ചൊരവജ്ഞ തോന്നി. അദ്ദേഹം പറഞ്ഞു: വില്ലാളിവീരന്മാരായ ശ്രീകൃഷ്ണൻ, ബലരാമൻ, പ്രദ്യുമ്നൻ, അനിരുദ്ധൻ എന്നീ മഹാരഥന്മാരുള്ളേടത്തുതന്നെ ഈ കാൎയ്യം അസാദ്ധ്യമായിരിക്കെ, താങ്കഠം കുട്ടിയെ രക്ഷിച്ചുതരാമെന്നു പറഞ്ഞാൽ എങ്ങനെ വിശ്വസിക്കുമെന്ന ബ്രാഹ്മണവാക്യം അൎജ്ജുനനെ കുറഞ്ഞൊന്നു് അരിശംകൊള്ളിക്കതന്നെ ചെയ്തു. അരിശംപൂണ്ട അൎജ്ജുനൻ പറകയാണു്: "ഞാൻ കൃഷ്ണനോ സങ്കൎഷണനോ പ്രദ്യുമ്നനോ അനിരുദ്ധനോ അല്ല, മദ്ധ്യമപാണ്ഡവനായ അൎജ്ജുനനാണു്. എന്റെ വില്ലു ഗാണ്ഡീവമാണു്. അതിനു വീൎയ്യമുണ്ടോ എന്നു പരമശിവനോടു ചോദിച്ചാലറിയാം. അതിനാൽ വേണമെങ്കിൽ വിശ്വസിച്ചോളൂ. അങ്ങയുടെ കുട്ടിയെ ഞാൻ രക്ഷിച്ചുതരാം." വല്ല കാരണവശാലും പറഞ്ഞപോലെ കുട്ടിയെ രക്ഷിക്കാൻ സാധിച്ചിട്ടില്ലെങ്കിൽ അഗ്നിയിൽ ചാടി ദഹിക്കുമെന്നു പ്രതിജ്ഞപോലും ചെയ്തു ബ്രാഹ്മണനെ വിശ്വസിപ്പിച്ചു അൎജ്ജുനൻ. ദുഃഖഭാരത്തിന്നു തല്ക്കാലം ഒരു ശാന്തിവന്നപോലെ ബ്രാഹ്മണൻ ഗൃഹത്തിലേയ്ക്കു തിരിച്ചുപോരികയും ചെയ്തു.

ദിവസങ്ങഠം നീങ്ങിക്കൊണ്ടിരുന്നു. കഴിഞ്ഞ ദുഃഖങ്ങളൊക്കെ മറന്നു. അതാണല്ലോ ലോകസ്വഭാവം. പത്താമത്തെ പ്രാവശ്യവും ബ്രാഹ്മണസ്ത്രീക്കു ഗൎഭമായി. ബ്രാ

ഹ്മണൻ സന്തോഷിച്ചു. ഇപ്രാവശ്യത്തെ കുട്ടി തീൎച്ചയാ യും രക്ഷപ്പെട്ടുമെന്നു് അദ്ദേഹം പൂൎണ്ണമായി വിശ്വസി ച്ചു. അങ്ങനെ പരിപക്വാവസ്ഥയെ പ്രാപിച്ചു പ്രസ വം ആസന്നമായപ്പോൾ അൎജ്ജുനനെ വിവരം അറിയി ക്കുകയും ചെയ്തു. വില്ലാളിവീരനും മദ്ധ്യമപാണ്ഡവനുമാ യ അൎജ്ജുനൻ എല്ലാ ആയുധങ്ങളുമെടുത്തു ബ്രാഹ്മണഗൃ ഹത്തിലെത്തി. ശരങ്ങളെക്കൊണ്ടു് ഒരു മുറിയുണ്ടാക്കി, ഗൎഭിണിയെ അതിൽ കിടത്തി അൎജ്ജുനൻ മുറിയുടെ ദ്വാ രപ്രദേശത്തു് ആയുധധാരിയായി പാറാവുമായി. പ്രസ വം കഴിഞ്ഞു. കുട്ടിതന്നെ ഇല്ല. ശവശരീരമെങ്കിലും കാണാൻ കിട്ടാറുണ്ടായിരുന്നു മുമ്പൊക്കെ. എന്നാൽ ഇ പ്രാവശ്യം അൎജ്ജുനൻെറ പ്രത്യേകരക്ഷകൊണ്ടു ശവശരീ രംപോലും കാണാൻ കിട്ടിയില്ല. ബ്രാഹ്മണൻ നിരാശ യോടും വ്യസനത്തോടും ക്രോധത്തോടുംകൂടി അൎജ്ജുനനെ നേരിട്ടു. ക്രോധംകൊണ്ടു് അന്ധനായി ശകാരങ്ങളെ വൎഷിച്ചു. ഇതികൎത്തവ്യതാമൂഢനായ അൎജ്ജുനൻ എന്തു പറയേണ്ടുവെന്നറിയാതെ പരവശനായി. ലജ്ജയോടും പാരവശ്യത്തോടുംകൂടിയാണെങ്കിലും പൌരുഷം വിടാതെ ബ്രാഹ്മണനെ സമാധാനിപ്പിച്ചു കുട്ടിയെ തിരയാൻ പോ യി അൎജ്ജുനൻ. യോഗശക്തികൊണ്ടു ബ്രഹ്മാണ്ഡത്തി ന്നുള്ളിലുള്ള സകലലോകങ്ങളിലും അന്വേഷിച്ചു. എവി ടേയും കണ്ടില്ല. പ്രതാപശാലിയും വില്ലാളിവീരനുമായ അൎജ്ജുനനു് ഇതിൽപ്പരം ഒരമളി പററാനില്ല. ആക പ്പാടെ വിഷമത്തിലായി. ബ്രാഹ്മണൻെറ മുമ്പിലേയ്ക്കു വരാൻതന്നെ മടിയായി. ഏതെങ്കിലും അവസാനം പ്ര തിജ്ഞ നിറവേററാൻ തീൎച്ചപ്പെടുത്തി അഗ്നി ജ്വലിപ്പി

ച്ചു. മഹാരഥനായ അർജ്ജുനൻ ആയുധങ്ങളോടുകൂടി അഗ്നിക്ക പ്രദക്ഷിണം ചെയ്തു് അഗ്നികുണ്ഡത്തിലേയ്ക്കു് എടുത്തുചാടി. അഗ്നിയിൽ വീണു വീണില്ല എന്നായപ്പോഴയ്ക്കു ഭക്തവത്സലനും ആർത്തസംരക്ഷകനുമായ ഭഗവാൻ ശ്രീകൃഷ്ണൻ പെട്ടെന്നു പ്രത്യക്ഷപ്പെട്ടു് അർജ്ജുനനെ ഒരു തട്ടു കൊടുത്തു. കുണ്ഡത്തിലേയ്ക്കു് എടുത്തുചാടിയ ധനഞ്ജയൻ അഗ്നിയിൽ വീഴാതെ ഭഗവാൻെറ തട്ടുകൊണ്ടു കുണ്ഡത്തിൻെറ മറുഭാഗത്തു നിലത്തു പതിച്ചു. ഭഗവാനെ എല്ലാ വർത്തമാനങ്ങളും ധരിപ്പിച്ചു. അർജ്ജുനൻെറ പരാധീനതാഭാവം കണ്ടു ഭഗവാൻെറ മനസ്സലിഞ്ഞു. അപ്പോൾത്തന്നെ അർജ്ജുനനേയുംകൂട്ടി ശ്രീവൈകുണ്ഠത്തിലേയ്ക്കു യാത്രയായി. സപ്തദ്വീപങ്ങളേയും സപ്തസമുദ്രങ്ങളേയും കടന്നു ലോകാലോകപർവ്വതത്തേയും അതിക്രമിച്ചു മുന്നോട്ടു പോവുമ്പോൾ കഠിനമായ അന്ധകാരംകൊണ്ടു പീഡിതനായ കിരീടിയെ സുദർശനാസ്ത്രജ്യോതിസ്സുകൊണ്ടു് അന്ധകാരമകററി രക്ഷിച്ചു. ക്രമേണ അന്ധകാരത്തിൻെറ മറുകരയിൽ വിദൂരത്തിൽ വിളങ്ങുന്ന തേജോമയമായ വൈകുണ്ഠലോകത്തെ ദർശിച്ചു. പരമപുരുഷനും വൈകുണ്ഠനാഥനുമായ ഭഗവാൻ ശ്രീനാരായണനെ വാഴ്ത്തി സ്തുതിച്ചു നമസ്കരിച്ചു. നരനാരായണന്മാരായ കൃഷ്ണാർജ്ജുനന്മാരെ ഭഗവാൻ അനുഗ്രഹിച്ചു. ലോകക്ഷേമത്തിന്നു വേണ്ടിയാണെങ്കിലും ഹിംസകളെക്കൊണ്ടു വന്നുചേൎന്ന ദുരിതം ശ്രീവൈകുണ്ഠദർശനംകൊണ്ടകന്നു ശുദ്ധിവരാൻ വേണ്ടിയാണു് ബ്രാഹ്മണൻെറ കുട്ടികളെക്കൊണ്ടുപോന്നതെന്നു പറഞ്ഞു ബ്രാഹ്മണൻെറ പത്തു കുട്ടികളേയും ഭഗ

വാൻ അവരെ ഏല്പിച്ചു. ഇരുവരും സന്തോഷിച്ചു. കുട്ടികളേയുംകൊണ്ടു ദ്വാരകയിൽ മടങ്ങിവന്നു ബ്രാഹ്മണനെ വരുത്തി അദ്ദേഹത്തിൻെറ പത്തു കുട്ടികളേയും ഏല്പിച്ചു കൊടുത്തു. ബ്രാഹ്മണൻ അത്യന്തസന്തുഷ്ടനായി രണ്ടാളേയും മനസ്സലിഞ്ഞനുഗ്രഹിക്കുകയും ചെയ്തു. ഇതാണു് സന്താനഗോപാലത്തിൻെറ കഥാഭാഗം. ഈശ്വരനെ മറന്നു് അഹങ്കാരത്തോടുകൂടി ചെയ്യുന്ന കർമ്മത്തിൻെറ ഫലം നാശമാണെന്നും ഈശ്വരൻതന്നെയായാലും ദുഷ്കർമ്മം ചെയ്താൽ ദുരിതമുണ്ടാവുമെന്നും ഈ കഥയിൽക്കൂടെ വ്യക്തമാക്കിയിരിക്കുന്നു.

സന്താനഗോപാലകഥാകഥനത്തിന്നു ശേഷം ഒരദ്ധ്യായംകൊണ്ടു ദശമസ്കന്ധത്തെ ഉപസംഹരിക്കയാണു്. പരമപുരുഷനായ ഭഗവാൻെറ നിത്യസാന്നിദ്ധ്യംകൊണ്ടു് അത്യന്തപാവനമായിത്തീൎന്ന ദ്വാരകയിൽ ഭഗവാൻെറ നിത്യസഹവാസത്തോടുകൂടി സുഖിച്ചുകഴിഞ്ഞുകൂടുന്ന ദ്വാരകാവാസികളുടെ ഭാഗ്യത്തേയും സംസ്കാരത്തേയുമാണു് അതിൽ മുഖ്യമായി വൎണ്ണിക്കുന്നതു്. ഭഗവാൻെറ അവതാരകാലത്തു ജനസംഖ്യകൊണ്ടും സംസ്കാരംകൊണ്ടും സമ്പത്തുകൊണ്ടും അധികാരപ്രൌഢികൊണ്ടും മററു ക്ഷത്രിയവംശങ്ങളെ അപേക്ഷിച്ചു വളരെ പിന്നിലായിരുന്ന യാദവവംശം അവതാരാനന്തരം എല്ലാംകൊണ്ടും വളൎന്നു മറെറല്ലാ വംശത്തെക്കാളും പരിപുഷ്ടമായിത്തീൎന്നു. ജനസംഖ്യയാണെങ്കിൽ കണക്കാക്കാൻതന്നെ വയ്യെന്ന തോതിലായി. നിൎഭാഗ്യവാനായോ അല്പായുസ്സായോ മൂഢനായോ വിദ്ധ്വിയായോ ദുരാചാരിയായോ ഒരാറാംപോലും യാ

ദവവംശത്തിലില്ലെന്നായി. ലോകത്തിൻെറ മുഴുവൻതന്നെ ആധിപത്യവും യാദവന്മാക്കാണെന്നു പറയണം. സമ്പത്തു മുഴുവൻ യാദവന്മാരുടെ. ഇങ്ങനെ എന്തുകൊണ്ടു നോക്കിയാലും ലോകത്തിൽ ഒരാളും യാദവന്മാരോടു കിടപിടിക്കാനില്ലെന്ന നിലവന്നു. അങ്ങനെതന്നെ ആദ്ധ്യാത്മികധമ്മങ്ങളായ ഭക്തിജ്ഞാനവൈരാഗ്യങ്ങളും അവരിൽ അത്ഭുതകരമാംവണ്ണം വളന്നു വികസിച്ചു. ഒരു നിമിഷനേരമെങ്കിലും ഒരാരക്കും ഭഗവാനെ കാണാതിരിക്കാൻ വയ്യ. ഭഗവാനെ കാണാതിരിക്കുമ്പോരം ആദിത്യനും ചന്ദ്രനും സമുദ്രവും ഭൂമിയും മയിലും കുയിലും എല്ലാം തങ്ങളെപ്പോലെ കൃഷ്ണവിരഹംകൊണ്ടു തപിക്കുന്നതായി അവക്കു തോന്നി. അങ്ങിനെതന്നെ ഭഗവൽസാന്നിദ്ധ്യത്തിൽ അവയെല്ലാം തങ്ങളെപ്പോലെ ആനന്ദിക്കുന്നതായും അവക്കു തോന്നി. അങ്ങിനെ അഭൌമമായ ദിവ്യാനന്ദം അനുഭവിച്ചുകൊണ്ടാണു് യാദവന്മാർ പൊതുവേയും, ഭഗവാനോടു് അടുത്തു ബന്ധപ്പെട്ടവർ പ്രത്യേകമായും കഴിഞ്ഞുകൂടിയതു്. ഇപ്രകാരം അഭൌമങ്ങളും പരമദിവ്യങ്ങളുമായ അസംഖ്യം ലീലകളാകുന്ന ഒരു പുതിയ ഗംഗാപ്രവാഹത്തെത്തന്നെ സൃഷ്ടിച്ചു ഭഗവാൻ. ഒരു പ്രാവശ്യം അതിലൊന്നു മുങ്ങുന്നവൻെറ എല്ലാ ദുരിതങ്ങളും നശിക്കും, എന്നു പറഞ്ഞുകൊണ്ടാണു് ദശമസ്കന്ധം അവസാനിക്കുന്നതു്.

### ദശമസ്കന്ധവും, കൃഷ്ണലീലയും

നിരോധമാണു് ദശമസ്കന്ധത്തിലെ വിഷയമെന്നു് ആദ്യംതന്നെ പറഞ്ഞിട്ടുണ്ടല്ലോ. ജീവനു് ഈശ്വരനെ,

അല്ലെങ്കിൽ ആത്മാവിനെ, കാണാനുള്ള തടസ്ഥമാണു് നിരോധം. അതെന്താണെന്നും എങ്ങിനെ അകററാമെന്നുമാണു് ഒരാൾക്കീ ദശമസ്കന്ധത്തിൽനിന്നു മനസ്സിലാവേണ്ടിയിരിക്കുന്നതു്. നിരോധത്തെ പല സ്വരൂപത്തിൽ മനസ്സിലാക്കാമെങ്കിലും അഹങ്കാരസ്വരൂപത്തിലായിരിക്കും എളുപ്പം. അതിനാൽ നിരോധമെന്നു പറഞ്ഞാൽ അഹങ്കാരമെന്നാണു് ധരിക്കേണ്ടതു്. അതിനെ മൂന്നു ഘടകങ്ങളാക്കി പിരിച്ചിരിക്കുന്നു ദശമസ്കന്ധത്തിൽ. രജോഗുണം, ശരീരാഭിമാനം, അർത്ഥദാരപുത്രേഷണങ്ങൾ ഇങ്ങിനെ. രജോഗുണത്തെ കംസനായും, ശരീരാഭിമാനത്തെ ജരാസന്ധനായും, അർത്ഥദാരപുത്രേഷണങ്ങളെ ശിശുപാലനായും ചിത്രീകരിച്ചിരിക്കുന്നു. രജോഗുണത്തിൽനിന്നാണു് രാഗം, ദ്വേഷം, മദം, മത്സരം തുടങ്ങിയ അനവധി ദുർവ്വികാരങ്ങളുണ്ടാവുന്നതു്. അങ്ങിനെയുള്ള വികാരങ്ങളെയാണു് കംസൻ അയയ്ക്കുന്ന അസുരന്മാരായി ചിത്രീകരിച്ചിരിക്കുന്നതു്. പൂതന, ശകടാസുരൻ, തൃണാവർത്തൻ, വത്സൻ, ബകൻ, അഘൻ ഇവരൊക്കെ കംസനാൽ പ്രേഷിതന്മാരും, കൃഷ്ണനേയും മററു ഗോപകുട്ടികളേയും കൊല്ലാൻ വന്നവരുമാണല്ലോ. ആദ്യംതന്നെ ഒരാൾക്കു ചിത്തശുദ്ധിയുണ്ടാവുകയാണു് വേണ്ടതു്. രാഗാദിവികാരങ്ങളും, പ്രപഞ്ചവാസനകളും ചുരുങ്ങി ചിത്തം ഈശ്വരോന്മുഖമായിത്തീരലാണു് ചിത്തശുദ്ധിയുടെ പ്രാരംഭസ്വരൂപം. സഗുണഭക്തികൊണ്ടേ അതുണ്ടാവൂ. നാമരൂപങ്ങളിൽനിന്നും, ഗുണധർമ്മങ്ങളിൽനിന്നും അതീതനും, സത്താമാത്രസ്വരൂപിയുമായ ഈശ്വരൻ വാക്കിനും, മനസ്സിനും പ്രാപ്യനല്ല. വാക്കി

നും, മനസ്സിന്നും പിടികിട്ടാത്ത ഒരു വസ്തുവെ ആദ്യത്തിൽ ബോധിക്കയെന്നതും വിഷമമമാണു്. അതിനാൽ നാമരൂപങ്ങളിൽനിന്നതീതനായ ഈശ്വരനെ നാമരൂപങ്ങളിൽക്കൂടെത്തന്നെ സേവിക്കുകയും ഉപാസിക്കുകയും ചെയ്യുന്ന സമ്പ്രദായത്തിന്നാണു് സഗുണാരാധനമെന്നു പറയുന്നതു്. തത്വങ്ങളെത്തന്നെ അവയവങ്ങളാക്കിക്കല്പിച്ചാണു് സത്താമാത്രനായ ഈശ്വരനെ നാമരൂപാത്മകനും, മനുഷ്യസ്വരൂപിയുമായി ഉപാസിക്കുന്നതും. ഈ ദൃഷ്ടിവെച്ചുകൊണ്ടു കൃഷ്ണസ്വരൂപത്തിലേയ്ക്കു നോക്കുമ്പോഠ സഗുണഭക്തിയുടെ ആരംഭവും, സഗുണഭക്തി വളൎന്നു ചിത്തശുദ്ധിയും, ഈശ്വരപ്രേമവും ഉണ്ടാവുന്നതും, വൎദ്ധിക്കുന്നതും, ഗുണഭാവങ്ങഠ നീങ്ങി നിൎഗ്ഗുണതത്വം സ്ഫുരിക്കുന്നതും, ക്രമേണ സഗുണസാധകൻ പരമനിൎഗ്ഗുണമായ നിൎവ്വികല്പസമാധിയിൽ ലയിക്കുന്നതും, ശരീരം വിട്ടു പരമകൈവല്യത്തെ പ്രാപിക്കുന്നതുമൊക്കെ കാണാനും കഴിയും!

പീലിത്തിരുമുടിയും, ഗോപിക്കുറിയും, പീതാംബരവും, ഓടക്കുഴലും, കാലിക്കോലും, വനമാലയുമില്ലാതെ ഉണ്ണിക്കൃഷ്ണനെ സ്മരിക്കാൻതന്നെ വയ്യ. അവയൊക്കെ ഭഗവാൻെറ വിഭൂതികളാണു്. വിഭൂതികളെക്കൊണ്ടലംകൃതനും, സുന്ദരസ്വരൂപനുമായ ഭഗവാനെ കൃഷ്ണസ്വരൂപത്തിൽ കാണിച്ചുതരികയാണു് ദശമസ്കന്ധം. എളുപ്പത്തിൽ ഉപാസിക്കാനും, ഭജിക്കാനും പ്രേമം വളൎത്താനും വേണ്ടി. മനുഷ്യശരീരം തന്നെയാണു് ഭഗവാൻെറ കയ്യിലുള്ള ഓടക്കുഴലു്. അല്ലെങ്കിൽ ഈ ശരീരം ഭഗവാൻെറ

കയ്യിലെ മുരളിയാവണം. എപ്പോഴും ഭഗവാനതിൽക്കൂടെ ആകർഷകമായ ദിവ്യഗാനത്തെ അഥവാ ബ്രഹ്മനാദത്തെ പ്രവഹിപ്പിച്ചുകൊണ്ടിരിക്കുന്നു. നാമരൂപങ്ങളാകുന്ന വിക്ഷേപങ്ങൾ ഉള്ളിൽ നിറഞ്ഞിരിക്കയാൽ അതു കേൾക്കുന്നില്ലെന്നേ ഉള്ളു. ചിത്തത്തിൽനിന്നു് എല്ലാ നാമരൂപവിക്ഷേപങ്ങളും നീങ്ങുമ്പോൾ ഈ ശരീരം ഭഗവാൻെറ കയ്യിലെ മുരളിയാണെന്നു ബോദ്ധ്യമാവും. പീലിത്തിരുമുടി മായയും, ഗോപിക്കുറി കർമ്മഭക്തിജ്ഞാനങ്ങളാകുന്ന മാർഗ്ഗത്രയവും, വനമാല ത്രിഗുണങ്ങളും, പീതാംബരം അവിദ്യയും, കാലിക്കോലു പ്രണവവുമാണു്. ഹൃദയംതന്നെ വൃന്ദാവനം. അവിടെവെച്ചാണു് ഭഗവാൻെറ സുന്ദരങ്ങളായ ലീലകൾ നടക്കുന്നതു്. പ്രൌഢങ്ങളായ വേദാന്തചിന്തകൾതന്നെ ഗോപക്കുട്ടികൾ. അവരാണല്ലോ ഭഗവാനെ ലീലകൾക്കു പ്രേരിപ്പിക്കുന്നവർ. ഇന്ദ്രിയങ്ങൾ പശുക്കളും പ്രപഞ്ചം കാടുമത്രെ. ജ്ഞാനകലതന്നെ കാളിന്ദീനദി; അഹങ്കാരം കാളിയനും. പലതരത്തിലുള്ള ഭഗവദ്വൃത്തികൾതന്നെ ഗോപികൾ. ഭഗവദ്ദർശനത്തിന്നു ബദ്ധപ്പെട്ടുകൊണ്ടുള്ള വിരഹതപ്തനായ ജീവൻതന്നെ രാധ. ഈ രൂപത്തിൽ അറിയപ്പെട്ടുമ്പോൾ ദശമസ്കന്ധത്തിലെ ഓരോ ലീലയും തന്നിൽ നടക്കുന്നതായി തനിക്കനുഭവിക്കാൻ കഴിയും. ഏതെങ്കിലും ഒരു ലീലയുടെ അനുഭൂതിയുണ്ടാവുമ്പോൾത്തന്നെ സാധകൻ അമൃതനിർവൃതികൊണ്ടുന്മത്തനാവും. അപ്പോൾ എല്ലാ ലീലകളും അനുഭവിച്ചാലത്തെ കഥ പറയേണ്ടതുണ്ടോ?

പൂതനാമോക്ഷവും, ശകടാസുരഭഞ്ജനവും, തൃണാ

വത്സവധവും, യമളാജ്ജുനഭഞ്ജനവും, കാളിയമർദ്ദനവും, ഗോവദ്ധനോദ്ധാരണവും, രാസക്രീഡയും, കംസവധവും, ജരാസന്ധയുദ്ധവും, ദ്വാരകാനിമ്മാണവും, രുഗ്മിണിസ്വയംവരവും, എന്നുവേണ്ട എല്ലാംതന്നെയും തന്നിൽ നടക്കുന്നതായി അനുഭവിക്കാറാവും. ഓരോ ലീലയും അമൃതാത്മകമായ ആനന്ദത്തിൻെറ പ്രവാഹസ്വരൂപമാണെന്നുള്ളതുകൊണ്ടു് ഓരോ ലീല അനുഭവിക്കുമ്പോഴും ആനന്ദനിർവൃതിയിൽ മുങ്ങി ആറാടി തന്നെത്താൻ മറന്നു് ഉന്മത്തനാവും. സഗുണഭക്തി വളരുന്നതും, വളരേണ്ടതും അങ്ങിനെതന്നെ. അങ്ങിനെ ഉയൎന്നു ക്രമേണ നാമരൂപങ്ങൾ കേവലം നീങ്ങി നിർഗ്ഗുണഭാവത്തെ പ്രാപിക്കുകയും ചെയ്യും.

ഇങ്ങിനെ അവസാനമില്ലാത്ത മഹിമകളുടെ പ്രവാഹവും, അനവധി അനുഷ്ഠാനസമ്പ്രദായങ്ങളുടെ വിശദീകരണവും, അപാരയായ ഭക്തിയുടെ ഉത്തേജനവുമാണു് ദശമസ്കന്ധമെന്നു പറയണം. അതിലെ ഓരോ ലീലയും, ശ്രവണമനനനിദിദ്ധ്യാസങ്ങൾക്കുള്ളതാണു്. അതിനാൽ പ്രസ്തുത ലീലകളെ വേണ്ടപോലെ ശ്രവിക്കുകയോ, മനനംചെയ്യുകയോ, നിദിദ്ധ്യാസം ചെയ്യുകയോ ചെയ്യുന്ന ഭക്തൻെറ സകലകന്മഷങ്ങളും നീങ്ങി ഭക്തിജ്ഞാനവൈരാഗ്യങ്ങൾ വളൎന്നു മുക്തിക്കു കാരണമായിത്തീരുന്നു. ഇങ്ങിനെ എണ്ണിയാൽ തീരാതെ, വർണ്ണിച്ചാൽ കഴിയാതെ അപാരമായ ഈശ്വരമഹിമയുടെ പ്രവാഹസ്വരൂപമായിരിക്കുന്നു ദശമസ്കന്ധം പൊതുവേയും, അതിലെ ഓരോ ദിവ്യലീലകൾ പ്രത്യേകമായും.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M.200 Acc. No. 37922

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M
൨00
NJA - B

37൯൨൨

ജ്ഞാനാനന്ദ സരസ്വതി
ഭാഗവതരഹസ്യം.

KOTTAYAM PUBLIC LIBRARY

Call No M ൨൦൦ Acc. No 37൩൨

Author ജ്ഞാനാനന്ദ സരസ്വതി

Title ദേവത രഹസ്യം.

Indic Digital Archive Foundation

gpura.org